


ശ്രീ വിദ്യാധിരാജ
ചട്ടമ്പിസ്വാമികൾ


പ്രൊഫ. ജഗതി വേലായുധൻ നായർ
പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥൻ നായർ
ഡോ.ജെ.രാമചന്ദ്രൻ നായർ
ശ്രീ.കെ.ജനാർദ്ദനപിള്ള

ഈ പുണ്യഗ്രന്ഥത്തിന്റെ ഗ്രന്ഥകർത്താക്കൾക്കും പ്രസാധകരായ തിരുവനന്തപുരം ശ്രീ വിദ്യാധിരാജ വിശ്വകേന്ദ്രത്തിനും നായർ സുഹൃത്ത് സംഘത്തിനും നന്ദി രേഖപ്പെടുത്തുന്നു.

കൂടുതൽ ആധ്യാത്മിക ഗ്രന്ഥങ്ങളും സത്സംഗ ഓഡിയോകളും വീഡിയോകളും ലേഖനങ്ങളും www.sreyas.in എന്ന മലയാളം വെബ്സൈറ്റിൽ ലഭ്യമാക്കിയിരിക്കുന്നു. സന്ദർശിക്കുമല്ലോ?

ശ്രീ വിദ്യാധിരാജ


ചട്ടമ്പിസ്വാമികൾ



ലേഖകർ

പ്രൊഫ: ജഗതി വേലായുധൻ നായർ
പ്രൊഫ: വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള
ഡോ: ജെ. രാമചന്ദ്രൻ നായർ
ശ്രീ: കെ. ജനാർദ്ദനൻപിള്ള

ശ്രീ വിദ്യാധിരാജ
ചട്ടമ്പിസ്വാമികൾ



ശ്രീ വിദ്യാധിരാജ
ചട്ടമ്പിസ്വാമികൾ

പ്രൊഫ: ജഗതി വേലായുധൻ നായർ
പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള
ഡോ. ജെ. രാമചന്ദ്രൻ നായർ
കെ. ജനാർദ്ദനൻ പിള്ള

പ്രസാധകർ
ശ്രീ വിദ്യാധിരാജ വിശ്വകേന്ദ്രം,
നായർ സുഹൃത് സംഘം,
തിരുവനന്തപുരം

1995

വില രൂപ. 100

Malayalam
SREE VIDYADHIRAJA CHATTAMPI SWAMIKAL
(Biography)

Authors
Prof: Jagathy Velayudhan Nair, M.A.
Prof: Vattapparampil Gopinatha Pillai, M.A., B.Ed.
Dr. J. Ramachandran Nair, M.A., Ph.D.
K. Janardhanan Pillai, B.Sc (Engg); M.E (P.H.).

Published jointly by
The Vidyadhiraja Viswa Kendra
&
The Nair Suhrit Sangham,
Thiruvananthapuram.

First Published, May 1995

Copies. 2,500

Cover Design & Typesetting by
UMS Computer Centre,Vellayani Jn,
Thiruvananthapuram - 695 020.

Rights Reserved.

Printed at
DOOMA BOOKS,

Distributors
K. Balakumaran Nair, M.A; B.L
Secretary, Prasadhaka Samithi
35; Padma Nagar
Fort; Thiruvananthapuram 23
Kerala State
Phone: 451053

Price. Rs. 100

ഉപദേശക സമിതി



ബ്രഹ്മശ്രീ സത്യാനന്ദസരസ്വതി,
മഠാധിപതി, ശ്രീരാമദാസ മഠം,
ചേങ്കോട്ടുകോണം, തിരുവനന്തപുരം.



യശഃശരീരനായ
പദ്മശ്രീ ഡോ: ശൂരനാട്ട് കുഞ്ഞൻപിള്ള
കേരളപ്രഭ,
കരമന, തിരുവനന്തപുരം.



യശഃശരീരനായ
ശ്രീ എൻ. ചന്ദ്രശേഖരൻ നായർ I. P. S.
മുൻ പോലീസ് ഇൻസ്പെക്ടർ ജനറൽ,
സുമേരു, കുറവൻകോണം, തിരുവനന്തപുരം.

ഫിസിക്കൽ സയൻസ് ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം

(ട്രെയിനേഴ്സും ട്രെയിനികളും)

ഫിസിക്കൽ സയൻസ് ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം

(ട്രെയിനേഴ്സും ട്രെയിനികളും)



എൻ. ഗോപാലൻ നായർ



പ്രസാധകസമിതി അംഗങ്ങൾ

ഇരിക്കുന്നവർ ഇടത്തുനിന്നു വലത്തോട്ട്.

പ്രൊഫ. ജഗതി വേലായുധൻ നായർ, പി. മാധവൻ തമ്പി, എൻ. കൃഷ്ണപിള്ള, കെ. രാമോദരൻപിള്ള,

കെ. ബാലകുമാരൻ നായർ, പി. ശ്രീധരൻപിള്ള.

നില്ക്കുന്നവർ

കെ. കേശവൻ നായർ, ജി. പരമനാഭൻ നായർ, പ്രൊഫ. വട്ടപ്പാമ്പിൽ ഗോപിനാഥപിള്ള, ഡോക്ടർ ജെ. രാമചന്ദ്രൻ നാ

കെ. ജനാർദ്ദനൻ പിള്ള, ആർ. എൻ. പ്രഭാകരൻ നായർ, എൻ. രാജശേഖരൻ പിള്ള.



സ്വാമികളുടെ മഹാസമാധിക്കു് നാല്പതു് ദിവസം മുൻപെടുത്ത ചിത്രം

പ്രസാധകസമിതി അംഗങ്ങൾ

ശ്രീ. എൻ. കൃഷ്ണപിള്ള

ശ്രീ. കെ. ദാമോദരൻ പിള്ള

ശ്രീ. പി. മാധവൻതമ്പി

ഡോക്ടർ. ജെ. രാമചന്ദ്രൻ നായർ

പ്രൊഫ. ജഗതി വേലായുധൻനായർ

പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള

ശ്രീ. കെ. ജനാർദ്ദനൻ പിള്ള

ശ്രീ. പി. ശ്രീധരൻ പിള്ള

ശ്രീ. കെ. കേശവൻ നായർ

ശ്രീ. എൻ. രാജശേഖരൻ പിള്ള

ശ്രീ. പൂവച്ചൽ സദാശിവൻ

ശ്രീ. എൻ. ഗോപാലൻ നായർ

ശ്രീ. കെ. ബാലകുമാരൻ നായർ

ശ്രീ. ആർ. എൻ. പ്രഭാകരൻ നായർ

ശ്രീ. ജി. പത്മനാഭൻ നായർ.



പ്രൊഫ: ജഗതി വേലായുധൻ നായർ

പ്രഗല്ഭനായ കോളേജദ്ധ്യാപകൻ, വാഗ്മിയായ പ്രഭാഷകൻ, കവി, നിരൂപകൻ, ഭാഷാപണ്ഡിതൻ എന്നീ നിലകളിൽ അറിയപ്പെടുന്ന ഒരു സാഹിത്യകാരനാണു് പ്രൊഫ: ജഗതി വേലായുധൻ നായർ. ശ്രീ. അയ്യപ്പൻ പിള്ളയും, ശ്രീമതി കല്യാണി അമ്മയുമാണു മാതാപിതാക്കൾ. സ്വദേശം തിരുവനന്തപുരം. മലയാളഭാഷയും സാഹിത്യവും ഐച്ഛികമായെടുത്തു് യൂണിവേർസിറ്റി കോളേജിൽ നിന്നും ഒന്നാം ക്ലാസ്സിൽ ഒന്നാമനായി റെക്കാർഡുമാർക്കുനേടി ഓണേഴ്സ് പരീക്ഷ ജയിച്ചു. ഗവ: സംസ്കൃത കോളേജു്, ആർട്സ് കോളേജു് പാലക്കാടു്, ഗവ:വിക്ടോറിയാ കോളേജു് എന്നിവിടങ്ങളിൽ ലക്ചററായും, പ്രൊഫസറായും, വകുപ്പുമേധാവിയായും സേവനമനുഷ്ഠിച്ചിട്ടുണ്ടു്. വിദ്യാർത്ഥിയായിരിക്കുന്ന കാലത്തുതന്നെ സാഹിത്യപരമായ പരിശ്രമങ്ങളിൽ ഏർപ്പെട്ടു. നിരവധി കവിതകളും ലേഖനങ്ങളും പത്രപണ്ഡികളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. പത്തു ബാല സാഹിത്യകൃതികളുൾപ്പെടെ 18 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. രാധ (ഖണ്ഡകാവ്യം) സഹജ (നാടകം), ഗുമസ്തൻ (ചെറുകഥാ സമാഹാരം,) നളിനി, കരുണ, നളചരിതം നാലാം ദിവസം, സ്ത്രീപർവം, കർണ്ണപർവം, ഉമാകേരളം ഒന്നാം സർഗ്ഗം, ഹീര, മലയാളശാകുന്തളം എന്നിവയുടെ വ്യാഖ്യാനങ്ങൾ – ഇവയാണു് പ്രധാനകൃതികൾ. പ്രൊഫ: കുമ്പളത്തു ശാന്തകുമാരി അമ്മയാണു ഭാര്യ. കുമ്പളത്തു വി. എസ്. നായർ, എം. ഏ. ഡോ: കുമ്പളത്തു വി. പി. നായർ എന്നിവർ പുത്രന്മാർ. മൂന്നു ദശാബ്ദത്തിലേറെയായി വിദ്യാധിരാജ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഇദ്ദേഹം, പട്ടമ്പിസ്വാമികളെപ്പറ്റിയുള്ള ഗവേഷണം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. കേരള യൂണിവേർസിറ്റി പി. ജി. ബോർഡ് ഒഫ് സ്റ്റഡീസ് മെമ്പർ, പന്മന ആശ്രമം ജനറൽ സെക്രട്ടറി, കണ്ടള ഇസായി ആശ്രമം വൈസ്പ്രസിഡന്റു് എന്നീ നിലകളിലും സേവനമനുഷ്ഠിക്കുന്നു. മേൽവിലാസം:– പ്രൊഫ: ജഗതി വേലായുധൻ നായർ, കുമ്പളത്തു്, ചൂഴമ്പാല, മുക്കോല പി.ഒ. തിരുവനന്തപുരം 5.

ഡോക്ടർ ജെ. രാമചന്ദ്രൻ നായർ



പ്രൊഫ. ആർ. ജനാർദ്ദനൻ പിള്ളയുടേയും ബി.സീതമ്മയുടേയും സീമന്തപുത്രനായി തിരുവനന്തപുരത്തു ജനിച്ചു. വിക്രം സർവ്വകലാശാല, ഉജ്ജൈയ്നിയിൽനിന്നും ഹിന്ദി സാഹിത്യത്തിൽ എം. ഏ. ഒന്നാംക്ലാസോടെ ജയിച്ചു. തുടർന്നു് യു.ജി.സി.യുടെ ധനസഹായത്തോടെ കൊച്ചി സർവ്വകലാശാലയിൽ നിന്നും പി. എച്ച്.ഡി. ബിരുദമെടുത്തശേഷം കോട്ടയം സി. എം. എസ്. കോളേജിൽ അദ്ധ്യാപകനായിച്ചേർന്നു. ഒരു ഡസനിലേറെ പുസ്തകങ്ങൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. സാഹിത്യകാർ അഭിനന്ദൻ സമിതി ആഗ്രയിൽനിന്നും സാഹിത്യകലാവിദ്യാലങ്കാർ, സാഹിത്യസമ്മേളൻ പ്രയാഗിൽനിന്നും സാഹിത്യമഹോപാദ്ധ്യായ, ലക്നൗവിൽനിന്നും സാഹിത്യസുബന്ധു മുതലായി അനേകം അവാർഡുകൾ ലഭിച്ചിട്ടുണ്ടു്. മിനിസ്ട്രി ഓഫു് സിവിൽ ഏവിയേഷനിൽ ഉപദേശകസമിതി അംഗമായി പ്രവർത്തിച്ചിട്ടുണ്ടു്. ഇപ്പോൾ ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭ, (മദ്രാസ്) ഗവേണിംഗ് ബോഡിഅംഗം, ഹിന്ദി സാഹിത്യ സമ്മേളൻ പ്രയാഗിന്റെ എക്സിക്യൂട്ടിവു് അംഗം, എന്നീ നിലകളിലും, കേരള സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദ പാഠ്യക്രമ സമിതി അംഗം, റിസർച്ചു് ഗൈഡു് എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ഇദ്ദേഹം തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജ് ഹിന്ദി വിഭാഗം പ്രൊഫസറാണു്. ഇപ്പോൾ വിദ്യാധിരാജ വിശ്വകേന്ദ്രത്തിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. ഭാര്യ കെ. വൈജയന്തി. മകൾ ദേവികാറാണി. വിലാസം T.C. 25/333 ഗാന്ധാരി അമ്മൻ കോവിൽ റോഡു്, തിരുവനന്തപുരം. 695001 (ഫോൺ 330241)



പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള.

തിരുവനന്തപുരം ജില്ലയിലെ തേലുളിയാഴത്തുറ വില്ലേജിൽ 4.11.1935 ൽ ജനിച്ചു. മാർ ഈവാനിയോസ് കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, മാർ തീയോഫിലസ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ചു. ബി.എ. (സാമ്പത്തിക ശാസ്ത്രം) എം. എ (മലയാളം) ബി.എഡ്, ബിരുദങ്ങളെടുത്തു.

വിവിധ ഹൈസ്ക്കൂളുകളിൽ അദ്ധ്യാപകനായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഡയറക്ടറേറ്റിൽ ട്രാൻസ്ലേറ്ററായും ജോലിനോക്കി. 1955 മുതൽ 1991 വരെ മാവേലിക്കര ബിഷപ്പ് മൂർകോളേജിൽ അദ്ധ്യാപകനായിരുന്നു. 1991-ൽ സർവീസിൽ നിന്നു വിരമിച്ചു. ഇപ്പോൾ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് എഡിറ്ററായി ജോലിനോക്കുന്നു. കേരള കലാമണ്ഡലം, കേരള സംഗീതനാടക അക്കാദമി എന്നിവയിലെ ജനറൽ കൗൺസിൽ അംഗം. 1994-ൽ പകൽക്കുറി എം. കെ. കെ. നായർ സ്മാരക കേന്ദ്രത്തിന്റെ പുരസ്കാരം ലഭിച്ചു.

പ്രധാന കൃതികൾ. ഭാഷാ വ്യാകരണ ദർപ്പണം, മലയാള വ്യാകരണവും രചനയും, മലയാള ലഘുനിഘണ്ടു, മലയാള പര്യായനിഘണ്ടു, രമണ മഹർഷി-ചട്ടമ്പിസ്വാമികൾ, ഭീഷ്മപർവം, ദ്രോണപർവ്വം, സ്ത്രീപർവ്വം, (മഹാഭാരതം) ബാലകാണ്ഡം, ആരണ്യകാണ്ഡം, സുന്ദരകാണ്ഡം (അദ്ധ്യാത്മരാമായണം) നളചരിതം, രുക്മിണീസ്വയംവരം, രാവണവിജയം, നളചരിതം, ദക്ഷയാഗം (ആട്ടക്കഥകൾ) ത്രിപുര ദഹനം (തുള്ളൽ) സുഭദ്രാഹരണം, കുചേലസദ്ഗതി, വത്സസ്തേയം (കൃഷ്ണഗാഥ) എന്നിവയുടെ പഠനവും വ്യാഖ്യാനവും.

ഭാര്യ. പി. ലളിതമ്മ (എക്സിക്യൂട്ടീവ് കെമിസ്റ്റ്, ഭൂജലവകുപ്പ്) മക്കൾ. ഗോപകുമാർ, കൃഷ്ണകുമാർ.വിലാസം. ഗോകുലം, അയിരൂപ്പാറ P.O., പോത്തൻകോട് തിരുവനന്തപുരം. 695584, Phone. 419328 (തിരുവനന്തപുരം)

കെ. ജനാർദ്ദനൻ പിള്ള



പത്തനംതിട്ട താലൂക്കിൽപെട്ട തുമ്പമൺ വടക്കു് 1920-ൽ ജനിച്ചു. കരുവാറ്റാ എൻ. എസ്. എസ്. ഹൈസ്കൂളിലും തിരുവനന്തപുരം സയൻസ് കോളേജിലും പഠിച്ചു. 1940-ൽ ബി. എസ്. സി ഒന്നാംക്ലാസിൽ പാസ്സായി. തുടർന്നു് തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിൽ നിന്നു് ബി.എസ്.സി (എൻജി:) പാസ്സാകുകയും പൊതുമരാമത്തു വകുപ്പിൽ ജോലിക്കു ചേരുകയും ചെയ്തു. കൽക്കട്ട പബ്ലിക് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു് എം. ഇ (പി.എച്ചു) ഡിഗ്രി എടുത്തു. ലോകാരോഗ്യസംഘടനയുടെ ഫെലോഷിപ്പിൽ ഒരുകൊല്ലം അമേരിക്കയിൽ ബിരുദാനന്തര പഠനം നടത്തി – എം. എസ് (ജോൺസ് ഹോപ്കിൻസ്).

സൂപ്രണ്ടിംഗ് എൻജിനീയറായിരിക്കെ 1975-ൽ പെൻഷനായി. തുടർന്നു് നാലുകൊല്ലം എൻ. എസ്. എസ്സിന്റെ ചീഫ് എൻജിനീയറായും സേവനമനുഷ്ഠിച്ചു. സംഗീത സാഹിത്യാദികലകളിലും സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിലും താല്പര്യമുണ്ടു. സി. വി. രാമൻപിള്ള നാഷണൽ ഫൗണ്ടേഷന്റെ ജനറൽ സെക്രട്ടറിയാണു്. വിദ്യാധിരാജ പ്രസ്ഥാനങ്ങളിലും അംഗമാണു്. ഭാര്യ: റ്റീ.ജെ. ശാരദാമ്മ. മക്കൾ: എസ്. ജ്യോത്സ്ന ജെ .ജയപ്രകാശ്. ജെ.ജെ. രഞ്ജി ത്. വിലാസം: "ജ്യോത്സ്ന, പട്ടം തിരുവനന്തപുരം. 4. ഫോൺ. 437848.

ഉള്ളടക്കം

അവതാരിക XV
ബ്രഹ്മശ്രീ സത്യാനന്ദസരസ്വതി

പ്രസാധകക്കുറിപ്പ് XIX
കെ. ബാലകുമാരൻ നായർ

1. തിരു അവതാരപത്രിക. 1
ദൈവജ്ഞചൂഡാമണി, എൻ. കെ. കൃഷ്ണപിള്ള

2. ബ്രഹ്മശ്രീ ചട്ടമ്പിസ്വാമികൾ. 5
പ്രൊഫ: ജഗതി വേലായുധൻ നായർ.

3. ശ്രീ ചട്ടമ്പിസ്വാമികളുടെ കൃതികൾ. 74
പ്രൊഫ: വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള
ഡോ: ജെ. രാമചന്ദ്രൻ നായർ.

4. ശ്രീ ചട്ടമ്പിസ്വാമികളും കേരളത്തിന്റെ നവോത്ഥാനവും. 117
പ്രൊഫ: വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള

5. വിദ്യാധിരാജ ദർശനത്തിന്റെ ആനുകാലിക പ്രസക്തി. 127
കെ. ജനാർദ്ദനൻ പിള്ള

6. ശ്രീ ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുദേവനും. 135
പ്രൊഫ: ജഗതി വേലായുധൻ നായർ.

7. അനുബന്ധം. I 185
(1) സ്മരണകൾ.
(2) അനുഭവ വിവരണങ്ങൾ.
Reminiscences
(3) ചില അത്ഭുത സംഭവങ്ങൾ.

അനുബന്ധം. II 270
ചട്ടമ്പിസ്വാമികളും തീർത്ഥപാദസമ്പ്രദായവും.
പണ്ഡിറ്റ്. സി. രാമകൃഷ്ണൻ നായർ

അനുബന്ധം. III 280
ശ്രീചക്രപൂജാകല്പം
ഡോ. എൻ. ഗോപാലപ്പണിക്കർ.

അനുബന്ധം. IV 297
ചട്ടമ്പിസ്വാമികളെ സംബന്ധിച്ച പ്രധാന പ്രസിദ്ധീകരണങ്ങൾ.

ഓം

സദ്ഗുരവേ നമ

അവതാരിക

ഗുരുരേവ പരംബ്രഹ്മ
ഗുരുരേവ പരാഗതിഃ
ഗുരുരേവ പരാവിദ്യാ
ഗുരുരേവ പരായണം
ഗുരുരേവ പരാകാഷ്ഠാ
ഗുരുരേവ പരാധനം
യസ്മാത്തദുപദേഷ്ടാ സൗ
തസ്മാദ് ഗുരുതരോ ഗുരുഃ

ഗുരുതന്നെയാണു് പരബ്രഹ്മം. ഗുരുതന്നെയാണു് ബ്രഹ്മവിദ്യ. ഗുരുതന്നെയാണു് ആശ്രയസ്ഥാനം.ഗുരുതന്നെയാണു് പരാകാഷ്ഠ (കാന്തിധാമം). ഗുരുതന്നെയാണു് പരമധനം. അതുകൊണ്ടു് ആ ഗുരു ഉപദേഷ്ടാവും ശ്രേഷ്ഠരിൽ ശ്രേഷ്ഠനുമാണു്. ഹിമവാന്റെ ശൃംഗശീർഷത്തിൽ നിന്നും ഊറിയിറങ്ങി, ഊഷരഭൂമിയെ തണുപ്പിച്ചും തളിർപ്പിച്ചും സസ്യശാലിനിയാക്കി, മന്ദമന്ദം ഗമിക്കുന്ന മന്ദ്രസാന്ദ്രയായ മന്ദാകിനിയും ഹിമഗിരിഗഹ്വരങ്ങളിൽ എന്നും മുഴങ്ങുന്ന പ്രണവ ധ്വനിയിൽ തന്മയീഭവിച്ചും ഉന്മനീഭവിച്ചും നിർവൃതി നേടിയ ഗുരുപരമ്പരയും ഭാരതത്തിലെ പൂജാർഹങ്ങളായ സങ്കല്പങ്ങളാണു്. മഹാമനീഷികളുടെ ഹൃദയഗഹ്വരങ്ങളിൽ മുഴങ്ങുന്ന പ്രണവധ്വനിയും ശിവശൈക്യസ്വരൂപേണ നിർഗ്ഗളിക്കുന്ന അമൃത സ്രോതസ്വിനിയും മനുഷ്യമനസ്സിന്റെ ഊഷരഭൂമിയെ കുളിർപ്പിച്ചും കിളിർപ്പിച്ചും വളർത്തിയ അദ്ധ്യാത്മമഹാതരുവിൽനിന്നു് ഉല്പന്നമായ താരും തളിരും സ്വാദിഷ്ട ഫലങ്ങളും ഭാരതമണ്ണിനും മനസ്സിനും ഇന്നും അനുഭവവേദ്യമാണു്. ഭാരതത്തിന്റെ കരുത്തുറ്റ സാമ്രാജ്യം ആദ്ധ്യാത്മികതയാണു്. പ്രസന്നതയാണതിന്റെ പ്രഭാവം; ഋഷിത്വമാണതിന്റെ പ്രഭവസ്ഥാനം, ത്യാഗമാണതിന്റെ പ്രഭുത്വം;

സേവനമാണതിന്റെ സമ്പാദ്യം. ഗുരുത്വമാണു് സർവ്വാശ്രയം. ത്രിഗുണപ്രധാനമായ പ്രപഞ്ചത്തെ വിമർശിച്ചും വിശദീകരിച്ചും സമഷ്ടി വ്യഷ്ടി സ്വഭാവേന തത്ത്വനിർണ്ണയം ചെയ്തിരിക്കുന്ന ആചാര്യദർശനം ഭൗതികശാസ്ത്രത്തിനും അദ്ധ്യാത്മശാസ്ത്രത്തിനും ഒരുപോലെ വെളിച്ചം പകരുന്നു. ഉപാധികളെ ഉപാദാനകാരണമാക്കി പ്രപഞ്ചനിരീക്ഷണവും അദ്ധ്യാത്മപരിശീലനവും ഒരേപോലെ നിർവ്വഹിക്കുന്ന സാമർത്ഥ്യം ഭാരതീയാചാര്യന്മാരുടെ പ്രത്യേകതയാണു്. ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായ ഗുരു ദേഹസ്ഥനും ദേഹവിവർജ്ജിതനുമാണു്. പരമസാത്വികവൃത്തികളായി ലോകസംഗ്രഹാർത്ഥം ജീവിതം അർപ്പിച്ച ആചാര്യപാരമ്പര്യം ഗുരുസേവാരതന്മാരായ ശിഷ്യപരമ്പരയിലൂടെ ഭാരതത്തിൽ ഇന്നും നിലനിൽക്കുന്നു. ബാഹ്യാന്തരിക പ്രകൃതികളെ സംഗ്രഹിച്ചും സമന്വയിച്ചും പ്രഭാവമാർജ്ജിച്ച അദ്ധ്യാത്മചിന്തയുടെ ഓജസ്സും തേജസ്സും മങ്ങാതെ പ്രസരിപ്പിക്കുന്ന ഭാരതഭൂമി ഇന്നും ഗുരുപാരമ്പര്യത്തെ അനുസരിച്ചും ആദരിച്ചും വളരുന്നു. സകളവും നിഷ്കളവുമായ ഈശ്വരസത്തയെ വിവിധയോഗമാർഗ്ഗങ്ങളിലൂടെ അനുഭൂതിയുടെ അവാച്യമണ്ഡലത്തിൽ പ്രതിഷ്ഠിക്കുകയാണവർ ചെയ്തിട്ടുള്ളതു്. ആചാരമര്യാദകളിലും അനുഷ്ഠാനക്രമങ്ങളിലും അന്തർലീനമായിരിക്കുന്ന ആർജ്ജവശക്തി ഗുരുവിനേയും ഗുരുത്വത്തെയും അനുസരിച്ചാണു് അനുഭവം നേടുന്നതു്. മാർഗ്ഗം നേടുവാനും ലക്ഷ്യം നേടുവാനും ഉതകുന്ന അധീശത്വവും ഗുരുസങ്കല്പത്തിൽ അധിഷ്ഠിതമാകുന്നു.

'ഗുരുഭക്തിം സദാ കുര്യാച്ഛ്രേയസേ ഭൂയസേ നരഃ' എന്ന ഉപനിഷദ്വാക്യം ഗുരുമഹിമയെ പ്രകീർത്തിക്കുന്നു. പ്രേയസ്സിനും ശ്രേയസ്സിനും അടിസ്ഥാനമായി അംഗീകരിച്ചിരിക്കുന്ന നിയമങ്ങളും ഗുരു സങ്കല്പത്തിൽ നിന്നു് അന്യമായിരിക്കുന്നില്ല. ഇതു് ശാസ്ത്ര നിരപേക്ഷമാണെന്നനുമാനിക്കാൻ പ്രമാണങ്ങളുമില്ല.

'ശ്രുത്യാവിരോധേന ഭവേദ് പ്രമാണം
ഭവേദനർത്ഥായ വിനാ പ്രമാണം'

ശ്രുതിക്കു് വിരുദ്ധമായാൽ പിന്നെ മറ്റൊരു പ്രമാണവുമില്ല. പ്രമാണരഹിതമായിട്ടുള്ളതു് അനർത്ഥകാരിയുമായിരിക്കും. അതുകൊണ്ടു് തന്നെയാണു് ഗുരുവാക്യവും സങ്ക

ല്പവും ശ്രുതിവാക്യപ്രമാണമായി അംഗീകരിച്ചിരിക്കുന്നതു്. ഗുരുസങ്കല്പത്തിൽ നിന്നു് വ്യതിചലിച്ചും ഗുരുവാക്യത്തെ അതിക്രമിച്ചും സിദ്ധാന്തത്തിനും ശാസ്ത്രത്തിനും നില നിൽപ്പില്ല.

ഈശ്വരൻ, ഗുരു, ബ്രഹ്മം എന്നീ സങ്കല്പങ്ങൾക്കു് തുല്യപദവി നൽകിക്കൊണ്ടാണു് ഭാരതസംസ്ക്കാരം രൂപപ്പെട്ടിട്ടുള്ളതു്.

'ഗുരുരേവ ഹരിഃ സാക്ഷാന്നാന്യയിത്യബ്രവീത് ശ്രുതിഃ'

ഗുരു തന്നെയാണു് സാക്ഷാൽ ഹരി. മറ്റാരുമല്ല, എന്നു വേദം ഉദ്ഘോഷിക്കുന്നു. ശ്രുതിപ്രമാണം, സംശയരഹിതമായിത്തന്നെ പരമാർത്ഥമാണു്, എന്ന അസന്നിഗ്ദ്ധമായ പ്രഖ്യാപനത്തിന്റെ പ്രമാണവും ശ്രുതിതന്നെയാണു്.

'ശ്രുത്യാ യദുക്തം പരമാർത്ഥമേവ
തൽ സംശയോ നാത്ര തതഃ സമസ്ത.'

എന്ന ആപ്തവാക്യം (ശ്രുതിവാക്യം പ്രമാണം തന്നെയാണു്. അതിൽ സംശയം വന്നാൽ വേറെ പ്രമാണമില്ല.) ഗുരുപദേശം കൊണ്ടുമാത്രം സർവ്വതോമുഖമായ ബ്രഹ്മത്തെ അറിയാൻ സാധിക്കുന്നുവെന്ന വിശ്വാസവും അനുഭവവും യുഗസങ്കല്പങ്ങളെ അതിജീവിച്ചു് ഭാരതത്തിൽ നിലനിൽക്കുന്നു. സങ്കോചവികാസാത്മകമായ പ്രപഞ്ചത്തെ അവതരിപ്പിക്കുവാനും ചർച്ച ചെയ്യുവാനും ശാസ്ത്ര സാംഗത്യമുള്ള ദർശനസാമർത്ഥ്യം ഭാരതീയ ഋഷിപരമ്പരയ്ക്കു് സ്വായത്തമായിരുന്നു. ആധുനിക ശാസ്ത്രസിദ്ധാന്തത്തിനു് വെളിച്ചം പകരുന്നതിനുള്ള കഴിവു് മേല്പറഞ്ഞ ദർശനത്തിനുണ്ടു്. സങ്കോചവികാസാത്മകമായ പരിണാമങ്ങളെ ആശ്രയിച്ചാണു് സദാഹി ചഞ്ചലമായ പ്രപഞ്ചം നിലനിൽക്കുന്നതെന്ന ഉപനിഷദ് സത്യം തത്ത്വശാസ്ത്രത്തിനെന്നപോലെ ഭൗതികശാസ്ത്രത്തിനും ഒരുപോലെ അംഗീകരിക്കേണ്ടി വന്നിട്ടുണ്ടു്. പ്രപഞ്ച പരിണാമസിദ്ധാന്തത്തെ പ്രതിപാദിക്കുന്ന ശാസ്ത്ര സാങ്കേതിക സംജ്ഞകൾ ഗുരുക്കന്മാരുടെ ദർശനമാഹാത്മ്യത്തെ വ്യക്തമാക്കുന്നവയാണു്. ശാസ്ത്രജ്ഞനെ ആശ്രയിച്ചു മാത്രമേ ശാസ്ത്രം നില

നിൽക്കുന്നുള്ളൂ എന്ന തത്ത്വം ഇന്നു് ഭൗതിക ശാസ്ത്രത്തിനും സമ്മതമാണു്. (Science is according to the Scientist).

മാക്സ് പ്ലാങ്ക് എന്ന ശാസ്ത്രകാരൻ ക്വാണ്ടം തിയറി വികസിപ്പിക്കുന്നതിനു മുമ്പു് ശാസ്ത്രകാരന്മാർക്കുണ്ടായിരുന്ന ധാരണ മറിച്ചായിരുന്നു.

"It does not matter which physicist or which mind makes the observation. It is the same universe and that is what counts." ശാസ്ത്രകാരനോ നിരീക്ഷകരുടെ മനഃസ്ഥിതിക്കോ മാറ്റം സംഭവിച്ചാലും പ്രപഞ്ചത്തിനു് മാറ്റം വരുന്നില്ലായെന്ന തെറ്റായ ധാരണയായിരുന്നു ഭൗതിക ശാസ്ത്രജ്ഞന്മാർ പുലർത്തിയിരുന്നതു്. എന്നാൽ ഈ മുൻവിധി തെറ്റാണെന്നു് ആയിരമായിരം കൊല്ലങ്ങൾക്കു മുമ്പുതന്നെ ഋഷിപുംഗവരായ ഭൗതികാദ്ധ്യാത്മ ശാസ്ത്രകാരന്മാർ വിധിയെഴുതിയിരുന്നു. "പ്രകൃതിസ്വരൂപം ബ്രഹ്മ" എന്ന മഹാവാക്യത്തെ അനുസരിച്ചു് സമഷ്ടിഭാവത്തിലും 'അഹം ബ്രഹ്മാസ്മി' എന്ന അനുഭൂതി വാക്യത്തെ ആശ്രയിച്ചു് വ്യക്തിഭാവത്തിലും അന്തർലീനമായിരിക്കുന്ന തത്ത്വം ഒന്നുതന്നെയാണെന്നു് അവർ അറിഞ്ഞിരുന്നു. തത്ത്വദർശിയായ വ്യക്തിയെ അഥവാ ഗുരുവിനെ കേന്ദ്രീകരിച്ചല്ലാതെ തത്ത്വം നിലനിൽക്കുന്നില്ല. പ്രകൃതിസ്വരൂപം മുഴുവൻ പ്രതിബിംബിക്കുന്നതു് ആത്മാവിലാകുന്നു. അഥവാ ആത്മനിഷ്ഠനും തത്ത്വദർശിയുമായ ഗുരുവിനെ കേന്ദ്രീകരിച്ചാകുന്നു. വസ്തു പരതയിൽ നിന്നും ഭാവപരതയിലേയ്ക്കുള്ള ശാസ്ത്രത്തിന്റെ ഈ പുരോഗതി അനേക പരീക്ഷണങ്ങളെ ആശ്രയിച്ചും അതിജീവിച്ചും കണ്ടെത്തിയതാണു്.

'അഹം ബ്രഹ്മാസ്മി' എന്ന മഹാവാക്യത്തിൽ നിക്ഷിപ്തമായിരിക്കുന്ന പ്രകൃതി തത്ത്വവും ആത്മതത്ത്വവും 'ഗുരു' എന്ന Scientist -നെ കേന്ദ്രീകരിച്ചു് ചർച്ചചെയ്യപ്പെടുന്ന ശാസ്ത്രമാണെന്നു് സമ്മതിക്കുവാൻ അധുനാതനന്മാർക്കോ ശാസ്ത്രനിരപേക്ഷകർക്കോ കഴിയുന്നില്ലെങ്കിൽ ആക്ഷേപം പരിഹാരം ആവുകയില്ല. കാവ്യഗുണം കളങ്കപ്പെടാത്ത സാഹിത്യമായും ശാസ്ത്രദർശനം മങ്ങാത്ത തത്ത്വമായും ഭാരതീയ ഗുരുദർശനം ഇന്നും പ്രകാശം ചൊരിയുന്നു. തത്ത്വദർശനത്തിനുതകുന്ന തർക്കവും തർക്കത്തെ നിഷ്പ്രഭമാക്കുന്ന തത്ത്വവും ഭാരതീയ ഗുരു സങ്കല്പത്തിന്റെ പ്രത്യേകതയാണു്.

മാർഗ്ഗനിർദ്ദേശം, സ്ഥാനനിർണ്ണയം മോക്ഷദാനം എന്നീ കർത്തവ്യങ്ങളെ അടിസ്ഥാനമാക്കി ഗുരുക്കന്മാരെ ചോദകൻ, (പ്രേരകൻ) ബോധകൻ, മോക്ഷദൻ എന്നിങ്ങനെ മൂന്നായി തരംതിരിച്ചി

ട്ടുണ്ടു്. മഹാഗുരുക്കന്മാർ പ്രസ്തുത കർമ്മങ്ങളെല്ലാം കല്പനാ വൈഭവത്തിലൂടെ സാധിക്കുന്നുമുണ്ടു്.

''ചോദകോ ദർശയേന്മാർഗ്ഗം
ബോധകഃ സ്ഥാനമാചരേത്
മോക്ഷദസ്തു പരം തത്ത്വം
യന്നാത്വാ പരമശ്നുതേ''

ചോദകനും ബോധകനും മാർഗ്ഗവും സ്ഥാനവും നിർദ്ദേശിക്കുമ്പോൾ മോക്ഷദഗുരു തത്ത്വസ്വരൂപമായിത്തന്നെ നിലകൊള്ളുന്നുവെന്ന സത്യം ആധുനിക സാമൂഹിക പരിഷ്ക്കരണത്തിൽ പരിവർത്തനാത്മകമായ മാറ്റം വരുത്തുന്നതിനു് യോഗ്യതയുള്ളതാണു്.

വിവിധ മാർഗ്ഗാവലംബികളായ മഹാഗുരുക്കന്മാരെല്ലാം അംഗീകൃത മാർഗ്ഗങ്ങളെ അവലംബിച്ചു് യോഗക്ഷേമ പരായണന്മാരായി ലോകസേവനം നിർവ്വഹിച്ചവരാണു്.

കർമ്മയോഗം, ഹഠയോഗം, രാജയോഗം, ജ്ഞാനയോഗം, ലയയോഗം, ഭക്തിയോഗം, മന്ത്രയോഗം തുടങ്ങി അനേക യോഗ മാർഗ്ഗങ്ങൾ ഭാരതത്തിൽ ഇന്നും നിലനിൽക്കുന്നു. യോഗം എന്ന ഏക സങ്കല്പത്തിൽ ക്രോഡീകരിക്കപ്പെട്ടിരിക്കുന്ന വിവിധ മാർഗ്ഗങ്ങൾക്കു് അധികാരികളായി നിലകൊള്ളുന്ന ഗുരുപരമ്പരയും മാർഗ്ഗാനുയുക്തമായ പ്രമാണഗ്രന്ഥങ്ങളും ധാരാളമുണ്ടു്. എന്നാൽ ഗുരുസങ്കല്പത്തെ നിരാകരിച്ചോ നിഷ്പ്രഭമാക്കിയോ നിൽക്കുന്ന സിദ്ധാന്തങ്ങളൊന്നും ഉപജീവിക്കുന്നില്ല.

'The observer alters the observed, the thinker alters the thought.'' (Kaith)

''കല്പയത്യാത്മനാത്മാന-
മാത്മാദേവഃ സ്വമായയാ-
സയേവ ബുദ്ധ്യതെ ഭേദാ-
നീതി വേദാന്ത നിശ്ചയ''
(മാണ്ഡൂക്യകാരിക)

(തന്നിൽ തന്നെ സ്വയം വ്യത്യാസങ്ങൾ കല്പിക്കുകയും അറിയുകയും ചെയ്യുന്ന ആത്മാവു് സ്വന്തം മായകൊണ്ടാണു് ഇതു്

ചെയ്യുന്നതു്. സങ്കല്പ ഭേദങ്ങളെ സൃഷ്ടിക്കുന്ന ശക്തിയാണു് 'മായ' എന്നുള്ള വാക്കുകൊണ്ടുദ്ദേശിക്കുന്നതെന്നു് ശാസ്ത്രജ്ഞന്റെ വരികൾ പരിശോധിച്ചാൽ മതിയാകും. ഗുരുവാക്യങ്ങളിൽ അന്തർലീനമായിക്കിടക്കുന്ന ഈ പരമസത്യം പ്രപഞ്ചദർശനമായും ആത്മദർശനമായും ഒരു തത്ത്വത്തെ ആശ്രയിക്കുന്നുവെന്നുള്ളതു് ഭാരതീയന്റെ ആത്മവിശ്വാസത്തിനു് വഴിതെളിച്ചെങ്കിൽ, ചതുർവിധമായും ചതുഷ്പാദങ്ങളായും ക്രമപ്പെടുത്തി വിഭജിക്കപ്പെട്ടിരുന്ന ഒരു സാമൂഹ്യക്രമം ഭാരതത്തിനു് തനതായി ഉണ്ടായിരുന്നു. ആശ്രമങ്ങൾ, ബ്രഹ്മചാരികൾ, സന്ന്യാസിമാർ എന്നീ സങ്കല്പങ്ങളെല്ലാം മേല്പറഞ്ഞവിധങ്ങളിലും പാദങ്ങളിലും വർണ്ണിക്കപ്പെട്ടിട്ടുണ്ടു്.

1. അഥാതശ്ചത്വാര ആശ്രമാഃ ഷോഡശ ഭേദാ ഭവന്തി.

(നാലുവിധത്തിലുള്ള ആശ്രമങ്ങൾ 16 വിഭവങ്ങളോടു് കൂടിയതാണു്.)

2. ബ്രഹ്മചാരിണാ ചതുർവിധാ ഭവന്തി

(ബ്രഹ്മചാരികൾ 4 വിധമുണ്ടു്).

3. ഗൃഹസ്ഥാ അപി ചതുർവിധാ ഭവന്തി

(ഗൃഹസ്ഥന്മാർ 4 വിധത്തിലുണ്ടു്)

4. വാനപ്രസ്ഥാ അപി ചതുർവിധാ ഭവന്തി

(വാനപ്രസ്ഥന്മാരും 4 വിധത്തിലുണ്ടു്).

5. പരിവ്രാജകാ അപി ചതുർവിധാ ഭവന്തി

(പരിവ്രാജകന്മാരും 4 വിധത്തിലുണ്ടു്)

വിസ്തരഭയംകൊണ്ടു് മേൽപ്പറഞ്ഞ ചതുർവിധ സങ്കല്പങ്ങളുടെ നാമങ്ങളും വിവരണവും ചേർത്തിട്ടില്ല. എങ്കിലും പ്രസക്തമായ പരിവ്രാജകസങ്കല്പം മാത്രം ലഘുധാരണയ്ക്കുവേണ്ടി പ്രസ്താവമാക്കിയിട്ടുണ്ടു്. കുടീചകൻ, ബഹൂദകൻ, ഹംസൻ, പരമഹംസൻ എന്നിങ്ങനെ സന്ന്യാസിമാരെ പ്രധാനമായ 4 തരത്തിൽ

തിരിച്ചിട്ടുണ്ടു്. ഇവർക്കെല്ലാം പ്രത്യേകലക്ഷണങ്ങളും പ്രതിപാദ്യമായി ഉണ്ടു്. ലക്ഷണഭേദങ്ങളൊന്നും ഇവിടെ വിവരിക്കുന്നില്ല. നാമ കുലഗോത്രങ്ങൾ ഏതായാലും ഗുരുക്കന്മാർ ബ്രഹമനിഷ്ഠന്മാരാകുന്നു. എന്ന സങ്കല്പത്തിനാണു് പ്രാധാന്യം.

''ബ്രാഹ്മണ്യം കുല ഗോത്രേ ച
നാമ സൗന്ദര്യ ജാതയഃ
സ്ഥൂല ദേഹ ഗതാ ഏതേ
സ്ഥൂലാത് ഭിന്നസ്യ മേ നഹി.

(ബ്രാഹ്മണ്യം, കുലം, ഗോത്രം, നാമം, സൗന്ദര്യം, ജാതി എന്നിവയെല്ലാം സ്ഥൂലദേഹഹതങ്ങളാണു്.)

''ക്ഷുത്പിപാസാന്ധ്യ ബാധിര്യ കാമക്രോധാദയോ ऽഖിലാഃ
ലിംഗ ദേഹ ഗതാ ഏതേ ഹ്യ ലിംഗസ്യ ന സന്തി ഹി.

(വിശപ്പു്, ദാഹം, അന്ധത, ബധിരത, കാമം, ക്രോധം, എന്നീ ധർമ്മങ്ങൾ ലിംഗശരീരത്തിൽ സ്ഥിതിചെയ്യുന്നു. ജഡത്വം, പ്രിയമോദത്വം എന്നിവ കാരണ ശരീരത്തിലും അടങ്ങിയിരിക്കുന്നു. എന്നാൽ സന്ന്യാസി സ്ഥൂല സൂക്ഷ്മ കാരണ ശരീരങ്ങൾക്കതീതമായ ആത്മസ്വരൂപമായതുകൊണ്ടു് മേല്പറഞ്ഞ ശരീരത്രയധർമ്മങ്ങൾ ആത്മസ്വരൂപിയെ ബാധിക്കുന്നില്ല. നൈഷ്ഠിക ബ്രഹ്മചര്യത്തിലൂടെ അതിവർണ്ണാശ്രമിയായും അവധൂതമായും ബ്രഹ്മജ്ഞാനം നേടിയ സന്ന്യാസി ശ്രേഷ്ഠന്മാരും ധാരാളമുണ്ടു്. അതിവർണ്ണാശ്രമികളിൽ അഗ്രിമസ്ഥാനം അലങ്കരിക്കുന്ന ബ്രഹ്മസ്വരൂപനാണു് ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമികൾ. ലോക സംഗ്രഹാർത്ഥം അവതാരമെടുക്കുന്ന മഹാത്മാക്കളിൽ ചൈതന്യ ധന്യമായ സങ്കല്പമാണു് പ്രാതഃസ്മരണീയനായ സ്വാമികൾക്കുള്ളതു്. ചേതനാ സവിത്സ്വരൂപത്തോടു കൂടിയ ശ്രീ വിദ്യധിരാജ ചട്ടമ്പിസ്വാമികൾ ലോക സംഗ്രഹാർത്ഥം ആവശ്യമായ മാർഗ്ഗങ്ങൾ അംഗീകരിച്ചുവെങ്കിലും കർമ്മനിരതനായിരിക്കുമ്പോഴും തികഞ്ഞ ജീവന്മുക്തനായി വർത്തിച്ചിരുന്നുവെന്നുള്ളതു് അധികം പേർ അറിഞ്ഞിരിക്കുകയില്ല.

''ന കിഞ്ചന ദ്വേഷ്ടി തഥാ ന കിഞ്ചിദപി കാംക്ഷതി
ഭുംങ്തേ യഃ പ്രകൃതാൻ ഭോഗാൻ സ ജീവന്മുക്ത ഉച്യതേ''

ഈർഷ്യാ ദോഷരഹിതനായി ജീവിക്കുന്നവനും യതൊന്നും ആഗ്രഹിക്കാത്തവനും യദൃച്ഛാ ലാഭ സന്തുഷ്ടിയോടും കൂടിയ യോഗി ജീവന്മുക്തനാണു്.

'ശാന്ത സംസാര കലനഃ
കലാവാനപിനിഷ്കളഃ
യഃ സചിത്തോ Sപി നിശ്ചിന്ത
സ ജീവന്മുക്ത ഉച്യതേ'

(കലായുക്തനായിരിക്കവേ കലാരഹിതനായും ചിത്തഗുണം ആചരിക്കവേ ചിത്തരഹിതനായും ഇരുന്നു് പ്രാപഞ്ചികവിഷയചിന്തകളെ ഉപേക്ഷിക്കുന്നവൻ ജീവന്മുക്തനാണു്.)

യഃ സമസ്താർത്ഥ ജാലേഷു വ്യവഹാര്യപി നിഃ സ്പൃഹഃ
പരാർത്ഥേഷ്വിവ പൂർണ്ണാത്മാ സ ജീവന്മുക്ത ഉച്യതേ''.

ലോകത്തിലുള്ള സമസ്ത സമ്പൽ സമൃദ്ധിയുടേയും വ്യവഹാരങ്ങളുടേയും മദ്ധ്യത്തിൽ വസിക്കുമ്പോഴും അവയെ പരധനമെന്നപോലെ കരുതി നിസ്പൃഹനായിരിക്കുന്ന ധർമ്മാത്മാവു് ആത്മാവിൽ സമ്പൂർണ്ണാനുഭൂതി അനുഭവിക്കുന്നവനാണു്. ആ ആത്മസ്വരൂപനാണു് ജീവന്മുക്തൻ. ലോകസംഗ്രഹാർത്ഥം സേവനമനുഷ്ഠിച്ച ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമികൾ സമൂഹത്തിനു് സംഭാവന നൽകിയ അദ്ധ്യാത്മവിദ്യയും സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനങ്ങളും കേരള ജനതയ്ക്കു് വിസ്മരിക്കുവാനാവില്ല. സർവ്വജ്ഞനായ ആ ഗുരുനാഥന്റെ ജീവിതസ്വഭാവം പരിശോധിച്ചാൽ കുടീചക, ബഹൂദക, ഹംസ, പരമഹംസ വൃത്തികളിൽ പലതും സേവനാർത്ഥം സ്വായത്തമാക്കിയും ആത്മനിഷ്ഠാർത്ഥം സംത്യജിച്ചും കാലം കഴിച്ചതായിക്കാണാം.

''അഹങ്കാരമയീം ത്യക്ത്വാ വാസനാം ലീലയൈവ യഃ
തിഷ്ഠതി ധ്യേയ സംത്യാഗീ''

എന്നു് ഉപനിഷത്തിൽ വർണ്ണിക്കപ്പെട്ടിരിക്കുന്ന ജീവന്മുക്ത ലക്ഷണവും അതിവർണ്ണാശ്രമിയായ വിദ്യാധിരാജനു് യോജിക്കുന്നവയാണു്. വിദ്യാധിരാജനായ ചട്ടമ്പിസ്വാമികളുടെ ശിഷ്യ പ്രമുഖനായ ശ്രീ നാരായണഗുരുദേവനുമൊത്തു് സ്വാമികൾ അനുവർത്തിച്ച

ജാതിനിർമ്മാർജ്ജന പ്രക്രിയ ഹിന്ദുമതത്തിലെ ജാത്യഭിമാനത്തിനെതിരായുള്ള കൊടുങ്കാറ്റായിരുന്നു. ഗുരുശിഷ്യബന്ധത്തെക്കുറിച്ചുള്ള അജ്ഞതയും ജാത്യഭിമാനം കൊണ്ടുള്ള അന്ധതയും സരിത് സാഗരസംഗമംപോലെ പവിത്രമായ ഗുരുശിഷ്യ ബന്ധത്തിൽ വിഷം കലർത്താൻ ശ്രമിച്ചിട്ടുണ്ട്. ഇന്നും ആ സാഹസം തുടരുന്നു. ഗുരുത്വ ദോഷികളായ ഇക്കൂട്ടർ വരുത്തിവയ്ക്കുന്ന വിനവ്യക്തിക്കും, സമൂഹത്തിനും എന്നും കളങ്കമായിത്തന്നെ നിലകൊള്ളും. സ്വാമിജിയുടെ സംഭാവനകൾ സാമൂഹ്യ പരിഷ്ക്കരണരംഗത്തും അദ്ധ്യാത്മ പരിശീലന രംഗത്തും സാഹിതീ സേവനത്തിലും പ്രത്യേക സമീപനവും ഉൾക്കാഴ്ചയും ഉൾക്കൊള്ളുന്നു.

ശ്രീ വിദ്യാധിരാജ വിശ്വകേന്ദ്രത്തിന്റെയും തിരുവനന്തപുരം നായർ സുഹൃദ് സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന സ്വാമിജിയുടെ ജീവചരിത്രഗ്രന്ഥം തെറ്റിദ്ധാരണകൾക്കും ഗുരുത്വക്കേടിനും വിരാമമിടുവാൻ സഹായകമാവുമെന്നു് കരുതുന്നു. വിദ്യാധിരാജ മാഹാത്മ്യത്തെക്കുറിച്ചും കൃതികളെക്കുറിച്ചുമുള്ള വ്യക്തമായ അദ്ധ്യായങ്ങൾ പ്രസ്തുത കൃതിയിൽ അടങ്ങിയിട്ടുണ്ട്. സ്വാമിഭക്തന്മാർക്കു് ആശ്വാസവും അഭിമാനവും പകരുന്ന ഗുരുശിഷ്യബന്ധത്തിന്റെ മഹിമയും ആനുകാലിക പ്രസക്തിയോടെ നിരീക്ഷിച്ചിട്ടുണ്ട്. യഥാക്രമം (1) ജീവചരിത്രം (2) കൃതികൾ (3) ചട്ടമ്പിസ്വാമികളും കേരളത്തിന്റെ നവോത്ഥാനവും (4) ചട്ടമ്പിസ്വാമികളുടെ ആനുകാലിക പ്രസക്തി (5) ചട്ടമ്പിസ്വാമികളും ശ്രീനാരായണ ഗുരുദേവനും (6) അനുബന്ധം എന്നിങ്ങനെ 6 അദ്ധ്യായങ്ങൾ. ഓർമ്മക്കുറിപ്പുകൾ ഉൾപ്പെടെ ഭക്തജനസമക്ഷം അവതരിപ്പിക്കുന്നതിനു് പ്രസാധകർക്കു് കഴിഞ്ഞുവെന്നുള്ളതു് ജാതിവിദ്വേഷവും ജാത്യന്ധതയും വർദ്ധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ രോഗികൾക്കു് ഭേഷജമെന്നോണം ആശ്വാസവും അനുഗ്രഹവും പകരുമെന്നുള്ളതിനു് സംശയമില്ല.

ശ്രീമാന്മാർ പ്രൊഫ: ജഗതി വേലായുധൻ നായർ, പ്രൊഫ: വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള, കെ. ജനാർദ്ദനൻ പിള്ള, ഡോ: രാമചന്ദ്രൻ നായർ, എന്നിവരുടെ പ്രയത്നഫലമായ ഈ മഹത് ഗ്രന്ഥം സജ്ജനസമക്ഷം പ്രാർത്ഥനാപൂർവം ഞാൻ അവതരിപ്പിക്കുന്നു.

സ്വാമി സത്യാനന്ദ സരസ്വതി.

ശ്രീരാമദാസമഠം
ചേങ്കോട്ടുകോണം
തിരുവനന്തപുരം
20.4.1995.

പ്രസാധകക്കുറിപ്പു്

കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിനു് അവിസ്മരണീയമായ നേതൃത്വം നൽകിയ പരമഭട്ടാരശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമി തിരുവടികളെക്കുറിച്ചു് സാധാരണ ജനങ്ങൾക്കു വേണ്ടത്ര അറിവു ലഭിച്ചിട്ടില്ലെന്നുള്ളതു് ഒരു ദുഃഖസത്യമാണു്. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിൽ കൂടുതലായി പ്രവർത്തിച്ചുവരുന്ന ശ്രീ വിദ്യാധിരാജ വിശ്വകേന്ദ്രവും, തിരുവനന്തപുരം നായർ സുഹൃത് സംഘവും ഏകോപിച്ചു് ഇതിനെപ്പറ്റി ആലോചിക്കുകയും ആ അവതാരപുരുഷനെ സംബന്ധിച്ചു ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിലേയ്ക്കു വേണ്ടി രൂപവൽക്കരിക്കപ്പെട്ട പ്രസാധക സമിതി പ്രസ്തുത സമിതിയിലെ അംഗങ്ങളായ പ്രൊഫ: ജഗതി വേലായുധൻ നായർ, പ്രൊഫ: വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള, ഡോ: ജെ. രാമചന്ദ്രൻ നായർ, ശ്രീ. കെ. ജനാർദ്ദനൻ പിള്ള എന്നിവരെ ഗ്രന്ഥരചനയ്ക്കു ചുമതലപ്പെടുത്തി. ഏകദേശം രണ്ടുകൊല്ലത്തോളം നീണ്ടുനിന്ന അന്വേഷണങ്ങളുടേയും പഠനത്തിന്റേയും ഫലമായി വിശദവിവരങ്ങൾ സമാഹരിച്ചു് അവർ രൂപം കൊടുത്ത ഗ്രന്ഥമാണു് ഞങ്ങൾ സഹൃദയസമക്ഷം കാഴ്ചവയ്ക്കുന്നതു്.

മഹത്തുക്കളായ മൂന്നുവ്യക്തികൾ ഈ സംരംഭത്തിനു് ആവശ്യമായ ഉപദേശങ്ങൾ തന്നു് സമിതിയെ സഹായിച്ചിരുന്നു. ചേങ്കോട്ടുകോണം ശ്രീ രാമദാസമിഷന്റെ അധ്യക്ഷനും ആശ്രമാധിപതിയുമായ ബ്രഹ്മശ്രീ സത്യാനന്ദസരസ്വതി, റിട്ടയാർഡു് ഐ. ജി. ശ്രീ എൻ. ചന്ദ്രശേഖരൻ നായർ, പണ്ഡിതാഗ്രണിയായിരുന്ന പദ്മശ്രീ ഡോ: ശൂരനാട്ടു കുഞ്ഞൻപിള്ള എന്നിവരാണവർ. റിട്ടയാർഡു് ഐ. ജി. ശ്രീ എൻ. ചന്ദ്രശേഖരൻ

നായരും, പണ്ഡിതാഗ്രണിയായിരുന്ന പത്മശ്രീ ഡോ: ശൂരനാട്ടു കുഞ്ഞൻപിള്ളയും ഈ സംരംഭത്തിന്റെ പൂത്തീകരണത്തിനു മുമ്പു നിര്യാതരായി. അവരുടെ സ്മരണയ്ക്കുമുമ്പിൽ ഞങ്ങൾ ആദരാഞ്ജലികളർപ്പിക്കുന്നു. ഭാഗ്യവശാൽ ബ്രഹ്മശ്രീ സത്യാനന്ദസരസ്വതി സ്വാമികൾ ഞങ്ങൾക്കുവേണ്ട പ്രോത്സാഹനം നൽകിക്കൊണ്ടു് ഞങ്ങളോടൊപ്പമുണ്ടു്. ആ തപോധനന്റെ ആശംസാപൂർവ്വകമായ അവതാരിക ഗ്രന്ഥത്തിന്റെ പ്രാരംഭത്തിൽ ചേർത്തിട്ടുണ്ടു്. അദ്ദേഹത്തിനു ഞങ്ങളുടെ കൃതജ്ഞതാപൂർവ്വമായ കൂപ്പുകൈ!

സുഹൃത് സംഘത്തിന്റെ പ്രസിഡണ്ടു് ശ്രീ. എൻ. കൃഷ്ണപിള്ളയും, ശ്രീവിദ്യാധിരാജ വിശ്വകേന്ദ്രത്തിന്റെ പ്രസിഡണ്ടു് ശ്രീ. കെ. ദാമോദരൻപിള്ളയും പ്രസാധകസമിതി അംഗങ്ങളാണു്. ഗ്രന്ഥനിർമ്മാണകാര്യത്തിൽ മുഖ്യ പ്രേരകശക്തിയായി നിന്നതു് ഈ വന്ദ്യവയോധികരാണു്. അവരോടും പ്രഗത്ഭമതികളായ ഗ്രന്ഥരചയിതാക്കളോടും സമിതിക്കുള്ള കടപ്പാടു് വാഗതീതമാണു്.

ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചിടത്തോളം തികച്ചും വിശ്വാസ്യമായ രേഖകളാണു് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളതു്. ചട്ടമ്പിസ്വാമികളെപ്പറ്റി ഉണ്ടായിട്ടുള്ള ചെറുതും വലുതുമായ കൃതികൾ പരിശോധിക്കുകയും പക്ഷപാതിത്വം കൂടാതെ സ്വീകാര്യമായ വസ്തുതകൾ പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. പ്രൊഫ: ജഗതി വേലായുധൻ നായരെഴുതിയ സ്വാമികളുടെ ജീവിതചരിതം സമഗ്രമായ ഒരു ചരിത്രകഥനം തന്നെയാണു്. വിദ്യാധിരാജനും സകലകലാവല്ലഭനുമായിരുന്ന സ്വാമികൾ സൂക്ഷ്മബുദ്ധിയായ ഒരു ഗവേഷകനായിരുന്നു. അദ്ദേഹത്തിന്റെ കൃതികളെല്ലാം ഒവെളിച്ചത്തുവന്നിട്ടില്ലെങ്കിലും ലഭ്യമായവയെ വിലയിരുത്തിക്കൊണ്ടുള്ള പ്രൊഫ: വട്ടപ്പറമ്പിൽ ഗോപിനാഥപിള്ളയുടെയും ഡോ: ജെ. രാമചന്ദ്രൻ നായരുടെയും ലേഖനം ചരിത്രാന്വേഷകർക്കും സാഹിത്യ വിദ്യാർത്ഥികൾക്കും പ്രയോജനപ്രദമായിരിക്കുമെന്നു് ഞങ്ങൾ കരുതുന്നു. സ്വാമിതിരുവടികളുടെ പ്രവർത്തനംമൂലം രാജ്യത്തുണ്ടായ നവോത്ഥാനത്തെപ്പറ്റി പ്രൊഫ: ഗോപിനാഥപിള്ളയും, വിദ്യാധിരാജ ദർശനത്തിന്റെ ആനുകാലിക പ്രസക്തിയെപ്പറ്റി ശ്രീ. കെ. ജനാർദ്ദനൻപിള്ളയും ഓരോ

ലേഖനമെഴുതിയിട്ടുണ്ടു്. ''ശ്രീ ചട്ടമ്പിസ്വാമികളും ശ്രീനാരായണ ഗുരുദേവനും'' എന്ന പ്രൊഫ: ജഗതി വേലായുധൻ നായരുടെ ലേഖനം ശ്രദ്ധാപൂർവ്വമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ പൂർണ്ണ ഉത്തരവാദിത്വത്തോടുകൂടി എഴുതിയിട്ടുള്ളതാണു്. ജനങ്ങളുടെ ഇടയിൽ പരന്നിട്ടുള്ള ചില തെറ്റിദ്ധാരണകൾ നീക്കാൻ ഈ ലേഖനം പര്യാപ്തമാകുമെന്നു വിശ്വസിക്കുന്നു.

ശ്രീ ചട്ടമ്പിസ്വാമികളുടെ ജീവിതകാലത്തു് അദ്ദേഹം പലസ്ഥലത്തും പലപ്പോഴായി താമസിച്ചിട്ടുണ്ടു്. അങ്ങനെ ആ പുണ്യപുരുഷന്റെ പാദസ്പർശമേറ്റ ഭവനങ്ങളുടെയും മറ്റും ചിത്രങ്ങൾ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ടു്. അതുപോലെ സ്വാമിതിരുവടികളെ നേരിട്ടു കണ്ടിട്ടുള്ളവരിൽ ഇന്നു ജീവിച്ചിരിക്കുന്ന അപൂർവ്വം ചിലർക്കു് അദ്ദേഹത്തെ സംബന്ധിച്ചു് മറക്കാനാവാത്ത ചില അനുഭവങ്ങളുണ്ടു്. ഇവയിൽ പലതും ഓർമ്മക്കുറിപ്പുകളായി അവർ നൽകിയതു് അനുബന്ധം - I - ൽ ചേർത്തിരിക്കുന്നു. നേരത്തേ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും വിശ്വസനീയങ്ങളായവ പറഞ്ഞുകേട്ട രൂപത്തിൽ ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നു. ശ്രീ. കുമ്പളത്തു വി. എസ്സു്. നായർ, ഡോ: വി. പി. നായർ എന്നീ യുവസുഹൃത്തുക്കളാണു് ഇവയുടെ സമ്പാദകർ. സമിതിക്കു് അവരോടു് ഈ കാര്യത്തിൽ കൃതജ്ഞതയുണ്ടു്.

ശ്രീ ചട്ടമ്പിസ്വാമികളുടെ ശിഷ്യന്മാർ ''തീർത്ഥപാദർ'' എന്ന വിഭാഗത്തിൽപെട്ട സന്യാസിമാരായിട്ടാണു് അറിയപ്പെടുന്നതു്. സ്വാമിതിരുവടികളുടെ സങ്കല്പത്തിലുദിച്ച ഈ സമ്പ്രദായത്തേപ്പറ്റി സാമാന്യബോധം അനുവാചകർക്കു ലഭിക്കത്തക്കവണ്ണം, സ്വാമിഭക്തനായിരുന്ന പണ്ഡിറ്റു് സി. രാമകൃഷ്ണൻ നായരെഴുതിയ ''ശ്രീചട്ടമ്പിസ്വാമികളും തീർത്ഥപാദസമ്പ്രദായവും'' എന്ന ലേഖനം ഗ്രന്ഥത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ടു്. സ്വാമിതിരുവടികളുടെ കൃതികളിൽ പ്രധാനമായ ഒന്നാണു് ശ്രീചക്രപൂജാകല്പം. തമിഴിലുള്ള ഒരു വിശിഷ്ടകൃതിയുടെ തർജ്ജമയാണതു്. തന്ത്രശാസ്ത്രവിധികളുടെ സാങ്കേതികത്വം നിറഞ്ഞതായതുകൊണ്ടു് സാധാരണക്കാർക്കു് അതു് അഗമ്യമാണെന്നു തന്നെപറയാം. ജിജ്ഞാസുക്കളായവർക്കു് ഒരു വഴികാട്ടി എന്ന നിലയിൽ കൃതിയുടെ ആദ്യഭാഗം - ശ്രീചക്രവിന്യാസം- മാത്രം വിവരിച്ചു് അനുബന്ധമായി ചേർത്തിരിക്കുന്നു. ഞങ്ങളു

ടെ അപേക്ഷപ്രകാരം ഈ ലളിത വ്യാഖ്യാനം തയ്യാറാക്കിത്തന്ന, സംസ്കൃതസർവ്വകലാശാലാ പ്രൊഫസർ ഡോ: എൻ. ഗോപാല പ്പണിക്കരോടു് ഞങ്ങൾക്കുള്ള നന്ദി ഇവിടെ രേഖപ്പെടുത്തി ക്കൊള്ളുന്നു.

ഈ ഗ്രന്ഥം ഭംഗിയായി അച്ചടിച്ചുതന്ന നേമം ദുമാ ബുക്ക്സു് മാനേജിംഗു് പാർട്ട്ണർ ശ്രീ. പി. അജയ നോടു് ഞങ്ങൾക്കുള്ള കൃതജ്ഞത നിസ്സീമമാണു്. വിവിധ സ്ഥല ങ്ങളിൽപോയി ആവശ്യമായ ഫോട്ടോകളെടുത്തു ഞങ്ങളെ സ ഹായിച്ച കഴക്കൂട്ടം ബാലു സ്റ്റുഡിയോ പ്രൊപ്രൈറ്റർ ശ്രീ. ബി. മധു കുമാറിനോടും ഞങ്ങൾക്കു് അകൈതവമായ നന്ദിയുണ്ടു്.

ഒരു യുഗപുരുഷന്റെ ജീവിതാഖ്യാനമാ ണിതു്. ജാതിമതാദി ഭേദങ്ങൾക്കതീതമായി ചിന്തിക്കുകയും സമ സ്തലോകശാന്തിയേ ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ചെയ്ത ഒരു മഹായോഗിയുടെ സന്ദേശം ഇതുൾക്കൊള്ളുന്നു. വിഭാഗീയ ക്കെടുതികളിലേയ്ക്കു വഴുതിവീഴാത്ത മാനവികത പുലരാൻ ഈ ഗ്രന്ഥം അല്പമെങ്കിലും സഹായകമാകുമെങ്കിൽ ഞങ്ങൾ കൃതാർ ത്ഥരാണു്.

പ്രസാധക സമിതിക്കുവേണ്ടി

തിരുവനന്തപുരം.
1-5-1995.

സെക്രട്ടറി.
കെ. ബാലകുമാരൻ നായർ

ബ്രഹ്മശ്രീ ചട്ടമ്പിസ്വാമി തിരുവടികളുടെ തിരു അവതാര പത്രിക

കേരളത്തിലെ യോഗിവര്യന്മാർക്കാർക്കും അവകാശപ്പെടാനാവാത്തവണ്ണം, സർവവിജ്ഞാനപ്രപഞ്ചങ്ങളേയും സ്വാംശീകരിക്കാൻ കഴിഞ്ഞ പണ്ഡിതാഖണ്ഡലനും, അവതാരപുരുഷനുമായ ബ്രഹ്മശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ തിരുഅവതാരപത്രിക അഥവാ ജാതകക്കുറിപ്പു് പ്രസിദ്ധ ജ്യോതിശ്ശാസ്ത്രപണ്ഡിതനും തൃപ്പാദദാസനുമായിരുന്ന ദൈവജ്ഞചൂഡാമണി ശ്രീ. എൻ. കെ. കൃഷ്ണപിള്ള അവർകൾ എഴുതിയിട്ടുണ്ടു്. അതു് ഭക്ത്യാദരപൂർവം ഇവിടെ പകർത്തിക്കൊള്ളുന്നു. സ്വാമിഭക്തന്മാരായ സജ്ജനങ്ങൾക്കു് സന്തോഷകരമായ കാര്യമായിരിക്കുമല്ലോ അതു്.

പ്രസാധക സമിതി


തിരു അവതാരപത്രിക

ദൈവജ്ഞചൂഡാമണി, എൻ. കെ. കൃഷ്ണപിള്ള

ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ കൊല്ലവർഷം 1029-ാമാണ്ടു് ചിങ്ങമാസം 11-ാം തീയതിക്കു ശരിയായ ആംഗലവർഷം 1853-ാമാണ്ടു് ആഗസ്റ്റ് മാസം 25-ാം തീയതി ഗുരുവാരേ ഭരണിനക്ഷത്രം നാലാം പാദവും, അപരപക്ഷസപ്തമിയിൽ വിഷ്ടിക്കരണവും, ധ്രുവനാമനിത്യയോഗവും കൂടിയ ശുഭദിവസം ഉദയാൽപരം 20 നാഴികയും 15 വിനാഴികയും പുലർച്ചചെല്ലുന്ന സമയം ധനുലഗ്നം പ്രഥമ ദ്രേക്കാണത്തിൽ മിഥുനാംശകത്തിൽ, സുമുഹൂർത്തത്തിൽ തിരു അവതാരം ചെയ്തു.

തൽസമയത്തെ ദൃക്സിദ്ധ ഗ്രഹസ്ഥിത്യംശകാദികൾ

താഴെ ചേർക്കുന്നു. (പരഹിതഗണിതപ്രകാരം ബുധൻ അന്നു് കർക്കടകത്തിലാണു്. സൂക്ഷ്മഗണിത പ്രകാരം ബുധൻ ചിങ്ങം രാശിയിൽ വക്രചാരത്തിൽ നില്ക്കുന്നു.)



ഒമ്പതാം ഭാവമാണു് സ്വാമിതിരുവടികളുടെ അവതാര പത്രികയിൽ ഏറ്റവും പരിപുഷ്ടമായി കാണപ്പെടുന്നതു്. ധർമ്മം, പുണ്യം, തപസ്സു്, ഉപാസന മുതലായ ആദ്ധ്യാത്മിക ഭാവങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒൻപതാം ഭാവത്തിൽ ഭാവാധിപനായ രവിയും, ബുധനും ചേർന്നു് നിപുണയോഗപ്രദന്മാരായി നില്ക്കുന്നു. ആദിത്യൻ സ്വക്ഷേത്രസ്ഥിതി കൊണ്ടും, ബുധൻ ഉച്ചാരോഹണം, സ്വക്ഷേത്രാംശകം, വക്രചാരം ഇവകൊണ്ടും പ്രബലത്വം പ്രാപിച്ചു നില്ക്കുന്നതു് അവതാരത്തിന്റെ മഹത്വത്തെ തെളിയിക്കുന്നു. ഈ ഗ്രഹസ്ഥിതികളാണു് സ്വാമിതിരുവടികളെ സകലകലാവല്ലഭനാക്കിത്തീർത്തതു്. സന്ന്യാസജീവിതത്തിനു ശനിയും ഗുരുവും സുപ്രധാനമായ ഒരു പങ്കുവഹിച്ചിട്ടുണ്ടു്. ശനി സന്ന്യാസകാരകനും, ഗുരു വിജ്ഞാനകാരകനുമാണു്. ഈ രണ്ടുഗ്രഹങ്ങൾ പരസ്പരകേന്ദ്രത്തിൽ പരസ്പരവീക്ഷണത്തിൽ അംശകാൽ രാശിപരിവർത്തനം ചെയ്തുനില്ക്കുന്നതു് പ്രത്യേകം പരിഗണനാർഹമായിരിക്കുന്നു. തപഃസ്ഥാനമായ ഒൻപതാം ഭാവത്തിന്റെയും, ഭാവസ്ഥിതന്മാരായ രവി ബുധന്മാരുടേയും കേന്ദ്രത്തിലാണു് ഗുരുമന്ദന്മാർ സ്ഥിതിചെയ്യുന്നതു്. ഒരു ഗ്രഹ

ത്തിന്റെയോ ഭാവത്തിന്റെയോ പത്തിലും നാലിലും നില്ക്കുന്ന ഗ്രഹങ്ങൾ, ആ ഭാവത്തിന്റെയോ ഗ്രഹത്തി ന്റെയോ കാരകന്മാരായി ഭവിക്കുന്നു. ബലപുഷ്ടമായ തപഃസ്ഥാനവും, തദ്ഭാവ സ്ഥിതന്മാരും, ഭാവകാരകന്മാരായി ചതുർത്ഥദശമ കേന്ദ്രഭാവങ്ങളിൽ നില്ക്കുന്ന ഗുരുമന്ദന്മാരും തമ്മിൽ അനന്യസാധാരണമായ ഒരുബന്ധം സ്ഥാപിച്ചതാണു് ഈ അവതാരപത്രികയിലെ മറ്റൊരു സുപ്രധാന ഘടകം.

'ന വീക്ഷിതം ചേദിതരഗ്രഹേന്ദ്രൈഃ
ലഗ്നാധിപഃപശ്യതി ഭാനുപുത്രം
ലഗ്നാധിപം വാ യദി ഭാനുപുത്രഃ
സന്ന്യാസയോഗോ ഹി ബലേന ഹീനം'

എന്ന പ്രമാണമനുസരിച്ചു് - ഇതരഗ്രഹവീക്ഷണമില്ലാത്ത ശനി, ലഗ്നാധിപനേയോ, ബലഹീനനായ ലഗ്നാധിപൻ അപ്രകാരമുള്ള ശനിയേയോ വീക്ഷിച്ചാൽ സന്ന്യാസയോഗമാണെന്നുള്ള ശാസ്ത്രവചനം ശ്രീ. സ്വാമിതിരുവടികളെ സംബന്ധിച്ചിടത്തോളം സാർത്ഥകമായിത്തീർന്നിട്ടുണ്ടു്. അഷ്ടമാധിപനായ ചന്ദ്രൻ, ആത്മസ്ഥാനത്തുനില്ക്കുന്നതു് മനോനാശം വരെ എത്തിനില്ക്കുന്ന വൈരാഗ്യത്തെ സൂചിപ്പിക്കുന്നതാണല്ലോ. ആ ധർമ്മത്തെ ഒന്നുകൂടി ദൃഢീകരിക്കുംവിധം ലഗ്നാധിപനായ ദേവഗുരു ചന്ദ്രാഷ്ടമത്തിലും സ്ഥിതിചെയ്യുന്നുണ്ടു്. ഏഴിൽ നില്ക്കുന്ന കുജൻ, നീചത്വംകൊണ്ടു ബലഹീനനായ ശുക്രൻ, അഞ്ചിൽ നീചാംശകത്തിൽ നില്ക്കുന്ന അഷ്ടമാധിപൻ, പന്ത്രണ്ടിൽ നീചാംശകത്തിൽ നില്ക്കുന്ന വ്യാഴൻ - ഈ ഗ്രഹങ്ങൾ സ്വാമി തൃപ്പാദങ്ങളുടെ ലൗകികസുഖഭോഗങ്ങൾക്കു വിലങ്ങുതടിയായിത്തന്നെ നിന്നുകൊണ്ടു് നിത്യ ബ്രഹ്മചര്യത്തിലേയ്ക്കു നയിച്ചു. രവി, ബുധൻ, ഗുരു, ശനി ഈ നാലുഗ്രഹങ്ങളും ആ നിത്യബ്രഹ്മചാരിയെ ആദ്ധ്യാത്മികമണ്ഡലത്തിന്റെ ഉത്തുംഗപദവിയിൽ അധിരോഹണം ചെയ്യിച്ചു.

ജനനശിഷ്ടം ഉദ്ദേശം 2$\frac{1}{2}$ തിരുവയസ്സുവരെ ശുക്രദശയായിരുന്നു. 59$\frac{1}{2}$ തിരുവയസ്സിൽ സ്വാമിതൃപ്പാദങ്ങൾക്കു് വ്യാഴദശ കഴിഞ്ഞു് ശനിദശ ആരംഭിച്ചു. ശനിദശയിൽ ചന്ദ്രാപഹാരകാലമായ 1099-ാമാണ്ടു് മേടമാസം 23-ാം തീയതി തിങ്കളാഴ്ച കാർത്തിക ദിവസമാണു് സ്വാമി തൃപ്പാദങ്ങളുടെ

മഹാസമാധി സംഭവിച്ചതു്. രണ്ടും മൂന്നും ഭാവാധിപത്യം കൊണ്ടു് മാരകത്വം പ്രബലമായുള്ള ശനിയുടെ ദശയിൽ നിധനസ്ഥാനാധിപനായി ലഗ്നാൽ പന്ത്രണ്ടിൽ നീചാംശം ചെയ്യുന്ന ചന്ദ്രന്റെ അപഹാരകാലത്തു് ശ്രീസ്വാമിതൃപ്പാദങ്ങൾ പരമപദം പ്രാപിച്ചതിൽ ശാസ്ത്രദൃഷ്ട്യാ അത്ഭുതമില്ല. ദശാനാഥനും, അപഹാരനാഥനും അവതാരപത്രികയിൽ ദ്വിദ്വാദശസ്ഥിതന്മാരാകുന്നതു് ശോഭനമല്ല. ഗോചരവശാൽ കണ്ടകശനിയും, ചന്ദ്രാഷ്ടമത്തിൽ ഗുരുവും, ദശാനാഥനും, അപഹാരനാഥനായ ചന്ദ്രനും പരസ്പരം ഷഷ്ടാഷ്ടമസ്ഥിതിയും ഒന്നിച്ചു വരുന്ന കാലം കണ്ടുകൊണ്ടായിരിക്കണം ''ഈ കൊല്ലത്തിലെ ഇടവസൂര്യനെ കാണാൻ, തരപ്പെടുകയില്ല'' എന്നു് സ്വാമിതൃപ്പാദങ്ങൾ ദീർഘദർശനം ചെയ്തതു്.

പന്ത്രണ്ടിലെ കേതു, സർവേശ്വരനായ ഗുരുവിനോടു ചേർന്നു് മുക്തിസാധകനായി നിലകൊള്ളുകയാണല്ലോ. ''സ്വാമിതൃപ്പാദങ്ങൾ പരമപദം പ്രാപിച്ചു.'' ലളിതവും, ശാന്തസുന്ദരവുമായ ആ ജീവിതം പ്രപഞ്ചജ്ഞാനഭണ്ഡാഗാരത്തിൽനിന്നും, സ്വാനുഭൂതിയിൽനിന്നും സംഭരിച്ചു് വാരിവിതറിയ് ഉപദേശരത്നങ്ങൾ നമുക്കു് സന്മാർഗ്ഗദർശകമായി പരിലസിക്കുന്നു.

സദ്ഗുരും തം നമാമി.

ബ്രഹ്മധ്യാന മഹസ്സുയർന്ന മുഖവും,
രമ്യാവദാതാഭമായ്-
തമ്മിൽച്ചേർന്നിടതൂർന്നു നാഭിവരെയും
നീളുന്നൊരശ്മശ്രുവും,
സമ്മോഹങ്ങളകന്നു ശാന്തിപൊഴിയും
തൃക്കൺ വിലാസങ്ങളും
ചെമ്മേ ചേർന്നമരാഭനായി വിലസും
ഭട്ടാരകേശം ഭജേ.

(പ്രൊഫ: ജഗതി വേലായുധൻ നായർ)

ബ്രഹ്മശ്രീ ചട്ടമ്പിസ്വാമികൾ

(ഒരു ലഘു ജീവചരിത്രം)

പ്രൊഫ: ജഗതി വേലായുധൻ നായർ

ധർമ്മത്തിനു് അപകർഷവും, അധർമ്മത്തിനു് ഉത്കർഷവും സംഭവിക്കുന്ന സന്ദർഭങ്ങളിലെല്ലാം, ധർമ്മസംസ്ഥാപനത്തിനുവേണ്ടി താൻ അവതരിക്കാറുണ്ടെന്നു് അയ്യായിരത്തിലേറെ വർഷംമുമ്പു് ശ്രീകൃഷ്ണഭഗവാൻ അർജ്ജുനനോടു പ്രഖ്യാപിക്കുന്ന ഒരുരംഗം ശ്രീമദ്ഭഗവദ്ഗീതയിലുണ്ടു്. ധർമ്മത്തിനു തകർച്ചവന്നപ്പോഴെല്ലാം ഭഗവാൻ അങ്ങനെ ചെയ്തിട്ടുമുണ്ടു്. ഈശ്വരാവതാരങ്ങളെല്ലാം ഇങ്ങനെയാണുണ്ടായിട്ടുള്ളതു്. ധർമ്മം നിലനിൽക്കണമെന്നതു് ഈശ്വരഹിതമാണു്. കാരണം, അത്രയ്ക്കു മഹത്തരമാണു് ധർമ്മം. ഈപ്രപഞ്ചം നിലനിൽക്കുന്നതുതന്നെ ധർമ്മത്തിലാണു്. അതു തകർന്നാൽ പ്രപഞ്ചമാകെ തകരും. 'ധാരണാത് ധർമ്മ ഇത്യാഹു' എന്നാണല്ലോ ധർമ്മത്തിന്റെ ലക്ഷണംതന്നെയും. ധരിക്കാനുള്ളതാകയാൽ ധർമ്മമെന്നുപറയുന്നു എന്നർത്ഥം. ഇഹലോകജീവിതത്തിന്റെയും, പരലോകജീവിതത്തിന്റെയും സമുത്കർഷത്തിനും ശ്രേയസ്സിനും വേണ്ടി മനസ്സിൽ ധരിക്കാനുള്ളതാണു് ധർമ്മം. 'ധൃഞ്-ധാരണേ' എന്ന ധാതുവിൽ നിന്നാണു് ധർമ്മമെന്ന പദമുണ്ടായതു്. മനുഷ്യജീവിതത്തിൽ പരമപ്രധാനമാണു് ധർമ്മം. ധർമ്മത്തിനും മനുഷ്യനും തമ്മിൽ ഭേദമില്ലെന്നുവേണം കരുതാൻ. 'ധർമ്മോ മനുഷ്യഃ' (ധർമ്മംതന്നെയാണു് മനുഷ്യൻ) എന്നു് കാഠകസംഹിതകാരൻ ധർമ്മത്തെ നിർവചിക്കുമ്പോൾ ഈ അഭേദഭാവമാണു് അർത്ഥമാക്കുന്നതു്. ഏതു ശ്രേയസ്സു നേടണമെങ്കിലും, ധർമ്മം മനുഷ്യനു് കൂടിയേ കഴിയൂ. 'യതോ അഭ്യുദയ നിശ്രേയസഃ സിദ്ധിഃ സഃ ധർമ്മഃ' എന്നു് വൈശേഷികദർശനത്തിൽ

ധർമ്മത്തെ വിശേഷിപ്പിച്ചിരിക്കുന്നതു് ഇവിടെ സ്മരണീയമാണു്. യാതൊന്നിൽ നിന്നാണോ അഭ്യുദയവും നിശ്രേയസ്സും സിദ്ധിക്കുന്നതു് അതുതന്നെയാണു് ധർമ്മം എന്നാണല്ലോ ഇവിടെ വിവക്ഷിച്ചിരിക്കുന്നതു്. 'അഭ്യുദയം' ഐഹികമായ ശ്രേയസ്സുകളാണു്. 'നിശ്രേയസ്സാ'കട്ടെ, പരലോകശ്രേയസ്സും ഇതുരണ്ടും ധർമ്മംകൊണ്ടേ നേടാൻ കഴിയുകയുള്ളു. ഇഹത്തിലായാലും പരത്തിലായാലും ജയം നേടണമെങ്കിൽ ധർമ്മം അപരിത്യാജ്യമാണു്. 'യതോ ധർമ്മസ്തതോ ജയഃ' എന്നു് പണ്ടേ പാടിയില്ലേ ശ്രീ വ്യാസഭഗവാൻ? ധർമ്മമുള്ളേടത്തു് വിജയം സുനിശ്ചിതമെന്നർത്ഥം. ധർമ്മത്തിന്റെ ഈ ജൈത്രയാത്ര പ്രകടമാക്കാൻ ഒരു ബൃഹദ് ഗ്രന്ഥം[1] തന്നെ അദ്ദേഹം എഴുതി. ഇത്രയും സർവോൽക്കൃഷ്ടമാണു് ധർമ്മമെങ്കിൽ, അതിനു് അപചയം സംഭവിക്കുമ്പോൾ ധർമ്മസ്വരൂപനായ ഈശ്വരനു് ലോകസംരക്ഷണാർത്ഥം അവതരിക്കാതിരിക്കാൻ പറ്റുകയില്ലല്ലോ. ക്രിസ്തുവർഷം പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിൽ കേരളത്തിൽ അങ്ങനെ ഒരവതാരത്തിന്റെ അവശ്യകതയുണ്ടായി.

ഭാരതീയ സംസ്കാരത്തിന്റെ അടിത്തറ വേദമാണല്ലോ. ധർമ്മാധർമ്മ വിവേചനത്തിനുള്ള ഉപാധിയാണു് വേദം. 'വിദന്ത്യനേന ധർമ്മാധർമ്മാവിതി വേദഃ' എന്നാണല്ലോ വേദലക്ഷണം തന്നെയും. യാതൊന്നിനാൽ ധർമ്മവും അധർമ്മവും അറിയപ്പെടുന്നുവോ അതാണു് വേദമെന്നർത്ഥം. 'പരമാത്മാ വേദ്യതേയേന-സഃ വേദോ വേദ ഉച്യതേ' എന്നും വേദലക്ഷണമുണ്ടു്. യാതൊന്നുകൊണ്ടു് പരമാത്മാവു് തിരിച്ചറിയപ്പെടുന്നുവോ അതാണു് വേദമെന്നർത്ഥം. ഇന്നതു് ധർമ്മം ഇന്നതു് അധർമ്മം എന്നു് വിവേചിക്കാനും, പരമാത്മാവിനെ തിരിച്ചറിയാനുമുള്ളതാണു് വേദമെങ്കിൽ, ആ വേദം എല്ലാ മനുഷ്യർക്കും അപരിത്യാജ്യമാണു്. അതിന്റെ സാർവജനീനത അനിഷേദ്ധ്യവുമാണു്. വൈദികകാലത്തു് വേദത്തിന്റെ സ്ഥിതി അങ്ങനെ തന്നെ ആയിരുന്നുതാനും. അന്നു് ആർക്കും വേദം പഠിക്കാൻ അവകാശമുണ്ടായിരുന്നു. ദ്വിജനെന്നോ ശൂദ്രനെന്നോ ഭേദമില്ല. സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല. എന്നാൽ കാലങ്ങൾ കഴിഞ്ഞപ്പോൾ ആ സംസ്ക്കാരത്തിനു ലോപം വന്നു. വേദപഠനം ഒരുവർഗ്ഗത്തിന്റെ മാത്രം കുത്തകയായിമാറി. പരമാത്മ ബോധോപാധിയായ വേദം പഠിക്കാനും പഠിപ്പിക്കാനുമുള്ള അവകാശം ബ്രാഹ്മണനു

1. ശ്രീ മഹാഭാരതം

മാത്രമായി. ക്ഷത്രിയനും വൈശ്യനും വേദം പഠിക്കാം, എന്നാൽ പഠിപ്പിച്ചുകൂടെന്നു നിശ്ചയം ചെയ്തു. ശൂദ്രനു് പഠിക്കാനോ പഠിപ്പിക്കാനോ പാടില്ല. വേദം ചൊല്ലുന്നതു കേൾക്കാനുള്ള അവകാശംപോലും അവനു നിഷേധിക്കപ്പെട്ടു. അവൻ വേദോച്ചാരണം കേട്ടുപോയാൽ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണമെന്നും, ചൊല്ലിയാൽ നാക്കുകണ്ഭിക്കണമെന്നും ക്രൂരനിയമങ്ങൾ നിലവിൽവന്നു. ചാതുർവർണ്യം ശക്തമായതോടെ ഇത്തരം അലിഖിത നിയമവ്യവസ്ഥകൾക്കു് അംഗീകാരവും പരക്കെ കൈവന്നു. സത്യത്തിൽ ഇതു് ധർമ്മത്തിനു പറ്റിയ വീഴ്ചയല്ലേ? അധർമ്മത്തിന്റെ കൊടിയുയർത്തലല്ലേ? മോക്ഷോപാധിയെന്ന നിലയിൽ സാർവജനീനമായിരിക്കേണ്ട വേദസംസ്ക്കാരം ഒരു വിഭാഗക്കാർക്കുമാത്രം നിഷേധിക്കുന്നതു് ധർമ്മച്യുതിതന്നെയാണു്. ഭാരതത്തിലൊട്ടാകെ നടമാടിയ ഈ ദുരാചാരത്തിന്റെ അലകൾ കേരളത്തിലും വീശിയടിച്ചു. ഈശ്വരനു് അവതാരമെടുക്കേണ്ട സമയമായി. വേദ ധർമ്മം പുനഃസ്ഥാപിച്ചേപറ്റുകയുള്ളു. വേദത്തിന്റെ സാർവജനീനത വീണ്ടും ഉയർത്തിയെടുക്കാനും, വേദനിഷേധം ചെയ്ത അധർമ്മനിരതന്മാരെ തകർക്കാനും ശ്രീ പരമശിവൻ മനുഷ്യാവതാരമെടുത്തു. ആ തിരുവവതാരമാണു് ശ്രീ ചട്ടമ്പി സ്വാമികൾ. 'ബ്രഹ്മവിദ് ബ്രഹ്മൈവ ഭവതി' എന്നു ശാസ്ത്രവചനമുണ്ടു്. ബ്രഹ്മജ്ഞൻ ബ്രഹ്മംതന്നെയാണു് എന്നർത്ഥം. ആ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ ബ്രഹ്മവിത്തായ ശ്രീ ചട്ടമ്പിസ്വാമികൾ ബ്രഹ്മരൂപംതന്നെയാണു്. അതായതു് ബ്രഹ്മരൂപമായ ശിവതേജസ്സിന്റെ അവതാരം തന്നെയാണു്.

'തുംഗാനുഭാവനഗജാരമണൻ ധരിത്രീ-
രംഗാവനായ നിഗമം സകലാർഹമാക്കാൻ
നങ്കാഖ്യ മാതൃജഠരാദവതാരമാർന്ന
വിദ്യാധിരാജ....'നെന്നു് ശ്രീ ചട്ടമ്പിസ്വാമികൾ വിശേഷിപ്പിക്കപ്പെട്ടതു് അതുകൊണ്ടാണു്.

ജനനവും ബാല്യവും

തിരുവനന്തപുരം നഗരത്തിൽ കണ്ണമ്മൂല എന്ന പ്രദേശത്തുള്ള കൊല്ലൂർഗ്രാമത്തിൽ ക്രിസ്തുവർഷം 1853-ാമാണ്ടു് ആഗസ്റ്റുമാസം 25-ാം തീയതി (കൊല്ലവർഷം 1029 ചിങ്ങം 11)

വ്യാഴാഴ്ച ഉച്ചയ്ക്കു് രണ്ടുമണിക്കു് ഭരണിനക്ഷത്രത്തിൽ ബ്രഹ്മശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ തിരുവവതാരം ചെയ്തു. കൃത്യമായി പറഞ്ഞാൽ, അന്നു് ഉദയാൽപ്പരം 20 നാഴികയും 15 വിനാഴികയും ചെന്ന ശുഭമുഹൂർത്തത്തിൽ. ശ്രീമതി നങ്ങമ്മ പ്പിള്ള എന്ന സൗഭാഗ്യവതിയാണു് മാതാവു് . പിതാവു്, ശ്രീ വാസുദേവശർമ്മയും. ഈ വിശിഷ്ട ദമ്പതികളുടെ ദാമ്പത്യവ ല്ലരിയിൽ പുഷ്പിച്ച പ്രഥമസൂനമായിരുന്നു സ്വാമി തിരുവടികൾ. ഉള്ളൂർക്കോടു് എന്ന ചെറുഭവനത്തിനാണു് അവിടുത്തെ തിരുവവതാരം ഏറ്റുവാങ്ങാനുള്ള സൗഭാഗ്യം ലഭിച്ചതു്. കണ്ണമ്മൂല കവലയിൽനിന്നും കണ്ണമ്മൂല പാലത്തി ലേയ്ക്കുള്ള പ്രധാന പാതയിലൂടെ ഉദ്ദേശം 200 അടി ചെല്ലുമ്പോൾ പാതയുടെ കിഴക്കുവശത്തായിട്ടാണു് ഉള്ളൂർ ക്കോടു വീടു് സ്ഥിതിചെയ്തിരുന്നതു്. ഇന്നു് ആ വീടു് ഇല്ല. ആ പറമ്പിനു് ഇപ്പോഴും ഉള്ളൂർക്കോടുപുരയിടമെന്നാണു് പേരു്. വഞ്ചിയൂർ വില്ലേജിൽ സർവേ 2288-ൽപ്പെട്ട ഈ വസ്തുവിന്റെ പ്രമാണം വായിച്ചുനോക്കാൻ ഈ ലേഖകനു് അവസരം കിട്ടിയിട്ടുണ്ടു്. ഉള്ളൂർക്കോടു പുരയിടത്തിന്റെ എല്ലുകകൾ വ്യക്തമായി അതിൽ പറഞ്ഞിട്ടുണ്ടു്. കൊല്ലൂർ മഠ ത്തിനു് ഏതാണ്ടു് രണ്ടുവിളിപ്പാടു് പടിഞ്ഞാറുമാറിയാണു് ഉള്ളൂർക്കോടു വീടു് സ്ഥിതിചെയ്തിരുന്നതു്. സമ്പൽസമൃദ്ധ മായ ഒരു വലിയ നമ്പൂതിരി ഇല്ലമായിരുന്നു കൊല്ലൂർമഠം. ഏതാണ്ടു് കാൽനൂറ്റാണ്ടു മുമ്പുവരെ പഴയ കൊല്ലൂർ മഠം അവിടെ ഉണ്ടായിരുന്നതു് ഈ ലേഖകൻ നേരിൽ കണ്ടിട്ടുണ്ടു്. ചതുരശ്രാകൃതിയിൽ നാലുകെട്ടും നടുമുറ്റവുമെല്ലാമുള്ള ഓല മേഞ്ഞ ഒരുവലിയ ഒറ്റനില വീടു്. ആ ഇല്ലവും ഇന്നില്ല. ഭാഗംപിരിഞ്ഞ കൊല്ലൂർമഠത്തിലെ ചില അംഗങ്ങൾ ആധുനിക രീതിയിലുള്ള ഭവനങ്ങൾ നിർമ്മിച്ചു് ഇപ്പോൾ അവിടെ പാർക്കുന്നു. പഴയ കൊല്ലൂർമഠത്തിന്റെ തെക്കുഭാഗത്തു് ഒരു ചെറിയ ദേവീക്ഷേത്രമുണ്ടു്. മഠംവക അമ്പലമാണതു്. ഏതാനും വർഷം മുമ്പുവരെ ഓടുമേഞ്ഞ ഒരു ചെറിയ ക്ഷേത്ര മായിരുന്നു അതു്. ഏതാണ്ടു് ഒരു തെക്കതുപോലെ. ഇപ്പോൾ അതും പുതുക്കിപ്പണിഞ്ഞിരിക്കുന്നു. ഈ ക്ഷേത്രത്തിലെ ശാന്തിക്കാരനായിരുന്നു സ്വാമികളുടെ പിതാവായ ശ്രീ വാസു ദേവശർമ്മ. ഇദ്ദേഹത്തിനു് മലയിൻകീഴ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലും ശാന്തിയുണ്ടായിരുന്നു. സംസ്കൃതത്തിലും മന്ത്രതന്ത്രാദി ശാസ്ത്രങ്ങളിലും സാമാന്യം വ്യുത്പത്തിയുള്ള ആളായിരുന്നു അദ്ദേഹം. നങ്ങമ്മപ്പിള്ള കൊല്ലൂർമഠത്തിൽ

പണികളുള്ള സ്ത്രീയാണു്. ശരീരസൗന്ദര്യവും വേണ്ടുവോള മുണ്ടു്. വാസുദേവശർമ്മയ്ക്കു് നങ്ങമ്മപ്പിള്ളയെ വിവാഹംകഴിക്കണമെന്നു് മോഹമുണ്ടായി. ബ്രാഹ്മണർ നായർ സ്ത്രീകളെ ബാന്ധവിക്കുന്നതു് അന്നു് അസാധാരണമായിരുന്നില്ല. സ്വാമികളുടെ ഒരമ്മാവനാണു് ആ 'പുടവകൊട' നടത്തിക്കൊടുത്തതു്. വിവാഹത്തിനുശേഷം ഉള്ളൂർക്കോട്ടായിരുന്നു അവരുടെ താമസം.

സ്വാമിതിരുവടികൾ ജനിച്ചതു് മലയിൻകീഴ് എന്ന സ്ഥലത്തു് മച്ചേൽ ഗ്രാമത്തിലുള്ള വേണിയത്തുവീട്ടിലാണെന്നു് ചിലർ അഭിപ്രായപ്പെട്ടുകാണുന്നു. തിരുവനന്തപുരം നഗരത്തിൽനിന്നും ഉദ്ദേശം 12 കിലോമീറ്റർ കിഴക്കു്, മലയിൻകീഴുള്ള വേണിയത്തുവീടു് സ്വാമികളുടെ അമ്മയുടെ തറവാടാണു്. സ്വാമികൾ അവിടെയാണു് ജനിച്ചതു് എന്നതിനു് രേഖാമൂലമായ തെളിവുകൾ ഒന്നുമില്ല. നമുക്കു് സുവ്യക്തമായി അറിയാൻ പാടില്ലാത്ത കാര്യങ്ങളെക്കുറിച്ചു് വിലയിരുത്തേണ്ടിവരുമ്പോൾ രണ്ടുസംഗതിയാണു് നാം അവലംബമായി സ്വീകരിക്കാറുള്ളതു്. ഒന്നു്, ചരിത്രപരമായ രേഖകൾ. രണ്ടാമത്തേതു് കേട്ടുകേൾവിയും. സ്വാമികളുടെ ജനനസ്ഥലത്തെ സംബന്ധിച്ചിടത്തോളം ആധികാരികമായ ചരിത്രരേഖകളൊന്നും നമുക്കുലഭിച്ചിട്ടില്ല. അപ്പോൾ കേട്ടുകേൾവിയെ വിശ്വസിക്കുകയേ നിവൃത്തിയുള്ളു. സ്വാമികൾ കണ്ണമ്മൂലയിൽ ഉള്ളൂർക്കോട്ടുവീട്ടിൽ ജനിച്ചു എന്നാണു് കേട്ടുകേൾവി. സ്വാമികളുടെ സമകാലികരായ ആളുകൾ പറഞ്ഞുപോന്നതും അങ്ങനെ തന്നെയാണു്. അതുതെറ്റാണെന്നു് അക്കാലത്തു് ജീവിച്ചിരുന്നവരാരും അഭിപ്രായപ്പെട്ടിട്ടുമില്ല. അതുകൊണ്ടു് ചട്ടമ്പിസ്വാമികൾ കണ്ണമ്മൂല ഉള്ളൂർക്കോട്ടുവീട്ടിൽ ജനിച്ചെന്നേ വിശ്വസിക്കാൻ നിവൃത്തിയുള്ളു. ഗർഭിണികളായ സ്ത്രീകൾ പ്രസവത്തിനു് തറവാട്ടിൽ പോകുന്ന പതിവുണ്ടെങ്കിലും, ഇവിടെ അതും സംഭവിച്ചിരിക്കാനിടയില്ല. കാരണം, ശ്രീമതി നങ്ങമ്മപ്പിള്ളയുടെ പ്രസവം വേണിയത്തുവീട്ടിലാണു് നടന്നതെങ്കിൽ, സ്വാമിയുടെ സമകാലികരായ ആരെങ്കിലും അക്കാര്യം ഇതിനകം വ്യക്തമാക്കുമായിരുന്നു. അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടുമില്ല. മാത്രവുമല്ല, സ്വാമിയുടെ ജനനകാലത്തു് വേണിയത്തുവീടു് കടുത്ത ദാരിദ്ര്യത്തിലുമായിരുന്നു.. പതിന്നാലാമത്തെ വയസ്സിൽ സ്വാമികൾക്കു് കൂലിപ്പണിക്കുപോകേണ്ടിവന്നു എന്ന വസ്തുതതന്നെ കുടുംബത്തിലെ ദരിദ്രാവസ്ഥയ്ക്കു തെളിവാണു്. അതു

കൊണ്ടു് നങ്ങമ്മപ്പിള്ള പ്രസവത്തിനു് വേണിയത്തുതറവാട്ടിൽ പോയിരിക്കാൻ ഇടയില്ല. പ്രസവം നടന്നതു് ഉള്ളൂർക്കോട്ടുവീട്ടിൽ തന്നെയായിരിക്കണം. അതുകൊണ്ടു് വിശ്വസനീയമായ ചരിത്രരേഖകൾ ലഭിക്കുന്നതുവരെ, സ്വാമികൾ കണ്ണമ്മൂല ഉള്ളൂർക്കോട്ടുവീട്ടിൽ ജനിച്ചെന്നുകരുതാനേ നിവൃത്തിയുള്ളു. ഐതീഹ്യവും അങ്ങനെ ആണല്ലോ. സ്വാമികളുടെ ഒരമ്മാവനാണു് ഉള്ളൂർക്കോട്ടുവീട്ടിൽ താമസിച്ചിരുന്നതു്. ഈ അമ്മാവനാണത്രേ നങ്ങമ്മപ്പിള്ളയുടെ വിവാഹം നടത്തിക്കൊടുത്തതും. വിവാഹത്തിനുശേഷം കുറേക്കാലം നങ്ങമ്മപിള്ള ഈ ഭവനത്തിലാണു് ഭർത്താവോടൊത്തു് പാർത്തുപോന്നതു്. മാതൃവഴിക്കു് സ്വാമികളുടെ ഒരു ജ്യേഷ്ഠനായ കൃഷ്ണപിള്ളയും പാർത്തിരുന്നതു് ഈ വീട്ടിലായിരുന്നു.

സ്വാമികൾ ജനിച്ചതു് ഉള്ളൂർക്കോട്ടായിരുന്നെങ്കിലും വളർന്നതു് വഞ്ചിയൂർ വില്ലേജിൽ സർവേ 2300-ൽപെട്ട കുന്നുംപുറത്തു വീട്ടിലായിരുന്നു. ഉള്ളൂർക്കോട്ടുവീട്ടിനു് കിഴക്കുഭാഗത്തായി, കൊല്ലൂർ ദേവീക്ഷേത്രത്തിലേയ്ക്കു് പോകുന്ന ഒരു ഇടുങ്ങിയ റോഡു് ഇപ്പോഴുമുണ്ടു്. ആ റോഡിന്റെ കിഴക്കരികിലായിരുന്നു കുന്നുംപുറത്തുവീടു് സ്ഥിതിചെയ്തിരുന്നതു്. അതായതു് ഉള്ളൂർക്കോട്ടുനിന്നും ഏകദേശം നൂറുവാര കിഴക്കുമാറി. ഏതാണ്ടു് നാല്പതുവർഷം മുമ്പുവരെ ആ വീടു് അവിടെ ഉണ്ടായിരുന്നതു് ഈ ലേഖകൻ കണ്ടിട്ടുണ്ടു്. നിരയും പലകയുമിട്ട ഒരു മുറിയും, അടുക്കളയും തളവും നാലുവശവും തിണ്ണകളുമുള്ളതും, മണ്ണുകുഴച്ചുണ്ടാക്കിയ ചുമരുകളോടുകൂടിയതുമായ ഓലമേഞ്ഞ ഒരു ചെറുവീടു്. ചട്ടമ്പിസ്വാമികൾ പതിനാറാം വയസ്സുവരെ പാർത്തിരുന്നതു് ഈ വീട്ടിലായിരുന്നു. സ്വാമികളുടെ ശൈശവകാലത്തു്, മാതാവായ നങ്ങമ്മപ്പിള്ളയ്ക്കു് ഭർത്തൃസമേതം പാർക്കാൻ പിന്നീടു് പണിയിച്ചതാകാം ആ വീടു്. കൊല്ലൂർമഠത്തിനു് കുറച്ചുകൂടി അടുത്താണു് ഈ ഭവനം. ഇന്നാവീടു് അവിടെയില്ല. അതിനുതൊട്ടടുത്തു് ഒരു ടെറസ്സുകെട്ടിടമാണു് ഇന്നു് നമുക്കു് കാണാൻ കഴിയുന്നതു്.

ഒരുകാലത്തു് ആഭിജാത്യവും സമ്പത്തുംകൊണ്ടു് ശ്രേയസ്സേറിയതായിരുന്നു വേണിയത്തു തറവാടു്. പലസിദ്ധന്മാരും ആ ഗൃഹത്തിൽ മുൻപും ജനിച്ചിട്ടുണ്ടു്. ഈശ്വരപിള്ള,നാരായണമൗനി, ഉമ്മിണിപ്പിള്ള എന്നീ കാരണവന്മാരുടെ പേരുകൾ ഇവിടെ സ്മരണീയമാണു്. മുൻകൂട്ടി പ്രവചിക്കപ്പെട്ടിരുന്ന ദിവസംതന്നെ ജീവന്മുക്തി നേടിയ യോഗിയായിരുന്നു, ചട്ടമ്പിസ്വാമി

കളുടെ ഒരു പൂർവ്വികമാതുലനായ ഈശ്വരപിള്ള. ബ്രഹ്മജ്ഞനായ ഒരു യോഗിയായിരുന്നു നാരായണമൗനി. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ സ്വാതിതിരുനാളിന്റെ സമകാലികനായ ഉമ്മിണിപ്പിള്ളയാകട്ടെ ബ്രഹ്മജ്ഞനും, വിജ്ഞനും, വിഖ്യാതനുമായിരുന്നു. രാജസദസ്സിൽവച്ച് ഒരു സംസ്കൃതശ്ലോകത്തിനു് ഏഴർത്ഥം പറഞ്ഞു് ഇദ്ദേഹം സ്വാതിതിരുനാളിനെ അദ്ഭുതപരതന്ത്രനാക്കിത്തീർത്തു എന്നൊരു പഴങ്കഥ പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ടു്. ഇങ്ങനെ പലപ്രകാരത്തിലും ശ്രേഷ്ഠമായിരുന്ന വേണിയത്തു തറവാടു്, സ്വാമികളുടെ ജനനകാലത്തു് സാമ്പത്തികമായ കടുത്ത ബുദ്ധിമുട്ടിലായിരുന്നു.

കുട്ടിക്കാലത്തു്, കുഞ്ഞൻ എന്നായിരുന്നു സ്വാമികൾക്കു് മാതാപിതാക്കന്മാർ പേരിട്ടതു്. വീട്ടിൽ അയ്യപ്പൻ എന്നും വിളിച്ചിരുന്നു. കുടുംബത്തിലെ ദാരിദ്ര്യംമൂലം യഥാകാലം കുഞ്ഞനെ വിദ്യാഭ്യാസം ചെയ്യിക്കാൻ മാതാപിതാക്കന്മാർക്കോ മാതുലന്മാർക്കോ കഴിഞ്ഞില്ല. എട്ടുപത്തു വയസ്സുവരെ കുഞ്ഞനു് അക്ഷരജ്ഞാനം പോലുമില്ലായിരുന്നു. അയൽപക്കത്തുള്ള കുട്ടികൾ ഓലയും നാരാചവുമായി എഴുത്തുപള്ളിയിലേയ്ക്കു് പോകുന്നതു് ബാലനായ കുഞ്ഞൻ പലപ്പോഴും നോക്കിനില്ക്കാറുണ്ടു്. വിദ്യാവ്യസനിയായ തനിക്കു് അതിനു സന്ദർഭമില്ലല്ലോ എന്നോർത്തു് ആ കുരുന്നു മനസ്സു് പലതവണ വേദനിച്ചിട്ടുണ്ടാവണം. വീട്ടിനടുത്തുള്ള ഒരു ബാലന്റെ എഴുത്തോല വാങ്ങിനോക്കി കുഞ്ഞൻ സ്വയം അക്ഷരം പഠിച്ചു എന്നാണു പറയപ്പെടുന്നതു്. എല്ലാവരും 'ഹരിഃ ശ്രീ' എന്നാണു് ആദ്യം പഠിക്കുന്നതു്. കുഞ്ഞനാകട്ടെ 'ഇതാവതു്' എന്നാണു് ആദ്യം ഓലനോക്കി പഠിച്ചതു്. അനന്തരകാലത്തു് സ്വാമികൾതന്നെ പറഞ്ഞിട്ടുള്ളതാണു് ഇക്കാര്യം. അതിദിവ്യമായ ഒരു പൂർവജന്മവാസന ജന്മസിദ്ധമായുണ്ടായിരുന്നതുകൊണ്ടു്, അക്ഷര വിദ്യയും കുട്ടിവായനയും സ്വയം ശീലിക്കാൻ കുഞ്ഞനു ശീഘ്രം കഴിഞ്ഞു. അക്ഷരം പഠിക്കാൻപോലും സാഹചര്യമില്ലാതിരുന്ന ഒരു ബാലൻ, അനന്തരകാലത്തു് 'അക്ഷരവിദ്യ'യുടെതന്നെ അനന്തതലങ്ങളിൽ അജയ്യനായ സർവജ്ഞനായി വിരാജിച്ചതോർക്കുമ്പോൾ ആ ജന്മവാസന എത്ര ശക്തമായിരുന്നുവെന്നു് ഊഹിക്കാമല്ലോ.

കുട്ടിക്കാലത്തു് കൊല്ലൂർമഠം ദേവീക്ഷേത്രത്തിൽ പൂമാല കെട്ടിക്കൊടുക്കുന്ന ഒരു പതിവു് കുഞ്ഞനുണ്ടായിരുന്നു. ഉച്ചപ്പൂജ കഴിയുമ്പോൾ കുറെ നിവേദ്യച്ചോറു്

പ്രതിഫലമായിക്കിട്ടും. അതു വീട്ടിൽക്കൊണ്ടുപോയി അമ്മയെ ഏല്പിക്കും. ഉച്ചഭക്ഷണം മിക്കവാറും അതുതന്നെയായിരുന്നു. ചോറു് എല്ലാവർക്കും തികയാതെ വന്നാൽ കുഞ്ഞൻ ഒന്നും കഴിക്കാതെ തന്റെ പങ്കുകൂടി സഹോദരങ്ങൾക്കു കൊടുക്കുമായിരുന്നത്രേ.

മലക്കറികൾ പറിച്ചു് കൊല്ലൂർ മഠത്തിൽ ഏൽപ്പിക്കുന്നതും കുഞ്ഞന്റെ ഒരു പതിവായിരുന്നു. അന്തർജ്ജനങ്ങളുടെ കണ്ണിലുണ്ണിയായിരുന്നു, കുഞ്ഞൻ. പകൽ മിക്കവാറും മഠത്തെ ചുറ്റിപ്പറ്റി കഴിയും. മഠവുമായുള്ള ഈ സന്തതസാഹചര്യം വിദ്യാർജ്ജനപരമായ ഒരു വഴിത്തിരിവിനുകളമൊരുക്കി.

വലിയ ആഢ്യന്മാരായിരുന്നല്ലോ കൊല്ലൂർ മഠക്കാർ. അവിടത്തെ ഉണ്ണിനമ്പൂതിരിമാരെ സംസ്കൃതംപഠിപ്പിക്കാൻ പരദേശബ്രാഹ്മണനായ ഒരു ശാസ്ത്രികൾ കൊല്ലൂർ മഠത്തിൽ താമസിച്ചിരുന്നു. ശാസ്ത്രികൾ എന്നും രാവിലെ മഠത്തിലെ കുട്ടികളെ സംസ്കൃതം പഠിപ്പിക്കും. ഇല്ലത്തിലെ നമ്പൂതിരിക്കുട്ടികൾ പഠിക്കുന്ന സ്ഥലത്തു്, വീട്ടുവേലക്കാരിയുടെ മകനു് ഇരിക്കാനധികാരമില്ലല്ലോ. അതുകൊണ്ടു് ശാസ്ത്രികൾ പഠിപ്പിക്കുന്ന സംസ്കൃതപാഠങ്ങൾ കുഞ്ഞൻ മറഞ്ഞു നിന്നു കേട്ടുപഠിച്ചു. മഠത്തിന്റെ തെക്കുപടിഞ്ഞാറേ മൂലയിൽ ഒരു ചെറിയ മുറിയുണ്ടു്. അവിടെ ഇരുന്നാണു് ശാസ്ത്രികൾ കുട്ടികളെ പഠിപ്പിച്ചിരുന്നതെന്നു്, നാൽപതുകൊല്ലംമുമ്പു് സ്വാമിതിരുവടികളുടെ ജീവിതവുമായി ബന്ധപ്പെട്ട ആ മുറി കാണാൻ ചെന്ന ഈ ലേഖകനോടു് മഠത്തിലെ പടുവൃദ്ധയായ ഒരു സ്ത്രീപറഞ്ഞതു് ഇപ്പോഴും ഓർക്കുന്നു. ഒരുദിവസം, മുമ്പു പഠിപ്പിച്ച പാഠത്തിൽനിന്നു് ഒരുചോദ്യം ശാസ്ത്രികൾ അകത്തിരുന്നു പഠിക്കുന്ന കുട്ടികളോടു ചോദിച്ചു. ആരും ഉത്തരം പറഞ്ഞില്ല. പുറത്തു ശ്രദ്ധിച്ചുനിന്ന കുഞ്ഞൻ കൗമാരസഹജമായ ചാപല്യത്തോടെ ശരിയായ ഉത്തരം വിളിച്ചു പറഞ്ഞു. ശാസ്ത്രികൾ പുറത്തേയ്ക്കു് എത്തിനോക്കി. ഒരു തോർത്തുമുണ്ടുടുത്തു് വെളുത്തു സുന്ദരനായ ഒരു കൃശബാലൻ വിടർന്ന കണ്ണുകളോടെ മുറിക്കുവെളിയിൽ മറഞ്ഞുനില്ക്കുന്നതാണു് ശാസ്ത്രികൾ കണ്ടതു്. ആ പരോക്ഷശിഷ്യനെ ശാസ്ത്രികൾ അരികിലേയ്ക്കു് കൈയാട്ടി വിളിച്ചു. മുറിക്കുള്ളിലിരുന്നു പഠിച്ചു കൊള്ളാൻ ആ 'വിദ്യാവ്യസനി'യെ അനുവദിച്ചു. കുഞ്ഞന്റെ വിദ്യാഭ്യാസത്തിലെ രണ്ടാംഘട്ടം ഇവിടെ ആരംഭിക്കുന്നു. ആ സംസ്കൃതാഭ്യസനം ഏതാണ്ടു്

രണ്ടുവർഷത്തോളം തുടർന്നു. അപ്പോഴേയ്ക്കും ശാസ്ത്രികൾ മഠത്തിലെ പാർപ്പുമതിയാക്കി സ്വദേശത്തേയ്ക്കു് മടങ്ങിയതു കൊണ്ടു് കുഞ്ഞനു് പഠനം നിറുത്തേണ്ടിവന്നു. അന്നു് പതിമൂന്നു വയസ്സായിരുന്നു കുഞ്ഞനു പ്രായം.

ഒരു വിശേഷസംഭവം

ഈ കാലഘട്ടത്തിനിടയിൽ കുഞ്ഞന്റെ ജീവിതത്തിലുണ്ടായ ഒരു വിശേഷസംഭവംകൂടി ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. ഒരു സുപ്രധാന സുമുഹൂർത്തം. കൊല്ലൂർ മഠത്തിനു സമീപമുള്ള ശാസ്താക്ഷേത്രത്തിൽ പതിവുപോലെ കുഞ്ഞൻ പൂമാലകൊണ്ടുകൊടുത്തു. വെളിയിലിറങ്ങി പ്രദക്ഷിണം തുടങ്ങി. ക്ഷേത്രത്തിന്റെ വടക്കുപടിഞ്ഞാറുള്ള ചെറുകാവിൽ കുറ്റിച്ചെടികൾക്കിടയിൽ കാഷായാംബരധാരിയായി, തേജസ്വിയായി ഒരു സന്യാസി നില്ക്കുന്നതു കുഞ്ഞൻ കണ്ടു. പണ്ടു് കാവും കുറ്റിക്കാടും ഉണ്ടായിരുന്ന സ്ഥലമാണെന്നു് ഇപ്പോഴും അവിടം കണ്ടാലറിയാം. അവിടെ നാഗപ്രതിഷ്ഠകളുമുണ്ടു്. ആ നാഗപ്രതിഷ്ഠകളുടെ കിഴക്കുഭാഗത്താണു്, കുഞ്ഞൻ കെട്ടിപ്പിടിച്ചു കിടന്നതായി പറയപ്പെടുന്ന ശിവലിംഗം. ആ വലിയ ശിവലിംഗം ഇപ്പോഴും അവിടെയുണ്ടു്.' ഏതാനും വർഷം മുമ്പുവരെ ആ ശിവലിംഗപ്രതിഷ്ഠയ്ക്കു് മേൽക്കൂരയില്ലായിരുന്നു. ഇപ്പോൾ മേൽക്കൂര പണിഞ്ഞു് ഒരു ദേവാലയത്തിന്റെ രൂപകല്പന നൽകിയിട്ടുണ്ടു്.

സന്യാസിയെ കണ്ടപ്പോൾ കുഞ്ഞനു് വല്ലാത്തൊരനുഭൂതി തോന്നി. തൊഴുകൈയോടെ ആ സന്യാസിയുടെ സമീപം ചെന്നു. ഭാവിയിൽ സർവജ്ഞനായ മഹായോഗിയായി മാറാൻ പോകുന്ന ആളാണു് ആ ബാലനെന്നു് സന്യാസിക്കു മനസ്സിലായിരിക്കണം. അദ്ദേഹം ആംഗ്യംകൊണ്ടു് ബാലനെ അരികിലേയ്ക്കു് വിളിച്ചു. കുഞ്ഞന്റെ വിടർന്ന കണ്ണുകളിലേയ്ക്കു് തെല്ലിട സൂക്ഷിച്ചുനോക്കി. ചൂണ്ടുവിരൽ കൊണ്ടു് നെറുകയിൽ സ്പർശിച്ചു. ഒരു വൈദ്യുതിപ്രസരം ഞരമ്പുകളിൽ മിന്നിമറഞ്ഞതായി കുഞ്ഞനു തോന്നി. എന്നിട്ടു്, ആ ബാലന്റെ വലതു കർണ്ണത്തിൽ ബാലാസുബ്രഹ്മണ്യമന്ത്രം ഉപദേശിച്ചു. ''നീ ഇതു ജപിച്ചു സിദ്ധിവരുത്തിക്കൊള്ളണം. നിനക്കുവേണ്ടുന്നതെല്ലാം ഇതിലുണ്ടു്.''– സന്യാസി പറഞ്ഞു നിറുത്തി. എന്നിട്ടു് ഏതോ കൃതകൃത്യത കൈവന്നപോലെ

അദ്ദേഹം ഇരുന്നു. എല്ലാം മറന്ന കുഞ്ഞൻ ഗുരുപാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തു. അസുലഭമായ എന്തോ ഒന്നു് ലഭിച്ചുവെന്ന സന്തോഷത്തോടെ കുഞ്ഞൻ എഴുന്നേറ്റു് കൂപ്പു കൈകളോടെ നിന്നു. ശിഷ്യന്റെ നെറുകയിൽ കൈവച്ചനു ഗ്രഹിച്ചിട്ടു് ആ സന്യാസി നടന്നകന്നു. ഈ ബാലാസുബ്രഹ്മണ്യോപാസന കൊണ്ടാണു് പിൽക്കാലത്തു് കുഞ്ഞൻപിള്ളയ്ക്കു് 'ഷൺമുഖദാസൻ' എന്നു പേരുണ്ടായതു്. തന്റെ സന്യാസി ശിഷ്യന്മാരായ ശ്രീനാരായണഗുരു, നീലകണ്ഠതീർത്ഥപാദസ്വാമികൾ, തീർത്ഥപാദസ്വാമികൾ എന്നിവർക്കു് അനന്തരകാലത്തു് ശ്രീ ചട്ടമ്പി സ്വാമികൾ ഉപദേശിച്ചതും ഇതേ ബാലാസുബ്രഹ്മണ്യമന്ത്രം തന്നെയായിരുന്നു. സ്വാമികൾ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണു് ഇക്കാര്യം.

ബാല്യം മുതൽ തന്നെ ജപവും, ഈശ്വരചിന്തയും, ക്ഷേത്രദർശനവുമെല്ലാം കുഞ്ഞന്റെ സഹജസ്വഭാവങ്ങളായിരുന്നു. കൊല്ലൂർ മഠത്തിലെ ക്ഷേത്രസാഹചര്യങ്ങൾ ആവക അനുഷ്ഠാനങ്ങൾക്കു് പോഷകങ്ങളുമായി. കുട്ടിക്കാലത്തു് കുഞ്ഞന്റെ ജീവിതത്തിലുണ്ടായ ഒരു സംഭവമാണു് ക്ഷേത്രസന്ദർശനം പതിവാക്കാൻ കാരണം. കുഞ്ഞനു് എട്ടു വയസ്സു പ്രായമുണ്ടായിരുന്നപ്പോൾ ശരീരമാകെ ഒരുതരം ചൊറി പടർന്നുപിടിച്ചു. അനുദിനം അതിന്റെ ആക്രമണം വർദ്ധിച്ചുകൊണ്ടുമിരുന്നു. മാതാവു്, പല വൈദ്യന്മാരെയും കാണിച്ചു. പല മരുന്നുകളും മാറിമാറിക്കൊടുത്തു. രോഗത്തിനു് ഒരു ശമനവുമുണ്ടായില്ല. ഒടുവിൽ, കുഞ്ഞനെ ഒരു മണ്ഡലക്കാലം ക്ഷേത്രത്തിൽ ഭജനമിരുത്താമെന്നു് മാതാവു് മനംനൊന്തു നേർന്നു. എങ്ങനെയെന്നറിഞ്ഞുകൂടാ, ഭജനം കഴിഞ്ഞപ്പോൾ ദീനം നിശ്ശേഷം ഭേദമായി. അന്നുമുതൽ കുട്ടിയായ കുഞ്ഞനു തോന്നി, ഭജനം ഏതു ദുഃഖത്തിനും പരിഹാരമാണെന്നു്. അതോടെ ക്ഷേത്രസന്ദർശനം പതിവാക്കുകയും ചെയ്തു.

അക്കാലത്തു്, പേട്ടയിൽ രാമൻപിള്ള ആശാൻ എന്നൊരു മഹാനുഭാവൻ തിരുവനന്തപുരത്തു് പേട്ടയെന്ന സ്ഥലത്തു് ഒരു വിദ്യാലയം നടത്തിയിരുന്നു. പലരും ധരിച്ചുവച്ചിരിക്കുന്നപോലെ ഒരു കുടിപ്പള്ളിക്കൂടം നടത്തിയിരുന്ന ആളല്ല, രാമൻപിള്ളയാശാൻ. സമ്പന്നനും, സംസ്കൃതപണ്ഡിതനും വേദാന്തിയുമായിരുന്ന അദ്ദേഹം, ദൃഢഗാത്രനും സുമുഖനുമായിരുന്നുവെന്നാണു് അദ്ദേഹത്തെ നേരിൽക്കണ്ടിട്ടുള്ളവരിൽ നിന്നും അറിയാൻ കഴിഞ്ഞതു്. വെള്ളമുണ്ടും, കോട്ടും, തലപ്പാവുമായി കണ്ണമ്മൂലക്കവലവഴി പതിവായി

പ്രഭാതസവാരിയ്ക്കുപോകുന്ന ആശാനെ തന്റെ കുട്ടിക്കാല ത്തു് എന്നും കാണാറുണ്ടായിരുന്നെന്നു്, ഇപ്പോൾ തൊണ്ണൂറു കഴിഞ്ഞിരിക്കുന്ന ശ്രീ ശാന്തി നികേതനം കെ.സി.പിള്ള (ട്രിവാൻഡ്രം ഹോട്ടൽ ഉടമ) എന്നോടു പറഞ്ഞിട്ടുണ്ടു്. പേട്ട ജങ്ഷനിൽനിന്നും കൈതമുക്കിലേയ്ക്കു പോകുന്ന റോഡിൽ, ഇന്നത്തെ പേട്ട റയിൽവേസ്റ്റേഷനു് അല്പം പടി ഞ്ഞാറുമാറി പാതയോരത്താണു് ആശാന്റെ വിദ്യാസങ്കേതം സ്ഥിതിചെയ്തിരുന്നതു്. വിദ്യാദാനം യജ്ഞകർമ്മംപോലെ പവിത്രവും ശ്രേഷ്ഠവുമാണെന്നു വിശ്വസിച്ചിരുന്ന രാമൻപി ള്ളയാശാന്റെ വിദ്യാല യത്തിൽ സംഗീതവും, കണക്കും, തമിഴുമായിരുന്നു മുഖ്യ പാഠ്യവിഷയങ്ങൾ. അല്പം മുതിർന്ന കുട്ടികളെ മാത്രമേ അവിടെ പ്രവേശിപ്പിച്ചിരുന്നുള്ളു. കണ്ണമ്മൂ ലനിന്നും ഏതാണ്ടു് രണ്ടു കിലോമീറ്റർ അകലെയായിരുന്നു ഈ വിദ്യാപീഠം. കുഞ്ഞൻപിള്ള ആ വിദ്യാലയത്തിൽ ചേർ ന്നു് കണക്കും സംഗീതവും തമിഴും പഠിച്ചു തുടങ്ങി. ശിഷ്യന്റെ ഉത്സാഹശീലത്തിലും, കൃത്യനിഷ്ഠയിലും സ്വഭാവശുദ്ധി യിലും ആശാനു തൃപ്തി തോന്നി. അദ്ദേഹം കുഞ്ഞൻപിള്ളയെ ക്ലാസ്സിലെ 'ചട്ടമ്പി'യാക്കി. 'ചട്ടമ്പി'യെന്നാൽ 'മോണിട്ടർ'. ചട്ടത്തെ അമ്പുന്നവൻ ചട്ടമ്പി എന്നാണു് ആ പദത്തിനർത്ഥം. ചട്ടമ്പിള്ള, ചട്ടമ്പിപ്പിള്ള എന്നും പറയും. ചട്ടമ്പിപ്പിള്ളയുടെ സംകുചിത രൂപമാണു് 'ചട്ടമ്പി'. രാമൻപിള്ളയാശാന്റെ വിദ്യാലയത്തിൽ കുഞ്ഞൻപിള്ള അറി യപ്പെട്ടിരുന്നതു് 'ചട്ടമ്പി' എന്ന പേരിലാണു്. കുഞ്ഞൻപിള്ളയ്ക്കു 'ചട്ടമ്പി'സ്ഥാനം നൽകിയ രാമൻ പിള്ള യാശാൻ ധന്യാത്മാവുതന്നെ. സംശയമില്ല. കാരണം, ആ പേരിലാണല്ലോ ഇന്നും സ്വാമിതിരുവടികൾ അറിയപ്പെടുന്ന തു്. രാമൻപിള്ളയാശാനും നിത്യസ്മരണീയനായിത്തീർന്നതു് അതുകൊണ്ടല്ലേ!? ഗുരുനാഥൻ കനിഞ്ഞരുളിയ ആ സ്ഥാന പ്പേരു് കുഞ്ഞൻപിള്ളയുടെ ജീവിതത്തിലാകെ നിലനിൽ ക്കുന്നു. മഹാന്മാരുടെ ദീർഘദർശനപടുത്വം മഹത്തരംതന്നെ! ക്ലാസ്സിലെ 'ചട്ടമ്പി', ഭാവിയിൽ സ്വാമിയായി മാറിയപ്പോൾ 'ചട്ട മ്പിസ്വാമി'യായി.

വിദ്യാർത്ഥിയായിരിക്കുന്ന കാലത്തുതന്നെ ചില പ്രത്യേക നിഷ്ഠകൾ കുഞ്ഞനുണ്ടായിരുന്നു. രാവിലേയും വൈകുന്നേരവും കുളിക്കുക, ശരീരശുദ്ധിയിൽ ശ്രദ്ധിക്കുക, ഇടയ്ക്കിടെ ജപിക്കുകയും ധ്യാനം പുണ്ടിരിക്കുകയും ചെയ്യുക, മുടങ്ങാതെ ക്ഷേത്രദർശനം നടത്തുക എന്നിങ്ങനെ

പലതും. പല കുട്ടികളിലും അത്ര സാധാരണമായി കാണാൻ കഴിയാത്ത കുഞ്ഞന്റെ ഈ സ്വഭാവസവിശേഷതകൾ ആശാൻ ശ്രദ്ധിച്ചു. ഏതോ ഒരു ഘനഭാവം, കൗമാരം കഴിഞ്ഞിട്ടില്ലാത്ത ആ ബാലനിൽ തളംകെട്ടിനില്ക്കുന്നതായി ആശാനു തോന്നി. കുഞ്ഞന്റെ വിടർന്ന കണ്ണുകൾ അജ്ഞാതമായ എന്തോ അന്വേഷിക്കുന്നതായും അദ്ദേഹത്തിനു തോന്നി. അതുകൊണ്ടു്, കുഞ്ഞന്റെ നീക്കങ്ങളെ രാമൻപിള്ളയാശാൻ പ്രത്യേകം ശ്രദ്ധിച്ചു. ഒരു ദിവസം രാത്രി പന്ത്രണ്ടുമണി കഴിഞ്ഞിരിക്കും. കുഞ്ഞനെ മുറിയിൽ കാണാനില്ല. മറ്റുകുട്ടികൾ വിവരം ആശാനെ അറിയിച്ചു. കുഞ്ഞനെ അന്വേഷിക്കാൻ പല സ്ഥലങ്ങളിലേയ്ക്കും ആശാൻ കുട്ടികളെ അയച്ചു. കൂട്ടത്തിലൊരാൾ കുഞ്ഞന്റെ വീട്ടിനടുത്തുള്ള ശാസ്താക്ഷേത്രത്തിലെത്തി. ആ ക്ഷേത്രത്തിന്റെ കിഴക്കു ഭാഗത്തു് അല്പം വടക്കുമാറി ഒരു വലിയ ശിവലിംഗമുണ്ടു്. എന്തോ അനക്കം കേട്ടു് അയാൾ അങ്ങോട്ടുനോക്കി. ആ ശിവലിംഗത്തിൽ കെട്ടിപ്പിടിച്ചു് നിശ്ചലനായി കുഞ്ഞൻ കമഴ്ന്നു കിടക്കുന്നതാണു് ആ അരണ്ടനിലാവിൽ അയാൾ കണ്ടതു്. പണിപ്പെട്ടു് കുഞ്ഞനെ പിടിച്ചെഴുന്നേൽപ്പിച്ചു് ഒരുവിധത്തിൽ ആശാന്റെ അടുത്തെത്തിച്ചു. കണ്ട കാര്യങ്ങളെല്ലാം ആശാനോടു വിസ്തരിച്ചു പറഞ്ഞു. കുറ്റബോധത്തോടെ തലതാഴ്ത്തിനിന്ന കുഞ്ഞന്റെ മുഖത്തു നോക്കിയപ്പോൾ ആശാന്റെ കണ്ണുകൾ ഈറനണിഞ്ഞു. തനിക്കു് ഒക്കാത്ത ഉയരങ്ങളിലേയ്ക്കു് ശിഷ്യൻ ഉയർന്നുതുടങ്ങുന്നതോർത്തുണ്ടായ ആനന്ദംകൊണ്ടു് കരഞ്ഞതാകാം, ആ ഗുരുനാഥൻ.

ജീവിതത്തിലേയ്ക്കു്

പേട്ടയിൽ രാമൻപിള്ളയാശാന്റെ വിദ്യാലയത്തിലെ പഠനം ഏറെനാൾ തുടരാൻ കുഞ്ഞനുകഴിഞ്ഞില്ല. ഏതാണ്ടു രണ്ടുവർഷത്തോളം അവിടെ പഠിച്ചു. വീട്ടിലെ ദാരിദ്ര്യംനിമിത്തം, പഠിത്തം നിറുത്തി എന്തെങ്കിലും ഉപജീവനമാർഗ്ഗം തേടാൻ കുഞ്ഞൻ നിർബന്ധനായിത്തീർന്നു. സന്താനങ്ങളിൽ മൂത്തയാളെന്ന നിലയിൽ, കുടുംബഭാരം കുഞ്ഞന്റെ ചുമലിലായി. കുടുംബത്തിലെ പട്ടിണിമാറ്റാൻവേണ്ടി ഏതു ജോലിചെയ്യാനും പതിനാറുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ആ ആരൂഢയൗവനൻ തയാറായിരുന്നു. കൂലിപ്പണി ചെയ്യാനും മടിച്ചില്ല. തിരുവനന്തപുരത്തു് സർക്കാർ സെക്രട്ടേറിയറ്റു് പണി

യുന്ന കാലമായിരുന്നു അതു്. അവിടെ കുറച്ചുദിവസം കുഞ്ഞൻ കൂലിപ്പണിക്കു പോയി. അനന്തരകാലത്തു് മഹായോഗിയായി മാറിയശേഷം, ഒരിക്കൽ ശിഷ്യഗണങ്ങളുമൊത്തു് സെക്രട്ടേറിയറ്റിന്റെ മുമ്പിലുള്ള രാജപാതയിലൂടെ നടന്നുനീങ്ങുമ്പോൾ, ആ മഹാമണിമന്ദിരത്തിന്റെ നേർക്കു വിരൽചൂണ്ടിക്കൊണ്ടു് ''ഇതിൽ കുറെകല്ലുകൾ ഞാനും ചുമന്നതാണു്'' എന്നു് അദ്ദേഹം പറഞ്ഞതായി കേട്ടിട്ടുണ്ടു്.

കുറച്ചുദിവസത്തിനുശേഷം കൂലിപ്പണി ഉപേക്ഷിച്ചു്, മുറയ്ക്കൊരു ജ്യേഷ്ഠസഹോദരനായ കൃഷ്ണപിള്ളയുടെകൂടെ ആധാരമെഴുതാൻ പോയി. കൂലിപ്പണി മോശമായതുകൊണ്ടല്ല അതുപേക്ഷിച്ചു് ജ്യേഷ്ഠന്റെ കൂടെപോയതു്. മാതാവു നിർബന്ധിച്ചതുകൊണ്ടാണു് അങ്ങനെ ചെയ്തതു്. നെയ്യാറ്റിൻകര സബ്രജിസ്ട്രാർ കച്ചേരിയിലും, ഭൂതപ്പാണ്ടിക്കച്ചേരിയിലും കൃഷ്ണപിള്ള ആധാരമെഴുതാറുണ്ടു്. കുഞ്ഞൻപിള്ളയെക്കൂടി കൃഷ്ണപിള്ള നെയ്യാറ്റിൻകരക്കച്ചേരിയിൽ കൊണ്ടുപോയി. ആദ്യദിവസംതന്നെ ആധാരമെഴുതിയ വകയിൽ കുഞ്ഞൻപിള്ളയ്ക്കു് എട്ടുചക്രം കിട്ടി. അതു് അത്ര സാധാരണമല്ല. ആ എട്ടുചക്രത്തിൽനിന്നും രണ്ടും മൂന്നും ചക്രം, അന്നു് ഒന്നും കിട്ടാത്ത ആധാരമെഴുത്തുകാർക്കു കൊടുത്തു. ഇതിൽ പ്രതിഷേധിച്ചു് ക്ഷോഭിച്ചു സംസാരിച്ച ജ്യേഷ്ഠനോടു് 'അവർക്കു പട്ടിണി നമുക്കു പട്ടിണിപോലെയല്ലേ' എന്നാണു് കുഞ്ഞൻപിള്ള പ്രതികരിച്ചതു്. നെയ്യാറ്റിൻകരയിൽ അക്കാലത്തു് ഷൺമുഖസുന്ദരംപിള്ള എന്നൊരാളായിരുന്നു രജിസ്ട്രേഷൻ ഇൻസ്പക്ടർ. അദ്ദേഹം ഒരു സുബ്രഹ്മണ്യോപാസകനായിരുന്നു. കുഞ്ഞൻപിള്ളയുടെ നടപടിയിൽ അദ്ദേഹത്തിനു് ഒരു പ്രത്യേകത തോന്നി. അതിന്റെ ഫലമായി, ആധാരമെഴുതിയാലും ഇല്ലെങ്കിലും കുഞ്ഞൻപിള്ളയ്ക്കു് ദിവസവും എട്ടുചക്രം കൊടുത്തുകൊള്ളണമെന്നു് ഷൺമുഖസുന്ദരംപിള്ള വ്യവസ്ഥചെയ്തു. ഒരു ദിവസം കൃഷ്ണപിള്ള അനുജനെ ഭൂതപ്പാണ്ടിക്കച്ചേരിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ഏതാണ്ടു് രണ്ടാഴ്ച കുഞ്ഞൻപിള്ള അവിടെ ആധാരമെഴുതി. അവിടത്തെ ചൂടുകാറ്റു് കുഞ്ഞൻപിള്ളയ്ക്കു് തീരെ ഇഷ്ടപ്പെട്ടില്ല. ഒരു ദിവസം രാത്രി അദ്ദേഹം സ്വദേശമായ തിരുവനന്തപുരത്തേയ്ക്കു തിരിച്ചുപോയി. അതോടെ ആധാരമെഴുത്തുപണി അവസാനിക്കുകയും ചെയ്തു.

ഇതിനിടയ്ക്കു് ഒരു ചെറിയ സർക്കാരുദ്യോഗത്തിലും

പ്രവേശിച്ചു. സർ. ടി. മാധവറാവു തിരുവിതാംകൂർ ദിവാൻജി യായിരിക്കുന്ന കാലം. അദ്ദേഹം ഹജൂർ കച്ചേരിയിൽ (ഇന്നത്തെ സെക്രട്ടേറിയറ്റ്. അതു പണികഴിപ്പിച്ചതും അദ്ദേഹം ദിവാൻജിയായിരുന്ന കാലത്താണു്) ഒരു പുതിയ കണക്കപ്പി ള്ളയെ നിയമിക്കാൻ തീരുമാനിച്ചു. അപേക്ഷകർ പലരുമു ണ്ടായിരുന്നതുകൊണ്ടു്, അവർക്കു് കണക്കിലുള്ള സാമ ർത്ഥ്യം പരീക്ഷിച്ചറിഞ്ഞശേഷം ഒരാളെ തെരഞ്ഞെടുക്കാ മെന്നു കരുതി കുറെ കണക്കുചോദ്യങ്ങൾ നൽകി. പിറ്റേന്നു് ഉത്തരങ്ങൾ എഴുതിക്കൊണ്ടുവന്നാൽമതിയെന്നായിരുന്നു നിർദ്ദേശം. പിറ്റേന്നു് എല്ലാവരും ഉത്തരങ്ങൾ എഴുതിക്കൊണ്ടു വന്നു. എല്ലാവരുടേയും ഉത്തരങ്ങൾ ഒരുപോലെയിരിക്കുന്നതു കണ്ടപ്പോൾ, ആരോ പറഞ്ഞുകൊടുത്തിരിക്കുമെന്നു് സംശയം തോന്നിയ ദിവാൻജി സത്യംപറയാൻ അവരോടാജ്ഞാപിച്ചു. കുഞ്ഞൻപിള്ളച്ചട്ടമ്പിയാണു് ഉത്തരം പറഞ്ഞുതന്നതെന്നു് അവർ അറിയിച്ചു. കുഞ്ഞൻപിള്ളയെ ഹാജരാക്കാൻ ഉത്തര വായി. കുഞ്ഞൻപിള്ളച്ചട്ടമ്പി ദിവാൻജിയുടെ മുമ്പിൽ വന്നുനിന്നു. ''ഏതു കണക്കും ചെയ്യുമോ''- ദിവാൻജി ചോദിച്ചു. 'ശ്രമിച്ചു നോക്കാം'- കുഞ്ഞൻപിള്ള മറുപടി പറഞ്ഞു. ദിവാൻജി ഒരു ചോദ്യം ചോദിച്ചു. ഉത്തരം കണ്ടുപി ടിക്കാൻ അല്പം പ്രയാസമുള്ള കണക്കായിരുന്നു അതു്. വിരൽമടക്കി കണക്കുകൂട്ടി കുഞ്ഞൻപിള്ള ഉത്തരക്ഷണ ത്തിൽ ഉത്തരം പറഞ്ഞു. ദിവാൻജി അദ്ഭുതപ്പെട്ടുപോയി. കുഞ്ഞൻപിള്ളയെ കണക്കപ്പിള്ളയായി നിയമിക്കുകയും ചെയ്തു. മാസം നാലുരൂപ ശമ്പളം. കുഞ്ഞൻപിള്ളയുടെ കഴി വിലും കൈയക്ഷരത്തിന്റെ വടിവിലും പ്രീതനായ ദിവാൻജി തന്നെ ആദ്യത്തെമാസത്തിൽ ശമ്പളം കൊടുത്തു. പത്തുരൂപ യാണു് ശമ്പളമായി നൽകിയതു്. നാലുരൂപ സ്വീകരിച്ചു കൊണ്ടു് ബാക്കി ആറുരൂപ കുഞ്ഞൻപിള്ള തിരികെക്കൊ ടുത്തു.

വിക്രമൻതമ്പി എന്നൊരു വിക്രമനായ തഹശീൽദാ രുടെ കീഴിലായിരുന്നു കുഞ്ഞൻപിള്ളയെ നിയമിച്ചതു്. ആയില്യം തിരുനാൾ മഹാരാജാവിന്റെ കല്പനയനുസരിച്ചു് കേരളവർമ്മ വലിയകോയിത്തമ്പുരാനെ അറസ്റ്റുചെയ്തതും, ബന്ധനസ്ഥനാക്കി ഹരിപ്പാട്ടേയ്ക്കു കൊണ്ടുപോയതും ഈ വിക്രമൻതമ്പിയായിരുന്നു. ഒരു ദിവസം കുഞ്ഞൻപിള്ള തന്റെ മേലുദ്യോഗസ്ഥനായ വിക്രമൻതമ്പിയോടു് ഒരു ദിവസത്തെ അവധി ആവശ്യപ്പെട്ടു. ക്രുദ്ധനായ ആ മേലുദ്യോഗസ്ഥൻ

അവധി നൽകിയില്ലെന്നു മാത്രമല്ല, ''നാളെ ഞാൻ വരുമ്പോൾ നിന്നെ ആ ഇരിപ്പിടത്തിൽ കാണണം'' എന്നു് ആക്രോശിക്കുകയും ചെയ്തു. അതിനു് ശാന്തനായി കുഞ്ഞൻപിള്ളച്ചട്ടമ്പി ഇങ്ങനെയാണു് മറുപടി പറഞ്ഞതു്. ''ഞാൻ എപ്പോൾ ഇനി അവിടെ വന്നിരിക്കുമോ അപ്പോൾ എന്നെ കണ്ടുകൊള്ളണം''.

അങ്ങനെ അവർ പിണങ്ങിപ്പിരിഞ്ഞു. പിന്നീടു് ആ ഉദ്യോഗത്തിനു പോയിട്ടുമില്ല.

ഇക്കാലത്താണു് പേട്ടയിൽ രാമൻപിള്ള ആശാൻ 'ജ്ഞാനപ്രജാഗരം' എന്നൊരു വേദാന്തസഭ സംഘടിപ്പിച്ചതു്. തമിഴിലും സംസ്കൃതത്തിലും അസാധാരണ പാണ്ഡിത്യമുള്ള പല മഹദ്വ്യക്തികളും ആ സഭയിൽ വന്നു് ആദ്ധ്യാത്മപ്രഭാഷണങ്ങൾ നടത്താറുണ്ടായിരുന്നു. സ്വാമിനാഥദേശികർ, തൈക്കാട്ടു് അയ്യാവു് അവർകൾ തുടങ്ങിയവരായിരുന്നു അവരിൽ പ്രമുഖർ. തിരുവനന്തപുരം മഹാരാജാസ് കോളേജിൽ (ഇന്നത്തെ യൂണിവേർസിറ്റി കോളേജ്) തമിൾ പ്രൊഫസ്സറായിരുന്നു സ്വാമിനാഥദേശികർ. തമിൾ ഭാഷയിലും, ശാസ്ത്രസാഹിത്യാദികളിലും അസാധാരണ വൈദുഷ്യം നേടിയ ആളായിരുന്നു അദ്ദേഹം. തമിൾ വേദാന്തശാസ്ത്രത്തിലും അദ്ദേഹം നിഷ്ണാതനായിരുന്നു. കുഞ്ഞൻപിള്ള അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു് തമിഴിൽ ഉപരിപാഠങ്ങൾ അഭ്യസിച്ചു. തമിൾ വേദാന്തശാസ്ത്രവും, തമിൾവ്യാകരണവും പഠിച്ചു. തിരുവനന്തപുരത്തു റസിഡൻസിയിലെ ഒരു ജീവനക്കാരനായിരുന്നു അയ്യാവവർകൾ. ചെമ്പു് സ്വർണ്ണമാക്കി മാറ്റുന്ന രാസവിദ്യയിലും തത്പരനായിരുന്നു, അദ്ദേഹം. ജ്ഞാനപ്രജാഗരസഭയിൽ ഹഠയോഗത്തെക്കുറിച്ചായിരുന്നു അയ്യാവവർകൾ പലപ്പോഴും പ്രഭാഷണം നടത്തിയിരുന്നതു്. കുഞ്ഞൻപിള്ള അദ്ദേഹത്തിൽനിന്നും ഹംയോഗം പരിശീലിച്ചു. ആ ബന്ധം ഏതാനും മാസം മാത്രമേ നിലനിന്നുള്ളു. ചെമ്പുസ്വർണ്ണമാക്കാനുള്ള പച്ചില ശേഖരിക്കാൻ അയ്യാവിൽ നിന്നുണ്ടായ നിരന്തര നിർബന്ധം, സ്വതേ സമലോഷ്ഠാശ്മകാഞ്ചനദൃക്കായ കുഞ്ഞൻപിള്ളയ്ക്കു് അരോചകമായി തോന്നിയതുകൊണ്ടു് ആ ബന്ധം തിരിമുറിച്ചെറിയേണ്ടിവന്നു. ഒരു ദിവസം, തന്റെ കയ്യിലിരുന്ന ഒരു സ്വർണ്ണ നാണയം ദക്ഷിണയായി നൽകിയിട്ടു് അയ്യാവുമായുള്ള സഹവാസം എന്നെന്നേയ്ക്കുമായി അവസാനിപ്പിച്ചു് കുഞ്ഞൻപിള്ള യാത്രയായി. കുടുംബകാര്യങ്ങളിൽ ശ്രദ്ധ തീരെ ഇല്ലാതാവുകയും, വിജ്ഞാന

ത്തിന്റെ ചക്രവാളം വികസിപ്പിക്കണമെന്നു് ഉറയ്ക്കുകയും ചെയ്തതു് ഇക്കാലത്താണു്. പേട്ടയിൽ രാമൻപിള്ളയാശാന്റെ കൂടെയായിരുന്നു അധികസമയവും ഈ കാലഘട്ടത്തിൽ കഴിച്ചുകൂട്ടിയിരുന്നതു്.

ഈ സന്ദർഭത്തിലാണു്, നവരാത്രി സദസ്സിൽ പങ്കുകൊള്ളാൻ തമിഴ്നാട്ടിൽനിന്നും സുബ്ബജടാപാഠികൾ എന്നൊരു മഹാവിദ്വാൻ തിരുവനന്തപുരത്തെത്തിയതു്. തമിഴിലും സംസ്കൃതത്തിലും അന്യാദൃശപാണ്ഡിത്യമുള്ള ആളായിരുന്നു അദ്ദേഹം. യോഗശാസ്ത്രം, വേദാന്തശാസ്ത്രം, വേദവേദാംഗങ്ങൾ എന്നിവയിലും അസാധാരണമായ അവഗാഹം അദ്ദേഹത്തിനുണ്ടായിരുന്നു. ഇവയ്ക്കെല്ലാം പുറമേ, തികഞ്ഞ ബ്രഹ്മവിദ്വരനുമായിരുന്നു സുബ്ബജടാപാഠികൾ. ഒരു ദിവസം അദ്ദേഹം ജ്ഞാനപ്രജാഗരസഭയിൽ പ്രഭാഷണത്തിനെത്തി. ജടാപാഠികളുടെ വേദാന്തപ്രസംഗം കുഞ്ഞൻപിള്ളയെ വല്ലാതെ ആകർഷിച്ചു. കുഞ്ഞൻപിള്ള ജടാപാഠികളെ പരിചയിക്കുകയും, അദ്ദേഹത്തിന്റെ ശിഷ്യത്വം ലഭിക്കാനുള്ള അഭിലാഷം പ്രകടമാക്കുകയും ചെയ്തു. അനപത്യതാദുഃഖമനുഭവിച്ചിരുന്ന ജടാപാഠികൾക്കു് ഒരു പുത്രനെക്കിട്ടിയ സന്തോഷമാണു് യുവാവായ കുഞ്ഞൻപിള്ളയെ കണ്ടപ്പോൾ തോന്നിയതു്. കുഞ്ഞൻപിള്ളയ്ക്കു് അന്നു് ഏതാണ്ടു് ഇരുപത്തിമൂന്നു വയസ്സുപ്രായം വരും. കുഞ്ഞൻപിള്ളയുടെ അഭ്യർത്ഥന ജടാപാഠികൾ സസന്തോഷം സ്വീകരിച്ചു. താൻ നേടിയിട്ടുള്ള വിജ്ഞാനധനം മുഴുവൻ ആ അനൗരസപുത്രനു നൽകണമെന്നു് അദ്ദേഹത്തിനുതോന്നി. ഏതാനും ദിവസങ്ങൾക്കുശേഷം ജടാ പാഠികൾ സ്വദേശമായ കല്ലടക്കുറിച്ചിയിലേയ്ക്കു മടങ്ങിയപ്പോൾ ശിഷ്യനെക്കൂടെ അങ്ങോട്ടു ക്ഷണിച്ചു. ഒരു മടിയും കാണിക്കാതെ കുഞ്ഞൻപിള്ള അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തു.

കല്ലടക്കുറിച്ചിയിലെ താമസം കുഞ്ഞൻപിള്ളയ്ക്കു് അത്യാകർഷകമായിത്തോന്നി. അവിടുത്തെ ഗൃഹാന്തരീക്ഷം അദ്ദേഹത്തിനു പ്രചോദകമായി. നിത്യവും അവിടെ നടന്നിരുന്ന വേദാന്തചർച്ചകൾ കുഞ്ഞൻപിള്ളയെ കോരിത്തരിപ്പിച്ചു. യോഗശാസ്ത്രം, സംസ്കൃതത്തിലും തമിഴിലുമുള്ള വേദാന്തശാസ്ത്രങ്ങൾ, തർക്കം, മന്ത്രശാസ്ത്രം മുതലായി പലതും അദ്ദേഹം ജടാപാഠികളിൽനിന്നു വിദഗ്ദ്ധമായി പഠിച്ചു. നാലുവർഷം കുഞ്ഞൻപിള്ള കല്ലടക്കുറിച്ചിയിൽ താമസിച്ചു. ഈ നാലുവർഷവും അദ്ദേഹത്തിന്റെ ജീവിതത്തിലെ

സുപ്രധാന കാലഘട്ടമായിരുന്നു. ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു അതു് എന്നുപറയുന്നതാവും ശരി. നാലു വർഷത്തിനു ശേഷം സ്വദേശത്തേയ്ക്കു് മടങ്ങാനുള്ള ആഗ്രഹം കുഞ്ഞൻപിള്ള ജടാപാഠികളെ അറിയിച്ചു. താൻ പുത്രനിർവിശേഷം സ്നേഹിച്ച ആ ശിഷ്യനെ വിട്ടയയ്ക്കാൻ ഗുരുനാഥനു തീരെ മനസ്സില്ലായിരുന്നു. ഏങ്കിലും ഒടുവിൽ ഗുരുനാഥൻ അനുഗ്രഹാശിസ്സുകളോടെ കുഞ്ഞൻപിള്ളയ്ക്കു് യാത്രാനുവാദം നൽകി.

സന്യാസമാർഗ്ഗത്തിലേയ്ക്കു്

നാലുവർഷം മുമ്പു്, സുബ്രജടാപാഠികളോടൊപ്പം കല്ലടക്കുറിച്ചിയിലേയ്ക്കുപോയ ആളായിട്ടല്ല കുഞ്ഞൻപിള്ള മടങ്ങിവന്നതു്. ശാസ്ത്രങ്ങൾ, വേദവേദാംഗങ്ങൾ, ഉപനിഷത്തുകൾ, തർക്കശാസ്ത്രം, മന്ത്രശാസ്ത്രം എന്നിങ്ങനെയുള്ള നിരവധി വിഷയങ്ങളിൽ അത്യവഗാഹം നേടിയ ഒരു വിജ്ഞാന കേദാരമായിട്ടായിരുന്നു മടക്കയാത്ര. കൈക്കുടന്നയിൽ കടൽ മുഴുവൻ ഒറ്റവീർപ്പിനു കോരിക്കുടിച്ച അഗസ്ത്യമുനിയെപ്പോലെ, വെറും നാലുവർഷംകൊണ്ടു് പരപ്പാർന്ന ജ്ഞാനസമുദ്രങ്ങൾ മുഴുവൻ ഉള്ളിലൊതുക്കാൻ യുവാവായ കുഞ്ഞൻപിള്ളച്ചട്ടമ്പിക്കു് എങ്ങനെ കഴിഞ്ഞുവെന്നു് നമുക്കു് അദ്ഭുതം തോന്നാം. സ്വാമികൾതന്നെ ഒരവസരത്തിൽ അരുളിച്ചെയ്തിട്ടുണ്ടു്, 'ഞാൻ പഠിക്കുകയല്ല, എന്റെ മറവിതീർക്കുക മാത്രമാണെ'ന്നു്. അതെ, കഴിഞ്ഞ നാലുവർഷം സ്വന്തം മറവി തീർക്കുകയായിരുന്നു, അവിടുന്നു്. കുഞ്ഞൻപിള്ളച്ചട്ടമ്പിയുടെ സന്യാസമാർഗ്ഗത്തിലുള്ള സഞ്ചാരം ഇവിടെ ആരംഭിക്കുന്നു.

കല്ലടക്കുറിച്ചിയിൽ നിന്നും മടങ്ങിയ 'ചട്ടമ്പി' സ്വദേശത്തേയ്ക്കല്ല, പോയതു്. ദേശാടനമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ദക്ഷിണഭാരതം മുഴുവൻ ഒന്നു ചുറ്റിക്കറങ്ങാൻ നിശ്ചയിച്ചു. ഈ ദീർഘസഞ്ചാരത്തിനിടയിൽ പല വിശിഷ്ടവ്യക്തികളുമായും അദ്ദേഹം പരിചയപ്പെട്ടു. കൂട്ടത്തിൽ ഒരു തങ്ങളെ പരിചയപ്പെട്ടതു ശ്രദ്ധേയമാണു്. തങ്ങളുമായുള്ള സഹവാസംകൊണ്ടു് ഇസ്ലാംമത സംബന്ധമായ സർവതത്ത്വങ്ങളും ഗ്രഹിക്കാൻ അവിടുത്തേയ്ക്കു കഴിഞ്ഞു. ഈ ദേശാടനത്തിനിടയിൽ ഏതാനും മാസം മരുത്വാമലയിലുള്ള ഒരു ഗുഹയിൽ തപസനുഷ്ഠിച്ചു. ആ ഗുഹ നേരിൽ കാണാ

നുള്ള ഭാഗ്യം ഈ ലേഖകനുണ്ടായിട്ടുണ്ടു് എന്നുകൂടി ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ. മരുത്വാമലയുടെ നിറുകയിലുള്ള വിശാലമായ ഒരു ഗുഹയാണതു്. ഗുഹയെന്നു പറയുന്നതിനെക്കാൾ വിസ്തൃതമായ ഒരു കൽത്തളമെന്നു പറയുന്നതാവും ശരി. ഇടുങ്ങിയ ഇടഞ്ഞാടിയിൽക്കൂടി ചരിഞ്ഞുവേണം അതിനുള്ളിലേയ്ക്കിറങ്ങാൻ. അകത്തിറങ്ങിയാൽ പത്തുപന്ത്രണ്ടടി വിസ്താരത്തിൽ ചതുരശ്രാകൃതിയിലുള്ള ഒരു കൽത്തളം. മുകളിൽ ഉദ്ദേശം എട്ടടി പൊക്കത്തിൽ പാറകൊണ്ടൊരു പരന്ന കൂര. അതിനുള്ളിലിരുന്നാൽ മട്ടുപ്പാവുകെട്ടിടത്തിന്റെ പൂമുഖത്തിരിക്കുന്ന പ്രതീതിയാണുണ്ടാവുക. മുമ്പോട്ടു നോക്കിയാൽ കാണുന്ന കാഴ്ച ചേതോഹരമാണു്. തികച്ചും ഏകാന്തത തളംകെട്ടിനില്ക്കുന്ന അന്തരീക്ഷം. അവിടിരുന്നാൽ ആർക്കും മനഃശാന്തി കിട്ടും. ആ ഗുഹാതലത്തിലാണു് കുഞ്ഞൻപിള്ളച്ചട്ടമ്പി ഏകാന്ത തപസ്സനുഷ്ഠിച്ചതു്. നാണുഗുരുസ്വാമി, ശിഷ്യത്വം സ്വീകരിച്ചശേഷം അദ്ദേഹവുമൊരുമിച്ചു് പിന്നീടൊരവസരത്തിലും ചട്ടമ്പിസ്വാമികൾ ഈ ഗുഹയിൽ വിശ്രമിച്ചിട്ടുണ്ടു്.

മരുത്വാമലയിൽ തപസ്സനുഷ്ടിക്കുന്നകാലത്തു് കുമാരവേലു എന്നൊരു സന്യാസിയെ കുഞ്ഞൻപിള്ളച്ചട്ടമ്പി പരിചയിച്ചു. ആത്മാനന്ദസ്വാമികൾ എന്ന പേരിലും കുമാരവേലു അറിയപ്പെട്ടിരുന്നു. കുമാരവേലു, പൂർവ്വാശ്രമത്തിൽ നാടാർ സമുദായാംഗമായിരുന്നു. അദ്ദേഹത്തിൽനിന്നും കുഞ്ഞൻപിള്ള ചില യോഗാഭ്യാസമുറകളും, മർമ്മശാസ്ത്രവും വശപ്പെടുത്തി. മരുത്വാമലയിലെ ഏതാനും ദിവസത്തെ ഏകാന്തവാസത്തിനുശേഷം, അദ്ദേഹം സ്വദേശമായ തിരുവനന്തപുരത്തേയ്ക്കു മടങ്ങി.

യോഗഭാവത്തിലേയ്ക്കു്

ദേശാടനം കഴിഞ്ഞു് നാട്ടിലെത്തിയ കുഞ്ഞൻപിള്ളച്ചട്ടമ്പി, തമ്പാനൂരുള്ള കല്ലുവീട്ടിലാണു് വിശ്രമിച്ചതു്. മരാമത്തുവിഭാഗത്തിൽ ഓവർസീയറായിരുന്ന കല്ലുവീട്ടിൽ ഗോവിന്ദപ്പിള്ള, അദ്ദേഹത്തിന്റെ ഒരു അകന്ന ബന്ധുവായിരുന്നു. ഗോവിന്ദപ്പിള്ളയ്ക്കു് അക്കാലത്തു് വാമനപുരത്തായിരുന്നു ജോലി. കുഞ്ഞൻപിള്ള, ഗോവിന്ദപ്പിള്ളയോടൊത്തു് വാമനപുരത്തും നെടുമങ്ങാട്ടും മറ്റും ചുറ്റിക്കറങ്ങുകയും ചില അപൂർവ്വ ഗ്രന്ഥങ്ങൾ ശേഖരിക്കുകയും ചെയ്തതു് ഇക്കാലത്താണു്.

മന്ത്രതന്ത്രശാസ്ത്രങ്ങൾ, ക്ഷേത്രപ്രതിഷ്ഠ, ക്ഷേത്രത്തിലെ തന്ത്രവിധികൾ എന്നിവയിൽ ഉപരിപഠനം നടത്തണമെന്നൊരാഗ്രഹം അദ്ദേഹത്തിനുണ്ടായി. കൂപക്കരപ്പോറ്റിമാർ വലിയ താന്ത്രികന്മാരായിരുന്നല്ലോ. മന്ത്രശാസ്ത്രത്തിലും തന്ത്രശാസ്ത്രത്തിലുമുള്ള പല അപൂർവഗ്രന്ഥങ്ങളും കൂപക്കരമഠത്തിലുണ്ടെന്നു് കുഞ്ഞൻപിള്ള കേട്ടിരുന്നു. ഒരു ദിവസം അദ്ദേഹം കൂപക്കരമഠത്തിൽ ചെന്നു. കാത്തുനിന്നു് കാരണവരായ വലിയ നമ്പൂതിരിയെ കണ്ടു. ആഗമനോദ്ദേശ്യം അറിയിച്ചു. ഗ്രന്ഥങ്ങളൊന്നും പുറത്തുകൊണ്ടുപോകാൻ അനുവദിക്കുകയില്ലെന്നായിരുന്നു പോറ്റിയുടെ മറുപടി. ഗ്രന്ഥപ്പുരയിലിരുന്നു നോക്കിക്കൊള്ളാൻ അനുവദിച്ചാൽമതിയെന്നു് കുഞ്ഞൻപിള്ള അപേക്ഷിച്ചു. അങ്ങനെ കൂപക്കരമഠത്തിലെ ഗ്രന്ഥപ്പുരയിൽ പ്രവേശനം കിട്ടി. നിരവധി താളിയോലഗ്രന്ഥങ്ങൾ അവിടെ പൊടിയിൽ കുളിച്ചു കിടക്കുന്നു. പലതും പാറ്റയുടെ തീറ്റിയും ചിതലിന്റെ മുതലുമായി മാറിക്കഴിഞ്ഞിരിക്കുകയാണു്. നാലഞ്ചുദിവസം രായും പകലും ആഹാര നീഹാരാദികൾപോലും വെടിഞ്ഞു് ആ പുരയ്ക്കുള്ളിൽ കഴിച്ചു. മുറിയിൽ നിന്നു പുറത്തു വന്നപ്പോൾ, മഠത്തിലെ കാരണവരായ പോറ്റി പുമുഖത്തിരിപ്പുണ്ടു്. അദ്ദേഹം മഹാതാന്ത്രികനാണു്. ''എന്താ എല്ലാം പഠിച്ചോ?-'' തെല്ലൊരു പുച്ഛരസത്തിൽ പോറ്റി ചോദിച്ചു. 'വേണ്ടതൊക്കെ പഠിച്ചു'- വിനയാന്വിതനായി കുഞ്ഞൻപിള്ള മറുപടി പറഞ്ഞു. 'ഒന്നു പരീക്ഷിക്കട്ടെ' എന്നായി പോറ്റി. ''ആവശ്യമെങ്കിൽ ആവാം''- കുഞ്ഞൻപിള്ള സന്നദ്ധത വ്യക്തമാക്കി. താന്ത്രികമായ ചില ചോദ്യങ്ങൾ പോറ്റി ചോദിച്ചു. സാധാരണഗതിയിൽ തന്ത്രപടുക്കൾക്കുപോലും ഉത്തരം നൽകാൻ പ്രയാസമുള്ള ചില വിധികളെക്കുറിച്ചാണു ചോദിച്ചതു്. എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായ മറുപടിയുണ്ടായി. പോറ്റി അദ്ഭുതസ്തബ്ധനായിപ്പോയി. അദ്ദേഹം ചാടിയെഴുന്നേറ്റു് കുഞ്ഞൻപിള്ളച്ചട്ടമ്പിയെ വന്ദിച്ചുകൊണ്ടു പറഞ്ഞു, ''അങ്ങു് മനുഷ്യനല്ല; സാക്ഷാൽ പരമശിവൻ തന്നെയാണു്'' എന്നു്.

മാതാവു ദിവംഗതയാവുന്നു

മാതാവായ നങ്ങമ്മപ്പിള്ള കുറച്ചുദിവസമായി രോഗശയ്യയിലായിരുന്നു. അമ്മയ്ക്കു് ആലസ്യം മൂർച്ഛിച്ചുവെന്നറിഞ്ഞു് കുഞ്ഞൻപിള്ള ഉള്ളൂർക്കോട്ടു വീട്ടിലെത്തി.

മകൻ മഹായോഗിയായി മാറിയതു കാണാനുള്ള മഹാഭാഗ്യം ആ മഹതിക്കുണ്ടായില്ലെങ്കിലും, സന്യാസിയായ മകന്റെ മടിയിൽ തലവച്ചു് ഇഹലോകത്തോടു വിടപറയാനുള്ള സൗഭാഗ്യം ആ പെറ്റമ്മയ്ക്കുണ്ടായി. ഒരു ദിവസം ജന്മഗൃഹത്തിൽ താമസിച്ചു് മാതാവിനെ പരിചരിച്ചു. മകന്റെ പരിചരണമേറ്റു് ആ പെറ്റമ്മ അന്ത്യശ്വാസം വലിച്ചു. ആ മഹതിയുടെ ആത്മാവു് സായുജ്യപദം പൂകിയിരിക്കും. ബ്രഹ്മശ്രീ ചട്ടമ്പിസ്വാമിതിരുവടികളെപ്പോലുള്ള ഒരു മഹായോഗിക്കു് ജന്മമരുളാൻ കഴിഞ്ഞതിൽ കൂടുതലായി മറ്റെന്തു സായൂജ്യമാണു് ആ മനസ്വിനിക്കുണ്ടാകേണ്ടതു്!? മാതാവിന്റെ സംസ്കാരങ്ങൾ കഴിഞ്ഞയുടനെ കുഞ്ഞൻപിള്ള വീടുവിട്ടിറങ്ങി. പിന്നീടൊരിക്കലും ആ വീട്ടിൽ അദ്ദേഹം കാലുകുത്തിയിട്ടില്ല. ഒരുപക്ഷെ, മാതാവിന്റെ അന്ത്യം കാലേകൂട്ടി കണ്ടറിഞ്ഞതുകൊണ്ടാകണം അദ്ദേഹം തിരുവനന്തപുരത്തുതന്നെ തങ്ങിയതു്. അന്നു് കുഞ്ഞൻപിള്ളയ്ക്കു് ഇരുപത്തിയെട്ടു വയസ്സായിരുന്നു പ്രായം.

ജീവന്മുക്തനാവുന്നു

മാതാവിന്റെ മരണശേഷം വീണ്ടുമൊരു ദേശാടനത്തിനൊരുങ്ങി. പരപ്പാർന്ന പാണ്ഡിത്യം പല വിഷയങ്ങളിലും നേടിയെങ്കിലും, അറിയേണ്ടതു് അറിയാൻ കഴിഞ്ഞിട്ടില്ലെന്നൊരു ശങ്ക കുഞ്ഞൻപിള്ളയെ അലട്ടിക്കൊണ്ടിരുന്നു. അതുകൂടി അറിഞ്ഞാലേ മനസ്സിനു സ്വസ്ഥത കിട്ടുകയുള്ളൂ എന്നൊരു തോന്നൽ. വീണ്ടുമൊരിക്കൽകൂടി മരുത്വാമലയിൽ പ്രവേശിച്ചു. ഏകാന്തധ്യാനത്തിനുവേണ്ടിയാണു് അങ്ങനെ ചെയ്തതു്. കുറച്ചുദിവസം അവിടെ തപസ്സനുഷ്ഠിച്ചു. പിന്നീടു് ദേശസഞ്ചാരത്തിനിറങ്ങി. ഇത്തവണ തെക്കൻതിരുവിതാംകൂറിലായിരുന്നു സഞ്ചാരം. പല സ്ഥലങ്ങളിലും ചുറ്റിക്കറങ്ങിയശേഷം, ഒരു ദിവസം നാഗർകോവിലിനടുത്തുള്ള വടിവീശ്വരം എന്ന ദേശത്തെത്തി. അവിടെ കുഞ്ഞൻപിള്ളച്ചട്ടമ്പി ഒരു സിദ്ധനെ കണ്ടെത്തി. സാധാരണക്കാരുടെ ദൃഷ്ടിയിൽ തികച്ചും പ്രാകൃതനായ ഒരു മനുഷ്യൻ! എച്ചിൽ വടിച്ചുതിന്നുന്ന കുട്ടികളോടും പട്ടികളോടുമൊത്തു് പാതവക്കിൽ നിൽക്കുന്നു! ആ വികൃതരൂപനെനോക്കി കുട്ടികൾ കൂവിവിളിക്കുന്നു. പക്ഷെ ആ പ്രാകൃതമനുഷ്യന്റെ മുഖത്തുനോക്കിയപ്പോൾ ഏതോ അവാച്യമായ ഒരനുഭൂതിയാണു് കുഞ്ഞൻപിള്ളയ്ക്കു് ഉണ്ടായതു്.

യോ വിലംഘ്യാശ്രമാൻ വർണ്ണാൻ
ആത്മന്യേവ സ്ഥിതഃ സദാ
അതിവർണ്ണാശ്രമീ യോഗീ
അവധൂതഃ സ കഥ്യതേ–

എന്ന അവധൂതലക്ഷണം നന്നേ ചേരുന്ന ഒരു മഹാത്മാവാണു് അദ്ദേഹമെന്നു് കുഞ്ഞൻപിള്ളയ്ക്കു് തോന്നി. എല്ലാം മറന്നു് കുഞ്ഞൻപിള്ള ആ പ്രാകൃതന്റെ നേർക്കു് ഓടിയടുത്തു. അതു ശ്രദ്ധിച്ച പ്രാകൃതൻ അവിടെനിന്നും ഓടിമറയാൻ ശ്രമിച്ചു. കുഞ്ഞൻപിള്ളയും കൂടെ ഓടി. എത്ര ദൂരം ഓടിയെന്നു് അറിഞ്ഞുകൂടാ. ശരീരത്തിനു് ക്ഷീണമോ വിയർപ്പോ അനുഭവപ്പെട്ടില്ല. ഓടുന്തോറും മനസ്സിനു് ആനന്ദവും ഉന്മേഷവുമാണു് തോന്നിയതു്. കുറേദൂരം ഓടിയ ശേഷം, വിജനമായ ഒരു മലഞ്ചരുവിൽ എത്തിയപ്പോൾ ആ പ്രാകൃതവേഷം പെട്ടെന്നു് നിന്നു. കുഞ്ഞൻപിള്ളയുടെ മുഖത്തുനോക്കി മന്ദഹസിച്ചുകൊണ്ടു് ഭ്രൂമദ്ധ്യത്തിൽ വിരലമർത്തി തെല്ലിടനിന്നു. ചെവിയിൽ എന്തോ മന്ത്രിച്ചു. കുഞ്ഞൻപിള്ളയുടെ മേലാകെ കോരിത്തരിച്ചു. വാഗതീതമായ ഒരു പരമാനന്ദത്തിൽ അന്തഃകരണം അലിഞ്ഞുചേർന്ന ഒരനുഭൂതി! കിട്ടേണ്ടതു കിട്ടിയെന്നൊരു തോന്നൽ. മനസ്സു് സംശയമുക്തമായി.

''ഭിദ്യതേ ഹൃദയഗ്രന്ഥിഃ
ഛിദ്യന്തേ സർവസംശയാഃ
ക്ഷീയന്തേ ചാസ്യ കർമ്മാണി''–

എന്ന സ്മൃതി വാക്യത്തിന്റെ പൊരുൾ അനുഭവിച്ചറിഞ്ഞു. പാദങ്ങളിൽ തൊട്ടു് ഭക്ത്യാദരപുരസ്സരം വന്ദിച്ചു് പൂർണ്ണകാമനായി കുഞ്ഞൻപിള്ള ഗുരുമുഖത്തുനോക്കിനിന്നു. സർവവും താനാണെന്നൊരു ബോദ്ധ്യം. ശിഷ്യന്റെ ശിരസ്സിൽ കൈവച്ചനുഗ്രഹിച്ചശേഷം ആ പ്രാകൃതമനുഷ്യൻ നിശ്ശബ്ദനായി നടന്നകന്നു. ഗുരുവായ ആ മഹായോഗി അങ്ങകലെ മറയുന്നതു് കുഞ്ഞൻപിള്ള ശാന്തനായി നോക്കിനിന്നു. അങ്ങനെ കുഞ്ഞൻപിള്ളച്ചട്ടമ്പി, ചട്ടമ്പിസ്വാമിയായി; ജീവന്മുക്തനായി.

വടിവീശ്വരത്തുനിന്നും നേരേ തിരുവനന്തപുരത്തേയ്ക്കായിരുന്നു മടക്കയാത്ര. ബന്ധുഭവനങ്ങളിലും, മിത്രഭവനങ്ങളിലുമായി കുറെ മാസങ്ങൾ തങ്ങി. തമ്പാനൂരുള്ള നന്ത്യാരുവീടു്, കല്ലുവീടു്, വഞ്ചിയൂരുള്ള ചാഞ്ഞാംവീടു്, മൂട്ടടയ്ക്കു സമീപമുള്ള ചിറ്റല്ലൂർവീടു്, അഞ്ചൽ സുപ്രണ്ടായിരുന്ന ശ്രീ നാഗൻപിള്ളയുടെ വീടു്, ദേവസ്വം കമ്മിഷണറായിരുന്ന ശ്രീ

അമ്പലപ്പുഴ കൃഷ്ണപിള്ളയുടെ വീടു്, (ഈ രണ്ടുവീടും വഴുതയ്ക്കാട്ടാണു്) ജഡ്ജി കൃഷ്ണപിള്ളയുടെ ശ്രീരംഗത്തുവീടു് എന്നിവ അക്കാലത്തു് സ്വാമികൾ പതിവായി വന്നു വിശ്രമിക്കാറുള്ള ഭവനങ്ങളായിരുന്നു. ഇതിനകംതന്നെ സ്വാമിതിരുവടികളുടെ പ്രശസ്തി നാടെങ്ങും പരന്നുകഴിഞ്ഞിരുന്നു. വടിവീശ്വരത്തുനിന്നും മടങ്ങിയെത്തിയ കുഞ്ഞൻപിള്ളച്ചട്ടമ്പി ഒരു സാധാരണക്കാരനല്ലെന്നു് പലർക്കും തോന്നി. അദ്ദേഹത്തെ സംശയദൃഷ്ടിയോടെ വീക്ഷിച്ചവരും ഇല്ലാതില്ല. എന്നാൽ പട്ടികൾക്കു സദ്യ കൊടുത്തതും, ശല്യക്കാരായ ഉറുമ്പുകളെയും, എലികളെയും, അണ്ണാനെയും മറ്റും വിളിച്ചുവരുത്തി ഉപദ്രവമുണ്ടാക്കരുതെന്നു് ഉപദേശിച്ചു മടക്കിഅയച്ചതും, ആതതായിയായി ആഞ്ഞടുത്ത കടുവായെ നമ്രശിരസ്സാക്കി തിരിച്ചയച്ചതും, മാറാരോഗംബാധിച്ച ആളിനെ ഒരു പൊട്ടുമരുന്നുകൊണ്ടു് അരോഗദൃഢഗാത്രനാക്കി മാറ്റിയതും മറ്റുമായ സംഭവങ്ങൾ നാടറിഞ്ഞതോടെ സംശയദൃക്കുകൾക്കും ചട്ടമ്പിസ്വാമിയിൽ ഭക്ത്യാദരങ്ങൾ വർദ്ധിച്ചു. പലരും ഉപദേശംവാങ്ങാൻ കൂടിത്തുടങ്ങി. സ്വാമികൾ അവരോടുപറഞ്ഞു, ''അക്കാര്യത്തിൽ ഞാൻ വലിയ ലുബ്ധനാണെ''ന്നു്. മുക്തിസാധകമായ മന്ത്രോപദേശം ചോദിക്കുന്നവർക്കൊക്കെ കൊടുക്കാനുള്ളതല്ലെന്നു് അവിടുത്തേയ്ക്കറിയാം. അതിനു് അർഹൻ ആരാണെന്നും ബോദ്ധ്യമുണ്ടു്. അങ്ങനെയുള്ള മൂന്നുപേർക്കേ അദ്ദേഹം അതുകൊടുത്തിട്ടുമുള്ളൂ.

കാഷായമോ, കമണ്ഡലുവോ ഇല്ലാത്ത സന്യാസിയായിരുന്നു ചട്ടമ്പിസ്വാമികൾ. ഒരു വെളുത്ത വസ്ത്രം ഉടുക്കും. ഒരു വെളുത്ത വസ്ത്രം പുതയ്ക്കും. അതാണു് ബാഹ്യവേഷം. മാറോളം ഞാന്നുകിടക്കുന്ന താടി. മുട്ടോളം നീളുന്ന ബാഹുയുഗളം. കഴുത്തിലൊരു രുദ്രാക്ഷമണിമാല. വലതുകൈയിലെ ചൂണ്ടാണിവിരലിലൊരു ഇരുമ്പുമോതിരം. സാമാന്യം വണ്ണമുള്ള ദീർഘദൃഢഗാത്രം. ഇളം ചെമപ്പുകലർന്ന വെളുപ്പുനിറം. കൈയിലൊരു വിശറിയും. ഇതാണു് സ്വാമികളുടെ രൂപം. പെട്ടെന്നു് കോപംവരും. ഉടനെ അതു് തണുക്കുകയും ചെയ്യും. സമസൃഷ്ടികളോടെല്ലാം ഒരുപോലെ വാത്സല്യം. ഭേദബുദ്ധി ആരോടുമില്ല. ഇവ അവിടുത്തെ സ്വഭാവ സവിശേഷതകളും.

ശിഷ്യന്മാർ

ചട്ടമ്പിസ്വാമികൾക്കു് നിരവധി ഗൃഹസ്ഥ ശിഷ്യന്മാരുണ്ടെങ്കിലും, സന്യാസി ശിഷ്യന്മാരായി മൂന്നുപേർ മാത്രമേയുള്ളൂ. ശ്രീനാരായണഗുരുസ്വാമികളും, ശ്രീ നീലക

ണ്ഠതീർത്ഥപാദസ്വാമികളും, തീർത്ഥപാദപരമഹംസ സ്വാമികളുമാണു് ആ മൂന്നുപേർ. ചട്ടമ്പിസ്വാമി തിരുവടികളുടെ പ്രഥമ ശിഷ്യനാകാനുള്ള പരമ സൗഭാഗ്യം ശ്രീനാരായണഗുരുദേവനാണു് ലഭിച്ചതു്.* ശ്രീനാരായണഗുരു 1856-ആഗസ്റ്റുമാസം 20-ാം തീയതി (കൊ: വ: 1032 ചിങ്ങം 11) ചതയം നക്ഷത്രത്തിൽ ജനിച്ചു. വീട്ടുകാരുടെ നിർബന്ധത്തിനുവഴങ്ങി വിവാഹബന്ധത്തിൽ ഏർപ്പെടേണ്ടിവന്നെങ്കിലും, നിത്യബ്രഹ്മചാരിയായിരുന്ന അദ്ദേഹം അന്നുതന്നെ ആ ബന്ധം വിച്ഛേദിച്ചു് സന്ന്യാസമാർഗ്ഗം സ്വീകരിക്കാൻ ഉഴറിനടക്കുന്ന കാലമായിരുന്നു അതു്. ഒരു സദ്ഗുരുവിനെ കണ്ടുപിടിക്കാനുള്ള ശ്രമത്തിലായിരുന്നു, അദ്ദേഹം. ആയിടയ്ക്കാണു് ചട്ടമ്പിസ്വാമികൾ അണിയൂർ ക്ഷേത്രത്തിൽ വിശ്രമിക്കുന്നതായി അറിഞ്ഞതു്. തന്റെ സുഹൃത്തായ കൊടിപ്പറമ്പിൽ നാരായണപിള്ളയെ തുണകൂട്ടി ചട്ടമ്പിസ്വാമികളെ കാണാൻചെന്നു. നാരായണപിള്ള 'നാണു'വിനെ സ്വാമികൾക്കു പരിചയപ്പെടുത്തി. ആഗമനോദ്ദേശ്യം അറിയിച്ചു. സന്ന്യാസദാനത്തിനു് ഉത്തമാധികാരിയാണു് നാണുവെന്നു് പ്രഥമദർശനത്തിൽത്തന്നെ സ്വാമികൾക്കു ബോധ്യമായി. അതുകൊണ്ടു് ശിഷ്യത്വം നൽകി അനുഗ്രഹിച്ചു. ക്രിസ്തുവർഷം 1883-ൽ (കൊല്ലവർഷം 1058) ആയിരുന്നു ഈ സംഭവങ്ങൾ നടന്നതു്. അന്നു ചട്ടമ്പിസ്വാമികൾക്കു് മുപ്പതും. നാണു ഗുരുവിനു് ഇരുപത്തിയേഴും വയസ്സായിരുന്നു പ്രായം. മുപ്പതാമത്തെ വയസ്സിൽ ശിഷ്യർക്കു് മഹാവാക്യതത്ത്വോപദേശം നൽകത്തക്കവണ്ണം ചട്ടമ്പിസ്വാമികളുടെ ബ്രഹ്മവിദ്യാരത്നം പൂർണ്ണതപ്രാപിച്ചിരുന്നു എന്നാണു് ഈ സംഭവം സൂചിപ്പിക്കുന്നതു്. ഈയൊരു ജന്മംകൊണ്ടുമാത്രം നേടിയെടുത്ത ഒരു സിദ്ധിവിശേഷമല്ല അതു്. കഴിഞ്ഞ പല ജന്മങ്ങളിൽ തുടർന്നുപോന്ന മനസ്സിന്റെ ഋഷിത്വം ഈ ജന്മത്തിൽ മൂന്നുപതിറ്റാണ്ടുകൂടി കഴിഞ്ഞപ്പോൾ പൂർണ്ണതനേടി എന്നുകരുതുന്നതാവും ശരി. അല്ലെങ്കിൽ ഇത്രയും കുറഞ്ഞ കാലംകൊണ്ടു് ഈ ബ്രഹ്മവിദ്യാരത്നം നേടാൻ കഴിയുമായിരുന്നില്ല. അതുകൊണ്ടുതന്നെ ആയിരിക്കണം യോഗിയായിത്തീർന്നശേഷം ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമിതിരുവടികളുടെ സമാധിയെ അനുസ്മരിച്ചു് 'ശുകവർത്മനാ ആഭാതി പരമവ്യോമ്നി' എന്നു് രേഖപ്പെടുത്തിയതു്.

---

*ഈ ഗുരുശിഷ്യബന്ധത്തെപ്പറ്റിയുള്ള വിശദമായ ചർച്ച മറ്റൊരദ്ധ്യായത്തിൽ ചേർത്തിട്ടുണ്ടു്.

ചട്ടമ്പിസ്വാമികൾ, ശ്രീനാണുഗുരുസ്വാമിയെ തന്റെ സന്തതസഹചാരിയാക്കി. ശിഷ്യനോടു് അതീവ സ്നേഹവാത്സല്യങ്ങളാണു് അവിടുത്തേയ്ക്കുണ്ടായിരുന്നതു്. 'നാണൻ' എന്ന ഓമനപ്പേരിലായിരുന്നു സ്വാമികൾ അദ്ദേഹത്തെ വിളിച്ചിരുന്നതും. ഏതാനും മാസങ്ങൾക്കുശേഷം നാണനു് ബ്രഹ്മോപദേശം നൽകി അനുഗ്രഹിച്ചു. ബാലാസുബ്രഹ്മണ്യമന്ത്രമായിരുന്നു ഉപദേശിച്ചതു്. യോഗാഭ്യാസമുറകളും പഠിപ്പിച്ചു. ഖേചരീമുദ്രയും ശീലിപ്പിച്ചു. വർഷങ്ങൾക്കുശേഷം, കൊല്ലവർഷം 1073 (ക്രി: വ 1898) മീനമാസം 16-ാം തീയതി ബുധനാഴ്ച പ്രഭാതത്തിൽ ശ്രീ തീർത്ഥപാദസ്വാമികൾക്കു് ബാലാസുബ്രഹ്മണ്യമന്ത്രം ഉപദേശിച്ച സമയത്തു് "ഇതു് നമ്മുടെ പരമ്പരയിലെ ഏറ്റവും രഹസ്യവും, പ്രാധാന്യമേറിയതുമായ ഒരു സിദ്ധമന്ത്രമാണു്. ഞാൻ ഇതു് അധികം ആളുകൾക്കു് ഉപദേശിച്ചിട്ടില്ല. ആദ്യം നാണനു് ഇതു് ഉപദേശിച്ചുകൊടുത്തു. അയാളിൽ അതു വളരെ ഫലിച്ചു" എന്നു് ശ്രീചട്ടമ്പിസ്വാമികൾതന്നെ ഇക്കാര്യത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ടു്.[1]

ചട്ടമ്പിസ്വാമികൾ പോകുന്നിടത്തെല്ലാം ശിഷ്യനെക്കൂടിക്കൊണ്ടുപോവുകപതിവായിരുന്നു. നെയ്യാറ്റിൻകരയിലും അരുവിപ്പുറത്തും പലപ്പോഴും രണ്ടുപേരും വിശ്രമിക്കാറുണ്ടായിരുന്നു. അരുവിപ്പുറത്തുവച്ചാണു് സ്വാമികൾ ശ്രീനാരായണഗുരുവിനു് ബാലാസുബ്രഹ്മണ്യമന്ത്രം ഉപദേശിച്ചതു്. വാമനപുരത്തു് ആറ്റുപുറത്തുവച്ചാണു് ഉപദേശം നൽകിയതെന്നു് ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളതു ശരിയായിരിക്കാൻ വഴിയില്ല. ക്രി: വ. 1888 ൽ (കൊ: വ. 1063) അരുവിപ്പുറത്തു ശിവപ്രതിഷ്ഠ നടത്തിയശേഷം "എനിക്ക് ഗുരു ഉപദേശം നൽകിയ സ്ഥാനത്തു് ഗുരുവിനെ ശിവനായി സങ്കല്പിച്ചു് നാം ശിവപ്രതിഷ്ഠ നടത്തി" എന്നു് ശ്രീനാരായണഗുരുദേവൻതന്നെ അരുളിച്ചെയ്തതായി പറയപ്പെടുന്ന സംഭവം ഇതിനു തെളിവാണു്. ചട്ടമ്പിസ്വാമികളും നാണുഗുരുസ്വാമിയും പലപ്പോഴും വിശ്രമിക്കാറുള്ള അരുവിപ്പുറത്തു് ക്ഷേത്രം പണിയാനുള്ള സ്ഥലം ചട്ടമ്പിസ്വാമികൾ കാണിച്ചുകൊടുക്കുകയും, ക്ഷേത്രം പണിയേണ്ട രീതി ഗുരുദേവനു പറഞ്ഞുകൊടുക്കുകയും, ചെയ്ത സംഭവങ്ങൾ തനിക്കു നേരിട്ടറിയാവുന്നതാണെന്നു് രണ്ടുപേരിലും ഭക്തിവിശ്വാസങ്ങളുണ്ടായിരുന്ന ശ്രീ കരുവാ

1. 'ശ്രീ തീർത്ഥപാദ പരമഹംസസ്വാമികൾ.' – ഒന്നാംഭാഗം. പുറം 55

കൃഷ്ണനാശാൻ രേഖപ്പെടുത്തിയിട്ടുണ്ട്[1] ഇതും, മഹാവാക്യോപദേശദാനം നടന്നതു് അരുവിപ്പുറത്തുവച്ചാണെന്ന വസ്തുതയെ ബലപ്പെടുത്തുന്നു. 1883-ൽ ആരംഭിച്ച ഈ ഗുരുശിഷ്യബന്ധം ചട്ടമ്പിസ്വാമികളുടെ സമാധിപര്യന്തമുള്ള നാല്പത്തിയൊന്നുവർഷവും യഥാവിധി തുടർന്നു. ചട്ടമ്പിസ്വാമികളോടു് അളവറ്റ ഭക്ത്യാദരങ്ങളാണു് ഗുരുദേവനുണ്ടായിരുന്നതു്. 1924-ൽ ബ്രഹ്മശ്രീ ചട്ടമ്പിസ്വാമികൾ ബ്രഹ്മവിലയം പ്രാപിച്ചപ്പോൾ പ്രഥമശിഷ്യനായ ശ്രീനാരായണഗുരു ശിവഗിരിമഠത്തിൽ വിശ്രമിക്കുകയായിരുന്നു. വിവരം അവിടെ അറിയിച്ചപ്പോൾ ഗുരുസമാധി യെക്കുറിച്ചു്

സർവജ്ഞഃ ഋഷിരുത്ക്രാന്തഃ
സദ്ഗുരുശ്ശുകവർത്മനാ
ആഭാതി പരമവ്യോമ്നി
പരിപൂർണ്ണകലാനിധിഃ

ലീലയാ കാലമധികം
നീത്വാന്തേ സഃമഹാപ്രഭുഃ
നിസ്വംവപുസ്സമുൽസൃജ്യ
സ്വം ബ്രഹ്മവപുരാസ്ഥിതഃ

എന്നു് രണ്ടു് അനുഷ്ടുപ് ശ്ലോകമെഴുതി അയച്ചു. ഒരു ഋഷിയെക്കുറിച്ചു് മറ്റൊരു ഋഷിയെഴുതിയ ഒരു സംക്ഷിപ്തജീവചരിത്രം! ചട്ടമ്പിസ്വാമികളുടെ മഹത്വാതിശയങ്ങളെക്കുറിച്ചു് എത്ര അഗാധമായി ഗുരുദേവൻ ഗ്രഹിച്ചിരിക്കുന്നു! ഗുരുവിനോടുള്ള ഭക്ത്യാദരങ്ങളും ഇവിടെ വ്യക്തമാണു്. ഗുരുവിന്റെ മഹാസമാധിക്കുശേഷം അഞ്ചു സംവത്സരംകൂടി ജീവനലീല തുടർന്നശേഷം 1928 (കൊല്ലവർഷം 1104) കന്നി 5-ാം തീയതി ശ്രീനാരായണഗുരുദേവൻ മഹാസമാധിപ്രാപിച്ചു.

ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികളാണു് ചട്ടമ്പിസ്വാമികളുടെ ദ്വിതീയശിഷ്യൻ. 1893-ൽ തിരുവടികൾ മൂവാറ്റുപുഴയിൽ, മുൻസിഫ്കോർട്ട് ക്ലാർക്കായിരുന്ന തൈലോത്തു നാരായണപിള്ളയുടെ വീട്ടിൽ വിശ്രമിക്കുന്ന കാലത്താണു് നീലകണ്ഠതീർത്ഥപാദർ ആദ്യമായി അവിടുത്തെ കാണുന്നതും, അവിടുത്തെ സിദ്ധിവിശേഷങ്ങളിൽ ആകൃഷ്ടനാ

1. സ്മരണകൾ.7. അനുബന്ധം നോക്കുക.

കുന്നതും. മൂവാറ്റുപുഴയിൽ മാറായിഗ്രാമത്തിലുള്ള വാളാനിക്കാട്ട് എന്ന പ്രസിദ്ധ നായർത്തറവാട്ടിൽ 1872 (കൊ:വ.1047) ഇടവം 13-ാം തീയതി നീലകണ്ഠതീർത്ഥപാദർ ഭൂജാതനായി. കല്യാണിഅമ്മയും നീലകണ്ഠപ്പിള്ളയുമായിരുന്നു മാതാപിതാക്കന്മാർ. നാലുപെൺമക്കളും മൂന്നു് ആൺമക്കളും ആ ദമ്പതികൾക്കുണ്ടായി. ആൺമക്കളിൽ ഇളയ ആളായിരുന്നു നീലകണ്ഠതീർത്ഥപാദർ. സന്യസിക്കുന്നതിനുമുമ്പു് കൊച്ചു നീലകണ്ഠപ്പിള്ള എന്നായിരുന്നു പേരു്. വിഷവൈദ്യം, മർമ്മവിദ്യ, ജ്യോതിഷം എന്നിവയിൽ പ്രസിദ്ധിയാർജ്ജിച്ച ഒരു കുടുംബമായിരുന്നു അച്ഛന്റേതു്. പിതാവിൽനിന്നു് ജ്യോതിഷവും, വിഷവൈദ്യവും കൊച്ചുനീലകണ്ഠപ്പിള്ള വശമാക്കി. ചില മന്ത്രങ്ങളും സിദ്ധിവരുത്തിയിരുന്നു. പുറപ്പെട്ടുപോയവരെ മന്ത്രശക്തികൊണ്ടു് ആകർഷിച്ചു വരുത്തുക, കടിച്ചപാമ്പിനെ വരുത്തി വിഷമിറക്കുക, എന്നിങ്ങനെ പല അദ്ഭുതകൃത്യങ്ങളും യൗവനാരംഭകാലത്തു് അദ്ദേഹം കാണിച്ചിട്ടുണ്ടത്രേ. വിഷവൈദ്യത്തിൽ കൂടുതൽ പരിജ്ഞാനം നേടാൻ വേണ്ടിയാണു് നീലകണ്ഠപ്പിള്ള ചട്ടമ്പിസ്വാമികളെ കാണാൻ പോയതു്. ചില സംശയങ്ങൾ ചോദിച്ചു. എല്ലാത്തിനും ശാസ്ത്രീയമായ വിശദീകരണം സ്വാമികളിൽ നിന്നുണ്ടായി. വിഷവൈദ്യത്തിൽ ചട്ടമ്പിസ്വാമികൾക്കുണ്ടായിരുന്ന അസാധാരണ വൈദുഷ്യം കൊച്ചുനീലകണ്ഠപ്പിള്ളയെ വിസ്മയപരതന്ത്രനാക്കി. സ്വാമികളെക്കുറിച്ചു് നേരത്തേ കേട്ടറിഞ്ഞുമാത്രം തോന്നിയിരുന്ന ഭക്ത്യാദരങ്ങൾ അതോടെ ശതഗുണീഭവിച്ചു. പക്ഷേ, കൊച്ചുനീലകണ്ഠപ്പിള്ളയുടെ മനസ്സിനു് ഒരു പുതിയ വഴിത്തിരിവുണ്ടാക്കിയതു്, സ്വാമികൾ തുടർന്നു പറഞ്ഞ തിരുവായ്മൊഴികളാണു്. വിഷവൈദ്യത്തിലെ ഉപരിപാഠ രഹസ്യങ്ങൾ വശപ്പെടുത്താൻ വെമ്പൽപൂണ്ടുനില്ക്കുന്ന കൊച്ചുനീലകണ്ഠപ്പിള്ളയുടെ മുഖത്തുസൂക്ഷിച്ചുനോക്കിക്കൊണ്ടു് ചട്ടമ്പിസ്വാമികൾ പറഞ്ഞതിങ്ങനെയാണു്. "സർപ്പവിഷം സാരമില്ല. അതു നിസ്സാരമായി പരിഹരിക്കാം. പരിഹരിക്കാൻ പ്രയാസമുള്ള മറ്റൊരു വിഷമുണ്ടു്- സംസാരവിഷം. അതുപരിഹരിക്കാനുള്ള മന്ത്രങ്ങളാണു് പഠിക്കേണ്ടതു്." ഈ വാക്യങ്ങൾ, ഇരുപത്തിഒന്നു വയസ്സുമാത്രം പ്രായമുള്ള കൊച്ചുനീലകണ്ഠപ്പിള്ളയുടെ മനസ്സിൽ തറയ്ക്കുക തന്നെ ചെയ്തു. പിന്നീടു് പലപ്പോഴും സ്വാമിയെ ചെന്നുകാണുകയും, ആ സാമീപ്യസൗഖ്യം അനുഭവിക്കുകയും ചെയ്യുക പതിവായി. ഒരുദിവസം സ്വാമിതിരുവടികൾ

കൊച്ചുനീലകണ്ഠപ്പിള്ളയുടെ ചെവിയിൽ ഏതോ മന്ത്രോപദേശം ചെയ്തു് ശിഷ്യത്വം നൽകി ആശീർവദിച്ചു. അന്നു മുതൽ കൊച്ചുനീലകണ്ഠപ്പിള്ള, നീലകണ്ഠതീർത്ഥപാദരായി. ചില യോഗസാധനകൾ പറഞ്ഞുകൊടുത്തു. തമിഴിലും സംസ്കൃതത്തിലുമുള്ള ചില ഗ്രന്ഥങ്ങൾ വായിച്ചുമനസ്സിലാക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു.

വിജ്ഞാനനിധിയായ ഒരു പണ്ഡിതസന്യാസിയായിരുന്നു നീലകണ്ഠതീർത്ഥപാദർ. അദ്ദേഹത്തിന്റെ സംസ്കൃത ഗ്രന്ഥങ്ങൾ വിദേശങ്ങളിൽപ്പോലും മാനിക്കപ്പെടുന്നു. ഗുരുവിനെപ്പോലെതന്നെ സർവജ്ഞനായിരുന്നു ശിഷ്യനും. ചട്ടമ്പിസ്വാമികൾ സമാധിയടയുന്നതിനു മൂന്നുവർഷം മുൻപു്, 1921-ൽ, നാല്പത്തി ഒൻപതാമത്തെ വയസ്സിൽ നീലകണ്ഠതീർത്ഥപാദർ സമാധിയായി.

മൂന്നാമത്തെ സന്യാസിശിഷ്യൻ ബ്രഹ്മശ്രീ തീർത്ഥപാദപരമഹംസസ്വാമികളാണു്. സന്യസിക്കുന്നതിനുമുമ്പു്, നാണുക്കുറുപ്പു് എന്നായിരുന്നു നാമം. വടക്കൻ പറവൂരിൽ വടക്കേക്കരമഠം എന്നൊരു സുപ്രസിദ്ധമായ നായർത്തറവാടുണ്ടു്. പ്രാചീനമായ ഒരു തറവാടാണതു്. പ്രതാപവും സമ്പൽസമൃദ്ധിയും വേണ്ടുവോളമുള്ള ഒരു ഭവനം. അവിടെയാണു് തീർത്ഥപാദസ്വാമികൾ ജനിച്ചതു്. ക്രിസ്തുവർഷം 1881 ഒക്ടോബർ 19-ാം തീയതിയായിരുന്നു ജനനം. ബാല്യം മുതൽതന്നെ ശരീരശുദ്ധിയിലും പൂജാദികാര്യങ്ങളിലും തത്പരനായിരുന്നു. കൗമാരകാലത്തു് ചേന്നമംഗലത്തായിരുന്നു പഠിച്ചിരുന്നതു്. അവിടെവച്ചു് പല മഹദ് വ്യക്തികളേയും പരിചയപ്പെടാൻ അദ്ദേഹത്തിനു കഴിഞ്ഞു. അക്കൂട്ടത്തിൽ ഒരാളായിരുന്നു കൊച്ചിവേലുപ്പിള്ള എന്ന അഭിഭാഷകൻ. തീർത്ഥപാദസ്വാമികൾ പലപ്പോഴും കൊച്ചി വേലുപ്പിള്ളയുടെ ഭവനത്തിൽ പോവുകയും ചില രാത്രികളിൽ അവിടെത്തന്നെ കഴിച്ചുകൂട്ടുകയും ചെയ്യുക പതിവാണു്. അത്തരം സന്ദർഭങ്ങളിൽ അവർ പല വിഷയങ്ങളെക്കുറിച്ചും സംസാരിക്കും. ഒരിക്കൽ വേലുപ്പിള്ള ചട്ടമ്പിസ്വാമികളുടെ അപദാനങ്ങളെക്കുറിച്ചു വർണ്ണിച്ചുപറഞ്ഞു. സ്വാമിയുടെ ഒരു ഭക്തനായിരുന്നു വേലുപ്പിള്ള. അങ്ങനെയാണു് തീർത്ഥപാദസ്വാമികൾ (നാണുക്കുറുപ്പു്) ചട്ടമ്പിസ്വാമികളെക്കുറിച്ചു് ആദ്യമായി കേൾക്കുന്നതു്.

ഒരു ദിവസം രാത്രി പതിവുപോലെ അത്താഴം കഴിഞ്ഞു് നാണുക്കുറുപ്പു് വേലുപ്പിള്ളയുടെ ഭവനത്തിൽ ഉറങ്ങാൻ

കിടന്നു. ഉറക്കമാരംഭിച്ചപ്പോൾ കണ്ണിൽ ഒരു വെട്ടമടിക്കുന്നു. നാണുക്കുറുപ്പ് കണ്ണുതുറന്നുനോക്കി. കൈയിൽ ഒരു റാന്തലുമായി വിനയഭാവത്തിൽ ഒരാൾ മുന്നിലും, ഒരു വെള്ളവസ്ത്രമുടുത്ത് മറ്റൊരു വെള്ളവസ്ത്രം പുതച്ച് ശാന്തഗംഭീരനായി മറ്റൊരാൾ പിന്നിലും നില്ക്കുന്നതാണ് നാണുക്കുറുപ്പ് കണ്ടത്. പിന്നിൽ നില്ക്കുന്ന ആൾ, താൻ കേട്ടറിഞ്ഞിട്ടുള്ള ചട്ടമ്പിസ്വാമികൾ തന്നെയാണെന്ന് കുറുപ്പിനു തോന്നി. കുറുപ്പ് ആ ഗംഭീരപുരുഷനെ സാഷ്ടാംഗം പ്രണമിച്ചു. ആ ബാലനെ പിടിച്ചെഴുന്നേൽപ്പിച്ച് നെറുകയിൽ തടവിക്കൊണ്ട് ആ മഹാപുരുഷൻ ചോദിച്ചു "നീ എന്നെ അറിയുമോ" എന്ന്. "കണ്ടിട്ടില്ലെങ്കിലും അറിയും" എന്നായിരുന്നു മറുപടി."എങ്ങനെ അറിയും" എന്നായി ആഗതൻ. "കുടൽ വെളിയിലെടുത്തു കഴുകുകയും, ചോവന്മാരെ തൊട്ടുണ്ണുകയും ചെയ്യുന്ന ചട്ടമ്പിസ്വാമിയാണെന്നറിയാം" അല്പം ലജ്ജയോടെ നാണുക്കുറുപ്പ് നിറുത്തിനിറുത്തി പറഞ്ഞു. നാണുക്കുറുപ്പിന്റെ മുഖം ഭക്തികൊണ്ടു വിടർന്നു. "ചോവന്മാരെ തൊടാതെ തന്നെയാണ് ഞാൻ ഉണ്ണുന്നതു" ചിരിച്ചുകൊണ്ട് ചട്ടമ്പിസ്വാമികൾ പറഞ്ഞു. "ആർക്കും ആരുടെ ചോറും ഉണ്ടുകൂടേ-?" സ്വാമികൾ ചോദിച്ചു. ഭക്തിബഹുമാനങ്ങൾകൊണ്ടു മരവിച്ചുനിന്നതല്ലാതെ, നാണുക്കുറുപ്പ് മറുപടിയൊന്നും പറഞ്ഞില്ല. "നീ എന്റെ കൂടെ പോരുന്നോ?"സ്വാമികൾ ചോദിച്ചു. "ഇതാ പോന്നിരിക്കുന്നു"- ഒരു താമസവുമുണ്ടായില്ല മറുപടി കിട്ടാൻ "ഇപ്പോൾ പഠിക്കൂ. പിന്നീടൊരിക്കൽ ഞാൻ കൊണ്ടുപൊയ്ക്കൊള്ളാം"- സ്വാമിതിരുവടികൾ പറഞ്ഞു. ആദ്യത്തെ കൂടിക്കാഴ്ച അങ്ങനെ അവസാനിച്ചു. നാണുക്കുറുപ്പിനു് അന്നു് പതിനാറുവയസ്സാണു പ്രായം. സന്യാസദാനത്തിനു് സർവഥാ സമർഹനാണു് ആ ബാലനെന്നു് പ്രഥമദർശനത്തിൽത്തന്നെ സ്വാമികൾക്കു മനസ്സിലായിരിക്കണം.

നാണുക്കുറുപ്പിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു ഈ സംഭവം. അന്നുമുതൽ സ്വാമിയുമായുള്ള സന്തതസഹവാസത്തിനു് അദ്ദേഹത്തിന്റെ മനസ്സു ദാഹിച്ചു. ചട്ടമ്പിസ്വാമികൾ എവിടെ വിശ്രമിച്ചാലും അവിടെച്ചെന്നു് അവിടുത്തെ കാണുക പതിവാക്കി. ഒരനുകൂല സാഹചര്യത്തിൽ ബാലാസുബ്രഹ്മണ്യമന്ത്രോപദേശം ചെയ്തു് സ്വാമികൾ അദ്ദേഹത്തെ അനുഗ്രഹിച്ചു. 1898 (കൊ: വ: 1073) മീനമാസം 16-ാം തിയതി പ്രഭാതത്തിലായിരുന്നു ഈ സംഭവം.

അന്നുമുതൽ മഠത്തിൽ നാണുക്കുറുപ്പ്, തീർത്ഥപാദസ്വാമിയായി മാറി.

ചട്ടമ്പിസ്വാമികളോടു് അതീവ ഭക്ത്യാദരങ്ങളുള്ള ഒരു ശിഷ്യനായിരുന്നു തീർത്ഥപാദപരമഹംസസ്വാമികൾ. തിരുവടികൾക്കു് ഇങ്ങോട്ടു നിറഞ്ഞ വാത്സല്യവുമായിരുന്നു. ചട്ടമ്പിസ്വാമികൾ പറയാറുണ്ടായിരുന്നു, "തീർത്ഥനെ കണ്ടാലുടൻ ഞാൻ നല്ല സ്ഥലത്തേയ്ക്കു മാറി നില്ക്കു"മെന്നു്. കാരണം, ചട്ടമ്പിസ്വാമികൾ എവിടെ നിന്നാലും അവിടെവീണുകിടന്നു് തീർത്ഥപാദസ്വാമികൾ നമസ്കരിക്കും– ചെളിയിലായാലും, കല്ലിലായാലും, വെള്ളത്തിലായാലും. ചട്ടമ്പിസ്വാമികളുടെ ആദർശങ്ങളും സന്ദേശങ്ങളും നാടെമ്പാടും പ്രചരിപ്പിക്കാൻ അനവരതം യത്നിച്ച മഹാത്മാവാണദ്ദേഹം. തീർത്ഥപാദസമ്പ്രദായത്തിനു പ്രചാരണം നൽകിയതും, തീർത്ഥപാദാശ്രമങ്ങൾ സ്ഥാപിച്ചതും അദ്ദേഹംതന്നെയായിരുന്നു. ചട്ടമ്പിസ്വാമികളിൽനിന്നു് പ്രചോദനമുൾക്കൊണ്ടു് സാമൂഹികോന്നമനപരമായ പല പരിപാടികളും അദ്ദേഹം ആസൂത്രണം ചെയ്തിട്ടുണ്ടു്. ബ്രഹ്മവിദ്വരനായ ബ്രഹ്മശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ അവസാന ശിഷ്യനെന്ന പദവിക്കർഹനായ തീർത്ഥപാദസ്വാമികൾ കൊല്ലവർഷം 1114 (ക്രി: വ: 1939) ചിങ്ങമാസം 26–ാം തിയതി മഹാസമാധി പ്രാപിച്ചു.

സാമൂഹികരംഗത്തേയ്ക്കു്

സർവസംഗപരിത്യാഗികളാണെങ്കിലും സന്യാസിമാർക്കു് സമൂഹത്തോടു പ്രതിബദ്ധതയുണ്ടു്. വർഗ്ഗീയ സമൂഹങ്ങളെ അവർ കാര്യമായി കരുതാറില്ല. മനുഷ്യസമൂഹത്തിന്റെ ഉന്നമനമാണു് അവരുടെ ലക്ഷ്യം. അതിന്റെ ഉന്നതിക്കുവേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാറുമുണ്ടു്. സത്യത്തിൽ നാം ഇന്നനുഭവിക്കുന്ന എല്ലാ സാമൂഹിക നന്മകൾക്കും ഉത്തരവാദികൾ ഒരർത്ഥത്തിൽ അവർ തന്നെയല്ലേ? മനുഷ്യസമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ശ്രീ ചട്ടമ്പിസ്വാമികളും പലതും പ്രവർത്തിച്ചിട്ടുണ്ടു്. കേരളീയ സമൂഹത്തിന്റെ, പ്രത്യേകിച്ചും ഹിന്ദുസമൂഹത്തിന്റെ പരിവർത്തനചരിത്രത്തിനു് അദ്ദേഹം നൽകിയ സംഭാവനകൾ വിലപ്പെട്ടവയാണു്. ഒരു സമൂഹത്തിന്റെയും നേതൃത്വം അദ്ദേഹം ഏറ്റെടുത്തില്ല. എങ്കിലും ഹിന്ദുസമൂഹത്തിന്റെയും

ഹൈന്ദവസംസ്കാരത്തിന്റെയും നവോത്ഥാനത്തിനു മാർഗ്ഗ ദർശനം നൽകിയതു് അദ്ദേഹമാണു്. സ്വാമികൾ നായന്മാരുടെ പൂർവചരിത്രം എടുത്തുകാണിച്ചു് അവരെ ബ്രാഹ്മണാധിപത്യ ത്തിൽനിന്നു മോചിപ്പിക്കുകമാത്രമേ ചെയ്തിട്ടുള്ളു എന്നു് പ്രാമാണികനായ ഒരു ഈഴവസുഹൃത്തു്, ഒരിക്കൽ എന്നോടു പറയുകയുണ്ടായി. ശ്രീനാരായണഗുരുദേവനു് ക്ഷേത്രപ്രതി ഷ്ഠചെയ്യാനുള്ള അർഹത സിദ്ധിച്ചതും ചട്ടമ്പിസ്വാമികളുടെ പ്രവർത്തനം മൂലമാണെന്നു് ഞാനതിനു മറുപടിയും പറഞ്ഞു.

ചട്ടമ്പിസ്വാമികൾ ജീവിച്ചിരുന്ന കാലത്തു് ഹൈന്ദവസ മൂഹത്തിൽ ആകെ ഒരു ജീർണ്ണത പടർന്നു പിടിച്ചിരുന്നു. ഹിന്ദുക്കൾതന്നെ സവർണ്ണരെന്നും അവർണ്ണരെന്നും രണ്ടുവി ഭാഗം. അവർണ്ണരെ മനുഷ്യരായിപ്പോലും പരിഗണിച്ചിരുന്നില്ല. അവർക്കു് സവർണ്ണഗൃഹങ്ങളിൽ കയറിക്കൂടാ. സവർണ്ണരോ ടൊപ്പമിരുന്നു പഠിച്ചുകൂടാ. സവർണ്ണരെ തൊട്ടുകൂടാ, തീണ്ടി ക്കൂടാ. അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണു് അന്നു് സമൂഹത്തെ ഭരിച്ചിരുന്ന ശക്തികൾ. ആംഗലവിദ്യാഭ്യാസ ത്തിന്റെ സാർവത്രികമായ പ്രചാരവും, ക്രിസ്തീയ മിഷണറി മാരുടെ ആസൂത്രിത തന്ത്രങ്ങളുംകൊണ്ടു് ഹിന്ദുമത സിദ്ധാന്ത ങ്ങളും പാരമ്പര്യങ്ങളും നിരാകരിക്കപ്പെട്ടിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച ഹിന്ദു യുവാക്കൾതന്നെ ഹിന്ദുമതാചാ രങ്ങളെ അവഗണിക്കുകയും അപവദിക്കുകയും ചെയ്തു. സവർണ്ണഹിന്ദുക്കളുടെ പീഡനം സഹിക്കാനാവാതെ ഈഴവ രുൾപ്പെടെയുള്ള ഹിന്ദുക്കളിൽ ഒരുവിഭാഗം ക്രിസ്തുമതം സ്വീകരിക്കാൻ ശ്രമം തുടങ്ങി. എല്ലാ മനുഷ്യർക്കും ധാർമ്മിക ജീവിതത്തിനു് അത്യന്താപേക്ഷിതമായ വേദപഠനം ഒരു വിഭാ ഗക്കാരുടെ കുത്തകയായി മാറിക്കഴിഞ്ഞിരുന്നു. പൂണുനൂൽ ധരിക്കാത്തവർക്കാർക്കും വേദം പഠിച്ചുകൂടാ, ചൊല്ലിക്കൂടാ. ഇതിനെല്ലാം പുറമേ, ബ്രാഹ്മണാധിപത്യം എല്ലാ തുറകളിലും കൊഴുത്തു വളരാനും തുടങ്ങി. ഇവയ്ക്കെതിരെ പ്രതികരി ക്കാൻതന്നെ സ്വാമികൾ തീരുമാനിച്ചു. ഹിന്ദുക്കൾ ജാതി തിരിഞ്ഞും, വർണ്ണം തിരിഞ്ഞും വിഘടിച്ചുനില്ക്കുന്നതു് ശരി യല്ലെന്നു് അദ്ദേഹം പ്രഖ്യാപിച്ചു. അവിടുന്നു് നേരിട്ടിറങ്ങി പ്രഖ്യാപിക്കുകയല്ല ചെയ്തതു്, തന്റെ ഗൃഹസ്ഥശിഷ്യന്മാരും വാഗ്മികളുമായ കാളിയാങ്കൽ നീലകണ്ഠപ്പിള്ള, കരുവാ കൃഷ്ണനാശാൻ മുതലായവർ മുഖാന്തിരം തന്റെ ആശയ ങ്ങൾ പ്രചരിപ്പിക്കുകയാണു ചെയ്തതു്. നായർ, ഈഴവർ, നാടാർ, പുലയർ, പറയർ മുതലായ എല്ലാ ഹിന്ദുവിഭാഗങ്ങ

ളേയും ഒരുമിച്ചുചേർത്തു് ഒറ്റ ഹൈന്ദവ സമൂഹമുണ്ടാക്കുക യായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അർത്ഥശൂന്യമായ ജാതിചിന്തകൾക്കു് അതീതനായിരുന്നു, അവിടുന്നു്. മനുഷ്യൻ ഒരു ജാതിയാണെന്നായിരുന്നു അവിടുത്തെ അഭിപ്രായം. സ്വന്തം ജീവിത ശൈലികൊണ്ടു് സ്വാമികൾ അതു തെളിയി ക്കുകയും ചെയ്തു. നായരെന്നോ, ഈഴവനെന്നോ. അവിടു ത്തേയ്ക്കു വ്യത്യാസമില്ല. പറയനെന്നോ പുലയനെന്നോ ഭേദ മില്ല. അവിടുത്തെ പ്രിയ സുഹൃത്തുക്കളിൽ പലരും ഈഴവരായിരുന്നു. അന്യജാതിക്കാരെ തൊട്ടുണ്ണാൻ പാടില്ലെ ന്നു് ശക്തമായ വിലക്കുണ്ടായിരുന്ന അക്കാലത്തു്, അവിടുന്നു് ഈഴവ ഭവനങ്ങളിൽ പാർക്കുകയും, അവിടെനിന്നു് ആഹാരം കഴിക്കുകയും ചെയ്യുമായിരുന്നു. നായന്മാരിൽ പലരും ഇതിൽ പ്രതിഷേധിച്ചു. അന്നത്തെ ചില പത്രങ്ങൾ സ്വാമിതിരുവടി കളെ വിമർശിക്കുകപോലും ചെയ്തു. അവിടുന്നു് അതൊന്നും കാര്യമായി ഗണിച്ചില്ല. പേട്ടയിൽ രാമൻപിള്ള ആശാനും ഇക്കാര്യത്തിൽ എതിരായിരുന്നു. "പെരുന്നെല്ലിയുടെ വീട്ടിൽനിന്നും ഊണുകഴിച്ചെന്നു കേട്ടല്ലോ." രാമൻപിള്ളയാ ശാൻ ഒരു ദിവസം അനിഷ്ടഭാവത്തിൽ അവിടുത്തോടു ചോദിച്ചു. "ഞാൻ ആശാന്റെ വീട്ടിൽനിന്നും ഊണു കഴിച്ചിട്ടു ണ്ടല്ലോ"എന്നായിരുന്നു സ്വാമികൾ അതിനു പറഞ്ഞ മറുപടി. ഈഴവനായ പെരുന്നെല്ലിയും നായരായ രാമൻപിള്ളയാ ശാനും അവിടുത്തേയ്ക്കു ഭേദമില്ല. രണ്ടുപേരും മനുഷ്യ രാണു്. നായന്മാരും ഈഴവരും ഒന്നായിച്ചേർന്നു് ഒരു സമുദായമായിത്തീരണമെന്നു് അവിടുത്തേയ്ക്കു് അഭിപ്രായ മുണ്ടായിരുന്നു. ഈ രണ്ടു മഹാസമുദായങ്ങളും ഒരുമിച്ചാൽ, മറ്റു ഹിന്ദുസമൂഹങ്ങൾ അതിൽ ലയിച്ചുകൊള്ളുമെന്നും അദ്ദേഹം പ്രത്യാശിച്ചു. അത്തരത്തിലുള്ള ശക്തമായ ഒരു ഹിന്ദുസമൂഹം ഉണ്ടാക്കിയെടുക്കുക യായിരുന്നു അവിടുത്തെ ലക്ഷ്യം. ജാതിചിന്ത മാറ്റിയെടുക്കാൻ അവിടുന്നു് ആസൂ ത്രണം ചെയ്ത പരിപാടിയാണിതു്. ഈ ആശയം ഫലപ്രദ മായി പ്രായോഗികമാക്കാൻ ചട്ടമ്പിസ്വാമികളും ശ്രീനാരായ ണഗുരുദേവനും കുറെക്കാലം യത്നിക്കുകയും ചെയ്തു. ആ ഋഷീശ്വരന്മാരുടെ സങ്കല്പം യാഥാർത്ഥ്യമായി രൂപാന്തരപ്പെ ട്ടിരുന്നെങ്കിൽ ഇന്നത്തെ ജാതി മത്സരങ്ങളുടെ സ്ഥാനത്തു് അഖണ്ഡമായ ഒരു ഹിന്ദുമാനവികത വളർന്നുവരുമായി രുന്നു. ജാതീയമായി ഭിന്നിച്ചുനിന്ന ആ ഹിന്ദുശക്തി ഈ രാജ്യത്തെ ഏറ്റവും വലിയ രാഷ്ട്രീയ ശക്തിയായി മാറുകയും

ചെയ്യുമായിരുന്നു. വർഗ്ഗീയശക്തിയെ വളർത്തിയെടുക്കാനല്ല അവർ സംഘടിതമായി യത്നിച്ചതു്. പ്രത്യുത, 'ലോകാഃ സമസ്താ സുഖിനോ ഭവന്തു' എന്നു വിശ്വസിക്കുന്ന യഥാർത്ഥ മാനവസംസ്കാരത്തെ അരക്കിട്ടുറപ്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അതു ഫലിച്ചിരുന്നെങ്കിൽ ഈ നാടിന്റെ ശാപമായ ജാതിചിന്ത അന്നേ പമ്പകടന്നേനേ. ഈ പ്രചോദനമായിരിക്കണം, അനന്തരകാലത്തു് 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യനു്- ഒരു യോനി ഒരാകാരം ഒരു ഭേദവുമില്ലതിൽ' എന്ന മാനവമഹാമന്ത്രം ഉദ്ഘോഷിക്കാൻ ശ്രീനാരായണഗുരുദേവനെ പ്രേരിപ്പിച്ചതു്.

ഹിന്ദുമതത്തിലെ അനാചാരങ്ങൾ ദൂരീകരിക്കാനും, സദാചാരങ്ങൾ ഏകീകരിക്കാനും സ്വശിഷ്യനായ നീലകണ്ഠ തീർത്ഥപാദരെക്കൊണ്ടു് 'ആചാരപദ്ധതി' എഴുതിച്ചതും സ്വാമികൾ തന്നെയായിരുന്നു. ബ്രാഹ്മണരുടെ കുത്തകക്കോട്ട തകർത്തു്, അവരുടെ തന്ത്രപരമായ അടിച്ചമർത്തലിൽ നിന്നു് അബ്രാഹ്മണ ഹിന്ദുക്കളെ മോചിപ്പിക്കാനും അവിടുന്നു് ബോധപൂർവം യത്നിച്ചു. വേദം സാർവജനീനമാണെന്നും, അതു പഠിക്കാനും പഠിപ്പിക്കാനും ഏതു മനുഷ്യനും അവകാശമുണ്ടെന്നും അവിടുന്നു സയുക്തികം തെളിയിച്ചു. വേദങ്ങളെ വ്യസിച്ച വേദവ്യാസനും, ആദിശങ്കരനും കഴിയാതിരുന്ന ഒരു കാര്യമാണിതു്. സ്വാമികളുടെ ബോധപൂർവമായ ഇത്തരം പരിശ്രമങ്ങളുടെ പരിണതഫലമായി ഹിന്ദുസമൂഹത്തിൽ ഒരു നവോത്ഥാനം സംജാതമായി. തന്മൂലം, ഹിന്ദുക്കളുടെ ഇടയിലുണ്ടായിരുന്ന അനൈക്യവും, ക്രിസ്തുമതം സ്വീകരിക്കാനുള്ള ശ്രമവും ഒരതിർത്തിവരെ നിയന്ത്രിക്കപ്പെട്ടു. 1942-ലെ തിരുവിതാംകൂർ സെൻസസ് റിപ്പോർട്ടിൽ, സ്വാമികളുടെ ഈ വഴിക്കുള്ള സേവനങ്ങളുടെ മഹത്വം ആദരപൂർവ്വം പ്രകീർത്തിക്കപ്പെട്ടിട്ടുണ്ടു്.

ഗവേഷണവും ഗ്രന്ഥകർത്തൃത്വവും

എല്ലാ അർത്ഥത്തിലും മികച്ച ഒരു ഗവേഷകനായിരുന്നു ശ്രീ ചട്ടമ്പിസ്വാമികൾ. ചരിത്രം, ഭാഷ, മതം, വേദേതിഹാസങ്ങൾ, സംസ്കാരം എന്നിങ്ങനെ പല സരണികളിലും അവിടുത്തെ ഗവേഷണബുദ്ധി സഞ്ചരിച്ചിട്ടുണ്ടു്. കേരളചരിത്രത്തെക്കുറിച്ചും സമുദായചരിത്രത്തെക്കുറിച്ചും സ്വാമികൾ നടത്തിയ ഗവേഷണങ്ങളുടെ പരിണതഫലമാണു്

'പ്രാചീനമലയാളം' എന്ന ഗ്രന്ഥം. ചരിത്രഗവേഷണം കേരളത്തിൽ ആരംഭിക്കുന്നതിനും എത്രയോ മുമ്പാണു് സ്വാമികൾ ഈ കേരളചരിത്രഗവേഷണം നടത്തിയതെന്ന വസ്തുത പരിഗണനാർഹമാണു്. കേരളോത്പത്തി, കേരളമാഹാത്മ്യം എന്നിവയിലെ പല പരാമർശങ്ങളും വെറും നുണക്കഥകളാണെന്നും, പരശുരാമൻ കേരളത്തിൽ വരുകയോ കേരളം സൃഷ്ടിക്കുകയോ ചെയ്തിട്ടില്ലെന്നും സയുക്തികം അദ്ദേഹം സ്ഥാപിച്ചിരിക്കുന്നു. പ്രകാശിതങ്ങളും അപ്രകാശിതങ്ങളുമായ അനവധി പ്രാചീന തമിഴ്സംസ്കൃതഗ്രന്ഥങ്ങളിൽ നിന്നു് നിരവധി പരാമർശങ്ങൾ ഇതിനു് ഉപോൽബലകങ്ങളായി സ്വാമികൾ എടുത്തുകാണിക്കുന്നുമുണ്ടു്. നായന്മാരുടെ പൂർവ്വചരിത്രവും പ്രാചീനമലയാളത്തിൽ അദ്ദേഹം അനാവരണം ചെയ്യുന്നു. പ്രാചീന കേരളത്തെയും, കേരളസംസ്ക്കാരത്തെയും കുറിച്ചു് നിരവധി നൂതനഗവേഷണങ്ങൾക്കു് ഒരവലംബഗ്രന്ഥം കൂടിയാണിതു്. ഭാഷാപരമായി സ്വാമികൾ നടത്തിയ ഗവേഷണത്തിന്റെ ഫലമാണു് 'ആദിഭാഷ' എന്ന ഗ്രന്ഥം. ഇതു് തമിഴിലാണു രചിക്കപ്പെട്ടിരിക്കുന്നതു്. ഇതുവരെ ഈ ഗ്രന്ഥം പ്രകാശിപ്പിക്കപ്പെട്ടിട്ടില്ല. ക്രിസ്തുമതച്ഛേദനം, ക്രിസ്തുമതസാരം, സർവമതസാമരസ്യം എന്നീ ഗ്രന്ഥങ്ങൾ മതപരമായ വിഷയത്തിൽ അവിടുന്നു നടത്തിയ ഗവേഷണങ്ങളുടെ പരിണതഫലങ്ങളാണു്. വേദേതിഹാസങ്ങൾ, മാനവസംസ്കാരം എന്നിവയിൽ സ്വാമികൾ നടത്തിയ ഗവേഷണ ങ്ങളുടെ ഫലമായി നമുക്കു ലഭിച്ച വിശിഷ്ടഗ്രന്ഥമാണു് 'വേദാധികാര നിരൂപണം'. ഈ ഗ്രന്ഥത്തിന്റെ രചനയ്ക്കുവേണ്ടി അനേകവർഷം അവിടുന്നു ഗവേഷണം തുടർന്നതായി അവിടുത്തെ ദ്വിതീയശിഷ്യനായ ശ്രീ നീലകണ്ഠതീർത്ഥപാദ സ്വാമികൾ രേഖപ്പെടുത്തിയിട്ടുണ്ടു്. പ്രകാശിതങ്ങളും അപ്രകാശിതങ്ങളുമായ എല്ലാ ഉപനിഷത്തുകളും, വേദങ്ങളും, സൂസൂഷ്മം അരിച്ചുപറക്കിയെടുത്ത തെളിവുകളുടെ സർവ സാമഗ്രികളും ഈ ഗ്രന്ഥരചനയ്ക്കുവേണ്ടി അദ്ദേഹം ഉപയോഗപ്പെടുത്തുന്നുണ്ടു്. സ്വാമികൾക്കു് നാല്പതുവയസ്സു പ്രായമുള്ള കാലത്താണു് ഈ മഹൽഗ്രന്ഥം രചിച്ചതു്. എങ്കിലും അതിനു് അച്ചടിശാലകാണാൻ പിന്നെയും ഇരുപത്തിയാറു വർഷം കാത്തിരിക്കേണ്ടിവന്നു. ക്രിസ്തുവർഷം 1921-ൽ (കൊ:വ: 1096) ആണു് വേദാധികാരനിരൂപണം ആദ്യമായി പുസ്തകരൂപത്തിൽ പ്രകാശിതമാകുന്നതു്. വേദവേദാംഗങ്ങൾ മാത്രമല്ല വിജ്ഞാനസംബന്ധമായ ഏതുകാര്യവും

ജാതിമതവർണ്ണവർഗ്ഗഭേദമെന്യേ ആർക്കും പഠിക്കാനും പഠിപ്പിക്കാനും അർഹതയുണ്ടെന്നു് വേദാധികാരനിരൂപണത്തിൽ സ്വാമികൾ സയുക്തികം സപ്രമാണം സ്ഥാപിച്ചിരിക്കുന്നു. സ്വാമിതിരുവടികളുടെ പരമപ്രധാനമായ കൃതിയും ഇതു തന്നെ.

ഇവകൂടാതെ, അദ്വൈതചിന്താപദ്ധതി; നിജാനന്ദവിലാസം, അദ്വൈതപഞ്ജരം, ചിദാകാശലയം എന്നിങ്ങനെ വേറെയും നിരവധി ഗ്രന്ഥങ്ങൾ അവിടുന്നു രചിച്ചിട്ടുണ്ടു്. ഇവയെല്ലാം വേദാന്ത ഗ്രന്ഥങ്ങളാണു്. സാധാരണക്കാർക്കുപോലും വേദാന്തം പഠിക്കാൻവേണ്ടി ലളിത ശൈലിയിൽ എഴുതപ്പെട്ടിരിക്കുന്ന ഒരു ഗ്രന്ഥമാണു് അദ്വൈതചിന്താപദ്ധതി. ത്രിഗുണാദികളുടെ ഉദ്ഭവം, ത്രിമൂർത്തികൾ, ജീവാത്മാക്കൾ, ആകാശാദിഭൂതങ്ങൾ, സൂക്ഷ്മസ്ഥൂലാദി ശരീരോത്പത്തിസ്ഥിതി, ദശഗുണങ്ങൾ, പ്രപഞ്ചോത്പത്തി, തത്വമസ്യാദി മഹാവാക്യവിവരണം എന്നീ വേദാന്തകാര്യങ്ങൾ ഇതിൽ അതിസരളമായി വിവരിച്ചിട്ടുണ്ടു്. ചിദാകാശലയത്തിൽ ചിദാനന്ദപ്രാപ്തിയ്ക്കുള്ള വഴികളെക്കുറിച്ചുപദേശിക്കുന്നു. ഇവയ്ക്കുപുറമേ, ശരീരതത്ത്വ ശാസ്ത്രം, മനോനാശം, ഒഴുവിലൊടുക്കം, പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം, തമിഴകം, ബ്രഹ്മനിർഭാസം എന്നിങ്ങനെ ഒട്ടനേകം പ്രബന്ധങ്ങളും അവിടുത്തെ രചനകളായി നമുക്കു ലഭിച്ചിട്ടുണ്ടു്. ഏതെല്ലാം ഗ്രന്ഥങ്ങൾ അവിടുന്നു രചിച്ചിട്ടുണ്ടെന്നു് കൃത്യമായി പറയുക സാദ്ധ്യമല്ല. അവിടുത്തെ തൃക്കൈവിളയാട്ടങ്ങളായി രൂപംകൊണ്ട ഗ്രന്ഥങ്ങൾ പലതും നമുക്കു കിട്ടിയിട്ടില്ല. കിട്ടിയവതന്നെ മിക്കതും അപൂർണ്ണങ്ങളുമാണു്. അന്നത്തെ സഹൃദയരായ സ്വാമിഭക്തന്മാർ ബോധപൂർവ്വം ശ്രമിച്ചിരുന്നെങ്കിൽ വിലമതിക്കാനാവാത്ത ആ ഗ്രന്ഥസമ്പത്തു മുഴുവനും നമുക്കു ലഭിക്കുമായിരുന്നു. അക്കാര്യത്തിൽ നാം ഭാഗ്യഹീനർ തന്നെ. ചില കവിതകളും സ്വാമിതിരുവടികൾ രചിച്ചിട്ടുണ്ടു്. പുസ്തകരൂപത്തിലല്ലെന്നുമാത്രം. അധികവും നിമിഷ കവനങ്ങളായിരുന്നു. പെരുന്നെല്ലി കൃഷ്ണൻ വൈദ്യനേയും, വെളുത്തേരി കേശവൻ വൈദ്യനേയും കവികളാക്കാനാണു് താൻ കവിവേഷം കെട്ടിയതെന്നു് സ്വാമികൾതന്നെ ഒരവസരത്തിൽ അരുളിച്ചെയ്തിട്ടുണ്ടു്. ഈഴവ സമുദായത്തിൽപ്പെട്ട പ്രമാണിമാരും പ്രസിദ്ധ വൈദ്യന്മാരുമായിരുന്നു പെരുന്നെല്ലിയും, വെളുത്തേരിയും. രണ്ടുപേരും ചട്ടമ്പിസ്വാമിതിരുവടികളുടെ ഭക്തന്മാരും, സന്തതസഹചാരികളുമായി

രുന്നു. ഒരിക്കൽ പെരുന്നെല്ലിയുമൊത്തു് സ്വാമികൾ നെയ്യാറ്റിൻകരനിന്നും തിരുവനന്തപുരത്തേയ്ക്കു കാൽനടയായി സഞ്ചരിക്കുമ്പോൾ ചോദ്യോത്തരരൂപത്തിൽ രണ്ടുപേരും നിമിഷശ്ലോകങ്ങളുണ്ടാക്കിച്ചൊല്ലിയതായി കേട്ടിട്ടുണ്ടു്. തിരുവനന്തപുരംവരെ അതു തുടരുകയും ചെയ്തു. മഹാകവികളുടെ പദ്യനിർമ്മാണ കൗശലത്തെ അനുസ്മരിപ്പിക്കുന്ന ഒന്നാംതരം ശ്ലോകങ്ങൾ സ്വാമികൾ രചിച്ചിട്ടുണ്ടു്. എല്ലാം ശബ്ദാർത്ഥസൗഭാഗ്യം ഒരുപോലെ ഒത്തിണങ്ങിയ വാങ്മയങ്ങൾ!

പരിപൂർണ്ണ കലാനിധി

ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾക്കു വശപ്പെട്ടിട്ടില്ലാത്ത കലകളോ വിദ്യകളോ ഇല്ല. ഏതു കലയും അവിടുത്തേയ്ക്കു ഒരുപോലെ വശഗമായിരുന്നു. സംഗീതത്തിലാണെങ്കിൽ, ഏതു കൊടികെട്ടിയ സംഗീതജ്ഞനേയും നമ്രശിരസ്കനാക്കാൻ പോരുന്ന വൈദുഷ്യം അദ്ദേഹത്തിനുണ്ടായിരുന്നു. സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്ന വിഷയത്തിലും അവിടുന്നു് അദ്വിതീയൻ തന്നെ. ഉപകരണങ്ങൾ തന്നെ വേണമെന്നുമില്ല. കൈയിലിരിക്കുന്ന വിശറിയിൽ സർവതാളവും അദ്ദേഹം പ്രകടമാക്കും. സാഹിത്യത്തിൽ സ്വാമികൾക്കുള്ള പ്രാവീണ്യം അപാരമെന്നേ പറയാനാവൂ. ഒരിക്കൽ ഒരു ഗൃഹസദസ്സിൽവച്ചു് കാളിദാസമഹാകവിയുടെ രഘുവംശം മഹാകാവ്യത്തിലെ 'വാഗർത്ഥാവിവ സംപൃക്തൗ...' എന്നു തുടങ്ങുന്ന ശ്ലോകം സാഹിത്യപരമായും, വേദാന്തപരമായും, തന്ത്രശാസ്ത്രപരമായും വ്യാഖ്യാനിച്ചു് വാഗർത്ഥസംബന്ധവും, ശിവശക്തിയോഗവും അതിൽ വ്യക്തമാക്കി ശ്രോതാക്കളായ സംസ്കൃതപണ്ഡിതന്മാരെപ്പോലും സ്വാമികൾ വിസ്മയ പരതന്ത്രരാക്കിയ സംഭവം ശ്രീ തീർത്ഥപാദസ്വാമികൾ രേഖപ്പെടുത്തിയിട്ടുണ്ടു്. സാഹിത്യത്തിലും വേദാന്തത്തിലും അവിടുത്തേയ്ക്കുണ്ടായിരുന്ന അസാധാരണ വൈദുഷ്യത്തിലേയ്ക്കാണു് ഈ കഥ വിരൽ ചൂണ്ടുന്നതു്. ചിത്രരചനയിലും അസാധാരണ വൈഭവമാണു് സ്വാമികൾക്കുണ്ടായിരുന്നതു്. ഒരു സായിപ്പു് പൂളിച്ചിമാങ്ങ കടിച്ചുതിന്നുന്നതിന്റെ ഒരു ചിത്രം സ്വാമികൾ ആലേഖനം ചെയ്തതു് അടുത്തകാലം വരെ പന്മന ആശ്രമത്തിലുണ്ടായിരുന്നതു് ഈ ലേഖകൻ കണ്ടിട്ടുണ്ടു്. പൂളിച്ചിമാങ്ങ കടിക്കുമ്പോൾ മുഖത്തുണ്ടാകുന്ന

ഭാവവികാരങ്ങൾ യഥാതഥമായി അതിൽ പകർത്തിയിരിക്കുന്നു. വലതു കൈപ്പത്തിക്കു മുകളിൽ വച്ച കുന്നിക്കുരു വീഴാതെ അവിടുന്നു ചെണ്ടവായിച്ചു കേൾപ്പിച്ചതായി കേട്ടിട്ടുണ്ടു്. വേദോപനിഷത്തുകൾ, വേദാന്തം, തർക്കം, തന്ത്രവിദ്യ, എന്നീവിഷയങ്ങളിൽ അവിടുത്തേയ്ക്കുള്ള അവഗാഹം പ്രസിദ്ധമാണല്ലോ. ജ്യോതിഷം, മർമ്മശാസ്ത്രം, വിഷവൈദ്യം, ആയുർവേദം എന്നിങ്ങനെയുള്ള വിജ്ഞാനശാഖകളിലും അവിടുന്നു് അദ്വിതീയ നായിരുന്നുവെന്നതു് പരക്കെ അംഗീകരിക്കപ്പെട്ട വസ്തുതയാണു്. ചുരുക്കത്തിൽ ചട്ടമ്പിസ്വാമികൾക്കറിഞ്ഞുകൂടാത്തതായി ഒരു വിജ്ഞാനമണ്ഡലവുമില്ല. ഏതു വിഷയത്തിലും ഇത്രയ്ക്കു് അന്യാദൃശപാണ്ഡിത്യമുള്ള മറ്റൊരു ഋഷിയെ ഭാരതം ഇന്നോളം ദർശിച്ചിട്ടില്ല.

ഷഷ്ടിപൂർത്തി

ഇതിനകം സ്വാമികളുടെ പ്രസിദ്ധി നാടെങ്ങും വ്യാപിച്ചുകഴിഞ്ഞിരുന്നു. കേരളനാട്ടിൽ മാത്രമല്ല, കേരളത്തിനു പുറത്തും അദ്ദേഹം അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തു. അവിടുത്തെ യോഗിപ്രഭാവം പലരേയും ആകർഷിച്ചു. ധാരാളം ഗൃഹസ്ഥശിഷ്യന്മാരും ഇക്കാലത്തു് നാടെങ്ങുമുണ്ടായി. അവിടുന്നു് ഏതുസ്ഥലത്തുവിശ്രമിച്ചാലും, കണ്ടുവന്ദിക്കാനും ആ സന്നികർഷസൗഭാഗ്യം അനുഭവിക്കാനും ധാരാളം ആളുകൾ കൂടിത്തുടങ്ങി. പലരും അവരുടെ ഭവനങ്ങളിൽ വിശ്രമിക്കാൻ സ്വാമികളെ ക്ഷണിച്ചു. പല ഭക്തന്മാരുടേയും വീടുകളിൽ വിശ്രമിക്കുകയും ചെയ്തു. ആ ഗൃഹസദസുകളിൽ അവിടുന്നു നടത്തുന്ന സംഭാഷണങ്ങൾ കേൾക്കാൻ പലസ്ഥലങ്ങളിൽനിന്നും ആളുകൾ വന്നുകൂടുക പതിവായി. പണ്ഡിതന്മാരും ബ്രഹ്മജിജ്ഞാസുക്കളുമാണു് വന്നുകൂടുന്നതെങ്കിൽ അവരോടു് അത്തരം വിഷയങ്ങളെക്കുറിച്ചായിരിക്കും സംസാരിക്കുക. എന്നാൽ സാധാരണക്കാരോടു് സമസ്വച്ഛമായ ലൗകികജീവിതത്തിനു് ആവശ്യമുള്ളകാര്യങ്ങളാണു് സംസാരിക്കാറുള്ളതു്. ലൗകികന്മാരെ സദുപദേശങ്ങൾകൊണ്ടു് നേർവഴിക്കുനയിക്കുകയായിരുന്നു അവിടുത്തെ ലക്ഷ്യം. ഒരിക്കൽ എറണാകുളത്തു് ഒരു ഭവനത്തിൽ വിശ്രമിക്കുമ്പോൾ, ഗൃഹനായിക അദ്ദേഹത്തോടു് ഒരു ഉപദേശം ചോദിച്ചു. നല്ലവണ്ണം കറിവയ്ക്കുന്ന രീതിയാണു് ആ വീട്ടമ്മയ്ക്കു് ഉപദേശിച്ചുകൊടുത്തതു്. എന്നിട്ടു

പറഞ്ഞു. രുചികരമായി കറികളുണ്ടാക്കി കണവനുകൊടുക്കാനുള്ള ഉപദേശമാണു് ഇപ്പോൾവേണ്ടതെന്നു്.

കുമ്പളത്തു ശങ്കുപ്പിള്ളയുടെ അമ്മാവൻ, തഹശീൽദാർ പ്രാക്കുളം പത്മനാഭപിള്ളയുടേയും, കുന്നത്തുനാടു് താലൂക്കു കച്ചേരിയിലെ സംപ്രതിപ്പിള്ളയായ തെക്കിനേടത്തു രാമൻപിള്ളയുടേയും പരിശ്രമഫലമായി മലയാറ്റൂർ ദേശത്തു് എൺപതേക്കർ സ്ഥലം ചട്ടമ്പിസ്വാമികളുടെ പേർക്കു് കരമൊഴിവായി പതിച്ചുകൊടുത്തിരുന്നു. അവിടെ ഒരു പുരകെട്ടി സ്വാമികൾ ഏതാനുംമാസം വിശ്രമിച്ചു. ഇക്കാലത്താണു് അവിടുത്തെ ഷഷ്ടിപൂർത്തി സമാഗതമായതു്. സ്വാമികൾ അക്കാര്യത്തെപ്പറ്റി ചിന്തിച്ചതുപോലുമില്ല. എന്നാൽ അതു് ഒരാഘോഷമായി കൊണ്ടാടണമെന്നു് അവിടുത്തെ ശിഷ്യന്മാരായ നീലകണ്ഠതീർത്ഥപാദരും, തീർത്ഥപാദസ്വാമികളും തീരുമാനിച്ചു. ഷഷ്ടിപൂർത്തിസംബന്ധിച്ച ആഘോഷപരിപാടികൾക്കെല്ലാം നേതൃത്വംവഹിച്ചതു് തീർത്ഥപാദസ്വാമികളായിരുന്നു. പല ഭക്തന്മാരുടേയും നിർലോപമായ സഹായസഹകരണങ്ങളോടെ അദ്ദേഹം സ്വാമികളുടെ ഷഷ്ടിപൂർത്തിസ്മാരകമായി എഴുമറ്റൂരിൽ ഒരു മന്ദിരം പണികഴിപ്പിച്ചു. അതാണു് ഇന്നത്തെ എഴുമറ്റൂർ ആശ്രമം. ചട്ടമ്പിസ്വാമികളെക്കൊണ്ടുതന്നെ ആ ആശ്രമം ഉദ്ഘാടനംചെയ്യിക്കുകയും ചെയ്തു. തീർത്ഥപാദസ്വാമികളുടെ അശ്രാന്തപരിശ്രമഫലമായി ഷഷ്ടിപൂർത്തി ഭക്തിനിർഭരമായ ചടങ്ങുകളോടെ കേമമായി ആഘോഷിക്കപ്പെട്ടു. ക്രിസ്തുവർഷം 1914-ൽ (കൊ: വ: 1089) ആയിരുന്നു സ്വാമിതിരുവടികളുടെ ഷഷ്ടിപൂർത്തി. ഷഷ്ടിപൂർത്തിക്കുശേഷം ഏതാനുംദിവസം സ്വാമികൾ എഴുമറ്റൂർ ആശ്രമത്തിൽതന്നെ വിശ്രമിച്ചു. വീണ്ടും വടക്കൻ ദിക്കുകളിലേയ്ക്കു് സഞ്ചാരം ആരംഭിച്ചു.

ശ്രീ വിവേകാനന്ദൻ കണ്ടുമുട്ടുന്നു

ദക്ഷിണഭാരതത്തിലേയ്ക്കു് പര്യടനമാരംഭിച്ച ശ്രീ വിവേകാനന്ദസ്വാമികൾ ക്രിസ്തുവർഷം 1892-ൽ (കൊ:വ: 1068) എറണാകുളത്തെത്തി. എറണാകുളം ബോട്ടുകടവിൽവന്നിറങ്ങിയ തേജോമയനായ ആ യുവസന്യാസിയെ, പ്രഭാതസവാരിക്കിറങ്ങിയ കൊച്ചി ദിവാൻസെക്രട്ടറി രാമയ്യരും, പോലീസ് സുപ്രണ്ടു് ചന്തുലാലും കണ്ടുമുട്ടി. തമിഴിലും മലയാളത്തിലും അവർ പലതും ചോദിച്ചിട്ടും സന്യാസി മൗനം

ഭജിച്ചതേയുള്ളൂ. അപ്പോൾ ചന്തുലാൽ തന്റെ മാതൃഭാഷയായ ഹിന്ദുസ്ഥാനിയിൽ എന്തോ ചോദിച്ചതിനു് യുവസന്യാസി മറുപടി പറഞ്ഞു. രാമയ്യൻ സന്യാസിയെ തന്റെ വസതിയിലേയ്ക്കു് ക്ഷണിച്ചു. മൂന്നുപേരുംകൂടി നടന്നു് രാമയ്യന്റെ വീട്ടിലെത്തി. "ഉദരംഭരണത്തിനു് കാഷായമണിയുന്ന സന്യാസിമാർ ഇക്കാലത്ത് ധാരാളമുണ്ടു് . കൂട്ടത്തിൽ യഥാർത്ഥ സന്യാസിമാരുമുണ്ടു്. സത്യമറിയാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് എല്ലാവരെയും മാനിക്കുകതന്നെ യുക്തം"– എന്നു് ഇടയ്ക്കു് ചന്തുലാൽ രാമയ്യരോടു് ഇംഗ്ലീഷിൽ പറഞ്ഞു. ഇതു കേട്ടപ്പോൾ യുവസന്യാസിയുടെ മുഖത്തു് ഒരു പുഞ്ചിരി പരന്നു. "എന്താ ഇംഗ്ലീഷ് അറിയുമോ" എന്നു് രാമയ്യൻ സന്യാസിയോടു് ഇംഗ്ലീഷിൽ ചോദിച്ചു. "അറിയും" എന്നു് മറുപടിയുണ്ടായി. പിന്നീടു് അവർ സംസാരിച്ചതു മുഴുവൻ ഇംഗ്ലീഷിലായിരുന്നു. യുവസന്യാസിയുടെ ആംഗലഭാഷാശൈലികേട്ടു് രാമയ്യരും ചന്തുലാലും വിസ്മയപരതന്ത്രരായി. അവർ പലതും സംസാരിച്ച കൂട്ടത്തിൽ, അടുത്തൊരു ഗൃഹത്തിൽ വിശ്രമിക്കുന്ന ചട്ടമ്പിസ്വാമികളെക്കുറിച്ചു് പരാമർശിച്ചു. അദ്ദേഹത്തിന്റെ സർവജ്ഞതയെക്കുറിച്ചും സിദ്ധിവിശേഷങ്ങളെക്കുറിച്ചുമൊക്കെ അവർ യുവസന്യാസിയോടു പറഞ്ഞു. വലിയ താത്പര്യമൊന്നും യുവസന്യാസി കാണിച്ചില്ല. ബംഗാളുമുതൽ ഇങ്ങോട്ടു പല സന്യാസിമാരെയും നേരിൽക്കണ്ടു സംസാരിച്ചിട്ടാണു് വിവേകാനന്ദൻ കേരളത്തിലെത്തിയതു്. ആ സന്യാസിമാർക്കാർക്കും തന്റെ സംശയം തീർത്തുതരാൻ കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു് അവരെപ്പോലൊരു സന്യാസിയായിരിക്കും ഈ പരാമൃഷ്ടസന്യാസിയുമെന്നു് കരുതിയതുകൊണ്ടാകാം വിവേകാനന്ദൻ പ്രതികരിക്കാതിരുന്നതു്. ഇതിനിടയ്ക്കു് ബംഗാളിൽനിന്നും ഒരു സന്യാസി വന്നിരിക്കുന്ന വിവരം അറിയിക്കാൻ രാമയ്യൻ ചട്ടമ്പിസ്വാമിയുടെ സമീപത്തേയ്ക്കു് ഒരാളെ പറഞ്ഞയച്ചു. വിരോധമില്ലെങ്കിൽ അങ്ങോട്ടു പോന്നാൽകൊള്ളാമെന്നു് അഭ്യർത്ഥിക്കുകയും ചെയ്തു. "എന്നാൽ പൊയ്ക്കളയാം"എന്നുപറഞ്ഞു് സ്വാമികൾ എഴുന്നേറ്റു. ശ്രീ ചട്ടമ്പിസ്വാമികളെപ്പോലെ എല്ലാ അർത്ഥത്തിലും പരിപൂർണ്ണനായ ഒരു മഹായോഗി, അത്രത്തോളം പൂർണ്ണത വന്നിട്ടില്ലാത്ത ഒരു യുവയോഗിയെ അങ്ങോട്ടുചെന്നു കാണുകയോ? നമുക്കദ്ഭുതം തോന്നാം. എന്നാൽ സ്വാമികളുടെ മഹത്വമാണു് അവിടെ പ്രകടമാകുന്നതു്. അവിടുത്തേയ്ക്കു് വലിപ്പച്ചെറുപ്പമില്ല. താൻ

കേമനാണെന്ന ഭാവവുമില്ല. താഴ്മ, യഥാർത്ഥമായ ഔന്നത്യത്തിന്റെ ലക്ഷണമാണല്ലോ. ഔന്നത്യമുള്ളിടത്തല്ലേ താഴ്മ കാണൂ. സ്വാമികൾ രാമയ്യന്റെ വസതിയിലെത്തി. കാഷായമോ, കമണ്ഡലുവോ ഇല്ലാതെ, ശുഭ്രവസ്ത്രം ധരിച്ച് ഒരു സാധാരണക്കാരനെപ്പോലെ പടികയറിവരുന്ന ചട്ടമ്പിസ്വാമികളുടെ മുഖത്ത് സൂക്ഷിച്ചുനോക്കിയപ്പോൾ വിവേകാനന്ദന്റെ അന്തക്കരണത്തിൽ എവിടെയോ അവാച്യമായ ഒരു സ്പന്ദനമുണ്ടായി. അദ്ദേഹം ആദരപൂർവ്വം ചാടിയെഴുന്നേറ്റ് ആർഷാചാരപുരസ്സരം സ്വീകരിച്ചിരുത്തി. കുറച്ചുകഴിഞ്ഞ് വിവേകാനന്ദനും സ്വാമികളും കൂടി ഗൃഹത്തിനു പുറത്തിറങ്ങി. ആ പറമ്പിന്റെ ഏകാന്തമായ ഒരു സ്ഥലത്തേയ്ക്ക് നടന്ന് ഒരു മാവിൻചുവട്ടിലെത്തി. ആ മാവിന്മുകളിൽ ഒരു ശാഖാമൃഗം കളിയാടുന്നു. അതുനോക്കിക്കൊണ്ട് വിവേകാനന്ദൻ വിനോദസ്വരത്തിൽ സ്വാമികളോട് സംസ്കൃതത്തിൽ പറഞ്ഞു, "അതാ അവിടെ മനുഷ്യചിത്തം വിളയാടുന്നു'വെന്ന്.

രണ്ടുപേരും മരത്തണലിൽ നിന്നു "ചിന്മുദ്രയെക്കുറിച്ച് വിശദീകരിച്ചു കേട്ടാൽക്കൊള്ളാം"- ഒരുമുഖവുരയും കൂടാതെ വിവേകാനന്ദൻ ചട്ടമ്പിസ്വാമികളോടുപറഞ്ഞു. രണ്ടുപേരും സംസ്കൃതത്തിലായിരുന്നു സംഭാഷണം. ഉടനെ ചട്ടമ്പിസ്വാമികൾ, ഇങ്ങനെയാണ് ചിന്മുദ്ര എന്നുപറഞ്ഞ് വിരൽ പിടിച്ചുകാണിച്ചുകൊടുത്തു. "ഇത് എനിക്കുമറിയാം". വിവേകാനന്ദൻ തുടർന്നു. "ആത്മബോധത്തിനു് ഇതെങ്ങനെ പ്രയോജനപ്പെടുന്നുവെന്നാണ് എനിക്കറിയേണ്ടതു്." ആരും ഇതുവരെ ചോദിച്ചിട്ടില്ലാത്ത ഒരു ചോദ്യമാണ് ആ യുവയോഗി തന്നോടുചോദിച്ചതെന്നോർത്തപ്പോൾ സ്വാമികൾക്ക് സന്തോഷമായി. അദ്ദേഹത്തിന്റെ നാവുചലിച്ചുതുടങ്ങി. ശുദ്ധ സംസ്കൃതവാണിയുടെ പ്രവാഹമായി പിന്നീട്. "ഇങ്ങനെ പിടിക്കുമ്പോൾ ഒരു ഞരമ്പിനു് സ്പന്ദനമുണ്ടായി ഒരുശക്തി ഉദ്ഗമിച്ച് ശിരസ്സിൽ തട്ടുമെന്ന്." ബൃഹദാരണ്യകോപനിഷത്തിലെ അപ്രകാശിതമായ ഒരു പ്രമാണ ശ്ലോകമുദ്ധരിച്ചുകൊണ്ട് സ്വാമികൾ വിശദീകരിച്ചു. വിവേകാനന്ദന്റെ സർവ സംശയങ്ങളും മാറി. അദ്ദേഹം ചട്ടമ്പിസ്വാമികളുടെ ഇരുകൈകളും പിടിച്ച് തന്റെ ശിരസ്സിൽവച്ചിട്ട് നമസ്കരിച്ചു. എന്നിട്ട് വിവേകാനന്ദൻ വിനയസ്വരത്തിൽ ഇങ്ങനെ പറഞ്ഞു. "ഞാൻ അങ്ങുദൂരെ ബംഗാളിൽനിന്നും ഇതുവരെ യാത്രചെയ്തു. കണ്ണിൽ കണ്ട എല്ലാ സന്യാസിമാരോടും ഇതേ ചോദ്യം ചോദിച്ചു. ആരും തൃപ്തികരമായ സമാധാനം പറ

ഞ്ഞില്ല. എന്റെ സർവസംശയവും മാറിയതു് ഇപ്പോഴാണു്." കേരളത്തോടു വിടവാങ്ങുമ്പോൾ വിവേകാനന്ദൻ പറഞ്ഞു, ഭാരതത്തിൽ ഒരേ ഒരു സന്യാസിയെ മാത്രമേ എനിക്കു കാണാൻ കഴിഞ്ഞിട്ടുള്ളു, അതു് കുഞ്ഞൻപിള്ളച്ചട്ടമ്പിയാണെന്നു്.

വിവേകാനന്ദൻ ബംഗാളിൽ തിരിച്ചെത്തിയസമയത്തു് ശ്രീരാമകൃഷ്ണമിഷനിൽപ്പെട്ട ആനന്ദൻ എന്നൊരു സന്യാസി കേരളത്തിലേയ്ക്കു പുറപ്പെടാൻ ഒരുങ്ങുകയായിരുന്നു. കേരളത്തിലെത്തിയാൽ എറണാകുളത്തുചെന്നു് കുഞ്ഞൻപിള്ളച്ചട്ടമ്പിയെ കണ്ടിട്ടേ മടങ്ങാവൂ എന്നു് വിവേകാനന്ദൻ അദ്ദേഹത്തോടു പറഞ്ഞത്രേ. ആനന്ദൻ കേരളത്തിലെത്തി ചട്ടമ്പിസ്വാമികളെ സന്ദർശിച്ചു. വിവേകാനന്ദൻ പ്രത്യേകം നിർദ്ദേശിച്ചതനുസരിച്ചാണു് താൻ വന്നതെന്നു് അദ്ദേഹം ചട്ടമ്പിസ്വാമികളോടു പറഞ്ഞു. ഏതാനും മാസങ്ങൾക്കുശേഷം, വിവേകാനന്ദന്റെ ഡയറിക്കുറിപ്പുകളിൽനിന്നും ചട്ടമ്പിസ്വാമികളുടെ സിദ്ധിവിശേഷങ്ങളെക്കുറിച്ചു മനസ്സിലാക്കിയ അമൃതാനന്ദജി എന്ന മറ്റൊരു സന്യാസിയും ചട്ടമ്പിസ്വാമികളെ സന്ദർശിക്കുകയും, ഏതാനുംമാസം സ്വാമികളോടൊത്തു താമസിച്ചു് ഖേചരീമുദ്ര അഭ്യസിക്കുകയും ചെയ്തു. ഈ രണ്ടുസംഭവങ്ങൾക്കും എറണാകുളത്തുള്ള റ്റി. ആർ. അനന്തക്കുറുപ്പു് ദൃക്സാക്ഷിയാണു്. ഈ സംഭവങ്ങളെക്കുറിച്ചു് അദ്ദേഹം വിശദമായി രേഖപ്പെടുത്തിയിട്ടുമുണ്ടു് .[1]

ശ്രീനീലകണ്ഠതീർത്ഥപാദരുടെ സമാധി

സ്വാമിതിരുവടികളുടെ ദ്വിതീയശിഷ്യനായ നീലകണ്ഠതീർത്ഥപാദർ 1921-ൽ മഹാസമാധിയടഞ്ഞു. കരുനാഗപ്പള്ളിയിൽ താഴത്തോടത്തു് ആശ്രമത്തിൽ വച്ചായിരുന്നു സമാധി. സമാധി നടക്കുമ്പോൾ ചട്ടമ്പിസ്വാമികൾ തട്ടാരമ്പലത്തിൽ ശ്രീ ആണ്ടിപ്പിള്ള മജീസ്ട്രേട്ടിന്റെ വീട്ടിൽ വിശ്രമിക്കുകയായിരുന്നു. വിവരം അറിയിച്ചതനുസരിച്ചു് അവിടുന്നു് കരുനാഗപ്പള്ളിയിലേയ്ക്കു തിരിച്ചു. വിവരമറിയിക്കാൻചെന്നവർ സ്വാമിക്കു സഞ്ചരിക്കാൻ ഒരു കുതിരവണ്ടി സജ്ജമാക്കി. പക്ഷെ നടന്നുപോരാനാണു് അവിടുന്നു് താത്പര്യം കാണിച്ചതു്. ഒടുവിൽ ഭക്തന്മാരുടെ നിർബന്ധത്തിനു വഴങ്ങി, കുതിരയെ പ്രഹരിക്കാൻ പാടില്ലെന്ന

1.ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദ സ്മാരക ഗ്രന്ഥം. പുറം. 37-38.

വ്യവസ്ഥയിൽ വണ്ടിയിൽ കയറി. കരുനാഗപ്പള്ളിക്കവലയിൽ സ്വാമികളെ സ്വീകരിക്കാനുള്ള ഒരുക്കങ്ങളുമായി ആളുകൾ കാത്തുനിന്നു. അതു മനസ്സിലാക്കിയ സ്വാമികൾ കവലയിലെത്തുന്നതിനുമുമ്പു് വണ്ടി നിറുത്തിച്ചു. "നമുക്കു് ഇതുവഴി നടന്നിറങ്ങാം" എന്നുപറഞ്ഞുകൊണ്ടു് ഇടവഴിയിലൂടെ നടന്നുതുടങ്ങി. സ്വീകരണത്തിന്റെ ഒരുക്കങ്ങളെപ്പറ്റി അറിയിച്ചപ്പോൾ "വേണ്ട, അവർ മറ്റുവല്ലവരേയും സ്വീകരിച്ചുകൊള്ളട്ടെ" എന്നായിരുന്നു അവിടുത്തെ മറുപടി. ആർഭാടങ്ങളൊന്നും ഇഷ്ടപ്പെടാത്ത ആളായിരുന്നല്ലോ അദ്ദേഹം.

താഴത്തോടത്താശ്രമത്തിലെത്തിയപ്പോൾ, ശിഷ്യന്റെ ഭൗതികശരീരം ഒരു കട്ടിലിൽ ചാരിയിരുത്തിയിരിക്കുന്നതാണു് സ്വാമികൾ കണ്ടതു്. "സാധാരണ ഞാൻ ഇരിക്കും, നീ നില്ക്കും. ഇപ്പോൾ നീ ഇരിക്കുന്നു, ഞാൻ നില്ക്കുന്നു.." ശിഷ്യന്റെ നിശ്ചേഷ്ടമായ ശരീരത്തിലേയ്ക്കു് നോക്കി സ്വാമികൾ പറഞ്ഞു. പല അർത്ഥങ്ങളുള്ള വാക്യങ്ങളാണിവ. സാധാരണഗതിയിൽ ഗുരു ഇരിക്കുകയും, ശിഷ്യൻ നില്ക്കുകയുമാണല്ലോ പതിവു്. ഇവിടെ ഇപ്പോൾ ശിഷ്യൻ ഇരിക്കുന്നു, ഗുരു നില്ക്കുന്നു എന്നതു് ഈ വാക്യങ്ങളുടെ സാമാന്യമായ അർത്ഥം. ഗുരുവാണു് ആദ്യം സമാധി ഇരിക്കേണ്ടതു്. ശിഷ്യൻ സമാധിയ്ക്കു കാലമാകാതെ നില്ക്കും. ഇവിടെയാകട്ടെ; ശിഷ്യൻ ഗുരുവിനു മുമ്പേ സമാധിയിരിക്കുന്നു. സമാധിക്കു കാലമാകാതെ ഗുരു നില്ക്കുകയും ചെയ്യുന്നു എന്ന മറ്റൊരർത്ഥസൂചനകൂടി ഇവിടെ കല്പിക്കാം.

ശിഷ്യന്റെ ഭൗതികശരീരത്തിലേയ്ക്കു സൂക്ഷിച്ചുനോക്കിയപ്പോൾ തിരുവടികളുടെ കണ്ണിൽനിന്നു് ഒരശ്രുകണം അടർന്നുവീണു. അതു ശ്രദ്ധിച്ച ഒരു ഗൃഹസ്ഥശിഷ്യൻ "സ്വാമികൾ കരയുന്നോ?..." എന്നു വിസ്മയപൂർവ്വം ചോദിച്ചു. സ്വാമികൾ അതിനു് ഇങ്ങനെ മറുപടിപറഞ്ഞു. "ഒരു ജീവന്റെ അവസാന ദേഹം അവസാനിച്ചതാണിതു്. ഒരു ജീവനു് ഒരിക്കലല്ലാതെ മറ്റൊരിക്കൽ ആ മഹാഭാഗ്യം കിട്ടുകയില്ല. അതുകണ്ട സന്തോഷംകൊണ്ടു് കണ്ണു നനഞ്ഞുപോയതാണു്..." നീലകണ്ഠതീർത്ഥപാദരുടെ സമാധിപൂർണ്ണമാണെന്നും, ആ ആത്മാവിനു് ഇനി ജന്മമില്ലെന്നുമാണു് അവിടുന്നു് അരുളിച്ചെയ്തതിനർത്ഥം. സമാധികർമ്മങ്ങൾ യഥാവിധി നിർവഹിച്ചതും സ്വാമിതിരുവടികൾ തന്നെയായിരുന്നു. അതിനുള്ള പരമഭാഗ്യം ഈ ലോകത്തു് ശ്രീ നീലകണ്ഠതീർത്ഥപാദർക്കു മാത്രമേ ലഭിച്ചിട്ടുള്ളു. സമാധിയ്ക്കുമുകളിൽ വിധിപ്രകാരം

ഞ്ഞില്ല. എന്റെ സർവസംശയവും മാറിയതു് ഇപ്പോഴാണു്." കേരളത്തോടു വിടവാങ്ങുമ്പോൾ വിവേകാനന്ദൻ പറഞ്ഞു, ഭാരതത്തിൽ ഒരേ ഒരു സന്യാസിയെ മാത്രമേ എനിക്കു കാണാൻ കഴിഞ്ഞിട്ടുള്ളു; അതു് കുഞ്ഞൻപിള്ളച്ചട്ടമ്പിയാണെന്നു്.

വിവേകാനന്ദൻ ബംഗാളിൽ തിരിച്ചെത്തിയസമയത്തു് ശ്രീരാമകൃഷ്ണമിഷനിൽപ്പെട്ട ആനന്ദൻ എന്നൊരു സന്യാസി കേരളത്തിലേയ്ക്കു പുറപ്പെടാൻ ഒരുങ്ങുകയായിരുന്നു. കേരളത്തിലെത്തിയാൽ എറണാകുളത്തുചെന്നു് കുഞ്ഞൻപിള്ളച്ചട്ടമ്പിയെ കണ്ടിട്ടേ മടങ്ങാവൂ എന്നു് വിവേകാനന്ദൻ അദ്ദേഹത്തോടു പറഞ്ഞത്രേ. ആനന്ദൻ കേരളത്തിലെത്തി ചട്ടമ്പിസ്വാമികളെ സന്ദർശിച്ചു. വിവേകാനന്ദൻ പ്രത്യേകം നിർദ്ദേശിച്ചതനുസരിച്ചാണു് താൻ വന്നതെന്നു് അദ്ദേഹം ചട്ടമ്പിസ്വാമികളോടു പറഞ്ഞു. ഏതാനും മാസങ്ങൾക്കുശേഷം, വിവേകാനന്ദന്റെ ഡയറിക്കുറിപ്പുകളിൽനിന്നും ചട്ടമ്പിസ്വാമികളുടെ സിദ്ധിവിശേഷങ്ങളെക്കുറിച്ചു മനസ്സിലാക്കിയ അമൃതാനന്ദജി എന്ന മറ്റൊരു സന്യാസിയും ചട്ടമ്പിസ്വാമികളെ സന്ദർശിക്കുകയും, ഏതാനുംമാസം സ്വാമികളോടൊത്തു താമസിച്ചു് ഖേചരീമുദ്ര അഭ്യസിക്കുകയും ചെയ്തു. ഈ രണ്ടുസംഭവങ്ങൾക്കും എറണാകുളത്തുള്ള റ്റി. ആർ. അനന്തക്കുറുപ്പു് ദൃക്സാക്ഷിയാണു്. ഈ സംഭവങ്ങളെക്കുറിച്ചു് അദ്ദേഹം വിശദമായി രേഖപ്പെടുത്തിയിട്ടുമുണ്ടു് .[1]

ശ്രീനീലകണ്ഠതീർത്ഥപാദരുടെ സമാധി

സ്വാമിതിരുവടികളുടെ ദ്വിതീയശിഷ്യനായ നീലകണ്ഠതീർത്ഥപാദർ 1921-ൽ മഹാസമാധിയടഞ്ഞു. കരുനാഗപ്പള്ളിയിൽ താഴത്തോടത്തു് ആശ്രമത്തിൽ വച്ചായിരുന്നു സമാധി. സമാധി നടക്കുമ്പോൾ ചട്ടമ്പിസ്വാമികൾ തട്ടാരമ്പലത്തിൽ ശ്രീ ആണ്ടിപ്പിള്ള മജീസ്ട്രേട്ടിന്റെ വീട്ടിൽ വിശ്രമിക്കുകയായിരുന്നു. വിവരം അറിയിച്ചതനുസരിച്ചു് അവിടുന്നു് കരുനാഗപ്പള്ളിയിലേയ്ക്കു തിരിച്ചു. വിവരമറിയിക്കാൻചെന്നവർ സ്വാമിക്കു സഞ്ചരിക്കാൻ ഒരു കുതിരവണ്ടി സജ്ജമാക്കി. പക്ഷെ നടന്നുപോരാനാണു് അവിടുന്നു് താത്പര്യം കാണിച്ചതു്. ഒടുവിൽ ഭക്തന്മാരുടെ നിർബന്ധത്തിനു വഴങ്ങി, കുതിരയെ പ്രഹരിക്കാൻ പാടില്ലെന്ന

1.ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദ സ്മാരക ഗ്രന്ഥം. പുറം. 37-38.

വ്യവസ്ഥയിൽ വണ്ടിയിൽ കയറി. കരുനാഗപ്പള്ളിക്കവലയിൽ സ്വാമികളെ സ്വീകരിക്കാനുള്ള ഒരുക്കങ്ങളുമായി ആളുകൾ കാത്തുനിന്നു. അതു മനസ്സിലാക്കിയ സ്വാമികൾ കവലയിലെത്തുന്നതിനുമുമ്പു് വണ്ടി നിറുത്തിച്ചു. "നമുക്കു് ഇതുവഴി നടന്നിറങ്ങാം" എന്നുപറഞ്ഞുകൊണ്ടു് ഇടവഴിയിലൂടെ നടന്നുതുടങ്ങി. സ്വീകരണത്തിന്റെ ഒരുക്കങ്ങളെപ്പറ്റി അറിയിച്ചപ്പോൾ "വേണ്ട, അവർ മറ്റുവല്ലവരേയും സ്വീകരിച്ചുകൊള്ളട്ടെ" എന്നായിരുന്നു അവിടുത്തെ മറുപടി. ആർഭാടങ്ങളൊന്നും ഇഷ്ടപ്പെടാത്ത ആളായിരുന്നല്ലോ അദ്ദേഹം.

താഴത്തോടത്താശ്രമത്തിലെത്തിയപ്പോൾ, ശിഷ്യന്റെ ഭൗതികശരീരം ഒരു കട്ടിലിൽ ചാരിയിരുത്തിയിരിക്കുന്നതാണു് സ്വാമികൾ കണ്ടതു്. "സാധാരണ ഞാൻ ഇരിക്കും. നീ നില്ക്കും. ഇപ്പോൾ നീ ഇരിക്കുന്നു, ഞാൻ നില്ക്കുന്നു.." ശിഷ്യന്റെ നിശ്ചേഷ്ടമായ ശരീരത്തിലേയ്ക്കു് നോക്കി സ്വാമികൾ പറഞ്ഞു. പല അർത്ഥങ്ങളുള്ള വാക്യങ്ങളാണിവ. സാധാരണഗതിയിൽ ഗുരു ഇരിക്കുകയും, ശിഷ്യൻ നില്ക്കുകയുമാണല്ലോ പതിവു്. ഇവിടെ ഇപ്പോൾ ശിഷ്യൻ ഇരിക്കുന്നു, ഗുരു നില്ക്കുന്നു എന്നതു് ഈ വാക്യങ്ങളുടെ സാമാന്യമായ അർത്ഥം. ഗുരുവാണു് ആദ്യം സമാധി ഇരിക്കേണ്ടതു്. ശിഷ്യൻ സമാധിയ്ക്കു കാലമാകാതെ നില്ക്കും. ഇവിടെയാകട്ടെ; ശിഷ്യൻ ഗുരുവിനു മുമ്പേ സമാധിയിരിക്കുന്നു. സമാധിക്കു കാലമാകാതെ ഗുരു നില്ക്കുകയും ചെയ്യുന്നു എന്ന മറ്റൊരർത്ഥസൂചനകൂടി ഇവിടെ കല്പിക്കാം.

ശിഷ്യന്റെ ഭൗതികശരീരത്തിലേയ്ക്കു സൂക്ഷിച്ചുനോക്കിയപ്പോൾ തിരുവടികളുടെ കണ്ണിൽനിന്നു് ഒരശ്രുകണം അടർന്നുവീണു. അതു ശ്രദ്ധിച്ച ഒരു ഗൃഹസ്ഥശിഷ്യൻ "സ്വാമികൾ കരയുന്നോ?..." എന്നു വിസ്മയപൂർവ്വം ചോദിച്ചു. സ്വാമികൾ അതിനു് ഇങ്ങനെ മറുപടിപറഞ്ഞു. "ഒരു ജീവന്റെ അവസാന ദേഹം അവസാനിച്ചതാണിതു്. ഒരു ജീവനു് ഒരിക്കലല്ലാതെ മറ്റൊരിക്കൽ ആ മഹാഭാഗ്യം കിട്ടുകയില്ല. അതുകണ്ട സന്തോഷംകൊണ്ടു് കണ്ണു നനഞ്ഞുപോയതാണു്..." നീലകണ്ഠതീർത്ഥപാദരുടെ സമാധിപൂർണ്ണമാണെന്നും, ആ ആത്മാവിനു് ഇനി ജന്മമില്ലെന്നുമാണു് അവിടുന്നു് അരുളിച്ചെയ്തതിനർത്ഥം. സമാധികർമ്മങ്ങൾ യഥാവിധി നിർവഹിച്ചതും സ്വാമിതിരുവടികൾ തന്നെയായിരുന്നു. അതിനുള്ള പരമഭാഗ്യം ഈ ലോകത്തു് ശ്രീ നീലകണ്ഠതീർത്ഥപാദർക്കു മാത്രമേ ലഭിച്ചിട്ടുള്ളു. സമാധിയ്ക്കുമുകളിൽ വിധിപ്രകാരം

ശിവലിംഗപ്രതിഷ്ഠയും സ്വാമിതിരുവടികൾതന്നെ നടത്തി. തിരുവടികൾ നടത്തിയ ഒരേ ഒരു പ്രതിഷ്ഠ ഇതാണു്.

കുമ്പളം പരിചയപ്പെടുന്നു

കൃഷിയും, ഗൃസ്തിയും, നാട്ടുകാര്യങ്ങളുമായി ശ്രീ. കുമ്പളത്തു ശങ്കുപ്പിള്ള പദ്മനയിൽ കഴിയുന്ന കാലം. കൊല്ലം പേഷ്ക്കാരായിരുന്ന ശ്രീ. അമ്പലപ്പുഴ കൃഷ്ണപിള്ളയുടെ വീട്ടിൽ ശ്രീ ചട്ടമ്പിസ്വാമികൾ വന്നിട്ടുണ്ടെന്നു് ആരോ പറഞ്ഞറിഞ്ഞു. സ്വാമികളെക്കുറിച്ചു പറഞ്ഞുകേട്ടിട്ടുള്ളതല്ലാതെ അന്നുവരെ കണ്ടിട്ടില്ല. ഒന്നു കാണണമെന്നു് ഒരു മോഹം തോന്നി. സന്യാസിമാരെക്കാളും ശരീരബലത്തെയും, ശാരീരികാരോഗ്യത്തെയും മാനിച്ചിരുന്ന കുമ്പളം ഭക്തികൊണ്ടൊന്നുമല്ല സ്വാമികളെ കാണാൻ പോയതു്. പലരും പുകഴ്ത്തുന്ന ഒരു സന്യാസി. പല അദ്ഭുതകഥകളും അദ്ദേഹത്തെക്കുറിച്ചു് കേട്ടിട്ടുണ്ടു്. പദ്മനനിന്നും പതിനഞ്ചുനാഴികമാത്രം ദൂരമുള്ള കൊല്ലത്തു് വന്നിട്ടുമുണ്ടു്. എന്നാലൊന്നു കണ്ടുകളയാം, അത്രേഉള്ളു ഉദ്ദേശ്യം. തന്റെ സ്നേഹിതനായ ഒപ്രാഫ: വല്ലാടനുമൊത്തു് കുമ്പളം അമ്പലപ്പുഴ കൃഷ്ണപിള്ളയുടെ ഭവനത്തിലെത്തി. സ്വാമിതിരുവടികളെ നേരിൽക്കണ്ടപ്പോൾ അദ്ദേഹം സ്വയംമറന്നു് ആ പാദങ്ങളിൽ വീണു നമസ്കരിക്കുകയാണുചെയ്തതു്. അങ്ങനെ ചെയ്യാൻ ആരോ ഉള്ളിലിരുന്നു പറയുന്നതായി തനിക്കു തോന്നിയെന്നു് പിന്നീടൊരവസരത്തിൽ കുമ്പളം പ്രസ്താവിച്ചിട്ടുള്ളതു് ഈ സന്ദർഭത്തിൽ സ്മരണീയമാണു്. മടങ്ങുമ്പോൾ കുമ്പളം സ്നേഹിതനോടു പറഞ്ഞു. "സ്വാമികൾ സാക്ഷാൽ വസിഷ്ഠൻതന്നെയാണെന്നു".

തൊഴുതെഴുന്നേറ്റു് ഭക്ത്യുദ്രേകശിരസ്കനായി നില്ക്കുന്ന അരോഗദൃഢഗാത്രനായ ആ യുവാവിനോടു സ്വാമികൾ ചോദിച്ചു.

"കാരണവരേ! എപ്പൊഴാ വന്നതു്?."

"ഇപ്പോൾ വന്നതേയുള്ളു സ്വാമീ." വിനീതസ്വരത്തിൽ കുമ്പളം തുടർന്നു. "പലപ്പൊഴും വിചാരിച്ചതാണു് തിരുവടികളെ കാണണമെന്നു്. ഇന്നാണു് അതിനുള്ള ഭാഗ്യം വന്നതു്."

പലകാര്യങ്ങളെക്കുറിച്ചും അവർ സംസാരിച്ചു. അധികനേരവും സംസാരിച്ചതു് ഗൃസ്തിമുറകളെപ്പറ്റിയായിരുന്നു.

സ്വാമികളെ പന്മനയുള്ള കുമ്പളത്തു വീട്ടിലേയ്ക്കു ക്ഷണിക്കണമെന്നു് അദ്ദേഹത്തിനു തോന്നി. ക്ഷണിച്ചു. വരാമെന്നു സ്വാമി മറുപടിയും പറഞ്ഞു. പക്ഷെ അത്തവണ സ്വാമികൾ കുമ്പളത്തേയ്ക്കു പോയില്ലെന്ന കാര്യംകൂടി പ്രസ്താവിച്ചു കൊള്ളട്ടെ. ഇതായിരുന്നു അവർ തമ്മിലുള്ള ആദ്യത്തെ കൂടിക്കാഴ്ച. കൊല്ലവർഷം 1097 ൽ (ക്രി:വ: 1922) ആയിരുന്നു ഈ സംഭവം.

ആദ്യം കണ്ടപ്പോൾത്തന്നെ, യുവാവായ കുമ്പളത്തു ശങ്കുപ്പിള്ളയെ സ്വാമികൾ 'കാരണവരെ'ന്നു വിളിച്ചതു് ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണു്. കുമ്പളത്തിന്റെ ജ്യേഷ്ഠഭ്രാതാവും, നാട്ടുപ്രമാണിയുമായ ശ്രീ പ്രാക്കുളം പരമേശ്വരൻപിള്ള കുടുംബകാരണവരായിരിക്കുന്ന കാലത്താണു് ഇരുപത്തിയഞ്ചുവയസ്സുമാത്രം പ്രായമുള്ള കുമ്പളത്തെ സ്വാമിതിരുവടികൾ തിരുനാക്കുകൊണ്ടു് കാരണവരെന്നു വിളിച്ചതു്. ഒരു ഗൃഹസ്ഥശിഷ്യൻ സ്വാമികളോടൊരു സംശയം ചോദിച്ചു. "ഈ പയ്യനെ എന്തിനാണു് കാരണവരെന്നു വിളിക്കുന്നതെ"ന്നു്.

"കഴിഞ്ഞൊരു ജന്മത്തിൽ ഈ പയ്യൻ എന്റെ കാരണവരായിരുന്നു"– എന്നാണു് സ്വാമികൾ അതിനുപറഞ്ഞ മറുപടി. കാരണവരെന്ന ആ സംബോധനയുടെ അർത്ഥവ്യാപ്തി എത്രയെത്ര തലങ്ങളിലാണു് പിന്നീടു വ്യാപിച്ചതു്. കുമ്പളം, കുടുംബത്തിൽ കാരണവരായി; നാട്ടിൽ കാരണവരായി; രാജ്യത്തു കാരണവരായി; രാഷ്ട്രീയത്തിലും കാരണവരായി മാറി. സ്വാമിതിരുവടികളുടെ ദീർഘദർശനം അപാരംതന്നെ.

കൊല്ലവർഷം 1097–ൽ (ക്രി:വ: 1922) സ്വാമിതിരുവടികൾ, മരുതൂർകുളങ്ങര ശ്രീവർദ്ധനത്തു് കൃഷ്ണപിള്ളയുടെ വീട്ടിൽ വിശ്രമിക്കുന്നതറിഞ്ഞു് കുമ്പളം വീണ്ടും തിരുവടികളെ സന്ദർശിച്ചു. മടങ്ങാൻ സമയത്തു് സ്വാമികളെ വീട്ടിലേയ്ക്കു ക്ഷണിക്കുകയും ചെയ്തു. പിന്നെ വരാമെന്നായിരുന്നു അവിടുന്നു് അപ്പോഴും മറുപടി പറഞ്ഞതു്. ഒരു ഗിഞ്ചിറ കിട്ടിയാൽ കൊള്ളാമായിരുന്നുവെന്നു് സ്വാമികൾ കുമ്പളത്തിനോടുപറഞ്ഞു. ഉടനെ എത്തിച്ചുതരാം എന്നുണർത്തിച്ചിട്ടു് കുമ്പളം യാത്രയായി. സ്വാമിതിരുവടികളുടെ ആഗ്രഹമനുസരിച്ചു് കുമ്പളം ഒരു ഗിഞ്ചിറ പണിയിച്ചു. നീണ്ട കരക്കാരനായ ഒരു കൊച്ചുപിള്ളപ്പണിക്കനെക്കൊണ്ടാണു് പ്ലാന്തടിയിലുള്ള ആ ഗിഞ്ചിറ പണിയിച്ചതു്. കൊച്ചുപിള്ളപ്പണിക്കൻ ഗിഞ്ചിറ പണിയാൻ വിരുതനാണെന്നതിനു പുറമേ,

നല്ലൊരു ഗിഞ്ചിറ വായനക്കാരനുമായിരുന്നു. ഗിഞ്ചിറ പണിയിച്ചുകഴിഞ്ഞപ്പോൾ, സ്വാമി തിരുവടികൾ ശ്രീവർദ്ധനത്തു നിന്നും പോയിക്കഴിഞ്ഞിരുന്നു. അതുകൊണ്ടു് അപ്പോൾ അതു തിരുവടികൾക്കു കൊടുക്കാൻ കഴിഞ്ഞില്ല.

കൊ: വ: 1098 (ക്രി: വ: 1923)-ൽ ചട്ടമ്പിസ്വാമി തിരുവടികൾ കരുനാഗപ്പള്ളിക്കടുത്തു് പുന്നക്കുളത്തു താഴത്തോടത്തു വീട്ടിൽ വന്നിട്ടുണ്ടെന്നു് കുമ്പളത്തിനു് അറിവുകിട്ടി. ഇന്നത്തെപ്പോലെ വാഹനസൗകര്യങ്ങളൊന്നും അന്നില്ലാതിരുന്നതുകൊണ്ടു്, പന്മനനിന്നും താഴത്തോടത്തു വീട്ടിലേയ്ക്കു് കാൽനടയായിത്തന്നെ പോകണം. അതുകൊണ്ടു് ആ രാത്രിയിൽതന്നെ യാത്രതിരിച്ചു. നല്ല നിലാവുള്ള രാത്രിയായതുകൊണ്ടു് നടക്കാൻ പ്രയാസം തോന്നിയില്ല. കൊച്ചുപിള്ളപ്പണിക്കനേയുംകൂടെ കൊണ്ടുപോയി. അർദ്ധരാത്രി കഴിഞ്ഞപ്പോൾ കരുനാഗപ്പള്ളിയിലെത്തി. അവിടെ മുൻസിഫ് കോർട്ടിന്റെ വരാന്തയിൽ കിടന്നുറങ്ങി. പ്രഭാതമായപ്പോൾ താഴത്തോടത്തുചെന്നു് സ്വാമിതിരുവടികളെ കണ്ടുവണങ്ങി. ഗിഞ്ചിറ കാഴ്ചവച്ചു. തിരുവടികൾക്കു് വളരെ സന്തോഷമായി. ഉടൻ സ്വാമികൾ ആ ഗിഞ്ചിറകൊണ്ടു് ഒരു മേളവും നടത്തി. മടങ്ങുമ്പോൾ അന്നും കുമ്പളം സ്വാമിതിരുവടികളെ വീട്ടിലേയ്ക്കു് ക്ഷണിച്ചു. "കാലമാകട്ടെ, വന്നുകൊള്ളാം"-എന്നായിരുന്നു അന്നും മറുപടിയുണ്ടായതു്. മൂന്നുപ്രാവശ്യം ക്ഷണിച്ചിട്ടും സ്വാമികൾ തന്റെ അപേക്ഷ നിരസിച്ചതോർത്തു് കുമ്പളത്തിനു നിരാശതോന്നി.

കൊല്ലവർഷം 1098 (ക്രി:വ: 1923) മീനമാസത്തിൽ ഒരു ദിവസം ശ്രീ കുമ്പളത്തു ശങ്കുപ്പിള്ള കല്ലടയ്ക്കുപോയി. കൃഷിയാവശ്യത്തിനു് നല്ലയിനം നെൽവിത്തു് അന്വേഷിച്ചാണു് അദ്ദേഹം പോയതു്. വിത്തുശേഖരിച്ചശേഷം ഭാര്യാഗൃഹമായ കാരുവള്ളിവീട്ടിൽ (കല്ലട) രണ്ടുദിവസം വിശ്രമിച്ചു. അപ്പോൾ ആദിനാട്ടു വീട്ടിൽ നിന്നും ഒരാൾ കുമ്പളത്തിനെ അന്വേഷിച്ചു് അവിടെയെത്തി. അദ്ദേഹം ചട്ടമ്പിസ്വാമിതിരുവടികളുടെ ഒരെഴുത്തു് കുമ്പളത്തെ ഏൽപ്പിച്ചു. സ്വാമികൾ, കരുനാഗപ്പള്ളിയിലുള്ള ആദിനാട്ടു വീട്ടിൽ വന്നിട്ടു് നാലഞ്ചുദിവസമായെന്നും, ഇത്തവണ 'അടിച്ചാലും കുമ്പളത്തു വീട്ടിൽ വരുമെന്നു'മായിരുന്നു എഴുത്തിലെ ചുരുക്കം. ഒട്ടും താമസിയാതെ കുമ്പളം പന്മനയ്ക്കു പുറപ്പെട്ടു. വള്ളത്തിൽ സ്വാമികളെ കുമ്പളത്തു വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുവരാൻ ഏർപ്പാടുചെയ്തു്, തന്റെ സ്നേഹിതനായ ശ്രീ കടച്ചി

ക്കാട്ടു നാണുപിള്ളയെ ആദിനാട്ടേയ്ക്കു് അയച്ചിട്ടു് കുമ്പളം തിരുവടികളെ സ്വീകരിക്കാനുള്ള ഒരുക്കങ്ങളൊക്കെ പൂർത്തിയാക്കി. പിറ്റേന്നു വെളുപ്പിനു് സ്വാമിതിരുവടികളെ കുമ്പളത്തു വീട്ടിലേയ്ക്കു് കൂട്ടികൊണ്ടുവന്നു. ഏതാണ്ടു് രണ്ടുമാസത്തോളം സ്വാമികൾ കുമ്പളത്തുവീട്ടിൽ വിശ്രമിച്ചു. ഇക്കാര്യങ്ങൾ ശ്രീ കുമ്പളം തന്നെ 'എന്റെ കഴിഞ്ഞകാലസ്മരണകൾ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.[1] കുമ്പളത്തിന്റെ മൂലകുടുംബമായ പ്രാക്കുളത്തു തോട്ടുവയലിൽ ബംഗ്ലാവിലും ഈ സന്ദർഭത്തിൽ ഇടയ്ക്കിടയ്ക്കു് സ്വാമികൾ വിശ്രമിക്കാറുണ്ടായിരുന്നു. സ്വാമിതിരുവടികളുടെ ദൈനംദിന കാര്യങ്ങളിലും, തിരുവടികളെ സന്ദർശിക്കാനെത്തുന്നവരെ യഥായോഗ്യം സ്വീകരിക്കുന്ന കാര്യത്തിലും കുമ്പളം പ്രത്യേകം ശ്രദ്ധിച്ചു.

രാത്രി കുമ്പളത്തു വീട്ടിലും, പകൽ വീടിനു വടക്കു പടിഞ്ഞാറുള്ള കാവിലുമാണു് സ്വാമികൾ വിശ്രമിച്ചിരുന്നതു്. പന്മനയിലുള്ള 'പാണയത്തു്' എന്ന പുരാതന നായർ കുടുംബക്കാരുടെ വകയാണു് ആ കാവു്. അവിടെ സർപ്പക്കാവും, മറ്റുചില പ്രതിഷ്ഠകളുമുണ്ടു്. സർപ്പക്കാവിലെ വള്ളിപ്പടർപ്പുകൾക്കിടയിൽ ഒരു വെള്ളമേലാപ്പുവിരിച്ചു്, അതിനു കീഴിൽ ചാക്കുകട്ടിലിട്ടു് അതിലാണു് ഇരിപ്പും കിടപ്പുമൊക്കെ. സ്വാമികൾ കിടക്കുന്ന കട്ടിലിനുചുറ്റും മാളങ്ങളാണു്. ചേരയും, പാമ്പും, മാക്രിയുമൊക്കെ ആ കട്ടിലിനു കീഴിൽവരുകയും, പരസ്പരവിദ്വേഷം മറന്നു വിശ്രമിക്കുകയും, മടങ്ങിപ്പോവുകയും ചെയ്യുക പതിവാണു്. അതുകണ്ടു ഭയക്കുന്നവരെ നോക്കി അദ്ദേഹം പറയും, "ഇവരൊക്കെ എന്റെ കൂട്ടുകാരാണെ"ന്നു്. സ്വാമിതിരുവടികളെ കണ്ടു കൈതൊഴാനെത്തുന്ന ഭക്തജനങ്ങൾ പഴവും, ഉണക്കമുന്തിരിങ്ങയും, കൽക്കണ്ടവും മറ്റും കാഴ്ചയായി കൊണ്ടുവരുക പതിവാണു്. അതെടുത്തു് എല്ലാവർക്കും വിതരണം ചെയ്യാൻ അവിടുന്നു കല്പിക്കും. അവിടുത്തെ ശുശ്രൂഷകനായ പദ്മനാഭപ്പണിക്കരോ, മറ്റാരെങ്കിലുമോ പഴവും മറ്റുമെടുത്തു് അവിടെ നില്ക്കുന്നവർക്കെല്ലാം പ്രസാദമായി വിതരണം ചെയ്യും. പന്മന സമാധിക്ഷേത്രത്തിൽ ഇന്നും നിവേദ്യമായി പഴവും മുന്തിരിങ്ങയും കൽക്കണ്ടവും സമർപ്പിക്കുന്നതു് ഒരുപക്ഷേ ഇതിന്റെ അനുസ്മരണമാകാം.

---

1. എന്റെ കഴിഞ്ഞകാല സ്മരണകൾ. ഒന്നാം പതിപ്പു്. പുറങ്ങൾ. 42, 43, 44, 45.

സ്വാമികൾ കാവിൽ വിശ്രമിക്കുന്ന കാലത്തു് അവിടുത്തേയ്ക്കുള്ള ഭക്ഷണം പാകപ്പെടുത്തിക്കൊടുക്കുന്നതു് കുമ്പളത്തിന്റെ ധർമ്മപത്നിയായ ശ്രീമതി കാരുവള്ളിൽ ജാനകിയമ്മയായിരുന്നു. ഭക്ഷണം കൊണ്ടുചെന്നു വിളമ്പിക്കൊടുത്തിരുന്നതു് എന്റെ ഭാര്യാമാതാവായ ശ്രീമതി തങ്കമ്മയും, അവരുടെ അമ്മാവന്റെ അതായതു് കുമ്പളത്തിന്റെ ജ്യേഷ്ഠഭ്രാതാവായ ശ്രീ. കൃഷ്ണപിള്ളയുടെ പുത്രി ശാരദാമ്മയുമായിരുന്നു. ഇന്നു് ഏതാണ്ടു് എൺപതു കഴിഞ്ഞിരിക്കുന്ന ആ സമവയസ്ക്കർക്കു് അന്നു് ഒൻപതു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. കുമ്പളത്തു വീടിനു തൊട്ടുവടക്കുള്ള വയൽ കടന്നു് ഭക്ഷണവുമായി കാവിലെത്തുമ്പോൾ, കുട്ടികളായ അവരെ രസിപ്പിക്കാനും ശുണ്ഠിപിടിപ്പിക്കാനും വിനോദപ്രിയനായ സ്വാമികൾ കാണിച്ചിട്ടുള്ള പല നേരമ്പോക്കുകളെക്കുറിച്ചും എന്റെ ഭാര്യാമാതാവു പറഞ്ഞു കേട്ടിട്ടുണ്ടു്.

സ്വാമികൾ പന്മനയിൽ വിശ്രമിക്കുന്ന കാലത്തു് ഒരുദിവസം രാമസ്വാമി എന്നൊരു തകിൽകാരൻ തിരുവടികളെ കാണാൻ വന്നു. സുപ്രസിദ്ധ നാഗസ്വരവിദ്വാനായ കടവൂർ കിട്ടപ്പണിക്കരുടെ തകിൽകാരനായിരുന്നു അയാൾ. "ഗിഞ്ചിറ വായിക്കാനറിയാമോ"– സ്വാമികൾ അയാളോടു ചോദിച്ചു. "എല്ലാം തെരിയും"– അയാൾ മറുപടി പറഞ്ഞു. ഗിഞ്ചിറ, സ്വാമികൾ അയാളുടെ കൈയിൽ കൊടുത്തു. രാമസ്വാമി തന്റെ കലാവിരുതു മുഴുവൻ പ്രകടമാക്കി വായനതുടങ്ങി. സ്വാമികൾ, തന്റെ കയ്യിലിരുന്ന വിശറിയിൽ താളം പിടിച്ചു. ആ താളത്തിനൊത്തു വായിക്കാൻ അയാൾക്കു കഴിഞ്ഞില്ല. ഒടുവിൽ ആ താളത്തിന്റെ രീതി അയാൾക്കു പറഞ്ഞുകൊടുത്തു. പ്രദ്യോതനനു മുമ്പിൽ ഖദ്യോതമെന്ന പോലെ സ്വാമികളുടെ മുമ്പിൽ താൻ തികച്ചും നിസ്സാരനാണെന്നു ബോദ്ധ്യംവന്ന ആ വലിയ തകിൽക്കാരൻ, ചാടിയെഴുന്നേറ്റു് "നീങ്കൾ കടവുൾ താൻ സ്വാമി" എന്നു് അദ്ഭുതംകൂറി, ആ തൃപ്പാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തു. പിന്നീടു് സ്വാമികൾ ആ ഗിഞ്ചിറവാങ്ങി വായിച്ചുകേൾപ്പിച്ചു. രാമസ്വാമിയുൾപ്പെടെ അതു കേട്ടുനിന്ന ശ്രോതാക്കൾ ആനന്ദസാഗരത്തിലാറാടി. കൃഷ്ണന്റെ വേണുഗാനംകേട്ടു് ആത്മവിസ്മൃതിവന്ന ഗോപന്മാരെപ്പോലെ ആ നാദധാരയിൽ അവർ ലയിച്ചു നിന്നിരിക്കും. ആ ഗിഞ്ചിറയും, തിരുവടികൾ ഉപയോഗിച്ചിരുന്ന ഊന്നുവടിയും പന്മന ആശ്രമത്തിൽ ഇപ്പോഴും സൂക്ഷിച്ചുവച്ചിട്ടുണ്ടു്.

സ്വാമികൾ വിശ്രമിച്ചിരുന്ന കാവിന്റെ കിഴക്കുവശം

പാടമാണു്. അതിന്റെ മറുകരയിൽ മറ്റൊരു കാവുണ്ടു്. വിശാലമായ ഒരു സർപ്പക്കാവാണതു്. വൻവൃക്ഷങ്ങളും, ലതകളും, ചൂരൽപ്പടർപ്പുകളുംകൊണ്ടു് നിബിഡവും, അന്ധകാരപൂർണ്ണവുമാണു് ആ പ്രദേശം. പകൽസമയങ്ങളിൽപ്പോലും സർപ്പഭയംമൂലം ആരും അതിനുള്ളിൽ കടക്കാറില്ല. കായ്കനികൾ വീണുകിടക്കുന്നതു പറക്കിയെടുക്കാൻ കുട്ടികൾ കൂടിയും അകത്തു കയറുകയില്ല. മാളങ്ങളിൽനിന്നു് ഇഴഞ്ഞിറങ്ങുന്ന പാമ്പുകൾ തലങ്ങും വിലങ്ങുമായി അവിടെ സദാ സഞ്ചരിക്കുന്നതു് ഒരു സാധാരണ കാഴ്ചയാണു്. അത്ര ഭീകരമായ സർപ്പക്കാവാണതു്. സർക്കാർവകയാണെങ്കിലും പാണയത്തു വീട്ടുകാരുടെ കൈവശത്തിലാണു് ആ കാവും. സർക്കാരിൽനിന്നും അവർ ലേലം പിടിച്ചതാണു് ആ കാവു്.

ഒരു ദിവസം തിരുവടികൾ കുമ്പളത്തെ അരികിൽ വിളിച്ചു. "കാരണവരേ." നമുക്കു് ആ കാവൊന്നുപോയി കാണണം." സ്വാമികൾ പറഞ്ഞു.

"സ്വാമീ! അതു സർപ്പക്കാവാണു്"– കുമ്പളം തുടർന്നു. "അവിടെ വിഷജന്തുക്കൾ ധാരാളമുണ്ടു്. ഇവിടങ്ങളിലാരും അതിനുള്ളിൽ പോകാറില്ല."

"ഓ, സാരമില്ല..." അവിടുന്നു പ്രതിവചിച്ചു. "ഒരു പാമ്പും നമ്മളെ കടിക്കില്ല. നമുക്കൊന്നുപോയി നോക്കാം".

സ്വാമികളുടെ നിർബന്ധത്തിനു കുമ്പളം വഴങ്ങി.

പിറ്റേന്നുവെളുപ്പിനു് വടിയുമൂന്നി സ്വാമികൾ മുമ്പിലും, കുമ്പളം പിമ്പിലുമായി നടന്നു. രണ്ടുപേരും സർപ്പക്കാവിലെത്തി. ഒരു ഭയവും കൂടാതെ സ്വാമികൾ ആ സർപ്പക്കാവിൽ ചുറ്റിനടക്കുകയാണു്. കുമ്പളത്തിനു് അതിനുള്ളിൽ കയറാൻതന്നെ ഭയമായിരുന്നെന്നു് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. "വളരെ പുരാതനവും, പരിശുദ്ധവുമായ ഒരു കാവാണിത്"– നടക്കുന്നതിനിടയിൽ സ്വാമികൾ പറഞ്ഞു. കാവിന്റെ ഉള്ളിലൊരുഭാഗത്തു് പഴകിയ ഒരു ചിത്രകൂടമുണ്ടു്. അതിനു പുറകിലായി വലിയൊരു ആഞ്ഞിലിമരവും. അല്പം ചതുപ്പുള്ള തറയാണവിടം. അവിടെയെത്തിയപ്പോൾ സ്വാമികൾ പൊടുന്നനെ നിന്നു. "ഇതൊരു പുണ്യസ്ഥാനമാണു്. സമാധി സ്ഥാപനത്തിനുപോലും പറ്റിയ സ്ഥലം. കാരണവർ ഇവിടെ ഒരാശ്രമം സ്ഥാപിക്കണം..." കൈയിലിരുന്ന ഊന്നുവടിയുടെ ചുവടുകൊണ്ടു് അവിടെയൊരുഭാഗത്തു കുത്തിക്കാണിച്ചിട്ടു് സ്വാമികൾ പറഞ്ഞു.

വടികുത്തിയ ഭാഗം കുമ്പളം പ്രത്യേകം ശ്രദ്ധിച്ചു.

"ഈ കാവു് നമുക്കുള്ളതല്ല സ്വാമി''-കുമ്പളം തുടർന്നു. "സർക്കാർവക സ്ഥലമാണെങ്കിലും മറ്റൊരു വീട്ടുകാരുടെ കൈവശത്തിലാണു്."

"ചോദിച്ചാൽ കിട്ടും."- സ്വാമികൾ പ്രതിവചിച്ചു.

ആ സംഭാഷണം നിലച്ചു. രണ്ടുപേരും നടന്നു വെളിയിലിറങ്ങി. ഈ സംഭവങ്ങൾ നടന്നതു്. കൊ:വ: 1098 (ക്രി:വ: 1923) മേടമാസത്തിലാണെന്നു് കുമ്പളം രേഖപ്പെടുത്തിയിട്ടുണ്ടു്.

സ്വാമികൾ അരോഗദൃഢഗാത്രനായി കാണപ്പെടുന്നതുകൊണ്ടു് സമാധി അടുത്തകാലത്തെങ്ങും ഉണ്ടാകാനിടയില്ലെന്നാണു് കുമ്പളം കരുതിയതു്. അതുകൊണ്ടു് ആ കാവിന്റെ കാര്യം അദ്ദേഹം അത്ര കാര്യമായെടുത്തില്ല. സമയമാകുമ്പോൾ മതിയല്ലോ എന്നുകരുതി.

ഏതാനും ദിവസം കഴിഞ്ഞു് ഒരുദിവസം ചവറയിൽ ശങ്കരമംഗലത്തു ശ്രീ. പദ്മനാഭപിള്ള, തിരുവടികളെ സന്ദർശിക്കാൻ വന്നു. അദ്ദേഹം സ്വാമികളെ ശങ്കരമംഗലത്തേയ്ക്കു ക്ഷണിച്ചു. "ഞാൻ കാരണവരുടെ അതിഥിയല്ലേ? അതുകൊണ്ടു് കാരണവരാണു സമ്മതിക്കേണ്ടതു് " സ്വാമികൾ പദ്മനാഭപിള്ളയോടു പറഞ്ഞു. ഒടുവിൽ കുമ്പളത്തിന്റെ സമ്മതംവാങ്ങി പദ്മനാഭപിള്ള സ്വാമിതിരുവടികളെ ശങ്കരമംഗലത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. മൂന്നുദിവസം ശങ്കരമംഗലത്തു വിശ്രമിച്ചിട്ടു് വീണ്ടും സ്വാമികൾ പന്മനയ്ക്കു മടങ്ങിവന്നു. ശങ്കരമംഗലത്തു താമസിക്കുമ്പോഴാണ് 'ദേശനാമങ്ങൾ' എന്ന പ്രബന്ധം രചിച്ചതു്.

1923 മീനമാസത്തിൽ കുമ്പളത്തു വീട്ടിൽ സമാഗതനായ സ്വാമിതിരുവടികൾ ഏതാണ്ടു് രണ്ടുമാസത്തോളം കുമ്പളത്തിന്റെ അതിഥിയായി പാർത്തു. ഈ സന്ദർഭത്തിലാണു് 'ജീവകാരുണ്യനിരൂപണ'മെന്ന ഗന്ഥം അദ്ദേഹം എഴുതിയതു്.

സ്വാമികൾ പന്മനയിൽ വിശ്രമിക്കുന്ന കാലത്തു് മിക്കദിവസങ്ങളിലും തീർത്ഥപാദസ്വാമികൾ, പന്നിശ്ശേരി നാണുപിള്ള, കരുവാകൃഷ്ണനാശാൻ, പരവൂർ കൊച്ചുണ്ണിത്താൻ ഭാഗവതർ, വടക്കുംതല കുഞ്ഞുഭാഗവതർ, വടക്കടത്തു പരമേശ്വരൻപിള്ള ഭാഗവതർ, കടച്ചിക്കാട്ടു നാണുപിള്ള, പെരുമ്പാവൂർ പി.ജി. നാരായണപിള്ള, തയ്യിൽ കൃഷ്ണപിള്ള

എന്നിവർ അവിടുത്തെ സമീപത്തുതന്നെ ഉണ്ടായിരിക്കും.

ശങ്കരമംഗലത്തുനിന്നും മടങ്ങിയെത്തിയ ചട്ടമ്പിസ്വാമി തിരുവടികൾ ഏതാനും നാളുകൾക്കുശേഷം ഒരു ദിവസം കുമ്പളത്തെ അരികിൽ വിളിച്ചു് ഇങ്ങനെ ഒരു സ്വകാര്യം പറഞ്ഞു.

"കാരണവരേ! തിരുവനന്തപുരത്തുപോയി എല്ലാവരേയും കണ്ടിട്ടു മടങ്ങിവരാം...."

തിരുവടികളുടെ യാത്രയ്ക്കുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി. വള്ളത്തിലായിരുന്നു സഞ്ചാരം. സ്വാമികളെ യാത്രയാക്കാൻ 'കോഴിത്തോട്ടത്തു' വള്ളക്കടവിൽ നിരവധി യാളുകൾ വന്നുകൂടി. യാത്രാമദ്ധ്യേ, തിരുവടികൾ, കുമ്പളത്തിന്റെ മൂലകുടുംബമായ പ്രാക്കുളത്തു തോട്ടുവയലിൽ ബംഗ്ലാവിലും ഇറങ്ങി. പ്രാക്കുളം വരെ കുമ്പളവും സ്വാമികളെ അനുഗമിച്ചു. കുമ്പളത്തിന്റെ ജ്യേഷ്ഠഭ്രാതാവായ ശ്രീ പ്രാക്കുളം പരമേശ്വരൻപിള്ളയുടെ ആതിഥ്യം സ്വീകരിച്ചു് മൂന്നുദിവസം അവിടുന്നു് അവിടെ വിശ്രമിച്ചു. മൂന്നാം-ദിവസം രാത്രി തിരുവനന്തപുരത്തേയ്ക്കു യാത്രയാവുമ്പോൾ, സ്വാമികൾ ശ്രീ കുമ്പളത്തു ശങ്കുപ്പിള്ളയെ നോക്കി പറഞ്ഞു: "കാരണവരേ! ചാവാൻ നേരം കിഴവൻ അതിലേ വരൂ"മെന്നു്. ആശ്രമത്തിന്റെ കാര്യമെല്ലാം അതിനുമുമ്പു ശരിപ്പെടുത്തണമെന്നും കുമ്പളത്തെ പ്രത്യേകം ഓർമ്മിപ്പിച്ചു.

സ്വാമിതിരുവടികൾ യാത്രയായി. തിരുവനന്തപുരത്തെത്തി തന്റെ ആരാധകരുടെ ഭവനങ്ങളിലെല്ലാം വിശ്രമിച്ചു. ഈ യാത്രയിൽ പത്തുമാസത്തോളംകാലം അവിടുന്നു് തിരുവനന്തപുരത്തു കഴിച്ചുകൂട്ടി. അവിടെവച്ചു് തിരുവടികൾക്കു് ചെറിയൊരസുഖം പിടിപെട്ടു. ഉദരത്തിനായിരുന്നു രോഗം. അവിടുത്തെ ഗൃഹസ്ഥശിഷ്യന്മാരും വൈദ്യശാസ്ത്രവിശാരദന്മാരുമായ ഡോ: ഗോപാലപിള്ള, ആറന്മുള നാരായണപിള്ള തുടങ്ങിയ ഭിഷഗ്വരന്മാർ മരുന്നുകളുമായി സ്വാമികളെ സമീപിച്ചു. 'എന്തിനാണു മരുന്നു്' എന്നാണു് അവിടുന്നു് അവരോടു ചോദിച്ചതു്. 'രോഗത്തെ തടയേണ്ട'- സ്വാമികൾ തുടർന്നു. "ശരീരം അതിന്റെ കർമ്മബന്ധങ്ങളെല്ലാം അനുഭവിച്ചുതീർക്കട്ടെ. അതിനുവേണ്ടി ഇനിയൊരിക്കൽക്കൂടി വരാൻ വയ്യ." എങ്കിലും അവർ ഭക്തിപൂർവം നൽകിയ മരുന്നുകൾ ഒടുവിൽ അവിടുന്നു സ്വീകരിച്ചു. രോഗശമനത്തിനുവേണ്ടിയല്ല; അവരുടെ മാനസികമായ തൃപ്തിക്കുവേണ്ടിമാത്രം. ഈ

ശരീരം വലിച്ചെറിയേണ്ട സമയമടുത്തിരിക്കുന്നുവെന്നു് ഒരു ദിവസം അവിടുന്നു് അവരോടുപറഞ്ഞു.

സമാധി.

1924 (കൊ:വ: 1099) മീനമാസം ആദ്യവാരമായപ്പോഴേയ്ക്കും രോഗത്തിനു് അല്പം ശമനം വന്നു. എങ്കിലും ശരീരം നന്നേ മെലിഞ്ഞിരുന്നു. തിരുവനന്തപുരത്തുതന്നെ വിശ്രമിച്ചാൽമതിയെന്നു് ഡോ: ഗോപാലപിള്ളയെപ്പോലുള്ള പല ഭക്തന്മാരും അഭ്യർത്ഥിച്ചു. പക്ഷെ, ആ അഭ്യർത്ഥന അവിടുന്നു കൈക്കൊണ്ടില്ല. പന്മനയ്ക്കു പോകാൻ തിരുവടികൾ തിടുക്കംകൂട്ടി. കുമ്പളത്തു ശങ്കുപ്പിള്ളയ്ക്കു് അവിടുന്നു് ഒരു കത്തെഴുതി. 1924 മീനമാസം ആദ്യവാരത്തിലായിരുന്നു അതു്. ഉടൻ വന്നു് തന്നെ പന്മനയ്ക്കുകൂട്ടിക്കൊണ്ടുപോകണമെന്നായിരുന്നു, കത്തിലെ ചുരുക്കം. ശ്രീ. കുമ്പളം, തന്റെ സ്നേഹിതനായ കടച്ചിക്കാട്ടു നാണുപിള്ളയുമൊത്തു് തിരുവനന്തപുരത്തെത്തി സ്വാമിതിരുവടികളെ സന്ദർശിച്ചു. തിരുവടികൾ അന്നു് വഞ്ചിയൂരുള്ള ചാഞ്ഞാംവീട്ടിലാണു് വിശ്രമിച്ചിരുന്നതു്. റെയിഞ്ചർ, വെമ്പായം വേലുപ്പിള്ളയുടെ ഭവനമാണു് ചാഞ്ഞാംവീടു്.

തിരുവടികളുടെ ഹിതമറിഞ്ഞു്, പന്മനയ്ക്കു പോകാനായി നല്ലൊരു കെട്ടുവള്ളം ഒരുക്കി നിറുത്തി. സ്വാമികൾ വള്ളക്കടവിലെത്തി. യാത്രയാകുംമുമ്പു് ആ തൃപ്പാദമൊന്നു കണ്ടുവന്ദിക്കാൻ നിരവധി ഭക്തജനങ്ങൾ തടിച്ചുകൂടി. ചിലർ ആർത്തിയോടെ ആ പാദാരവിന്ദങ്ങളിൽ തൊട്ടുവന്ദിക്കുന്നു! ഞെരുക്കിനിടയിലൂടെ കൈനീട്ടി ചിലർ ആ സ്പർശസുഖമനുഭവിക്കാൻ ശ്രമിക്കുന്നു! മറ്റുചിലർ നിറകണ്ണുകളോടെ ആ മുഖത്തുനോക്കി കൈകൂപ്പിനില്ക്കുന്നു! ഒരുനോക്കു കാണാൻവേണ്ടി ചിലർ തിക്കിത്തിരക്കി മുന്നോട്ടുകയറുന്നു! തിക്കിലും തിരക്കിലുംപെട്ടു് ചിലർ വെള്ളത്തിൽ വീഴുന്നു! അങ്ങനെ ആകെയൊരു ബഹളംതന്നെ.

എല്ലാവരേയും കരുണാപൂർണ്ണമായ കടാക്ഷവിക്ഷേപങ്ങളാൽ അനുഗ്രഹിച്ചിട്ടു് സ്വാമികൾ വള്ളത്തിൽ കയറിയിരുന്നു. കല്പന കിട്ടാത്തതുകൊണ്ടു് കുമ്പളവും മറ്റും പുറത്തുനിന്നതേയുള്ളു. ഏതാണ്ടൊരു മണിക്കൂർ അങ്ങനെ കഴിഞ്ഞു. എന്നിട്ടും വള്ളമനക്കാനുള്ള കല്പന സ്വാമിയിൽ നിന്നും ഉണ്ടായില്ല. കുമ്പളവും, കടച്ചിക്കാടനും അസ്വസ്ഥരായി.

അപ്പൊഴുണ്ടു്, കുളത്തൂർ ആശ്രമത്തിലെ യോഗിനിഅമ്മ ധൃതി പ്പെട്ടു് അവിടെയെത്തി. എല്ലാവരും വഴിമാറിക്കൊടുത്തു. അമ്മ വള്ളത്തിനുള്ളിൽ കയറി തൃപ്പാദം തൊട്ടുവന്ദിച്ചു് തൊഴുകൈ യോടെ നിന്നു.

"യാത്രയാണു്...." സ്വാമികൾ യോഗിനിയമ്മയെ നോക്കി പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. യോഗിനിയമ്മയുടെ കണ്ണുകൾ അശ്രുകലുഷിതങ്ങളായി. മുത്തുമണികൾ പൊഴി യുംപോലെ അശ്രുക്കൾ ഇറ്റുവീണു. പന്മനയ്ക്കുള്ള യാത്രയെക്കുറിച്ചാണു് സ്വാമികൾ പറഞ്ഞതെന്നാണു് അവിടെ കൂടിനിന്നവരൊക്കെ ധരിച്ചതു്. എന്നാൽ ഈ ഭൗതികലോക ത്തുനിന്നു തന്നെ യാത്രയാവുകയാണെന്നാണു് സ്വാമികൾ അരുളിച്ചെയ്തതെന്നു് യോഗിനി അമ്മയ്ക്കു മനസ്സിലായി. അതുകൊണ്ടാണു് അമ്മയുടെ അക്ഷികളിൽ നിന്നു് അശ്രുക ണങ്ങൾ അടർന്നുവീണതു്. അതെ. ആനന്ദത്തിന്റെ അശ്രുബിന്ദുക്കൾ!!

യോഗിനിയമ്മ തൊഴുതു യാത്രയായി. ഉടനെ വള്ളമന ക്കാൻ സ്വാമികളിൽ നിന്നും കല്പനയുണ്ടായി. തിരുവടികളെ കൊല്ലത്തുകൊണ്ടെത്തിക്കുന്ന കാര്യം കടച്ചിക്കാട്ടു നാണുപി ള്ളയെ ഭരമേൽപ്പിച്ചിട്ടു് കുമ്പളം തീവണ്ടിമാർഗ്ഗം കൊല്ലത്തേ യ്ക്കുപുറപ്പെട്ടു. സ്വാമികളുടെ വിശ്രമത്തിനു വേണ്ടുന്ന കാര്യ ങ്ങളൊക്കെ കാലേകൂട്ടി ശരിപ്പെടുത്താൻവേണ്ടിയാണു് അദ്ദേഹം അങ്ങനെ ചെയ്തത്.

സ്വാമിതിരുവടികളേയും വഹിച്ചുകൊണ്ടു് വഞ്ചി സാവ ധാനം വടക്കോട്ടു നീങ്ങിത്തുടങ്ങി. കായലിന്റെ വിരിമാറിലൂടെ ഓളങ്ങൾ മുറിച്ചുമാറ്റി മുന്നോട്ടു നീങ്ങുന്ന വള്ളത്തിൽ അങ്ങ പാരതയിലേയ്ക്കു നോക്കിക്കൊണ്ടു് സ്വാമികൾ ഇരിക്കുക യാണു്. അനന്തമായ കാലത്തിന്റെ കരിനീലജലപ്പരപ്പിൽ സാംസാരികതയുടെ കനത്ത ഓളങ്ങളിൽപ്പെട്ടു് അലഞ്ഞുതി രിയുന്ന ജീവാത്മാക്കളുടെ സാദൃശ്യം ആ വള്ളത്തിലും വെള്ളത്തിലും അവിടുന്നു ദർശിച്ചിരിക്കാം.

വഞ്ചി പ്രാക്കുളം കടവിലെത്തിയപ്പോൾ തിരുവടികളെ സ്വീകരിക്കാൻ കുമ്പളം കാത്തുനില്ക്കുകയായിരുന്നു.

"ഇവിടെ തോട്ടുവയലിൽ അല്പം വിശ്രമിക്കാം"- കുമ്പളം സ്വാമികളോടപേക്ഷിച്ചു. കുമ്പളത്തിന്റെ ഇംഗിതം മന സ്സിലാക്കിയ സ്വാമികൾ സമ്മതംമൂളി.

വഞ്ചി, തോട്ടുവയലിൽബംഗ്ലാവിന്റെ മുന്നിലുള്ള സ്വകാ

ര്യക്കടവിലേയ്ക്കു് നീങ്ങി. കുമ്പളത്തു ശങ്കുപ്പിള്ളയുടെ മൂല കുടുംബമാണു് തോട്ടുവയലിൽ ബംഗ്ലാവു്. കൊല്ലം താലൂക്കിലെ പ്രഭുത്വമുള്ള നായർത്തറവാടുകളിലൊന്നാണതു്. കാരണവർക്കിരിക്കാനും, ആണുങ്ങൾക്കിരിക്കാനും, പെണ്ണുങ്ങൾക്കിരിക്കാനും പ്രത്യേകം പ്രത്യേകം കെട്ടുകളും, ഊട്ടുപുരയും മറ്റുമുള്ള ഒരു വലിയ ഭവനമായിരുന്നു അതു്. വളരെ വിശാലമായ ആ പറമ്പിൽ അഷ്ടമുടിക്കായലിനഭിമുഖമായി ഒരു ഇരുനിലക്കെട്ടിടമുണ്ടു്. ആ കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള വിസ്തൃതമായ നടുമുറിയിലാണു് കുമ്പളം സ്വാമിതിരുവടികളെ കൊണ്ടിരുത്തിയതു്. ആ മുറിയുടെ നാലുചുറ്റും വർണ്ണശബളമായ കണ്ണാടികളിട്ട വാതായനങ്ങളോടുകൂടിയ വരാന്തകളാണു്. അവിടെ നിന്നു്, തൊട്ടുമുമ്പിലുള്ള അഷ്ടമുടിക്കായലിലേയ്ക്കു് നോക്കിയാൽ കാണുന്ന കാഴ്ച വാചാമഗോചരമെന്നേ പറയാനാവൂ. കുമ്പളത്തിന്റെ മൂത്തസഹോദരനും, നാട്ടുപ്രമാണിയുമായ ശ്രീ. പ്രാക്കുളം പരമേശ്വരൻപിള്ളയാണു് ആ ഭവനത്തിലെ അപ്പോഴത്തെ കാരണവർ.

ശ്രീ. ചട്ടമ്പിസ്വാമികൾ തോട്ടുവയലിൽ വന്നിട്ടുണ്ടെന്നറിഞ്ഞു്, പ്രാക്കുളം വേളിക്കാട്ടു ക്ഷേത്രത്തിൽ വിശ്രമിച്ചിരുന്ന ശ്രീനാരായണഗുരുദേവൻ ഒരു ദിവസം ഗുരുപാദ ദർശനത്തിനായി അവിടെവന്നു. അക്കാലത്തു് ആഢ്യ നായർഭവനങ്ങളിൽ ഈഴവർ കയറുക പതിവില്ല. കയറാനും പാടില്ല. അതിനു് സാമുദായികമായ വിലക്കുകളുണ്ടായിരുന്നു. അതുകൊണ്ടു് ഗുരുദേവനും അനുചരരും പടിപ്പുരയിൽ വിശ്രമിച്ചു. വിവരം ആരോ ചട്ടമ്പിസ്വാമികളെ അറിയിച്ചപ്പോൾ, "കൂടെയുള്ളവർ അവിടെ നില്ക്കട്ടെ, നാണുസ്വാമിയെ[1] മാത്രം ഇങ്ങു കയറിവരാൻപറ" എന്നു് സ്വാമികളിൽനിന്നു് അരുളപ്പാടുണ്ടായി. ശ്രീനാരായണഗുരുദേവൻ പടികൾ കയറി ചട്ടമ്പിസ്വാമികൾ വിശ്രമിക്കുന്ന മുറിയിലെത്തി. ആർഷാചാരപ്രകാരം ഗുരുപാദം വന്ദിച്ചു് ഒരു ഭാഗത്തു് ഒതുങ്ങി വിനയാന്വിതനായി നിന്നു. ആ കൂടിക്കാഴ്ച കുമ്പളം ഇങ്ങനെ രേഖപ്പെടുത്തുന്നു.[2]

---

1. നാണൻ എന്നാണു് വാത്സല്യപൂർവ്വം വിളിക്കാറുണ്ടായിരുന്നതെങ്കിലും, ശ്രീനാരായണഗുരുദേവൻ യോഗിയായതിനുശേഷം 'നാണുസ്വാമി' എന്നാണു് ചട്ടമ്പിസ്വാമികൾ വിളിച്ചിരുന്നതു്. ചിലപ്പോൾ നാണുവാശാൻ എന്നും വിളിക്കും.

2. എന്റെ കഴിഞ്ഞകാല സ്മരണകൾ,ഒന്നാം പതിപ്പു്. പുറം. 54.

"എന്താ നാണുവാശാൻ! കുറെ നാളായല്ലോ കണ്ടിട്ട്. ഇങ്ങോട്ടിരിക്കൂ, ചോദിക്കട്ടെ." താൻ കിടന്നിരുന്ന കട്ടിലിന്റെ ഒരു ഭാഗം ചൂണ്ടിക്കാട്ടിക്കൊണ്ട് സ്വാമികൾ പറഞ്ഞു. നാണുഗുരു ഇരിക്കാതെ അറച്ചുനിന്നു.

"ഇരിക്കൂ" – സ്വാമികൾ നിർബന്ധിച്ചു. അപ്പോൾ നാണുഗുരു കട്ടിലിന്റെ അരികിൽ ഒതുങ്ങി ഇരുന്നു.

"ഈയിടെ പ്രവൃത്തിപ്പട്ടവുമെല്ലാമുണ്ടെന്നു കേട്ടല്ലോ. പണപ്പിരിവ് പ്രവൃത്തിയാർക്കുള്ളതല്ലേ?.." – സ്വാമികളുടെ സ്നേഹമസൃണമായ ആ ചോദ്യത്തിനു നാണുഗുരു മൗനം ദീക്ഷിച്ചതേ യുള്ളൂ.

"അല്ലാ, കാവിയുടുത്തോ! ? അതെന്നു മുതലാണു്–" സ്വാമികൾ പിന്നെയും ചോദിച്ചു. "പണപ്പിരിവിനുവേണ്ടി പരദേശയാത്രചെയ്തപ്പോൾ ഉടുത്തതാണു്" നാണുഗുരു സാവധാനം മറുപടി പറഞ്ഞു.

'എന്റെ കഴിഞ്ഞ കാലസ്മരണകൾ' എന്ന ഗ്രന്ഥത്തിൽ ആ കൂടിക്കാഴ്ചയെപ്പറ്റി ദൃക്സാക്ഷിയായ കുമ്പളം എഴുതിയിരിക്കുന്ന വാക്യങ്ങൾ തന്നെയാണു ഞാൻ ഇവിടെ കുറിച്ചതു്.

"അവിടുന്നു നന്നേ ക്ഷീണിച്ചിരിക്കുന്നു"– സ്വാമികളുടെ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടു് ശ്രീനാരായണഗുരുദേവൻ തുടർന്നു. "ഞാൻ മകരധ്വജം കൊടുത്തയക്കാം." സ്വാമികൾ ഒന്നു മന്ദഹസിച്ചു.

ഗുരുദേവൻ യാത്രപറഞ്ഞു് കൊല്ലത്തേയ്ക്കു പോയി. കൊല്ലത്തുചെന്നയുടനെ മകരധ്വജം വാങ്ങി ഒരാൾവശം കൊടുത്തയയ്ക്കുകയും ചെയ്തു.

"കൂടുപൊളിച്ചു് പക്ഷി പറക്കാൻ പോകുന്ന അവസരത്തിൽ ഇതൊക്കെ എന്തിനാണു്." മകരധ്വജം കണ്ടപ്പോൾ സ്വാമികൾ ചിരിച്ചുകൊണ്ടു തുടർന്നു:– "ഈ നാണുവാശാനു് ഒന്നും മനസ്സിലായില്ലേ?"

രണ്ടുമൂന്നു ദിവസത്തിനുശേഷം ഒരിക്കൽക്കൂടി ശ്രീനാരായണഗുരുസ്വാമികൾ, ഗുരുപാദരെ കാണാൻ വന്നു. അതു് 1099 (1924) മീനം 16–ാം തീയതി ഉച്ചകഴിഞ്ഞ നേരത്തായിരുന്നു. അന്നു് ശിഷ്യന്മാരുടെ കലശലായ നിർബന്ധം കൊണ്ടു് ഒരു ഫോട്ടോ എടുക്കാൻ ചട്ടമ്പിസ്വാമികൾ സമ്മതിച്ചു. ചട്ടമ്പിസ്വാമികളെ നടുക്കും നാരായണഗുരു സ്വാമികളേയും തീർത്ഥപാദസ്വാമികളേയും യഥാക്രമം വലത്തും ഇട

ത്തുമിരുത്തി കുടുംബാംഗങ്ങളെല്ലാം ചേർന്നു് അന്നു് ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. അതിൽനിന്നും പകർത്തിയെടുത്തതാണു് നാം ഇന്നു കാണുന്ന, ചട്ടമ്പിസ്വാമിയും, ഇടത്തും വലത്തും ശ്രീനാരായണഗുരുവും തീർത്ഥപാദസ്വാമികളുമിരിക്കുന്ന ഫോട്ടോ. ശിഷ്യന്മാരെല്ലാവരും ചേർന്നു് മറ്റൊരു ഫോട്ടോയും അന്നെടുത്തു. രത്നസ്വാമിപ്പിള്ള എന്ന ഫോട്ടോഗ്രാഫറെ വരുത്തിയാണു് ആ ഫോട്ടോകൾ എടുപ്പിച്ചതു്. ഇക്കാര്യങ്ങൾ ശ്രീ കുമ്പളം രേഖപ്പെടുത്തുന്നുണ്ടു്.[1]

കുറച്ചുകഴിഞ്ഞു് ശ്രീനാരായണഗുരു സ്വാമികൾ യാത്ര ചോദിച്ചു.

"പൊയ്ക്കോ–" ചട്ടമ്പിസ്വാമികൾ പറഞ്ഞു. "നിനക്കിനിയും വരേണ്ടിവരുമല്ലോ" ഉടനെ, ഗുരുദേവൻ യാത്രയാവുകയും ചെയ്തു.

ചട്ടമ്പിസ്വാമികളും, നാരായണഗുരുദേവനും തമ്മിലുള്ള ഈ സംവാദം നടക്കുമ്പോൾ, കുമ്പളത്തു ശങ്കുപ്പിള്ളയും, തീർത്ഥപാദസ്വാമികളും, പന്നിശ്ശേരി നാണുപിള്ളയും മറ്റും ആ മുറിയിൽ നില്പുണ്ടു്.

ഈ യാത്രയിൽ പ്രാക്കുളത്തു് തോട്ടുവയലിൽ ബംഗ്ലാവിൽ ഏതാനും ദിവസം സ്വാമികൾ വിശ്രമിച്ചു. സ്വാമിതൃപ്പാദങ്ങൾ അവിടെത്തന്നെ താമസിക്കണമെന്നു് കുമ്പളത്തിന്റെ ജ്യേഷ്ഠഭ്രാതാവും, കുടുംബകാരണവരുമായ ശ്രീ. പ്രാക്കുളം പരമേശ്വരൻപിള്ള അപേക്ഷിച്ചു. സ്വാമികളെ പന്മനയ്ക്കു കൊണ്ടുപോകാനുള്ള പ്രായോഗികമായ ബുദ്ധിമുട്ടുകളെക്കുറിച്ചോർത്തു് ഇതികർത്തവ്യതാമൂഢനായിനിന്ന കുമ്പളത്തിനും അതു് ഹിതമായിത്തോന്നി. എല്ലാ കാര്യങ്ങളും ജ്യേഷ്ഠൻ നോക്കിക്കൊള്ളുമല്ലോ എന്നു് അദ്ദേഹം ആശ്വസിക്കുകയും ചെയ്തു.

ഇടയ്ക്കൊരുദിവസം കുമ്പളം എന്തോ കാര്യത്തിനു് പന്മനയ്ക്കു് പോയി. പിറ്റേദിവസം ചട്ടമ്പിസ്വാമികളുടെ ഒരു സന്ദേശവുമായി തീർത്ഥപാദസ്വാമികൾ പന്മനയിലെത്തി, കുമ്പളത്തിനെ കണ്ടു. സ്വാമി നിർദ്ദേശിച്ച കാവിൽ ഒരു താല്ക്കാലിക ഷെഡ് കെട്ടിച്ചു് അവിടെ ഇരിക്കണമെന്ന ആഗ്രഹം തിരുവടികൾക്കു് കലശലായിരിക്കുന്നു എന്നതായിരുന്നു സന്ദേശം. വല്ലവരുടേയും കൈവശമിരിക്കുന്ന കാവിൽ എങ്ങനെ ഷെഡുകെട്ടും! കുമ്പളം കുഴങ്ങി.

---

1. എന്റെ കഴിഞ്ഞകാല സ്മരണകൾ. (കുമ്പളം) പുറം. 54, 55.

തന്നെ പ്രാക്കുളത്തു് തടഞ്ഞിടാൻ എല്ലാവരുംകൂടി കള മൊരുക്കുകയാണെന്നു് സംശയംതോന്നിയപ്പോൾ, "ഇനി പന്മനയ്ക്കു് ചെന്നല്ലാതെ ജലപാനംപോലും ഇല്ലെ"ന്നു് സ്വാമി തിരുവടികൾ ശാഠ്യംപിടിച്ചു. സ്വാമികളെ പന്മനയ്ക്കുകൊണ്ടു വരാതെ കുമ്പളത്തിനു് നിവൃത്തിയില്ലെന്നായി. അതുകൊണ്ടു് കൊണ്ടുവരാൻ തന്നെ തീരുമാനിച്ചു് കുമ്പളം പ്രാക്കുളത്തേയ്ക്കുപോയി.

സ്വാമികളുടെ യാത്രയ്ക്കുള്ള ഏർപ്പാടുകളൊക്കെ ചെയ്തിട്ടു് അന്നുതന്നെ കുമ്പളം പന്മനയ്ക്കുമടങ്ങി. സ്വാമികളുടെ വരവുംപ്രതീക്ഷിച്ചു് രാത്രി ഒൻപതുമണിമുതൽ രാവിലെ നാലുമണിവരെ പന്മനയ്ക്കുസമീപമുള്ള 'ഉപ്പുന്നേൽ' കടവിൽ കാത്തുനിന്നു. സ്വാമികളെ കാണാത്തതുകൊണ്ടു് ഇന്നിനി വരുകയില്ലായിരിക്കുമെന്നു് കരുതി അദ്ദേഹം വീട്ടിലേയ്ക്കു മടങ്ങി. കുറെ കഴിഞ്ഞപ്പോൾ സ്വാമികൾ സഞ്ചരിച്ചിരുന്ന വഞ്ചി കടവിലടുത്തു. വള്ളക്കടവിൽ ആരെയും കാണാത്തതുകൊണ്ടു്, സ്വാമികളുടെകൂടെ സഹായത്തിനുണ്ടായിരുന്ന ശ്രീ കടച്ചിക്കാട്ടുനാണുപിള്ള ഓടിച്ചെന്നു് കുമ്പളത്തിനെ വിവരമറിയിച്ചു. ഉറക്കക്ഷീണമുണ്ടെങ്കിലും കുമ്പളം ചാടിയെഴുന്നേറ്റു. സ്വാമി തിരുവടികളെ കൊണ്ടുവരാൻ ശങ്കരമംഗലത്തുകാരുടെ മഞ്ചൽ ഏർപ്പാടുചെയ്തിട്ടു് അദ്ദേഹം വള്ളക്കടവിലേയ്ക്കു പാഞ്ഞു. അപ്പോഴേയ്ക്കും സൂര്യൻ ഉദിച്ചുകഴിഞ്ഞിരുന്നു.

വെയിലായിക്കഴിഞ്ഞാൽ എങ്ങും സഞ്ചരിക്കാൻ ഇഷ്ടപ്പെടാത്ത ആളാണു് സ്വാമികൾ. അതുകൊണ്ടു് കുമ്പളത്തിനെ കണ്ടപ്പോൾ മുഖത്തു് ഒരു രസക്കേടു പറന്നു. "ഇന്നിനി എങ്ങും വരുന്നില്ല. ഈ വള്ളത്തിലെങ്ങാനും കിടന്നോളളാം". സ്വാമികൾ പറഞ്ഞു. നീരസത്തിന്റെയും പരിഭവത്തിന്റെയും നിറമുണ്ടായിരുന്നു, ആ വാക്കുകളിൽ.

എട്ടുമണിയോടടുത്തപ്പോൾ മഞ്ചൽ എത്തിച്ചേർന്നു. കുമ്പളംതന്നെ കൈക്കുപിടിച്ചു് സ്വാമികളെ മഞ്ചലിൽ ആസനസ്ഥനാക്കി. തിരുവടികൾ വന്നുചേർന്ന വിവരം അതിനിടെ നാട്ടുകാരറിഞ്ഞു. വന്നവർ വന്നവർ മഞ്ചലിനു് അകമ്പടി സേവിച്ചു. പന്മന ഹൈസ്ക്കൂളിന്റെ മുറ്റത്തുള്ള സി.പി. സ്മാരക വായനശാലയിൽ മഞ്ചൽ ഇറക്കി. കാവിലേയ്ക്കാണു് യാത്രയെന്നു കരുതിയിരുന്ന സ്വാമികൾക്കു് അതു തീരെ രസിച്ചില്ല. "എന്നെ വല്ല പള്ളിക്കുടത്തിലും ഇട്ടേരെ"- അല്പം നീരസഭാവത്തിൽ അവിടുന്നു് പറഞ്ഞു. എങ്കിലും

വിസമ്മതം ഒന്നുംകൂടാതെ ആ വായനശാലയിൽ സ്വാമി കൾ വിശ്രമിച്ചു. പിന്നീടു് സമാധിപര്യന്തം ഈ വായനശാലയിലാ യിരുന്നു തിരുവടികൾ വിശ്രമിച്ചിരുന്നതു്. 1099 മേടം ഒന്നാം തീയതിയാണു് സ്വാമികൾ പന്മനയിലെത്തിയതു്. കുമ്പളത്തു ശങ്കുപ്പിള്ളയുടെ അമ്മാവനായ ശ്രീ സി.പി. പദ്മനാഭപിള്ള യുടെ സ്മാരകമായി നിർമ്മിച്ചതാണു് ഈ സി.പി. സ്മാരക വായനശാല. ശ്രീ തയ്യിൽ കൃഷ്ണപിള്ളയായിരുന്നു അതിന്റെ സെക്രട്ടറി. വായനശാലയ്ക്കുമുമ്പിൽ കുമ്പളം ഒരുവലിയ പന്തലിട്ടു. വെള്ളത്തുണികൊണ്ടു് വിതാനിച്ചു. സ്വാമികൾ വിശ്രമിച്ചിരുന്ന മുറിയുടെ വാതായനങ്ങളിൽ നനച്ച വെള്ള ത്തുണികൊണ്ടു് കർട്ടനിട്ടു. തണുപ്പിനുവേണ്ടി മുറിയിലാകെ വെള്ളം തളിച്ചു. ഇത്രയുമായപ്പോൾ സ്വാമികൾക്കു് നേരത്തേ ഉണ്ടായിരുന്ന നീരസമാകെ മാറി.

ഇത്തവണ പന്മനയിൽ വന്നതിനുശേഷം പലപ്പോഴും സ്വാമികൾ സമാധിയെപ്പറ്റി സൂചിപ്പിച്ചു സംസാരിക്കുന്നതു് കുമ്പളം ശ്രദ്ധിച്ചു. സ്വാമികളുടെ സമാധികാലമടുത്തിരിക്കു ന്നുവെന്നു് അദ്ദേഹത്തിനുതോന്നി. ഒരുദിവസം ആളൊഴിഞ്ഞ നേരത്തു് കുമ്പളം സ്വാമികളെ സമീപിച്ചു ചോദിച്ചു.

"സ്വാമി! സമാധി എങ്ങനെയാണു് ഞങ്ങൾ ആചരിക്കേ ണ്ടതു്? ഞങ്ങൾ എന്തൊക്കെ ചെയ്യണം?"

"കിളവനെ പൂജിക്കുകയും മറ്റും ചെയ്തുകളയരുതു്"– ചിരിച്ചുകൊണ്ടു് സ്വാമികൾ പറഞ്ഞു.

"അവിടുത്തേയ്ക്കു് വേണ്ടെങ്കിലും, ഞങ്ങൾക്കു് വേണ മല്ലോ..." കുമ്പളം പ്രതികരിച്ചു.

"എന്നാൽ, സമാധിയിരുത്തുന്ന കല്ലറയ്ക്കുമുകളിൽ ഒരു ശിവലിംഗം പ്രതിഷ്ഠിക്കണം. പത്തുവയസ്സിനുതാഴെ പ്രായമുള്ള പയ്യനെക്കൊണ്ടു് സന്ധ്യയ്ക്കൊരു വെളുത്ത പുഷ്പം ഇട്ടേയ്ക്കണം"– സ്വാമികൾ തുടർന്നു. "കഴിയുമെങ്കിൽ കിളവന്റെ ഗിഞ്ചിറകൂടി തലയ്ക്കൽ കെട്ടി ത്തൂക്കുന്നതുകൊള്ളാം". ഫലിതസ്വരത്തിൽ അവിടുന്നു് പറഞ്ഞുനിർത്തി.

മുമ്പൊരിക്കൽ സ്വാമിതിരുവടികൾ തൊട്ടുകാണിച്ച സമാധിസ്ഥാനത്തെക്കുറിച്ചു് കുമ്പളം ഗൗരവമായി ചിന്തിച്ചു തുടങ്ങിയതു് ഇപ്പോഴാണു്.

സർക്കാർവകയായ ആ സർപ്പക്കാവു് ലേലത്തിനുവയ് പ്പിക്കാനുള്ള ഏർപ്പാടുകളെല്ലാം കുമ്പളം ശരിയാക്കി.



ദേവീക്ഷേത്രത്തിനു മുമ്പിലുള്ള കുളം


കൊല്ലൂർ മഠത്തിനു് സമീപമുള്ള ശാസ്താ ക്ഷേത്രം






സ്വാമികൾ ബാലനായിരിക്കുമ്പോൾ കെട്ടിപ്പിടിച്ചു കിടന്നതായി പറയപ്പെടുന്ന
ശിവലിംഗം പ്രതിഷ്ഠയുള്ള ക്ഷേത്രത്തിന്റെ ഒരു ദൃശ്യം

അണിയൂർ ക്ഷേത്രം
ഇവിടെ വെച്ചാണു് ശ്രീനാരായണഗുരു ശ്രീ ചട്ടമ്പിസ്വാമികളെ പരിചയപ്പെടുന്നതു്



പ്രാക്കുളത്തു് തോട്ടുവയലിൽ സ്വാമികൾ വിശ്രമിക്കുമ്പോൾ
എടുത്ത ഫോട്ടോ



സ്വാമികൾ നടുക്കും നാരായണഗുരുസ്വാമികൾ വലത്തും
തീർത്ഥപാദസ്വാമികൾ ഇടത്തും ഇരിക്കുന്നതു് കാണാം.

നേരേനടുക്കു ഗുരുപാദ, രിടംവലം തൻ–
പേരാർന്നശിഷ്യ, രിതു മട്ടിലിരുന്നു നന്നായ്
തോരാത്തബാഷ്പനിരയോടു നമുക്കു കണ്ടി–
ങ്ങാരാൽ നമിപ്പതിനുടൻ പടമൊന്നെടുത്തു

(സരസകവി, മൂലൂർ എസ്. പദ്മനാഭപ്പണിക്കർ.)

പന്മന ആശ്രമം മഹാത്മാഗാന്ധി സന്ദർശിച്ചപ്പോൾ വിശ്രമിച്ചിരുന്ന "മഹാത്മജിമന്ദിരം."

സാധിക്കാതെ ഉപയോഗിച്ചിരുന്ന വടിയും ഗീതയും.

താമസിയാതെ ലേലം നടന്നു. കുമ്പളത്തിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുകയും ചെയ്തു. അപ്പോൾ അതാവരുന്നു മറ്റൊരു കുഴപ്പം! തന്റെ കൈവശാവകാശത്തിലിരിക്കുന്ന ആ കാവ് തങ്ങളുടെ ആരാധനാസ്ഥാനമാണെന്നും, തന്മൂലം ലേലം അസ്ഥിരപ്പെടുത്തണമെന്നും കാണിച്ച് പാണയത്തെ കാരണവരായ പദ്മനാഭപിള്ള പരാതികൊടുത്തു. അതുകൊണ്ട് ലേലത്തിൽപിടിച്ച കാവ് കൈയിൽ കിട്ടാതെയായി. പാണയത്തു പദ്മനാഭപിള്ള ഒരു പിടിവാശിക്കാരനാണ്. പലരേയുംകൊണ്ട് പറയിച്ചിട്ടും അദ്ദേഹം വഴങ്ങുന്ന മട്ടുകണ്ടില്ല. അതുകൊണ്ട് നേരിൽ ചോദിക്കാമെന്ന് കുമ്പളം തീരുമാനിച്ചു.

പിറ്റേന്ന് രാവിലെതന്നെ പാണയത്തേയ്ക്ക് ഒരാളെ പറഞ്ഞയച്ചു. സർപ്പക്കാവിൽ കുറച്ചു സ്ഥലം വിട്ടുതരാൻ സമ്മതമാണോ എന്ന് ചോദിക്കാനാണ് ആളയച്ചത്. സമാധികാര്യങ്ങൾക്കുവേണ്ടിയാണെന്നും അറിയിച്ചു. ശവമടക്കാൻ കാവ് കൊടുക്കുകയില്ലെന്നായിരുന്നു പാണയത്തുകാരണവരുടെ മറുപടി. കുമ്പളത്തിന് ആ മറുപടി തീരെ ഇഷ്ടപ്പെട്ടില്ല. എന്നാലിനി കൈയൂക്കിന്റെ ശൈലിയിൽത്തന്നെ കാര്യങ്ങൾ കൈകാര്യം ചെയ്യാമെന്ന് ഗുസ്തിക്കാരനായ കുമ്പളം തീരുമാനിച്ചു.

അന്നുരാത്രി ഉറക്കത്തിൽ പാണയത്തുകാരണവർക്ക് ചില അസ്വസ്ഥതകൾ അനുഭവപ്പെട്ടു. എന്തൊക്കെയോ ദുഃസ്വപ്നങ്ങളും ദുഃശകുനങ്ങളും കണ്ടു. കുമ്പളത്തിന്റെ വാശിയും, കൈയൂക്കും, നാട്ടുകാരുടെയിടയിൽ അദ്ദേഹത്തിനുള്ള സ്വാധീനവും കാരണവർക്ക് നല്ലപോലെ അറിയാം. എന്തുചെയ്യാനും മടിക്കാത്ത ആളാണ് കുമ്പളം. ആ ഭയം ഒരുവശത്ത്. രാത്രിയിലെ ഭയാനകസ്വപ്നങ്ങളോർത്തുള്ള ഭീതി മറുവശത്ത്. കാരണവർ ആകെ തളർന്നു. പിറ്റേന്ന് രാവിലെ അദ്ദേഹം ഒരു പ്രാശ്നികനെ വരുത്തി പ്രശ്നംവയ്പ്പിച്ചു. ആ സ്ഥലത്ത് ഒരു മഹാസമാധി നടക്കുമെന്നും, തന്മൂലം പ്രസിദ്ധമായ ഒരു പുണ്യസ്ഥാനമായി അവിടം മാറുമെന്നും, അതിന് എതിരു നില്ക്കുന്നതു് അത്യാപത്തുകൾക്ക് കാരണമാകുമെന്നും ജ്യോത്സ്യൻ അറിയിച്ചു. അതോടെ കാരണവർക്ക് മാനസാന്തരം വന്നു. ആ കാവുമുഴുവൻ സമാധികാര്യങ്ങൾക്കുവേണ്ടി വിട്ടുതരാൻ തയ്യാറാണെന്ന് അദ്ദേഹം കുമ്പളത്തെ അറിയിക്കുകയും ചെയ്തു. സമാധിക്ക് ഏതാനും ദിവസം മുമ്പായിരുന്നു ഈ സംഭവം.

കൊ:വ: 1099 (ക്രി:വ: 1924) മേടമാസം രണ്ടാംവാരം ആരംഭിച്ചു. സ്വാമികൾ നന്നേ ചടച്ചുകഴിഞ്ഞിരിക്കുന്നു! വായനശാലയിലെ വിശ്രമമുറിയിൽ, വെള്ളംകോരിയൊഴിച്ചു് നനച്ച തറയിൽ ചാക്കുകെട്ടിലിട്ടു് സ്വാമികൾ അതിൽ വിശ്രമിക്കുകയാണു്. നാടിന്റെ നാനാഭാഗത്തുനിന്നും ധാരാളം ആളുകൾ ദർശനസൗഭാഗ്യംതേടി വന്നുകൊണ്ടിരിക്കുന്നു! കൂട്ടത്തിൽ അങ്ങു് തെക്കു് തിരുവനന്തപുരത്തുനിന്നും, കൊല്ലം, വടക്കൻപരവൂർ മുതലായ സ്ഥലങ്ങളിൽനിന്നും ചില ഭക്തന്മാരും വന്നിട്ടുണ്ടു്. ഓ.എൻ. കൃഷ്ണക്കുറുപ്പു്, കാടിച്ചേഴത്തു പരമേശ്വരൻപിള്ള, പി.കെ. നാരായണനുണ്ണിത്താൻ, കരുവാ കൃഷ്ണനാശാൻ മുതലായവരായിരുന്നു കൊല്ലത്തുനിന്നും എത്തിയിരുന്നവർ. അവർ സ്വാമിതിരുവടികളെ കൊല്ലത്തേയ്ക്കുകൊണ്ടുപോകാൻ ശ്രമിച്ചു. തീർത്ഥപാദസ്വാമികളും അവരുടെ പക്ഷത്തായിരുന്നു. നിർബന്ധം കലശലായപ്പോൾ, "കാരണവർക്കു് സമ്മതമാണോ എന്നന്വേഷിക്കിൻ"- എന്നു സ്വാമികൾ അവരോടു പറഞ്ഞു. കുമ്പളം എതിർപ്പൊന്നും പറഞ്ഞില്ല. അതുംകൂടിയായപ്പോൾ സ്വാമികൾ കുഴങ്ങി. "ഏതായാലും മേടം ഇരുപത്തിമൂന്നു കഴിഞ്ഞോട്ടെ, തെക്കോട്ടുവന്നേയ്ക്കാം"- സ്വാമികൾ അവരോടു പറഞ്ഞു. ഇരുപത്തിമൂന്നാം തീയതി സംഭവിക്കാൻപോകുന്ന തന്റെ സമാധിയെക്കുറിച്ചാണ് തിരുവടികൾ സൂചിപ്പിക്കുന്നതെന്നു് അവർക്കും, മറ്റുള്ളവർക്കും മനസ്സിലായില്ല. അവർ കൊല്ലത്തുചെന്നു് സ്വാമിതിരുവടികളുടെ വിശ്രമത്തിനുവേണ്ടിയുള്ള ഒരുക്കങ്ങൾ ആരംഭിക്കുകയും ചെയ്തു.

ആയിടയ്ക്കു് ഒരുദിവസം സ്വാമിതിരുവടികൾ കുമ്പളത്തിനെ അരുകിൽവിളിച്ചുപറഞ്ഞു:-

"കാരണവരേ! ഇടവ സൂര്യനെ കിളവനു കാണാനൊക്കുകയില്ല."

ആ വാക്യവും സമാധിസൂചകമാണെന്നു് കുമ്പളത്തിനു മനസ്സിലായില്ല. സ്വാമികൾ എന്തോ തമാശ പറയുന്നു എന്നാണു് അദ്ദേഹം കരുതിയതു്.

1099 മേടം 22-ാം തീയതി (1924 മേയ് 4) യിലെ സൂര്യനും അസ്തമിച്ചു. 23-ാം തീയതിയിലെ പ്രഭാതം പൊട്ടിവിടർന്നു. പതിവിൽക്കവിഞ്ഞ എന്തോ ഒരു പ്രത്യേകത ആ ദിവസത്തിനുള്ളതുപോലെ തോന്നി. ഒരു മഹായോഗിയുടെ മഹാസമാധിക്കു് സാക്ഷ്യംവഹിക്കാൻ പോകുന്ന പുണ്യവാ

സരമല്ലേ അതു്? മറ്റുദിവസങ്ങൾക്കില്ലാത്ത പ്രത്യേകത അതിനുണ്ടാകാതിരിക്കാൻ തരമില്ലല്ലോ.

സ്വാമികൾ വിശ്രമിക്കുന്ന മുറിക്കു സമീപം കുമ്പളം ഒരു സൈക്കിളിൽവന്നിറങ്ങി. രാവിലെ ഏതാണ്ടു് എട്ടുമണി കഴിഞ്ഞിരിക്കും സമയം. അവിടെ അടുത്തു് പരിമണത്തുക്ഷേത്രത്തിൽ ഉത്സവംനടക്കുന്ന കാലമായിരുന്നു അതു്. എന്തോ കാര്യത്തിനു് അങ്ങോട്ടുപോകാനുള്ള ഒരുക്കത്തിലാണു്, കുമ്പളം. സ്വാമികളുടെ അനുവാദം വാങ്ങാൻ വന്നതാണു്.

കുമ്പളത്തിന്റെ ഇംഗിതം മനസ്സിലായപ്പോൾ സ്വാമികൾ പറഞ്ഞു:–

"കാരണവർ ഇന്നെങ്ങും പോകരുതു്; നാലുമണികഴിഞ്ഞോട്ടെ...."

ചിലർക്കൊക്കെ ആളയക്കണമെന്നുംകൂടി സ്വാമികൾ നിർദ്ദേശിച്ചു. തിരുവടികൾ തന്നോടു് സംസാരിക്കുന്ന അവസാന വാക്കുകളായിരുന്നു അവയെന്നു് കുമ്പളം അറിഞ്ഞില്ല!

ഉച്ച കഴിഞ്ഞു. സ്വാമിതിരുവടികൾ കണ്ണടച്ചു് ചാക്കുകട്ടിലിൽ മലർന്നുകിടക്കുകയാണു്. ശരീരത്തിനു് അവശതയുണ്ടെങ്കിലും അവിടുന്നു് ഉന്മേഷവാനായി കാണപ്പെട്ടു. പതിവിൽ കവിഞ്ഞ സന്തോഷവും ആ മുഖത്തു് കളിയാടി. കുമ്പളവും, തയ്യിൽ കൃഷ്ണപിള്ളയും മറ്റുചിലരും മുറിക്കു വെളിയിൽ നില്പ്പുണ്ടു്.

മണി മൂന്നടിച്ചു. ഘടികാരത്തിന്റെ ശബ്ദം നിലച്ചു. ഏതാനും മിനിട്ടുകൾകൂടി കടന്നുപോയി.

"പണിക്കരെ വിളിക്കു്..."

അകത്തു് സ്വാമികളുടെ ശബ്ദം. ആരോടെന്നില്ലാതെ സ്വാമികൾ വിളിച്ചുപറഞ്ഞു. ആ വാക്കുകൾ തികച്ചും വ്യക്തവും സ്ഫുടവുമായിരുന്നു. എങ്കിലും ഒരു തിടുക്കത്തിന്റെ ഛായ കലർന്നിരുന്നു. ശ്രീ തയ്യിൽ കൃഷ്ണപിള്ള മുറിക്കുള്ളിലേയ്ക്കു് ഓടിച്ചെന്നു. സ്വാമികളുടെ ശുശ്രൂഷകനായ പദ്മനാഭപ്പണിക്കരും അപ്പൊഴേയ്ക്കും ഓടിയെത്തി.

"എനിക്കു് എഴുന്നേറ്റിരിക്കണം"– സ്വാമികൾ പണിക്കരെ നോക്കി പറഞ്ഞു. പണിക്കർ ഭക്ത്യാദരപുരസ്സരം സ്വാമിതിരുവടികളെ താങ്ങിപ്പിടിച്ചു് എഴുന്നേൽപ്പിച്ചിരുത്തി. ക്ഷീണംകൊണ്ടോ, പണിക്കരുടെ പിടി മുറുകിയതുകൊണ്ടോ ആവാം സ്വാമികൾ 'അയ്യോ' എന്നു വിളിച്ചു.

"പതുക്കെ-" പാവം പണിക്കർ അടക്കം പറഞ്ഞു. "ആരെങ്കിലും കേൾക്കും"

"പിന്നെ അയ്യയ്യോന്നു വിളിക്കണമോ...." ശബ്ദം അല്പമുറപ്പിച്ച് സ്വാമികൾ ചോദിച്ചു.

തിരുവടികളുടെ നിർദ്ദേശമനുസരിച്ച് പണിക്കർ സ്വാമികളെ ചമ്രം പടിഞ്ഞിരുത്തി.

"മതി; എല്ലാം ശരിയായി"- സംതൃപ്തിയോടെ അവിടുന്നു പറഞ്ഞു. പിന്നീടൊരു ശബ്ദവും ആ തിരുനാവിൽ നിന്നു് ഉയർന്നിട്ടില്ല. അവിടുത്തെ അവസാനമായ തിരുവായ്മൊഴികളായിരുന്നു അവ. അതെ, എല്ലാം മതിയായിക്കഴിഞ്ഞു. എല്ലാം ശരിയായും കഴിഞ്ഞു.

കുമ്പളവും മറ്റുചിലരും മുറിയ്ക്കുള്ളിലേയ്ക്കു് എത്തിനോക്കി. പദ്മാസനം ബന്ധിച്ചു് സ്വാമിതിരുവടികൾ ഊർദ്ധ്വദൃഷ്ടിയായി ഇരിക്കുന്നതാണു് അവർ കണ്ടതു്. പൂർവാധികം പ്രസന്നമായിക്കണ്ട ആ മുഖത്തു് അവാച്യമായ ഒരു ശാന്തത പരന്നിരിക്കുന്നു! അസാധാരണമായ എന്തോ ഒന്നു് ആ മുഖത്തു പ്രകാശിക്കുന്നതുപോലെ അവർക്കു തോന്നി. സ്വാമികൾക്കു് തത്കാലം അസുഖം അല്പം കൂടിയതായിരിക്കുമെന്നാണു് കുമ്പളം ധരിച്ചതു്. അദ്ദേഹം മുറിക്കുപുറത്തു് മതിലിൽ ചാരിനിന്നു. അകത്തു് സ്വാമികളുടെ ശുശ്രൂഷകനായ പദ്മനാഭപ്പണിക്കരും, തയ്യിൽ കൃഷ്ണപിള്ളയും മാത്രം.

"എങ്ങനെയിരിക്കുന്നു?"- ഇടയ്ക്കു് കുമ്പളം തെരക്കി.

"വിശേഷിച്ചൊന്നുമില്ല."- അകത്തുനിന്നവർ ശബ്ദമടക്കിപ്പറഞ്ഞു.

ശ്രീ തയ്യിൽ കൃഷ്ണപിള്ളയും, ശ്രീ പദ്മനാഭപ്പണിക്കരും സ്വാമികളുടെ മുഖത്തു സൂക്ഷിച്ചുനോക്കി. ഏകാഗ്രമായ ആ കൃഷ്ണമണികൾ സാവധാനം മേലോട്ടുയരുന്നതാണു് അവർ കണ്ടതു്. അരമണിക്കൂർകൊണ്ടു് അവ നിശ്ശ്വേഷം മറഞ്ഞു. കൃത്യം നാലുമണിയായപ്പോൾ ആ കണ്ണുകൾ സ്വയം അടഞ്ഞു. ബ്രഹ്മശ്രീ ചട്ടമ്പിസ്വാമികൾ ബ്രഹ്മപദം പ്രാപിച്ച സുമുഹൂർത്തമായിരുന്നു അതു്. കൊല്ലവർഷം 1099 മേടം 23-ാം തീയതി (ക്രി:വ: 1924 മേയ് 5) തിങ്കളാഴ്ചയും ശുക്ല പക്ഷദ്വിതീയയും കന്നിരാശിയും ചേർന്ന ശുഭമുഹൂർത്തത്തിൽ വൈകുന്നേരം നാലുമണിക്കു് സ്ഥൂലസൂക്ഷ്മകാരണശരീരങ്ങൾ ശാശ്വതമായി പരിത്യജിച്ചു് ഭഗവാൻ ചട്ടമ്പിസ്വാമിതിരുവടികൾ അങ്ങനെ ബ്രഹ്മസ്വരൂപനായി മാറി.

ആ മഹാസമാധിക്കു് ദൃക്സാക്ഷികളാകാനുള്ള അസുലഭസൗഭാഗ്യം രണ്ടു പുണ്യശാലികൾക്കുമാത്രമേ ഈ ലോകത്തുലഭിച്ചിട്ടുള്ളൂ. അനവധിവർഷക്കാലം അവിടുത്തെ ശുശ്രൂഷിച്ചു പുണ്യം നേടാൻ കഴിഞ്ഞ ശ്രീ.പദ്മനാഭപ്പണിക്കരും, സ്വാമികളുടെ അന്ത്യകാലത്തു് പാദപരിചരണം ചെയ്യാൻ സൗഭാഗ്യംലഭിച്ച ശ്രീ തയ്യിൽ കൃഷ്ണപിള്ളയുമാണു് ആ മഹാപുണ്യശാലികൾ. സ്വാമിതിരുവടികൾ വിദേഹമുക്തിയടഞ്ഞതാണെന്നു് പദ്മനാഭപ്പണിക്കർക്കോ, തയ്യിൽകൃഷ്ണപിള്ളയ്ക്കോ മനസ്സിലായില്ല. അവിടുത്തെ കൃഷ്ണമണികൾ പൂർണ്ണമായി മറഞ്ഞു്, ശ്വാസധാരനിലച്ചു്, തിരുവുടൽ നിഷ്പന്ദമായപ്പോൾ മാത്രമാണു്. തങ്ങൾ സാക്ഷ്യംവഹിച്ചതു് അവിടുത്തെ മഹാസമാധിക്കാണെന്നു് അവർക്കു ബോദ്ധ്യമായതു്. തയ്യിൽ കൃഷ്ണപിള്ള വെളിയിൽ വന്നു വിവരമറിയിച്ചു. അദ്ദേഹത്തിന്റെ കണ്ഠം ഇടറുന്നുണ്ടായിരുന്നു. കുമ്പളത്തിന്റെയും, അവിടെ കൂടിനിന്ന മറ്റുള്ളവരുടേയും കണ്ണുകൾ നിറഞ്ഞു. ആർക്കും ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല. 'ഗളോദരം കലുഷിതം, ഭാവം ജഡം ചിന്തയാൽ' എന്ന അവസ്ഥയിലായിരുന്നു അവരെല്ലാം. 'നാലുമണി കഴിയട്ടെ'- എന്നു് രാവിലെ സ്വാമിതിരുവടികൾ അരുളിച്ചെയ്തതിന്റെ പൊരുൾ അപ്പോഴാണു് കുമ്പളത്തിനു ബോദ്ധ്യമായതു്.

ആ വിശിഷ്ട വിദേഹമുക്തിക്കു് ദൃക്സാക്ഷിയായി അരികിലുണ്ടായിരുന്ന ശ്രീ തയ്യിൽ കൃഷ്ണപിള്ള, ആ സന്ദർഭത്തെക്കുറിച്ചു് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:-

"പതിവിലധികം ആളുകൾ 23-ാം തീയതി വായനശാലയിൽ സ്വാമി ദർശനത്തിനു വന്നിരുന്നു. വിളവംകോടു്, തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ നിന്നും സ്വാമികളുടെ പഴയ പരിചയക്കാരായ പലരും അക്കൂട്ടത്തിലുണ്ടായിരുന്നു. ആഗതരോടു കുശലപ്രശ്നം ചെയ്തു് ഉച്ചയ്ക്കുമുമ്പു് എല്ലാവരേയും യാത്രയാക്കി. അന്നു് ഉച്ചയോടുകൂടിവന്ന ഒരു ഗിഞ്ചിറവായനക്കാരനെക്കൊണ്ടു് ഗിഞ്ചിറ വായിപ്പിക്കുകയും, സ്വാമികൾ അതു വാങ്ങി വായിച്ചു കേൾപ്പിക്കുകയും ചെയ്തു് പതിവിലധികം ഉത്സാഹഭരിതനായി കഴിഞ്ഞുകൂടി. ഉച്ചകഴിഞ്ഞു് കുമ്പളത്തു ശ്രീമാൻ ശങ്കുപ്പിള്ള അവർകളും ഞാനും മറ്റും വായനശാലയുടെ മുൻവശത്തുള്ള പന്തലിൽ ഇരിക്കുകയായിരുന്നു. മണി മൂന്നടിക്കുന്ന ശബ്ദം കുറച്ചുമുമ്പായി കേട്ടു. സ്വാമികൾ കിടന്നിരുന്ന മുറിയിൽ വേറെ ആരുമുണ്ടാ

യിരുന്നില്ല. സ്വാമികൾ എന്തോ വിളിച്ചുപറയുന്നതു കേട്ടു് ഞാൻ അകത്തേയ്ക്കു ചെന്നു. "പണിക്കരെ വിളിക്കു്; എനിക്കു് എഴുന്നേറ്റിരിക്കണം"– എന്നരുളുകയാൽ ഞാൻ പെട്ടെന്നു പണിക്കരെ വിളിച്ചുകൊണ്ടുവന്നു. ഞങ്ങൾ സ്വാമികളെ എഴുന്നേൽപ്പിച്ചിരുത്തി. സ്വാമികൾ തന്നെ കാലുകൾ പദ്മാസന നിലയിൽ പിണച്ചു്, ഇരുന്നു. ദൃഷ്ടികൾ ഊർദ്ധ്വ ഭാഗത്തേയ്ക്കു് ഏകാഗ്രമായി നില്ക്കുന്നതു കാണപ്പെട്ടു. അവ ഏകദേശം അരമണിക്കൂർകൊണ്ടു് സാവധാനം അടഞ്ഞു. തത്ക്കാലം സ്വാമികൾക്കു് എന്തോ കൂടുതൽ അസുഖമുണ്ടെന്നു മനസ്സിലാക്കി പുറത്തുനിന്നവരിൽ ശ്രീമാൻ ശങ്കുപ്പിള്ള അവർകൾ വാതുക്കൽവന്നു്, "എങ്ങനെയിരിക്കുന്നു" എന്നു് ഞങ്ങളോടു ചോദിച്ചുകൊണ്ടിരുന്നു. സമാധിയാണെന്നു് മനസ്സിലാക്കാൻ കഴിയാത്ത ഞങ്ങൾ വിശേഷമൊന്നുമില്ലെന്നു മറുപടിയും കൊടുത്തു. സ്വാമികൾ നിശ്ചേഷ്ടനായി കാണപ്പെട്ടപ്പോൾ മാത്രമേ സമാധിയാണെന്നുള്ള വിവരം ഞങ്ങൾ ഗ്രഹിച്ചുള്ളു."[1]

സ്വാമിതിരുവടികളുടെ സമാധി ശാസ്ത്രദൃഷ്ട്യാ പരിപൂർണ്ണമായ ബ്രഹ്മസ്വരൂപപ്രാപ്തിയായിരുന്നു. അതിനെക്കുറിച്ചു് 'ശ്രീ തീർത്ഥപാദപരമഹംസസ്വാമികൾ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നതു നോക്കുക:–

"ഒരു ജീവനു് സ്ഥൂലം, സൂക്ഷ്മം, കാരണം ഇങ്ങനെ മൂന്നു ശരീരമുണ്ടു്. സാധാരണ, ജീവന്റെ സ്ഥൂലശരീര നാശത്തിനാണു് മരണമെന്നു് പറയുക. സൂക്ഷ്മശരീരവും, കാരണശരീരവും അപ്പോഴും നശിക്കാതെ ആ ജീവനോടു ചേർന്നു നിലനില്ക്കും. അങ്ങനെയുള്ള ജീവൻ പൂർവകർമ്മാനുരൂപം വീണ്ടും സ്ഥൂലശരീരമെടുത്തു് ജനിക്കുകയും അതിന്റെ നാശത്തിൽ മരിക്കുകയും ചെയ്തുകൊണ്ടു് സംസാരദുഃഖം അനുഭവിക്കുന്നു. ആത്മജ്ഞാനം കൊണ്ടുമാത്രമേ സംസാരദുഃഖം നശിക്കുകയുള്ളു എന്നു് വേദപുരാണേതിഹാസങ്ങൾ ഒരുപോലെ ഉദ്ഘോഷിക്കുന്നുണ്ടു്. ഒരു ബ്രഹ്മജ്ഞാനിക്കു് ആത്മസാക്ഷാത്ക്കാരം കൊണ്ടു് കാരണശരീരവും, മനോനാശവും വാസനാക്ഷയവുംകൊണ്ടു് സൂക്ഷ്മശരീരവും, നശിക്കും. പിന്നീടു് പ്രാരബ്ധകർമ്മജന്യമായ സ്ഥൂലശരീരം മാത്രം അവശേഷിക്കുന്നു. അതു് പ്രാരബ്ധകർമ്മനാശത്തോടുകൂടി നിശ്ശേഷം നശിക്കുന്നതാണു്. ശരീരോപാധിയിൽക്കൂടി പ്രകാശിച്ച ജീവൻ അപ്പോൾ

1. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദ സ്മാരക ഗ്രന്ഥം, പു൦. 274.

നിത്യശുദ്ധബുദ്ധമുക്തവും, സച്ചിദാനന്ദസ്വരൂപവുമായ ബ്രഹ്മ ഭാവംപുകും. ആ അവസ്ഥയ്ക്കാണു് മഹാസമാധിയെന്നു പറയുക. വിദേഹമുക്തിയെന്നും, ബ്രഹ്മഭാവമെന്നും പല പേരു കളിലറിയപ്പെടുന്ന പരമ പുരുഷാർത്ഥമായ മുക്തിതന്നെ യാണു് ആ മഹാസമാധി. അനേക ജന്മസഹസ്രങ്ങളിൽ ചെയ്ത സുകൃതങ്ങൾകൊണ്ടുപോലും നേടുവാൻ പ്രയാസ മേറിയ ഒന്നാണു് മുക്തിയെന്നു് വേദശാസ്ത്രങ്ങൾ വിളംബരം ചെയ്യുന്നുണ്ടു്. നിദ്രാശക്തിയിൽ മയങ്ങി ദുഃസ്വപ്നം കണ്ടുഭ യപ്പെടുന്ന മനുഷ്യൻ അതിൽനിന്നുണർന്നു് ആനന്ദമനുഭവി ക്കുന്നതുപോലെയാണു് അവിദ്യാശക്തിയിൽ മയങ്ങി ജാഗ്രൽ സ്വപ്നസുഷുപ്തിരൂപമായ പ്രപഞ്ചത്തിൽപ്പെട്ടു ദുഃഖമനുഭവി ച്ചുകൊണ്ടിരിക്കുന്ന ജീവൻ ബ്രഹ്മജ്ഞാനം കൊണ്ടു് തന്റെ യഥാർത്ഥഭാവം മനസ്സിലാക്കി ആ പ്രാപഞ്ചിക ദുഃഖത്തെ ഉപേ ക്ഷിച്ചു് നിത്യവും പൂർണ്ണവുമായ മുക്തിഭാവത്തിലെത്തി പരമാനന്ദരൂപനായി പരിലസിക്കുന്നതു്. ബ്രഹ്മസൂത്രത്തിലും അതിന്റെ ശാങ്കര ഭാഷ്യത്തിലും ഈ മുക്തിയുടെ സ്വരൂപം ശാസ്ത്രീയമായി വിശദീകരിച്ചിട്ടുണ്ടു്. സുദുർലഭമായ ആ മുക്തിഭാവത്തിലാണു് മഹാമഹിമശാലിയായ പരമഭട്ടാര ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ എത്തിച്ചേർന്നതു."[1]

ജ്യോതിശ്ശാസ്ത്രദൃഷ്ട്യാ, അത്യന്തം ശുഭകരമായ ഒരു സുമുഹൂർത്തത്തിലായിരുന്നു ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ മഹാസമാധി പ്രാപിച്ചതു്. അതിനെക്കുറിച്ചു് തീർത്ഥപാദപരമ ഹംസസ്വാമികൾ 1099 മേടമാസം 29-ാം തീയതി എഴുതിയ ഡയറിക്കുറിപ്പിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു:-[2]

".....പഞ്ചാംഗം നോക്കി സമാധിസമയത്തെ ഗ്രഹനില ഉണ്ടാക്കി. കന്നിലഗ്നം. ലഗ്നത്തിൽ ഗുളികൻ. രണ്ടിൽ ശനി, മൂന്നിൽ വ്യാഴം, അഞ്ചിൽ കുജൻ, ആറിൽ കേതു, എട്ടിൽ രവി, ഒൻപതിൽ നിന്നു് എട്ടിൽ വക്രമായി ബുധൻ, ഒൻപതിൽ ചന്ദ്രൻ, പത്തിൽ ശുക്രൻ, പന്ത്രണ്ടിൽ രാഹു ഇങ്ങനെയാണു് ഗ്രഹസ്ഥിതികൾ. നാലുഗ്രഹങ്ങൾ ഉച്ചമുണ്ടു്. രാശി ഊർദ്ധ്വമു ഖിയാണു്. എല്ലാംകൊണ്ടും നന്നുതന്നെ. മഹാസമാധിക്കു് വളരെയോഗ്യതയുള്ള സമയത്താണു് ഗുരുപാദർ സമാധിയട ഞ്ഞതു്. ഉത്തരായനം, ശുക്ലപക്ഷം, ദ്വിതീയ, കാർത്തിക, സോമവാരം, വൈശാഖമാസം, ഊർദ്ധ്വമുഖരാശി ഇവയോടു കൂടി അഞ്ചിൽ ചൊവ്വായും, അഷ്ടമത്തിൽ ആദിത്യനും,

1. ശ്രീ തീർത്ഥപാദ പരമഹംസസ്വാമികൾ. ഭാഗം രണ്ടു്. പുറം. 801.
2. ശ്രീ തീർത്ഥപാദ പരമഹംസസ്വാമികൾ. ഭാഗം രണ്ടു്. പുറം 822.

രണ്ടിൽ ശനിയും, ഒൻപതിൽ ചന്ദ്രനും ഉച്ചം പ്രാപിച്ചുനില്ക്കുന്നു. പത്തിൽ ശുക്രനുണ്ടു്. ലഗ്നത്തിൽ മൃത്യുസൂചകനായ ഗുളികൻ. മൂന്നിൽ വ്യാഴം നിന്നു്, ഒൻപതിൽ ഉച്ചബലത്തോടു നില്ക്കുന്ന ചന്ദ്രനു് കേസരിയോഗം ചെയ്യുന്നു. അഞ്ചിൽ ഉച്ചസ്ഥനായി കുജൻ നില്ക്കുന്നതുകൊണ്ടു് ആത്മപ്രഭാവപരിസ്ഫൂർത്തിയും, ഒൻപതിൽ കേസരിയോഗബലാന്വിതനായി ഉച്ചസ്ഥനായി ചന്ദ്രൻ നില്ക്കുന്നതുകൊണ്ടു് തപോബലപൂർണ്ണതയും, രണ്ടിൽ ആത്മസ്ഥാനാധിപനായ ശനി ഉച്ചസ്ഥനായിരിക്കുന്നതുകൊണ്ടു് ആത്മവിദ്യാപൂർണ്ണതയും, കർമ്മത്തിൽ ശുക്രൻ നില്ക്കുന്നതുകൊണ്ടു് കർമ്മസിദ്ധി മുതലായവയും, അഷ്ടമത്തിൽ ആദിത്യൻ ഉച്ചസ്ഥനായി നിപുണയോഗപ്രദനായ ബുധനോടുകൂടി നില്ക്കുന്നതുകൊണ്ടു് ആയുസ്സു മുതലായതിന്റെ പരിസമാപ്തിയും മറ്റും വിചിന്തനീയമാണു്."

ബ്രഹ്മശ്രീ ചട്ടമ്പിസ്വാമികൾ മഹാസമാധിയടഞ്ഞ വിവരം, വർക്കല ശിവഗിരിമഠത്തിൽ വിശ്രമിച്ചിരുന്ന ശ്രീനാരായണഗുരുദേവനെ യഥാവസരം അറിയിച്ചു. 'ഈ വിവരം അറിഞ്ഞ അന്നു് സ്വാമികല്പന പ്രകാരം മഠത്തിൽ (ശിവഗിരിമഠത്തിൽ) നിരാഹാരവ്രതം സ്വീകരിക്കുകയും, വിശേഷാൽ പൂജയും പ്രാർത്ഥനയും നടത്തുകയും' ചെയ്തു.[1]

പിറ്റേന്നു പ്രഭാതത്തിൽ, സമാധിയിരുത്താനുള്ള കാര്യങ്ങളിൽ കുമ്പളം വ്യാപൃതനായി. തലേന്നു രാത്രിതന്നെ അതിനുള്ള ഒരുക്കങ്ങളൊക്കെ ആരംഭിച്ചു കഴിഞ്ഞിരുന്നു. രാവിലെ തച്ചുശാസ്ത്രജ്ഞന്മാരായ വയലേവീട്ടിൽ പപ്പു ആശാരിയേയും, മഠത്തിൽ എൻ. ശങ്കുപ്പിള്ളയേയും കാവിൽ വിളിച്ചുവരുത്തി സമാധിസ്ഥാപനത്തിനുവേണ്ടിയുള്ള സ്ഥാനനിർണ്ണയം ചെയ്യിച്ചു. കാവിലെ ചിത്രകൂടസ്ഥാനത്തു് സ്വാമികൾ തൊട്ടുകാണിച്ച അതേ സ്ഥാനം തന്നെയാണു് അവരും നിർണ്ണയിച്ചതു്. മറ്റൊരിടവും സമാധിയിരുത്താൻ കൊള്ളുകയില്ലെന്നുകൂടി അവർ ഉറപ്പിച്ചുപറഞ്ഞപ്പോൾ കുമ്പളത്തിനു സന്തോഷമായി. തിരുവടികൾ നിർദ്ദേശിച്ച സ്ഥാനത്തുതന്നെ സമാധിപണിയാൻ സാധിച്ചുവെന്നോർത്തു് അദ്ദേഹം ചരിതാർത്ഥനായി.

എങ്കിലും ആ പുരാതന ചിത്രകൂടത്തിന്റെ കാര്യം ഒരു

1. ശ്രീ നാരായണഗുരുദേവന്റെ കല്പനപ്രകാരം വർക്കല ശിവഗിരിമഠത്തിൽ നിന്നു് 29-9-1099- ൽ ശ്രീ തീർത്ഥപാദ സ്വാമികൾക്കയച്ച കത്തു്:- 'ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദി സ്മാരക ഗ്രന്ഥം'- പുറം. 120.

പ്രശ്നമായി അവശേഷിച്ചു. ചിത്രകൂടം പൊളിക്കാൻ ആരും തയാറാകുന്നില്ല. എല്ലാവർക്കും ഭയമാണു്. ചിത്രകൂടം പൊളിച്ചാൽ സർപ്പശാപമുണ്ടാകുമെന്നു് പേടിച്ചു് ആരും അതു വെട്ടിപ്പൊളിക്കാൻ തയാറല്ല. അപ്പോൾ "നിങ്ങൾക്കു വയ്യെങ്കിൽ ആ മൺവെട്ടി ഇങ്ങോട്ടുതരിൻ" എന്നു പറഞ്ഞുകൊണ്ടു് വിളവംകോട്ടുകാരനായ ഒരു സ്വാമിഭക്തൻ മുന്നോട്ടുവന്നു. "സ്വാമിയുടെ കാര്യമല്ലേ; എല്ലാം അവിടുന്നു നോക്കിക്കൊള്ളും" എന്നുപറഞ്ഞുകൊണ്ടു് അയാൾ ചിത്രകൂടം വെട്ടിപ്പൊളിച്ചു. അവിടെനിന്ന വലിയ ആഞ്ഞിലിമരം മുറിച്ചുമാറ്റി. അപ്പോൾ മറ്റുള്ളവരും സഹകരിച്ചു. കല്ലുകിട്ടാൻ വിഷമമായിരുന്നതുകൊണ്ടു് സമീപഗൃഹങ്ങളിൽനിന്നു ശേഖരിച്ചും, കിണറുകളിലെ വായ്ക്കല്ലുകൾ പൊളിച്ചെടുത്തും തലേന്നുരാത്രിതന്നെ കരുതിവച്ചിരുന്ന കല്ലുകൾകൊണ്ടു് സമചതുരാകൃതിയിൽ സമാധിക്കല്ലറ പണിഞ്ഞു. രാവിലെ പത്തുമണിയായപ്പോൾ കല്ലറയുടെ പണിയും പൂർത്തിയായി.

പത്തരമണിക്കു്, കുറിശ്ശേരിൽ നാരായണപിള്ളയെ വരുത്തി, സ്വാമികൾ സമാധിസ്ഥനായിട്ടിരിക്കുന്ന ഒരു ഫോട്ടോ എടുപ്പിച്ചു.[1] പിന്നീടു്, വായനശാലയിൽനിന്നും സ്വാമിതിരുവടികളുടെ ഭൗതികശരീരം കാവിലേയ്ക്കു് കൊണ്ടുവരാനുള്ള ഒരുക്കങ്ങൾ തുടങ്ങി.

വായനശാല മുതൽ കാവുവരെയുള്ള ഏതാണ്ടരക്കിലോമീറ്റർ ദൂരംവരുന്ന വഴിമുഴുവൻ വെൺമണൽവിരിച്ചു വെടിപ്പാക്കി. അതിനുമുകളിൽ പിച്ചിപ്പൂ വിതറി. ഒരു കിലോമീറ്റർ അകലെയുള്ള കണ്ണങ്കുളങ്ങര ദേവീക്ഷേത്രത്തിലെ നാഗസ്വരക്കാരനായ ചന്ദ്രത്തിൽ ഗോവിന്ദപ്പണിക്കർക്കു് ആളയച്ചു. സ്വാമിതിരുവടികളുടെ ഭൗതികശരീരം കാവിലേയ്ക്കെഴുന്നള്ളിക്കുമ്പോൾ നാഗസ്വരം വായിക്കാനാണു് അയാൾക്കു് ആളയച്ചതു്. ശവത്തിനുതാൻ വരുകില്ലെന്നായിരുന്നു അയാളുടെ മറുപടി. വിവരം കുമ്പളത്തിനെ അറിയിച്ചു. "എന്നാൽ ആ ഊത്തുകൊണ്ടു് ഇനിയെങ്ങും അയാൾ ഊതുകില്ലെന്നു പറഞ്ഞേയ്ക്കു്" ക്ഷുഭിതനായി കുമ്പളം ഗർജ്ജിച്ചു. വിവരമറിയിച്ചപ്പോൾ നാഗസ്വരക്കാരൻ വിരണ്ടു. പിന്നെ താമസിച്ചില്ല; തകിലുകാരനേയുംകൂട്ടി ഉടൻ സ്ഥലത്തെത്തി.

സ്വാമിതിരുവടികളുടെ ഭൗതികശരീരം, പ്രത്യേകം അണിയിച്ചൊരുക്കിയ ചപ്രത്തിൽ എടുത്തിരുത്തി. മംഗലവാ

1. ഈ ഫോട്ടോ 'ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദ സ്മാരക ഗ്രന്ഥ'ത്തിൽ പ്രകാശനം ചെയ്തിട്ടുണ്ടു്. പുറം. 157.

ദ്യങ്ങൾ മുഴങ്ങി. കൂരവാരവം പൊങ്ങി. അഷ്ടമംഗല്യസംയുതമായ ഘോഷയാത്ര ആരംഭിക്കുകയായി. റോഡിന്റെ ഇരുഭാഗത്തും ജാതിമതഭേദമെന്യേ നിരന്നുനിന്നിരുന്ന ഭക്തജനങ്ങൾ നിറകണ്ണുകളോടെ പുഷ്പവൃഷ്ടി നടത്തി. സ്തുതിഗാനങ്ങൾകൊണ്ടു് അന്തരീക്ഷമാകെ മുഖരിതമായി. ശംഖനാദം മുഴങ്ങി.

അങ്ങനെ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ ബ്രഹ്മശ്രീ ചട്ടമ്പിസ്വാമിതിരുവടികളെ പന്മനക്കാവിൽ വിധിപ്രകാരം സമാധിയിരുത്തി. ശക്തികുളങ്ങര സ്വരൂപാനന്ദസ്വാമികളുടെ ശിഷ്യനായ ശ്രീ. ശങ്കരാനന്ദസ്വാമികളുടെ കാർമ്മികത്വത്തിലാണു് ആർഷാചാരപൂർവകമായ സമാധികർമ്മങ്ങൾ നടന്നതു്.

ആദ്യം ഒരു സമാധിത്തറ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. ഏഴുവർഷത്തിനുശേഷം അതായതു് കൊ:വ: 1106 (ക്രി:വ: 1931) മീനമാസം 3-ാംതീയതി രാത്രി രണ്ടുമണിക്കുള്ള ശുഭമുഹൂർത്തത്തിൽ സമാധിത്തറയ്ക്കു മുകളിൽ ഒരു ശിവലിംഗപ്രതിഷ്ഠ നടത്തി. കുമ്പളത്തിന്റെ നേതൃത്വത്തിലായിരുന്നു, ആ പ്രതിഷ്ഠാകർമ്മങ്ങൾ നടന്നതു്. അന്നു്, നായർ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ചവറയിൽവച്ചു് മൂന്നാമത്തെ നായർ മഹാസമ്മേളനം നടക്കുകയായിരുന്നു. ആ മഹാസമ്മേളനത്തിനെത്തിയ ജനാവലി മുഴുവൻ ഈ പ്രതിഷ്ഠാകർമ്മത്തിലും പങ്കുകൊണ്ടു. പന്മന ആശ്രമം അക്ഷരാർത്ഥത്തിൽത്തന്നെ ഒരു മഹാജനമഹാസമുദ്രമായി മാറിയ ദിവസമായിരുന്നു, അന്നു്. പ്രതിഷ്ഠയോടനുബന്ധിച്ചു് ഒരു പെറിയ ക്ഷേത്രവും പണികഴിപ്പിച്ചു. അതാണു് ഇന്നു കാണുന്ന സമാധിക്ഷേത്രം അഥവാ 'ശ്രീബാലഭട്ടാരകേശ്വരക്ഷേത്രം.'

കുറേക്കാലത്തേയ്ക്കു്, വിധിപ്രകാരമുള്ള പൂജാക്രമങ്ങളൊന്നുമുണ്ടായിരുന്നില്ല. സന്ധ്യയ്ക്കു് ഒരു വിളക്കു കത്തിക്കും. സമാധിപീഠത്തിനു മുകളിൽ ഒരു വെളുത്ത പുഷ്പം വയ്ക്കും. അത്രതന്നെ. രാമകൃഷ്ണപിള്ള എന്നൊരു ബാലനാണു് അക്കാര്യങ്ങൾ നടത്തിയിരുന്നതു്. അന്നത്തെ ബാലനായ ആ രാമകൃഷ്ണപിള്ളയ്ക്കു് ഇപ്പോൾ എൺപതു വയസ്സു പ്രായമുണ്ടു്.

ശാസ്ത്രീയമായ പൂജാവിധികൾ പന്മന ക്ഷേത്രത്തിൽ ആചരിക്കപ്പെടണമെന്നു് കുമ്പളത്തിനു തോന്നി. തിരുവനന്തപുരത്തുള്ള ഒരു കേശവൻ ഇളയതിനെ അദ്ദേഹം പന്മനയ്ക്കു

കൂട്ടിക്കൊണ്ടുവന്നു കുളത്തൂർ ആശ്രമത്തിലെ അന്തേവാസിയും, മന്ത്രതന്ത്രാദിവിഷയങ്ങളിൽ സാമാന്യം വ്യുത്പത്തിയുള്ള ആളുമായിരുന്നു അദ്ദേഹം. ആശ്രമത്തിനു സമീപം ഒരു വീടും പറമ്പും ദാനമായിക്കൊടുത്തു് കുമ്പളം അദ്ദേഹത്തെ അവിടെ പാർപ്പിച്ചു. നാല്പത്തിയഞ്ചു സംവത്സരം ആ ഇളയതാണു് അവിടെ പൂജ നടത്തിയിരുന്നതു്. അദ്ദേഹത്തിന്റെ മരണശേഷം പുത്രനും, അദ്ധ്യാപകനുമായ ശ്രീ നാരായണൻ ഇളയതാണു് ഇപ്പോൾ സമാധിക്ഷേത്രത്തിലെ പൂജാകർമ്മങ്ങൾ നടത്തുന്നതു്.

രാഷ്ട്രപിതാവായ മഹാത്മജി ഈ സമാധിക്ഷേത്രത്തിൽ രണ്ടുദിവസം താമസിച്ചു് പ്രാർത്ഥന നടത്തിയിട്ടുണ്ടു്. കൊല്ലവർഷം 1109-ാമാണ്ടു് (ക്രി:വ: 1934) മകരമാസം 6 ഉം 7-ഉം തീയതികളിലായിരുന്നു അതു്. അന്നു് ഗാന്ധിജിക്കു വിശ്രമിക്കാൻ കുമ്പളം പണികഴിപ്പിച്ചതാണു്, ഇന്നു പന്മന ആശ്രമത്തിൽ കാണുന്ന 'മഹാത്മജി മന്ദിരം'. ആ മന്ദിരത്തിന്റെ വടക്കും പടിഞ്ഞാറുമുള്ള വിശാലമായ വരാന്തകൾ ഓലമേഞ്ഞവയാണു്. ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ചാണു് അന്നു് ആ ഭാഗങ്ങൾ മാത്രം ഓലമേഞ്ഞതു്. ഗാന്ധിജി പന്മന ആശ്രമം സന്ദർശിച്ചതിന്റെ സ്മാരകമായി ഇന്നും അവിടം ഓലമേഞ്ഞുതന്നെ പരിരക്ഷിച്ചുപോരുന്നു. ചട്ടമ്പിസ്വാമിതിരുവടികളുടെ സമാധിദിനമായ മേടമാസത്തിലെ കാർത്തികനാളിൽ സമാധിവാർഷികം എല്ലാവർഷവും ആചരിക്കുന്നുണ്ടു്. മൂന്നു ദിവസത്തെ (അശ്വതി, ഭരണി, കാർത്തിക) ഉത്സവമാണു് പണ്ടു് കുമ്പളം നടത്തിയിരുന്നതു്. 1969 മേടമാസത്തിലെ രേവതിനക്ഷത്രത്തിൽ കുമ്പളം ദിവംഗതനായി. അതിനുശേഷം രേവതിമുതൽ കാർത്തികവരെയുള്ള നാലു ദിവസത്തിലായിട്ടാണു് ഇപ്പോൾ പന്മന ആശ്രമത്തിൽ സമാധിവാർഷികം കൊണ്ടാടുന്നതു്.

കൊല്ലവർഷം 1114 വൃശ്ചികം 23-ാം തീയതി, ആശ്രമത്തിന്റെ ഭരണകാര്യങ്ങൾക്കുവേണ്ടി ശ്രീ കുമ്പളത്തു ശങ്കുപ്പിള്ള പ്രസിഡന്റായി ഒരു ട്രസ്റ്റ് രജിസ്റ്റർ ചെയ്തിരുന്നു. ആ ട്രസ്റ്റ് ഇന്നും നിലവിലുണ്ടു്. അന്നത്തെ ട്രസ്റ്റിലെ ചില അംഗങ്ങൾ കഥാവശേഷന്മാരായികഴിഞ്ഞു. പകരം പുതിയ അംഗങ്ങളെ ചേർത്തിട്ടുണ്ടു്. ആ ട്രസ്റ്റുതന്നെയാണു് ആശ്രമത്തിന്റെ ഭരണകാര്യങ്ങൾ ഇപ്പോഴും നിർവഹിക്കുന്നതു്. യശഃശരീരനായ ശ്രീ കുമ്പളത്തു ശങ്കുപ്പിള്ളയുടെ കനിഷ്ഠപുത്രനായ ശ്രീ. കുമ്പളത്തു വിജയകൃഷ്ണപിള്ളയാണു് ഇപ്പോഴത്തെ ആശ്രമം പ്രസിഡന്റ്.

എഴുമറ്റൂർ ആശ്രമം, വാഴൂർ തീർത്ഥപാദാശ്രമം, കിടങ്ങന്നൂർ ആശ്രമം, ആതുരാശ്രമം, പുത്തൻകുരിശാശ്രമം, താഴത്തോടത്താശ്രമം, വാഴമുട്ടത്താശ്രമം, അഭേദാനന്ദാശ്രമം എന്നിവ സ്വാമിതിരുവടികളുടെ സ്മരണ നിലനിറുത്തുന്ന സ്ഥാപനങ്ങളാണു്. പന്മന ആശ്രമത്തിനു സമീപം 'ശ്രീബാലഭട്ടാരവിലാസം സംസ്കൃത ഹൈസ്കൂൾ എന്നൊരു വിദ്യാപീഠം സ്ഥാപിച്ചിട്ടുള്ളതും സ്വാമിതിരുവടികളുടെ സ്മാരകമായിട്ടു തന്നെ. (ഇപ്പോൾ ഈ ഹൈസ്കൂൾ സർക്കാരിനു വിട്ടു കൊടുത്തിരിക്കുകയാണു്). എങ്കിലും ശ്രീ ചട്ടമ്പിസ്വാമികളുടെ സർവോൽകൃഷ്ടമായ സ്മാരകം സമാധിസ്ഥാനമായ പന്മന ആശ്രമംതന്നെയാണു്. പടർന്നു പന്തലിച്ചു്, ചാഞ്ഞു ലഞ്ഞു്, തലകൾ പരസ്പരം തൊട്ടുരുമ്മിനില്ക്കുന്ന തെന്മാവുകളും, തലയിൽ താരണിഞ്ഞുനില്ക്കുന്ന തരുവരങ്ങളും, വിദ്യാധിരാജനെ വീജനം ചെയ്തു് കൃതാർത്ഥത നേടുകയാണോ എന്നു തോന്നുമാറു് മന്ദമാരുതനേറ്റു് മന്ദാന്ദോളനം ചെയ്യുന്ന ഓലത്തലപ്പുകളോടുകൂടിയ കേരവൃക്ഷങ്ങളും ആശ്രമത്തിന്റെ സ്വാഭാവിക സൗന്ദര്യത്തെ ശതഗുണീഭവിപ്പിക്കുന്ന കാഴ്ച അത്യന്തം ചേതോഹരമാണു്. അതിനുള്ളിലിരുന്നാൽ ലഭിക്കുന്ന ഏകാന്തശാന്തി അനുഭവൈകവേദ്യമെന്നേ പറയാൻ പറ്റുകയുള്ളു. 1934- ൽ രണ്ടു ദിവസത്തെ വിശ്രമത്തിനുശേഷം, ആശ്രമത്തിൽ നിന്നു് യാത്രയാകുമ്പോൾ "ഈ മനഃശാന്തിക്കുവേണ്ടി, സമയംകിട്ടിയാൽ ഇനിയും വരു"മെന്നു് മഹാരാജാ പ്രസ്താവിച്ചതായി ശ്രീ കുമ്പളത്തു ശങ്കുപ്പിള്ള പറഞ്ഞുകേട്ടിട്ടുണ്ടു്.

വളരെയധികം വികസനസാദ്ധ്യതകളുള്ള ഒരു സ്ഥാനമാണു് പന്മന ആശ്രമം. ഏതാണ്ടു് മൂന്നേക്കറിലേറെ വിസ്താരമുള്ള ആ സമാധിസ്ഥാനത്തു് വിദ്യാധിരാജ പ്രസ്ഥാനവുമായി ബന്ധപ്പെട്ട; നിർമ്മാണാത്മകമായ പല കാര്യങ്ങളും നമുക്കു ചെയ്യാനുണ്ടു്. "നായർ സർവീസ് സൊസൈറ്റി"ക്കു് ഇക്കാര്യത്തിൽ കാര്യമായ കടപ്പാടുണ്ടെന്നാണു് എന്റെ വിനീതമായ അഭിപ്രായം. നായർ സർവീസ് സൊസൈറ്റിയും, ഭക്തജനങ്ങളും, സംസ്കാരപ്രേമികളായ സജ്ജനങ്ങളും ആത്മാർത്ഥമായി സഹകരിച്ചുപ്രവർത്തിക്കാമെങ്കിൽ, വിദ്യാധിരാജ സമാധിസ്ഥാനമായ പന്മന ആശ്രമത്തെ ദക്ഷിണഭാരതത്തിലെ ഏറ്റവും പ്രശസ്തമായ തീർത്ഥാടനകേന്ദ്രമാക്കിരൂപപ്പെടുത്താൻ കഴിയും.

തപസ്വിയെക്കാളും, ജ്ഞാനിയെക്കാളും, കർമ്മിയെ

ക്കാളും ശ്രേഷ്ഠനാണു് യോഗി, എന്നു് ശ്രീമദ് ഭഗവദ്ഗീത യിൽ ശ്രീകൃഷ്ണഭഗവാൻ അരുളിച്ചെയ്തിട്ടുണ്ടു്. കേരളം കണ്ടിട്ടുള്ള ഏറ്റവും വലിയ യോഗിയാണു് ബ്രഹ്മശ്രീ ചട്ടമ്പി സ്വാമികൾ. അവിടുത്തോളം സർവജ്ഞതയും സമദർശി ത്വവും, മാനവസമൂഹോദ്ധൃതിക്കുവേണ്ടിയുള്ള അഭിവാ ഞ്ഛയും, സാംസ്കാരിക പൈതൃകത്തിന്റെ സാർവജനീനത യ്ക്കുവേണ്ടി സുധീരം പോരാടാനുള്ള വ്യഗ്രതയും ആദിശങ്ക രനുപോലും കൈവന്നിട്ടില്ല. ധർമ്മോപാധിയായ വേദം സകലജനാർഹമാണെന്നു പറയാൻ സമൂഹത്തെ ഭയന്നു് ശ്രീശങ്കരൻ അറച്ചുനിന്നു. മനുഷ്യകൃതമായ വേദപഠനത്തിനു ഏതു മനുഷ്യനും അധികാരിയാണെന്നു് ചട്ടമ്പിസ്വാമികൾ നിർഭയം പ്രഖ്യാപിച്ചു. ലോകത്തിന്റെ മുഖത്തുനോക്കി അക്കാര്യം ആദ്യമായി ഉറക്കെ പറയാൻ ധൈര്യംകാട്ടിയ മഹാ ത്മാവും അവിടുന്നുതന്നെ: അത്രയ്ക്കു വ്യക്തിത്വവൈശിഷ്ട്യ മുള്ള സമദർശിയായ ഒരു ഋഷിവര്യനായിരുന്നു ശ്രീ ചട്ടമ്പി സ്വാമികൾ. അവിടുത്തെ ജീവിതകഥകൾ അറിയുകയും പഠിക്കുകയും ചെയ്യേണ്ടതു് മതമത്സരകലുഷിതമായ ഇന്നത്തെ കാലഘട്ടത്തിന്റെ ഒരാവശ്യമാണു്: സദ്ഗുരുവും, ശുകവർത്മാവും, പരിപൂർണ്ണകലാനിധിയുമായ അവിടുത്തെ ജീവതകഥകൾ പഠിക്കുകയും, ദിവ്യസന്ദേശങ്ങൾ ഉൾക്കൊ ള്ളുകയും ചെയ്തു് നമുക്കു് ആ മഹാമുനീശ്വരനോടുള്ള ആധമർണ്ണ്യം നിറവേറ്റാൻ ശ്രമിക്കാം. കരുണാമയനായ അവി ടുത്തെ അനുഗ്രഹംനമുക്കുണ്ടാകട്ടെ.

വന്ദേഹം ദേവദേവം, മുനികുലതിലകം,
മുക്തി സംദായകം തം
വന്ദേ വൃന്ദാരകാഗ്രേസര വിനുതപദം,
വന്ദനീയാനുഭാവം,
വന്ദേ ബ്രഹ്മസ്വരൂപം, വിശരണവിഷയോന്മാദ
സാമഗ്രിസാരം,
വന്ദേ വിഖ്യാത വിശ്വോത്തര ചരിതമമും
ഹന്ത! വിദ്യാധിരാജം.

ചട്ടമ്പിസ്വാമികളുടെ കൃതികൾ

പ്രൊഫ: വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള

ഡോ: ജെ. രാമചന്ദ്രൻനായർ.

ചട്ടമ്പിസ്വാമികളുടെ വകയായി കുറച്ചു ലേഖനങ്ങളും കൃതികളും മാത്രമേ നമുക്കുലഭിച്ചിട്ടുള്ളു. വിശ്രമസ്ഥലങ്ങളിൽ വച്ചു്, കിട്ടുന്ന കടലാസിൽ പെൻസിൽ കൊണ്ടാണു് അദ്ദേഹം എഴുതിയിരുന്നതു്. എഴുതിയവയെല്ലാം അവിടെത്തന്നെ ഉപേക്ഷിച്ചുപോകുകയായിരുന്നു അദ്ദേഹത്തിന്റെ പതിവു്. എഴുതിയതിൽ നല്ലൊരുപങ്കു് നഷ്ടമായിപ്പോയി. "കിട്ടിയിട്ടുള്ളവ പരിശോധിച്ചാൽ അവയ്ക്കു മുമ്പിൽ നാം തലകുനിച്ചുപോകും. എന്നുമാത്രമല്ല, നഷ്ടപ്പെട്ടതിനെപ്പറ്റി നമുക്കു വലിയ ഖേദവും തോന്നും. എത്രവിസ്തൃതവും അഗാധവുമായ പാണ്ഡിത്യം! എന്തൊരുഗവേഷണതപസ്സു്! എന്തൊരു സത്യാന്വേഷണ താത്പര്യം! എന്തൊരു മൂഢവിശ്വാസഭഞ്ജനം! എല്ലാം സമത്വഭാവനയിൽനിന്നുരൂപം കൊണ്ടവ. അദ്വൈതവിജ്ഞാനവും ചരിത്രപാണ്ഡിത്യവും ഭാഷാശാസ്ത്രചിന്തയും സത്യപൂജയും സമ്മേളിക്കുന്ന ആ ഗ്രന്ഥങ്ങൾ കേരളസാഹിത്യത്തിൽ വിശേഷശോഭ പ്രസരിപ്പിക്കുന്നു."[1]

പ്രാചീനമലയാളം, വേദാധികാരനിരൂപണം, ക്രിസ്തുമതഛേദനം, ശ്രീചക്രപൂജാകല്പം, അദ്വൈതചിന്താപദ്ധതി, ജീവകാരുണ്യനിരൂപണം, നിജാനന്ദവിലാസം എന്നിവയാണു് ഗ്രന്ഥരൂപത്തിൽ പ്രകാശിതങ്ങളായ കൃതികൾ. സർവമതസാമരസ്യം, തർക്കരഹസ്യരത്നം, സ്തവരത്നഹാരാവലി, അദ്വൈത പഞ്ജരം, ഷണ്മതനിരൂപണം, പുനർജന്മനിരൂപണം,

1. ശൂരനാട്ടു കുഞ്ഞൻപിള്ള, വിദ്യാധിരാജ പ്രബന്ധസുധ, (പേജു് 164) സമ്പാദകൻ. ഏ. വി. ശങ്കരൻ. ദർശനം പബ്ളിക്കേഷൻസു്, തിരുവനന്തപുരം.

തമിഴകം, പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം, ദേശനാമങ്ങൾ മുതലായവ സ്വാമികൾ രചിച്ച ലഘു പ്രബന്ധങ്ങളാണു്. ഈ കൃതികളുടെ സാമാന്യാവലോകനം താഴെച്ചേർക്കുന്നു.

1. പ്രാചീനമലയാളം.

എ.ഡി.1913 (കൊ.1080) ലാണു് പ്രാചീന മലയാളം പ്രകാശിതമായതു്. "നമ്മുടെ ചരിത്രഗവേഷണാന്തരീക്ഷത്തിലെ പെരുമീൻ ഉദയം" എന്നാണു് [1] ഡോക്ടർ ശൂരനാട്ടു കുഞ്ഞൻപിള്ള ഈ കൃതിയെ വിശേഷിപ്പിച്ചിരിക്കുന്നതു്. ആറുഭാഗമായി പ്രസിദ്ധീകരിക്കാൻ തയാറാക്കിയിരുന്ന ഇതിന്റെ ഒന്നാം ഭാഗം മാത്രമേ കണ്ടുകിട്ടിയിട്ടുള്ളു. ഈ കൃതിയുടെ രചനോദ്ദേശ്യം സ്വാമികൾ പ്രസ്തുതകൃതിയുടെ അവതാരികയിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "ഈ ഭൂമി വാസ്തവത്തിൽ മലയാളി നായന്മാരുടെ വകയാണെന്നും, നായന്മാർ ഉത്കൃഷ്ടകുലജാതന്മാരാണെന്നും അവർ തങ്ങളുടെ ആർജവശീലവും ധർമതത്പരതയും കൊണ്ടു് സ്വദേശബഹിഷ്കൃതന്മാരും പാഷണ്ഡഗാമികളുമായ ഒരുകൂട്ടം ആര്യബ്രാഹ്മണരുടെ വലയിൽപെട്ടു് കാലാന്തരത്തിൽ കക്ഷിപിരിഞ്ഞു് ഇങ്ങനെ അകത്തുംപുറത്തുമായി താഴ്മയിൽ കഴിഞ്ഞു പോരുകയുമാണെന്നാണു് ഈ പുസ്തകം സ്ഥാപിക്കാൻ ഉദ്യമിക്കുന്നതു്." [2]

കേരളം പരശുരാമൻ സമുദ്രത്തിൽ നിന്നുദ്ധരിച്ചു് ബ്രാഹ്മണർക്കു ദാനം ചെയ്തു. ഇവിടത്തെ നായന്മാർ ബ്രാഹ്മണരെ ശുശ്രൂഷിക്കാൻ കൊണ്ടുവരപ്പെട്ട ശൂദ്രരാണു്. അവർക്കു് വേദപഠനത്തിനോ മതപരമായ അനുഷ്ഠാനങ്ങൾക്കോ അവകാശമില്ല. പരമ്പരാഗതമായ ഈ വിശ്വാസത്തെ ശാസ്ത്രം, ചരിത്രം, യുക്തി എന്നിവയുടെ വെളിച്ചത്തിൽ സ്വാമികൾ ഖണ്ഡിച്ചു. ഇവിടത്തെ നമ്പൂതിരിമാർപോലും, ബ്രാഹ്മണീകരിക്കപ്പെട്ട നായന്മാരാണെന്നും സപ്ര

1. വിദ്യാധിരാജ പ്രബന്ധസുധ. പേജ്. 165 സമ്പാദകൻ. ഏ. വി. ശങ്കരൻ ദർശനം പബ്ളിക്കേഷൻസ്, തിരുവനന്തപുരം.

2. പ്രാചീനമലയാളം. (പേജ് 5,6) പ്രസാധകർ. സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം. 1962.-

മാണം സ്വാമികൾ സമർത്ഥിക്കുന്നു. നായന്മാർ ശൂദ്രരാണെന്നുള്ള വിശ്വാസം ഖണ്ഡിച്ചു് അവർ ക്ഷത്രിയരാണെന്നു് ഉദാഹരണസഹിതം പ്രാചീന മലയാളത്തിൽ ചൂണ്ടിക്കാട്ടുന്നു.

"ആധാരങ്ങൾ, കണക്കുകൾ, മുതലായ പ്രമാണങ്ങൾ പരിശോധിച്ചതിന്റെ ശേഷം, കുടികൾ, സർക്കാർ, സാമന്തന്മാർ, രാജാക്കന്മാർ, ദേവസ്വങ്ങൾ, ധർമ്മങ്ങൾ ഇതുകളിൽ യാതൊന്നിന്റെയും മുന്നിനങ്ങൾ ഭാർഗവന്റേതോ ബ്രാഹ്മണരുടേതോ ആയിട്ടു കാണുന്നില്ല. സമസ്തവും മലയാളി പ്രഭുക്കളുടെ വകയായിട്ടുമാത്രമാണു കാണുന്നതു്."[1] ക്ഷേത്രങ്ങളിലെ ഉത്സവം, ബ്രാഹ്മണരുടെ വിവാഹം, മുതലായ അവസരങ്ങളിൽ അതതുദേശത്തെ പ്രഥമസ്ഥാനികളായ നായന്മാരെ കേരള ബ്രാഹ്മണർ ബഹുമാനിച്ചാദരിച്ചിരുന്നു. "ബ്രാഹ്മണർ ഇവിടെ മലയാളത്തിൽ സ്വന്തമായിട്ടു് ഒരുവക ആളുകൾ ഉണ്ടായിരുന്നുവെന്നും ആയവർ വളരെ ബലവാന്മാരും സാമർത്ഥ്യശാലികളും സദാചാര ധർമ്മതല്പരന്മാരും സൽഗുണസമ്പന്നരും ആയിരുന്നുവെന്നും അവർതന്നെ ഈ ഭൂമിയെ പരിപാലിച്ചുവന്നുവെന്നും അങ്ങനെയിരിക്കവേ ബ്രാഹ്മണർ ദാരിദ്ര്യ നിവൃത്തിയെക്കരുതി പലപ്പോഴും കൂട്ടം കൂട്ടമായി ഇവിടെവന്നു ചേരുകയും അവരുടെ നടപടികളും സ്വഭാവങ്ങളും പിടിക്കായ്കയാൽ അപ്പോഴപ്പോൾ സ്വദേശികൾ (നായകന്മാർ) അവരെ തുരത്തി ഓടിക്കയും എന്തായിട്ടും വേറെഗതിയില്ലായ്കയാൽ അവർ പലർക്കും പല സമ്പ്രദായങ്ങളും കൊണ്ടു് സൂത്രത്തിൽവന്നു് പലരെയും പല പ്രകാരത്തിൽ പ്രീതിപ്പെടുത്തുകയും ഇങ്ങനെ ക്രമേണ ഇവിടത്തെ താമസത്തിനു തരം സമ്പാദിക്കുകയും ചെയ്തു."[2] എന്നിങ്ങനെയാണു് ബ്രാഹ്മണരുടെ ആഗമനത്തെപ്പറ്റി സ്വാമികളുടെ അഭിപ്രായം.

ചാതുർവർണ്യത്തെ സ്വാമികൾ രണ്ടായിത്തിരിക്കുന്നു. ഒന്നാമത്തേതിനു് ആധാരം ഗുണകർമങ്ങൾ; രണ്ടാമത്തേതിനു് കുക്ഷിപൂരണവും. ആദ്യത്തേതു് അമൃതം, രണ്ടാമത്തേതു് വിഷം. ആദ്യത്തേതിനെ ആചരിക്കുന്നതു് മാതാവിന്റെ മുലയിൽനിന്നു് പാലുകുടിക്കുന്നതുപോലെ; രണ്ടാമത്തേതിനെ ആചരിക്കുന്നതു് മുല ച്ഛേദിച്ചു് രക്തപാനം ചെയ്യുന്നതുപോലെ. ദൂഷിച്ച ചാതുർവർണ്യനിയമത്തെ സ്വാമികൾ തുടർന്നു

1 പ്രാചീന മലയാളം. (പേജ്. 63).

2 പ്രാചീന മലയാളം. (പേജ് 76)

ഇങ്ങനെ അപലപിക്കുന്നു.

"ഇതുകാരണം ജനസമൂഹത്തിനു് അതിമൂഢത, ധന നാശം, അലസത, ദാരിദ്ര്യം, മിത്രദ്രോഹം, കുടുംബകലഹം, സ്വജനദ്വേഷം, അപമര്യാദ, ദുരാചാരം, ഭൃത്യവൃത്തി, ധർമ ഭ്രംശം, കർമലോപം, അനാസ്തിക്യം ഇതുകൾ വർദ്ധിച്ചു നിലനിന്നു് ആകപ്പാടെ ഇവർ ദുരിതരൂപികളായി പരജനപരി ഹാസത്തിനും, ഇഹലോകപരലോകങ്ങളിൽ നിന്നു് നരകാനു ഭൂതിക്കും പാത്രീഭവിച്ചുകൊണ്ടിരിക്കുന്നു. ഈ ആപത്തിൽ നിന്നും രക്ഷപ്പെടണമെങ്കിൽ ഒന്നാമതായിട്ടു് സകലദോഷ ങ്ങൾക്കും, ബീജമായ ഈ ദുർവ്യവസ്ഥ യിൽ നിന്നു് ഒഴിയണം. അപ്രകാരം ഒഴിയണമെങ്കിൽ ജനസമൂഹത്തിൽ വളരെക്കാലമായി വേരുറച്ചു കിടക്കുന്ന തെറ്റിദ്ധാരണ നിശ്ശേഷം നശിക്കണം."[1]

"പരമഗുരുപാദരുടെ ശ്രദ്ധ ജന്മഭൂമിയുടെ ചരിത്രത്തിൽ പതി ഞ്ഞതിന്റെ ഫലമായി നമുക്കുലഭിച്ച അനർഘനിധിയാണു് പ്രാചീന മലയാളം.... കേരളചരിത്രത്തിന്റെ അന്ധകാരപൂർണ്ണ മായ കോണുകളിൽ ശാശ്വതമായ വെളിച്ചമാണു് അവിടുന്നു വിതറിയിരിക്കുന്നതു്"[2]

വേദാധികാര നിരൂപണം

വേദങ്ങളുടെ ഉത്പത്തിചരിത്രവും വേദപഠനത്തിനു് എല്ലാ ജാതിക്കാർക്കുമുള്ള അർഹതയും പ്രമാണസഹിതം വിവരിക്കുന്ന ഗ്രന്ഥമാണു് 1921-ൽ (കൊ:വ: 1096) പ്രസിദ്ധീകൃ തമായ വേദാധികാര നിരൂപണം. ധർമ്മാധർമ്മബോധം മാനവസമുദായത്തിൽ ഉളവാക്കുന്നതിനുവേണ്ടി ഈശ്വരൻ ഉപദേശിച്ചിട്ടുള്ള അമരവാണികളാണു് വേദങ്ങൾ. പഠിക്കാ നുള്ള അധികാരം ബ്രാഹ്മണർക്കും ക്ഷത്രിയർക്കും വൈശ്യ നുമുണ്ടു്. എന്നാൽ പഠിപ്പിക്കാനുള്ള അധികാരം ബ്രാഹ്മണനു മാത്രമേയുള്ളു. സ്ത്രീകൾക്കും ശൂദ്രർക്കും വേദം പഠിക്കാൻ പാടില്ലെന്നു മാത്രമല്ല, ഒരിക്കലും കേൾക്കാനും പാടില്ല. ഈ മൂഢവിശ്വാസത്തെ സ്വാമികൾ സയുക്തികം ഖണ്ഡിച്ചു.

"ശൂദ്രൻ വേദാഭ്യാസം ചെയ്തുകൂടാ എന്നുള്ളവർ

---

1. പ്രാചീന മലയാളം (പേജു് - 110)

2. വി. ആർ. പരമേശ്വരൻ പിള്ള. വിദ്യാധിരാജ പ്രബന്ധസുധ. 250, 253.

സാധാരണമായി പറയുന്ന ഒരു പ്രമാണത്തെക്കുറിച്ചു് അല്പം വിചാരിക്കേണ്ടിയിരിക്കുന്നു. അതായതു് "ന സ്ത്രീ ശൂദ്രൗ വേദമധീയതാം" എന്ന വാക്യമാകുന്നു. ഈ വാക്യം വേദവുമല്ല; സ്മൃതിയുമല്ല; കേവലം സൂത്രമാകുന്നു. ശ്രുതി സ്മൃതി പുരാണേതിഹാസാചാരങ്ങൾ എന്നുള്ള പ്രമാണങ്ങളിൽ ഒന്നായിട്ടു് ഇതിനെ എവിടെയും സ്വീകരിച്ചു പഠിക്കുന്നുമില്ല. ആകയാൽ ഇതിനെ ഒരു പ്രമാണമായിട്ടു സ്വീകരിക്കണമെന്നില്ല. വിരോധമില്ലാത്ത ഈ വാക്യത്തെക്കുറിച്ചു പഠിക്കണമെന്നുമില്ല. ഇതിന്റെ അർത്ഥം എന്തെന്നാൽ സ്ത്രീകളും ശൂദ്രരും വേദം പഠിച്ചേ കഴിയൂ എന്നില്ല; എന്നല്ലാതെ പഠിച്ചേകൂടാ എന്നല്ല. എന്നാൽ ഇതിനെ വ്യാഖ്യാനിച്ചവർ പഠിച്ചേകൂടാ എന്നർത്ഥം പറഞ്ഞിരിക്കുന്നല്ലോ എന്നാണെങ്കിൽ, ഇതിലേയ്ക്കു് അവരെ കുറ്റം പറവാൻ പാടില്ല. ഇങ്ങനെയുള്ള ഗ്രന്ഥങ്ങൾക്കു വ്യാഖ്യാനം ചെയ്യുന്നവർ തല്ക്കാലത്തിൽ നടന്നുവരുന്ന ആചാരഗൗരവത്തിനു് യാതൊരു ന്യൂനതയും നേരിടാതിരിക്കുന്നതിലേയ്ക്കു വേണ്ടി സ്പഷ്ടമായ വാക്യങ്ങൾക്കെല്ലാം കൃത്രിമമായി അർത്ഥകല്പനം ചെയ്യുന്നതു ലോകപ്രസിദ്ധമാകുന്നു."[1] തുടർന്നു് യാജ്ഞവല്ക്യസ്മൃതി, പരാശരസ്മൃതി തുടങ്ങിയ ഗ്രന്ഥങ്ങളിൽനിന്നു് പ്രമാണങ്ങൾ ഉദ്ധരിച്ചു് തന്റെ വാദം സമർത്ഥിക്കുന്നു.

"ന സ്ത്രീ ശൂദ്രൗ വേദമധീയതാം" എന്ന വാക്യത്തിനു് വേദാധികാര നിഷേധികൾ കല്പിക്കുന്ന അർത്ഥം തെറ്റാണെന്നു് സ്വാമികൾ ചൂണ്ടിക്കാട്ടുന്നു" അധീയതാം എന്ന ക്രിയ ലിംങ്ങർത്ഥമാകുന്നു. ലിംങ്ങിനു വിധിനിമന്ത്രണസംഭാവനൗചിത്യാദി പല അർത്ഥങ്ങളുമുണ്ടു്. ഇവയിൽ "പാടില്ല" എന്നുള്ള "വിധ്യർത്ഥത്തെയോ, വേണമെന്നില്ല" എന്നുള്ള ഔചിത്യാർത്ഥത്തെയോ സ്വീകരിക്കേണ്ടതു് എന്നത്രേ പ്രകൃതത്തിൽ സന്ദേഹം. ഗുരുതരപ്രമാണങ്ങൾക്കു വിരുദ്ധമല്ലാത്തതേതോ അതിനെ സ്വീകരിക്കയെന്നതാണു പ്രസിദ്ധനയം. ആകയാൽ ഇവയിൽ ഏതാണു് അപ്രകാരമുള്ള പ്രമാണങ്ങൾക്കൊരുത്തിരിക്കുന്നതു്, ഏതാണു വിരോധി ച്ചിരിക്കുന്നതു് എന്നു നോക്കാം. ബൃഹദാരണ്യകോപനിഷത്തു് മൂന്നാമതും ആറാമതും ബ്രാഹ്മണത്തിൽ പറയുന്ന ഉപാഖ്യാനത്തിൽ 'ഗാർഗ്ഗി' എന്ന സ്ത്രീ വേദാഭ്യാസം ചെയ്തു എന്നുമാത്രമല്ല വേദാർത്ഥങ്ങളെക്കുറിച്ചു് യാജ്ഞവല്ക്യരോടു് ചർച്ചചെയ്തതായും കാണുന്നു.... ആശ്വലൻ, ആർത്തഭാഗൻ, ഭുജ്യു, ഉഷസ്തൻ, കാഹോളൻ

---

1. വേദാധികാര നിരൂപണം. 1963. പേജു് 58.

മുതലായ മഹർഷിമാർക്കുപോലും വാദത്തിൽ പരാജിതനാക്കാൻ കഴിയാത്ത യാജ്ഞവല്ക്യമഹർഷിയോടു് ഒരു സ്ത്രീ ശാസ്ത്രവാദം നടത്തിയ കഥ വേദശിരസ്സായി പരിണമിച്ച തോർത്താൽ സ്ത്രീകൾക്കു വേദാധികാരമുണ്ടെന്നു കാണിക്കാൻ വല്ല തെളിവും ആവശ്യമുണ്ടോ?"[1]

തുടർന്നു് മൈത്രേയി, കാത്യായനി, തുടങ്ങി വേദാധികാരമുണ്ടായിരുന്ന സ്ത്രീകളുടെ കാര്യം സ്വാമികൾ ഉദാഹരിക്കുന്നു. "ശൂദ്രൻ വേദാഭ്യാസം ചെയ്തുകൂടാ എന്നുള്ള സങ്കേതം യുക്തിക്കെങ്കിലും ചേർത്തിരിക്കുന്നുണ്ടോ? ഏതു മതഗ്രന്ഥത്തെ എടുത്താലും പരമപദപ്രാപ്തിക്കു ജീവാത്മാപരമാത്മസ്വരൂപജ്ഞാനവും, ധർമ്മാനുഷ്ഠാനവും തന്നെയാണു ഹേതുവെന്നു പറഞ്ഞിരിക്കുന്നതായിക്കാണാം... മോക്ഷസാധനമായ ജ്ഞാനത്തെ ശൂദ്രൻ അഭ്യസിച്ചുകൂടാ എന്നു പറയുന്നതിനു ശൂദ്രൻ മോക്ഷത്തെ പ്രാപിച്ചുകൂടാ എന്നല്ലയോ അർത്ഥം. അല്ലാതെയും ആദിമുതൽ ഈ സങ്കേതം ഭഗവന്നിയമമായി നടന്നുവന്നതാണെങ്കിൽ ഇതുവരെയും ഒരു ശൂദ്രൻപോലും മോക്ഷം പ്രാപിച്ചിട്ടില്ല എന്നല്ലയോ പറയേണ്ടതു്. ഇതിനെ ആരെങ്കിലും സമ്മതിക്കുമോ?[2] ജന്മനാ ശൂദ്രനായ ജാനശ്രുതി, മുതലായ വേദമന്ത്രകർത്താക്കളെ ശൂദ്രനു് വേദാധികാരമുണ്ടെന്നു തെളിയിക്കാൻ സ്വാമികൾ ഉദാഹരണമായി ചൂണ്ടിക്കാട്ടുന്നു. അനേക നൂറ്റാണ്ടുകളായി നിലനിന്ന ഒരന്ധവിശ്വാസത്തെയാണു് ഒറ്റയ്ക്കു് സ്വാമികൾ വെല്ലുവിളിച്ചതു്. വിദ്യയുടെ ലോകത്തുനിന്നും സമൂഹത്തിലെ ഭൂരിപക്ഷം പേരെയും ബോധപൂർവം അകറ്റിനിർത്തിയിരിക്കുന്ന ചില കള്ളപ്രമാണങ്ങളെ സയുക്തികം ചോദ്യം ചെയ്ത അബ്രാഹ്മണനും സ്വാമികൾ തന്നെ. നമ്മുടെ സാംസ്കാരിക നവോത്ഥാനത്തിനു് ശക്തിയും ആവേശവും പകർന്നുകൊടുത്ത വേദാധികാര നിരൂപണം ഇങ്ങനെയാണു് ഉപസംഹരിച്ചിരിക്കുന്നതു്.

"കടശിയിൽ ശൂദ്രർ ഉണ്ണാൻ പാടില്ല എന്നു നിഷേധിക്കുമ്പോൾ അതിനെ ആരെങ്കിലും വകവയ്ക്കുമോ? ഈ ലോകത്തിൽ ജീവിക്കാൻ ഭക്ഷണം ആവശ്യമെങ്കിൽ ഈ ലോകത്തുമാത്രമല്ല, ഏതുലോകത്തും ജീവിക്കുന്നതിനു് ജ്ഞാനമത്യാവശ്യമായിരിക്കയാൽ ആ ജ്ഞാനത്തെ ശൂദ്രൻ

---

1. വേദാധികാര നിരൂപണം, ചട്ടമ്പിസ്വാമികൾ. 1963 (പേജു് 61, 63).
2. വേദാധികാര നിരൂപണം (പേജു് 65).

പ്രാപിച്ചുകൂടാ എന്നു നിഷേധിക്കുന്നതിനെ മാത്രം ഗൗനിക്കുന്നതിനു് ആവശ്യം എന്താണുള്ളതു്. തങ്ങളെപ്പോലെ ശൂദ്രരും പഠിച്ചു പോയാൽ തങ്ങൾക്കു മഹിമ കുറഞ്ഞുപോകുമല്ലോ എന്ന അസൂയയാലും തങ്ങൾ മൂലമായിട്ടേ എല്ലാവരും ജ്ഞാനം സമ്പാദിക്കാവൂ എന്നായാൽ തങ്ങൾക്കു ലാഭപ്രദമായിരിക്കുമെന്ന ദുരാശയാലും തങ്ങൾ വലിക്കുന്ന വഴിക്കെല്ലാം എല്ലാവരും വരണമെന്ന ഉദ്ദേശ്യത്താലും ഇങ്ങനെയുള്ള സങ്കേതത്തെ ആരുതന്നെ ഏതുകാലത്തേർപ്പെടുത്തിയാലും അതിനെ ആദരിക്കേണ്ടതില്ല.... എല്ലാവരുടെ സ്വഭാവത്തെയും പരിശുദ്ധമാക്കേണ്ടതായ വേദത്തിനുപോലും ശൂദ്രരുടെ അദ്ധ്യയനത്താൽ മഹിമ കുറഞ്ഞുപോകുമെങ്കിൽ ആ മഹിമ എത്രത്തോളം നിലനില്ക്കും? ജനങ്ങളെ എങ്ങനെ പരിശുദ്ധമാക്കും? അഗ്നിയെ പരിശുദ്ധമാക്കത്തക്ക വസ്തു ലോകത്തിലുണ്ടോ? ആകയാൽ ആരഭ്യസിച്ചാലും വേദത്തിന്റെ മഹിമയ്ക്കു് യാതൊരു കുറവും ഉണ്ടാകുകയില്ല." [1]

വേദാധികാരനിരൂപണം ഒരിക്കൽ നിത്യചൈതന്യയതി തന്റെ ഗുരുവായ നടരാജഗുരുവിനെ വായിച്ചു കേൾപ്പിച്ചു. അതുകേട്ട നടരാജഗുരുവിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു. "അതിശയം! ഈ വാക്കുകളെഴുതിയിരിക്കുന്ന കടലാസിനു് തീപിടിക്കാത്തതാണു് അദ്ഭുതം. തീപോലെ സത്യമായ വാക്കുകൾ. ഇതെഴുതിയിരിക്കുന്ന രീതികൊണ്ടുതന്നെ അറിയാം ഇതൊരു ബൃഹദ് ഗ്രന്ഥമായിരുന്നുവെന്നു്. വെറും എൺപതുപേജിൽ അതു് നിർത്തിയിരിക്കുവാൻ ഇടയില്ല. അതുകൊണ്ടു് അതിന്റെ ബാക്കി എവിടെ ഒളിച്ചിരിക്കുന്നുവെന്നു് എങ്ങനെയും കണ്ടുപിടിക്കണം." [2]

"ശ്രുതികളിലും സ്മൃതികളിലും ഉള്ള അനേകം ദൃഷ്ടാന്തങ്ങൾ കൊണ്ടും ശ്രുതിവാക്യവ്യാഖ്യാനങ്ങളുടെ അകൃത്രിമത്വംകൊണ്ടും മർമഭേദിയായ യുക്തിയുടെ ശക്തികൊണ്ടും സർവോപരി അഗാധവാഹിയായ പ്രതിഭയുടെ പ്രഭകൊണ്ടും അത്യാകർഷകമാണു് ഈ ഗ്രന്ഥം. സ്വതന്ത്രതകൊണ്ടു് ഏതുകാലത്തും പുതുമ പുലർത്തുന്ന ആശയഗതി അനുപദം നമ്മെ ആനന്ദിപ്പിക്കും." [3]

---

1. വേദാധികാര നിരൂപണം. (പേജു് 79-80)

2. നിജാനന്ദവിലാസം. ഒന്നാം പതിപ്പു്. 1980. പ്രസാധകർ. ശ്രീനാരായണ ഗുരുകുലം വർക്കല. പേജു്. VI)

3. എൻ. ഗോപാലപിള്ള. കല്പനാശില്പം. (പേജു്. 152) രണ്ടാം പതിപ്പു്. 1960.

"വേദാധികാരനിരൂപണത്തിൽ സ്വാമി തിരുവടികൾ പ്രദർശിപ്പിച്ച യുക്തിയും വേദപുരാണാദികളിലുള്ള പാണ്ഡിത്യവും യോജിപ്പിച്ചുകൊണ്ടുള്ള ഒരു സിദ്ധാന്തം തന്റേടത്തോടുകൂടി ആസ്തികന്മാരായ ഒരു ധർമാചാര്യന്മാരും ഇതുവരെ പ്രസ്താവിച്ചിട്ടില്ല. ബ്രഹ്മസൂത്രകാരനും അതിന്റെ ഭാഷ്യകാരനും – ശ്രീ വ്യാസനും ശ്രീ ശങ്കരനും – മാമൂലിനടിപ്പെട്ടു് ശൂദ്രശബ്ദത്തെ സൂത്രത്തിലും ഭാഷ്യത്തിലും വളച്ചു വ്യാഖ്യാനിച്ചുവെന്നുള്ളതുതന്നെ ഈ ഗ്രന്ഥത്തിൽ ചട്ടമ്പിസ്വാമികൾ പറയണമെങ്കിൽ അവിടത്തെ പാണ്ഡിത്യവും ധൈര്യവും എത്രവലുതാണെന്നു് ആലോചിച്ചു നോക്കേണ്ടതാണു്. ആ മഹർഷിയും പരമാചാര്യനും – വ്യാസനും ശങ്കരനും – അവിടത്തേയ്ക്കു് പരമാചാര്യന്മാരാണെന്നുള്ളതും വക്തവ്യമാണു്. എന്നാലും സ്വന്തം അഭിപ്രായം പ്രകാശിപ്പിക്കുവാൻ അവിടന്നു മടിച്ചില്ലെന്നുള്ളതു് അവിടത്തെ സത്യസന്ധതയ്ക്കു് മകുടോദാഹരണമാണു്".[1]

വേദാധികാരനിരൂപണത്തിന്റെ അതിവിസ്തൃതമായ ഒരു വ്യാഖ്യാനം ആർഷനാദം പത്രാധിപരായ ആചാര്യനരേന്ദ്രഭൂഷൺ 1990-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഈ കൃതിക്കു് അവതാരികയെഴുതിയ രാജേന്ദ്ര ജിജ്ഞാസു വേദാധികാരനിരൂപണത്തെക്കുറിച്ചു പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണു്.

"ചട്ടമ്പിസ്വാമികളുടെ വേദാധികാരനിരൂപണം ഭാരതീയ ഭാഷകളിൽ ഉണ്ടായിട്ടുള്ള വൈദിക ഗ്രന്ഥങ്ങളിൽ പ്രമുഖമായ ഒന്നാണു്. മഹർഷി ദയാനന്ദൻ ഹിന്ദിയിലെഴുതിയ ഗ്രന്ഥങ്ങളൊന്നും അക്കാലത്തു് കേരളത്തിലെ തിരുവിതാംകൂറിൽ എത്തിയിരുന്നില്ല. ദയാനന്ദ മഹർഷി ജന്മനാ ബ്രാഹ്മണനും യജുർവേദം ചെറുപ്പത്തിലേ പഠിച്ച ആളുമാണു്. ചട്ടമ്പിസ്വാമികൾക്കു് ഇത്തരമൊരു പശ്ചാത്തലമില്ലായിരുന്നു. എന്നിട്ടും അദ്ദേഹത്തിനു് 'യഥേമാം വാചം കല്യാണീ'മെന്ന യജുർവേദമന്ത്രം എങ്ങനെ ഹൃദിസ്ഥമായി? എനിക്കിന്നും ഉത്തരം കിട്ടാത്ത ചോദ്യങ്ങളാണിവ. ഇതിനുമുപരി എന്റെ സംശയം വർദ്ധിക്കുന്നു. തിരുവിതാംകൂർ എന്ന നാട്ടുരാജ്യത്തിൽ വാണിരുന്ന രാജാവു് ചട്ടമ്പിസ്വാമികളെ നാടുകടത്താതിരുന്നതു് എന്തുകൊണ്ടു്? ജന്മനാ ബ്രാഹ്മണ്യം ഇന്ത്യയൊട്ടാകെ ഫണമുയർത്തിനിന്ന കാലഘട്ടം ഇന്നും തീർത്തും

---

1. വിദ്യാനന്ദ തീർത്ഥപാദസ്വാമി – അവതാരിക. വേദാധികാര നിരൂപണം. പ്രസാധകർ. ശ്രീ വിദ്യാധിരാജ പബ്ലിക്കേഷൻസു്, പെരുമൺ, കൊല്ലം. നാലാംപതിപ്പു്. 1990. പേജു്. XIX.

അസ്തമിച്ചിട്ടില്ലെന്നോർക്കുക. അവർണസന്യാസിമാരെ ഉത്തര ഭാരതത്തിലെ രാജാക്കന്മാർ അംഗീകരിച്ചിരുന്നില്ല. ജനങ്ങളേ അവരെ അംഗീകരിച്ചിരുന്നുള്ളു. തത്ഫലമായി ഒട്ടേറെ ജാതികളും വിഭാഗങ്ങളും അവിടെയുണ്ടായി..... ചട്ടമ്പിസ്വാമികൾ രചിച്ച വേദാധികാര നിരൂപണം ദക്ഷിണേൻഡ്യൻ ഭാഷകളിൽ ഉണ്ടായിട്ടുള്ള വൈദിക ഗ്രന്ഥങ്ങളിൽ ഒന്നാമത്തേതാണെന്നു വീണ്ടും എഴുതട്ടെ. സാമൂഹിക പരിഷ്കരണത്തിനു യത്നിച്ച ശ്രീ നാരായണഗുരുവിനും ഈ ഗ്രന്ഥം ഉത്തേജകമായിട്ടുണ്ടു്."[1]

അദ്വൈതചിന്താപദ്ധതി

ഹിന്ദുമതസാരസർവസ്വമായ അദ്വൈതസിദ്ധാന്തം ശ്രുതി, യുക്തി, അനുഭവം ഇവയ്ക്കിണങ്ങത്തക്കവണ്ണം പ്രതിപാദിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണു് അദ്വൈതചിന്താപദ്ധതി. "അടിയനു് അധികം പുസ്തകം വായിച്ചറിവാൻ പ്രാപ്തിയില്ല. അതിനാൽ മനസ്സിലാകത്തക്കവണ്ണം മോക്ഷോപയോഗിയായ ഒരു പുസ്തകം എഴുതിത്തന്നു് അനുഗ്രഹിക്കണം" എന്ന സ്വാമിജിയുടെ ആശ്രിതനായ ഒരു ഭക്തന്റെ അപേക്ഷയാണു് ഈ കൃതിയുടെ രചനാ ഹേതു. 1946-ൽ (കൊ:വ:1121) ഇതിന്റെ ഒന്നാം പതിപ്പു പുറത്തുവന്നു. ഒന്നാം പതിപ്പിൽ അദ്ധ്യാരോപവാദങ്ങൾ, തത്ത്വമസി, മഹാവാക്യോപദേശം, ചതുർവേദ മഹാവാക്യങ്ങൾ, ശ്രുതിസാരമഹാവാക്യപ്രകരണം ഇങ്ങനെ നാലു പ്രകരണങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. രണ്ടാംപതിപ്പിൽ 'ശരീരതത്വ സംഗ്രഹം, 'ജഗന്മിഥ്യാത്വവും ബ്രഹ്മസാക്ഷാത്കാരവും, മനോനാശം - ശുദ്ധാദ്വൈത ഭാവന - ഇങ്ങനെ മൂന്നു പ്രകരണങ്ങൾ കൂടി ചേർത്തിട്ടുണ്ടു്.

"ഇവയിൽ 'ശരീരതത്ത്വസംഗ്രഹം ശ്രീ തച്ചുടയക്കൈമളുടെ രക്ഷാധികാരികതയിൽ ശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ സ്മാരകമായി ഇരിങ്ങാലക്കുടയിൽ നിന്നു പുറപ്പെട്ടിരുന്ന 'സദ്ഗുരു' മാസികയിലും, ജഗന്മിഥ്യാത്വവും ഈശ്വരസാക്ഷാത്കാരവും' എന്ന ലേഖനത്തിന്റെ കുറേ ഭാഗം

---

1. വേദാധികാര നിരൂപണം. വ്യാഖ്യാതാ: നരേന്ദ്രഭൂഷൺ. നിത്യഭാരതി ബുക്ക്സ്. ചെങ്ങന്നൂർ. 1990. പേജു്. VII.

"ലോകം സത്തോ അസത്തോ" എന്ന പേരിൽ തിരുവനന്തപുര ത്തുനിന്നു് ബാരിസ്റ്റർ ഏ.കെ.പിള്ള നടത്തിയിരുന്ന 'സ്വദേശാ ഭിമാനി' മാസികയിലും, 'മനോനാശം – ശുദ്ധാദ്വൈതഭാ വന'യുടെ കുറേ ഭാഗം ശ്രീ ദയാനന്ദസ്വാമികൾ നടത്തിയിരുന്ന 'യുവജനമിത്രം' മാസികയിലും മുമ്പു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള താണു്. പാഴൂർ തീർത്ഥപാദാശ്രമത്തിൽ അസ്മൽ ഗുരുപാദർ ശ്രീ തീർത്ഥപാദപരമഹംസസ്വാമികൾ ശേഖരിച്ചുവച്ചിരുന്ന നോട്ടു കളും ഞാൻ സംഭരിച്ച ശ്രീ ചട്ടമ്പിസ്വാമികളുടെ കുറിപ്പുകളും പരിശോധിച്ചാണു് ഈ മൂന്നു ലേഖനങ്ങളും ഇപ്പോൾ ഈ ഗ്രന്ഥ ത്തിൽ ചേർത്തിരിക്കുന്നതു്".

"ഒന്നും രണ്ടും ലേഖനങ്ങൾ ശ്രീ ചട്ടമ്പിസ്വാമി തിരുവ ടികൾ സ്വതന്ത്രമായി എഴുതിയിട്ടുള്ളവയും 'ശുദ്ധാദ്വൈത ഭാവന" എന്ന മൂന്നാമത്തെ ലേഖനം 'നിജാനന്ദ വിലാസം എന്ന പ്രസിദ്ധമായ തമിഴ് വേദാന്തഗ്രന്ഥത്തിൽ നിന്നു് അവിടു ന്നു് മലയാളത്തിലേയ്ക്കു് വിവർത്തനം ചെയ്തിട്ടുള്ളതും ആകുന്നു... അതിലെ പല പ്രകരണങ്ങളും ശ്രീ സ്വാമിതിരുവടി കൾ മലയാളത്തിൽ വിവർത്തനം ചെയ്തു് ശിഷ്യന്മാർക്കു കൊടുത്തിട്ടുണ്ടു്. അവയിൽ സാധകന്മാർക്കു് ഏറ്റവും ഉപ യോഗപ്പെടുന്ന ഒരു ലേഖനമാണു് "മനോനാശം– ശുദ്ധാ ദ്വൈതഭാവന". ഈ മൂന്നു ലേഖനങ്ങൾകൂടിച്ചേർന്നപ്പോൾ അദ്വൈത ചിന്താപദ്ധതി പൂർണ്ണമായ ഒരു വേദാന്ത ഗ്രന്ഥമായി ത്തീർന്നു എന്നു നിസ്സംശയം പറയാവുന്നതാണു്. [1]

ബ്രഹ്മനിഷ്ഠന്മാർക്കും ബ്രഹ്മജിജ്ഞാസുക്കൾക്കും വളരെ പ്രയോജനമുള്ള ഒരു വിശിഷ്ടകൃതിയാണു് അദ്വൈത ചിന്താപദ്ധതി. അദ്വൈതസിദ്ധാന്തത്തെ പ്രായോഗികമായി വിശദീകരിക്കുന്ന ഒരു പുസ്തകം ഇതുപോലെ വേറെയില്ല.

ക്രിസ്തുമതച്ഛേദനം

ക്രിസ്തുമത പ്രചാരണത്തിനിടയിൽ ഹിന്ദുമത ത്തെയും അവരുടെ ആരാധ്യദേവതകളെയും സ്ഥാനത്തും അസ്ഥാനത്തും ബാലിശമായി അധിക്ഷേപിക്കുന്ന ഒരു പ്രവ

1. അദ്വൈതചിന്താപദ്ധതി (രണ്ടാം പതിപ്പു്) 1970, അവതാരിക. വിദ്യാനന്ദ തീർത്ഥപാദസ്വാമികൾ – അവതാരിക. (പേജു്. III, IV, V.) -

ണത അക്കാലത്തെ ക്രിസ്ത്യൻ പാതിരിമാർക്കുണ്ടായിരുന്നു. ഇതിനു് ഒരു പ്രതിവിധിയായിട്ടാണു് സ്വാമികൾ ഷണ്മുഖദാസൻ എന്നപേരിൽ ക്രിസ്തുമതച്ഛേദനം രചിച്ചതു്. സ്വാമികളുടെ ആദ്യത്തെ പ്രകാശിത കൃതിയും ഇതുതന്നെ.

ഈ കൃതിയുടെ ആദ്യഭാഗത്തു് ഇരുപതോളം പുറങ്ങളിൽ ക്രിസ്തുമതസാരം എന്താണെന്നു വിവരിച്ചിരിക്കുന്നു. ക്രിസ്തീയ പുരോഹിതന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായതാണു് ഈ ഭാഗം. ദൈവത്തിന്റെ രൂപം, ജീവലക്ഷണം, പാശനിരൂപണം, ജീവകൃത്യം, ജീവഭോഗം, മുക്തിസാധനം, പവിത്രാത്മകൃത്യം, നിഗ്രഹാനുഗ്രഹം, മുക്തി എന്നീ ശീർഷകങ്ങളിൽ ക്രിസ്തുമതസാരം വിവരിച്ചിരിക്കുന്നു. ബൈബിളിന്റെ ശരിയായ പഠനം ആത്മസാക്ഷാത്കാരത്തിലേയ്ക്കു നയിക്കുമെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. ക്രിസ്തുമതസാരത്തിലെ 'പവിത്രാത്മ കൃത്യം' എന്നഭാഗം ഉപസംഹരിച്ചിരിക്കുന്നതു് നോക്കുക "ഇങ്ങനെ പറയപ്പെട്ട ക്രിസ്തുമതത്തിനെ അറിഞ്ഞു സകല മനുഷ്യരും തന്റെ പാപത്തെക്കുറിച്ചു് ഉണർന്നു പശ്ചാത്താപപ്പെട്ടു് ബൈബിൾ വിധിപ്രകാരം യേശുക്രിസ്തുവിൽ വിശ്വാസമുണ്ടായി ക്രിസ്തുഭക്ത സമൂഹമായ സഭയിൽ ചേർന്നു്, സ്നാനം, നൽകരുണ എന്നീ സംസ്കാരങ്ങളെച്ചെയ്തു് ദേവനെ പ്രാർത്ഥിച്ചു് ദൃഢവിശ്വാസത്തോടുകൂടി ദൈവപുണ്യം സമ്പാദിച്ചുകൊണ്ടു് ബൈബിളിനെ ഓതി ഉണർന്നു് എല്ലാവരോടും പ്രസംഗിച്ചുകൊണ്ടു് നിലയിൽനിന്നും തെറ്റാതെ ഇരിക്കേണ്ടതാകുന്നു."[1] ക്രിസ്തുമതത്തോടോ ബൈബിളിനോടോ സ്വാമികൾക്കു് ഒരു വിപ്രതിപത്തിയും ഇല്ലായിരുന്നു. എന്നാൽ ബൈബിളിനെ ദുർവ്യാഖ്യാനം ചെയ്തു്, പരമതനിന്ദയുടെ മാരകവിഷം വിതറി, സമുദായ സ്പർദ്ധ വളർത്തുന്ന രീതിയോടും, ഹീനമായ പ്രചാരണ തന്ത്രങ്ങളിലൂടെ ആളുകളെ മതപരിവർത്തനം ചെയ്യുന്നതിനോടും സ്വാമികൾക്കു് കടുത്ത അമർഷം ഉണ്ടായിരുന്നു.

ക്രിസ്തുമതസാരം എന്താണെന്നു് ചൂണ്ടിക്കാട്ടിയതിനുശേഷം കൃത്യനിമിത്തം, ഉപാദാനം, ആദിസൃഷ്ടി, ദുർഗുണം, ക്രിസ്തുചരിതം, നിഗ്രഹാനുഗ്രഹം, പവിത്രാത്മചരിതം ത്രൈകത്വം, പശുപ്രകരണം, പാശപ്രകരണം, ഗതിപ്രകരണം, നിരയം, മുക്തി, എന്നിങ്ങനെ വിവിധ ശീർഷകങ്ങളിൽ ഭാര

1. ക്രിസ്തുമതച്ഛേദനം (പേജു്. 29) മൂന്നാം പതിപ്പു്. 1982. പ്രസാധകർ: വിശ്വഹിന്ദുബുക്സു്, കലൂർ, കൊച്ചി. 17.

തീയ ദാർശനികദൃഷ്ടിയിലൂടെ ക്രിസ്തുമതത്തിലെ വൈരുദ്ധ്യങ്ങൾ സ്വാമികൾ വിലയിരുത്തുന്നു. "ആംഗലഭാഷാനഭിജ്ഞനായ സ്വാമികൾക്കു് ആ ഭാഷയിലുള്ള ഗ്രന്ഥങ്ങൾ മനസ്സിലാക്കാൻ സഹായഹസ്തം നല്കിയതു് അവിടത്തെ സ്നേഹിതനും പ്രസിദ്ധ ഫിലോസഫി പ്രൊഫസറുമായ സുന്ദരം പിള്ള എം.എ. ആയിരുന്നു"[1] ശ്രീ കാളിയാങ്കൽ നീലകണ്ഠപിള്ള, കരുവാ കൃഷ്ണനാശാൻ എന്നിവർ കേരളം മുഴുവൻ സഞ്ചരിച്ചു് ഈ ഗ്രന്ഥത്തിലെ ആശയങ്ങൾ പ്രചരിപ്പിക്കുകയും അതോടെ പാതിരിമാർ ഹിന്ദുമതത്തെയും ദേവന്മാരെയും ആക്ഷേപിക്കുന്ന പ്രവണത അവസാനിക്കുകയും ചെയ്തു.

ക്രിസ്തുമതച്ഛേദനത്തിലെ ഭാഷയും ശൈലിയും മനസ്സിലാക്കാൻ ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു.

"സൃഷ്ടിക്കു പിൻപു് 4005 വത്സരശേഷം പിതാവു്, പവിത്രാത്മാവു് എന്നവരിൽ പുത്രനായ ക്രിസ്തു ഭൂമിയിൽ ഏഷ്യാ ഖണ്ഡത്തിൽ തുലുക്കദേശത്തു് കാനാനെന്നനാട്ടിൽ യോസേപ്പ് എന്നവനു് ഭാര്യയായി നിയമിക്കപ്പെട്ട മര്യാൾ എന്നവളുടെ വയറ്റിൽ പവിത്രാത്മാവിനാൽ ഉണ്ടാക്കപ്പെട്ട ഗർഭപിണ്ഡത്തിൽ വന്നകപ്പെട്ടു് മനുഷ്യത്വവും ദൈവത്വവും ഉള്ളവനായി ജനിച്ചു വളർന്നു പണ്ഡിതന്മാരോടു പ്രസംഗിച്ചു നടന്നു് 30 വയസ്സിൽ യോവനോടു് (യോഹന്നാനോടു്) സ്നാനമേറ്റു പവിത്രാത്മാവിന്റെ ആവേശവും സിദ്ധിച്ചു് 40 ദിവസം വരെയും കാട്ടിൽ ഭക്ഷണം കൂടാതെ ഇരുന്നു് പിശാചിനാൽ പരീക്ഷിക്കപ്പെട്ടു് മനുഷ്യരെ വഞ്ചിച്ച പിശാചിനെ താൻ ജയിച്ചു് അത്ഭുതങ്ങളെ ചെയ്തു് മനുഷ്യർ ലംഘിച്ച കല്പനകളെ താൻ അനുഷ്ഠിച്ചുകാണിച്ചു് മതബോധകന്മാരായ അപ്പോസ്തലന്മാരെ ആജ്ഞാപിച്ചു് ഏർപ്പെടുത്തി ജ്ഞാനജ്ഞാപകസംസ്കാരങ്ങളെ നിയമിച്ചു മനുഷ്യരുടെ സകലപാപങ്ങളെയും താൻ ഏറ്റുകൊണ്ടു് അവരനുഭവിക്കേണ്ടതായ വേദനകളെ താൻ തന്നെ അനുഭവിച്ചുകൊണ്ടു് കുരിശിൽ തറയ്ക്കപ്പെട്ടു് സർവപാപബലിയായി മരിച്ചു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു് സ്വർഗ്ഗമണ്ഡലത്തിലെ സിംഹാസനത്തിൽ കയറി പിതാവായ യഹോവായുടെ വലത്തുവശത്തിരിക്കുന്നു."[2]

---

1. ചട്ടമ്പിസ്വാമികൾ – കെ. ഭാസ്കരപിള്ള (പേജു്. 56) പ്രസാധകർ. ശ്രീ വിദ്യാധിരാജസഭ, കിഴക്കേക്കോട്ട, തിരുവനന്തപുരം. 1978.

2. ക്രിസ്തുമതച്ഛേദനം. (പേജ് 24, 25) പ്രസാധകർ. വിശ്വഹിന്ദുപരിഷത്, കലൂർ, കൊച്ചി. 117. മൂന്നാംപതിപ്പു് 1982 ഏപ്രിൽ

യേശുക്രിസ്തുവിന്റെ ചരിത്രം, അതിലെ പ്രധാനഭാഗങ്ങളൊന്നും വിട്ടുപോകാതെ എത്രസമർത്ഥമായാണു് ഇവിടെ സംഗ്രഹിച്ചിരിക്കുന്നുവെന്നു നോക്കുക.

"ക്രിസ്തു ലോകാവസാനത്തു വിചാരണചെയ്വാനായിട്ടു വരുമെന്നു നിങ്ങൾ പറയുന്നുവല്ലോ. വിചാരണകാലത്തിനു മുമ്പേ മരിച്ചവരെല്ലാവരും ചെന്നുചേരുന്നതു നരകമോക്ഷങ്ങളിലോ? വേറെ വല്ല സ്ഥലത്തോ? വേറെ സ്ഥലത്താകുന്നുവെങ്കിൽ ആദം അബ്രഹാം മുതലായവരും വിചാരണകാലത്തിനു മുമ്പേതന്നെ മോക്ഷത്തിലും മറ്റുപലരും നരകത്തിലും പ്രവേശിച്ചുവെന്നു നിങ്ങളുടെ ബൈബിൾ പറയുന്നതു കള്ളമാകുന്നു."

"മരിച്ചവരെല്ലാവരും തൽക്ഷണം തന്നെ നരകത്തിലും മോക്ഷത്തിലും ചെന്നു ദുഃഖസുഖങ്ങളെ അനുഭവിക്കും എന്നുവരികിൽ ലോകാവസാനകാലത്തിൽ വിചാരണ ചെയ്യണമെങ്കിൽ ആ വിചാരണകൊണ്ടു മുക്തിയിൽ ഇരുന്നവരെ നരകത്തിലും നരകത്തിൽ ഇരുന്നവരെ മുക്തിയിലും മാറ്റിമാറ്റി ഇരുത്തുമോ? ഇരുത്തുകയില്ലെങ്കിൽ വിചാരണചെയ്യുന്നതുകൊണ്ടു് പ്രയോജനം യാതൊന്നുമില്ലല്ലോ. എന്നാൽ മുമ്പേ ഇരുന്നപ്രകാരം തന്നെ മുക്തിയിൽ ഇരുന്നവരെ മുക്തിയിലും നരകത്തിൽ ഇരുന്നവരെ നരകത്തിലും ഇടുമെങ്കിൽ അദ്ദേഹം നൂതനമായി വിചാരണചെയ്യുമെന്നുള്ളതു് എന്തിനായിട്ടു്? ആകയാൽ ലോകാവസാനത്തിൽ വിചാരണയെന്നൊന്നുണ്ടെന്നു് പറയുന്നതുതന്നെ ശുദ്ധകള്ളമാകുന്നു."[1]

ഇങ്ങനെ യുക്തിയുക്തമായാണു് ക്രിസ്തുമതസിദ്ധാന്തങ്ങളെ ഒന്നൊന്നായി സ്വാമികൾ പരിശോധിക്കുന്നതു്.

ക്രിസ്തുമതച്ഛേദനത്തെക്കുറിച്ചു് ശ്രീ ബോധേശ്വരൻ ഇങ്ങനെ എഴുതുന്നു.

"ഈ രാജ്യത്തെ ക്രിസ്തുമതപ്രചാരണം സ്വാമിയിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ എന്തെന്നു് അറിയണമെന്നുള്ളവർ 'ക്രിസ്തുമതച്ഛേദനം' ഒന്നുവായിച്ചിരിക്കേണ്ടതാണു്. ഭാരതത്തിന്റെ സംസ്കാരത്തെയും തദ്വാരാ ഭാരതത്തെയും സംരക്ഷിക്കണമെന്നുള്ളവർക്കു് ഈ രാജ്യത്തു വിദേശീയമതങ്ങളെ അടിച്ചേല്പിക്കുവാൻ ചെയ്യുന്ന പ്രവർത്തനങ്ങളിൽ സമചിത്തതയോടെ കഴിഞ്ഞുപോകാൻ ഒക്കുകയില്ലല്ലോ. സ്വാമിയുടെ ചെറുപ്പകാലത്തു്, 'ഷണ്മുഖദാസൻ'

1. ക്രിസ്തുമതച്ഛേദനം, പേജ്. 88.

എന്നപേരിൽ അറിയപ്പെട്ടിരുന്ന കാലത്തു രചിക്കപ്പെട്ട ഈ കൃതി (ക്രിസ്തുമതച്ഛേദനം) ഭാരതീയ ദാർശനികന്മാരുടെ വീക്ഷണകോടിയിൽക്കൂടി ഒരു മതപ്രമാണത്തെ സമീപിക്കുന്ന സമ്പ്രദായത്തിൽപെട്ടതാണു്."[1]

ക്രിസ്തുമതച്ഛേദനം പുറത്തുവന്നപ്പോൾ അതു് ചിലരുടെ കഠിനവിമർശനത്തിനു വിധേയമായി. ദ്വേഷബുദ്ധിയോടുകൂടിയായിരിക്കണം സ്വാമികൾ ഈ കൃതി രചിച്ചതു് എന്നുകരുതി ഇക്കാര്യം പറവൂർ കെ. ഗോപാലപിള്ള സ്വാമികളുടെ ശ്രദ്ധയിൽപെടുത്തി. അതിനുള്ള സ്വാമിയുടെ ഉത്തരം ഇങ്ങനെയായിരുന്നു.

"ക്രിസ്തുമതാദർശം അനുസരിച്ചു മാത്രമാണു് ഞാൻ അതിനെ ഛേദിച്ചിട്ടുള്ളതു്. എല്ലാത്തിനെയും പരിശോധിക്കണമെന്നും നല്ലതിനെ മുറുകെപ്പിടിക്കണമെന്നും ഉള്ളതു് അവരുടെ പ്രമാണമാണു്. അതുപോലെ ഞാനും പരിശോധിച്ചു. ഒരു വസ്തുവിന്റെ അന്തർഭാഗത്തു കിടക്കുന്നവയെ പരിശോധിക്കണമെങ്കിൽ ഛേദിക്കാതെ എന്താ നിവൃത്തി. ബീജം കണ്ടെത്തണമെങ്കിൽ ഫലം പൊട്ടിച്ചു തൊണ്ടുമാറ്റി നോക്കണം. അതുകൊണ്ടു് ഞാൻ അങ്ങനെ ചെയ്തു. എന്റെ ഛേദനം അധികം ഉപകാരമായി ഭവിച്ചതു് അവർക്കാണു്. തന്നെത്താനെ അറിയാൻ അതുപലർക്കും ഉപകാരപ്പെട്ടു എന്നു് ചില ക്രൈസ്തവൻ സ്നേഹിതന്മാർ എന്നോടുപറഞ്ഞിട്ടുണ്ടു്."[2]

ജീവകാരുണ്യനിരൂപണം

1955-ൽ 'എം.എൻ.നായർ മാസിക'യിൽ അഞ്ചുലക്കങ്ങളിലായി പ്രസിദ്ധപ്പെടുത്തിയ 'ജീവകാരുണ്യനിരൂപണം' പുസ്തകരൂപത്തിൽ പ്രകാശിതമായതു് 1978-ലാണു്. ചട്ടമ്പിസ്വാമികളെപ്പോലെ സമസ്തജീവജാലങ്ങളെയും സ്വന്തം പ്രാണനെപ്പോലെ സ്നേഹിച്ചിരുന്ന യതിവര്യന്മാർ നമുക്കു വളരെപ്പേരില്ല.

1. ശ്രീചട്ടമ്പിസ്വാമി ശതാബ്ദസ്മാരകഗ്രന്ഥം. 1953. (പേജ് 237)
2. പരമഭട്ടാരശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ (ജീവചരിത്രം) പേജ് 189. സമ്പാദകൻ. പറവൂർ കെ. ഗോപാലപിള്ള പ്രകാശകൻ: വി.കെ. അമ്മുണ്ണിമേനോൻ, ചാലക്കുടി കൊ.വ. 1110.

'ശാന്തിയെപ്പരത്തുമാസ്വാമിതൻ മുന്നിൽ ചെന്നാൽ
ശാർദ്ദൂല ഭുജംഗാദിഹിംസ്രജന്തുക്കൾപോലും
ചിക്കെന്നു ഭാവം മാറ്റി ശിഷ്യർ പോലൊതുക്കത്തിൽ
നില്ക്കയേ പതിവുള്ളൂ! ഹാ! തൊഴാം തപോരാശേ'

എന്നു് മഹാകവി വള്ളത്തോളും

''ഉറുമ്പീച്ചയും പാറ്റ പാമ്പും ഭവാനിൽ
കുറുമ്പെന്നിയേ ചെന്നു കൂടെക്കിടന്ന
ചെറുപ്രാണികൾക്കങ്ങു ചേതോവിനോദം
പെറുംനല്ല ചങ്ങാതിയായിട്ടിരുന്നു.
ഒളിച്ചോടിടും മൂഷികന്മാർ, ഭവാനാൽ
വിളിക്കപ്പെടുമ്പോൾ വിളക്കിന്റെ മുമ്പിൽ
കളിച്ചോടിയെത്തുന്നു; കാണുന്നവർക്കീ
യൊളിക്കാഴ്ചയാശ്ചര്യമാശ്ചര്യമത്രേ.''
കടിച്ചുഗ്രമാം പാമ്പിനെക്കൈത്തലത്താൽ
പിടിച്ചങ്ങെടുത്താശു ചൂറ്റിക്കഴുത്തിൽ
കുടിക്കാൻ നറും പാൽ കൊടുത്തിട്ടുകാട്ടിൽ
കുടിപ്പാർപ്പിനേർപ്പാടു ചെയ്തുവിശേഷാൽ

എന്നു് എം. ആർ. മാധവവാര്യരും സ്വാമിജിയുടെ ജീവകാരുണ്യം മുക്തകണ്ഠം വാഴ്ത്തിയിട്ടുണ്ടു്.

അഹിംസാവ്രതം അനുഷ്ഠിക്കാൻ ആർക്കും സാധ്യമല്ലെന്നും, സസ്യഭുക്കുകളും മാംസഭുക്കുകളെപ്പോലെ ഹിംസാത്മകരാണെന്നും വാദിച്ചു് മത്സ്യമാംസാദി ഭക്ഷണങ്ങൾ കഴിക്കാൻ സസ്യഭുക്കുകളെ ആംഗലവിദ്യാഭ്യാസം നേടിയ നേതാക്കന്മാർ നിരന്തരം പ്രചാരണവും പ്രേരണയും നടത്തിയിരുന്ന കാലത്താണു് സ്വാമികൾ ജീവകാരുണ്യ നിരൂപണം എഴുതിയതു്. അവരുടെ വാദമുഖങ്ങളെല്ലാം യുക്തിപൂർവം ഖണ്ഡിച്ചുകൊണ്ടു് അഹിംസാവ്രതമഹത്വംസ്വാമികൾ തന്റെ പ്രബന്ധത്തിലൂടെ സമർത്ഥിച്ചു. അഹിംസാ സിദ്ധാന്തത്തെ ഇത്രത്തോളം ശാസ്ത്രീയവും യുക്തിഭദ്രവുമായ രീതിയിൽ പ്രതിപാദിക്കുന്ന മറ്റൊരുഗ്രന്ഥം മലയാളത്തിൽ ഉണ്ടോ എന്നു സംശയമാണു്.

"ഹിംസയ്ക്കു രണ്ടുവിധ ദോഷമാണുള്ളതു്. ഒന്നു് വേദനപ്പെടുത്തൽ, രണ്ടു് അതിന്റെ രക്ഷയ്ക്കായിട്ടു പോകുന്ന വഴിയെത്തടുക്കൽ. അതിൽ വേദനപ്പെടുത്തൽ പ്രധാനമായിട്ടു ചരങ്ങളിലാണു് സംബന്ധിക്കുന്നതു്. താമസപ്പെടുത്തൽ ചരങ്ങളിലും അചരങ്ങളിലും ഒന്നുപോലെ ബാധിക്കും. ചരങ്ങളിലുള്ള അറിവുഭേദംകൊണ്ടു നോക്കുമ്പോൾ വേദനയുടെകാര്യത്തിൽ, ഇല്ലെന്നു പറയത്തക്കവണ്ണം കുറഞ്ഞ മട്ടിലുള്ളവയുണ്ടെന്നു് മുൻപു പറഞ്ഞുവല്ലോ. എല്ലാവർക്കും സമ്മതക്കേടും സങ്കടവും ഉള്ളതു് താമസിക്കുന്ന കാര്യത്തിലല്ല; വേദനപ്പെടുത്തുന്ന വിഷയത്തിലാണു്. കൃത്യസമയത്തു ചെന്നാൽ മേല്രക്ഷയ്ക്കുള്ള ആദായവും ഹിതമായ ഭക്ഷണവും നല്ല ബന്ധുക്കളും അത്യാനന്ദപ്രദമായ കാഴ്ചകളും സിദ്ധിക്കുമെന്നുള്ള ഒരു സ്ഥലത്തേയ്ക്കു് സ്ത്രീപുരുഷന്മാർ ആബാലവൃദ്ധം ചേർന്നു പോകുന്നു. പകുതി വഴി ചെന്നപ്പോൾ, ഒരു കടുവ രണ്ടുപേരെ പിടിച്ചതായി കേട്ടു. അവിടം കുറേ കാടുമാണു്. യാത്രക്കാർ, മറ്റുള്ള ലാഭങ്ങളെയെല്ലാം ഉപേക്ഷിച്ചിട്ടു് വഴിയിൽ എവിടെയെങ്കിലും താമസിക്കുകയല്ലാതെ യാത്ര തുടരുകയില്ലെന്നുള്ളതു തീർച്ചയല്ലേ? തന്റെ ഗുണത്തിനായിട്ടെങ്കിലും ഒരവയവത്തെ ഛേദിക്കുന്നതിലുള്ള വേദന അനുഭവിക്കാൻ മനസ്സില്ലാതെ ആളുകൾ ക്ലോറോഫോമിനെ സ്വീകരിക്കുന്നു. ഇവയിൽനിന്നു്, താമസിക്കുക, നഷ്ടപ്പെടുക, ബോധക്ഷയം വരുത്തുക ഇവയൊക്കെ സ്വീകരിച്ചും മരണത്തെയും വേദനയെയും വെറുക്കുന്നവരാണു് എല്ലാവരും എന്നു മനസ്സിലാക്കാമല്ലോ."

ഒരു മെഴുകുണ്ടയിൽ പലതരം മാറ്റുള്ള ലോഹരജസുകൾ എങ്ങനെ ലീനങ്ങളായിരിക്കുന്നുവോ അതുപോലെ പ്രളയകാലത്തിൽ മൂലപ്രകൃതിയിൽ ലീനങ്ങളായിരിക്കുന്ന വാസനാവിശേഷങ്ങൾക്കനുസരണമായി ഓരോ ജീവനും ഓരോ ശരീരത്തെ സ്വീകരിക്കുന്നു. ഇവയെല്ലാം ആ പരമമായിരിക്കുന്ന മോക്ഷസുഖത്തെ കാംക്ഷിച്ചു ഗമിക്കുന്നവരാണു്. ഈ ക്രമയാത്രയിൽ നാം കാണുന്ന എല്ലാ ജന്തുക്കളും അതതിന്റെ ജീവന്റെ ഉയർന്നതരം പരിണാമങ്ങൾക്കുള്ള ഓരോ സ്ഫുടങ്ങളായ ശരീരങ്ങളോടുകൂടിയ ജനങ്ങളാകുന്നു. ഈ സ്ഫുടങ്ങൾ പരിപൂർത്തിയായി വേർപെടുത്തുന്നതിനു മുമ്പു് നാം അതിനെ ഉടച്ചു കളഞ്ഞാൽ വീണ്ടും ആ ജാതി സ്ഫുടത്തെത്തന്നെ അതു സ്വീകരിച്ചു വളരെക്കാലം കഴിക്കേണ്ടിവരുന്നു. ഇതു് അതിന്റെ ഉദ്ദേശത്തിനു വലുതായ താമ

സത്തെ ഉണ്ടാക്കി അതിന്റെ ഹിംസയായിട്ടാണു് മഹാന്മാർ കരുതിപ്പോരുന്നതു്. ഈ ഹിംസയെത്തടയാനും അവർ ശ്രമിക്കാതിരിക്കുന്നില്ല. മുൻപറഞ്ഞപ്രകാരം സഹിക്കാൻ വഹിയാത്ത വേദനയുടെ കാര്യത്തെ മേല്പറഞ്ഞ ഒരറിവുമുതൽ അഞ്ചറിവുവരെയുള്ള ഒരു ജന്തുവിനെയും ഹിംസിക്കരുതെന്നും ഏതാനും ചിലതിനെ കൊല്ലാതിരുന്നതുകൊണ്ടു് പൂർണ്ണ അഹിംസയാകയില്ലെന്നും തികഞ്ഞ ഉദ്ദേശത്തോടുകൂടിയാണു് മഹാന്മാർ "അഹിംസാ പരമോ ധർമഃ" എന്നുള്ള മഹാവാക്യത്തെ ഉപദേശിച്ചിട്ടുള്ളതു്"[1]

തുടർന്നു് മാംസഭക്ഷണത്തിന്റെ ദോഷത്തെക്കുറിച്ചു് ന്യൂമാൻ, മിൽട്ടൺ, പിത്താഗോറസ്, ഐസക് ന്യൂട്ടൺ, റാബർട്ടുബൽ, ഡാർവിൻ, ബുദ്ധൻ, സെന്റുപീറ്റർ, സെന്റു ജോൺ, സെന്റ് മാത്യു മുതലായവരുടെ അഭിപ്രായങ്ങൾ തന്റെ സിദ്ധാന്തസ്ഥാപനത്തിനു് സ്വാമികൾ അവതരിപ്പിക്കുന്ന ഹിന്ദുമതം, ക്രിസ്തുമതം, എന്നീമതങ്ങൾ അഹിംസ, സസ്യഭക്ഷണം എന്നിവയെക്കുറിച്ചു പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ അവതരിപ്പിച്ചുകൊണ്ടു് തന്റെ പ്രബന്ധം അവസാനിപ്പിക്കുന്നു.

നിജാനന്ദവിലാസം

"തമിഴ് നാട്ടിൽ പരമാരാദ്ധ്യനായി വിജയിച്ചരുളിയ" കോടകനല്ലൂർ ബ്രഹ്മശ്രീ സുന്ദരസ്വാമികളാണു് നിജാനന്ദവിലാസത്തിന്റെ പ്രണേതാവു്. സർവശാസ്ത്രപാരംഗതനും, അതിവർണാശ്രമിയും ആയിരുന്ന ആ മഹാത്മാവു്, ശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ സ്നേഹബഹുമാനാദികൾക്കു് പാത്രീഭൂതനായ ഒരു സുഹൃത്തുകൂടിയായിരുന്നു."[2] ഈ കൃതി മലയാളത്തിലേയ്ക്കു ആദ്യമായി വിവർത്തനം ചെയ്തതു്. ചട്ടമ്പിസ്വാമികളാണു്. 1980-ൽ വർക്കല നാരായണഗുരുകുലത്തിൽനിന്നാണു് ഈ കൃതി ആദ്യം പ്രസിദ്ധപ്പെടുത്തിയതു്. അവസ്ഥാത്രയശോധനസമ്പ്രദായം, ഗുണാധിക്യജന്യാരോപസൂക്ഷ്മനിരൂപണം, ബ്രഹ്മേശജീവജഗദ്വിശേഷണ

---

1. ജീവകാരുണ്യനിരൂപണം (പേജ് 16, 17, 18) ഒന്നാം പതിപ്പു് 1978. പ്രസാധകർ: തീർത്ഥപാദാശ്രമം, വാഴൂർ.

2. അദ്വൈതചിന്താപദ്ധതി - അവതാരിക. പേജ് IV വിദ്യാനന്ദതീർത്ഥപാദസ്വാമികൾ.

നിരൂപണം, സദനുഭവനിരൂപണം, ചിദനുഭവനിരൂപണം, ആനന്ദാനുഭവനിരൂപണം, മനോനാശമാർഗനിരൂപണം, ആവരണ വിക്ഷേപനിവൃത്തി എന്നിങ്ങനെ ഉപനിഷദ്രഹസ്യം മുഴുവൻ ഈകൃതിയിൽ പുനരാഖ്യാനം ചെയ്തിരിക്കുന്നു. ഓരോവാക്യത്തിന്റെയും പൊരുൾ ഗ്രഹിച്ചു് മുന്നോട്ടുപോകുന്തോറും നിജാനന്ദം അഥവാ ആത്മാനന്ദം അനുഭവഗോചരമായി ആത്മാനുഭൂതിയുടെ ഉത്തുംഗ ശൃംഗത്തിലേയ്ക്കു് ശിഷ്യൻ പടിപടിയായി ഉയരുന്നു. അവസാന പ്രകരണവും കഴിയുമ്പോൾ ആചാര്യനും ശിഷ്യനും ഒരുപോലെ സ്വയം പ്രകാശമാനന്മാരായി അദ്വൈതപദവിയിൽ പ്രതിഷ്ഠിതരാകുന്നു.

നിജാനന്ദവിലാസത്തിലെ അവസാന പ്രകരണത്തിൽ ഗ്രന്ഥസാരം ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു.

"ആചാര്യൻ: ദൃശ്യം, ദൃക് എന്ന രണ്ടുവസ്തു; അവയിൽ ദൃശ്യത്തെ ജഡം എന്നുപറയും. ദൃക്, ചിത്തു് എന്നുപറയപ്പെടും. ജഡമായ ദൃശ്യവും, ദൃക്കിന്റെ ഉപാധിയായും ദൃശ്യത്തിന്റെ ഉപാധിയായും രണ്ടു പിരിവോടുകൂടിയതായി ഭാവിച്ചു് ആത്മാനാത്മാവസ്തുക്കൾപോലെ ഭാവിച്ചുനില്ക്കും. ആ വിധ ദൃക്കിന്റെ ഉപാധിയും, കർത്താ- ഭോക്താ- ജ്ഞാതാ- സുഖി എന്ന ജീവോപാധികളായും അസംഗോദാസീനസാക്ഷി കൂടസ്ഥബ്രഹ്മപരമാത്മാ വെന്ന പ്രത്യഗ്ബ്രഹ്മ ഉപാധികളായും ഭവിച്ചുനില്ക്കും. ഖണ്ഡാഖണ്ഡങ്ങളായ പ്രപഞ്ചങ്ങളെ ബഹിർമുഖമായി വിഷയീകരിക്കുമ്പോഴാകട്ടെ, വിഷയാകാരങ്ങളായി പരിണമിച്ചുഭവിച്ച വൃത്തികൾ ഫലമെന്നു പറയപ്പെടുന്നു. അവയോടു കൂടി ഘടം, പടം, മഠം, എന്ന കല്പനയോടെ വിഷയങ്ങളെമുങ്ങിയ ബുദ്ധി ചിദാഭാസവൃത്തിയെന്നു പറയപ്പെട്ടു. ഈ പല ചിദാഭാസവൃത്തികൾ ഉദിച്ചും, മറഞ്ഞും, അവകളെ കുറിക്കാതെ പ്രകാശിപ്പിക്കാൻ നിന്ന നിർവികാരവൃത്തി സാക്ഷിവൃത്തിയാകും. ഈ സാക്ഷിവൃത്തിയിൽ പ്രകാശിക്കകൊണ്ടു് പരമാത്മാവിനു സാക്ഷിയെന്നും, കല്പനാവൃത്തി യിൽ പ്രകാശിക്കകൊണ്ടു് ചിദാഭാസനെന്നും, ഫലവൃത്തിയിൽ പ്രതിഫലിക്കകൊണ്ടു് വിഷയമെന്നും, ചിദാഭാസവൃത്തി ഉദിക്കുമ്പോഴും അതിനാധാരമായിരുന്ന നിരാകാരസാക്ഷിവൃത്തിയിൽ പ്രതിഫലിച്ച ചൈതന്യത്തെ തന്റെ സാക്ഷിഭാവം മറഞ്ഞതിനാൽ അന്തര്യാമിയെന്നും, തന്റെ മറവിൽ കാണപ്പെടാത്തതുകൊണ്ടു് ആ അന്തര്യാമിയായ ഈശ്വരൻ പരോക്ഷൻ എന്നും, അവനെ താനായി അനുഭവിക്കുമ്പോൾ താൻതന്നെ അപരോക്ഷമായ ബ്രഹ്മസ്വരൂപമെന്നും ശ്രുതിയുക്തികളെ നിര

ന്തരാനുഭവമായി പറയത്തക്കതായിരിക്കും"

"ഇപ്രകാരമറിഞ്ഞു, ബന്ധമോക്ഷവ്യവഹാരത്തിനു് ആധാരമായ ദ്വൈതാദ്വൈത വികാസഭേദമെല്ലാം മുൻപറഞ്ഞ വൃത്തിഭേദത്തെ ഒഴിച്ചുവേറെയില്ലായ്കയാൽ, ആവൃത്തിയും കല്പിതമായതുകൊണ്ടു് വാസ്തവത്തിൽ ഇല്ലായ്കയാൽ, ഘടപടാദി ഇഹപരങ്ങളായി പരിണമിച്ച ഫലവൃത്തിയെ അതിനെ ചൂണ്ടിനിന്ന ചിദാഭാസവൃത്തിയിലും, അതിനെ അതിൽനിന്നും മറഞ്ഞു. അതിനെ അറിയുന്ന സാക്ഷി വൃത്തിയിലും ആയിട്ടു ലയിപ്പിച്ചു സാക്ഷിവൃത്തി മാത്രമായി നില്ക്കുമ്പോൾ ദൃശ്യങ്ങൾ അശേഷവും ദൃക്കായിട്ടുമാത്രം കാണും. ആ ദൃഗുപാധിയിൽ ദൃശ്യംവിട്ടു നീങ്ങിയിരുന്നാലും അവിടെ ഉദിക്കുന്ന വിവേകത്താൽ ആ ദൃഗുപാധി ദൃശ്യമായി നിരുപാധികദൃഗ് മാത്രമായി ശേഷിച്ചു് സ്വയം താനായി പ്രകാശിക്കും. ഇതാകുന്നു സകല വേദാന്തങ്ങളുടെയും ചുരുക്കം."


ദ്വൈതം ദൃശ്യമായിരിക്കും. ദൃക്തന്നെ അദ്വൈതമായിരിക്കും. അതേസ്വയംവസ്തു, ആത്മാവിനെ ചിന്തിച്ചാലും ജഗത്തെ ചിന്തിച്ചാലും സ്വയം വസ്തുവായി ഭവിക്കിൽ പ്രത്യഗഭിന്ന ബ്രഹ്മമാകുന്ന കൂടസ്ഥനായി താനായിട്ടുതന്നെ സമസ്തവും പ്രകാശിക്കും. അതു് എങ്ങനെയെന്നാൽ, സ്വയംഗോപുരമെന്നിടത്തു് അതിൽ കാണപ്പെടും ചിത്രങ്ങളെ ഗോപുരമല്ലെന്നുനിഷേധിക്കുമ്പോൾ ആ ഉപാധിയെവിട്ടു നീങ്ങിനില്ക്കും. അപ്രകാരമേ, ഓരോ ഉപാധികളെയും നീങ്ങിക്കണ്ടാൽ നിരുപാധികമായി ദൃശ്യാദൃശ്യ വിഷയംകൂടാതെ, ഭേദിക്കപ്പെടാതെ, സ്വയം താനായിത്തന്നെ പ്രകാശിപ്പിക്കു. ആ പ്രകാശമാണു് സ്വയം ജഗത്തെന്നു നോക്കിയാൽ ഈ ജഗത്തും തന്റെ ഉപാധികളെ വിട്ടുനീങ്ങി ദൃശ്യാദൃശ്യത്തോന്നലറ്റു് സ്വയം താനായിത്തന്നെ പ്രകാശിക്കും. ആകയാൽ നീ, ഞാൻ, അതു്, ഇതു്, ജഗത്തു്, ഈശൻ, ജീവൻ, ഗുരു, ശിഷ്യൻ, ബന്ധം, മോക്ഷം, മുതലായ ഭേദം, ഇവകൾ വിട്ടുനീങ്ങിയ അഭേദം, ഈ സകലവും തന്നെ ഒഴിച്ചുവേറെയില്ല. താൻതന്നെ ത്രിവിധപരിച്ഛേദരഹിത അസഹായശൂരനായ, സ്വയം പ്രകാശ മഹത്വമായ, സ്വയം പ്രഭു ആകയാൽ, ഇപ്രകാരം പ്രകാശിക്കുന്ന നിനക്കു് ഇനി എന്തോന്നു ഉപദേശിക്കുവാനുള്ളതു്.

"ഇപ്രകാരം അരുളിച്ചെയ്തു് രണ്ടുപേരും താനായി സ്വയം പ്രകാശിച്ചു."[1] വ്യാസതുല്യനായ ഒരു മഹർഷി അപ


---

1. നിജാനന്ദവിലാസം. ഒന്നാം പതിപ്പു്. 1980. പേജ് 78-80. പ്രസാധകർ. ശ്രീനാരായണഗുരുകുലം വർക്കല. പേജ്. VI)

സ്വാമികൾ തിരുവനന്തപുരത്തായിരിക്കുമ്പോൾ പതിവായി വിശ്രമിച്ചിരുന്ന
ചില വേനങ്ങളും ഉപയോഗിച്ചിരുന്ന കസേരകളും കട്ടിലുകളും



ഭാഡ്കി കൃഷ്ണപിള്ളയുടെ വഴുതയ്ക്കാട്ടുള്ള ശ്രീരംഗം വീട്ടിൽ




സ്വാമികൾ ഉപയോഗിച്ചിരുന്ന കട്ടിൽ.

ചിത്രം ൩൫

ചിത്രം ൩൬ തിരുവഞ്ചിക്കുളം ശിവക്ഷേത്രത്തിലെ ചുറ്റമ്പലം

ശ്രീകോവിലിനുള്ളിൽ ശ്രീമഹാവിഷ്ണുവിന്റെ
ശിലാവിഗ്രഹത്തിന്റെ ഇടതുഭാഗം

ശ്രീകോവിലിനുള്ളിൽ ശ്രീമഹാവിഷ്ണുവിന്റെ
ശിലാവിഗ്രഹത്തിന്റെ വലതുഭാഗം



സ്വാമികൾ മഹാസമാധിയടഞ്ഞ പന്തനയിലെ സി.പി. സ്മാരക വായനശാല

പന്തന ആശ്രമത്തിലെ സമാധിക്ഷേത്രം



രോക്ഷമായി ദർശനം ചെയ്ത നിർവൃതിദായകമായ ഒരു മഹൽകൃതിയാണിതു്.

"സർവതന്ത്രസ്വരൂപനായ ഒരു മഹാഗുരു കരതലാമല കംപോലെ തനിക്കു സ്പഷ്ടമായിരുന്ന പരമാർത്ഥത്തെ, കാരുണ്യാതിരേകത്തോടുകൂടി, എക്കാലത്തും സത്യാന്വേഷി കൾക്കു പ്രയോജനപ്പെടട്ടെ എന്നു കരുതി മൊഴിഞ്ഞ ഈ വാക്കുകൾ ഓരോന്നും സ്ഫടികംപോലെ സ്വച്ഛമാണു്. ചിന്താ മണിപോലെ അദ്ഭുതപ്രകാശമുള്ളതാണു്."[1] എന്നാണു് നിത്യചൈതന്യയതി ഈ കൃതിയെവിശേഷിപ്പിക്കുന്നതു്. "ശ്രീ ചട്ടമ്പിസ്വാമികളുടെ ഇതുവരെ കണ്ടുകിട്ടിയിട്ടുള്ള കൃതിക ളിൽ സ്വയം പൂർണ്ണവും തനിമയും ആകാരപ്രകാരങ്ങളിൽ സൗഷ്ഠവം ഉള്ളതുമായ വേദാന്തഗ്രന്ഥ മാണു് 'നിജാനന്ദവി ലാസം'- എന്നു് അതിന്റെ പുറംചട്ടയിലും ഒന്നാം പതിപ്പിന്റെ ആമുഖത്തിലും "വേദാന്ത വിദ്യാപാരംഗതനും സിദ്ധാന്തര ഹസ്യം സൂക്ഷ്മമായി അറിയുന്നവനും, യോഗീശ്വരന്മാർക്കു് മാർഗ്ഗദർശിയും ആയിരുന്ന ചട്ടമ്പിസ്വാമി തിരുവടികൾ കാരു ണ്യപൂർവം രചിച്ചിട്ടുള്ള 'നിജാനന്ദവിലാസം'[2] എന്നു് ലളിതവിസ്താരത്തിന്റെ ആമുഖത്തിലും, രേഖപ്പെടുത്തിയിരി ക്കുന്നു. നിജാനന്ദവിലാസം' ചട്ടമ്പിസ്വാമികളുടെ കൃതിയാ ണെന്നു നിത്യചൈതന്യയതി പറയുന്നതു ശരിയല്ല. മൂലഗ്രന്ഥ കാരൻ കോടകനല്ലൂർ സുന്ദരസ്വാമികളാണെന്നു് വിദ്യാനന്ദ തീർത്ഥപാദസ്വാമികൾ അദ്വൈതചിന്താപദ്ധതിയുടെ ആമുഖ ത്തിൽ പറഞ്ഞിട്ടുള്ളതു് മുമ്പു സൂചിപ്പിച്ചിട്ടുണ്ടു്. ഒരു പക്ഷേ ഈ വസ്തുത ശ്രീ യതിയുടെ ശ്രദ്ധയിൽപെട്ടില്ലായിരിക്കാം.

കൃതിയുടെ ശൈലിയും ഭാഷയും പൊതുവേ ക്ലിഷ്ടമാ ണു്. വിഷയമാകട്ടെ അതിഗഹനവും. "ഈ ക്ലിഷ്ടത കഴിയുന്നത്ര ഒഴിവാക്കി ഭാഷയെ ലളിതവും ശൈലിയെ കൂടു തൽ ആധുനികവുമാക്കി, നിജാനന്ദവിലാസരസത്തെ മൂലഗ്രന്ഥകാരന്റെ വാക്കുകളെ കഴിയുന്നത്ര പറ്റിനിന്നു കൊണ്ടു്" നിജാനന്ദവിലാസം- ലളിതവിസ്താരം എന്നപേരിൽ ഈ കൃതി 1986-ൽ നിത്യചൈതന്യയതി പുനഃപ്രസാധനം ചെയ്തു.

---

1. നിജാനന്ദവിലാസം - അവതാരിക. പേജ്. 6.

2. നിജാനന്ദവിലാസം - ലളിതവിസ്താരം - നിത്യചൈതന്യയതി. 1986. നാരായണഗുരുകുലം - ആമുഖം

ആദിഭാഷ

മലയാള ഭാഷാപഠനത്തിനു് വളരെയധികം ഉപകരിക്കുന്ന ഒരു ഗ്രന്ഥമായിരുന്നു ആദിഭാഷ. ഈ അപ്രകാശിത കൃതിയെക്കുറിച്ചു് ഡോ. ശൂരനാട്ടു കുഞ്ഞൻപിള്ള ഇങ്ങനെ എഴുതുന്നു. "സ്വാമികൾ തമിഴിൽ രചിച്ച മഹത്തായ ഗ്രന്ഥമാണു് ആദിഭാഷ. അതിന്റെ മലയാളപരിഭാഷ പന്നിശ്ശേരി നാണുപിള്ള എന്ന പണ്ഡിത ശിഷ്യനെക്കൊണ്ടു് സ്വാമി സ്വന്തം പര്യവേഷണത്തിൽ ചെയ്യിച്ചിട്ടുണ്ടു്. ലോകത്തിൽ ഭാഷയുടെ ഉത്പത്തിയെയും ഭാഷാഗോത്രവികാസത്തെയും മറ്റുംപറ്റി സുചിന്തിതമായ സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടു്. ആര്യദ്രാവിഡ ഭാഷകളെ താരതമ്യപ്പെടുത്തിയിട്ടു് തമിഴാണു് സംസ്കൃതത്തെക്കാൾ പ്രാഥമികരൂപം പ്രതിനിധാനം ചെയ്യുന്നതു് എന്നു കാണിച്ചിരിക്കുന്നു. സംസ്കൃതത്തിലും തമിഴിലും ഉള്ള വ്യാകരണഗ്രന്ഥങ്ങളിൽ സ്വാമിക്കു സിദ്ധിച്ചിരിക്കുന്ന അവഗാഹം ഈ ഗ്രന്ഥം വെളിവാക്കും. ഇന്നത്തെ ഭാഷാ ശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ സ്വാമിയുടെ സിദ്ധാന്തങ്ങൾക്കു് പൂർണ്ണമായ അംഗീകാരം കിട്ടുകയില്ലെങ്കിലും ആ ഗ്രന്ഥം നിർമിച്ചകാലത്തെ നിലയ്ക്കു് അതിശ്രദ്ധേയമായ ഒരു പ്രബന്ധമാണിതു്. അമൂല്യമായ ഈ ആദിഭാഷ ഇപ്പോഴും അപ്രകാശിതമാണു്. ഇതിന്റെ ഒരു കൈയെഴുത്തുപ്രതി സ്വാമികളുടെ ഒരാരാധകനായിരുന്ന പെരുമ്പാവൂർ പി. ജി. നാരായണപിള്ള എന്നെ കാണിക്കയുണ്ടായി. (ക്രി.വ.1977) ഞാൻ അതു് സാമാന്യമായി പരിശോധിച്ചു് അച്ചടിപ്പിക്കാൻ തക്കവണ്ണം പകർത്തിച്ചുകൊടുക്കുകയും ചെയ്തു."[1] അതിനുശേഷം ചിലർ അച്ചടിപ്പിക്കാൻ നടത്തിയ ശ്രമം വിഫലമാകുകയും ആ പകർപ്പു് എങ്ങനെയോ നഷ്ടമായിപ്പോകുകയും ചെയ്തതായി അന്വേഷണത്തിൽനിന്നു് അറിയാൻ കഴിഞ്ഞു.

ശ്രീ പരവൂർ ഗോപാലപിള്ള രചിച്ച സ്വാമികളുടെ ജീവിതചരിതഗ്രന്ഥത്തിൽ ആദിഭാഷയിൽ നിന്നുദ്ധരിച്ചിട്ടുള്ള ഒരു ഭാഗം താഴെച്ചേർക്കുന്നു.

"ഭൂലോകത്തുള്ള ജനങ്ങളിൽ ഓരോ വർഗ്ഗക്കാർ ഓരോരോ ഭാഷകളെ അവലംബിച്ചിരിക്കുന്നതായും, ഇരുന്നിരുന്നതായും നാം ഭാഷാ ചരിത്രത്തിൽ നിന്നറിയുന്നു. ഈ

1. വിദ്യാധിരാജ പ്രബന്ധസുധ (ഒന്നാം ഭാഗം) പേ. 168, 169.

ഭാഷകളെല്ലാം വിചീതരംഗന്യായപ്രകാരം, ഏതോ ആദിഭാഷയിൽ നിന്നും തുടങ്ങി തുടരെ അങ്ങു വളർന്നിട്ടുള്ളതോ അതല്ല കദംബഗോളകന്യായപ്രകാരം അവിടവിടെ ഉണ്ടായി പ്രചരിച്ചിട്ടുള്ളതോ ഏതാണെന്നുള്ളതു് ഇവിടെ ചിന്തനീയമായിരിക്കുന്നു. ഇതിലേയ്ക്കു മടങ്ങുമ്പോൾ മനുഷ്യ ജീവികളുടെ ഉത്പത്തി ആദ്യം എവിടെ സംഭവിച്ചു എന്നുള്ള ചിന്തയിലേയ്ക്കു നമ്മുടെ ചിന്ത തിരിയുന്നു. മനുഷ്യൻ ഭൂഖണ്ഡത്തിൽ എവിടെയെങ്കിലും ഒരു ഭാഗത്തുണ്ടായി, അവിടെനിന്നു പലദേശങ്ങളിലേയ്ക്കും, പിരിഞ്ഞുപോയിട്ടുള്ളതോ അതല്ല മനുഷ്യർ പാകം ശരിപ്പെടുമ്പോൾ അവിടവിടെ ഉണ്ടായതോ? ഈ ചോദ്യത്തിൽ രണ്ടാമത്തെ ഭാഗം ചരിത്രകാരന്മാർ സംവദിക്കുന്നില്ല. മനുഷ്യർ എവിടെയോ ഒരിടത്തുണ്ടായി പിരിഞ്ഞുപോയിട്ടുള്ളതാണെന്നു തെളിയിക്കുകയും ചെയ്യുന്നു. ഈ സ്ഥിതിക്കു് ആദിമനുഷ്യകുടുംബത്തിനു പ്രകൃതിസിദ്ധമായ ഒരു ഭാഷ ആദികാലത്തിൽ ഉണ്ടായിരുന്നിരിക്കണം. ആ ഭാഷയാൽ താലോലിക്കപ്പെട്ടു് ആദിമമനുഷ്യർ വളർന്നിരിക്കണം. പിന്നീടാണു് ആ പൂർവ കുടുംബം അനേകം ശാഖകളായി തിരിഞ്ഞതു്. അപ്പോൾ ശാഖാഭാഷകളും ഉണ്ടായി; ആ ഭാഷകളെയാണു് നാം ഇപ്പോൾ ഭിന്നഭിന്ന ഭാഷകളെന്നു വ്യവഹരിക്കുന്നതു്. ഈ ഭാഷകളെയെല്ലാം സംഗ്രഹിച്ചു് ഭാഷാ ചരിത്രകാരന്മാർ രണ്ടു ഭാഷകളിൽ അടക്കി. ഇവരണ്ടുമാണു് ആര്യഭാഷയും ദ്രാവിഡഭാഷയും. ആര്യഭാഷ സംസ്കൃതവും, ദ്രാവിഡഭാഷ തമിഴുമാണല്ലോ. ഇനി ഇവിടെയിപ്പോൾ നാം നിരൂപിക്കേണ്ടതു്, ഈ രണ്ടു ഭാഷകളിൽ ഏതാണു് ആദിഭാഷ എന്നുള്ളതാണു്."

"ആദിഭാഷ"യെന്ന പ്രബന്ധം സുപ്രസിദ്ധ പുരാവൃത്തവിദഗ്ദ്ധൻ സർ ജോൺമാർഷൽ മോഹൻജോദാരോവിൽ ഖനനം നടത്തി, ഭാരതീയ സംസ്കാരത്തെപ്പറ്റി എത്രയും വിപ്ലവകരമായ അഭിപ്രായങ്ങൾ അടങ്ങിയ വിപുലഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നതിനു് വളരെ മുമ്പുരചിച്ചതാണു്. ദ്രാവിഡസംസ്കാരമാണു് ഭാരതത്തിന്റെ അതിപുരാതനമായ സംസ്കാരമെന്നു സ്വകൃതിയിൽ സർ ജോൺ മാർഷൽ സ്ഥാപിച്ചിരിക്കുന്നു. ആ അഭിപ്രായം സ്വാമികൾ 'ആദിഭാഷ'യിൽ അതിനും വളരെ മുമ്പു പ്രകടിപ്പിച്ചതാകുന്നു.... ഭാരതീയ സംസ്കാരത്തെപ്പറ്റി ഡോ. ജോൺ മാർഷൽ പുറപ്പെടുവിച്ച അഭിപ്രായം ഒരു സിദ്ധാന്തമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു"[1]

1. വിദ്യാധിരാജ പ്രബന്ധസുധ – വി. ആർ. പരമേശ്വരൻപിള്ള. പു. 255.

തമിഴകം

അഗസ്ത്യൻ എന്ന തൂലികാനാമത്തിൽ സ്വാമികൾ രചിച്ചിട്ടുള്ള ഒരു ലേഖനമാണു് തമിഴകം. "പ്രാചീന മലയാളത്തിന്റെ ഒന്നാം ഭാഗത്തിൽ അവിടവിടെയായി സൂചിപ്പിച്ചിട്ടുള്ളതും രണ്ടാം ഭാഗത്തിൽ ചേർക്കുമെന്നു പ്രസ്താവിച്ചിട്ടുള്ളും ആയ പല പ്രാചീന ചരിത്ര രഹസ്യങ്ങളും ഈ നിബന്ധത്തിൽ ക്രോഡീകരിച്ചിട്ടുണ്ടു്. ആര്യസംസ്കാരത്തെക്കാൾ എത്രയോ പ്രാചീനമാണു് ദ്രാവിഡ സംസ്കാരം എന്നു തെളിവുകളാണു് ഇതിൽ പ്രാധാന്യം അർഹിക്കുന്നതു്."[1]

ഈ ലേഖനത്തിന്റെ ഒരുഭാഗം താഴെചേർക്കുന്നു.

"ദക്ഷിണ ഇൻഡ്യയുടെ തെക്കേഅറ്റത്തുള്ള രാജ്യങ്ങൾക്കു തമിഴകം എന്നായിരുന്നു പേർ..... ഇപ്പദത്തിനു് ഇങ്ങനെ അർത്ഥം ഗ്രഹിച്ചിരിക്കുന്നു. തമിഴ്+അകം; മനോഹരമായപ്രദേശം എന്നുതാത്പര്യം. ഇതുപോലെതന്നെ ദ്രാവിഡ ശബ്ദനാമോത്പത്തിയെക്കുറിച്ചും ഭിന്നാഭിപ്രായമുണ്ടു്. തമിഴ് എന്ന പദം ഭേദപ്പെട്ടു് (തമിഴ് = തമിൾ= ദമിള= ദ്രവിഡ) ദ്രാവിഡ എന്നായിത്തീർന്നു എന്നാണു് ചിലരുടെ വാദം. ആര്യദ്രാവിഡന്മാരുടെ തിരിവിന്റെ ഇടമാകയാൽ തിരുവിടം എന്നു് ദേശനാമം ഉണ്ടാകുകയും അതു് ദ്രാവിഡമാകുകയും ചെയ്തുവെന്നു് ഒരുവിദ്വാൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. മിക്കവാറും ദേശനാമം തന്നെയാണു് ഭാഷയ്ക്കും ഇടാറുള്ളതു്. ഇതിനെ (തമിഴ്) തമിഴകത്തെ ഭാഷയെന്നു പറയാം. തമിഴ് സംസാരിക്കാത്ത നാട്ടിനെയും ദ്രാവിഡ ദേശത്തിൽ ഉൾപ്പെടുത്തീട്ടുണ്ടു്. തമിഴും മൂലദ്രാവിഡഭാഷയിൽനിന്നു് ഉദ്ഭവിച്ചിട്ടുള്ളതാണല്ലോ. അപ്പോൾ തമിഴ് എന്ന പദം ദ്രാവിഡമായെന്നു പറയുന്നതിനെക്കാൾ തിരിവിഡം ദ്രാവിഡമായെന്നു പറയുന്നതിലാണു് കൂടുതൽ ന്യായം കാണുന്നതു്. സ്ഥലത്തിന്റെ സ്ഥിതിയനുസരിച്ചു് ദേശനാമം ഉണ്ടാകണമെന്നുള്ള പ്രധാന ന്യായപ്രകാരം ഇങ്ങിനെയും ദ്രാവിഡശബ്ദത്തെപ്പറ്റിപ്പറയാം. തിരു+ഇടം=തിരുയിടം- തിരുവിടം- തിരാവിടം- ദ്രാവിടം. ഐശ്വര്യം, അഴകുള്ള, പ്രദേശം എന്നർത്ഥം. ഇപ്പോഴുള്ള ദ്രാവിഡഭാഷകൾക്കെല്ലാം അടിസ്ഥാനം മൂലദ്രാവിഡമാണല്ലോ. തമിഴകത്തെ ഭാഷ (ഗ്രന്ഥഭാഷയായ ചെന്തമിഴ് വരും മുമ്പു്) നാടോടി(ഗ്രാമ്യസാര) ഭാഷയായ കരിംതമിഴായിരിക്കണം. ഇതിനെ പരിഷ്കരിച്ചതായിരിക്കണം ഗ്രന്ഥഭാഷയാ

1. ശ്രീ ചട്ടമ്പിസ്വാമികൾ, പേജ്. 322, 323.

യിത്തീർന്നിരിക്കുന്നതു്. (ചെമ്മായനത്തമിഴ്) ചെന്തമിഴ് - ചെ - ചെമ്മേ - അഴകു് - ഇണക്കം. - ചെവ്വെ, ശുദ്ധം. തം+മൊഴി= തമ്മൊഴി എന്ന പദം ക്രമേണ തമിഴ് എന്നായിത്തീർന്നുവെന്നു വേറൊരു വിദ്വാൻ അഭിപ്രായപ്പെട്ടിരിക്കുന്നതു്. 'ഹേ ബ്രാ', എന്ന വിളിമൊഴിയാണു് എമ്പിരാൻ (എമ്പ്രാൻ) എന്നു തെറ്റായിപ്പറയും പോലെ സ്വീകാര്യമായിത്തോന്നുന്നില്ല. ഇതിനെക്കാൾ തേൻ+മൊഴി= തെമ്മൊഴി എന്ന പദം തമിഴായി എന്നുപറയുന്നതാണു ഭേദം. മുത്തമിഴിൽ (മുൻതമിഴിൽ) നിന്നു കരിന്തമിഴ്, ചെന്തമിഴ് എന്നിവയും കരിന്തമിഴിൽ നിന്നു മലയാളവും ഉണ്ടായി എന്നാണു് ഒരു പണ്ഡിതൻ അഭിപ്രായപ്പെടുന്നതു്. കരിന്തമിഴ് എന്നാൽ സംസ്കരിക്കാത്തതമിഴ് എന്നു താത്പര്യം. മുത്തമിഴിൽ നിന്നു ചെം(ശുദ്ധ) തമിഴുണ്ടായി എന്നു പറഞ്ഞപ്പോൾ അതു് (മുത്തമിഴ്) കരിന്തമിഴ് ആയിരിക്കണമല്ലോ. ഒന്നിൽ നിന്നുംതന്നെ രണ്ടു വിപരീത ഗുണമുള്ളവ ഉണ്ടാകുന്നതാണോ എന്നു സംശയിക്കുന്നു. അതിനാൽ മുത്ത (കരിന്ത)മിഴിൽ നിന്നു് ചെന്തമിഴ് ആദ്യമുണ്ടാകുകയും അതിൽ (കരിന്തമിഴിൽ) നിന്നുതന്നെ വളരെക്കാലം ചെന്നശേഷം മലയാളഭാഷ ഉദ്ഭവിക്കുകയും ചെയ്തതായിരിക്കണം. ചെന്തമിഴിനും മലയാളത്തിനും തമ്മിൽ സഹോദരഭാവവും കരിന്തമിഴിന്റെ പുത്രസ്ഥാനവും ലഭ്യമായി."

"മൂലദ്രാവിഡഭാഷ എന്നൊന്നുണ്ടെന്നു് പണ്ഡിതന്മാർ പറയുന്നതല്ലാതെ പ്രത്യക്ഷമായിട്ടില്ല. അതുകൊണ്ടു് എല്ലാ ദ്രാവിഡ ഭാഷകളുടെയും മൂലം ഒന്നാണെന്നു മാത്രം വിചാരിക്കാം. ഇങ്ങനെയാകുമ്പോൾ ലോകത്തുള്ള എല്ലാ ഭാഷകളും ഒരേ (ബീജ) ശബ്ദ ബ്രഹ്മത്തിൽ നിന്നും ഉദ്ഭവിക്കുന്നതായി പറയാവുന്നതാണു്. ആയതു് വേദാന്തികൾക്കു വിട്ടേയ്ക്കാം."

"തമിഴകത്തിന്റെ അതിർത്തികൾ വടക്കു തിരുപ്പതി, തെക്കു കന്യാകുമാരി, കിഴക്കു ബങ്കാൾ ഉൾക്കടൽ, പടിഞ്ഞാറു് അറബിക്കടൽ ഇവയാകുന്നു. ആയിരത്തെണ്ണൂറുവർഷങ്ങൾക്കു മുമ്പു് ഇവിടത്തെ ഭാഷ തമിഴായിരുന്നു മലയാളം അന്നു് ഉദ്ഭവിച്ചിട്ടില്ല. 'മലയാളികൾ ആദ്യം പശ്ചിമ പർവതത്തിന്റെ കിഴക്കെ ഭാഗത്തു പാർത്തുവന്നിരുന്നു. അന്നു് മലയാളം പ്രത്യേകഭാഷയായിരിക്കയില്ല. പിന്നീടു് അവർ പർവതത്തിനു് പടിഞ്ഞാറുള്ള പ്രദേശങ്ങളിൽ വന്നു താമസിച്ചശേഷം ക്രമേണ ഭാഷയ്ക്കും ആചാരമര്യാദകൾക്കും ചില സാരമായ മാറ്റങ്ങൾ ഉണ്ടായിത്തുടങ്ങി. അന്നു് മലയടിപ്പിച്ചു

സമുദ്രമുണ്ടായിരിക്കയും സമുദ്രം പടിഞ്ഞാറു മാറിയശേഷം ഉണ്ടായ ഭൂമിയിൽ ജനങ്ങൾ പാർത്തുതുടങ്ങി കേരളം എന്നു പേരിടുകയും ചെയ്തിരിക്കണം"[1]

പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം

പൊതുയോഗങ്ങളിൽ സാധാരണ പ്രസംഗിക്കാത്ത ഒരാളായിരുന്നു ചട്ടമ്പിസ്വാമികൾ ഇതിനു വിപരീതമായി ശ്രീമതി ടി.സി. കല്യാണി അമ്മയുടെ അപേക്ഷയനുസരിച്ചു് എറണാകുളം സ്ത്രീസമാജത്തിൽ 'പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം' എന്ന വിഷയത്തെപ്പറ്റി ഒരു പ്രഭാഷണംനടത്തി. അതിന്റെ സംക്ഷിപ്തരൂപം പിന്നിടു പ്രബന്ധരൂപത്തിൽ പ്രസിദ്ധപ്പെടുത്തി. പ്രബന്ധസ്വഭാവം മനസ്സിലാക്കാൻ അതിന്റെ ഒരുഭാഗം താഴെക്കൊടുക്കുന്നു.

"കാര്യപ്രപഞ്ചത്തിൽ പുരുഷനെക്കാളധികം ക്ലേശവും ബുദ്ധിമുട്ടും ഉത്തരവാദിത്വവും സ്ത്രീകൾക്കായാലും സമുദായ വൃദ്ധിക്ഷയങ്ങൾക്കു് സ്ത്രീയുടെ കാര്യഭരണം വാസ്തവത്തിൽ ഹേതുവായിക്കൊണ്ടും അവൾക്കാണു് രണ്ടിലും പ്രാധാന്യമുള്ളതു്. ഏതു പാഴ്വേല ചെയ്തും, കാടുകയറിയും നാടോടിയും, തെണ്ടിത്തിരിഞ്ഞും സ്വന്ത കടമ നിർവഹിച്ചു സ്വജനപരിരക്ഷ ചെയ്യേണ്ടതിന്നത്രേ പുരുഷന്മാരെ നിർമ്മിച്ചിരിക്കുന്നതു്. അവന്റെ ശരീരാവയവങ്ങൾ അതിനു തക്കവയുമാണു്. എന്നാൽ സ്വഗൃഹങ്ങളിലിരുന്നു് ഇച്ഛാമാത്രശക്തിയാലും സാമർത്ഥ്യം കൊണ്ടും അവരവർക്കു വിഹിതമായിട്ടുള്ള കാര്യഭരണംചെയ്തു ധർമ നിഷ്ഠകൊണ്ടു സ്വഗൃഹപരിസരം മുതൽ ഭൂമിയൊട്ടുക്കു് ആജ്ഞാശക്തിയിൽപെടുത്തി ഭരിക്കത്തക്കവണ്ണം നിപുണതയും അധികാരവും അവകാശവും സ്ത്രീക്കാണു കൊടുത്തിരിക്കുന്നതു്. പുരുഷന്റെ സാക്ഷിത്വസഹായത്തിൽ സ്ത്രീ സർവസ്വതന്ത്രയായ ത്രൈലോക്യനായികയുമാണു്.അല്ലാതെ മൂഢമതികൾ പറകയും ആചരിക്കയും ചെയ്യുംവണ്ണം "ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നു കല്പിച്ചു കൂട്ടിലിട്ട കിളിയെപ്പോലെ അവളെ അജ്ഞയും അസ്വതന്ത്രയുമായ അടിമയും കേവലം പുത്രോത്പാദനത്തിനുള്ള ഒരു യന്ത്രമായും കരുതുകയും, പുരുഷൻ,

1. ചട്ടമ്പിസ്വാമികൾ. പേജ്. 335, 336, 337.

എന്തു തോന്ന്യാസവും കാണിക്കാമെന്നുള്ള ഗർവോടുകൂടി സകലവും ശരിയായി ഭരിക്കാൻ തനിക്കേ കെല്പുള്ളുവെന്നു ശഠിക്കുകയും ചെയ്യുന്നതുതെറ്റും, ന്യായത്തിനും, ധർമത്തിനും, കാര്യത്തിനും ഏറ്റവും വിരുദ്ധവുമാകുന്നു. ഇതിന്റെ അർത്ഥം ഇപ്പോൾ ഉദ്യോഗാദി രാജ്യഭരണ കാര്യങ്ങൾ ചെയ്തുവരുന്ന പുരുഷന്മാർ സ്ത്രീകൾക്കു് ഇടം ഒഴിഞ്ഞുകൊടുത്തു ഗൃഹത്തിൽ ചെന്നു ശിശുക്കളെ പോറ്റി വളർത്തണമെന്നോ ഗൃഹത്തിലിരുന്നു് അന്യാദൃശമായ സ്വരേണശക്തി ലോകമൊട്ടുക്കും വ്യാപിപ്പിക്കേണ്ട സ്ത്രീകൾ ഗൃഹം വിട്ടു കെട്ടിഞെളിഞ്ഞു് രാജ്യകാര്യാദികൾ നടത്തുകയോ സഭകൂടി പ്രസംഗങ്ങൾ തട്ടിമൂളിക്കയോ ചെയ്യണമെന്നില്ല. അവരുടെ ഗൃഹം ഒരു ചെറിയ ലോകമായും അതിലെ അംഗങ്ങളെ ഭൂതലവാസികളായും ഉപമിക്കാം. ആ ഗൃഹത്തിൽ തന്റെ കൃത്യമറിഞ്ഞു ധർമനിഷ്ഠമായി കാര്യഭരണം നടത്തി അവിടെയുള്ള സകല പരിപുഷ്ടിക്കും ക്ഷേമത്തിനും കാരണമായിത്തീരുന്ന നായികയാണു് ലോകൈകചക്രവർത്തിനി."[1]

മോക്ഷപ്രദീപഖണ്ഡനം

"ആലത്തൂർ ശിവയോഗി" എന്ന പേരിൽ പ്രസിദ്ധനായ ബ്രഹ്മാനന്ദസ്വാമികളുടെ മോക്ഷപ്രദീപത്തിനു് സ്വാമികളെഴുതിയ നിശിത നിരൂപണമാണു് 'മോക്ഷപ്രദീപഖണ്ഡനം.' മോക്ഷസാധനത്തിനുള്ള മുഖ്യസാധനം ഭ്രൂമധ്യധ്യാനരൂപമായ രാജയോഗമാണെന്നും, കർമഭക്തിജ്ഞാനമാർഗ്ഗങ്ങളെല്ലാം അപ്രാമാണികവും, അന്ധവിശ്വാസജടിലവും മോക്ഷത്തിനു് ഉപകരിക്കാത്തതുമാണെന്നായിരുന്നു പ്രസ്തുത ഗ്രന്ഥത്തിൽ സമർത്ഥിച്ചിരിക്കുന്നതു്. ക്ഷേത്രാരാധന, വേദാന്തശാസ്ത്രഗ്രന്ഥങ്ങൾ, മുതലായവയെ ശിവയോഗിശിഷ്യന്മാർ ആക്ഷേപിച്ചു പ്രസംഗിക്കാൻ തുടങ്ങി. ഈയവസരത്തിൽ പലരുടെയും അഭ്യർത്ഥന ആദരിച്ചാണു് സ്വാമികൾ മോക്ഷപ്രദീപഖണ്ഡനം രചിച്ചതു്. എന്നാൽ ശിവയോഗിയുടെ ചില ശിഷ്യന്മാരുടെ അപേക്ഷയനുസരിച്ചു് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ സ്വാമി അനുവദിച്ചില്ല. ഒരു നിരൂപണം

---

1. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദ സ്മാരക ഗ്രന്ഥം – പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം. പേജ്. 155, 156.

എന്നതിനേക്കാൾ ഒരു വിജ്ഞാന കോശമാണു് ഈ കൃതി എന്നത്രേ ഇതിന്റെ കൈയെഴുത്തിപ്രതി കണ്ടിട്ടുള്ളവരുടെ അഭിപ്രായം.

ദേശനാമങ്ങൾ

ദേശനാമങ്ങളെക്കുറിച്ചു് കാര്യമായ പഠനമോ ഗവേഷണമോ ഇല്ലാതിരുന്ന കാലത്താണു് 'അഗസ്ത്യൻ' എന്ന തൂലികാനാമത്തിൽ 'ദേശനാമങ്ങൾ' എന്ന പേരിൽ സ്വാമികൾ ഒരു ലേഖനമെഴുതിയതു്. ഇൻഡ്യയിൽ ഇപ്പോഴും സ്ഥലനാമ പഠനം ശൈശവദശയിലാണു്. 1834 ലാണു് ഈ വിഷയത്തെക്കുറിച്ചു് ഇൻഡ്യയിൽ ചർച്ച നടക്കുന്നതു്. മലയാളത്തിലാകട്ടെ 1872-ൽ ഗുണ്ടർട്ടു പ്രസിദ്ധപ്പെടുത്തിയ മലയാളനിഘണ്ടുവിലെ സ്ഥലനാമപരാമർശങ്ങളാണു് ഈ വിഷയത്തിലെ പ്രഥമ പ്രയത്നം. ഇതിന്റെയെല്ലാം വെളിച്ചത്തിൽ പരിശോധിക്കുമ്പോഴാണു് ചട്ടമ്പിസ്വാമികൾ ദേശനാമങ്ങളെക്കുറിച്ചെഴുതിയ ലേഖനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതു്. ഭൂമിയുടെ കിടപ്പു്, ഗുണം, ക്ഷേത്രദേവതകൾ എന്നിവയെ അടിസ്ഥാനമാക്കി മൂന്നുവിധത്തിൽ സ്ഥലനാമങ്ങളുണ്ടാവാമെന്നു് സ്വാമികൾ ചൂണ്ടിക്കാട്ടുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പുനലൂർ, മാവേലിക്കര, ഹരിപ്പാടു്, ആലപ്പുഴ, എറണാകുളം തുടങ്ങി മുപ്പതോളം സ്ഥലനാമങ്ങളുടെ ആഗമം അദ്ദേഹം വിവരിക്കുന്നു. ഒരു ഗവേഷകന്റെ നിശിത ബുദ്ധിയും ചരിത്രകാരന്റെ അന്വേഷണതത്പരതയും ഈ സ്ഥലനാമചരിത്രങ്ങൾക്കു പിന്നിൽ കാണാം. അദ്ദേഹം കൊടുത്തിരിക്കുന്ന ചില സ്ഥലനാമങ്ങളുടെ വിവരണം നോക്കുക.

പുനലൂർ – പുനൽ + ഊർ; പുനൽ = നദി; ഊർ = ദിക്കു്.

ഹരിപ്പാടു് – അരുവിപ്പാടു് = ചെറുതോടു് ഉള്ളപ്രദേശം.

മാവേലിക്കര – മാ + വേലൈ + കര = മാവേലിക്കര. ഒരു കാലത്തു് സമുദ്രം ആ നാട്ടിനു സമീപം കിടന്നിരിക്കണം. വേലൈ ഏറ്റം = വേലിയേറ്റം.

കഠിനം കുളം – കടൽ + നൻ + കുളം = കടൽ നങ്കുളം – കടനംകുളം – കഠിനംകുളം.

സർവമതസാമരസ്യം, തർക്കരഹസ്യരത്നം, സ്തവരത്നഹാരാവലി, ഷണ്മതനിരൂപണം, പുനർജന്മനിരൂപണം, തുടങ്ങിയ ചില കൃതികളും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

ii

സംസ്കൃതപ്രഭാവം കൊടികുത്തിവാണിരുന്ന കാലമായിരുന്നു സ്വാമികളുടേതു്. എങ്കിലും മധുരപദാകലിതമായ മണിപ്രവാളത്തിലും ലളിതമായ മലയാളത്തിലും മുക്തകങ്ങൾ, കവിതക്കത്തുകൾ, സമസ്യാപൂരണങ്ങൾ എന്നിവ എഴുതി തന്റെ സന്തതസഹചാരികളായിരുന്ന പെരുന്നെല്ലി കൃഷ്ണൻ വൈദ്യനെയും വെളുത്തേരി കേശവൻവൈദ്യനെയും കവിതയെഴുതുന്നതിൽ വേണ്ടവണ്ണം പ്രോത്സാഹിപ്പിച്ചിരുന്നു.

ഒരിക്കൽ ഒരുദ്യോഗസ്ഥസ്നേഹിതന്റെ ആവശ്യപ്രകാരം സ്ത്രീനിന്ദാപരമായ ഒരുകാവ്യം നിർമിക്കുന്നകാര്യം പെരുന്നെല്ലി സ്വാമിയോടു പറഞ്ഞു. സ്വാമി ഉടൻതന്നെ കവിതചൊല്ലിത്തുടങ്ങി. ഓരോപദ്യവും സ്വാമിപൂർവാർദ്ധം ചൊല്ലുമ്പോൾ കൃഷ്ണകവി ഉത്തരാർദ്ധം ചൊല്ലി പദ്യം പൂരിപ്പിച്ചു കഴിയും. അങ്ങനെ കവിത പൂർത്തിയാക്കി പകർത്തി ഉദ്യോഗസ്ഥനുകൊടുത്തു. 'കാമിനീഗർഹണം' എന്ന പ്രസ്തുത കവിത ചൊല്ലിക്കേട്ട നിമിഷത്തിൽ ഉദ്യോഗസ്ഥന്റെ ഭാര്യ പതുക്കെ അതുകൈക്കലാക്കി കീറി നശിപ്പിച്ചു കളഞ്ഞുവത്രെ. കവിശിഷ്യന്മാർ ചൊല്ലിക്കേട്ടിട്ടുള്ള അതിലെ ചില പദ്യങ്ങൾ താഴെച്ചേർക്കുന്നു.

സ്വാമികൾ

"പ്രാണൻ ഭവാനരിയകൺമണിയും ഭവാനെ-
ന്നാണുങ്ങളോടു പലരോടു മഹോ കഴിച്ചു
പെരുന്നെല്ലി.
കാണും ധനങ്ങളഖിലം ബത! കൈക്കലാക്കും
നാണം കുണുങ്ങികളെയെങ്ങനെ വിശ്വസിക്കും.

സ്വാമികൾ

കൈയും പിണച്ചു കണവന്നൊടുറങ്ങുമപ്പോൾ
പയ്യെത്തദീയകരമങ്ങനെ മാറ്റിവച്ചു

പെരുന്നെല്ലി.

കയ്യാലതന്നരികൽ വന്നൊളിബന്ധുവെക്ക-
ണ്ടയ്യോ! രമിപ്പവരെയെങ്ങനെ വിശ്വസിക്കും''

ഇതാണിതിലെ കവിതാരീതി'' ചട്ടമ്പി സ്വാമികളും പെരുന്നെല്ലിയും കൂടി രചിച്ച ഒരു കൂട്ടുകവിതാരീതിയെപ്പറ്റി 'സംഘമിത്ര' എന്ന മാസികയിൽ മൂലൂർ സൂചിപ്പിച്ചിട്ടുണ്ട്. അതിൽ ഒരുഭാഗം താഴെ ഉദ്ധരിക്കുന്നു.

"കിട്ടനും കേശവനും എന്റെ രണ്ടുചിറകുകളായിരുന്നു. ആ രണ്ടു ചിറകുകളും നഷ്ടപ്പെട്ടതിൽ പിന്നെ ഞാൻ കവിവേഷം കെട്ടിപ്പറക്കാറില്ല. ഒരിക്കൽ കിട്ടനും ഞാനുംകൂടി കരമനനിന്നു മുട്ടത്തറവരെ കാല്നടയായി സഞ്ചരിച്ചു. ആ സഞ്ചാരത്തിനിടയിൽ പൂർവാർദ്ധവും ഉത്തരാർദ്ധവും പങ്കിട്ടു ഞങ്ങൾ ഒരുശതകം രചിച്ചു. ഒരാൾ ചൊല്ലിക്കഴിഞ്ഞശേഷം മറ്റേയാൾ, ആലോചിക്കാതെ ചൊല്ലിക്കൊള്ളണമെന്നായിരുന്നു ഏർപ്പാടു്. പ്രാസം പ്രയാസലഭ്യമായ 'ഹ' കാരംതന്നെയായിരുന്നു നൂറുപദ്യത്തിനും. പെരുന്നെല്ലിയിൽ ചെന്നപ്പോൾ നൂറുപദ്യവും തീർന്നു. ആ ശതകം അന്നു് എഴുതിയിട്ടുണ്ടായിരുന്നു. മറ്റുള്ളവരുടെ ഔദാസീന്യംകൊണ്ടു് ആ റിക്കാർഡു് ഇപ്പോൾ കാണുന്നില്ല. എനിക്കിപ്പോൾ ഓർമ്മയുള്ള ഏതാനും പദ്യങ്ങൾ ചൊല്ലിക്കേൾപ്പിക്കാം"[1] അതിലെ ചില പദ്യങ്ങൾ താഴെച്ചേർക്കുന്നു.

സ്വാമി:

''ബഹുഗ്രാമകീർണ്ണം ബതേദം ഹിരോഡി-
ങ്ങഹസ്സിങ്കലും പോവതത്യന്തകഷ്ടം.

പെരുന്നെല്ലി:

സഹിക്കാവതോ കൂരിരുട്ടത്തുവെട്ടം
വഹിക്കാതെപോകുന്ന ദുഃഖം നിനച്ചാൽ''

1.രണ്ടുവിദ്വൽക്കവികൾ പേജ്. 48

സ്വാമി:

വഹിച്ചേ നശിക്കൂ കൃതം കർമ്മ മേന്മ
ദഹിക്കും തപസ്സാൽ ക്ഷണം തത്കുരുഷ

പെരുന്നെല്ലി:

രഹസ്യം തദപ്യാര്യ! ചൊൽകേറെ രമ്യേ
മഹസ്സിങ്കലേതിൽ മനം ചേർത്തിടേണ്ടു?

സ്വാമി:

ബഹിശ്ചോള്ളിലും ഭക്തിയോടെപ്പൊഴും നീ
ഗുഹസ്യാങ്ഘ്രിപദ്മം ഭജിക്കെന്നതേതാൻ

പെരുന്നെല്ലി:

ഗുഹൻ താൻ കഥം ഭൂതനെന്നുള്ളതേതും
മഹാത്മൻ! നജാനേ മമ പ്രേമരാശേ!

സ്വാമി:

മഹച്ചേദണുത്വം ച സർവം കവിഞ്ഞു
സുഹൃച്ചിത്ത പദ്മത്തടങ്ങുന്നതും താൻ

പെരുന്നെല്ലി:

ഇഹ പ്രോക്തമായൊന്നു കേട്ടേനിദാനീ-
മഹം തത്കഥം ചെയ്തിടേണ്ടൂ പ്രവീണ!

സ്വാമി:

അഹം വച്മി കേളഞ്ചൃഷീകം ച ജിത്വാ
മുഹുശ്ചാന്തരങ്ഗേ ശുചൗവേണമോർപ്പാൻ.

സ്വാമികൾക്കും പെരുന്നെല്ലിക്കും നിമിഷകവനത്തിലുണ്ടായിരുന്ന അത്ഭുതകരമായ വൈഭവം ഈ ഉദാഹരണത്തിൽ നിന്നുവ്യക്തമാണു്. പെരുന്നെല്ലി സ്വാമിക്കയച്ച കവിതക്കത്തും അതിനു സ്വാമികളയച്ച മറുപടിയും താഴെക്കൊടുക്കുന്നു. ഇരുവർക്കും പരസ്പരമുണ്ടായിരുന്ന സ്നേഹ ബഹുമാനാദരങ്ങൾക്കു് ഉത്തമനിദർശകമാണു് പെരുന്നെല്ലിയുടെ കത്തും അതിനു സ്വാമികൾ കല്കുന്ന മറുപടിയും. 'സൗഹൃദവിനിയമനം' എന്ന ശീർഷകത്തിൽ വിദ്യാവിലാസിനി മാസികയിൽ ഈ കവിത പ്രസിദ്ധപ്പെടുത്തിയിരുന്നു. 'ചട്ടമ്പിസ്വാമി ശതാബ്ദി സ്മാരക ഗ്രന്ഥത്തിൽ പുനഃപ്രസിദ്ധീകരിച്ചിട്ടുള്ള പെരുന്നെല്ലിയുടെ കത്തും അതിനു

സ്വാമി എഴുതിയ മറുപടിയും താഴെച്ചേർക്കുന്നു.

I

"വീണ്ടും നിന്നേ വിളിക്കുന്നമരികളമലേ-
കൂടി നീ പോ കുളിച്ചീ-
ടേണ്ടെന്നോ ഭാവം?" എന്നിങ്ങനെ പലതു
പറഞ്ഞാര്യയെദ്ദൂരെയാക്കി
വേണ്ടും വണ്ണം ഹരൻ സ്വർണ്ണദിയൊടുനട-
മാടീടവേ വന്നുടൻ കൈ-
ചൂണ്ടിച്ചുണ്ടിശ്ശകാരിച്ചൊരു ശിവ, ശിവ-
മേകട്ടെ തുകട്ടെ മോദം

കുത്തിപ്പിടിച്ചു കുതുകക്കുളിർ മുത്തുനല്കും
മുത്താരമേ, മധുരമേ, ബതമാം വെടിഞ്ഞോ?
തത്തിക്കളിച്ചു വളരും തഴമാൻ കിശോര-
നത്തള്ളകൈവിടുകിലുള്ളഴലോതിടാമോ?

ഞാനെന്നു തൊട്ടുപരമെന്നരി ചന്ദനപ്പു-
ന്തേനേ, ഭവാനിവിടെയൊന്നുവരാൻ കൊതിപ്പൂ
ദൈനന്ദിനം കരമെടുത്തുവിളിക്കിലെന്ത-
മ്മാനം കനിഞ്ഞുവരുമോ? മധുരക്കളിപ്പേ!

ഫുല്ലാബുജപ്പുതുമയെപ്പരദേശിയാക്കും
ചെല്ലത്തിരുച്ചിരി ചിതുമ്പിനൊരമ്മുഖത്തിൽ
കല്ലോലപോലെയിളകും കരുണക്കളിപ്പി-
ത്തൊല്ലയ്ക്കു വീത്തിനു മിഴിക്കണിയായിടാനോ

"നേമത്തു" നാമിരുവരും പലനാൾ ഗമിച്ച-
കേമത്തവും കെടുതിയും പുതുമത്തടിപ്പും

ശ്രീമത്തമാർന്ന നടയും കുടയുംനിനച്ചി-
ട്ടീമത്തനാർത്തി പൊഴിയുന്നിഴിയുന്നു കണ്ണീർ

ഉണ്ണാതേ കണ്ടിരിക്കാ മുഡുനിരപരിചോ
ടെണ്ണിവയ്ക്കുമൊരിക്കൽ
കണ്ണും പൂട്ടാതിരിക്കാമിരവുപകലുതാ,-
നുണ്ണിമാരെത്യജിക്കാം
കുന്നോരോന്നായശേഷം ചുറുതിയൊടൊരു
ചുമ്മാടുമില്ലാതെടുക്കാം
കണ്ണാണേ കാൽമണിക്കൂറപിതിരുകഥ-
കേൾക്കാതിരിപ്പാൻ വഹിക്കാ.

[പെരുന്നെല്ലി പി.കെ. കൃഷ്ണൻ വൈദ്യൻ]

പെരുന്നെല്ലിയുടെ കത്തിനു് സ്വാമികൾ നല്കിയ മറുപടി താഴെച്ചേർക്കുന്നു.

2

ലോലക്കണ്ണാം സുമത്തിൻ ചെറുമുനയണുവോ-
ളം ചുളിച്ചൊന്നു നോക്കും
കാലത്തെല്ലാ പ്രപഞ്ചങ്ങളുമരനൊടിയിൽ
തോന്നിനിന്നങ്ങുമായും
കൂലംകിട്ടാത്ത ശക്തിക്കുടയവളെവളെൻ
ചിത്തരംഗത്തിലാടും
ബാലപ്പെൺ കല്പകപ്പൂങ്കൊടി തവമനമാം
ദാരുവിൽച്ചുറ്റിടട്ടേ

മാണിക്യമാമലയിൽ മഞ്ജു ജലക്കുളത്തിൻ
കോണിൽ കുരുത്തുവളരുന്നൊരു താഴതന്മേൽ
കാണക്കൊതിക്കെ വിലസുന്ന സുമത്തെവെല്ലും
കായത്തെയൊന്നു കണികാണ്മതിനെന്നു കിട്ടും?

തേഞ്ചൊടും കമലത്തൊടേറ്റു പൊരുതാൽ
തോല്പിക്കുമാറെപ്പൊഴും
ചാഞ്ചൊടും വദനഞ്ച വാണികളെയും
കണ്ടും ശ്രവിച്ചും തദാ
പൂഞ്ചൊലയ്ക്കുമിടയ്ക്കു യോഗ്യതവളർ
ത്തീടും പെരുന്നെല്ലിയിൽ
കൺപായുന്ന കടപ്പുറത്തു നിലവിൽ
ക്രീഡിപ്പതെക്കാലമോ!

ഏറെത്താമസിയാതെവന്നുതവമെയ്
കെട്ടിപ്പുണർന്നെങ്കിലേ
നീറീടും മനമാറുകൊള്ളുസതതം
കൂറുള്ള മാറുള്ളഹോ!
ആറും കായലുമൊക്കെ നീന്തിവരുവാ-
നേറും പ്രയാസം നമു-
ക്കാറുണ്ടത്ര കുളിപ്പതിന്നു നിറയെ-
ച്ചോറും ഭുജിക്കാമെടോ

കപോതമേ, കല്പകസൂനമേന-
ല്ലപാരസന്തോഷസമുദ്രമേകേൾ
കൃപാമൃതച്ചാറു തുളിമ്പിടുന്നി-
ന്നപാംഗമോർത്തിട്ടലിയുന്നു ചിത്തം

ഷണ്മുഖദാസസ്വാമികൾ (കുഞ്ഞൻപിള്ള ചട്ടമ്പി)

ചട്ടമ്പി സ്വാമികളുടെ സമപ്രായനും സുഹൃത്തുമായിരുന്ന കല്ലുവീട്ടിൽ നാരായണപിള്ള മെട്രിക്കുലേഷൻ പരീക്ഷയിൽ തോറ്റു് സങ്കടപ്പെട്ടു് വിധിയെ പഴിച്ചപ്പോൾ സ്വാമികൾ താഴെപ്പറയും പ്രകാരം സമാശ്വസിപ്പിച്ചു.

"ദൈവത്തെപ്പഴിചൊല്ലിടുന്നതു മഹാ-
ദോഷത്തമാണോർക്കണം

സർവത്തിന്നുമൊരാശ്രയം തദിതരം
മറ്റൊന്നുമുണ്ടോ സഖേ
ദുർവ്യാപാരമനസ്സു വല്ലകഴുവി
ന്മേലും പിടിച്ചേറ്റി വി-
ട്ടാവോ ദുഃഖമകപ്പെടുമ്പൊളറിവു-
ണ്ടായാൽ പുനഃ കിം ഫലം?

സ്വാമികളുടെ ആരാധകനും ഗൃഹസ്ഥശിഷ്യനുമായ ശ്രീ കൊറ്റിനാടു നാരായണപിള്ളയുടെ പദ്യത്തിലുള്ള ഒരു കത്തിന്നു സ്വാമികളയച്ച മറുപടി ഇങ്ങനെയായിരുന്നു.

''പൊന്നമ്മാ, തങ്കമേ, യെന്നിരുനയന മണി
ക്കാതലേ, ഭൂതലേയ-
മ്മിന്നിൻകൂട്ടം സ്വരൂപിച്ചൊളി വഴി ചിതറും
കോമളാംഗാമലാബ്ധേ!
കന്നൽക്കും തോലിനല്കും തവമധുരമൊഴി-
ത്തേനൊഴിക്കിന്മുഖത്തേ-
ക്കെന്നെൻ കർണ്ണങ്ങൾ രണ്ടും വരുവതിനരുളും
ചന്ദ്രചൂഡൻ, ന ജാനേ

ശ്രീമാനായും ചിരംജീവികളിലൊരുവനാ-
യും ശിവജ്ഞാനിവർഗ്ഗ-
ക്കോനായും, ധീരനായും സുജനഹൃദയമാ-
മാമ്പലിന്നിന്ദുവായും
സീമാതീതാനുകമ്പാമൃതജലനിധിയാ-
യും ജനങ്ങൾക്കശേഷം
നേതാവായും ഭവിച്ചങ്ങുരുതരസുഖിയായ്
വാഴ്ക നീ വാഴ്കയെന്നും

സ്വാമികളുടെ ഒന്നുരണ്ടു മുക്തകങ്ങൾ നോക്കുക.

''മേലേമേലേ പയോധൗതിരനിരയതുപോൽ
ഗദ്യപദ്യങ്ങളാർക്കും

കാലേകാലേ ഭവിപ്പാൻ ജഗമതിലൊളിവായ്
മിന്നിടും തേൻകുഴമ്പേ
ബാലേ!ബാലേ! മനോജ്ഞേ പരിമൃദുലതനോ
യോഗിമാർനിത്യമുണ്ണും
പാലേ! ലീലേ വസിക്കെൻ മനസിസുകൃത-
സന്താനവല്ലീ സുചില്ലീ.

രാഗതാളബദ്ധമായ സംഗീതത്തിന്റെ വിവിധ സങ്കീർണ്ണ ഘടകങ്ങളിൽ നിഷ്ണാതനായ സ്വാമികൾ ചില ഗാനങ്ങളും രചിച്ചിട്ടുണ്ട്. അവയിൽ പലതും നഷ്ടമായി. കണ്ടുകിട്ടിയ ഒരെണ്ണം താഴെക്കൊടുക്കുന്നു.

പന്തുവരാടി – ആദിതാളം

പല്ലവി: സ്മരരേ! ശ്രീ ശങ്കരമഖിലസുരേശം
(സ്മരരേ)
അനുപല്ലവി: മാകുരു മാകുരു, മൂഢചാപല്യം
ത്യക്ത്വാ സംഗം തത്ത്വാതീതം
(സ്മരരേ)
ചരണം: യമിനാം മനഃ പദ്മ വിരാജിതഹംസം
ധൃതചന്ദ്രോത്തംസം – മാനിന്യാ
ശോഭിത ശുഭ സവ്യാംഗം
ഭവപാപവിഭംഗം – ഗിരിജാലോലം
സദാനന്ദമീശം – ചിദ്പുരുഷ ഗഗന നടേശം
(സ്മരരേ)

കത്തുകൾ

ചട്ടമ്പിസ്വാമികളുടെ വ്യക്തിത്വത്തിന്റെ സവിശേഷ ഭാവം പ്രകാശിപ്പിക്കുന്നവയാണു് അദ്ദേഹത്തിന്റെ കത്തുകൾ. "സ്വാമികളുടെ കത്തുകൾ മിക്കവയും അവിടുത്തെ സംഭാഷണം പോലെതന്നെ സ്വച്ഛന്ദങ്ങളാണു്; ഹൃദയം തുറന്നു് എഴുതപ്പെട്ടിട്ടുള്ളവയാണു്. വേദാന്തസംബന്ധമായി വല്ലതും പറയുമ്പോൾ മാത്രം സ്വല്പം ഒരു കാഠിന്യമോ വളച്ചുകെട്ടോ ചില കത്തുകളിൽ കണ്ടേയ്ക്കാം. അല്ലാത്തപ്പോൾ ഏതാണ്ടൊരു സംഭാഷണത്തിൽതന്നെയാണു് അവയുടെ പോക്കു്. മിക്ക കത്തുകളിലും സാമാന്യ കാര്യങ്ങൾ സാമാന്യ രീതി

യിൽ പറഞ്ഞുപോകാനുള്ള പ്രവണതയാണു സ്ഫുരി ക്കുന്നതു്. വാചകങ്ങൾ പലതും അപൂർണ്ണങ്ങളായിരിക്കും. വ്യാകരണശുദ്ധിയും ദീക്ഷിച്ചിരിക്കുകയില്ല. സംഭാഷണത്തിലെപോലെ ഗ്രാമ്യപദങ്ങൾ കത്തുകളിലും ധാരാളമാണു് തോന്നുന്നതു് നിയന്ത്രണം കൂടാതെ എഴുതിപ്പോകുന്നതാണു് സ്വാമികളുടെ രീതി. ചിലതിൽ ഏതാണ്ടൊരു കൃത്രിമതയുടെ പ്രതീതി കാണും. ഇന്നു് ആരും സംബോധന ചെയ്യാൻ ധൈര്യപ്പെടാത്ത രീതിയിലാണു് ശിഷ്യന്മാരെ കത്തുകളിൽ അഭിസംബോധന ചെയ്യാറു്".

"സ്വാമികളുടെ ഹൃദയത്തിൽ തിരതല്ലിയ സ്നേഹത്തിന്റെ യഥാർത്ഥ പ്രതിബിംബങ്ങളായിരുന്നു അവിടുത്തെ കത്തുകൾ. അവ എപ്പോഴും പ്രസന്നങ്ങളാണു്. എന്തെങ്കിലും ഒരു സാരസ്യാംശം അവയിൽ ഓരോന്നിന്റെയും ഏതെങ്കിലും ഭാഗത്തു് കാണാതിരിക്കുകയില്ല. അവയിൽ പലതും ഒരു സന്യാസിയുടെ കത്തുകളാണെന്നു പറയത്തക്കവിധത്തിലുള്ളവയല്ല.... ഒരു സ്നേഹസമ്പന്നന്റെ സൗഹാർദ്ദ നിധിയുടെ ലൗകികംപറച്ചിലും കുശലാന്വേഷണങ്ങളും, സൗഹൃദഭാഷണങ്ങളുമാണു് ചട്ടമ്പിസ്വാമികളുടെ കത്തുകൾ"[1]

1

സ്വാമികളുടെ ഷഷ്ടിപൂർത്തിസ്മാരകമായി എഴുമറ്റൂർ ആശ്രമം സ്ഥാപിക്കുന്നതിനെപ്പറ്റി തീർത്ഥപാദസ്വാമികൾ അയച്ച ഒരു കത്തിനു് ചട്ടമ്പിസ്വാമികൾ അയച്ച മറുപടിയാണു് താഴെ ചേർക്കുന്നതു്.

88 മിഥുനം 14
കൊല്ലം.

ശ്രീ,
ശിവമയം.

എഴുത്തു കിട്ടി. ഇടമില്ലാത്തതിനാൽ വിമ്മിഷ്ടപ്പെട്ടു അടങ്ങിയൊതുങ്ങിയിരിക്കുന്ന സന്തോഷത്തെക്കുറിച്ചു് ഒന്നും തന്നെ പറയുന്നതിനു വിശേഷമില്ല.

നിശ്ചയിച്ചു പറഞ്ഞിട്ടുള്ളതിൽ വ്യത്യാസമില്ല. പ്രാരബ്ധപ്രകാരമാകട്ടെ.

---

1. പി. കെ പരമേശ്വരൻ നായർ. ചട്ടമ്പിസ്വാമി ശതാബ്ദ സ്മാരക ഗ്രന്ഥം പേജ്. 297.

ഈ ശരീരസംബന്ധമായ രക്ഷാനിയമത്തെ ഇനിയേൾക്കുന്നവർ ശ്രുത്യന്തരെന്നു വരികിലും ഇതിന്റെ അത്യന്തകൃത്യാന്തരായിത്തന്നെയിരിക്കും.

ഇഹത്തിൽ അത്യുൽകൃഷ്ടനിഷ്കാമസുകൃതസാമ്രാജ്യത്തെ പരിപാലിച്ചു് അനുഭവിക്കുന്നതുകൊണ്ടും പരത്തിൽ സർവോത്തമമോക്ഷസാമ്രാജ്യത്തെ പരിപാലിച്ചു അനുഭവിക്കുന്നതിലേയ്ക്കുള്ള ഉത്തമാധികാരിയുടെ സ്ഥാനത്തിൽ അമന്ദാരുരുക്ഷുക്കളായിരിക്കുന്നതുകൊണ്ടും ലേഖനത്തിൽ വർണ്ണിക്കപ്പെട്ടുകാണുന്ന ധീരന്മാരായ ആ പുരുഷൈകരത്നങ്ങൾക്ക് * സാധാരണ ഉപയോഗിച്ചുവരുന്ന ഈ രാജശബ്ദം ഏകദേശാർത്ഥവത്തായേ ഇരിക്കയൊള്ളു. വാസ്തവത്തിൽ ഇക്കാലത്തിലെ ഏകചക്രവർത്തിശബ്ദമാണു് തക്കതായുള്ളതു്. തീർത്ഥന്റെപേർക്കുള്ള എഴുത്തും ഇതോടൊന്നിച്ചു അഞ്ചലിൽ ഇടുവിച്ചിട്ടുണ്ടു്. മറുപടി അയയ്ക്കലും പറഞ്ഞിട്ടുള്ളതുപോലെ ചെയ്യണം.

സഹ്യാദ്രിഖണ്ഡംമൂലം നാഗരം അച്ചടി ഇവിടെ ഇരിപ്പുണ്ടു്. ഹഠയോഗപ്രദീപികയ്ക്കു ഇപ്പോൾ ആവശ്യമുണ്ടു്. പ്രാചീനകേരളം ഇരുനൂറ്റിചിലാനം പുസ്തകങ്ങൾ ഇവിടെ കൊണ്ടുവന്നു വച്ചിട്ടുണ്ടു്.

ചട്ടമ്പി (ഒപ്പു്).

2

1089-ൽ സ്വാമികൾ ഏകദേശം 5 മാസത്തോളം എഴുമറ്റൂർ ആശ്രമത്തിൽ വിശ്രമിച്ചിരുന്നപ്പോൾ അവിടെനിന്നു പരമഹംസസ്വാമികൾക്കയച്ച ഒരു എഴുത്തു്.

എഴുമറ്റൂർ,
89 തുലാം 14.

ശ്രീ.
ശിവമയം

മൃദംഗം നന്നായി ** കുട്ടനിതാ*** അങ്ങോട്ടു വരുന്നു. എന്റെ പാകത്തിനു കൂട്ടാൻവയ്ക്കുന്ന കാര്യത്തിൽ ഇവൻ

---

* ഒരു അദ്ധ്യാത്മിക സ്ഥാപനത്തിനുവേണ്ടി വിസ്തീർണ്ണമേറിയ സ്ഥലവും, നല്ല ഒരു കെട്ടിടവും ദാനം ചെയ്ത എഴുമറ്റൂർ തമ്പുരാക്കന്മാരെയാണു് ഇവിടെ പരാമർശിച്ചിട്ടുള്ളത്.

** മൃദംഗത്തിനു് എന്തോ കേടുപറ്റിയിരുന്നു.

*** കുട്ടൻ അരിവയ്പുകാരനാണു്

പണിക്കരേയും ജയിക്കുന്നു. ചോറുമാത്രം ചിലപ്പോൾ മുഴുവനും ഒത്തില്ലെന്നുവരുന്നുണ്ടു്. "നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ" എന്ന പോലെയുള്ളു. ഒട്ടും പിടിക്കായ്കയില്ല: മൃദംഗയജമാനനോടു് ഇന്നലെ ഞാൻ പറഞ്ഞു ഇവിടുത്തെ ജനങ്ങൾക്കു മനഃപൂർവമായ നിഷ്കളങ്കസ്നേഹാദിയുണ്ടു്: രാമൻപിള്ള, കേശവപിള്ള, തമ്പി, മാസ്റ്റർ തമ്പുരാൻ ഇവരും കാരണവനിവഹവും നമ്മുടെ കാര്യത്തെപ്പറ്റിയുള്ള അന്വേഷണത്തെ അവരുടെ പ്രധാന കൃത്യങ്ങളിലൊന്നാക്കിത്തന്നെ വിചാരിക്കുന്നു. മുടങ്ങാതെ പലഹാരാദി കൊണ്ടുവന്നു തരുന്നുണ്ടു്: എന്താണാവശ്യമെന്നു കുട്ടനോടു ദിവസമെന്നപോലെ വന്നുചോദിക്കാറുണ്ടു്. ഏകാദശിദിവസം ഭജന മുടക്കുന്നില്ല: വലിയ മഴയും ഇരുട്ടും ആയിട്ടും മടുക്കിയില്ല. ആശ്രമത്തിനുചുറ്റും, കയറിവരുന്ന വഴിക്കു് കാടു തകർത്തുവരുന്നതിനെ ഇവർ തുമ്പായുംകൊണ്ടുവന്നു ഭേഷാക്കി നന്നാക്കുന്നുണ്ടു്. വാദ്ധ്യാർ തമ്പുരാനും അതിൽ അഭിമാനം കൂടാതെ തുമ്പാ പ്രയോഗിക്കയും വീഴുകയും ഒക്കെയുണ്ടു്.

ഓഹോ! പിന്നെയൊരു പപ്പുപിള്ളയുംകൂടിയുണ്ടു്. തമ്പിയുടെ പടിഞ്ഞാറേതിലെ ആണുപോലും; ഇവർ കൂട്ടുവാൻവയ്ക്കുവാനു കൊണ്ടുതരും. ഇവർ കാവ്യംപഠിക്കണമെന്നു ഒത്തുകൂടി നിശ്ചയിച്ചിട്ടുണ്ടു്. ആവുന്നിടത്തോളം തമ്പുരാനോടുപഠിക്കാം. പിന്നെ നമ്മോടുമാവാം– എന്നൊക്കെയാണു്. മിക്കദിവസവും എല്ലാവരും വരും. തമ്പുരാൻ ദിവസം ഒന്നും രണ്ടുംനേരംവരും. എല്ലാവരോടും പകലിൽ വരരുതെന്നും ആവശ്യമുള്ളപ്പോൾ വിളിക്കാമെന്നും പറഞ്ഞിട്ടുണ്ടു്. എങ്കിലും അവർ സാധാരണ വൈകുമ്പോൾ കുട്ടന്റെ അടുക്കൽ വന്നിട്ടുപോകും. എനിക്കിവിടെ തനിച്ചിരിപ്പു പരമസുഖം. തമ്പുരാൻ, സഭാഗിനേയഭാര്യനായിട്ടു തുറവൂർ ഉത്സവത്തിനു പോയി. 15 ദിവസമായി. ഇന്നു വരുമെന്നാണു്. കൊച്ചുതമ്പുരാൻ അയിരൂർ ഉണ്ടല്ലോ.

അയ്യോ! നമ്മുടെ കുന്നത്തുനാട്ടെ രാമൻപിള്ളയുടെ ഒരെഴുത്തു ഒരു മാസാധികമായി മേൽവിലാസാവ്യക്തതഹേതുവായിട്ടു് ആറന്മുളയും ചെങ്ങന്നൂരുമായിട്ടു തിരിഞ്ഞു ഇപ്പോൾ വന്നെത്തിയിരിക്കുന്നു. വാതോപദ്രവംകൊണ്ടുപിഴിച്ചിൽ ഭവനത്തിൽ വച്ചു ചെയ്തു പഥ്യം കിടക്കുകയാണു്. ഒരു പുസ്തകം കിട്ടിയേകഴിയുതന്നെ. അയച്ചാൽ ഉടൻ പണം അയച്ചേക്കുമെന്നും പിന്നെ മറ്റുപലതും എഴുതിയിട്ടുണ്ടു്. ഒരു പുസ്തകം അയച്ചേമതിയാവു. എനിക്കു നാലു് അല്ല അഞ്ചു

പുസ്തകം (പ്രാചീനമലയാളം) ചുമ്മാ കൊടുക്കേണ്ടതുണ്ടു്: അതു കൊടുക്കണം. അതെല്ലാം ഇരിക്കട്ടെ. പേഷ്ക്കാരദ്ദേഹം വന്നുകൂടുമ്പോൾ ഒന്നുപോയേ കഴിയൂ. തിരുവനന്തപുരത്തുള്ള ശ്രീകണ്ഠേശ്വരം ഭജനമഠത്തിൽ അതുമിതും പുസ്തകങ്ങൾ കിടപ്പുള്ളതും ചെന്നു കൊണ്ടുവരണം. എല്ലാറ്റിനുമായിട്ടു് ഒരു യാത്ര വേണ്ടിവരും. പിന്നെ അങ്ങോട്ടു നിരൂപിച്ചിട്ടേയില്ല.

നിലകണ്ഠപ്പിള്ളയ്ക്കു് അങ്ങോട്ടു വലിയേചെന്നു എഴുത്തയച്ചു. അയാൾ വള്ളം വഴി പുസ്തകങ്ങളും കൊണ്ടുവച്ചേച്ചുപോയല്ലോ. അതു ചെയ്യിക്കേണ്ടിയില്ലാഞ്ഞു എന്നെനിക്കിപ്പോൾ തോന്നുന്നു. കോടനാട്ടും ഒരുതവണ പോകണം.

പപ്പുപിള്ള എന്നൊരാൾ പതിനൊന്നുപുല, കരക്കാരെ കൂട്ടി നടത്തിയതിനെപ്പറ്റി അങ്ങോട്ടു വന്നിരുന്ന എഴുത്തിനു മറുപടി അയച്ചോ? *ഇല്ലെങ്കിൽ നല്ലതായിട്ടയയ്ക്കണം (സഹായമായിട്ടു്) നമ്മുടെ തോട്ടാവള്ളി ആശാന്റെ കോഴിക്കൂടുപണി കഴിഞ്ഞോ? പാലുകാച്ചു കഴിഞ്ഞോ? എല്ലാപേർക്കും സുഖം തന്നെയല്ലോ? വെളിയിൽ എങ്ങും ഇറങ്ങാതിരുന്നിട്ടു ശരീരത്തിനു അല്പം ക്ഷീണം ഉണ്ടു്. എങ്ങും ഇറങ്ങാൻ മനസ്സിലാത്തതുകൊണ്ടു് ഇറങ്ങുന്നും ഇല്ല. എന്റെ തീർത്ഥപാദനു്.

ചട്ടമ്പി(ഒപ്പു്)

3

സ്വാമികൾ എഴുമറ്റൂർ വിശ്രമിച്ചിരുന്ന കാലത്തു അവിടെ എപ്പോഴും സംഗീതത്തിന്റേയും സാഹിത്യത്തിന്റേയും വിഹാരരംഗമായിരുന്നു. ധാരാളം എറുമ്പുകൾ അവിടുന്നാഹാരം കഴിക്കുന്ന സമയം നോക്കിവന്നുകൊണ്ടിരുന്നു. സ്വസന്താനങ്ങലെപ്പോലെ അവിടുന്നു അവയെപുലർത്തിവന്നു. അവിടുന്നു എഴുമറ്റൂർ വിട്ടതിനുശേഷം ശ്രീതീർത്ഥപാദ പരമഹംസസ്വാമികളുടെ പേർക്കയച്ച താഴെച്ചേർക്കുന്ന എഴുത്തിൽ അതു സൂചിപ്പിച്ചിട്ടുണ്ടു്.

---

* ഇത് ശ്രീ മന്നത്തു പദ്മനാഭപിള്ള നായന്മാരുടെ പുല ആചരിക്കുന്നതു് സംബന്ധിച്ചുള്ള കീഴ്നടപ്പു് ലംഘിച്ചു പെരുന്ന ക്ഷേത്രത്തിൽ കയറിയതിനെ തുടർന്നുണ്ടായ കേസിനെ പരാമർശിക്കുന്നതാണു്. സ്വാമികളും, ശിഷ്യന്മാരുംകൂടി വരുത്തിയ പരിവർത്തനത്തിന്റെ ഫലമായിട്ടുണ്ടായ സംഭവങ്ങളായിരുന്നു അതൊക്കെ. മന്നത്തിന്റെ യത്നത്തെ സഹായിക്കാമെന്നാണു് കത്തിലെ നിർദ്ദേശം.

ആറ്റിങ്ങൽ
89 മകരം 28.

ശ്രീ.
ശിവമയം

എഴുത്തുകിട്ടി. കുട്ടന്റെ കാര്യത്തെപ്പറ്റി എനിക്കു് ഒന്നും വിശേഷം തോന്നുന്നില്ല.....

ഇവിടെ വന്നിട്ടു് ഏഴുദിവസമായി. മുപ്പതാംതീയതി തിരുവനന്തപുരത്തിലെത്തും. എൻജിനീയരും ഒരുമിച്ചുണ്ടാകും. നമ്മുടെ തമ്പുരാക്കന്മാരെ പ്രത്യേകം കേട്ടതായും കൃതജ്ഞത പറഞ്ഞതായും മറ്റും ഉണർത്തണം. പാണ്ഡ്യൻകുളം, പതാലി മുതലായ നമ്മുടെ സ്നേഹിതഭാഗവതർകൾ പണ്ഡിതന്മാരാകാൻ പ്രവേശിച്ചതുകേട്ടു വളരെ സന്തോഷിക്കുന്നു. കഴിയുന്നതും മുഴുവനാക്കാൻ ശ്രമിക്കണം. പ്രത്യേകം അന്വേഷിച്ചതായും പറയണം.

അവിടെ ആ പത്തറപ്പെട്ടിക്കകത്തിരിക്കുന്ന ഭഗവൽഗീത അഞ്ചാറുവ്യാഖ്യാനമുള്ള വലിയ പുസ്തകം ബുക്കുപോസ്റ്റായി അഞ്ചലിൽ അയയ്ക്കണം. ഇപ്പോൾ എഴുതുന്ന പുസ്തകത്തിൽ ചേർക്കാനുള്ളതായി സ്ത്രീ കയ്യക്ഷരത്തിലുള്ളതായി കുറുക്കെ മടക്കി തച്ചതായിട്ടു "ഇല്ല എനിക്കു ബുദ്ധിയും ഇല്ല എനിക്കു അഹങ്കാരവുമില്ല" എന്നു് തുടങ്ങി ഏതാനും എഴുതിയിട്ടുള്ളതുമായ കടലാസുകളും, മുഴുവൻ കടലാസുകൾ നെടുവെ മദ്ധ്യത്തിൽവച്ചു മടക്കി പകുതിമടക്കിലായിട്ടു ഏതാനും പ്രമാണങ്ങൾ മഷികൊണ്ടും പെൻസിൽകൊണ്ടും നടുവെ മടക്കി വച്ചിട്ടുള്ള പഴയ കടലാസുകളും നോക്കി എടുത്തു അയയ്ക്കണം. പടത്തെ നല്ലതുപോലെ സൂക്ഷിക്കണം. മൃദംഗം സൂക്ഷിച്ചുകൊള്ളുവാനും കൊന്നത്തടി കളയാതെ സൂക്ഷിക്കുവാനും പാണ്ഡ്യൻകുളം ഭാഗവതരോടു പറയണം. ഊറ്റുകുഴിയിലെ വെള്ളമൊക്കെ വറ്റിയില്ലെങ്കിലും ഒഴുക്കു നിന്നുപോയിരിക്കാം. വാദ്ധ്യാർതമ്പുരാൻ, രാമൻപിള്ള മൂപ്പിൽമാർ വരാറുണ്ടോ? കുട്ടന്റെ പോക്കുപോക്കുതന്നെയെങ്കിൽ നിന്റെ കാര്യം ഇനി എങ്ങനെയാണു നിരൂപിച്ചിരിക്കുന്നതു്. തീയുതി കണ്ണിനധികമാക്കരുതു്.

നമ്മുടെ ഉറുമ്പുസന്താനങ്ങൾക്കു നീ ഭക്ഷിക്കുമ്പോൾ ആഹാരം കൊടുക്കാറുണ്ടോ? ഇപ്പോൾ ആശ്രമത്തിൽ ഏകാന്തതയും ശാന്തതയുംകൂടി പാർത്തുവരുന്നതു് ഞാനും

കുട്ടനും പുറത്തു കടന്നതിന്റെ അടയാളമാണു്. നാളെ വൈകുന്നേരം എത്തും. എന്റെ തീർത്ഥപാദനു്.

സ്വന്തം ചട്ടമ്പി (ഒപ്പു്).

4

ശ്രീ തീർത്ഥപാദപരമഹംസസ്വാമികൾ 15-ാമത്തെ വയസ്സിൽ ഗുരുപാദർക്കു ശിഷ്യപ്പെട്ടതാണു്. ഒരു പിതാവിനു് തന്റെ ഇളയ മകനോടുള്ളതിൽ കവിഞ്ഞ വാത്സല്യം ശ്രീചട്ടമ്പിസ്വാമിതിരുവടികൾക്കു പരമഹംസസ്വാമികളോടുണ്ടായിരുന്നു. 92-ൽ ശ്രീ തീർത്ഥപാദപരമഹംസസ്വാമികൾക്കു അല്പം ശരീരസുഖമില്ലാതെ കിടന്നു. ആ വിവരം പിന്നീടാണു് ശ്രീ ചട്ടമ്പിസ്വാമിതിരുവടികളെ ധരിപ്പിച്ചതു്. ലേഖനമാലിക മുതലായി ചില പുസ്തകങ്ങൾ പരമഹംസസ്വാമികൾ എഴുതിയതു് ശ്രീ ചട്ടമ്പിസ്വാമികളുടെപേർക്കു് അയച്ചുകൊടുത്തു. അതിനെല്ലാം കൂടിയുള്ള മറുപടിയാണു അടിയിൽ ചേർക്കുന്നുണ്ടു്.

പെരുമ്പാവൂർ
92 മകരം 17

ഓം

അഖണ്ഡബ്രഹ്മാനന്ദാമൃതരസം സർവത്രനിരന്തരം നിനക്കു
സ്വാനുഭൂതിരൂപമായി പ്രകാശിക്കട്ടെ!

എഴുത്തും പുസ്തകങ്ങളും കിട്ടി. അളവറ്റ സന്തോഷം. ഈ സന്തോഷശബ്ദം അന്യങ്ങളായ പല ഹിതാനുഭവങ്ങൾ നിമിത്തം പ്രയോഗിക്കപ്പെട്ടുപോയതാണെന്നുവരികിലും ഇതിലുള്ള അർത്ഥത്തിന്റെ അവസ്ഥ അതുകൾപോലെയൊന്നും അല്ല. ഏറ്റവും ഇഷ്ടമുണ്ടായിരിക്കെ, അധികകാലം മുറയ്ക്കു ലഭിക്കായ്കയോടുകൂടിയിരുന്നിട്ടും, എന്നാൽ വേണ്ട പോട്ടെ എന്നുള്ള ഉപേക്ഷയ്ക്കു ഇടംകൊടുക്കാതെയും സ്ഥിരചിത്തരായുമിരിക്കുന്ന മാതാപിതാക്കന്മാർക്കു കാണാൻ കൊതിച്ചുണ്ടായ ഒരു കുട്ടി എങ്ങനെയോ അതിലുമധികമാണു എനിക്കു കിട്ടിയ ഈ എഴുത്തു്.

സുഖക്കേടായി കിടന്നതുകൊണ്ടും അതിനെ ഭൂതകാല സഹിതം അറിയിച്ചാൽ മതിയെന്നു കരുതിയതുകൊണ്ടും എഴുതിയോ എഴുതിച്ചോ അയയ്ക്കാതെ ഇങ്ങനെ താമസിച്ചുപോയെങ്കിലും എനിക്കു എഴുത്തു കിട്ടുന്നതിലേയ്ക്കുണ്ടായിട്ടുള്ള താമസത്തിന്റെ നൂറ്റിലൊരംശമെങ്കിലും ആകുന്നതിനു കഴിയാതെയായിപ്പോയ എന്റെ ശക്തിക്കുറവിനെ മാറ്റുവാൻ ആരാലും കഴിയുമെന്നു തോന്നുന്നില്ല. അതെല്ലാം അങ്ങനെയിരിക്കട്ടെ. പുസ്തകങ്ങൾ രണ്ടും നന്നായിരിക്കുന്നു. ലേഖനമാലിക അതിന്റെ ഉല്പത്തികാലചേർച്ചയെക്കൊണ്ടുംകൂടി അധികം തക്കതായി ശോഭിക്കുന്നു.

ഇതു പ്രയാസമേറിയ പരിശ്രമംതന്നെ എന്നുള്ളതിനെ ഞാനും സമ്മതിക്കുന്നു. എന്നാൽ എന്റെ അപ്പനെ സംബന്ധിച്ചിടത്തോളം അപ്രകാരം സമ്മതിക്കുന്നില്ലെന്നാണു്. ഈ എത്രയും വിലയേറിയ പ്രവൃത്തി "മണ്ണിനായുഴി കുഴിച്ചനേരം നിധിതന്നെ ലഭിച്ചതു"പോലെ ആയിത്തീരേണ്ടതാണു്. എല്ലാം നിനക്കൊത്തവണ്ണം ഭവിക്കെന്നു കല്യാണമാമ്മാറനുഗ്രഹം നിർണ്ണയം.

ശുഭമേവ നഃ സംശയഃ

ഞാൻ ഈ കാലങ്ങളിൽ കോടനാട്ടു നമ്മുടെ സ്ഥലത്താണു താമസം.

ചട്ടമ്പി (ഒപ്പു്)

5

സ്വാമികൾ, പരേതനായ ഡാക്ടർ ഗോപാലപിള്ളയ്ക്കു് (റിട്ട: ആയുർവേദ ഡയറക്ടർ) അയച്ച ചില കത്തുകളാണു് ഇനി ചേർക്കുന്നതു്.

ശ്രീ

ശിവമയം

കുഞ്ഞേ, എനിക്കയച്ച എഴുത്തിനെ വായിച്ചുനോക്കിയേച്ചു തിരുമേനി ഉടൻ തന്നെ രൂപാ കമ്പിയാഡറായി ഇതാ അയച്ചിരിക്കുന്നു. ഇച്ഛിച്ചപ്രകാരം സുഖമായി വന്നുചേരുക – എല്ലാം മുഖദാവിൽ.

ഒരു ഗുഹ ഒഴിഞ്ഞുകിടക്കുന്നതിൽ മനസ്സുറപ്പിച്ചുപോ

കുന്നതിനു ലേഖനത്തിൽ എഴുതിയിരിക്കുന്നു - ഒഴിഞ്ഞതായിട്ടൊരു ഗുഹമാത്രമേ ഒള്ളതായിട്ടൊള്ളു. അതിൽ മനസ്സുറപ്പിച്ചു സ്ഥിരപ്പെട്ടാൽ ദൂരം-അടുപ്പം- സ്വദേശം അന്യദേശം മുതലായ ദ്വന്ദ്വവിശേഷങ്ങളും എന്നുവേണ്ട - ഒഴിഞ്ഞ ഗുഹ-മനസ്സ്-ഉറപ്പിക്കൽ ഞാൻ-നീ- എന്ന ഭാവനയും അറ്റ-അതായതു്- നാന്തർന്ന മധ്യം ന ബഹിഃ - ന ചോർധ്വം ന ചാധോ ന ചാന്തം ന മധ്യം നദീർഗ്ഘം, ന ഹ്രസ്വം ന പൂർവാപരൗ വാ- വിശിഷ്ടാനുഭൂത്യാ വിശുദ്ധാത്മകത്വാത്തദേകോവശിഷ്ടശ്ശിവഃ കേവലോഹം.

ഇങ്ങനെ നിത്യാഖണ്ഡാനന്ദാദ്വയബ്രഹ്മചിദാകാശം തന്നെ.

(ഒപ്പു്)

6

അയച്ച എഴുത്തുകണ്ടു. .ജോലി അധികമായുള്ള സ്ഥിതിക്കു ആ ചമ്മലു തീർന്നുകിട്ടുന്നതുവരെ വേറെകാര്യത്തിനായി ക്ലേശിച്ചു നേരത്തെക്കളയേണ്ട - ചേറ്റൂർ ശങ്കരൻ നായരവർകൾ സകല ആദായത്തേയും ലക്ഷ്യമാക്കാതെ - തന്റെ കുലധർമ്മത്തെ ഭൂഷണമാക്കിക്കൊണ്ടതുപോലെ- ഏതാദായത്തെയും ഡീക്കിനേയും മിടുക്കിനെയും ലക്ഷ്യമാക്കാതെ ജീവകാരുണ്യത്തെ ഭൂഷണമാക്കിപ്പിടിച്ചുകൊണ്ടാൽ മറ്റുള്ളവയെല്ലാം നടയിൽ കാത്തുകിടക്കും. ഈ ഓർമ്മയെ ചില മിടുക്കന്മാർ ഉദ്യോഗലാഭാനന്തരം തീരെ മറന്നും പുറമെ മാത്രം നടിച്ചുകൊണ്ടും തരം കിട്ടുമ്പോഴേയ്ക്കു എല്ലാം നിസ്സാരമെന്നുവച്ചു കടുംകൈ പ്രവർത്തിച്ചും പ്രവർത്തിപ്പിച്ചും കാണുന്നുണ്ടു്. അപ്പോഴതിലേയ്ക്കു ചില ശുഷ്കഞായങ്ങളും കൂടി പ്പൊടിപ്പും തൊങ്ങലുംവച്ചു പറയാനും മടിയില്ല. കഷ്ടം-കഷ്ടം.

ദീർഗ്ഘായുർഭവ-സുഖീഭവ-എന്റെ ഗോപാലനു്.

ചട്ടമ്പിസ്വാമികളും കേരളത്തിന്റെ നവോത്ഥാനവും

പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള

ഭാരതത്തെ സംബന്ധിച്ചിടത്തോളം 18-ാം നൂറ്റാണ്ടു് ഒരന്ധകാരയുഗമായിരുന്നു. വൈദേശികനാഗരികതയുടെ നീരാളിപ്പിടുത്തത്തിൽ നമ്മുടെ സാംസ്കാരികരംഗം നിശ്ചേതനമായി. പാശ്ചാത്യമായ എല്ലാറ്റിനോടും അതിരുകടന്ന ആദരവും സ്വദേശീയമായ സകലതിനോടും പരമപുച്ഛവുമായിരുന്നു അന്നത്തെ അഭ്യസ്തവിദ്യർക്കു്. 1757 ലെ പ്ലാസിയുദ്ധത്തോടെ ബ്രിട്ടീഷുകാരുടെ അധികാരം ഭാരതത്തിൽ വേരുറച്ചു. തുടർന്നു് നമ്മുടെ സാംസ്കാരിക പൈതൃകത്തെ അടിയോടെ തകർക്കാനുള്ള ആസൂത്രിത ശ്രമങ്ങളിൽ അവർ മുഴുകി. വിദേശമിഷണറിമാരുടെ നേതൃത്വത്തിൽ രാജ്യത്തെമ്പാടും വിദ്യാലയങ്ങൾ സ്ഥാപിതമായി. നവീന വിജ്ഞാനത്തിന്റെ ഒരു നൂതനലോകം ഭാരതത്തിലെ യുവജനങ്ങൾക്കുമുമ്പിൽ അനാവൃതമായി. നമ്മുടെ മതം, സംസ്കാരം, സ്ഥാപനങ്ങൾ മുതലായവ കാടത്തത്തിന്റെ പ്രതീകങ്ങളാണെന്നും ഏകസത്യമായ ക്രിസ്തുമതമാണു് മാനവരാശിയുടെ ഒരേയൊരു മോചനമാർഗ്ഗമെന്നും മിഷണറിമാർ പ്രചാരണം നടത്തി. അവരുടെ വിദ്യാലയങ്ങളിൽനിന്നു പുറത്തുവന്നവരിൽ ഭൂരിപക്ഷവും ഹൈന്ദവമായ സകലതിനോടും പുച്ഛമോ പകയോ ഉള്ളവരായി മാറി എന്നാൽ ഈ ദുരവസ്ഥ വളരെക്കാലം നീണ്ടുനിന്നില്ല.

"നമ്മുടെ സുദീർഘമായ ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെ ചൈതന്യം കൊണ്ടു് ഈ കാലഘട്ടത്തിൽ എണ്ണമറ്റ പരിഷ്കർത്താക്കൾ, ആചാര്യന്മാർ, പുണ്യാത്മാക്കൾ, വിദ്വാൻമാർ എന്നിവർ ഇവിടെനിന്നുണ്ടായി. പില്ക്കാല്ത്തു് ഹിന്ദുധർമത്തിൽ വന്നുചേർന്ന കലർപ്പുകളെ നിന്ദിക്കുകയും സാരാംശങ്ങളായവയെ നിസ്സാരങ്ങളായവയിൽനിന്നു് വേർതിരിക്കുകയും ചെയ്തു് അവർ

ഹിന്ദുധർമത്തെ ശുദ്ധീകരിക്കുകയും അവരുടെ സ്വന്തം അനുഭൂതികളിൽ കൂടി ഹിന്ദുധർമത്തിന്റെ സനാതന സത്യങ്ങൾക്കു സാക്ഷ്യം വഹിക്കുകയും ചെയ്തു.[1]

ഈ നവോത്ഥാനത്തിന്റെ തുടക്കം ബംഗാളിലായിരുന്നു. തുടർന്നു് അതിന്റെ കാറ്റു് ആസേതു ഹിമാചലം വീശിയടിച്ചു. ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ നവചൈതന്യം പ്രദാനം ചെയ്തുകൊണ്ട് അമാനുഷ പ്രഭാവരായ നിരവധി മഹാപുരുഷന്മാർ ഭൂജാതരായി.

''രാജാറാം മോഹൻറായി, ദേവേന്ദ്രനാഥടാഗോർ, ശ്രീരാമകൃഷ്ണപരമഹംസർ, സ്വാമിവിവേകാനന്ദൻ, രവീന്ദ്രനാഥ ടാഗോർ, മഹർഷി അരവിന്ദഘോഷ്, ജഗദീശ്ചന്ദ്രബോസ്, അബനീന്ദ്രനാഥ ബോസ് തുടങ്ങിയ തേജഃപുഞ്ജങ്ങൾ ബംഗാളിൽ; ലോകമാന്യതിലകൻ മഹാദേവഗോവിന്ദറാനഡെ, ഗോപാലകൃഷ്ണഗോഖലെ, വീരസുവർക്കർ, ഡോ. അംബേദ്കർ തുടങ്ങിയ രാഷ്ട്രനിർമാതാക്കൾ മഹാരാഷ്ട്രത്തിൽ; മഹാത്മാഗാന്ധി, മഹർഷി ദയാനന്ദൻ തുടങ്ങിയ വിഭൂതികൾ ഗുജറാത്തിൽ; ലാലാ ലജപത്റായ്, ഭായിപരമാനന്ദ മുതലായ മഹാരഥന്മാർ പഞ്ചാബിൽ; രമണമഹർഷി, ചിദംബരനാഥപിള്ള, സുബ്രഹ്മണ്യഭാരതിയാർ തുടങ്ങിയ മഹാന്മാർ തമിഴ്നാട്ടിൽ - എന്നുവേണ്ട വീര പ്രസൂതികയായ ഭാരതമാതാവു് അക്ഷയയായ രത്നഗർഭയുമാണെന്ന് പത്തൊൻപതാം നൂറ്റാണ്ടു തെളിയിച്ചു. ആസേതുഹിമാചലം ആപ്ലാവനം ചെയ്ത ആ നവോത്ഥാന പ്രവാഹത്തിന്റെ ആഞ്ഞടിച്ച തിരമാലകൾ കേരളക്കരയിൽ ചട്ടമ്പിസ്വാമികളുടെയും ശ്രീനാരായണഗുരുദേവന്റെയും മറ്റും രൂപത്തിൽ പ്രകടമായി''. [2]

''ഇരു കൂട്ടരുടെയും പ്രവർത്തനരംഗമായിരുന്ന കേരളത്തിന്റെ സമഗ്രപുരോഗതി അവരിരുവരും ജനിച്ച നായരീഴവസമുദായങ്ങളുടെ പരസ്പരസഹകരണത്തിലും സൗമനസ്യത്തിലും അധിഷ്ഠിതമാണെന്ന വസ്തുത നാരായണഗുരുസ്വാമികളും ചട്ടമ്പിസ്വാമികളും ഒന്നുപോലെ അറിഞ്ഞിരുന്നു. ഈ സമുദായങ്ങൾ തമ്മിലുള്ള ജാതിപ്പോർ കേരളത്തിന്റെ നാശത്തിനു കാരണമായിരുന്നു. നാരായണഗുരുവും ചട്ടമ്പിസ്വാമിയും ജാതിചിന്തകൾക്കതീതരായിരുന്നു. എന്നാൽ അവരെ പ്രസവിച്ച സമുദായങ്ങളുടെ ആചാര്യസ്ഥാനം അവർക്കു് സ്വയം സിദ്ധമായിരുന്നു. ആനിലയ്ക്കു് അവർതമ്മിലുള്ള അടുപ്പവും ആത്മീയതയും ഇരുസമുദായങ്ങളും

1. ഡി. എസ്സ്. ശർമ്മ. (പി. പരമേശ്വരന്റെ നാരായണഗുരു എന്ന കൃതിയിലെ ഉദ്ധരണി)

2. പി. പരമേശ്വരൻ; ശ്രീനാരായണഗുരു' ഒന്നാം പതിപ്പു് 1971 പേജ്.

തമ്മിലുള്ള വിടവകറ്റുവാനും തമ്മിലടുപ്പിക്കുവാനും സഹായിച്ച ഏറ്റവും ശക്തിയേറിയ ഘടകവുമായിരുന്നു'' ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളുമായുള്ള ബന്ധം കേരളത്തിലെ ഈ രണ്ടു പ്രബലസമുദായങ്ങളെ സ്നേഹബന്ധത്താൽ ബന്ധിക്കാൻ അത്യന്തം സഹായിച്ചു. The Word of the Guru എന്ന ഗ്രന്ഥത്തിൽ നടരാജഗുരു ഇങ്ങനെ എഴുതുന്നു.

"In fact, round the person of this Senior Companion who represented the solid native wisdom of the Soil was noticed a kind of renaissance, literary, cultural and spiritual, in the Travancore of the early nineties. A group including Poets, grammarians, Yogis and medical men versed in Ayurveda helped in the impetus given to native wisdom .... the Guru's sensitive spirit responded to the situation surprisingly.... Kunjan Pillai Chattampi, who was one of the leaders of the renaissance group, recognised early potentialities of Guru Narayana and consciously encouraged him to unfold and open out, and by his intelligent elderly guidance helped the shy young and retiring' Nanu of those days."[1] (നാടൻ മണ്ണിൽ കുരുത്ത ഈടേറിയ പ്രതിഭയുടെ പ്രതിനിധിയായ പ്രായംകൂടിയ കൂട്ടുകാരനെ (ചട്ടമ്പിസ്വാമികളെ) ചുറ്റി പത്തൊമ്പതാം ശതകത്തിന്റെ അവസാന ദശകത്തിലെ തിരുവിതാംകൂർ, സാംസ്കാരികവും, സാഹിത്യപരവും, ആത്മീയവുമായ ഒരു നവോത്ഥാനം ദൃശ്യമായി. നാട്ടിലെ പ്രതിഭയുടെ ഈ ഉദ്ബുദ്ധതയ്ക്കു്, കവികൾ, വൈയാകരണന്മാർ, യോഗികൾ, ആയുർവേദ നിപുണന്മാർ മുതലായവർ ഉൾപ്പെട്ട ഒരഭിജ്ഞ മണ്ഡലം വേണ്ട സഹായം നല്കി. ഗുരുവിന്റെ (ശ്രീനാരായണന്റെ) ആർജ്ജവമേറിയ ബുദ്ധിചൈതന്യവും ഈ ആഹ്വാനത്തെ അഭിവാദനം ചെയ്തു. നവോത്ഥാന വിഭാഗത്തിന്റെ നേതാക്കളിലൊരാളായിരുന്ന കുഞ്ഞൻപിള്ളച്ചട്ടമ്പി ഗുരുനാരായണന്റെ അന്തർലീന സാദ്ധ്യതകളെ കാലേകൂട്ടിക്കാണുകയും ബുദ്ധിപൂർവവും പരിപക്വവുമായ നിർദ്ദേശംകൊണ്ടു്, ലജ്ജാലുവും യുവാവും, ശാലീനനുമായിരുന്ന അന്നത്തെ "നാണു"വിനെ സ്വയം ആവിഷ്കരിക്കാൻ ബോധപൂർവം സഹായിക്കുകയും ചെയ്തു.

"കൊല്ലം 1050- നും 1100- നും ഇടയ്ക്കുള്ള കാലത്തു് കേരളം കണ്ട സാമൂഹ്യപരിഷ്കരണ പ്രസ്ഥാനം വമ്പിച്ചതായിരുന്നു. നൂറ്റാണ്ടുകാലമായി ഉറങ്ങിക്കിടന്ന ശൂദ്രജനതയുടെയും അവരുടെ താഴേക്കിടയിലുള്ള പതിതജനതയുടെയും ഉയർത്തെണീ

1. Nataraja Guru – The word of the Guru (second edition,) 1968. Page: 258, 259. Paico Publishing House, Ernakulam, Cochin, 11.

പ്പായിരുന്നു അതു്. അതിന്റെ ആദ്യത്തെ മണിനാദം വൈദികമേധാവിത്വത്തിന്റെ മരണമണിയായിരുന്നു. അതുമുഴക്കിയതു് ശ്രീ ചട്ടമ്പിസ്വാമികളുമായിരുന്നു. നിലവിലുള്ള സാമൂഹ്യവ്യവസ്ഥയ്ക്കെതിരെ ആദ്യത്തെശബ്ദം സ്വാമിയുടേതായിരുന്നു. അതു് മുറവിളിയായിരുന്നില്ല. സ്വതഃസിദ്ധമായ ധീരതയോടെ കാണിച്ച ഒരു സാമൂഹ്യധിക്കാരമായിരുന്നു. അന്നുവരെ സർവശക്തനായിരുന്നതു് അന്നു മുതൽ ജഡമാണെന്നു തോന്നിത്തുടങ്ങി. ദൈവികമായി കരുതപ്പെട്ടിരുന്നതെല്ലാം, അതിനുവേണ്ടി എഴുതപ്പെട്ടിരുന്നതെല്ലാം വെറും ഓലപ്പെട്ടികളിൽ വലിഞ്ഞുകളഞ്ഞു. വ്യവസ്ഥിതി ദൈവികമാണെന്ന അന്ധവിശ്വാസത്തെ ചട്ടമ്പിസ്വാമികൾ തകർത്തതാണു് സാമൂഹ്യപുരോഗതിയുടെ ആദ്യത്തെ ചുവടുവയ്പു്. ജന്മിക്കും ജാതിക്കുമെതിരായി ആദ്യം മുഴങ്ങിയ സ്വരം ചട്ടമ്പിസ്വാമിയുടേതായിരുന്നു. ആസ്വരത്തിനു് അന്ധതാമിസ്രത്തിൽ ആണ്ടുപോയ നായരീഴവജനതയുടെ ഉയർച്ചയ്ക്കുവേണ്ടിയുള്ള ഉന്മാദഗർജ്ജനത്തിന്റെ ശക്തിയും രൂക്ഷതയുമുണ്ടായിരുന്നു. നായർക്കും ഈഴവനും മൊത്തത്തിലുള്ള സാമൂഹ്യയാതനകൾ മൗലികമായി പ്രധാനപ്പെട്ടവയായിരുന്നു. ഓരോന്നിനും പ്രത്യേകമായി ചില പ്രശ്നങ്ങളുണ്ടു്. പക്ഷേ അടിസ്ഥാനപരമായി പ്രാധാന്യമർഹിക്കുന്ന പ്രശ്നം നായർക്കും ഈഴവനും ഒന്നുതന്നെ. നിലവിലുള്ള വൈദികവ്യവസ്ഥയുടെ മൗലികഘടകമായ ദൈവികത്വ കല്പനയെ തകർക്കുക എന്നതായിരുന്നു അതു്. അതുസാധിച്ചു കഴിഞ്ഞാൽ ഈഴവർക്കു പ്രത്യേകമായുള്ള യാതനയുടെ പരിഹാരം ക്ഷിപ്രസാദ്ധ്യവും ലക്ഷ്യത്തിലേയ്ക്കുള്ള ദൂരം ഏതാനും ചുവടുകളും ആയിത്തീരും. നായരുടെയും കാര്യം അങ്ങനെതന്നെ. അതുകൊണ്ടു് ചോദ്യം ചെയ്യാനാവാത്ത വൈദികശക്തിയുടെ നട്ടെല്ലുതകർക്കുക എന്ന മൗലികകാര്യത്തിനു് ഒരു ചട്ടമ്പിതന്നെ വേണ്ടിവന്നു. ആ അർത്ഥത്തിൽ കുഞ്ഞൻപിള്ളച്ചട്ടമ്പി അധൃഷ്യനായൊരു ചട്ടമ്പിതന്നെയായിരുന്നു. അദ്ദേഹം ജാതിയെ അംഗീകരിച്ചില്ല. ജാതികൃതമായ ഉച്ചനീചത്വങ്ങൾക്കെതിരായി അദ്ദേഹം ജനതയെ അണിനിരത്തി. വളരെ സങ്കീർണ്ണമായ സാമൂഹ്യപ്രശ്നങ്ങളാണു് അന്നു നിലവിലിരുന്നതു്. അതിന്റെയെല്ലാം പരിഹാരത്തിനുവേണ്ടി നായന്മാരുടെയും ഈഴവരുടെയും ശക്തമായ ഒരു ഐക്യനിര കെട്ടിപ്പടുക്കുകയാണു് ചട്ടമ്പിസ്വാമിചെയ്തതു്. ഒരേ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന നായരും ഈഴവനും അതിലൊന്നിച്ചു. ആ ഒന്നിപ്പിനു് മറ്റൊരു മൗലികഘടകവുമുണ്ടായിരുന്നു. പരസ്പരമുള്ള വിട്ടുവീഴ്ചയും സഹിഷ്ണുതയും. ഇതു രണ്ടും ഊട്ടി വളർത്തുന്നതിൽ ചട്ടമ്പിസ്വാമി അപാരമായി വിജയിച്ചു. അദ്ദേഹത്തിനോടൊപ്പം ശ്രീ നാരായണനു

മുണ്ടായിരുന്നു. രണ്ടുപേരുടെയും സാമൂഹ്യമായ ലക്ഷ്യബോധവും വീക്ഷണവും ഒന്നുതന്നെയായിരുന്നു''.[1]

''മതച്ഛായയോടുകൂടിയ ഈ പരിഷ്കരണ പ്രവർത്തനങ്ങളിൽ നായർ സമുദായത്തിലെ ഉത്പതിഷ്ണുവിഭാഗങ്ങളുടെ സഹകരണം ശ്രീനാരായണഗുരുവിനു ലഭിച്ചിരുന്നു. ചട്ടമ്പിസ്വാമികളാണു് ഈ അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ച മഹാൻ''[2] കേരളത്തിൽ ഇത്രവേഗം ശ്രീനാരായണസിദ്ധാന്തങ്ങൾക്കു പ്രചാരം കൈവരുത്താൻ ഈഴവരോടും ജാതികൃതങ്ങളായ അവശതകൾ അനുഭവിക്കുന്ന മറ്റുസമുദായക്കാരോടും ഒപ്പം നായന്മാരും സന്നദ്ധരാവാൻ കാരണം ശ്രീ ചട്ടമ്പിസ്വാമികളായിരുന്നു''[3]

ചട്ടമ്പിസ്വാമികൾ കേരളത്തിന്റെ നവോത്ഥാനത്തിൽ വഹിച്ച സൂത്രധാരത്വവും നിർണ്ണായകമായ പങ്കും അതിന്റെ പശ്ചാത്തലവും എന്തായിരുന്നുവെന്നു കാണിക്കാനാണു് ഇത്രയും ആമുഖമായി പ്രസ്താവിച്ചതു്. സാമൂഹിക പരിഷ്കരണ ശ്രമങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ അവ രണ്ടുതരത്തിലാണു് യുഗപുരുഷന്മാർ നിർവഹിച്ചതെന്നു കാണാം. ഒന്നു് സമൂഹത്തിന്റെ അന്തസ്സത്തയും അതിൽ സുപ്തപ്രായമായി കിടക്കുന്ന മംഗലമഹാശക്തിയും ജനങ്ങൾ നിർവഹിക്കേണ്ട ചരിത്രപരമായ കടമയും ചൂണ്ടിക്കാട്ടി അവരെ ഉണർത്തുക; രണ്ടു്, സമൂഹത്തിന്റെ ചേതന കരണ്ടുതിന്നുന്ന അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, അസമത്വങ്ങൾ, അനൈക്യം എന്നിവ സയുക്തികം എടുത്തുകാട്ടി അവയോടു വിട്ടുവീഴ്ചയില്ലാത്ത ആശയ സമരം നടത്തി സമൂഹത്തെ മുന്നോട്ടു നയിക്കുക. ഇവയിൽ ഒന്നാമത്തെ മാർഗ്ഗം ചട്ടമ്പിസ്വാമികളും രണ്ടാമത്തേതു് ശ്രീനാരായണഗുരുവും സ്വീകരിച്ചു.

''സ്നേഹവും ജീവകാരുണ്യവും ആയിരുന്നു സ്വാമികളുടെ ജീവിതസന്ദേശം. തന്റെ പര്യടനങ്ങൾക്കിടയ്ക്കു് ആവിശിഷ്ടഗുണങ്ങളുടെ പ്രായോഗികതയെ സ്വന്തം പ്രവൃത്തികൾ കൊണ്ടുതന്നെ വിശദീകരിച്ചുകൊടുത്തു. സൗഹാർദ്ദമയവും ലോകോത്കർഷസാധകവുമായരീതിയിൽ ജനസമ്പർക്കം പുലർത്തിവന്ന സ്വാമികൾ സംഘടിതമായ സാമൂഹികപ്രവർത്തനങ്ങൾക്കൊന്നും ഉദ്യുക്തനായില്ല. എങ്കിലും കേരളത്തിലെ സാമൂഹിക പരിവർത്തന ചരിത്ര

---

1. കെ. മഹേശ്വരൻ നായർ, (മലയിൻകീഴു്) – ശ്രീനാരായണന്റെ ഗുരു. (പേജു്. 23, 24) വിദ്യാധിരാജ അക്കാദമി, തിരുവനന്തപുരം. 1974.

2. പി.കെ. ഗോപാലകൃഷ്ണൻ കേരളത്തിന്റെ സാംസ്കാരിക ചരിത്രം (പേജു് 527) രണ്ടാം പതിപ്പു്, 1984.

3. കെ. ബാലരാമപ്പണിക്കർ – ചട്ടമ്പിസ്വാമി ശതാബ്ദസ്മാരക ഗ്രന്ഥം. (പേജു്. 222) (1953)

ത്തിൽ അവിസ്മരണീയമായ പങ്കുവഹിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. തികച്ചും നവീനങ്ങളായ പല ആശയങ്ങളും സ്വാമികൾ പ്രചരിപ്പിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ടു് പൊതുവേ സംസിദ്ധമായി വന്ന പരിവർത്തനൗത്സുക്യത്തെ സ്വാമികളുടെ ആശയങ്ങൾ അസാമാന്യമാംവിധം പ്രചോദിപ്പിച്ചു തുടങ്ങി. കേരളത്തിൽ ബ്രാഹ്മണരുടെ ആധിപത്യംമൂലം സംഭവിച്ചിട്ടുള്ള സാമൂഹികാസമത്വങ്ങളെ ധ്വംസിക്കുവാൻ ഇത്രഫലപ്രദമായ വിധം യത്നിച്ച മറ്റൊരു വ്യക്തി ഉണ്ടായിരുന്നില്ല. കേരളീയമായ സംസ്കാരത്തിന്റെ ഉദ്ധർത്താവായ സ്വാമികൾ ആര്യസംസ്കാരംതന്നെ ദ്രാവിഡസംസ്കാരത്തോടു് കടപ്പെട്ടിട്ടുള്ളതാണെന്ന വാദത്തെ മുറുകെപ്പിടിച്ചിരിക്കുന്നു.''

''ദൈവാധീനം ജഗത്സർവം
മന്ത്രാധീനം തു ദൈവതം
തൻമന്ത്രം ബ്രാഹ്മണാധീനം
ബ്രാഹ്മണോ മമ ദൈവതം''

ഇതായിരുന്നു അന്നത്തെ പ്രമാണം. ഒരുകാലത്തു് കേരളത്തിൽ അരചാണ്ടിരുന്ന നാകവർഗ്ഗം ബ്രാഹ്മണാധിപത്യം സ്ഥാപിതമായതോടെ ദുർബലവും ശിഥിലവുമായി. അതിനുശേഷം വീണ്ടും അവർക്കു ശക്തി ലഭിച്ചതു് ചട്ടമ്പിസ്വാമികളുടെ ആവിർഭാവത്തോടെയാണു്. അദ്ദേഹത്തിന്റെ ഗുരുവായിരുന്നു ആത്മാനന്ദ സ്വാമികൾ എന്നറിയപ്പെട്ട ഒരു ചാന്നാർ. സ്വാമികളുടെ ജാത്യഭിമാനശൂന്യത ഇതിൽനിന്നു വ്യക്തമാണു്. ബ്രാഹ്മണാധിപത്യത്തിന്റെ അർത്ഥശൂന്യത പ്രകാശിപ്പിക്കുന്നതിനു വേണ്ടിയാണു് അദ്ദേഹം 'പ്രാചീനമലയാളം' എഴുതിയതു്. ബ്രാഹ്മണർ എഴുതിപ്പിടിപ്പിച്ച ചരിത്രാഭാസത്തെ അദ്ദേഹം യുക്തിപൂർവം ഖണ്ഡിച്ചു. ഈശ്വരസൃഷ്ടങ്ങളായ വേദങ്ങൾ അബ്രാഹ്മണർക്കു പഠിക്കാൻ അധികാരമില്ലെന്നു് ബ്രാഹ്മണർ തലമുറകളായി ആളുകളെ വിശ്വസിപ്പിച്ചിരുന്നു. വേദോപനിഷത്തുകളുടെ സഹായത്തോടെ ഈ അന്ധവിശ്വാസം സ്വാമികൾ തകർത്തു. സമുദായ പരിഷ്കരണത്തിനുവേണ്ടി പ്രവർത്തിച്ചിരുന്നവർക്കെല്ലാം ഈ ആശയഗതി ഒരു പുതിയ വെളിച്ചം പകർന്നു. സി. കൃഷ്ണപിള്ള തുടങ്ങിയ നായർ സമുദായപ്രവർത്തകർ, നിലകണ്ഠതീർത്ഥപാദരെപ്പോലുള്ള ആദ്ധ്യാത്മിക പ്രവർത്തകർ മുതലായവർക്കു് അവരവരുടെ കർമപദ്ധതികൾ രൂപപ്പെടുത്തുന്നതിനു് ചട്ടമ്പിസ്വാമികളുടെ ആശയങ്ങൾ വളരെയധികം സഹായകമായി.

നൂറ്റാണ്ടുകളായി അടിമത്തത്തിൽ കഴിഞ്ഞിരുന്ന ശൂദ്രരു

ടെയും അവർക്കുതാഴെയുള്ള പതിതരുടെയും ഉണർവും ഉയിർത്തെഴുനേല്പും കൊണ്ടേ കേരളത്തെ പുരോഗതിയിലേയ്ക്കു് നയിക്കാൻ സാധ്യമാവൂ എന്നു് സ്വാമികൾ മനസ്സിലാക്കി. അതിനു വേണ്ടി രചിച്ച രണ്ടു ഗ്രന്ഥങ്ങളാണു് പ്രാചീനകേരളവും വേദാധികാര നിരൂപണവും.

കേരളത്തെ ഭ്രാന്താലയമാക്കി മാറ്റിയ ജാതിവ്യവസ്ഥയ്ക്കെതിരെ രണ്ടുതരത്തിലുള്ള സമര മുഖങ്ങൾ അദ്ദേഹം തുറന്നു. ആദ്യമായി ഈഴവർ തുടങ്ങിയ അക്കാലത്തെ അയിത്ത ജാതിക്കാരുമായി അദ്ദേഹം നിരന്തര സമ്പർക്കം നടത്തി. പേട്ടയിൽ പരമേശ്വരൻ, വെളുത്തേരി കേശവൻ വൈദ്യൻ, പെരുന്നെല്ലി കൃഷ്ണൻ വൈദ്യൻ, തുടങ്ങിയ ഈഴവസമുദായാംഗങ്ങൾ സ്വാമികളുടെ ഉറ്റ സുഹൃത്തുക്കളായിരുന്നു. അവരുമായി പുലർത്തിയിരുന്ന നിരന്തര ബന്ധം അന്നത്തെ യാഥാസ്ഥിതികനായർപ്രമാണിമാരുടെ കടുത്ത വിമർശത്തിനും ഗൂഢപരിഹാസത്തിനും പാത്രമായി. എന്നാൽ അതിവർണ്ണാശ്രമിയായ ആ യതീന്ദ്രൻ അതൊന്നും വകവച്ചില്ല.

പിന്നോക്കജാതികളുടെ വളർച്ചയുടെയും സവർണഹിന്ദുക്കളിൽ വളർന്നുവന്ന അവബോധത്തിന്റെയും തെളിവായി ചട്ടമ്പിസ്വാമികളുടെയും ശ്രീനാരായണഗുരുവിന്റെയും പ്രവർത്തനങ്ങളെ ചിലർ വിലയിരുത്തുന്നു.[1] സമൂഹത്തിലെ ദുരാചാരങ്ങളെ ചോദ്യം ചെയ്യാൻ പാരമ്പര്യത്തിന്റെ രൂപങ്ങളാണു് സ്വാമികളും മറ്റും സ്വീകരിച്ചതെന്നും അതിനാൽ ജാതിമതഭേദങ്ങൾ ഇല്ലാതാക്കാനുള്ള പ്രസ്ഥാനത്തിനു് പരമ്പരാഗത വിശ്വാസങ്ങളെതകർക്കാൻ കഴിഞ്ഞില്ലെന്നും അവർ ചൂണ്ടിക്കാട്ടുന്നു. അക്കാലത്തെ പ്രസിദ്ധരായ സാമൂഹിക പ്രവർത്തകരെല്ലാം കഴിയുന്നതും പാരമ്പര്യത്തിന്റെ രൂപങ്ങൾ സ്വീകരിച്ചുകൊണ്ടാണു് സാമൂഹിക പരിവർത്തനത്തിനു ശ്രമിച്ചതു്. അതൊരു കുറവല്ല. ഒറ്റയടിക്കുള്ള പരിഷ്കാരത്തിനു് സമൂഹത്തെ വിധേയമാക്കിയാൽ സമൂഹം അതുൾക്കൊള്ളുകയില്ലെന്നു് ഗുരുദേവനെയും ചട്ടമ്പിസ്വാമികളെയും പോലുള്ള യതീന്ദ്രന്മാർക്കു അറിയാമായിരുന്നു. അവരിൽനിന്നും നേതൃത്വവും ശക്തിയും സംഭരിച്ചാണു് പിന്നീടു രൂപംകൊണ്ട സാമൂഹിക സംഘടനകൾ, സമൂഹപരിഷ്കരണത്തിനു് ശ്രമിച്ചതെന്ന കാര്യം നാം മറക്കരുതു്.

1941 ലെ സെൻസസ്, റിപ്പോർട്ടിൽ ചട്ടമ്പിസ്വാമികളുടെ പ്രവർത്തനങ്ങളെ ഇങ്ങനെ വിലയിരുത്തിയിരിക്കുന്നു.

"ഹിന്ദുമതത്തിലേയ്ക്കു് ഇതരമതതത്ത്വങ്ങളുടെ അനിയന്ത്രിതമായ സംക്രമണം നിമിത്തം നാശോന്മുഖമായ ഒരു ദുഷിച്ച

1. കെ. എൻ. ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ 1990. കേരളസാംസ്കാരിക വകുപ്പിന്റെ പ്രസിദ്ധീകരണം. പേജു്. 380

ചിന്താഗതി ജനതാമദ്ധ്യത്തിൽ ഉദ്ഭൂതമാകുകയും, പാവനമായ മത സിദ്ധാന്തങ്ങളുടെ പ്രചോദനത്താൽ സമുദായത്തിനു ലഭിക്കേണ്ട പ്രശാന്തസുന്ദരമായ നില നഷ്ടമാകുകയും ചെയ്തു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി, ഈ വ്യത്യാസം ഹിന്ദുമതത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. മതസംബന്ധമായി അത്തരം ഒരു മാന്ദ്യവും അലസതയും സാധാരണ ജനങ്ങളുടെ ഇടയിൽ ആവിർഭവിക്കുകയും, ഗംഭീരങ്ങളായ മതതത്ത്വങ്ങൾ അബദ്ധജടിലങ്ങളായ ചില അനാചാരങ്ങളുടെ കൂത്തകമാത്രമായി രൂപാന്തരപ്പെടുകയും ചെയ്തു. അങ്ങനെയുള്ള സന്ദർഭത്തിലാണു് തിരുവിതാംകൂറിൽ ശ്രീ ചട്ടമ്പിസ്വാമികളുടെ ആവിർഭാവമുണ്ടായതു്. അദ്ദേഹം വിനാശകരമായ മേല്പറഞ്ഞ ആപത്തിൽനിന്നു് ഹിന്ദുക്കളെ തട്ടിയുണർത്തി, ജീവിതത്തിനു് ഒരുദ്ദേശ്യവും ഒരു ലക്ഷ്യവും ഉണ്ടെന്നുള്ള പരമാർത്ഥം ഉദ്ബോധിപ്പിച്ചു.

തന്റെ അതിലളിതമായ ജീവിതരീതിയാലും സാധാരണ ജനങ്ങളുമായുള്ള താദാത്മ്യത്താലും അദ്ദേഹം എരിഞ്ഞണയാറായ ഹിന്ദുമത ജ്യോതിസ്സിനു് ഉത്തേജനവും ചൈതന്യവും വീണ്ടും നല്കുകയും ചെയ്തു. അദ്ദേഹം നിർവഹിച്ചിട്ടുള്ള കാര്യങ്ങളെല്ലാം തന്നെ കുശാഗ്രബുദ്ധിയും, ദൂരവീക്ഷണപടുത്വവും സൂക്ഷ്മദൃഷ്ടിയുമുള്ള അതിസമർത്ഥനായ ഒരു പ്രവാചകന്റെയോ, പ്രതിഭാശാലിയായ ഒരു ലോകാചാര്യന്റെയോ ജോലികളായിരുന്നു.

അദ്ദേഹം സമർത്ഥിച്ചിട്ടുള്ള ഒരു തത്ത്വം, ഗൃഹസ്ഥാശ്രമിക്കും, ആത്മനിർവൃതി സ്വായത്തമാക്കാൻ സാധിക്കുമെന്നും, സന്യാസവും ലോകജീവിതവും ഐകരൂപ്യമില്ലാത്തവയാണെന്നു് തെറ്റിദ്ധരിച്ചിട്ടു് ആവശ്യമില്ലെന്നും ഉള്ളതാണു്. ഹിന്ദുധർമത്തിനു് നവജീവനും, ചൈതന്യവും നല്കി വീണ്ടെടുത്തതിൽ, അദ്ദേഹത്തിനു് ഒരു പ്രധാന പങ്കുണ്ടു്. അതിന്റെ മാന്ദ്യാവസ്ഥയിൽ അതിനെ അങ്ങനെ തുടരാൻ അനുവദിച്ചിരുന്നെങ്കിൽ ആയിടയ്ക്കും അതിനു ശേഷവും വിദേശങ്ങളിൽ നിന്നു് ശക്തിമത്തായി പ്രവഹിച്ചുകൊണ്ടിരുന്ന ഇതരമതതത്ത്വങ്ങളുമായുണ്ടായ വിലക്ഷണസങ്കലനത്തിൽനിന്നു് വേർപിരിക്കാൻ അസാദ്ധ്യമായ രീതിയിൽ ലയിച്ചു പോകുമായിരുന്നു."[1]

"ജാതിവ്യവസ്ഥയ്ക്കെതിരായി അവിടുന്നു് ഒരു സംഘടനയോ ബഹുജനപ്രസ്ഥാനമോ കെട്ടിപ്പടുത്തില്ലെന്നതു ശരിതന്നെ. പക്ഷേ, ദൂരവ്യാപിയായ, പ്രചണ്ഡമായ ഒരു ചിന്താവിപ്ലവത്തിനു് ബീജാവാപം ചെയ്യുവാൻ ഉത്പതിഷ്ണുവും സ്വതന്ത്രവിചാര പ്രഭ

1. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദസ്മാരകഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്നതു്. പേജു്. 91, 92.

ใหม่ที่ได้รับการปรับปรุงเป็นอย่างดี ในสภาพที่สามารถใช้งานได้

ห้องเรียนที่ได้รับการปรับปรุงใหม่ ในสภาพที่สามารถใช้งานได้

เรือนไทยหลังใหญ่ที่ตำบลบางปะหัน จังหวัดพระนครศรีอยุธยา

เก้าอี้ทรงพระราชดำเนินเสด็จประพาสต้น ที่ตำบลบางปะหัน จังหวัดพระนครศรีอยุธยา

ഗുണ്ടർട്ട് – തലശ്ശേരി വീട്

ഗുണ്ടർട്ട് വീടിന്റെ ഇപ്പോഴത്തെ ഉടമസ്ഥനായ ഡോ. പി. ഗോപാലൻ

ภาพที่ ๑๐ ปรางค์ประธานวัดพระศรีรัตนมหาธาตุ จังหวัดลพบุรี

ภาพที่ ๑๑ ปรางค์ประธานวัดพระศรีรัตนมหาธาตุ จังหวัดลพบุรี
ภายในมีพระพุทธรูปปางมารวิชัยประดิษฐานอยู่

വിഷ്ണവുമായ ആ മനുഷ്യസ്നേഹിക്കു സാധിച്ചു എന്നതു് നിർവിവാദമാണു്. മനുഷ്യമസ്തിഷ്കങ്ങളാണല്ലോ എല്ലാ വിപ്ലവങ്ങളുടെയും പ്രഭവസ്ഥാനം. അദ്വൈതദർശനത്തിന്റെ വെളിച്ചത്തിൽ, ജാതികൾ തമ്മിലുള്ള ഔത്തരാധര്യബുദ്ധിയുടെ അർത്ഥശൂന്യത അവിടന്നു തുറന്നു കാട്ടി; മറിച്ചു്, സ്നേഹശ്രൃംഖലകൊണ്ടുബദ്ധമായ ഒരു നൂതനവ്യവസ്ഥിതി കെട്ടിപ്പടുക്കുവാനായിരുന്നു അവിടത്തെ ഉദ്യമം ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കേരളത്തിലൊട്ടാകെ വീശിയടിച്ച സാമൂഹ്യപരിഷ്കരണ വാത്യയുടെ പ്രാദുർഭാവസ്ഥാനവും പ്രചോദകശക്തിയും ഒരു വലിയ അളവിൽ ആ മഹാധിഷണന്റെ ആദർശങ്ങളും ജീവിതവുമായിരുന്നു.''[1]

''അയിത്തം കൊടികുത്തിവാണിരുന്ന കാലത്തു്, അതിനെ അംഗീകരിക്കാതെ, നാരായണഗുരുസ്വാമികളെയും കൊണ്ടു് സവർണഗൃഹങ്ങളിൽ കടന്നുചെന്നിരുന്ന ശ്രീ ചട്ടമ്പിസ്വാമികൾ ജാതിക്കും അയിത്തത്തിനും അതീതമായി ജീവിക്കുന്നതെങ്ങനെ എന്നു കാണിച്ചു കൊടുത്തു. ജാതിവിചാരിക്കരുതു്, ചോദിക്കരുതു്, പറയരുതു്, എന്നു നാരായണഗുരു ഉപദേശിച്ചു. അങ്ങിനെ അദ്ദേഹം ഉപദേശിക്കുന്നതിനു മുമ്പുതന്നെ ശ്രീ ചട്ടമ്പിസ്വാമികൾ അങ്ങിനെ ജീവിച്ചു കാണിച്ചു'' [2]

മഹാരാഷ്ട്രത്തിൽ ഫുലെയും അംബേദ്കറും തമിഴ്നാട്ടിൽ രാമസ്വാമിനായ്കരും അണ്ണാദുരൈയും എല്ലാം സംഘടനകൾ ഉണ്ടാക്കി അതിലൂടെയാണു് ജാതിക്കും അനാചാരങ്ങൾക്കും എതിരായ സമരത്തിനു് രൂപംകൊണ്ടതു്. എന്നാൽ ഒരുസമുദായത്തിന്റെയും പിൻബലമില്ലാതെ തന്റെ തൂലികയും നിശ്ശബ്ദമായ പ്രവർത്തനവുംകൊണ്ടാണു് ചട്ടമ്പിസ്വാമികൾ ജാതി ജന്മിത്തത്തിനുമെതിരെ പടപൊരുതിയതു്. മഹാരാഷ്ട്രത്തിലും തമിഴ്നാട്ടിലും ഹിന്ദുമതത്തെ നിഷേധിച്ചുകൊണ്ടാണു് പലരും ജാതിവിരുദ്ധ സമരങ്ങൾക്കു നേതൃത്വം കൊടുത്തതു്. എന്നാൽ ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുദേവനും ഹിന്ദുമതത്തിൽ അടിയുറച്ചുനിന്നുകൊണ്ടാണു് തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിച്ചതു്. ഹിന്ദുമതത്തിന്റെ ആധാരഗ്രന്ഥങ്ങളായ വേദോപനിഷത്തുകൾ ജാതിചിന്തയ്ക്കതീതമായ മാനവികതയെ വാഴ്ത്തുന്നവയാണെന്നു് അവർ സയുക്തികം ചൂണ്ടിക്കാട്ടി. പല കാലങ്ങളിലായി ഹിന്ദുമതത്തിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ അടിച്ചുമാറ്റാൻ അവർ ജനതയെ ഉദ്ബോധിപ്പിച്ചു. മതത്തിന്റെ യഥാർത്ഥസത്ത ഉൾക്കൊണ്ടുകൊണ്ടു്, സമത്വത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു സമൂഹസൃഷ്ടി

---

1. സി. പി. നായർ, ഐ.എ.എസ്സ്. ഗുരുപ്രണാമം, 1974 പേജു്. (55)

2. ഏ.പി. ഉദയഭാനു, ഗുരുപ്രണാമം 1974 പേജു് (85)

യാണു് ഇന്നത്തെ യുഗധർമമെന്നു് സ്വന്തം ജീവിതംകൊണ്ടു് ആ ഗുരുവര്യന്മാർ ജനതയെ പഠിപ്പിച്ചു. ഈ ലക്ഷ്യപ്രാപ്തിക്കു് ഏറ്റുമുട്ടലിന്റെ മാർഗ്ഗം ഒരിക്കലും അവർ സ്വീകരിച്ചില്ല. പില്ക്കാലത്തു് ജന്മിത്തത്തിനും ജാതിക്കും എതിരായി സധൈര്യം സമരം ചെയ്യുന്നതിനു് കേരളീയർക്കു് ചട്ടമ്പിസ്വാമികൾ നല്കിയ രണ്ടു നിശിതായുധങ്ങളായിരുന്നു 'പ്രാചീനമലയാളവും' 'വേദാധികാര നിരൂപണവും'.

വിത്തവും വിദ്യയും നൂറ്റാണ്ടുകളായി കൈയടക്കി വച്ചിരുന്ന ബ്രാഹ്മണമേധാവിത്വത്തിന്റെ അടിത്തറ തകർത്തു് കേരളത്തിലെ സാമൂഹിക പരിഷ്കരണത്തിനുള്ള രാജവീഥി വെട്ടിത്തെളിച്ചതു് ചട്ടമ്പിസ്വാമികളാണു്. 'There are many problems in Kerala, political, economic, social and cultural. All these problems can receive light from Chattampi Swamigal's ideas and teachings.'[1] എന്നിങ്ങനെയാണു് കേരളത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടായ നവോത്ഥാനത്തിനു് ചട്ടമ്പിസ്വാമികളുടെ സംഭാവന ഡോ. ജി രാമചന്ദ്രൻ വിലയിരുത്തുന്നതു്.

കൃതികൾ, നിശ്ശബ്ദമായി ഒറ്റയ്ക്കുള്ള പ്രവർത്തനം, മുതലായവയിലൂടെ അന്ധവിശ്വാസം, അനാചാരം, അടിമത്തം, എന്നിവയുടെ കോട്ടകൾ തകർത്തു്, ആദ്ധ്യാത്മിക വൈജ്ഞാനിക സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ വിപ്ലവകരങ്ങളായ പരിവർത്തനങ്ങൾ വരുത്തി ആധുനിക കേരളത്തിന്റെ സൃഷ്ടിക്കു് കനത്ത സംഭാവനകൾ നല്കിയ നവോത്ഥാനനായകന്മാരിൽ അഗ്രേസരനായിരുന്നു ശ്രീ ചട്ടമ്പിസ്വാമികൾ.

---

1. വിദ്യാധിരാജ പ്രബന്ധസുധ. I. XXVIII.

ശ്രീ വിദ്യാധിരാജ ദർശനത്തിന്റെ ആനുകാലിക പ്രസക്തി

കെ. ജനാർദ്ദനൻ പിള്ള,
ജ്യോത്സ്ന, പട്ടം.

സ്വജീവിതകാലത്തു് വലിയ ഒരു ശിഷ്യസമ്പത്തുണ്ടാക്കാനോ, തന്റെ പേരിൽ ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കാനോ ഒരുമ്പെടാത്ത ഒരു മഹാപുരുഷനായിരുന്നു പരമ ഭട്ടാരക ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമി തിരുവടികൾ. രാജ്യവും അന്നത്തെ സമൂഹവും അഭിമുഖീകരിച്ച പ്രശ്നങ്ങൾക്കു് എങ്ങനെ പരിഹാരം കാണണമെന്നു് സ്വന്തം ജീവിതചര്യകളിലൂടെത്തന്നെ കാണിച്ചുകൊടുക്കുകയായിരുന്നു അദ്ദേഹം ചെയ്തതു്. മറ്റുവിധത്തിൽ പറഞ്ഞാൽ താൻ സ്വാംശീകരിച്ച ഒരു കർമ്മപദ്ധതി പ്രയോഗിച്ചുകാണിച്ചു് തന്റെ അനുയായികൾക്കു് മാർഗ്ഗദർശനം നല്കുകയായിരുന്നു അദ്ദേഹം. ഇവിടെ സൂചിപ്പിച്ച പശ്ചാത്തലത്തിനു് ഒരു വിശദീകരണം നല്കുന്നതു് സ്വാമിജിയുടെ പ്രവർത്തനത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ സഹായിച്ചേക്കും.

19-ാം നൂറ്റാണ്ടിന്റെ പകുതിയായപ്പോഴേയ്ക്കും വിദേശീയാധിപത്യത്തിൻകീഴിൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു ജനത ലക്ഷ്യബോധമില്ലാതെ ഉഴലുന്ന ഒരു ശോചനീയാവസ്ഥയിലായിരുന്നു ഈ രാജ്യം. ബ്രിട്ടീഷുകാർക്കു് കീഴ്വഴങ്ങി തങ്ങളുടെ അധികാരം പുലർത്തിവന്ന രാജാക്കന്മാരും, അവരുടെ പാർശ്വവർത്തികളും ജനങ്ങളെ പീഡിപ്പിക്കുന്നതിലാണു് ആഹ്ലാദം തേടിയതു്. ജനങ്ങളുടെ ഇടയിലുണ്ടായിരുന്ന മതപരമായ വിഭാഗീയചിന്തകളെ പെരുപ്പിച്ചു് അവരെ തമ്മിലടിപ്പിക്കുകയും ബ്രിട്ടീഷ് മേൽക്കോയ്മ അനുവർത്തിച്ച 'വിഭജിച്ചു ഭരിക്കുക' എന്ന നയം ചെറിയതോതിൽ സ്വന്തം വാഴ്ചയ്ക്കു് ആധാരമായി സ്വീകരിക്കുകയുമാണു് അവർ ചെയ്തതു്. വേദ

ങ്ങളിലേയും പുരാണങ്ങളിലേയും അനുശാസനങ്ങളെ തെറ്റായി വ്യാഖ്യാനിച്ച്, ഭൂരിപക്ഷം ഹിന്ദുക്കളടങ്ങിയ ഇവിടുത്തെ ജനതയെ പല തട്ടുകളിലാക്കി, അവർക്ക് ഒരിക്കലും ഐക്യബോധമുണ്ടാകാത്ത ഒരു സാഹചര്യം അധികാരികൾ സൃഷ്ടിച്ചിരുന്നു. ജാതികളും ഉപജാതികളും എണ്ണത്തിൽ പെരുകി; അവർ തമ്മിലുള്ള അകൽച്ചയും വർദ്ധിച്ചു. സാമൂഹ്യ ബന്ധങ്ങൾക്ക് ഉറപ്പു നല്കുന്ന അന്യോന്യവിവാഹം തുടങ്ങിയവ അസാധ്യമായി എന്നുമാത്രമല്ല, ഒന്നിച്ചുകൂടാനും ഒന്നിച്ചാഹാരം കഴിക്കാനും വരെ വിലക്കുകളുണ്ടായി. തീണ്ടൽ, തൊടീൽ തുടങ്ങിയ ഹീനമായ അനാചാരങ്ങളിലൂടെ ചില വിഭാഗങ്ങൾക്ക് സ്വതന്ത്രമായി വഴിനടക്കാൻപോലും തടസ്സങ്ങളുണ്ടായിരുന്നു. ഭരണകൂടത്തോടു് അടുപ്പമുള്ള വിഭാഗങ്ങൾ സമൂഹത്തിൽ ഉന്നതപദവി നേടുകയും, താഴേക്കിടയിലുള്ളവർ, വിദ്യാഭ്യാസം ചെയ്യാനും മറ്റുമുള്ള അവസരംപോലും നിഷേധിക്കപ്പെട്ടവരായിത്തീരുകയും ചെയ്തു. സവർണ്ണരെന്നും അവർണ്ണരെന്നും ജനങ്ങളെ വിഭജിച്ചുനിർത്തുന്ന കൂറ്റൻ മതിൽക്കെട്ടുകൾക്ക് ഭരണകർത്താക്കൾ സംരക്ഷണം നല്കി. ഈ അനാചാരങ്ങൾക്ക് ആധികാരികത്വം നല്കാൻ, സമൂഹത്തിൽ മേധാവിത്വംവഹിച്ചുവന്നവർ പഴയ ഗ്രന്ഥങ്ങളിൽനിന്നെന്നു പറഞ്ഞ് നീതിവാക്യങ്ങൾ ഉദ്ധരിച്ചു. യഥാർത്ഥ ചരിത്രസത്യങ്ങൾ മറച്ചുവച്ചിട്ട്, കേരളോത്പത്തിയെപ്പറ്റിയും മറ്റും അവരുടെ മനോധർമ്മമനുസരിച്ച് കഥകൾ സൃഷ്ടിച്ചു. ജാതിവ്യവസ്ഥയും അതു നല്കുന്ന പ്രത്യേക അവകാശങ്ങളും അരക്കിട്ടുറപ്പിക്കാൻ സ്മൃതികൾ നിർമ്മിച്ചു. ലോകംകണ്ടിട്ടുള്ള തത്ത്വസംഹിതകളിൽവച്ച് ഏറ്റവും ഉദാത്തമായിട്ടുള്ള അദ്വൈതസിദ്ധാന്തത്തിന്റെ പ്രയോക്താവായ ശ്രീ ശങ്കരനെപ്പോലും അവർക്കനുകൂലസാക്ഷിയാക്കി.

ഇങ്ങനെ അനാചാരജഡിലവും അന്യോന്യമാത്സര്യങ്ങളുടെ പടനിലവുമായിരുന്ന കേരളത്തിനു് വഴികാട്ടിയായി വന്ന അവതാരപുരുഷനായിരുന്നു സ്വാമിതിരുവടികൾ. അന്നത്തെ രീതിക്കുള്ള വിദ്യാഭ്യാസത്തിനുവേണ്ടി, പേട്ടയിൽ രാമൻപിള്ള ആശാന്റെ വീട്ടിൽപോകുന്ന കാലത്തുതന്നെ ബാലനായ കുഞ്ഞൻ ജാതിവ്യവസ്ഥകളെ ലംഘിച്ചു്, അവർണ്ണരുമായി സഹവസിക്കുകയും സഹഭോജനം നടത്തുകയും ചെയ്തു. അതിനെപ്പറ്റി ചോദ്യംചെയ്ത ഗുരുനാഥനു് അസാമാന്യപ്രതിഭനായ ആ ശിഷ്യൻ നല്കിയ മറുപടി സുവിദിതമാണു്. ഹൈന്ദവസമൂഹത്തിൽ പുരോഹിതത്വത്തിന്റെ പേരിൽ അവി

ഹിതമായ മേധാവിത്വം പുലർത്തിയ ബ്രാഹ്മണർക്കെതിരെ സ്വാമിജി ഒരു അപ്രഖ്യാപിത സമരം തന്നെ നടത്തി. 'പ്രാചീന കേരളം', 'വേദാധികാരനിരൂപണം' മുതലായ ഗ്രന്ഥങ്ങൾ ഈ സമരത്തിലെ മൂർച്ചയേറിയ ആയുധങ്ങളായിരുന്നു. അതിവർണ്ണാശ്രമിയായിരുന്ന സ്വാമിജി ജാതിവ്യവസ്ഥയുടെ ഫലമായുള്ള ഉച്ചനീചത്വങ്ങളെയൊന്നും ആദരിച്ചിരുന്നില്ല. സമാനചിന്താഗതിക്കാരായ പല ഈഴവരും അദ്ദേഹത്തിന്റെ ഉറ്റതോഴന്മാരും സഹചാരികളുമായിരുന്നു. അക്കൂട്ടത്തിൽ പിൽക്കാലത്ത് ശ്രീനാരായണഗുരുവായി ഉയർന്ന നാണു ആശാനും ഉണ്ടായിരുന്നു. ചിന്താശീലനായിരുന്ന ആ യുവാവിന്റെ ആത്മീയാഭിരുചിയും ജ്ഞാനാർത്ഥിത്വവും മനസ്സിലാക്കി അതിലേയ്ക്കാവശ്യമായ മാർഗ്ഗദർശനം അദ്ദേഹം നല്കി. പ്രബല ഹൈന്ദവ വിഭാഗമായ ഈഴവർക്കു മതപരമായ ഒരു നൂതനലക്ഷ്യബോധവും നേതൃത്വവും ശ്രീനാരായണഗുരുവിലൂടെ ലഭിച്ചതിൽ ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾക്കു് ചാരിതാർത്ഥ്യത്തിനവകാശമുണ്ടായിരുന്നു. എന്തെന്നാൽ ഭേദചിന്തകൾ വെടിഞ്ഞു് ഐക്യബോധത്തോടുകൂടി മുന്നേറുന്ന ഒരു ഹൈന്ദവസമൂഹത്തെയാണു് അദ്ദേഹം വിഭാവനചെയ്തതു്. എന്നാൽ ആ മഹാത്മാവു് സ്വയം ആചാര്യനായോ ആശ്രമസ്ഥാപകനായോ അറിയപ്പെടാൻ ആഗ്രഹിച്ചില്ല. സമുദായോത്തേജനത്തിനു് സ്വജീവിതംതന്നെ മുഖ്യനിദർശനമാകണമെന്നു മാത്രമേ അദ്ദേഹം കാംക്ഷിച്ചുള്ളു. പായൽപറ്റാത്ത ഒരു ഉരുളൻ കല്ലുപോലെ മമതാബന്ധം തെല്ലുമേശാത്ത ഒരു ജീവിതമായിരുന്നു അതു്.

ഈ നിർമ്മമത്വത്തിന്റെ വല്മീകത്തിൽ നിന്നു് അപൂർവ്വമായേ അദ്ദേഹത്തിന്റെ ശ്രദ്ധ ബാഹ്യമായ കാര്യങ്ങളിലേയ്ക്കു തിരിഞ്ഞിട്ടുള്ളു. അതിൽ ഒരു സന്ദർഭം അദ്ദേഹത്തിന്റെ സർവമത സഹിഷ്ണുതയ്ക്കു് അപവാദമായി ചിലർ തെറ്റിദ്ധരിച്ചിട്ടുണ്ടു്. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ക്രിസ്ത്യൻ പാതിരിമാർ മതപ്രചരണത്തിനും ഹിന്ദുക്കളിലെ അധഃസ്ഥിതവിഭാഗത്തിന്റെ മതപരിവർത്തനത്തിനും, വേണ്ടി സംഘടിതമായ ശ്രമം നടത്തിക്കൊണ്ടിരുന്നു. അവർ പലപ്പോഴും ക്ഷേത്രങ്ങളേയും ദേവന്മാരേയും ഹിന്ദുക്കളുടെ ആരാധനാക്രമങ്ങളെയും നിന്ദ്യമായ ഭാഷയിൽ അധിക്ഷേപിച്ചിരുന്നു. ഇതു നേരിൽ കാണാനും കേൾക്കാനും ഇടവന്ന സ്വാമിതിരുവടികൾ തന്റെ അനുയായികളിൽ ചിലരെ ഈ അധാർമ്മികത്വത്തെ എതിർക്കാൻ നിയോഗിക്കുകയുണ്ടായി. ഇതിലേയ്ക്കു് ഒരായു

ധമായി ക്രിസ്തുമതച്ഛേദനം എന്ന ലഘുഗ്രന്ഥം രചിക്കുകയും ചെയ്തു. ഈ പ്രത്യാക്രമണത്തിന്റെ രൂക്ഷതയിൽ പാതിരിമാർ മുട്ടുമടക്കി പിൻവാങ്ങി. വിദ്യാസമ്പന്നരായ ക്രിസ്ത്യാനികൾ തന്നെ അത്തരത്തിലുള്ള മതവിരോധത്തെ നിരുത്സാഹപ്പെടുത്തുകയും ചെയ്തിരിക്കാം. സ്വാമിജിക്കു് ക്രിസ്തുമതതത്ത്വങ്ങളെപ്പറ്റി ബഹുമാനമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം ക്രിസ്തുവിന്റെ ഉപദേശങ്ങളെ ശരിയായ രീതിയിൽ വ്യാഖ്യാനിക്കുകയും അങ്ങനെ യഥാർത്ഥ ക്രിസ്ത്യാനികളുടെ ആദരവു് ആർജ്ജിക്കുകയും ചെയ്തു. ചിത്രമെഴുത്തു് കെ.എം. വർഗ്ഗീസിനെപ്പോലുള്ള പ്രഗത്ഭമതികൾ സ്വാമിതിരുവടികളെപ്പറ്റി എഴുതിയിട്ടുള്ള ലേഖനങ്ങൾ ഇതിനു് സാക്ഷ്യം വഹിക്കുന്നു.

മതമോ, സിദ്ധാന്തഭേദമോ നോക്കാതെ എല്ലാമനുഷ്യരോടും സമഭാവനപുലർത്തിയ സ്വാമിതിരുവടികൾ ആ വിശാലവീക്ഷണവും കാരുണ്യവും ജന്തുലോകത്തിലേയ്ക്കും വ്യാപിപ്പിച്ചിരുന്നു. അഹിംസയെ ജീവിതത്തിന്റെ അടിസ്ഥാനപ്രമാണമായി ആദരിച്ച സ്വാമിതിരുവടികൾ, 'ജീവകാരുണ്യനിരൂപണം' എന്ന ഗ്രന്ഥത്തിൽ സൈദ്ധാന്തികമായി തന്റെ വാദമുഖങ്ങൾ സമാഹരിച്ചു് വിശിഷ്ടമായ ഒരു വിശ്വാസസംഹിതതന്നെ ജനങ്ങൾക്കു നല്കി. സമസൃഷ്ടങ്ങളോടുള്ള അദ്ദേഹത്തിന്റെ ഐശ്വരഭാവത്തിൽ പ്രാണിവർഗ്ഗം മുഴുവൻ സ്നേഹസാന്ദ്രമായി പ്രതികരിച്ചു. അതുനേരിൽ കണ്ടിട്ടുള്ള നിരവധി ആളുകൾ ആശ്ചര്യപൂർവ്വം ആ കഥകൾ രേഖപ്പെടുത്തിയിട്ടുണ്ടു്. അവയിൽനിന്നെല്ലാം വ്യക്തമാകുന്നതു് ജന്തുലോകത്തിലേയ്ക്കും വ്യാപിച്ച ഒരാകർഷണവലയം സ്വാമിതിരുവടികളെ ചൂഴ്ന്നുനിന്നിരുന്നു എന്നാണു്. സർവഭൂതസമത്വത്തിന്റെയും സാഹോദര്യത്തിന്റെയും മണ്ഡലമാണതു്. മതമാത്സര്യാദി ഹീനവികാരങ്ങൾക്കൊന്നും അവിടെ സ്ഥാനമില്ല. പുരാണങ്ങളിൽനിന്നും നാം അറിയുന്നുണ്ടു്, ലോകാനുഗ്രഹകാരികളായ യോഗിവര്യന്മാരുടെ ആശ്രമപ്രാന്തങ്ങളിൽ മൃഗങ്ങൾ അന്യോന്യവൈരം വെടിഞ്ഞു് ശാന്തരായി കഴിഞ്ഞിരുന്നുവെന്നു്. സ്വാമിതിരുവടികളെ സംബന്ധിച്ചും ഇതു് ശരിയായിരുന്നു. സഹജാവബോധത്തിൽനിന്നും സംജാതമാകുന്ന പരമശാന്തി- പരിസരത്തിലെത്തിയവർക്കെല്ലാം അതു് അനുഭൂതമായി.

താൻ സഞ്ചരിക്കുന്നിടത്തെല്ലാം ശാന്തിയുടെ അന്തരീക്ഷം സൃഷ്ടിക്കുവാൻ കഴിഞ്ഞ സ്വാമിതിരുവടികൾക്കു്

പ്രത്യേകമായ ഒരാശ്രമമോ താദൃശസങ്കേതമോ ആവശ്യമായിരുന്നില്ല. ധർമ്മതത്പരരായ ഗൃഹസ്ഥാശ്രമികളെ സന്ദർശിക്കുകയും, അവരോടൊത്തു് കുറേ ദിവസങ്ങൾ കഴിച്ചുകൂട്ടുകയും ചെയ്യുക എന്നുള്ളതു് അദ്ദേഹത്തിന്റെ ജീവിതചര്യയുടെ ഒരു ഭാഗമായിത്തീർന്നു. ധർമ്മാചരണത്തിന്റെ സന്ദേശം അങ്ങനെ സമൂഹത്തിൽ വ്യാപിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതിനു് പ്രചാരണത്തിന്റെ സ്വഭാവമേ ഇല്ലായിരുന്നു. സ്വജീവിതം തന്നെയായിരുന്നു അദ്ദേഹം കാണിച്ച മാതൃക. വിപുലമായ ഒരു ശിഷ്യപരമ്പരയേയോ, സന്ന്യാസിസമൂഹത്തേയോ അദ്ദേഹം ലക്ഷ്യമാക്കിയില്ല. അതേസമയം യഥാർത്ഥ ജിജ്ഞാസയാൽ പ്രേരിതരായി തന്നെ സമീപിച്ചവർക്കു് അദ്ദേഹം ആത്മജ്ഞാനസമ്പാദനത്തിനുള്ള മാർഗ്ഗങ്ങൾ ഉപദേശിച്ചുകൊടുത്തിരുന്നു.[1] "യജ്ഞോപവീതധാരണമോ, ഹോമമോ, തർപ്പണമോ ചെയ്യാതെതന്നെ ജിജ്ഞാസയുള്ള ഏതൊരു മനുഷ്യനും ആത്മജ്ഞാനമുണ്ടാകും" എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അതു് ശ്രുതിപ്രമാണസിദ്ധമാണെന്നു് അദ്ദേഹം യുക്തിപൂർവ്വം സ്ഥാപിച്ചു. വർണ്ണവ്യവസ്ഥമാത്രം അടിസ്ഥാനമാക്കിയുള്ള അധികാരികളെ അദ്ദേഹം അംഗീകരിച്ചില്ല. ശ്രദ്ധയാണു് പ്രധാനം– "ഗുരുഭക്തനും, വിദ്യയെ ശ്രവിക്കുന്നതിൽ ആദരവുള്ളവനും, ചിത്തചാഞ്ചല്യമില്ലാത്തവനും, ബുദ്ധിയും ബ്രഹ്മചര്യവുമുള്ളവനുമായ അധികാരിക്കേ ബ്രഹ്മവിദ്യ ഉപദേശിച്ചുകൊടുക്കാവൂ"[2] എന്ന ഉപനിഷദ്വാക്യത്തെ പ്രമാണമാക്കിയാണു് അദ്ദേഹം പ്രവർത്തിച്ചിരുന്നതു്. ബ്രഹ്മവിദ്യ, വേദാന്തജ്ഞാനം, ആത്മജ്ഞാനം, ജ്ഞാനയോഗം എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്ന വിഷയം ഒന്നുതന്നെയാണു്. അതത്രേ ആത്മസാക്ഷാത്ക്കാരം– ഞാൻ ബ്രഹ്മമാണെന്നുള്ള അപരോക്ഷാനുഭൂതി; അതുവെറും പുസ്തകജ്ഞാനമല്ല. സാധാരണക്കാരുടെ ഇടയിൽ ഇതിനെപ്പറ്റി വലിയ തെറ്റിദ്ധാരണ നിലവിലിരുന്നു. അതുകൊണ്ടുതന്നെ മുമുക്ഷുക്കളെന്നു് ഭാവിക്കുന്നവരെല്ലാം ജ്ഞാനഭിക്ഷ ലഭിക്കുവാൻ യോഗ്യരല്ല. ഇതായിരുന്നു സ്വാമിതിരുവടികളുടെ വിശ്വാസം. അതുകൊണ്ടു് ശിഷ്യരെ തെരഞ്ഞെടുക്കുന്നതിലും ഉപദേശം നല്കുന്നതിലും അദ്ദേഹം വിവേചനം പുലർത്തി. അതേസമയം തന്റെ ചുറ്റുമുള്ള സമൂഹവും അവരുടെ പരമ്പരയും ഒരു ധാർമ്മിക

---

1. ശ്രീ തീർത്ഥപാദ പരമഹംസസ്വാമികൾ എന്ന ഗ്രന്ഥത്തിൽനിന്നു്.
2. Do

ജീവിതം നയിക്കുവാൻ ആഗ്രഹിച്ചുകൊണ്ടു് അദ്ദേഹം അവർക്കു് മാർഗ്ഗദർശനം നല്കി.

സ്വാമിതിരുവടികളുടെ ഏതാദൃശമായ പ്രവർത്തനം പരിചിതവൃത്തങ്ങളിൽമാത്രം ഒതുങ്ങിനിന്നു. അതു കുറേക്കൂടി വ്യാപകമാക്കാമായിരുന്നില്ലേ; ആ ഉപദേശങ്ങൾ ഭാവി തലമുറകളിലേയ്ക്കുകൂടി സംക്രമിപ്പിക്കാൻതക്കവണ്ണം സ്ഥാപനങ്ങളോ, സംഘടനകളോ കെട്ടിപ്പടുക്കാമായിരുന്നില്ലേ; ഇതു് ഒരു കൃത്യവിലോപമായിപ്പോയില്ലേ? എന്നൊക്കെ സാമാന്യഗതിയിൽ സംശയിക്കാം. ത്രികാലജ്ഞാനിയായ അദ്ദേഹത്തിനു് ഇതിനൊക്കെ സമാധാനമുണ്ടായിരുന്നിരിക്കണം. മഹാന്മാരായ ആചാര്യന്മാരുടെ ജീവിതകാലത്തു് അവരുടെ പേരിൽ രൂപംകൊള്ളുന്ന സ്ഥാപനങ്ങൾ പിൽക്കാലത്തു് അവരുടെ ലക്ഷ്യങ്ങളിൽനിന്നും വ്യതിചലിക്കുന്നതും അവയുടെ വിശുദ്ധി നഷ്ടപ്പെട്ടുപോകുന്നതും സാധാരണ കാണാറുള്ള പ്രതിഭാസങ്ങളാണു്. പിൻഗാമികളുടെ അർപ്പണബോധക്കുറവുകൊണ്ടും അന്യോന്യമാത്സര്യംകൊണ്ടും സ്ഥാപനങ്ങൾ അധഃപതിക്കുന്നു. ആശ്രമത്തിനുപകരം ഒരു സ്ക്കൂളോ, നെയ്ത്തു ശാലയോ നടത്തുന്നതു് സമൂഹത്തിനു് കൂടുതൽ പ്രയോജനപ്രദമാകുമെന്നു് ചുമതലക്കാർ വാദിച്ചേയ്ക്കാം. കാലക്രമത്തിൽ സ്ഥാപകന്റെ വിശ്വാസപ്രമാണങ്ങൾതന്നെ വിസ്മൃതമായിപ്പോകുന്ന അനുഭവങ്ങളുണ്ടാകാറുണ്ടു്. ഇതൊക്കെ ആയിരിക്കാം സ്വാമിതിരുവടികൾ ആശ്രമസ്ഥാപനത്തിനു് മുതിരാത്തതിന്റെ ഒരു കാരണം. അദ്ദേഹം സ്വജീവിതത്തിൽക്കൂടി കാണിച്ചുകൊടുത്ത കർമ്മശുദ്ധിയും ലോകസംഗ്രഹവ്യഗ്രതയും തന്റെ അനുയായികളിലും പ്രസരിക്കുമെന്നും ആധ്യാത്മികത്വരയുടേതായ ഒരു നൂതനദർശനംതന്നെ സംജാതമാകുമെന്നും അദ്ദേഹം കരുതി. താൻ ഈ ലോകരംഗത്തുനിന്നുവിരമിച്ചിട്ടു് അരനൂറ്റാണ്ടു കഴിയുമ്പോൾ തന്റെ മാർഗ്ഗം തുടരാൻ ഒരു തലമുറയുണ്ടാകും എന്നു് സ്വാമിതിരുവടികൾ സ്വകാര്യസംഭാഷണമദ്ധ്യേ സൂചിപ്പിച്ചതായി കേട്ടിട്ടുണ്ടു്. ഇന്നു ജനമദ്ധ്യത്തിൽ ഉണ്ടായിട്ടുള്ള ആത്മീയമായ പ്രബുദ്ധത, ഈ ദീർഘദർശനത്തിന്റെ സാഫല്യമായി ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിച്ചേക്കാം.

20-ാംനൂറ്റാണ്ടു് അവസാനിക്കാറായി. മാനവചരിത്രത്തിലെ ഏറ്റവും സംഭവബഹുലവും നിർണ്ണായകവുമായ ഒരു കാലഘട്ടമായിരുന്നു ഇതു്. മനുഷ്യന്റെ ചിന്താസ്വാതന്ത്ര്യം വളർന്നുവളർന്നു് ഈശ്വര നിഷേധത്തിൽവരെ എത്തി.

"അടുത്തുനില്പോരനുജനെ നോക്കാനക്ഷികളില്ലാത്ത", സ്വാർത്ഥ തിമിരം ബാധിച്ച, ജനതതിക്കു് സർവഭൂതാനുകമ്പ ഒരു വിദൂരാദർശം മാത്രമാണു്. എന്നാൽ ഇതിനെല്ലാം ഭീകരമായ തിരിച്ചടികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പ്രകൃതിശക്തികളെ കീഴ്പ്പെടുത്തിയെന്നു് അഹങ്കരിച്ച മനുഷ്യൻ തനിക്കു് സങ്കല്പിക്കുവാൻ പോലും കഴിവില്ലാത്ത അത്യാഹിതങ്ങളെയും സർവനാശത്തെയും അഭിമുഖീകരിക്കുന്നു. രാഷ്ട്രീയമണ്ഡലത്തിൽ വിരുദ്ധവിശ്വാസങ്ങൾക്കുവേണ്ടി വീറോടെ നില്ക്കൊണ്ട കക്ഷിനേതാക്കന്മാർ തങ്ങളുടെ കാൽക്കീഴിലെ മണ്ണിളകുന്നതു് ബോദ്ധ്യപ്പെട്ടിട്ടു് വ്യത്യസ്ത ലക്ഷ്യങ്ങളിലേയ്ക്കു ശരണാർത്ഥികളായി പിൻതിരിയുന്നു. ഒരു വ്യർത്ഥതാബോധം പൊതുവേ സമൂഹത്തെ ബാധിച്ചിരിക്കുന്നു. ഇനി എവിടെയാണു് രക്ഷ എന്നാണു് എല്ലാവരും ഉറ്റുനോക്കുന്നതു്. മതാചാര്യന്മാരുടേയും പ്രവാചകന്മാരുടേയും ഉപദേശങ്ങൾക്കുപോലും സങ്കുചിതമായ ചില ലക്ഷ്യങ്ങളേ അവർ കാണുന്നുള്ളു. നിർവചനക്ഷമമല്ലാത്ത നിയോഗങ്ങളല്ല അവർക്കുവേണ്ടതു്. നിത്യസത്യങ്ങളിലേയ്ക്കു് വിരൽചൂണ്ടുന്ന, ജീവിതത്തിനു ശാന്തിപകരുന്ന ഒരു തത്ത്വസംഹിതയാണു് അവർക്കാവശ്യം. അങ്ങനെയൊരു കാഴ്ചപ്പാടാണു് വിദ്യാധിരാജദർശനം ഉൾക്കൊള്ളുന്നതു്. അതു ജാതിമതാദി ഭേദചിന്തകൾക്കതീതമാണു്. സർവഭൂതസമത്വവും അതിൽനിന്നുദിക്കുന്ന ജീവകാരുണ്യവും അഹിംസാദീക്ഷയുമാണു് അതിന്റെ വിശ്വാസപ്രമാണങ്ങൾ. ശ്രീശങ്കരൻ ഉദ്ഘോഷിച്ച അദ്വൈതചിന്തയ്ക്കുമപ്പുറത്തുള്ള ഉദാത്തമായ ലോകസംഗ്രഹദർശനം. അതു മനുഷ്യനെ ഈശ്വരനോടു് അടുപ്പിക്കുന്നു. ഒരുപക്ഷെ കഴിഞ്ഞകാലത്തു് ഇതു് ജീവിതത്തിന്റെ അടിസ്ഥാന പ്രമാണമായി സ്വീകരിച്ചതു് മഹാത്മാഗാന്ധി മാത്രമാണു്. എന്നാൽ ഗാന്ധിജിയുടെ തത്ത്വദീക്ഷ രാഷ്ട്രത്തിനു് ഒരു മുതൽക്കൂട്ടായി ലഭിച്ചില്ല, എന്നുമാത്രമല്ല രാഷ്ട്ര വ്യവഹാരത്തിൽ അദ്ദേഹത്തെ പിൻതുടർന്നവർ അതിനെ തെറ്റായി വ്യാഖ്യാനിക്കുകയും അന്യോന്യ മാത്സര്യത്തിനും വിഘടനവാദത്തിനും വഴിതെളിക്കുകയുമാണു് ചെയ്തതു്. അങ്ങനെ ആകെക്കൂടെ സമൂഹത്തിന്റെ കെട്ടുറപ്പുതന്നെ നഷ്ടപ്പെട്ടു് കലുഷമായ ഒരന്തരീക്ഷത്തിലാണു് നാം ജീവിക്കുന്നതു്.

മനുഷ്യനു് അവശ്യംവേണ്ടതായ ഉന്നതമായ ലക്ഷ്യബോധം വീണ്ടെടുക്കുവാനുള്ള ആത്മാർത്ഥമായ ഒരു

പരിശ്രമമാണു് ഇന്നാവശ്യം. ശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ ജീവിതവും സരളമായ ഉപദേശങ്ങളും ആത്മീയമായ ഉയർച്ചയ്ക്കുള്ള മാർഗ്ഗം കാണിച്ചുകൊണ്ടു് നമ്മെ മാടിവിളിക്കുന്നു. യാതൊരു ഭേദകല്പനയും കൂടാതെ ആ പ്രകാശത്തെ പിൻതുടരുക മാത്രമാണു് ലോകഹിതം കാംക്ഷിക്കുന്നവർ ചെയ്യേണ്ടതു്. പരമപവിത്രമായ ഈ അദ്വൈതചിന്തയുടെ ദീപവാഹകൻ എന്നുള്ള നിലയിലാണു് അദ്ദേഹത്തെ മഹാകവി ഉള്ളൂർ ''പ്രത്യഗ്ര ശങ്കരൻ'' എന്നു് വിശേഷിപ്പിച്ചതു്. മനുഷ്യരാശിയെ നേരിടുന്ന പ്രശ്നങ്ങൾക്കു പരിഹാരമായി ഇതിലും ഋജുവും ലളിതവുമായ വേറൊന്നു നിർദ്ദേശിക്കുവാനില്ല. സ്വാമിതിരുവടികളുടെ ലോകാനുഗ്രഹകാരിയായ സദ്ഗുരുഭാവത്തെ കുറെയെങ്കിലും മനസ്സിലാക്കാൻ ഈ ഗ്രന്ഥം സഹായക മാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. സ്വാമിതിരുവടികളുടെ ഇഷ്ടശിഷ്യനായിരുന്ന തീർത്ഥപാദപരമഹംസസ്വാമികളുടെ ''ഗുരുസ്തോത്രശതക''ത്തിൽ നിന്നു് ഒരു ശ്ലോകം ഉദ്ധരിച്ചുകൊണ്ടു് ഇതു് സമാപിക്കാം.

അദ്വൈതാനന്ദ പീയൂഷ ലഹരീമഗ്നമാനസം
ഭാവയേഭാവനാദൂരം ശ്രീഗുരുംശിശുനാമകം

ശ്രീ ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുദേവനും

പ്രൊഫ: ജഗതി വേലായുധൻ നായർ.

ജഗദ്ഗുരുവായ ശ്രീ ശങ്കരഭഗവദ്പാദർക്കു ജന്മമരുളിയ കേരളമാതാവു്, ഒരു സഹസ്രസംവത്സരത്തിനു ശേഷം ആദ്ധ്യാത്മിക പ്രപഞ്ചത്തിനു സംഭാവനചെയ്ത രണ്ടു വിശിഷ്ടരത്നങ്ങളാണു് ബ്രഹ്മശ്രീ ചട്ടമ്പിസ്വാമികളും, ശ്രീനാരായണഗുരുദേവനും. ആ വരിഷ്ഠഹീരങ്ങളിൽ നിന്നു പരന്നൊഴുകിയ പ്രകാശരേണുക്കൾ ഇന്നാട്ടിലെ ആദ്ധ്യാത്മികവും സാമൂഹികവുമായ അന്ധകാരതലങ്ങളിൽ വെളിച്ചം പകർന്നു. തിമിരാവൃതങ്ങളായ പലതും അങ്ങനെ പ്രകാശപൂരിതങ്ങളായി. ജാതിവർഗ്ഗവർണ്ണവികാരങ്ങൾക്കതീതരായി, സർവജനസമാദൃതരായി, സമലോഷ്ഠാശ്മകാഞ്ചനന്മാരായി ഏഴു ദശാബ്ദത്തിലേറെക്കാലം ഈ നാടിനു നന്മപകർന്നു് വിശ്രുതചരിതന്മാരായി വിരാജിച്ചരുളിയ ഈ രണ്ടുമഹർഷിമാരും കേരള ജനതയുടെ ആത്മീയ ഗുരുക്കന്മാരാണു്.

ശ്രീ ചട്ടമ്പിസ്വാമികളും, ശ്രീനാരായണഗുരുദേവനും തമ്മിലുള്ള ബന്ധം എന്തായിരുന്നു? ഗുരുശിഷ്യബന്ധമാണോ, അതോ സതീർത്ഥ്യബന്ധമാണോ? ശ്രീ ചട്ടമ്പിസ്വാമികളെ ശ്രീനാരായണഗുരുദേവന്റെ ഗുരുവായിട്ടുതന്നെയാണു് ഈ നാടറിയുന്നതു്. അറിഞ്ഞിട്ടുള്ളതും അങ്ങനെതന്നെ. വസ്തുസ്ഥിതികൾ വായിച്ചറിയാനുള്ള ശേഷിയും ശേമുഷിയുമുണ്ടെങ്കിലും ജാതിവികാരത്തിന്റെ പിടിയിൽനിന്ന് ഇനിയും വിട്ടുമാറിയിട്ടില്ലാത്ത ചിലർക്കല്ലാതെ, ഇന്നാട്ടിലെ വിവേകശാലികളായ ആർക്കും ഇക്കാര്യത്തിൽ സന്ദേഹമേ

യില്ല. ശ്രീനാരായണഗുരുദേവൻ തന്നെ വ്യക്തമായിപ്പറഞ്ഞിട്ടും വിശ്വാസം വരാത്തവരാണവർ. വിരുദ്ധവാദവുമായി രംഗത്തിറങ്ങിയിരിക്കുന്നതു് ഇക്കൂട്ടരാണു്. സത്യം അറിയാനോ, അറിയിക്കാനോ അല്ല, അതിനെ വികൃതമാക്കാനാണു് ഇവർ ശ്രമിക്കുന്നതു്. പകൽപോലെ പരമാർത്ഥമായ ഒരു വസ്തുത നിഷേധിക്കുന്നതുകൊണ്ടു് എന്തു സുകൃതമാണാവോ, ഇവർക്കു ലഭിക്കാനുള്ളതു്? അടുത്ത കാലത്തുപോലും ഈ ഗുരുശിഷ്യബന്ധത്തെപ്പറ്റിയുള്ള വിരുദ്ധവാദം പത്രപങ്തികളിൽ സ്ഥലം പിടിച്ചുകണ്ടു. അതുകൊണ്ടാണു് ഈ വിഷയത്തെക്കുറിച്ചു് സമഗ്രമായ ഒരു പഠനം നടത്തണമെന്നു തോന്നിയതു്.

ബ്രഹ്മശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ കൊല്ലവർഷം 1029 ചിങ്ങമാസം 11- ാം തീയതി (ക്രി: വ: 1853 ആഗസ്റ്റ് 25) വ്യാഴാഴ്ച തിരുവനന്തപുരത്തു കണ്ണമ്മൂലയിൽ തിരുവവതാരം ചെയ്തു്. എഴുപതു സംവത്സരക്കാലം ജീവനലീലകളാടിയ ശേഷം 1099 മേടം 23-ാം തീയതി (1924 മേയ് 5) പന്മനയിൽ ബ്രഹ്മവിലയം പ്രാപിച്ചു. ശ്രീനാരായണഗുരുദേവനാകട്ടെ, കൊല്ലവർഷം 1032 ചിങ്ങം 11-ാം തീയതി (1856 ആഗസ്റ്റ് 20) ചെമ്പഴന്തിയിൽ അവതരിച്ചു് എഴുപത്തിരണ്ടുവർഷം ജീവനവിനോദം തുടർന്നശേഷം 1104 കന്നി 5-ാം തീയതി (1928 സെപ്റ്റംബർ) മഹാസമാധി പ്രാപിച്ചു. ചട്ടമ്പിസ്വാമികളെക്കാൾ മൂന്നുവയസ്സും മൂന്നുദിവസവും പ്രായക്കുറവുള്ള ആളാണു് ശ്രീനാരായണഗുരുദേവൻ. 1883 മുതൽ 1924 വരെയുള്ള നാല്പത്തിയൊന്നു സംവത്സരക്കാലം ഇവർ തമ്മിലുള്ള ബന്ധം അവിരാമം പുലർന്നിരുന്നതായി സംഭവകഥകളും, ചരിത്രരേഖകളും തെളിയിക്കുന്നു.

ശ്രീനാരായണഗുരു ജനിച്ച സമയത്തു് പിതാവായ മാടനാശാൻ അന്നത്തെ ദേശാചാരമനുസരിച്ചു് വിവരം ചെമ്പഴന്തിപ്പിള്ളമാരുടെ കുടുംബത്തിൽപ്പെട്ട കണ്ണങ്കര അധികാരിയെ അറിയിക്കുകയും, ജ്യോതിശ്ശാസ്ത്രവിശാരദനായ അദ്ദേഹം ശിശുവിന്റെ ജാതകം ഗണിച്ചിട്ടു് 'ഈ കുഞ്ഞു് നിനക്ക് ഉതകുകയില്ല; ഇവൻ ഒരു മഹാസന്യാസിയായി പ്രസിദ്ധനാകും' എന്നു പ്രവചിക്കുകയും ചെയ്തത്രേ.[1] ശ്രീനാരായണഗുരുദേവനെ അക്ഷരവിദ്യതുടങ്ങിച്ചതും നായർ പ്രഭുവായ ഈ കണ്ണങ്കര അധികാരിതന്നെ. സ്വദേശത്തുതന്നെയായിരുന്നു

1. കേരളത്തിലെ രണ്ടുയതിവര്യന്മാർ. ടി. ആർ. ജി. കുറുപ്പു്, പുറം. 141.

ആദ്യകാലവിദ്യാഭ്യാസം. അതിനുശേഷം കരുനാഗപ്പള്ളിയിൽ കുമ്മമ്പള്ളി രാമൻപിള്ള ആശാനിൽ നിന്ന് സംസ്കൃതത്തിലെ ഉപരിപാഠങ്ങൾ പഠിച്ചു. 1879-ൽ പഠിത്തം പൂർത്തിയാക്കി സ്വദേശത്തു മടങ്ങിയെത്തി. അന്നു് നാണുഗുരുവിനു് ഇരുപത്തിമൂന്നു വയസ്സാണു പ്രായം. തുടർന്നു് മൂന്നുവർഷം അഞ്ചുതെങ്ങു് കടയ്ക്കാവൂർ മുതലായ സ്ഥലങ്ങളിൽ സംസ്കൃതാദ്ധ്യാപകനായി ജോലിനോക്കി. ഈ അദ്ധ്യാപകവൃത്തിയാണു് നാണുവിനെ 'നാണുആശാൻ' ആക്കിയതു്. ഈ കാലഘട്ടത്തിൽ നാണു ആശാനിൽ ഒരു ഘനഭാവവും അന്തർമുഖത്വവും ലൗകികവിരക്തമായ പെരുമാറ്റങ്ങളും ദൃശ്യമായതു് മാതാപിതാക്കന്മാർ ശ്രദ്ധിച്ചു. അതിൽ അസ്വസ്ഥരായിത്തീർന്ന അവർ, ഒരു വിവാഹബന്ധത്തിൽ അദ്ദേഹത്തെ കുടുക്കി. വിവാഹവും, കുടുംബജീവിതവും നാണുവിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തുമെന്നായിരുന്നു അവരുടെ കണക്കുകൂട്ടൽ. സിദ്ധാർത്ഥന്റെ കാര്യത്തിൽ പിതാവായ ശുദ്ധോദനൻ കരുതിയതുപോലെ. പക്ഷേ, പരിവ്രജ്യയ്ക്കു പഥമൊരുക്കുന്ന ആ പരിവ്രാജകചിത്തനുണ്ടോ പരിണയബന്ധനത്തിന്റെ വലയിൽപ്പെടുന്നു.?! അന്നുതന്നെ ആ വലപൊട്ടിച്ചു് പുറത്തുപോന്ന നാണുവാശാൻ നിത്യബ്രഹ്മചാരിയായി അദ്ധ്യാത്മദാഹത്തോടെ അലഞ്ഞു നടന്നു. മോക്ഷമാർഗ്ഗം തേടുകയായിരുന്നു ലക്ഷ്യം. അതു കാണിച്ചുകൊടുക്കാൻ കഴിവുള്ള ഒരു ഗുരുവിനെ കണ്ടെത്തണം; അതായിരുന്നു ആഗ്രഹം. ആയിടയ്ക്കു്, രാമബ്രഹ്മസ്വാമി എന്നൊരു പരദേശി ബ്രാഹ്മണൻ ചെമ്പഴന്തിക്കു സമീപമുള്ള ഒരു ക്ഷേത്രത്തിൽ വിശ്രമിച്ചിരുന്നു. വിവരമറിഞ്ഞ നാണുവാശാൻ അവിടെയെത്തി, അദ്ദേഹത്തെ കണ്ടു. ആഗമനോദ്ദേശ്യം അറിയിച്ചു. എല്ലാം ശ്രദ്ധാപൂർവം കേട്ടശേഷം, ആഗതന്റെ ജാതിയെക്കുറിച്ചായിരുന്നു രാമബ്രഹ്മസ്വാമി ആദ്യം അന്വേഷിച്ചതു്. കാര്യം മനസ്സിലായപ്പോൾ, ബ്രാഹ്മണനായ രാമബ്രഹ്മസ്വാമി പറഞ്ഞതു് ഇങ്ങനെയാണത്രേ. "നീ ആരാണെന്നു് നിനക്കറിയാമോ? രാമനാമം ജപിക്കാനല്ലാതെ വേദവേദാന്താദി രഹസ്യങ്ങളറിയാൻ നിനക്കധികാരമുണ്ടോ?" ശ്രീനാരായണന്റെ ജീവചരിത്രം വിസ്തരിക്കുന്ന സന്ദർഭത്തിൽ, ശ്രീ ടി.ആർ.ജി. കുറുപ്പു് ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ടു്.[1] രാമബ്രഹ്മസ്വാമിയുടെ സംഭോഷണ രീതിയും പെരുമാറ്റവും സ്വതേ വിനീ

1. കേരളത്തിലെ രണ്ടുയതിവര്യന്മാർ. പുറം. 142.

'തീർത്ഥപാദപരമഹംസ സ്വാമികൾ' എന്ന ഗ്രന്ഥം ഒന്നാം ഭാഗം 175-ാം പുറത്തിലും ഈ സംഭവകഥ വിസ്തരിച്ചിട്ടുണ്ടു്.

തനും ലജ്ജാലുവുമായ നാണുഗുരുവിൽ നൈരാശ്യവും ദുഃഖവുമാണുളവാക്കിയതു്. ഏതാനും ദിവസങ്ങൾക്കുശേഷം തനിക്കുണ്ടായ ഈ തിക്താനുഭവത്തെക്കുറിച്ചു് നാണുവാശാൻ തന്റെ അയൽവാസിയും കണ്ണങ്കര അധികാരിയുടെ സഹോദരപുത്രനുമായ കൊടിപ്പറമ്പിൽ നാരായണപിള്ളയോടു പറഞ്ഞു. നാണുവാശാന്റെ ദുഃഖത്തിൽ നാരായണപിള്ളയ്ക്കു സഹതാപം തോന്നി. ചട്ടമ്പിസ്വാമികൾ ചെമ്പഴന്തിയിലുള്ള അണിയൂർ ക്ഷേത്രത്തിൽ വിശ്രമിക്കുന്ന കാലമായിരുന്നു അതു്. സ്വാമികളുടെ ഒരന്തേവാസിയും, ഭക്തനുമായിരുന്ന കൊടിപ്പറമ്പിൽ നാരായണപിള്ള നാണുവാശാനെയും കൂട്ടി ചട്ടമ്പിസ്വാമികളെ സന്ദർശിച്ചു. നാണുവാശാനെ സ്വാമികൾക്കു പരിചയപ്പെടുത്തി. വന്നതിന്റെ ഉദ്ദേശ്യവും വ്യക്തമാക്കി. രാമബ്രഹ്മസ്വാമിയെപ്പോലെ വെറും കാഷായവേഷക്കാരനല്ലല്ലോ ചട്ടമ്പിസ്വാമികൾ. സർവജ്ഞനായ അവിടുന്നു് നാണുവാശാന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. സന്യാസ ദാനത്തിനു് സർവഥാ സമർഹനായ ഒരുത്തമാധികാരിയെ അദ്ദേഹത്തിന്റെ അന്തർനേത്രങ്ങൾ നാണുവാശാനിൽ ദർശിച്ചു. മനസാ അനുഗ്രഹിക്കുകയും ചെയ്തു. സന്യാസം സ്വീകരിക്കുന്നതിനു മുമ്പു് മാതാപിതാക്കന്മാരുടെ സമ്മതവും അനുഗ്രഹവും വാങ്ങിവരാൻ സ്വാമികൾ നാണുവാശാനെ പറഞ്ഞയച്ചു. അതെല്ലാം സാധിച്ചു് അന്നുതന്നെ മടങ്ങിയെത്തിയ നാണുവാശാനു് ചട്ടമ്പിസ്വാമികൾ ശിഷ്യത്വം നല്കി അനുഗ്രഹിക്കുകയും, തന്നോടൊത്തു കൂടിക്കൊള്ളാൻ അനുവദിക്കുകയും ചെയ്തു. ശ്രീനാരായണഗുരുദേവൻ ചട്ടമ്പിസ്വാമികളുടെ ശിഷ്യത്വം സ്വീകരിച്ച സാഹചര്യം ഇങ്ങനെയാണു്. കൊല്ലവർഷം 1058-ൽ (ക്രി:വ: 1883) ആയിരുന്നു ഈ സംഭവങ്ങൾ നടന്നതു്. ഏതാനും മാസങ്ങൾക്കുശേഷം, വെളുത്തപക്ഷവും ഷഷ്ഠിയും കൂടിയ ഒരു ദിവസം ഉപദേശം നല്കി അനുഗ്രഹിച്ചു. ഉപദേശിച്ചതു് ബാലാസുബ്രഹ്മണ്യമന്ത്രമായിരുന്നുവെന്നു് ചട്ടമ്പിസ്വാമികൾ തന്നെ പ്രസ്താവിച്ചിട്ടുള്ളതു് തീർത്ഥപാദപരമഹംസ സ്വാമികൾ രേഖപ്പെടുത്തിയിട്ടുണ്ടു്. ഉപദേശാനന്തരം ചട്ടമ്പിസ്വാമികൾ ശ്രീനാരായണനെ യോഗമുദ്രകൾ ശീലിപ്പിച്ചു. ഖേചരീ മുദ്ര പഠിപ്പിച്ചു: ഖേചരി തുടങ്ങിയ അഭ്യാസമുറകൾ പരിശീലിപ്പിച്ചതു് നെയ്യാറ്റിൻകരയിൽ ഒരു പോറ്റിയുടെ വീട്ടിൽവച്ചായിരുന്നെന്നു് 1099 മീനം 13-ാം തീയതി പ്രാക്കുളത്തു തോട്ടുവയലിൽ വിശ്രമിച്ചിരുന്ന ചട്ടമ്പിസ്വാമികളെ സന്ദർശിക്കാൻ ചെന്ന ശ്രീനാരായണഗുരു

ദേവൻ തന്നോടുപറഞ്ഞതായി ശ്രീ പന്നിശ്ശേരി നാണുപിള്ള രേഖപ്പെടുത്തിയിട്ടുണ്ടു്.

ഇങ്ങനെ, ശ്രീ ചട്ടമ്പിസ്വാമികളുടെ പ്രഥമ ശിഷ്യനായിത്തീരാൻ ഭാഗധേയം സിദ്ധിച്ച നാണുഗുരുസ്വാമികൾ ഏതാണ്ടു് അഞ്ചു വർഷം ഗുരുപാദശുശ്രൂഷയിലും, മന്ത്രാനുഷ്ഠാനങ്ങളിലും, യോഗപരിശീലനങ്ങളിലും മുഴുകി അന്തേവാസിയായി കഴിഞ്ഞുകൂടി. കൊ:വ: 1063 ൽ(ക്രി:വ: 1888) ഗുരുവിനെ ശിവനായി സങ്കല്പിച്ചു് അരുവിപ്പുറത്തു ശിവപ്രതിഷ്ഠ നടത്തി, അവിടെ തപോനിഷ്ഠനായി ഇരിപ്പുറപ്പിക്കുന്നതുവരെ ഈ അന്തേവാസിത്വം അവിരാമം നിലനിന്നു. അതിനു ശേഷവും, താൻ സഞ്ചാരം തുടരുന്ന സ്ഥലങ്ങളിൽ, ചട്ടമ്പിസ്വാമികൾ വന്നുവിശ്രമിക്കുന്നുണ്ടെന്നറിഞ്ഞാൽ അവിടെച്ചെന്നു് ഗുരുപാദം കണ്ടുവന്ദിക്കുന്ന കാര്യത്തിലും ശ്രീനാരായണഗുരുദേവൻ ജാഗരൂകനായിരുന്നു. അവസാനമായി അദ്ദേഹം ഗുരുവിനെ സന്ദർശിച്ചു പാദപൂജനം ചെയ്തതു് 1099 (ക്രി:വ: 1924) മീനം 13-ാം തീയതി പ്രാക്കുളത്തുള്ള തോട്ടുവയലിൽ വീട്ടിൽ വച്ചായിരുന്നു. അതായതു് ശ്രീ ചട്ടമ്പിസ്വാമികൾ മഹാസമാധി പ്രാപിക്കുന്നതിനു് നാല്പതുദിവസം മുമ്പു്.

ഈ ഗുരുശിഷ്യബന്ധത്തെക്കുറിച്ചു് ശ്രീ ചട്ടമ്പിസ്വാമികൾ എന്തെങ്കിലും പ്രസ്താവിച്ചിട്ടുണ്ടോ?. ശ്രീനാരായണഗുരുദേവൻ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?. ഉണ്ടെങ്കിൽ അതിനെക്കാൾ വിശ്വസനീയമായ ഒരു തെളിവു് ഈ വിഷയത്തിൽ വേറെ വേണ്ട. കാരണം, ഈ വിഷയത്തെപ്പറ്റി അഭിപ്രായം പറയാൻ ശരിയായ അർഹത അവർക്കാണുള്ളതു്. സത്യവചസ്സുകളായ ഈ രണ്ടു മുനീശ്വരന്മാരും ഇക്കാര്യം അർത്ഥശങ്കയ്ക്കിടയില്ലാത്ത വണ്ണം പരസ്യമായിത്തന്നെ പ്രസ്താവിച്ചിട്ടുണ്ടു്. പറയുകമാത്രമല്ല, രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

ചട്ടമ്പിസ്വാമികളുടെ പരാമർശങ്ങൾ.

ശ്രീനാരായണഗുരുദേവൻ, തന്റെ സന്യാസി ശിഷ്യനാണെന്നു് അഞ്ചു സന്ദർഭത്തിൽ ശ്രീ ചട്ടമ്പിസ്വാമികൾ വ്യക്തമാക്കിയിട്ടുണ്ടു്.

1. കൊല്ലവർഷം 1073 (ക്രി:വ: 1898) മീനമാസം 16-ാം

തീയതി ഷഷ്ഠി നാളിലെ പ്രഭാതവേളയിൽ തന്റെ ത്രിതീയ ശിഷ്യനായ തീർത്ഥപാദപരമഹംസ സ്വാമികൾക്കു് ബാലാസു ബ്രഹ്മണ്യമന്ത്രം ഉപദേശിച്ച ശേഷം സ്വാമി തിരുവടികൾ അദ്ദേഹത്തോടു പറഞ്ഞ വാക്കുകളാണു് ഒന്നാമത്തെ പരാമർശം. ചട്ടമ്പിസ്വാമികൾ പറഞ്ഞതിതാണു് :-

''ഇതു് നമ്മുടെ പരമ്പരയിലെ ഏറ്റവും രഹസ്യവും, പ്രാധാന്യമേറിയതുമായ ഒരു സിദ്ധമന്ത്രമാണു്. ഞാനിതു് അധികമാളുകൾക്കു് ഉപദേശിച്ചിട്ടില്ല. ആദ്യം നാണനു്[1] ഇതു് ഉപദേശിച്ചുകൊടുത്തു. അയാളിൽ അതു വളരെ ഫലിച്ചു. അതുപോലെ നീയും ഈ ഉപദേശമനുസരിച്ചാൽ നിനക്കു വേണ്ടതൊക്കെ വന്നുകൊള്ളും.''[2] തീർത്ഥപാദസ്വാമികൾ തന്നെ തന്റെ ഡയറിക്കുറിപ്പുകളിൽ ഇതു രേഖപ്പെടുത്തിയിട്ടുണ്ടു്.

തന്റെ ശിഷ്യനായ നാണുഗുരുവിനു് താൻ മോക്ഷസാധകമായ മന്ത്രോപദേശം നല്കിയെന്നാണല്ലോ ചട്ടമ്പിസ്വാമികൾ ഇവിടെ വ്യക്തമാക്കുന്നതു്. മന്ത്രോപദേശം നല്കുന്നയാൾ ഗുരുവും, അതു സ്വീകരിക്കുന്നയാൾ ശിഷ്യനുമാണല്ലോ. ആദ്യം നാണനാണു് ഇതുപദേശിക്കപ്പെട്ടതു് എന്ന പരാമർശം, നാണുഗുരുസ്വാമികൾ ചട്ടമ്പിസ്വാമികളുടെ ആദ്യ ശിഷ്യനാണെന്നും വ്യക്തമാക്കുന്നു.

2. രണ്ടാമത്തെ പരാമർശം, തന്റെ ദ്വിതീയശിഷ്യനായ നീലകണ്ഠതീർത്ഥപാദരുടെ 'ദേവാർച്ചാപദ്ധതി' എന്ന ഗ്രന്ഥത്തിനു് ചട്ടമ്പിസ്വാമികൾ എഴുതിയ ഭൂമിക (പീഠിക)യിലാണു് പ്രകടമാക്കിയിരിക്കുന്നതു്. കൊല്ലവർഷം 1092 (ക്രി:വ: 1917) വൃശ്ചികം 10-ാം തീയതി എഴുതിയ ആ ഭൂമികയിൽ ചട്ടമ്പിസ്വാമികൾ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:-

''യോഗജ്ഞാന പാരംഗമതയ്ക്കു് - യോഗജ്ഞാന പ്രമേയങ്ങളെ സമ്പ്രദായ രീത്യാ ഗ്രഹിക്കുകയും പരിശീലിക്കുകയും ചെയ്തു് ആരൂഢപദത്തിലെത്തുന്നതിനു് - അനേക സംവത്സരക്കാലം എന്നൊടുകൂടി വസിച്ചിട്ടുള്ള എന്റെ പ്രഥമ ശിഷ്യൻ നാണുഗുരു എന്നുപറയുന്നയാൾ, ആ സമുദായത്തിന്റെ അഭ്യുത്ഥാനത്തിനായി അവരുടെയിടയിൽ ദേവാർച്ചനാദിയെ പുരസ്കരിച്ചു് ബഹുവിധ കാര്യങ്ങളിൽ സ്വാതന്ത്ര്യ

---

1. ചട്ടമ്പിസ്വാമികൾ 'നാണൻ' എന്നാണു് നാണുഗുരു സ്വാമികളെ വിളിച്ചിരുന്നതു്.

2. 'തീർത്ഥപാദപരമഹംസ സ്വാമികൾ' - ഒന്നാം ഭാഗം. പുറം. 55

മുണ്ടാക്കിയതുപോലെ, മറ്റൊരു സമുദായത്തിനു് സ്വയംകൃതാനർത്ഥ നിലയിൽ വന്നുകൂടിയ അന്യേച്ഛാധീനവൃത്തിയെ നിഷ്കാസനം ചെയ്യാൻ എന്റെ ദ്വിതീയ ശിഷ്യൻ ഇങ്ങനെ ഗ്രന്ഥകരണാദിയിൽ പ്രവർത്തിക്കുന്നതു് ഗൗണാത്മതാദ്ധ്യാസദൃഷ്ട്യാ, ചാരിതാർത്ഥ്യ ജനകമായിരിക്കുന്നു."

ഈഴവസമുദായത്തിന്റെ സർവതോമുഖമായ ശ്രേയസ്സുകൾക്കുവേണ്ടി പ്രവർത്തിച്ച 'നാണുഗുരുവെന്നു പറയുന്നയാൾ' തന്റെ 'പ്രഥമ ശിഷ്യ'നാണു് എന്നാണല്ലോ അന്യഥാ ചിന്തയ്ക്കിടവരാത്തവണ്ണം ചട്ടമ്പിസ്വാമികൾ ഇവിടെ വ്യക്തമാക്കിയിരിക്കുന്നതു്. ശ്രീനാരായണൻ സർവജനസമാരാദ്ധ്യനായ ഗുരുദേവനായി ജീവിച്ചിരിക്കുന്ന കാലത്തുതന്നെയാണു് ഈ ഭൂമിക എഴുതിയതും പ്രസിദ്ധീകരിച്ചതും. ദേവാർച്ചാപദ്ധതിയുടെ ഒരു പ്രതി പ്രത്യേകദൂതൻ മുഖാന്തിരം നീലകണ്ഠതീർത്ഥപാദസ്വാമികൾതന്നെ അന്നു ശിവഗിരി മഠത്തിൽ വിശ്രമിച്ചിരുന്ന ശ്രീനാരായണഗുരുദേവനു് ആയിടയ്ക്കു് കൊടുത്തയച്ചിട്ടുമുണ്ടു്. ശ്രീനാരായണഗുരുദേവനോ, അനുയായികളോ ഭൂമികയിലെ ആ പ്രസ്താവന നിഷേധിച്ചിട്ടില്ലെന്നോർക്കണം. ഗുരുദേവൻ ചട്ടമ്പിസ്വാമികളുടെ ശിഷ്യനല്ലായിരുന്നെങ്കിൽ രണ്ടുപേരുടെയും സമകാലികരായ ആരെങ്കിലും അതു നിഷേധിക്കുമായിരുന്നില്ലേ? ചട്ടമ്പിസ്വാമികളുടെ ഈ പ്രസ്താവനയിൽനിന്നു് രണ്ടുകാര്യം വ്യക്തമാകുന്നുണ്ടു്. ഒന്നു്, ശ്രീനാരായണഗുരുദേവൻ ചട്ടമ്പിസ്വാമികളുടെ പ്രഥമ ശിഷ്യനാണെന്നു്. രണ്ടു്, ചട്ടമ്പിസ്വാമികളുടെ നിർദ്ദേശാനുസരണമാണു് തച്ഛിഷ്യന്മാരായ ശ്രീനാരായണഗുരുദേവനും നീലകണ്ഠതീർത്ഥപാദരും ദേവാർച്ചനാദികളായ പരിഷ്കാരങ്ങളും സ്വാതന്ത്ര്യങ്ങളും സ്വസ്വസമുദായങ്ങളിൽ വരുത്താൻ ശ്രമിച്ചതെന്നു്. ശ്രീനാരായണഗുരുദേവന്റെയും, ശ്രീ നീലകണ്ഠതീർത്ഥപാദരുടെയും സമുദായപരിഷ്കരണോന്മുഖമായ പരിശ്രമങ്ങളിൽ തനിക്കു് ചാരിതാർത്ഥ്യമുണ്ടെന്നാണല്ലോ ചട്ടമ്പിസ്വാമികൾ പ്രസ്താവിച്ചിരിക്കുന്നതു്. ഭൂമികാവാക്യത്തിലെ 'ചാരിതാർത്ഥ്യജനകമായിരിക്കുന്നു' എന്ന പ്രയോഗം ശ്രദ്ധിക്കുക. ചരിതമായ കാര്യത്തിലുള്ള സംതൃപ്തിയാണു് ചാരിതാർത്ഥ്യം. ഗുരുവായ താൻ നിർദ്ദേശിച്ചു; രണ്ടു ശിഷ്യന്മാരും അതു് ആചരിച്ചു. അതിലുള്ള സംതൃപ്തിയാണു് സ്വാമികൾ ഇവിടെ വ്യക്തമാക്കിയിരിക്കുന്നതു്. സമുദായ പരിഷ്കരണപരമായ കാര്യങ്ങൾക്കുവേണ്ടി പ്രയത്നിക്കാൻ ശ്രീനാരായണഗുരുദേവനെ പ്രചോദിപ്പിച്ചതു്

ചട്ടമ്പിസ്വാമികളായിരുന്നു എന്നകാര്യത്തിൽ സംശയമുള്ളവരുണ്ടെങ്കിൽ, 'ഗുരുനാണുചരണാലയം കൃഷ്ണനാശാൻ' എന്നറിയപ്പെട്ടിരുന്ന പണ്ഡിതനും, ശ്രീനാരായണഗുരുദേവന്റെ അന്തേവാസിയുമായ കരുവാകൃഷ്ണനാശാന്റെ ഈ വാക്കുകൾ ശ്രദ്ധിക്കുക:-

''ഈഴവരുടെ വംശത്തിനു് എന്തെങ്കിലും ഉയർച്ച ഉണ്ടാകുവാനായി നാണുഗുരുസ്വാമികളെ പ്രേരിപ്പിച്ച മഹാപുരുഷൻ ചട്ടമ്പിസ്വാമി തിരുവടികളാണു്. അതു് ഈഴവർ മറക്കരുതാത്തതല്ല. നാരായണഗുരുവിനെ ക്ഷേത്രം പ്രതിഷ്ഠിക്കാൻ പഠിപ്പിച്ചതു് ചട്ടമ്പിസ്വാമികളാണു്. അരുവിപ്പുറത്തു് നാണുഗുരു ആദ്യം ഉണ്ടാക്കിയ ക്ഷേത്രത്തിൽ ശിവലിംഗ പ്രതിഷ്ഠ നടത്തിയിരിക്കുന്നതു്, ചട്ടമ്പിസ്വാമി കുറേക്കാലം വിശ്രമിച്ച സ്ഥലത്താണു്. അവിടെ ഒരമ്പലം പണിയണമെന്നു പറഞ്ഞു് സ്ഥാനം കാണിച്ചുകൊടുത്തതുപോലും ചട്ടമ്പിസ്വാമിയായിരുന്നെന്നു് എനിക്കു നല്ലപോലെ അറിയാം....''[1]

'കാരണ ഗുരുവിനെ പരമശിവനായി സങ്കല്പിച്ചു്, ജ്ഞാനോപദേശാർത്ഥം ചട്ടമ്പിസ്വാമി തിരുവടികൾ ഇരുന്നരുളിയ ആ സ്ഥാനത്തു് ശ്രീനാരായണഗുരു ഒരു ശിവപ്രതിഷ്ഠ നടത്തി'യെന്നു് അരുവിപ്പുറം പ്രതിഷ്ഠയെപ്പറ്റി ഡോ. കെ.ജി. ഗോപാലപിള്ളയും രേഖപ്പെടുത്തിയിട്ടുണ്ടു്.[2]

ശ്രീനാരായണഗുരുദേവന്റെ ജീവചരിത്രകാരൻ കൂടിയായ പ്രൊഫ. കെ. ബാലരാമപ്പണിക്കരും ഇതേ അഭിപ്രായക്കാരനാണു്. 'അരുവിപ്പുറത്തും മറ്റും ക്ഷേത്രങ്ങൾ സ്ഥാപിക്കുകയും എല്ലാവർക്കും കടന്നാരാധിക്കാൻ അവസരം നല്കുകയും, വർക്കലയിലും ആലുവായിലും മറ്റും പാഠശാലകൾ സ്ഥാപിച്ചു് വേദാദികൾ പഠിക്കാൻ സൗകര്യമുണ്ടാക്കുകയും ചെയ്തതിനെല്ലാം ശ്രീനാരായണഗുരുദേവനു ബീജമായി ഭവിച്ചതു് ചട്ടമ്പിസ്വാമികളുടെ പ്രവർത്തനങ്ങളായിരുന്നു'വെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു.' ബ്രാഹ്മണമേധാവിത്വംപൂണ്ട ചാതുർവർണ്യ വ്യവസ്ഥയുടെ നെടും കോട്ടയെ ചട്ടമ്പിസ്വാമികൾ ശിഥിലമാക്കിയ അവസരത്തിലാണു് ശ്രീനാരായണഗുരുസ്വാമികൾ രംഗപ്രവേശം ചെയ്തതെന്നും, ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യനു് - ഒരു യോനി ഒരാകാരം ഒരു ദേവുമില്ലിതിൽ എന്ന സാർവലൗകിക സൗഭ്രാത്രമന്ത്രത്തിന്റെ പീഠികകളാണു് വേദാധികാരനിരൂപണം, സർവമതസാമരസ്യം

1. സ്മരണകൾ 7. (കരുവാ കൃഷ്ണനാശാൻ) - അനുബന്ധം നോക്കുക.
2. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദ സ്മാരകഗ്രന്ഥം. പുറം. 257.

മുതലായ ചട്ടമ്പിസ്വാമികളുടെ കൃതികളെന്നാണു് എന്റെ പക്ഷ മെന്നും കൂടി ശ്രീ ബാലരാമപ്പണിക്കർ രേഖപ്പെടുത്തി യിട്ടുള്ളതു് ഇവിടെ ശ്രദ്ധേയമാണു്.[1] അപ്പോൾ, ചട്ടമ്പിസ്വാമി കൾ ചാതുർവർണ്യവ്യവസ്ഥയുടെ ആ നെടുംകോട്ട ശിഥില മാക്കിയതുകൊണ്ടാണു്, ശ്രീനാരായണ ഗുരുദേവനു് ക്ഷേത്ര പ്രതിഷ്ഠാദികളായ കാര്യങ്ങളിൽ വ്യാപരിക്കാൻ കഴിഞ്ഞതു് എന്നു സ്പഷ്ടമാണു്.

3. കൊല്ലവർഷം 1090-ൽ (ക്രി:വ 1915) ആലത്തൂർ ബ്രഹ്മാനന്ദശിവയോഗിയുടെ ചില ശിഷ്യന്മാരയച്ച കത്തിനു് ചട്ടമ്പിസ്വാമികളെഴുതിയ മറുപടിയിലാണു് മൂന്നാമത്തെ പരാ മർശം. വേദവേദാന്താദി വിഷയങ്ങളിൽ ഉറച്ച പാണ്ഡിത്യ മുള്ളയാളും, ശക്തനായ താർക്കികനുമായിരുന്നു ആലത്തൂർ ആശ്രമത്തിന്റെ മഠാധിപതിയായ ബ്രഹ്മാനന്ദശിവയോഗി. ക്ഷേത്രപ്രതിഷ്ഠയ്ക്കും, വിഗ്രഹാരാധനയ്ക്കും എതിരായി രുന്നു ഈ സന്ന്യാസി. വിഗ്രഹാരാധന കൂടാതെതന്നെ മോക്ഷദീപം തെളിയിക്കാൻ കഴിയുമെന്നു സ്ഥാപിച്ചുകൊണ്ടു്, 'മോക്ഷപ്രദീപം' എന്നൊരു ഗ്രന്ഥം അദ്ദേഹമെഴുതി. ശ്രീനാരാ യണ ഗുരുദേവൻ ക്ഷേത്രപ്രതിഷ്ഠകൾ നടത്തുന്ന കാലമാ യിരുന്നു അതു്. ആലത്തൂർ ശിവയോഗിക്കു് നായന്മാർക്കു പുറമേ ധാരാളം ഈഴവരും ശിഷ്യന്മാരായിട്ടുണ്ടായിരുന്നു. അവർ സംഘടിതമായി ശ്രീനാരായണപ്രസ്ഥാനത്തെ എതിർത്തു. വിഗ്രഹപ്രതിഷ്ഠാകർമ്മത്തെ പുച്ഛിച്ചു. ഇതിന്റെ പേരിൽ ശിവയോഗിയുടെ ശിഷ്യന്മാരും ഗുരുദേവശിഷ്യ ന്മാരും തമ്മിൽ പലസ്ഥലങ്ങളിലും ഏറ്റുമുട്ടി. നിരവധി ക്രിമിനൽ കേസ്സുകൾ പോലും ഇതിന്റെ പേരിലുണ്ടായിട്ടുണ്ടു്. ഈ പോരു് മൂറുകിത്തുടങ്ങിയപ്പോൾ ചട്ടമ്പിസ്വാമികൾ ശ്രീനാ രായണപ്രസ്ഥാനത്തിന്റെ വക്താവായി രംഗത്തിറങ്ങി. ബ്രഹ്മാനന്ദ ശിവയോഗിയേയും അദ്ദേഹത്തിന്റെ ശിഷ്യന്മാ രേയും നിശ്ശബ്ദരും നിഷ്ക്രിയരുമാക്കാനുള്ള ഏകമാർഗ്ഗം, അവരുടെ പ്രമാണഗ്രന്ഥമായ മോക്ഷപ്രദീപത്തിനു് ഒരു ഖണ്ഡനമെഴുതുകയാണെന്നു് അവിടുന്നു തീരുമാനിക്കു കയും അതു് എഴുതിത്തുടങ്ങുകയും ചെയ്തു. ഈ വിവരം ഗ്രഹിച്ച ശിവയോഗിയും, ശിഷ്യന്മാരും പരിഭ്രാന്തരായി. സർവ ജ്ഞനും, താർക്കികപടുവുമായ ചട്ടമ്പിസ്വാമികളുടെ ഖണ്ഡനം, ഒരു ഖണ്ഡനം തന്നെയായിരിക്കുമെന്നു് അവർ ക്കറിയാം. അവരിൽ ചിലർ, സ്വാമികളെ സന്ദർശിച്ചു്, മോക്ഷ

1. ശ്രീചട്ടമ്പിസ്വാമി ശതാബ്ദ സ്മാരകഗ്രന്ഥം. പുറം. 222, 223

പ്രദീപഖണ്ഡനമെഴുതരുതെന്നു് അപേക്ഷിച്ചു നോക്കി. ഫല മില്ലെന്നു കണ്ടപ്പോൾ ശിവയോഗിയുടെ അനുയായികളായ ആർ. രാമൻപിള്ള, തെക്കേടത്തു രാമൻപിള്ള, സി. പദ്മനാഭ മേനോൻ എന്നീ നായർ പ്രമാണിമാർ ചേർന്നു് ചട്ടമ്പി സ്വാമികൾക്കു് തന്ത്രപൂർവമായ ഒരു കത്തയച്ചു.[1] ഒരു നായർ സന്യാസിയായ ബ്രഹ്മാനന്ദ ശിവയോഗിയുടെ മോക്ഷപ്രദീപ മെന്ന ഗ്രന്ഥത്തെ ഒരു നായരായ ചട്ടമ്പിസ്വാമികൾ ഖണ്ഡിക്കുന്നതു് അവിടുത്തെ നിലയ്ക്കും വിലയ്ക്കും ചേർന്നതല്ലെന്നും, സ്വാമികൾ, നാണുഗുരുവിന്റെ ഗുരുവല്ലെ ന്നുപോലും പറയാൻ മടിക്കാത്ത ഈഴവർക്കുവേണ്ടി വാദിക്കുന്നതുകൊണ്ടു് നന്ദികേടല്ലാതെ മറ്റൊന്നും ലഭിക്കാനി ല്ലെന്നും, നാണുഗുരുവിനെ വേണമെങ്കിൽ ഖണ്ഡനത്തിനു വിട്ടിട്ടു് ചട്ടമ്പിസ്വാമികൾ ആ സംരംഭത്തിൽ നിന്നു പരാങ്മു ഖനാകണമെന്നുമായിരുന്നു കത്തിലെ ചുരുക്കം. ഈ കത്തിനാണു് ചട്ടമ്പിസ്വാമികൾ മറുപടിയെഴുതിയതു്. ആ കത്തും, അതിനു സ്വാമികളയച്ച മറുപടിയും ശ്രീ നീലകണ്ഠ തീർത്ഥപാദ ചരിത്ര സമുച്ചയം എന്ന ഗ്രന്ഥത്തിന്റെ ഒന്നാം വാല്യത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. മറുപടിക്കത്തിൽ സ്വാമി കൾ ഇങ്ങനെ എഴുതി:-

''ഞാനും, യോഗജ്ഞാന വിഷയങ്ങളിൽ എന്റെ ശിഷ്യ നായിരുന്ന നാണുഗുരുവെന്ന ആളും, ഈഴവരിൽ ചിലരും തങ്ങളിൽ പഴയ പരിചയക്കാരാണു്.....''. യോഗജ്ഞാനവിഷയ ത്തിൽ ശ്രീനാരായണഗുരു തന്റെ ശിഷ്യനാണെന്നു് വളരെ വ്യക്തമായിത്തന്നെ പ്രസ്താവിച്ചിരിക്കുകയല്ലേ സ്വാമികൾ, ഇവിടെ?

4. നാലാമത്തെ പരാമർശം, ശ്രീമൂലംതിരുമാൾ മഹാരാ ജാവിന്റെ സേവക പ്രമുഖന്മാരിൽ പ്രധാനിയായ ശ്രീ ശങ്കരൻ തമ്പിയുടെ വീട്ടിൽവച്ചു്, ചട്ടമ്പിസ്വാമിയും തമ്പിയും തമ്മിൽ നടന്ന ഒരു സ്വകാര്യ സംഭാഷണത്തിലാണു് പ്രകടമാക്കിയിരി ക്കുന്നതു്. ഒരിക്കൽ, ശങ്കരൻ തമ്പിയുടെ ക്ഷണമനുസരിച്ചു് ചട്ടമ്പിസ്വാമികളും, ഡോ. കെ.ജി. ഗോപാലപിള്ളയും തമ്പി യുടെ ഭവനത്തിൽ ചെന്നു. സംഭാഷണത്തിനിടയ്ക്കു്, സ്വാമിതിരുവടികൾ ശ്രീനാരായണഗുരുവിന്റെ ഗുരുവല്ലെന്നു് ഏതോ പത്രത്തിൽ വായിച്ച വിവരം തമ്പിയവർകൾ സ്വാമിക

---

1. 1090 ചിങ്ങം 26-ാം തീയതി എഴുതിയ ഈ കത്തിന്റെ പൂർണ്ണരൂപം 'നീലകണ്ഠതീർത്ഥപാദ ചരിത്രസമുച്ചയം ഒന്നാം ഭാഗത്തിൽ കാണാം.

ളോടു പറഞ്ഞു. അതിനു് സ്വാമികൾ ഉത്തരം പറഞ്ഞതു് ഇങ്ങനെയാണു്:-

''നാണു അതു പറകയില്ല. തീക്കട്ടയിൽ ഉറുമ്പരിക്കുമോ?"

തീക്കട്ടയിൽ ഉറുമ്പു സ്പർശിക്കാത്തതുപോലെ ഇത്തരം അസത്യവാക്കുകൾ നാണുഗുരുവിന്റെ നാവിനെ സ്പർശിക്കുകയില്ലെന്നാണു് സ്വാമികൾ പറഞ്ഞതിനർത്ഥം. ശിഷ്യനായ നാണുഗുരുവിന്റെ സ്വഭാവശുദ്ധിയിലും ഗുരുത്വത്തിലും ചട്ടമ്പിസ്വാമികൾക്കുള്ള അഭിമാന മനോഭാവമാണു് ഈ വരികളിൽ വ്യക്തമാകുന്നതു്.

5. അഞ്ചാമത്തെ പരാമർശം, ചട്ടമ്പിസ്വാമികളും ശ്രീ. ഇടപ്പള്ളി വി. നാരായണമേനവനും തമ്മിൽ 1091 ൽ (1916) ഉണ്ടായ ഒരു സംവാദമാണു്. സ്വാമിതിരുവടികൾ ശ്രീകണ്ഠേശ്വരം ഭജന മഠത്തിൽ വിശ്രമിക്കുകയായിരുന്നു അന്നു്. സംഭാഷണത്തിനിടയ്ക്കു്, സ്വാമികൾ നാണുഗുരുവിന്റെ ഗുരുവല്ലെന്നു് ചിലർ പറഞ്ഞു പരത്തുന്ന കാര്യത്തെക്കുറിച്ചു് നാരായണമേനോൻ പറഞ്ഞു. അതിനു് ചട്ടമ്പിസ്വാമികൾ ഇങ്ങനെയാണു് മറുപടി പറഞ്ഞതു്:-

''ജനങ്ങൾ അങ്ങനെ പറഞ്ഞുകൊള്ളട്ടെ. അതുകൊണ്ടു നമുക്കെന്തു്? നാടൊക്കെ പറഞ്ഞാൽ മേലൊക്കെ ചൊറിയുമോ എന്ന പഴമൊഴി കേട്ടിട്ടില്ലേ. നമുക്കു് ആരുടേയും ഗുരുവാകണ്ട. ശിഷ്യനായാൽ മതി എന്നാണു് എന്റെ ആഗ്രഹം. നാണു, ഗുരുവായസ്ഥിതിക്കു്, ചട്ടമ്പി എന്നും ചട്ടമ്പിയായോ ഷൺമുഖദാസനായോ ഇരിക്കും. അതുകൊണ്ടു് നാണുഗുരുവിനും എനിക്കും ഒന്നുമില്ല. എന്നാൽ ഒരു സംഗതി വാസ്തവമാണു്. എനിക്കു് എന്റെ ഗുരുനാഥൻ ഉപദേശിച്ചുതന്ന മന്ത്രം, ഞാൻ നാണുഗുരുവിനു് ഒരിക്കൽ ഉപദേശിച്ചു. എന്റെ ഗുരു, 'ഇതുകൊണ്ടു് നിനക്കു് എല്ലാം സിദ്ധിക്കും' എന്നു് അരുളിച്ചെയ്തു. നാണുഗുരുവും ഈ മന്ത്രം പല ശിഷ്യന്മാർക്കും ഉപദേശിച്ചിട്ടുണ്ടു്. മന്ത്രശാസ്ത്രങ്ങളിൽ സാധാരണകാണുന്ന ഒരു മന്ത്രമല്ല അതു്. ബാലയും സുബ്രഹ്മണ്യനും ഇഷ്ടദേവതകളാണു്. ഈ പരമ്പരയിലല്ലാതെ ഇതാർക്കും കിട്ടിയിട്ടില്ല. പക്ഷെ ഇതെങ്ങനെ വെളിയിലറിയും? അറിഞ്ഞിട്ടുകാര്യവുമില്ല."[1] തന്റെ കാരണഗുരു തനിക്കുപദേശിച്ചുതന്ന മന്ത്രമാണു് താൻ നാണുഗുരുവിനു് ഉപദേശിച്ചുകൊടു

---

2 സ്മരണകൾ 4. വി. നാരായണമേനോൻ.അനുബന്ധം നോക്കുക.

ത്തതെന്നും, അതുകൊണ്ടാണു് അദ്ദേഹം സിദ്ധിനേടിയതെന്നു മാണല്ലോ ചട്ടമ്പിസ്വാമികൾ വ്യക്തമാക്കുന്നതു്. എങ്കിൽ ശ്രീനാരായണഗുരുദേവനു് സിദ്ധിനേടാനുള്ള മന്ത്രോപദേശം ചെയ്ത ചട്ടമ്പിസ്വാമികൾ ഗുരുദേവന്റെ ഗുരുതന്നെയല്ലേ? നാണുഗുരു തന്റെ ശിഷ്യനാണെന്നു് ചട്ടമ്പിസ്വാമികൾ പലതവണ പറഞ്ഞിട്ടുണ്ടെന്നു് ഇത്രയുംകൊണ്ടു വ്യക്തമായല്ലോ.

ശ്രീനാരായണഗുരുദേവന്റെ പരാമർശങ്ങൾ

തന്റെ ഗുരു ചട്ടമ്പിസ്വാമികളാണെന്നു സൂചിപ്പിക്കുന്ന എന്തെങ്കിലും പ്രസ്താവനകളോ പരാമർശങ്ങളോ ശ്രീനാരായണഗുരുദേവനിൽ നിന്നുണ്ടായിട്ടുണ്ടോ എന്നു് ഇനി പരിശോധിക്കാം. ഉണ്ടു്. നാലുതവണ, ശ്രീനാരായണഗുരുദേവനും, തന്റെ ഗുരു ചട്ടമ്പിസ്വാമികളാണെന്നു തെളിച്ചു പറഞ്ഞിട്ടുണ്ടു്.

1. ക്രി:വ'' 1885-ൽ, അതായതു് സന്യാസം സ്വീകരിച്ചു കഴിഞ്ഞു് രണ്ടുവർഷം കഴിഞ്ഞപ്പോൾ, നാണുഗുരുസ്വാമി രചിച്ച 'നവമഞ്ജരി' എന്ന കൃതിയിലാണു്, ആദ്യത്തെ പ്രസ്താവം കാണുന്നതു്. തന്റെ ഗുരുവായ ചട്ടമ്പിസ്വാമികളുടെ കല്പനയനുരിച്ചാണു് താൻ 'നവമഞ്ജരി' എന്ന കൃതി രചിക്കുന്നതെന്നു് ഗുരുദേവൻ അതിൽ വ്യക്തമാക്കിയിട്ടുണ്ടു്. നവമഞ്ജരിയിലെ ഈ പ്രാരംഭശ്ലോകം ശ്രദ്ധിക്കുക.-

'ശിശുനാമഗുരോരാജ്ഞാം
കരോമി ശിരസാവഹൻ
നവമഞ്ജരികാം, ശുദ്ധീ-
കർത്തുമർഹന്തി കോവിദാഃ'

ശിശുനാമാവായ - കുഞ്ഞൻ എന്നു പേരുള്ള - ഗുരുവിന്റെ ആജ്ഞ ശിരസാവഹിക്കുന്നവനായിട്ടു് ഞാൻ നവമഞ്ജരിയെന്ന കൃതി രചിക്കുന്നു. അതിന്റെ ഗുണദോഷവിചാരം നടത്താനുള്ള അർഹത പണ്ഡിതന്മാർക്കാണു്; എന്നാണല്ലോ ഈ ശ്ലോകത്തിന്റെ സാരം. ചട്ടമ്പിസ്വാമികളുടെ

---

1. സ്മരണകൾ. 7. ഇടപ്പള്ളിനാരായണമേനോൻ - അനുബന്ധം

ആജ്ഞയനുസരിച്ചാണു് തൽക്കൃതി രചിക്കുന്നതെന്നും, കുഞ്ഞൻപിള്ളയെന്നു പേരുള്ള ആ സ്വാമികൾ തന്റെ ഗുരുവാണെന്നും തുറന്നു പറഞ്ഞിരിക്കുകയല്ലേ, ശ്രീനാരായണ ഗുരുദേവൻ ഇവിടെ? 'ഗുരോരാജ്ഞാം ശിരസാവഹൻ' എന്ന പ്രയോഗം, ചട്ടമ്പിസ്വാമികളോടു് അദ്ദേഹത്തിനുള്ള ഭക്ത്യാദരങ്ങളേയും ധ്വനിപ്പിക്കുന്നു.

കൊല്ലവർഷം 1116-ൽ (ക്രി:വ: 1914) വർക്കലനിന്നും ശ്രീ.കെ.എൻ. കുമാരസ്വാമി 'ശ്രീനാരായണ വിരചിതം ദിവ്യ സ്തോത്രരത്നാവലി' എന്നൊരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. ഗുരുദേവകൃതികളുടെ ആദ്യത്തെ സമാഹാരഗ്രന്ഥമാണതു്. ആ ഗ്രന്ഥത്തിൽ അഞ്ചാമത്തെ സ്തോത്രമായി ചേർത്തിരിക്കുന്ന ''നവമഞ്ജരി''യിൽ ഈ ശ്ലോകമുണ്ടു്. പിന്നീടു്, മാതൃഭൂമി പ്രസിദ്ധീകരണമായി ശ്രീ.റ്റി. ഭാസ്കരൻ പ്രസാധനം ചെയ്ത ശ്രീനാരായണ ഗുരുദേവന്റെ സമ്പൂർണ്ണകൃതികളിൽ ഈ ശ്ലോകം വിട്ടുകളയാൻ ശ്രമിച്ചതിന്റെ സൂചനയുണ്ടു്. ആ ഗ്രന്ഥത്തിന്റെ എഴുപത്തിമൂന്നാം പേജിൽ ഗുരുദേവകൃതമായ പ്രസ്തുത ശ്ലോകം ചേർത്തിട്ടുണ്ടെങ്കിലും അതിനുമാത്രം അർത്ഥം പറയാതെ വിട്ടുകളഞ്ഞിരിക്കുന്നു. നവമഞ്ജരിയുടെ നിർമ്മാണസാഹചര്യം അനാവരണം ചെയ്തുകൊണ്ടു് ഗുരുദേവനെഴുതിയ സുപ്രധാന ശ്ലോകമാണതു്. അതിനുമാത്രം അർത്ഥം പറയാതിരുന്നതു് എന്തുകൊണ്ടാണു്? അർത്ഥം പറഞ്ഞാൽ, ഗുരുദേവന്റെ ഗുരു ചട്ടമ്പിസ്വാമികളാണെന്നു് സ്പഷ്ടമായിപ്പോകുമെന്നുള്ളതുകൊണ്ടാകാം അങ്ങനെ ചെയ്തതു്. ശിവഗിരിമഠത്തിൽ നിന്നു പ്രസിദ്ധപ്പെടുത്തിയ 'ശ്രീനാരായണഗുരുദേവകൃതികൾ' എന്ന ആധികാരിക ഗ്രന്ഥത്തിൽ ഈ ശ്ലോകം ചേർത്തിട്ടേ ഇല്ല. ചട്ടമ്പിസ്വാമിതിരുവടികളുടെ സമാധിയെക്കുറിച്ചു്, ഗുരുവിന്റെ നേർക്കു തനിക്കുള്ള ആദരാതിശയങ്ങൾ വ്യക്തമാക്കിക്കൊണ്ടു് ശ്രീനാരായണ ഗുരുദേവനെഴുതിയ 'സർവജ്ഞ ഋഷിരുത്ക്രാന്തഃ' എന്നു തുടങ്ങുന്ന ശ്ലോകദ്വയവും മനഃപൂർവം ചേർക്കാതെ വിട്ടുകളഞ്ഞിരിക്കുന്നു. തന്റെ ഗുരു ചട്ടമ്പിസ്വാമികളാണെന്നു് ഗുരുദേവൻതന്നെ പ്രഖ്യാപിക്കുന്ന ശ്ലോകങ്ങളാണിവ. അവ സമാഹാരഗ്രന്ഥത്തിൽ സ്ഥാനം പിടിച്ചാൽ തങ്ങൾ നടത്തുന്ന തന്ത്രങ്ങൾക്കു് അതൊരു പ്രഹരമായിരിക്കുമെന്നു് അവർക്കറിയാം. അതുകൊണ്ടു് ഒരു നോട്ടപ്പിശകുപറ്റിപ്പോയതാണെന്നു് കരുതിക്കൊള്ളട്ടെ എന്ന ഭാവത്തിൽ അങ്ങു വിട്ടു - അത്രതന്നെ. സത്യത്തിന്റെ രേഖകൾ നശിപ്പിക്കാൻ ബോധപൂർവം

ചിലർ ശ്രമിക്കുന്നു എന്നതിനു് ഇതിനെക്കാൾ വലിയ തെളിവു വേണോ? ശ്രീനാരായണ ഗുരുദേവനെഴുതിയ വരികൾ എടുത്തുമാറ്റാൻ പ്രസാധകർക്കു് അധികാരമുണ്ടോ? ഗുരുദേവനെഴുതിയ ഒരോ വരിയോടും, ഓരോ അക്ഷരത്തോടും അങ്ങേയറ്റം സത്യസന്ധത പുലർത്താൻ ബാദ്ധ്യതയുള്ള ശ്രീനാരായണഭക്തന്മാർ അങ്ങനെ ചെയ്തതു് തെറ്റുതന്നെയാണു്. മഹർഷിസത്തമനായ ഗുരുദേവൻ, തന്റെ ഗുരുവിനെപ്പറ്റി സൂചിപ്പിക്കുന്ന സത്യങ്ങളെയാണു് തങ്ങൾ എടുത്തെറിയുന്നതെന്നു് അവർ ഓർക്കാത്തതു കഷ്ടമായിപ്പോയി. ഗുരുദേവകൃതികൾ കൈകാര്യം ചെയ്യുമ്പോൾ നമ്മുടെ മനസ്സിൽ കറുപ്പു പാടുണ്ടോ? അതു മാറാനുള്ള മരുന്നല്ലേ അവിടുത്തെ തിരുവചനങ്ങൾ?

2. ചട്ടമ്പിസ്വാമികൾ തന്റെ ഗുരുവാണെന്നു് സത്യവചസ്സായ ഗുരുദേവൻ പ്രഖ്യാപിക്കുന്ന രണ്ടാമത്തെ സന്ദർഭം, തിരുവടികളും, ഡോ. കെ.ജി. ഗോപാലപിള്ളയും തമ്മിലുള്ള സംഭാഷണമാണു്. തിരുവനന്തപുരത്തു് ആയുർവേദ ഡയറക്ടറായിരുന്ന ആളാണു് ഡോ: കെ.ജി. ഗോപാലപിള്ള. ഗുരുദേവനെ അക്ഷരവിദ്യ തുടങ്ങിച്ച, ചെമ്പഴന്തിപ്പിള്ളമാരിൽപ്പെട്ട കണ്ണങ്കര അധികാരിയുടെ സഹോദര പുത്രനാണു് ഇദ്ദേഹം. ശ്രീനാരായണ ഗുരുദേവൻ സന്യാസം സ്വീകരിക്കുന്നതിനു മുമ്പുതന്നെ ഇവർ തമ്മിൽ പരിചിതരാണു്. നാല്പതു വർഷത്തെ സുദൃഢമായ പരിചയം ഇവർതമ്മിലുണ്ടെന്നു് ഡോ: പിള്ളതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. ചട്ടമ്പിസ്വാമികൾ ശ്രീനാരായണന്റെ ഗുരുവല്ലെന്നു് മഹാകവികളും പത്രാധിപന്മാരുമായ ചില പ്രമാണിമാർ നടത്തിയ ദുഷ്പ്രചാരണം, കൽക്കത്തയിൽ വൈദ്യവിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ ഡോ: പിള്ള അറിഞ്ഞതാണു്. ആ അസത്യവാദത്തിന്റെ നേർക്കു് ധർമ്മരോഷം പൂണ്ടു് ആയിടയ്ക്കു് ഡോ: ഗോപാലപിള്ള കൽക്കത്തയിൽ നിന്നും നീലകണ്ഠതീർത്ഥപാദസ്വാമികൾക്കയച്ച കത്തിന്റെ ഉള്ളടക്കം നീലകണ്ഠതീർത്ഥപാദർ തന്റെ ഡയറിക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

തനിക്കറിയാവുന്ന സത്യമാണെങ്കിലും, ഗുരുശിഷ്യബന്ധത്തിന്റെ നിജസ്ഥിതിയെക്കുറിച്ചു് ശ്രീനാരായണഗുരുദേവനോടു് നേരിട്ടുതന്നെ ചോദിച്ചറിയണമെന്നു് ഡോ: പിള്ള നിശ്ചയിച്ചു. ഗുരുദേവൻ ശ്രീകണ്ഠേശ്വരം ഭജനമഠത്തിൽ വിശ്രമിക്കുകയാണെന്നറിഞ്ഞു് അദ്ദേഹം അവിടെ ചെന്നു് ഗുരുദേവനെ സന്ദർശിച്ചു. കുശലപ്രശ്നങ്ങൾക്കുശേഷം അവർ

സംവാദത്തിലേർപ്പെട്ടു. ശ്രീനാരായണഗുരുദേവനുമായുള്ള ആ സംവാദം ഡോ: പിള്ള ഇങ്ങനെ രേഖപ്പെടുത്തുന്നു:-

സ്വാമികൾ:- ''ചട്ടമ്പിസ്വാമികൾ അവിടെത്തന്നെയുണ്ടല്ലോ. സുഖം തന്നല്ലേ.''-(ചട്ടമ്പിസ്വാമികൾ അന്നു് തൈക്കാട്ടു് ഒരു ഭവനത്തിൽ വിശ്രമിക്കുകയായിരുന്നു. അതിനെ സൂചിപ്പിച്ചാണു് ഗുരുദേവൻ ഇങ്ങനെ ചോദിച്ചതു്.)

ഞാൻ:- ഉണ്ടു്. സുഖംതന്നെ.

സ്വാമികൾ:- നാം അദ്ദേഹത്തെക്കണ്ടിട്ടു് വളരെ നാളായി. ഒന്നു കണ്ടുകൂടേ?

ഞാൻ:- അവിടേയ്ക്കു് നേരിട്ടുതന്നെ വരാമായിരുന്നല്ലോ. കാണുന്നതിൽ അവിടെ യാതൊരസുഖവുമില്ല.

സ്വാമികൾ:- അവിടുന്നു പലതും നമ്മെ സംബന്ധിച്ചു് തെറ്റിദ്ധരിച്ചിട്ടുള്ളതായി നാം കേട്ടു. ശരിയാണോ?

ഞാൻ:- ഒരിക്കലും സ്വാമിതിരുവടികൾക്കങ്ങനെ ഒരു തെറ്റിദ്ധാരണയുള്ളതായി എനിക്കു തോന്നിയിട്ടില്ല. ഒരിക്കൽ [1]ശങ്കരൻ തമ്പിയവർകളുടെ നിർബന്ധപ്രകാരം ഞാനും സ്വാമിതിരുവടികളുംകൂടെ അദ്ദേഹത്തെ കാണാൻ പോയിരുന്നു. സംഭാഷണ മദ്ധ്യേ, ചട്ടമ്പിസ്വാമികൾ അവിടുത്തെ ഗുരുവല്ലെന്നും മറ്റും ആയിടെ ഏതോ പത്രത്തിൽ കണ്ടതായി അദ്ദേഹം സ്വാമികളോടു പറഞ്ഞു. അതിനുത്തരമായി, ''നാണു അതു പറയുകയില്ല; തീക്കട്ടയിൽ എറുമ്പരിക്കുമോ?'' എന്നാണു് ചട്ടമ്പിസ്വാമികൾ മറുപടി പറഞ്ഞതു്. ഇതിന്റെ പരമാർത്ഥമറിയാൻ എനിക്കും വളരെ ആഗ്രഹമുണ്ടു്.

സ്വാമികൾ:- അച്ഛനെ അച്ഛനല്ലെന്നു് ആരെങ്കിലും പറയുമോ?

ഇത്രയും പറഞ്ഞുകൊണ്ടു നില്ക്കുമ്പോൾ തൈക്കാട്ടേയ്ക്കു പോകാൻ വണ്ടിവന്നു. ഞാനും നാണുഗുരുസ്വാമികളും വണ്ടിയിൽ കയറി തൈക്കാട്ടെത്തി. ചട്ടമ്പിസ്വാമികൾ കിടക്കുന്ന മുറിയുടെ വരാന്തയിൽ നാണുഗുരുസ്വാമികളെ നിർത്തിയിട്ടു് ഞാൻ അകത്തുചെന്നു വിവരമറിയിച്ചു.

''നാണുവോ? എവിടെ, എവിടെ? - എന്നു പറഞ്ഞു് ചട്ടമ്പിസ്വാമികൾ കട്ടിലിൽ നിന്നും ചാടിയെണീറ്റു് വരാന്തയിലേയ്ക്കുവന്നു. ചട്ടമ്പിസ്വാമികളെ കണ്ടമാത്രയിൽ നാണു

1.ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ സേവകപ്രമാണിമാരിൽ പ്രമുഖനായ ശങ്കരൻ തമ്പി

ഗുരുസ്വാമികൾ സാഷ്ടാംഗം നമസ്കരിച്ചു് ചട്ടമ്പിസ്വാമി കളുടെ പാദങ്ങളിൽ തലമുട്ടിച്ചു കഴിഞ്ഞു. 'ഹീ.... ഹീ അവിടെയെല്ലാം പൊടിയല്ലയോ?' എന്നു ചട്ടമ്പിസ്വാമികൾ പറയുകയും, തന്റെ രണ്ടുകൈകളും നാണുഗുരു സ്വാമികളുടെ ശിരസ്സിൽവച്ചു് എന്തോ മന്ത്രിക്കുകയും ചെയ്തു. നാണുഗുരു സ്വാമികൾ ഉടൻ എഴുന്നേറ്റു. ഈയൊരു ഘട്ടം ഇപ്പോഴത്തെ ഗുരു ശിഷ്യന്മാർ കാണേണ്ടതുതന്നെയാണു്..."[1]

ചട്ടമ്പിസ്വാമിയിലും ശ്രീനാരായണഗുരുദേവനിലും ഒരു പോലെ ഭക്തി വിശ്വാസങ്ങളുള്ള ആളാണു് ഡോ: കെ.ജി. ഗോപാലപിള്ള. അദ്ദേഹത്തിന്റെ ഏതദ്വിഷയകമായ സംശയത്തിനു്, 'അച്ഛനെ അച്ഛനല്ലെന്നു് ആരെങ്കിലും പറയുമോ' എന്ന അപ്രസ്തുത പ്രശംസാരൂപേണയുള്ള ഗുരുദേവന്റെ ഈ മറുപടി ശ്രദ്ധാർഹമാണു്. ഏതൊരാൾക്കും അച്ഛൻ അച്ഛൻ തന്നെയാണു്. അല്ലെന്നു പറയുക സാദ്ധ്യമല്ല. അതുപോലെ ചട്ടമ്പിസ്വാമികൾ തന്റെ ഗുരുതന്നെയാണു്, അല്ലെന്നുപറയാൻ ആർക്കും സാദ്ധ്യമല്ല എന്നല്ലേ ഗുരുദേവൻ പറഞ്ഞതിനർത്ഥം. പിതൃപുത്രബന്ധംപോലെ യഥാർത്ഥവും പവിത്രവുമല്ലേ ഗുരുശിഷ്യബന്ധവും? ശ്രീ ചട്ടമ്പിസ്വാമികൾ അന്നു വിശ്രമിച്ചതു് ഡോ: ഗോപാലപിള്ളയുടെ തൈക്കാട്ടുള്ള വീട്ടിലായിരുന്നു. ഗുരുദേവൻ ചട്ടമ്പിസ്വാമിയെ സന്ദർശിക്കാൻ വന്ന ആ സമയത്തു് അതിനു ദൃക്സാക്ഷിയായി അന്നവിടെയുണ്ടായിരുന്ന ശ്രീ എൻ.കൃഷ്ണപിള്ള (വഴുതയ്ക്കാടു്) ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. ചിറ്റല്ലൂർ നാഗൻപിള്ളയുടെ പുത്രനായ അദ്ദേഹത്തിനു് അന്നു് പതിനഞ്ചുവയസ്സു പ്രായമുണ്ടായിരുന്നു.

3. കൊല്ലവർഷം 1099 മീനം 13-ാം തീയതി ശ്രീ ചട്ടമ്പിസ്വാമികൾ ശ്രീ കുമ്പളത്തു ശങ്കുപ്പിള്ളയുടെ തറവാടായ പ്രാക്കുളം തോട്ടുവയലിൽ ബംഗ്ലാവിൽ വിശ്രമിക്കുന്ന സമയത്തു് അദ്ദേഹത്തെ സന്ദർശിക്കാൻ, അന്നു് പ്രാക്കുളത്തു വേളിക്കാട്ടു ക്ഷേത്രത്തിൽ വിശ്രമിച്ചിരുന്ന ശ്രീനാരായണഗുരുദേവൻ വരുകയുണ്ടായി. ഈ കൂടിക്കാഴ്ചയ്ക്കു ദൃക്സാക്ഷിയായ ശ്രീ കുമ്പളം അതിനെക്കുറിച്ചു് 'എന്റെ കഴിഞ്ഞകാല സ്മരണകൾ' എന്ന ആത്മകഥയിൽ വിസ്തരിച്ചെഴുതിയിട്ടുണ്ടു്.[2] അന്നു് ശ്രീ. പന്നിശ്ശേരി നാണുപിള്ളയും അവിടെയുണ്ടായിരുന്നു. പന്നിശ്ശേരിക്കു പുറമേ, കരുവാ കൃഷ്ണനാശാൻ, കൊറ്റിനാട്ടുനാരായണപിള്ള, തീർത്ഥപാദ

1. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദസ്മാരകഗ്രന്ഥം. പു:ം 258,

'എന്റെ കഴിഞ്ഞകാലസ്മരണകൾ' - കുമ്പളം. പു:ം 54.

സ്വാമികൾ മുതലായവരും സന്നിഹിതരായിരുന്നു. ഗുരുശിഷ്യ ബന്ധത്തെപ്പറ്റിയുള്ള തർക്കത്തിന്റെ കാര്യം പന്നിശ്ശേരി എടുത്തിട്ടു. തുടർന്നു്, ശ്രീനാരായണ ഗുരുദേവനും പന്നിശ്ശേരിയും തമ്മിൽ ഒരു സംവാദമുണ്ടായി. ചട്ടമ്പിസ്വാമികൾ തന്റെ ഗുരുവാണെന്നു് ശ്രീനാരായണഗുരുദേവൻ നടത്തിയ മൂന്നാമത്തെ പ്രഖ്യാപനം ഈ സന്ദർഭത്തിലാണുണ്ടായതു്. ആ സംവാദം, ശ്രീ പന്നിശ്ശേരി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:-

"പന്നിശ്ശേരി:- അവിടത്തെ ഗുരുവിഷയത്തിൽ അഭിപ്രായ വ്യത്യാസം കാണുന്നു. ഗുരു, ശ്രീ ചട്ടമ്പിസ്വാമികൾ തന്നെയല്ലേ?

നാണുഗുരുസ്വാമി:- അതെ, അതിനു് അഭിപ്രായവ്യത്യാസമെന്താണു്?

പന്നിശ്ശേരി:- കുമാരനാശാനും മറ്റും, തൈക്കാട്ടു് അയ്യാവാണെന്നു് എഴുതിക്കാണുന്നു.

നാണുഗുരുസ്വാമി:- ആ അഭിപ്രായം അവർക്കല്ലേ?.

അതു സാരമില്ല.

പന്നിശ്ശേരി:- 'ശിശുനാമഗുരോരാജ്ഞാം....' എന്നു തുടങ്ങുന്ന ശ്ലോകം അവിടുന്നല്ലേ എഴുതിയതു്?

നാണുഗുരുസ്വാമികൾ:- അതെ."

തന്റെ ഗുരു ശ്രീ ചട്ടമ്പിസ്വാമികളാണെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമെന്താണെന്നു് ശ്രീനാരായണ ഗുരുദേവൻ ചോദിക്കുന്നതു് ശ്രദ്ധിക്കുക. തന്റെ ഗുരു ചട്ടമ്പിസ്വാമികൾ തന്നെയാണെന്നും, അതിലാർക്കും അഭിപ്രായവ്യത്യാസം വേണ്ടെന്നുമല്ലേ ശ്രീനാരായണഗുരുദേവൻ പ്രഖ്യാപിക്കുന്നതു്. 'ശിശുനാമഗുരോരാജ്ഞാം...' എന്നു തുടങ്ങുന്ന നവമഞ്ജരിയിലെ ശ്ലോകം താൻ തന്നെ എഴുതിയതാണെന്നുള്ള പ്രഖ്യാപനവും ശ്രദ്ധാർഹമാണു്. ചട്ടമ്പിസ്വാമി തന്റെ ഗുരുവാണെന്നല്ലേ ആ ശ്ലോകത്തിലും ഗുരുദേവൻ വ്യക്തമാക്കുന്നതു്.

4. കൊല്ലവർഷം 1099 (ക്രി:വ: 1924) മേടം 23-ാം തീയതി ബ്രഹ്മശ്രീ ചട്ടമ്പിസ്വാമികൾ മഹാസമാധി പ്രാപിച്ചപ്പോൾ, ആ വിവരം അന്നു് ശിവഗിരിയിൽ വിശ്രമിക്കുന്ന ശ്രീനാരായണ ഗുരുദേവനെ അറിയിക്കുകയുണ്ടായി. മുനിയാണെങ്കിലും, ഗുരു വിയോഗത്തിൽ മനം നൊന്ത ഗുരുദേവൻ, ഋഷിയും പരിപൂർണ്ണകലാനിധിയുമായ ആ മഹാഗുരുനാഥനോടു് തനി

ക്കുള്ള മതിപ്പും ഭക്ത്യാദരങ്ങളും പ്രകടമാക്കിക്കൊണ്ടു് അനുഷ്ടുപ് വൃത്തത്തിൽ രണ്ടുശ്ലോകം എഴുതി, തീർത്ഥപാദസ്വാമികൾക്കു് അയച്ചുകൊടുത്തു. മാത്രമല്ല, അന്നു് ശിവഗിരിമഠത്തിൽ നിരാഹാരവും വിശേഷാൽ പൂജയും നടത്താൻ ഗുരുദേവൻ കല്പിക്കുകയും ചെയ്തു. 20-9-99-ൽ ഗുരുദേവന്റെ കല്പന പ്രകാരം തൃപ്പാദശിഷ്യൻ ഗുരുപ്രസാദ് ഒപ്പിട്ടു് തീർത്ഥപാദസ്വാമികൾക്കയച്ച കത്തിൽ ഇക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ടു്.[1] ഗുരുസമാധിയെ അനുസ്മരിച്ചു് ഗുരുദേവനെഴുതിയ ഈ ശ്ലോകങ്ങളാണു്, തന്റെ ഗുരുനാഥനെപ്പറ്റി ശ്രീനാരായണഗുരുദേവൻ നടത്തുന്ന നാലാമത്തെ പരാമർശം.

സർവജ്ഞ ഋഷിരുത്ക്രാന്തഃ
സദ്ഗുരു ശ്ശുകവർത്മനാ
ആഭാതി പരമവ്യോമ്നി
പരിപൂർണ്ണകലാനിധിഃ 1

ലീലയാകാലമധികം
നീത്വാന്തേ സ മഹാപ്രഭുഃ
നിസ്വം വപുസ്സമുത്സൃജ്യ
സ്വം ബ്രഹ്മവപുരാസ്ഥിതഃ 2

ഇവയാണു് ആ ശ്ലോകങ്ങൾ. ശ്രീ ചട്ടമ്പിസ്വാമികളുടെ നേർക്കു് ശ്രീനാരായണഗുരുദേവനുണ്ടായിരുന്ന ഗുരുത്വവും ആദരാതിശയങ്ങളും ഇതിൽ വ്യക്തമാക്കിയിരിക്കുന്നു. സർവജ്ഞൻ, ഋഷി, ശുകവർത്മാവു്, പരിപൂർണ്ണകലാനിധി, മഹാപ്രഭു എന്നീ പ്രയോഗങ്ങൾ സ്വാമികളുടെ മഹത്വാതിശയങ്ങളുടെ നേർക്കു ഗുരുദേവനുള്ള മതിപ്പിനേയും, 'സദ്ഗുരു' എന്ന പ്രയോഗം ഗുരുത്വത്തേയും, സൂചിപ്പിക്കുന്നു. ഇവിടെ 'മദ്ഗുരു' എന്നു പ്രയോഗിക്കാതെ 'സദ്ഗുരു' എന്നല്ലേ പ്രയോഗിച്ചിരിക്കുന്നതു് എന്നു സംശയമുള്ള ചിലരുണ്ടു്. 'മദ്ഗുരു' എന്ന പദത്തിനു് 'എന്റെ ഗുരു' എന്നർത്ഥം. ഞാനെന്നും, എന്റേതെന്നുമുള്ള ഭേദഭാവനകൾ ഒരു സന്യാസിക്കു ചേർന്നതല്ല. അതുകൊണ്ടാണു് അത്തരം ഭേദഭാവനകൾക്കതീതനായ ഗുരുദേവൻ മദ്ഗുരു എന്നു പ്രയോഗിക്കാതിരുന്നതു്. 'സദ്ഗുരു' എന്നതിനു് 'സന്യാസഗുരു' എന്നർത്ഥമുണ്ടു്. തന്റെ

1. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദ സ്മാരകഗ്രന്ഥം. പുറം. 120.

സന്ന്യാസഗുരുവിനെക്കുറിച്ചാണല്ലോ ഗുരുദേവൻ ഇവിടെ അനുസ്മരിക്കുന്നതു്. മാത്രവുമല്ല, "ആരുടെ സദ്ഗുരു എന്നു പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്തതുകൊണ്ടു് രചയിതാവിന്റെ സദ്ഗുരുതന്നെ എന്നു വ്യക്തവുമാണു്." തന്റെ ഗുരു ശ്രീ ചട്ടമ്പിസ്വാമികൾ തന്നെയാണെന്നു്, ശ്രീനാരായണ ഗുരുദേവൻ ആവർത്തിച്ചു പറഞ്ഞിട്ടുണ്ടെന്നു വ്യക്തമായല്ലോ.

അന്നത്തെ ഈഴവ നേതാക്കന്മാരുടെ പരാമർശങ്ങൾ

ശ്രീനാരായണ ഗുരുദേവന്റെ ജീവചരിത്രമെഴുതിയവരോ, മറ്റേതെങ്കിലും തരത്തിൽ സമുദായത്തിന്റെ സമാദരം സമാർജ്ജിച്ചവരോ ആയ ഈഴവ നേതാക്കന്മാർ ഈ ഗുരുശിഷ്യബന്ധത്തെപ്പറ്റി എന്തെങ്കിലും പ്രസ്താവിച്ചിട്ടുണ്ടോ എന്നാണു് ഇനി അന്വേഷിക്കേണ്ടതു്. ശ്രീനാരായണ ഗുരുദേവന്റെ ഗുരു ചട്ടമ്പിസ്വാമികൾ തന്നെയാണെന്നു് വ്യക്തമായി പ്രസ്താവിച്ചിട്ടുള്ള വിവേകശാലികളായ ഈഴവ നേതാക്കന്മാരുടെ ഒരു നീണ്ട പട്ടികതന്നെ നിരത്താനുണ്ടു്. വാഴവിള മറ്റത്തു് ജി. നാണുമുൻഷി, എം.സി. കുഞ്ഞുരാമൻ വൈദ്യൻ, പഴമ്പള്ളി അച്യുതൻ, സഹോദരനയ്യപ്പൻ, മൂലൂർ എസ്. പദ്മനാഭപ്പണിക്കർ, കരുവാ കൃഷ്ണനാശാൻ, നടരാജഗുരു, പ്രൊഫ: ബാലരാമപ്പണിക്കർ എന്നിങ്ങനെ എത്രയെത്ര മഹാനുഭാവന്മാർ!.

ശ്രീനാരായണ ഗുരുദേവനെക്കുറിച്ചു് ആദ്യമായി ഒരു ജീവചരിത്രം രചിച്ച ആളാണല്ലോ വാഴവിള മറ്റത്തു് ജി. നാണു അവർകൾ. നാണുമുൻഷി എന്നും ഇദ്ദേഹം അറിയപ്പെട്ടിരുന്നു. ശ്രീനാരായണഭക്തനായ ഈ മഹാനുഭാവൻ, ഗുരുദേവൻ ജീവിച്ചിരിക്കുന്ന കാലത്തുതന്നെ നാണുഗുരുസ്വാമികളുടെ ജീവനലീലകൾ പ്രകീർത്തിച്ചുകൊണ്ടു് 1909-ൽ 'ശ്രീനാരായണഹംസചരിതം' എന്നൊരു വഞ്ചിപ്പാട്ടെഴുതി. ആ ലഘുകൃതിയിൽ ശ്രീനാരായണന്റെ ഗുരു ആരാണെന്നതിനെപ്പറ്റി അദ്ദേഹം പറയുന്നതു ശ്രദ്ധിക്കുക:-

'ഷൺമുഖപാദംഭജിച്ചനന്തപുരത്തമർന്നൊരു
ഷൺമുഖദാസാഹ്വയനാം യോഗിയെക്കണ്ടു്
സ്വാഗതോക്തികളും ചൊല്ലിയാഗമജ്ഞനോടുചേർന്നു
യോഗവിദ്യാഭ്യാസവും ചെയ്തമർന്നദ്ദേഹം.'

'ഷൺമുഖദാസാഹ്വയനാം യോഗി', 'ആഗമജ്ഞനോടുംചേർന്നു്', യോഗവിദ്യാഭ്യാസവും ചെയ്തമർന്നു' എന്നീ

പ്രയോഗങ്ങൾ ശ്രദ്ധാർഹങ്ങളാണു്. ഇവിടെ 'അദ്ദേഹം' എന്ന സർവനാമപദംകൊണ്ടു് സൂചിപ്പിച്ചിരിക്കുന്നതു് നാണുഗുരുസ്വാമികളേയും, ഷൺമുഖദാസൻ' എന്നു സൂചിപ്പിച്ചിരിക്കുന്നതു് ചട്ടമ്പിസ്വാമികളേയുമാണു്. നാണുഗുരു, ആഗമജ്ഞനും, ഷൺമുഖദാസനാമാവുമായ യോഗിയോടുകൂടി വസിച്ചു് യോഗവിദ്യകൾ അഭ്യസിച്ചു എന്നാണല്ലോ ഇവിടെ പ്രസ്താവിച്ചിരിക്കുന്നതു്. ഈ ജീവിതചരിത കാവ്യത്തിനു് അഭിനന്ദനക്കുറിപ്പെഴുതിയിരിക്കുന്നതു് മൂലൂരിനെപ്പോലുള്ള മഹാശയന്മാരാണു്. ശ്രീനാരായണഗുരുദേവന്റെ നിതാന്ത സഹവാസിയായ മൂലൂരോ, അഭിനന്ദനം രേഖപ്പെടുത്തിയിരിക്കുന്ന മറ്റുള്ളവരോ, കാവ്യത്തിലെ ഈ ഗുരുശിഷ്യപരാമർശം നിഷേധിച്ചിട്ടില്ല. അന്നത്തെ സമകാലികരും നിഷേധിച്ചിട്ടില്ല. ചട്ടമ്പിസ്വാമികൾ, നാരായണഗുരുവിന്റെ ഗുരുവാണെന്ന വാസ്തവം ഈഴവരുൾപ്പെടെയുള്ള അന്നത്തെ ജനസമൂഹം അംഗീകരിച്ചിരുന്നുവെന്നാണു് ഇതു തെളിയിക്കുന്നതു്.

നാലുവർഷം കൂടിക്കഴിഞ്ഞു്, 1913-ൽ കിഴക്കേ കല്ലടക്കാരനായ എം.സി. കുഞ്ഞുരാമൻ വൈദ്യൻ 'ശ്രീനാരായണഗുരുസ്വാമിചരിതം' എന്നൊരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. താരാട്ടുവൃത്തത്തിൽ എഴുതപ്പെട്ട ഒരു ചെറുകൃതിയാണിതു്. ശ്രീനാരായണഗുരുവിന്റെ ഗുരു, ചട്ടമ്പിസ്വാമികളാണെന്നാണു് കുഞ്ഞുരാമൻ വൈദ്യനും അഭിപ്രായപ്പെടുന്നതു്. അദ്ദേഹം പറയുന്നതിങ്ങനെയാണു്:-

'ഷൺമുഖദാസനെന്നുള്ള - മഹാ
നിർമ്മലനാം യോഗിയേകൻ
ചെമ്മേയനന്തപുരത്തു - സർവ
സമ്മതനായങ്ങമർന്നാൻ.
യോഗതന്ത്രത്തിൽ സമർത്ഥൻ - ആയ
യോഗിയാമദ്ദേഹത്തോടു്
ലോകഗുരുസ്വാമിയക്കാ - ലത്തു
യോഗാഭ്യാസാദി പഠിച്ചു.'

യോഗതന്ത്രത്തിൽ സമർത്ഥനും, സർവസമ്മതനും, യോഗിയുമായ ചട്ടമ്പിസ്വാമിയിൽ നിന്നും നാണുഗുരുസ്വാമി യോഗാഭ്യാസം മുതലായവ പഠിച്ചുവെന്നു് അന്നത്തെ ഈഴവ

പ്രമാണിമാരിലൊരാളായ ശ്രീ കുഞ്ഞുരാമൻ വൈദ്യൻ വെറുതേയങ്ങു പറയുകയില്ലല്ലോ. തനിക്കു വ്യക്തമായറിയാവുന്ന ഒരു സത്യം സ്പർദ്ധയില്ലാതെ തുറന്നു പറഞ്ഞു. അത്രതന്നെ. ഈഴവസമുദായത്തിൽ അന്നു സുസമ്മതന്മാരായിരുന്ന കെ.സി. കുഞ്ഞുരാമൻ വൈദ്യനെപ്പോലുള്ളവരാണു് ഈ പുസ്തകത്തിനു് അഭിപ്രായമെഴുതിക്കൊടുത്തിരിക്കുന്നതു്. അവരാരും ഈ പ്രസ്താവത്തിനെതിരായി ഒന്നും ഉരിയാടിയിട്ടില്ല.

ഈഴവ സമുദായത്തിന്റെ അംഗീകാരം നേടിയ ആളാണല്ലോ ശ്രീ പഴമ്പള്ളി അച്യുതൻ. ശ്രീനാരായണ ധർമ്മപരിപാലന സംഘടനയുടെ നേതൃസ്ഥാനവും അദ്ദേഹത്തിനുണ്ടായിരുന്നത്രേ. താനെഴുതിയ 'ശ്രീനാരായണഗുരുസ്മരണകൾ' എന്ന ഗ്രന്ഥത്തിൽ ഈ വിഷയത്തെപ്പറ്റി ശ്രീ പഴമ്പള്ളി അച്യുതൻ എഴുതിയിരിക്കുന്നതു് ഇങ്ങനെയാണു്:-

''ശ്രീനാരായണന്റെ വിദ്യാരംഭം നടത്തിയതു് ഒരു നായരാണു്. പ്രാഥമികപാഠങ്ങൾ കഴിഞ്ഞു്, സംസ്കൃതം പഠിക്കാൻ പോയതും ഒരു നായരുടെ അടുത്താണു്. ഇതിലൊന്നും തർക്കമില്ല. യോഗാഭ്യാസത്തിന്റെ പ്രാരംഭജ്ഞാനം ലഭിച്ചതു് ഒരു നായരിൽ നിന്നെന്നുവന്നാൽ സമുദായത്തിന്റെ അഭിമാനം അറബിക്കടലിലാകുന്നതെങ്ങനെ.....''

അപ്പോൾ അതാണുകാര്യം. സമുദായാഭിമാനത്തിന്റെ പേരിലാണു് ചിലർ ശ്രീനാരായണന്റെ ഗുരു, ചട്ടമ്പിസ്വാമികളാണെന്ന പരമസത്യം മറച്ചുപിടിക്കാൻ ശ്രമിച്ചതു്. അതു ശരിയല്ലെന്നും, ചട്ടമ്പിസ്വാമികൾതന്നെയാണു് ശ്രീനാരായണന്റെ ഗുരുവെന്നുമാണു് പഴമ്പള്ളി വിളംബരം ചെയ്യുന്നതു്.

ശ്രീനാരായണഗുരുദേവന്റെ സന്യാസി ശിഷ്യനാണല്ലോ, ഈഴവസമുദായത്തിന്റെ അഭിമാനമായ ശ്രീ നടരാജഗുരു. സ്വന്തം ഗുരുദേവനെപ്പറ്റി താൻ എഴുതിയ 'The Word of the Guru' എന്ന ഗ്രന്ഥത്തിന്റെ 258, 259, 260 എന്നീ പുറങ്ങളിൽ അഞ്ചു ഖണ്ഡികയിൽ ഈ വിഷയത്തെക്കുറിച്ചു് അദ്ദേഹം പരിചിന്തനം ചെയ്യുന്നുണ്ടു് അവിടെ അദ്ദേഹം പറയുന്നതു് ശ്രീനാരായണന്റെ ഗുരു, ചട്ടമ്പിസ്വാമികളാണെന്നാണു്. പ്രസ്തുത വിവരം നാണുഗുരുസ്വാമികളോടു തന്നെ നേരിട്ടു ചോദിച്ചറിഞ്ഞിട്ടുള്ളതാണെന്നും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

ദീർഘകാലം ശ്രീനാരായണഗുരുവിന്റെ സന്തതസഹചാരിയായിരുന്നല്ലോ, സംസ്കാരസമ്പന്നനും പ്രസിദ്ധ

കവിയുമായ ശ്രീ മൂലൂർ; എസ്. പദ്മനാഭപ്പണിക്കർ. ശ്രീനാരായണന്റെ ആശയങ്ങൾ കാവ്യദ്വാരാ പ്രചരിപ്പിച്ചുകൊണ്ടിരുന്ന ഈ മഹാനുഭാവൻ, ചട്ടമ്പിസ്വാമികളേയും ശ്രീനാരായണഗുരുദേവനേയും മറ്റാരെക്കാളും കൂടുതൽ അടുത്തറിയാവുന്ന ആളും, രണ്ടുപേരുടെയും ഭക്തനുമായിരുന്നുവെന്നു് ശ്രീ. എൻ. ആർ. കൃഷ്ണൻ തന്റെ സ്മരണാഞ്ജലിയിൽ രേഖപ്പെടുത്തുന്നു. 1901-ൽ സംസ്ഥാപിതമായ എസ്.എൻ.ഡി.പി. സംഘടനയുടെ സ്ഥാപകനേതാക്കളിൽ ഒരാളായിരുന്നു സരസകവി മൂലൂർ എന്ന വസ്തുതതന്നെ, ഈഴവ സമുദായം അദ്ദേഹത്തിനു കല്പിച്ചിരുന്ന മാന്യതയ്ക്കും, അദ്ദേഹത്തിൽ അർപ്പിച്ചിരുന്ന വിശ്വാസത്തിനും തെളിവാണല്ലോ. ശ്രീചട്ടമ്പിസ്വാമികൾ സമാധിയടഞ്ഞ വാർത്ത വായിച്ചറിഞ്ഞപ്പോൾ അണമുറിഞ്ഞൊഴുകിയ ദുഃഖത്തിനു് കാവ്യരൂപം നൽകിക്കൊണ്ടു് ''സമാധിയടഞ്ഞ ശ്രീ ചട്ടമ്പിസ്വാമികൾ'' എന്നൊരു കവിത അദ്ദേഹമെഴുതി. കൊല്ലവർഷം 1099 (1924) ഇടവത്തിലെ 'മഹിളാ' മാസികയുടെ നാലാംവാല്യം ഏഴാം ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയ ആ കവിതയിൽ മൂലൂർ ഇങ്ങനെ പ്രസ്താവിക്കുന്നു.

''ശ്രീനാരായണഗുരുസ്വാമിയും ഗുരുവാക്കി
മാനിച്ച മഹാഭാഗ്യം തികഞ്ഞ ദിവ്യഗാത്രം''

ശ്രീനാരായണഗുരുപോലും തന്റെ ഗുരുവാക്കി ബഹുമാനിച്ച മഹാവ്യക്തിയാണു് ചട്ടമ്പിസ്വാമികൾ എന്നു് അസന്ദിഗ്ധമായി പ്രഖ്യാപിച്ചിരിക്കുകയല്ലേ, മൂലൂർ? മാത്രമല്ല, ശ്രീനാരായണന്റെ ഗുരുത്വം ഒരു തർക്കവിഷയമായി പത്രപങ്തികളിൽ സ്ഥലംപിടിച്ചപ്പോൾ ആ വാദത്തിനിടയ്ക്കു ചാടിവീണു്, ചട്ടമ്പിസ്വാമികൾ തന്നെയാണു് ശ്രീനാരായണന്റെ ഗുരുവെന്നു് മൂലൂർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടു്. അക്കാര്യത്തെപ്പറ്റി 'സാഹിത്യപ്രണയികൾ' എന്ന ബൃഹദ്ഗ്രന്ഥത്തിന്റെ അഞ്ചാംഭാഗത്തിൽ ശ്രീ. മൂർക്കോത്തു കുമാരൻ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:-

''നാണുഗുരുസ്വാമികളുടെ ഗുരുസ്ഥാനം ചട്ടമ്പിസ്വാമികൾക്കുണ്ടോ ഇല്ലയോ എന്ന വിഷയത്തെപ്പറ്റി ചിലർക്കു സംശയം നേരിട്ടു. അക്കാലത്തു് കുമാരനാശാൻ പ്രതികൂലാഭിപ്രായമാണു് പ്രകടിപ്പിച്ചതു്. മറ്റു ചിലരും അതിനോടു യോജിച്ചു. ഇങ്ങനെയുള്ള ഒരു ഘട്ടത്തിൽ ചരിത്രപുരുഷൻ (മൂലൂർ) തന്റെ സഹജമായ ധീരതയോടുകൂടി പത്രങ്ങളിൽ

പ്രവേശിച്ചു്, ചട്ടമ്പിസ്വാമികൾ നാണുഗുരുവിന്റെ ഗുരു തന്നെയെന്നു് വിശ്വസനീയമായ തെളിവുകളോടുകൂടി വാദിച്ചു് സ്ഥാപിക്കുകയാണുണ്ടായതു്....." ചട്ടമ്പിസ്വാമികൾ തന്നെയാണു് നാണുഗുരുസ്വാമികളുടെ ഗുരുവെന്നു് രണ്ടുപേരുടേയും അന്തേവാസിയായ തനിക്കു് ഉത്തമബോദ്ധ്യമുള്ള കാര്യം ശ്രീ മൂലൂർ ഒന്നുകൂടി ഉറപ്പിച്ചിരിക്കുകയാണിവിടെ.

> "നേരേ നടുക്കു ഗുരുപാദ,രിടംവലം തൻ-
> പേരാർന്ന ശിഷ്യരിതുമട്ടിലിരുന്നു നന്നായ്
> തോരാതെ ബാഷ്പനിരയോടു നമുക്കു കണ്ടി-
> ങ്ങാരാൽ നമിപ്പതിനുടൻ പടമൊന്നെടുത്തു"

എന്ന മുഴങ്ങാട്ടുവിളയുടെ ശോകാർദ്രമായ ശ്ലോകവും, ശ്രീനാരായണന്റെ ഗുരു ചട്ടമ്പിസ്വാമികളാണെന്ന സത്യം അനാവരണം ചെയ്യുന്നു. കൊല്ലവർഷം 1099 (ക്രി:വ: 1924) മീനം 13-ാം തീയതി പ്രാക്കുളത്തു തോട്ടുവയലിൽ ബംഗ്ലാവിൽവച്ചു് ചട്ടമ്പിസ്വാമികളും, ശ്രീനാരായണഗുരുവും, തീർത്ഥപാദസ്വാമികളും മറ്റും ചേർന്നു് ഗ്രൂപ്പു് ഫോട്ടോ എടുത്ത കാര്യമാണു് ഇവിടെ പരാമർശിക്കപ്പെടുന്നതു്. നാണുഗുരുവും പന്നിശ്ശേരിയും തമ്മിലുള്ള സംവാദം നടന്നതും ഈ സന്ദർഭത്തിലാണു്. 'നടുക്കു ഗുരുപാദർ' ഇടത്തും വലത്തും 'തൻ പേരാർന്ന ശിഷ്യർ' എന്നും മറ്റും മുഴങ്ങാട്ടുവിള പരാമർശിക്കുന്നതു ശ്രദ്ധിക്കുക. ചട്ടമ്പിസ്വാമി ഗുരുപാദരാണെന്നും, നാണുഗുരുവും തീർത്ഥപാദരും/തച്ഛിഷ്യന്മാരാണെന്നുമല്ലേ മുഴങ്ങാട്ടുവിള വ്യക്തമാക്കുന്നതു്?

കൊല്ലത്തുകാരനും, സുപ്രസിദ്ധ വാഗ്മിയും, മഹാപണ്ഡിതനും, താർക്കികനുമായ ശ്രീ കരുവാ കൃഷ്ണനാശാനും ഇതേ അഭിപ്രായക്കാരനാണു്. ചട്ടമ്പിസ്വാമികളുടെ 'ക്രിസ്തുമതച്ഛേദ'മെന്ന നിശിത വഡ്ഗം നാടാകെ നടന്നു ചുഴറ്റി മതഭ്രാന്തന്മാരായ ക്രിസ്തീയ മിഷനറിമാരുടെ നാവരിഞ്ഞ പ്രസംഗപ്രഗല്ഭനാണദ്ദേഹം. ചട്ടമ്പിസ്വാമികളേയും നാണുഗുരുസ്വാമികളേയും ഒരുപോലെ ആദരിച്ചിരുന്ന കരുവാ, രണ്ടുപേരുടേയും അന്തേവാസിയുമായിരുന്നു. ഈ രണ്ടു മഹാഗുരുനാഥന്മാരെയും വളരെയടുത്തറിയാവുന്നവരായി അന്നുജീവിച്ചിരുന്ന മഹാനുഭാവന്മാരിൽ ഒരാളുമായിരുന്നു അദ്ദേഹം. ശ്രീനാരായണന്റെ ഗുരു, ചട്ടമ്പിസ്വാമികളല്ല

ല്ലെന്നു് കൗശലപൂർവം ധ്വനിപ്പിച്ചുകൊണ്ടു് കുമാരനാശാനെഴുതിയ ഗുരുദേവചരിതം, ആശാന്റെതന്നെ പത്രാധിപത്യത്തിലുള്ളതും, എസ്.എൻ.ഡി.പിയുടെ മുഖപത്രവുമായ വിവേകോദയം മാസികയിൽ പ്രസിദ്ധീകരിച്ചു കണ്ടപ്പോൾ, ആ സത്യാഭാസത്തിന്റെ നേർക്കു ധർമ്മരോഷംപൂണ്ട കരുവാ കൃഷ്ണനാശാൻ അതേ പത്രത്തിൽത്തന്നെ 'ആശാനും അടവു പിണങ്ങും' എന്നൊരു ലേഖനമെഴുതി. അതിൽ അദ്ദേഹം ഇങ്ങനെ പറയുന്നു.

''നാണുഗുരുവിന്റെ ഗുരുസ്ഥാനം ശ്രീ ചട്ടമ്പിസ്വാമികളിൽനിന്നും ചോർത്തിയെടുത്തു് തൈക്കാട്ടു് അയ്യാവിന്റെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമിച്ചതായി ഞാനറിയുന്നു. ഇത്ര മാത്രം ഗുരുദ്രോഹമായ ഒരു കർമ്മം വേറെ ഇല്ല....''[1]

നാണുഗുരുസ്വാമികളുടെ ഗുരു, ചട്ടമ്പിസ്വാമികളല്ലെന്നു പറയുന്നതു് ശ്രീനാരായണ ഗുരുദേവനോടു കാണിക്കുന്ന ഗുരുദ്രോഹമാണെന്നല്ലേ കരുവാ സൂചിപ്പിക്കുന്നതു്.?

1953 മേയ്മാസം 23-ാം തീയതിയിലെ 'സഹോദരൻ' വാരികയിൽ തൽപ്പത്രാധിപരായ ശ്രീ സഹോദരനയ്യപ്പനെഴുതിയ ചെറുലേഖനത്തിൽ ശ്രീനാരായണഗുരുദേവന്റെ ഗുരു ചട്ടമ്പിസ്വാമികളാണെന്നു തുറന്നു പറഞ്ഞിട്ടുണ്ടു്. താൻ ബാല്യകാലംമുതൽ കേട്ടറിഞ്ഞിട്ടുള്ളതു് അങ്ങനെയാണെന്നും അദ്ദേഹം രേഖപ്പെടുത്തുന്നു. വ്യക്തമായ ചരിത്ര രേഖകൾ അതിനുണ്ടെന്നും, അതുകൊണ്ടു് അതു ശരിയല്ലെന്നു വാദിക്കാൻ സാദ്ധ്യമല്ലെന്നുംകൂടി സഹോദരനയ്യപ്പൻ പ്രസ്താവിക്കുന്നുണ്ടു്. കൊല്ലവർഷം 1099 ഇടവം നാലാം തീയതിയിലെ 'സഹോദരൻ വാരിക'യിൽ പ്രസിദ്ധംചെയ്ത ശ്രീ ചട്ടമ്പിസ്വാമികളുടെ സമാധിവാർത്തയിലും ഈ ഗുരുശിഷ്യബന്ധം അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ടു്.

വെളുത്തേരി കേശവൻ വൈദ്യനെപ്പോലെ ചട്ടമ്പിസ്വാമികളുടെ ഒരു സന്തതസഹചാരിയായിരുന്നു വി.ജി. കൊച്ചു കൃഷ്ണൻ വൈദ്യർ. അനന്തരകാലത്തു് ഇദ്ദേഹം സന്യസിച്ചു്, സ്വാമി ശ്രീ വിദ്യാപ്രസാദ് എന്ന സന്യാസനാമം സ്വീകരിച്ചു. ചട്ടമ്പിസ്വാമികളും, ശ്രീനാരായണ ഗുരുദേവനും തമ്മിലുള്ള ഗുരുശിഷ്യബന്ധത്തെപ്പറ്റി താൻ നേരിട്ടുകണ്ടിട്ടുള്ള കാര്യങ്ങൾ അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

''കൊല്ലവർഷം 1077, 1078, 1079 ഈ കാലഘട്ടത്തിലാ

---

1. സ്മരണകൾ. 7. കരുവാകൃഷ്ണനാശാൻ. അനുബന്ധം നോക്കുക.

ണു് ചട്ടമ്പിസ്വാമിതിരുവടികളുമായുള്ള സഹവാസത്തിനു് എനിക്കു ഭാഗ്യം സിദ്ധിച്ചതു്. ആ കാലങ്ങളിൽ തിരുവടികളുടെകൂടെ പല ശിഷ്യന്മാരെയും കണ്ടിട്ടുണ്ടു്. എന്നാൽ വിട്ടുപിരിയാതെ ഭക്ത്യാദരപുരസ്സരം വിനയനമ്രനായി പരിചര്യചെയ്യുന്ന ഒരു ശിഷ്യപ്രമുഖൻ ഉണ്ടായിരുന്നു. വാത്സല്യപൂർവം തിരുവടികൾ അദ്ദേഹത്തെ 'നാണൻ', 'നാണൻ' എന്നായിരുന്നു വിളിച്ചിരുന്നതു്. തിരുവടികൾ അദ്ദേഹത്തിനു സാരോപദേശങ്ങൾ നൽകുന്നതും ഞാൻ കണ്ടിട്ടുണ്ടു്. ആ ഭക്തശിരോമണിയാണു് ശ്രീനാരായണഗുരുസ്വാമി തൃപ്പാദങ്ങൾ.''[1] ഇതൊന്നും കർണ്ണാകർണ്ണികയാ കേട്ട അറിവല്ലെന്നും, താൻ ദൃക്സാക്ഷിയായി നിന്നു കണ്ടിട്ടുള്ള കാര്യങ്ങളാണെന്നും കൂടി ശ്രീ. വി.ജി. കൊച്ചുകൃഷ്ണൻ വൈദ്യൻ രേഖപ്പെടുത്തുന്നുണ്ടു്.

സംസ്കൃതഭാഷയിലും, ശാസ്ത്രസാഹിത്യാദികളിലും അത്യസാധാരണമായ വൈദുഷ്യമുള്ള പണ്ഡിതമഹോപാദ്ധ്യായ ശിരോമണി, പ്രൊഫ: കെ. ബാലരാമപ്പണിക്കർ ഈ ഗുരുശിഷ്യബന്ധത്തെക്കുറിച്ചു പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളാണു് ഈ വിഷയത്തിൽ ഇനി പരിഗണനാർഹമായിട്ടുള്ളതു്. ശ്രീ ചട്ടമ്പിസ്വാമികൾ ഗുരുദേവന്റെ ഗുരുവാണെന്നകാര്യത്തിൽ തനിക്കു് ഒരു സംശയവുമില്ലെന്നു് അദ്ദേഹം വ്യക്തമായിത്തന്നെ പറയുന്നുണ്ടു്. ശ്രീനാരായണഗുരുദേവന്റെ ഒരു ജീവചരിത്രകാരൻ കൂടിയായ ശ്രീ. ബാലരാമപ്പണിക്കരുടെ വാക്കുകൾ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:-

.....''ആദ്ധ്യാത്മിക തൃഷ്ണയുടെ ശാന്തിക്കായി സഞ്ചരിച്ച ശ്രീനാരായണഗുരുസ്വാമികൾ ആദ്യമായി കണ്ടുമുട്ടിയതു് അതേ മാർഗ്ഗത്തിൽത്തന്നെ നേരത്തേ സഞ്ചാരം തുടങ്ങിയ ശ്രീ ചട്ടമ്പിസ്വാമികളെയായിരുന്നുവെന്നു് എല്ലാ ജീവചരിത്രകാരന്മാരും സമ്മതിക്കുന്നു. അന്നു് ചട്ടമ്പിസ്വാമികൾക്കു് മുപ്പത്തിയൊന്നു വയസ്സുണ്ടായിരുന്നു എന്നുമാത്രമല്ല, പല ആത്മജ്ഞാനികളുടേയും ഉപദേശവും അനുഗ്രഹവും സിദ്ധിച്ച ഒരു കൃതാർത്ഥൻ കൂടിയായിരുന്നു അവിടുന്നു് എന്നു കാണുന്നു. ഈ വേഴ്ച മൂന്നുവർഷം, അതായതു് 1063- ൽ അരുവിപ്പുറം ക്ഷേത്രപ്രതിഷ്ഠ നടക്കുന്നതിനു മുമ്പുവരെ അവിച്ഛിന്നമായി നിലനിന്നിരുന്നു.... ഈ മൂന്നു വർഷങ്ങൾ തത്ത്വോപദേശഗ്രഹണത്തിനും, യോഗപരിശീലനത്തിനും, തപോവൃത്തിക്കുമായി

1. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദ സ്മാരകഗ്രന്ഥം. പുറം. 89.

ട്ടാണു് ശ്രീനാരായണഗുരു സ്വാമികൾ ചെലവിട്ടതെന്നും ചരിത്രകാരന്മാർ സമ്മതിച്ചിട്ടുള്ള വസ്തുതയാണു്..... പരിവ്രജ്യ സ്വീകരിച്ചു് ആത്മതത്ത്വാന്വേഷകനായി പുറപ്പെട്ട സ്വതേ വിനീതനും ജിജ്ഞാസുവുമായ ശ്രീനാരായണഗുരു സ്വാമികൾ അതേമാർഗ്ഗത്തിൽ കൃതപ്രതിഷ്ഠനും, തന്നെക്കാൾ അഞ്ചുവയസ്സുമൂപ്പുള്ള ആളുമായ ശ്രീ ചട്ടമ്പിസ്വാമികളെ എങ്ങനെ സ്വീകരിച്ചുവെന്ന കാര്യത്തിൽ ഈ നാട്ടിലെ – കേരളത്തിലെ– സാമാന്യജനങ്ങൾക്കു് യാതൊരു സന്ദേഹവുമില്ല. അവരെല്ലാം ശ്രീചട്ടമ്പിസ്വാമികളെ ശ്രീനാരായണഗുരുസ്വാമികളുടെ ഗുരുവായിട്ടുതന്നെയാണറിയുന്നതു്...".

".... ഇങ്ങനെ വിശ്വസനീയങ്ങളായ പ്രമാണങ്ങൾകൊണ്ടു് സുസ്ഥാപിതമായിരിക്കുന്ന ഒരു വസ്തുതയാണു് ശ്രീ ചട്ടമ്പിസ്വാമികൾ ശ്രീനാരായണഗുരു സ്വാമികളുടെ ഗുരുവാണെന്നതു്."[1] "ഇതിനെ അന്യഥാകരിക്കാൻ ചിലർ ശ്രമിച്ചതിന്റെ പൊരുൾ എന്താണെന്നു് മനസ്സിലാകുന്നില്ല"[2] എന്നും ശ്രീ പണിക്കർ പ്രസ്താവിക്കുന്നുണ്ടു്.

ഇത്രയും പറഞ്ഞു പിൻമാറിയിരുന്നെങ്കിൽ പ്രൊഫ: ബാലരാമപ്പണിക്കരിൽ സത്യാന്വേഷിയായ ഒരു ഗവേഷകനെ കണ്ടെത്താമായിരുന്നു. തുടർന്നു് അദ്ദേഹം അടവൊന്നു മാറ്റിച്ചവിട്ടി – നല്ല മെയ്വഴക്കമുള്ള ഒരഭ്യാസിയെപ്പോലെ. എന്നിട്ടദ്ദേഹം പറഞ്ഞു, ശ്രീ ചട്ടമ്പിസ്വാമികൾ നാരായണഗുരുസ്വാമികളുടെ 'വിദ്യാഗുരു' മാത്രമാണെന്നു്. ശ്രീ ബാലരാമപ്പണിക്കരുടെ വാക്കുകൾതന്നെ പകർത്തിക്കൊള്ളട്ടെ:–

"ചട്ടമ്പിസ്വാമികൾ ശ്രീനാരായണഗുരുവിന്റെ ഗുരുവാണെങ്കിൽ അദ്ദേഹം ദീക്ഷാഗുരുവോ, വിദ്യാഗുരുവോ എന്നൊരു ചോദ്യമുണ്ടാകാം. ശ്രീനാരായണഗുരുവിനു് ദീക്ഷാഗുരുവില്ലാത്തതിനാൽ, ചട്ടമ്പിസ്വാമികൾ അദ്ദേഹത്തിന്റെ ദീക്ഷാഗുരുവല്ലെന്നു് സ്പഷ്ടമാണു്. പിന്നെ കിട്ടുന്നതു് ശ്രീ ചട്ടമ്പിസ്വാമികൾ ശ്രീനാരായണഗുരുവിന്റെ വിദ്യാഗുരു എന്നത്രേ. "യോഗജ്ഞാന വിഷയത്തിൽ എന്റെ ശിഷ്യനായിരുന്ന നാണുഗുരു സ്വാമി" എന്നും, "യോഗജ്ഞാനപാരംഗമതയ്ക്കു് – യോഗജ്ഞാന വിഷയങ്ങളെ സംപ്രദായരിത്യാ ഗ്രഹിക്കുകയും പരിശീലിക്കുകയും ചെയ്തു് ആരൂഢപദത്തിലെത്തുന്നതിനു് അനേക സംവത്സരക്കാലം എന്നോടൊത്തു വസിച്ചിട്ടുള്ള എന്റെ പ്രഥമ ശിഷ്യൻ നാണുഗുരു" എന്നും മറ്റു

1. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദ സ്മാരകഗ്രന്ഥം. പുറം. 224.

2. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദ സ്മാരകഗ്രന്ഥം. പുറം. 227.

മുള്ള ശ്രീ ചട്ടമ്പിസ്വാമികളുടെ പ്രസ്താവനയിൽത്തന്നെ ഒരു പ്രത്യേക വിദ്യാവിഭാഗത്തിന്റെ അദ്ധ്യയനത്തേയും, അദ്ധ്യാപനത്തേയും ചൂണ്ടിക്കാണിച്ചിരിക്കുന്നതുകൊണ്ടും, നാണുവെന്ന സാംസ്കാരിക സംജ്ഞതന്നെ ഉപയോഗപ്പെടുത്തിയിരിക്കുന്നതുകൊണ്ടും ഇതു വ്യക്തമാകുന്നുണ്ടു്. ശ്രീനാരായണഗുരുവിന്റെ അതിപാവനവും ലോകാനുഗ്രഹപരവും സർവസമാരാദ്ധ്യവുമായ സ്വരൂപപ്രാപ്തിയ്ക്കു് സാഹായ്യവും സഹയോഗവും ഉപദേശവും നൽകി അനുഗ്രഹിച്ച ചട്ടമ്പിസ്വാമികളെ അദ്ദേഹത്തിന്റെ വിദ്യാഗുരുക്കന്മാരിൽ പ്രമുഖനായിത്തന്നെ കണക്കാക്കേണ്ടതാണു്".[1] ഇലയ്ക്കും മുള്ളിനും കേടില്ലാത്തവിധം ഒരു പൊടിക്കൈ!. ചട്ടമ്പിസ്വാമികൾ ഗുരുവല്ലേ? – അല്ല. ഗുരുവാണോ? – ആണു്. ഏതായാലും കലാശം കലാപരമായി.

ശ്രീനാരായണനു് യോഗവിദ്യകൾ ചെയ്തുകാണിച്ചുകൊടുത്തതുകൊണ്ടു് ഗുരുപദത്തിനർഹനായി എന്നായിരിക്കാം ശ്രീ ബാലരാമപ്പണിക്കർ കരുതുന്നതു്. യോഗാഭ്യാസം, യോഗവിദ്യയല്ലെന്നു് വേദാന്താദ്ധ്യാപകനായിരുന്ന ശ്രീ ബാലരാമപ്പണിക്കർക്കു് അറിഞ്ഞുകൂടാഞ്ഞതല്ല. ഏതായാലും ശ്രീ. ബാലരാമപ്പണിക്കരെപ്പോലെ പരിണതപ്രജ്ഞനായ ഒരാൾ ഇങ്ങനെ ചിന്തിച്ചതു് കഷ്ടമായിപ്പോയി. യോഗജ്ഞാനപ്രമേയങ്ങളെ സമ്പ്രദായരീത്യാ ഗ്രഹിക്കാനും പരിശീലിക്കാനുമാണു് നാണുഗുരു, ചട്ടമ്പിസ്വാമികളോടൊപ്പം അനേകസംവത്സരക്കാലം സഹവസിച്ചതു്. സ്വാമികൾ ഗ്രഹിപ്പിച്ചതും ആരൂഢപദപ്രാപ്തിക്കുള്ള യോഗജ്ഞാന പ്രമേയങ്ങൾതന്നെയാണു്. അല്ലാതെ ശ്രീ. പണിക്കർ പറയുംപോലെ ഏതെങ്കിലുമൊരു വിദ്യാവിഭാഗത്തെയല്ല. ചട്ടമ്പിസ്വാമികൾതന്നെ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുമുണ്ടു്. യോഗാഭ്യാസം പരിശീലിപ്പിക്കാൻ ഏതു കാഷായക്കാരനും കഴിയും. എന്നാൽ, യോഗജ്ഞാനപ്രമേയങ്ങളെ സമ്പ്രദായരീത്യാ ഗ്രഹിപ്പിക്കാനും പരിശീലിപ്പിക്കാനും അങ്ങനെ ആരൂഢപദത്തിലെത്തിക്കാനും ദീക്ഷാഗുരുവിനേ കഴിയുകയുള്ളൂ. വിദ്യാഗുരുവിനു കഴിയുകയില്ല. ശ്രീനാരായണഗുരുവിനെ ആരൂഢപദത്തിലെത്തിക്കാൻ പ്രയത്നിച്ചു എന്നതുകൊണ്ടുതന്നെ ചട്ടമ്പിസ്വാമികൾ അദ്ദേഹത്തിന്റെ ദീക്ഷാഗുരുവാണെന്നു സ്പഷ്ടമാണു്. തീർത്ഥപാദസ്വാമികൾക്കു് ബാലാസുബ്രഹ്മണ്യമന്ത്രം ഉപദേശിച്ച സന്ദർഭത്തിൽ, "ആദ്യം ഇതു് നാണനു് ഞാനുപദേശിച്ചു.

1. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദ സ്മാരകഗ്രന്ഥം. പുറം. 229.

അയാളിൽ അതു ഫലിച്ചു. അതുകൊണ്ടു് വേണ്ടതെല്ലാം അയാൾ നേടി" എന്നു് ചട്ടമ്പിസ്വാമികൾതന്നെ പറഞ്ഞിട്ടുള്ളതു് ഓർക്കുക. 'ദീക്ഷാംപ്രാപ്യവിശിഷ്ട ലക്ഷണയുജ: സൽസംപ്രദായാൽഗുരോർ ലബ്ധ്വാ മന്ത്രമമും ജപേൽ'.[1] എന്നാണല്ലോ ശാസ്ത്രവചനം. സൽസമ്പ്രദായത്തിൽപ്പെട്ട ഗുരുവിൽനിന്നും ലഭിക്കുന്ന മന്ത്രം ദീക്ഷാപൂർവം ശിഷ്യൻ ജപിച്ചാൽ സദ്ഫലസിദ്ധിയുണ്ടാകുമെന്നു സാരം. ഗുരുവായ ചട്ടമ്പിസ്വാമി ഉപദേശിച്ച മന്ത്രം നാണുഗുരു സ്വാമികൾ ശ്രദ്ധാപൂർവം ജപിച്ചു. ചട്ടമ്പിസ്വാമികൾ പറഞ്ഞപോലെ അതു ഫലിക്കുകയും ചെയ്തു. ഇവിടെ ചട്ടമ്പിസ്വാമികളെ 'ബോധകഗുരു'വായി കരുതണം. ശിഷ്യന്റെ മനസ്സിലുള്ള ബന്ധഭാവങ്ങളെ മുഴുവൻ നശിപ്പിച്ചു് സാധനാജ്ഞാനം സമ്പാദിച്ചുകൊടുക്കുന്ന ഗുരുവാണു് 'ബോധകഗുരു'.

ദീക്ഷയെന്നാലെന്തു്, ദീക്ഷാഗുരു ആരു് എന്നീ വിഷയങ്ങളെക്കുറിച്ചു് ഇവിടെ അല്പം വിശദീകരിക്കേണ്ടിയിരിക്കുന്നു.

'ദീയതേ ജ്ഞാനസദ്ഭാവഃ
ക്ഷീയതേ പശുബന്ധനം
ദാനക്ഷപണസംയുക്താ–
ദീക്ഷാ തേനേഹി കീർത്തിതാ' –

എന്നു് 'തന്ത്രിലോകം' എന്ന ഗ്രന്ഥത്തിൽ അഭിനവഗുപ്താചാര്യൻ 'ദീക്ഷ'യ്ക്കു ലക്ഷണം പറഞ്ഞിട്ടുണ്ടു്. ജ്ഞാനം പ്രദാനം ചെയ്യുകയും, ജീവന്റെ സംസാര ബന്ധങ്ങളെ വിനശിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടാണു് 'ദീക്ഷ'യെന്നു പേരുണ്ടായതു് എന്നർത്ഥം. ബ്രഹ്മസാക്ഷാത്കാരം നേടിയ യോഗികൾക്കു മാത്രം വശപ്പെടുന്ന ഒരു ശക്തിയാണിതു്. അങ്ങനെയുള്ള യോഗീശ്വരന്മാരിൽ നിന്നും ബഹിർഗമിക്കുന്ന ആ ഐശ്വരശക്തിക്കു്, ശിഷ്യന്റെ മായാമോഹങ്ങളെ ഇല്ലാതാക്കാനും, പരമാർത്ഥബോധം നൽകാനും കഴിവുണ്ടു്. ഈ ദീക്ഷ ശിഷ്യനു നൽകുന്ന ഗുരുവിനെ 'ദീക്ഷാഗുരു' എന്നും 'സദ്ഗുരു' എന്നും ശാസ്ത്രങ്ങൾ വ്യവഹരിക്കുന്നു. 'യോഗ ജ്ഞാനപ്രമേയങ്ങളെ സമ്പ്രദായരീത്യാ ഗ്രഹിക്കാനും പരിശീലിക്കാനും അങ്ങനെ ആരൂഢപദത്തിലെത്താനുമാണു്

1. പ്രപഞ്ചസാരം.

തന്റെ പ്രഥമശിഷ്യനായ നാണു അനവധി സംവത്സരങ്ങൾ തന്നോടൊത്തു സഹവസിച്ചതെന്നു് സത്യവചസ്സായ ശ്രീചട്ടമ്പി സ്വാമികൾ തന്നെ പറയുന്നു. അപ്പോൾ, ആരൂഢപദപ്രാപ്തിക്കുള്ള യോഗജ്ഞാനങ്ങൾ നാണുഗുരുവിനുപദേശിച്ചതു് ചട്ടമ്പിസ്വാമികളായിരിക്കണമെന്നതിൽ തർക്കമില്ലല്ലോ. ആ ഉപദേശശ്രവണാനന്തരമാണു് നാണുഗുരു ബ്രഹ്മജ്ഞാനിയായതും ജീവന്മുക്തനായതും. അങ്ങനെയാണെങ്കിൽ ബ്രഹ്മസാക്ഷാത്കാരത്തിനു നിദാനമായ ദീക്ഷ നൽകിയ ചട്ടമ്പിസ്വാമികൾ നാണുഗുരുവിന്റെ ദീക്ഷാഗുരുവോ? വിദ്യാഗുരുവോ? ദീക്ഷാഗുരു തന്നെ. സംശയമേ വേണ്ട. അതുകൊണ്ടാണു് പിൽക്കാലത്തു് ചട്ടമ്പിസ്വാമികളുടെ സമാധിയെക്കുറിച്ചു് ശ്രീനാരായണഗുരുദേവനെഴുതിയ ശ്ലോകങ്ങളിൽ ''സദ്ഗുരു'' എന്നു് ചട്ടമ്പിസ്വാമികളെ സ്മരിച്ചതു്.

ശ്രീനാരയാണഗുരുദേവൻ ആരിൽനിന്നും സന്യാസമോ, സന്യാസനാമമോ സ്വീകരിച്ചിട്ടില്ലെന്നു് ഗുരുദേവന്റെ ചില ജീവചരിത്രകാരന്മാരെപ്പോലെ ശ്രീ ബാലരാമപ്പണിക്കരും കരുതുന്നു. അതു ശരിയാണെന്നു് അദ്ദേഹം വിശ്വസിക്കുകയും ചെയ്യുന്നു. സന്യാസലോകത്തു് സ്വയംഭൂക്കളില്ലെന്നു മനസ്സിലാക്കണം. 'ഒരാൾ ജീവന്മുക്തനാകണമെങ്കിൽ ബ്രഹ്മാനുഭവസമ്പന്നനായ ഒരു ഗുരു ഉണ്ടായിരുന്നേ പറ്റുകയുള്ളു. ആ ഗുരുവിൽ നിന്നു് സന്യാസദാനവും, ഉപദേശശ്രവണവും സ്വീകരിക്കുകയും വേണം. ശ്രീനാരായണഗുരുദേവൻ ജീവന്മുക്തനായി എന്നകാര്യത്തിൽ ആർക്കും സന്ദേഹമില്ലല്ലോ. അങ്ങനെയാണെങ്കിൽ ആ മഹാത്മാവിനു് ഒരു ദീക്ഷാഗുരു ഉണ്ടായിരിക്കണം. ആ ദീക്ഷാഗുരു ചട്ടമ്പിസ്വാമികളുമായിരുന്നു.

ചട്ടമ്പിസ്വാമികൾ തന്റെ ശിഷ്യനെപ്പറ്റി പരാമർശിച്ചപ്പോൾ 'നാണു' എന്ന സാംസ്കാരിക സംജ്ഞതന്നെ ഉപയോഗപ്പെടുത്തിയിരിക്കുന്നതുകൊണ്ടു് അദ്ദേഹം ഗുരുദേവന്റെ വിദ്യാഗുരുവാണെന്ന പണിക്കരുടെ ഊഹവും അടിസ്ഥാനരഹിതമാണു്. സന്യാസിമാർ പരമ്പരയുടെ സജ്ഞാനാമം തന്നെ ഉപയോഗിക്കണമെന്നില്ല. സാംസ്കാരികനാമത്തിൽത്തന്നെ അറിയപ്പെടുന്ന മഹായോഗികൾ പലരുമുണ്ടല്ലോ? ശ്രീ ശങ്കരൻ, ശ്രീരാമകൃഷ്ണൻ, കുഞ്ഞൻപിള്ള ചട്ടമ്പി, എന്നീ മുനീശ്വരന്മാരെല്ലാം സാംസ്കാരികസംജ്ഞതന്നെയല്ലേ ഉപയോഗിച്ചിരിക്കുന്നതു്? 'നാണു' എന്ന

സാംസ്കാരിക സംജ്ഞ ഉപയോഗിച്ചിരിക്കുന്നതുകൊണ്ടു് ശ്രീനാരായണഗുരുദേവൻ ഒരു പരമ്പരയിലും ഉൾപ്പെടാത്ത സന്യാസിയാണു് എന്നാണു് ശ്രീ ബാലരാമപ്പണിക്കർ ഉദ്ദേശിക്കുന്നതെങ്കിൽ അതും ശരിയെന്നു പറയാൻ നിവൃത്തിയില്ല. ഏതു സന്യാസിയും ഏതെങ്കിലും ഒരു പരമ്പരയിൽപെട്ട ആളായിരിക്കും. അങ്ങനെയല്ലാത്ത സന്യാസിയെ സന്യാസിയായി ശാസ്ത്രങ്ങൾ അംഗീകരിക്കുന്നില്ല. സർവശാസ്ത്രപാരംഗതനായാലും, സംപ്രദായരീത്യാ ഒരു പരമ്പരയിൽപെടാത്ത സന്യാസിയെ മൂർഖൻമാരെപ്പോലെ പരിത്യജിക്കണമെന്നു്[1] ഉപനിഷൽ ഭാഷ്യത്തിൽ ശ്രീശങ്കരൻ അഭിപ്രായപ്പെട്ടിരിക്കുന്നതു് ഈ സന്ദർഭത്തിൽ സ്മരണീയമാണു്. ഗുരു ഏതു പരമ്പരയിൽപ്പെട്ട ആളാണോ ആ പരമ്പരയിൽത്തന്നെയാണു് ശിഷ്യനും പെടുക. തീർത്ഥപാദസംപ്രദായമാണല്ലോ ചട്ടമ്പിസ്വാമികൾ അംഗീകരിച്ചിരുന്നതു്. അതുകൊണ്ടു് അദ്ദേഹത്തിന്റെ ശിഷ്യനായ ശ്രീനാരായണഗുരുദേവനും ആ പരമ്പരയിൽപ്പെട്ട സന്യാസിയായിരിക്കണം. നാണുഗുരുവിനു് താനുപദേശിച്ചതു് ബാലാസുബ്രഹ്മണ്യമന്ത്രമാണെന്നും, നാണുഗുരു അതു് അദ്ദേഹത്തിന്റെ ശിഷ്യന്മാർക്കുപദേശിച്ചിട്ടുണ്ടെന്നും, ഈ ബാലാസുബ്രഹ്മണ്യമന്ത്രം തീർത്ഥപാദപരമ്പരയിൽപെട്ടവർക്കല്ലാതെ മറ്റാർക്കും കിട്ടിയിട്ടില്ലെന്നും[2] ഉള്ള ചട്ടമ്പിസ്വാമികളുടെ പ്രസ്താവനയും, ശ്രീനാരായണഗുരുദേവൻ തീർത്ഥപാദപരമ്പരയിൽപ്പെട്ട യോഗിയാണെന്നു തെളിയിക്കുന്നു എന്നു കരുതുന്നതിൽ യുക്തിഭംഗമുണ്ടെന്നു തോന്നുന്നില്ല. ചട്ടമ്പിസ്വാമികൾ ഉപദേശിച്ചതു ബാലാസുബ്രഹ്മണ്യമന്ത്രമാണെങ്കിൽ, അതു് തീർത്ഥപാദപരമ്പരയിൽപ്പെട്ടവർക്കുമാത്രം ഉപദേശിക്കപ്പെടുന്നമന്ത്രമാണെങ്കിൽ, ആ മന്ത്രം ഉപദേശിക്കപ്പെട്ട ഗുരുദേവനും തീർത്ഥപാദപരമ്പരയിൽപ്പെട്ട സന്യാസിയായിരിക്കണമെന്നാണു് എന്റെ വിനീതമായ വിശ്വാസം.

''ത്രിവേണീസംഗമസ്ഥാനേ
തത്ത്വമസ്യാദി ലക്ഷണേ
സ്നായാത്തത്വാർത്ഥഭാവേന
തീർത്ഥനാമോ സ ഉച്യതേ''

1. അസംപ്രദായവിദ് സർവശാസ്ത്രവിദപി മൂർഖവദുപേക്ഷണീയഃ – ശ്രീ ശങ്കരൻ.

2 സ്മരണകൾ 4. വി. നാരായണമേനോൻ.(അനുബന്ധം)

എന്നാണല്ലോ 'തീർത്ഥപാദ'ലക്ഷണം തന്നെ. 'തദ്, ത്വം, അസി എന്നിവയുടെ ത്രിവേണീ സംഗമത്തിൽ ബ്രഹ്മരൂപനായി സ്നാനം ചെയ്യുന്ന മഹാത്മാവാണു് തീർത്ഥൻ' എന്നർത്ഥം. തത്ത്വമസിയുടെ ത്രിവേണിയിൽ നിരന്തരം നിമജ്ജനം ചെയ്തിരുന്ന മഹാത്മാവായിരുന്നല്ലോ ശ്രീനാരായണഗുരുദേവൻ. ആ 'തീർത്ഥപാദ'ലക്ഷണവും അവിടുത്തേയ്ക്കു യോജിക്കുന്നുണ്ടു് എന്നുകരുതാവുന്നതാണു്.

ശ്രീ ചട്ടമ്പിസ്വാമികൾ തന്നെയാണു് ശ്രീനാരായണഗുരുദേവന്റെ ഗുരുവെന്നു് ഈഴവസമുദായത്തിലെ സമുന്നത നേതാക്കന്മാർ പറഞ്ഞ പ്രമാണവാക്യങ്ങളാണു് മേൽക്കാണിച്ചതു്. ഇക്കാര്യത്തിൽ അവർ ഏകാഭിപ്രായക്കാരുമാണു്.

അന്നത്തെ നായർപ്രമാണിമാരുടെ പരാമർശം

അന്നത്തെ നായർ പ്രമാണിമാരും ഇക്കാര്യത്തെക്കുറിച്ചു് തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. അവയിലേറ്റവും പ്രധാനം, സ്വാമിതിരുവടികളുടെ ദ്വിതീയ ശിഷ്യനായ ശ്രീനീലകണ്ഠതീർത്ഥപാദരുടേതാണു്. ഒന്നിലേറെ ഘട്ടങ്ങളിൽ സന്ദർഭവശാൽ അദ്ദേഹം തന്റെ ഡയറിക്കുറിപ്പുകളിൽ ഇക്കാര്യത്തെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുണ്ടു്. കൊല്ലവർഷം 1095-ൽ, (ക്രി:വ: 1920) 'ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമി ചരിത്രസമുച്ചയം' എന്ന ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗം പ്രസിദ്ധീകൃതമായി. ശ്രീ ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുദേവനും ജീവിച്ചിരിക്കുന്ന കാലത്തുതന്നെയാണു് ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയതു്. ആ ഗ്രന്ഥത്തിൽ ശ്രീനീലകണ്ഠതീർത്ഥപാദരുടെ ഡയറിക്കുറിപ്പുകളും പ്രകാശനം ചെയ്തിട്ടുണ്ടു്.

കൊല്ലവർഷം 1091 കുംഭം 21-ാം തീയതി ആലുവായിൽ വിശ്രമിച്ച സാഹചര്യത്തെപ്പറ്റിയുള്ള ഈ ഡയറിക്കുറിപ്പു് നോക്കുക:-

''ഈഴവകുലഗുരുവും, ജ്ഞാനവിജ്ഞാസമ്പന്നനും, ജീവന്മുക്തനും, പരമഭട്ടാരസ്വാമിതിരുവടികളുടെ ആദ്യശിഷ്യനാകയാൽ എന്റെ സതീർത്ഥ്യനുമായ ശ്രീ നാണുഗുരുസ്വാമിയെന്ന മഹാന്റെ വാസസ്ഥലത്തുപോയി തീവണ്ടി വരുന്നതുവരെ ഇരിക്കാമെന്നുറച്ചു[1]''- അടിവരയിട്ട വാക്യഭാഗം ശ്രദ്ധിക്കുക!

---

1. ശ്രീനീലകണ്ഠതീർത്ഥപാദ ചരിത്ര സമുച്ചയം. ഭാഗം. 1.

ഡയറിയിൽ മറ്റൊരുഭാഗത്തു് അദ്ദേഹം ഇങ്ങനെ എഴുതിക്കാണുന്നു:-

''ഈ ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമിയെന്നും, ഷൺമുഖദാസനെന്നും, ശ്രീ വിദ്യാധിരാജ പരമഭട്ടാരസ്വാമിയെന്നും പേരുള്ള എന്റെ തിരുവടികളുടെ ആദ്യത്തെ ശിഷ്യനാണു്.....''

ചട്ടമ്പിസ്വാമികൾ ശ്രീനാരായണന്റെ ഗുരുവല്ലെന്നു് സ്ഥാപിതതാത്പര്യക്കാരായ ചിലർ വിരുദ്ധവാദമുന്നയിച്ചപ്പോൾ, സ്പർദ്ധാലുക്കളായ ചില നായന്മാരുടെ പ്രതികരണം ഗുരുദേവനെതിരേ തിരിയാൻ തുടങ്ങി. അതിനെപ്പറ്റി ശ്രീ നീലകണ്ഠതീർത്ഥപാദർ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

''സ്വാമിപാദശിഷ്യരും എന്റെ സതീർത്ഥ്യരുമായ ചിലർ ഇക്കാരണത്താൽ ഇദ്ദേഹത്തോടു് (നാണുഗുരു സ്വാമികളോടു്)സ്പർദ്ധയുള്ളവരല്ലയോ എന്നു ശങ്കയുണ്ടെങ്കിലും, എനിക്കു് അദ്ദേഹത്തെ (നാണുഗുരുവിനെ)ക്കുറിച്ചു് ഗുരുപാദങ്ങളിലെന്നപോലെ സ്നേഹ ബഹുമാനങ്ങളാണുള്ളതു്. ഇതിനുകാരണം, മേപ്പടിയാർ എന്നെക്കാൾ പത്തുപന്ത്രണ്ടു വർഷങ്ങൾക്കു മുമ്പു് സ്വാമിപാദങ്ങളെ പരിചരിച്ചു് അപരോക്ഷജ്ഞാനം സമ്പാദിച്ച ആളാണെന്നുള്ള സംഗതിയാകുന്നു.''

ഒരേ ഗുരുവിന്റെ ശിഷ്യന്മാരാണു് ശ്രീനാരായണ ഗുരുദേവനും, ശ്രീനീലകണ്ഠതീർത്ഥപാദരും. ആ നീലകണ്ഠതീർത്ഥപാദർ പറയുന്നു, ശ്രീനാരായണഗുരുദേവൻ തന്റെ സതീർത്ഥ്യനും തന്റെ ഗുരുവായ ചട്ടമ്പിസ്വാമികളുടെ ആദ്യ ശിഷ്യനുമാണെന്നു്. അതും, ചട്ടമ്പിസ്വാമികളും നാരായണഗുരുസ്വാമികളും സർവജനസമാദൃതരായി ജീവിച്ചിരിക്കുമ്പോൾ. ഒരു മഹാസന്യാസിയുടെ ഡയറിക്കുറിപ്പുകളിലെ ഈ വാക്യങ്ങൾ നിഷേധിക്കാനാവുമോ?

ചട്ടമ്പിസ്വാമികളുടെ മഹാസമാധിയെ സ്മരിച്ചുകൊണ്ടെഴുതിയ കവിതയിൽ, മഹാകവി വള്ളത്തോൾ പാടുന്നതു കേൾക്കുക:-

''ഏതിൽനിന്നെരിതിരിയൊന്നു കൈക്കൊണ്ടുതമോ-
ഭീതരാംപ്രജകളെ നേർവഴികാട്ടീ ഭവാൻ
ആ മഹാമണിദീപമക്ഷികൾക്കലക്ഷ്യമാം
ധാമത്തിലുൾച്ചേർന്നല്ലോ, 'ശ്രീനാരായണ സ്വാമിൻ[1]

1. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദസ്മാരക ഗ്രന്ഥം. പു൦. 117

അസമത്വത്തിന്റെയും അസ്വാതന്ത്ര്യത്തിന്റെയും തമസ്സിൽക്കഴിഞ്ഞ സ്വസമുദായാംഗങ്ങൾക്കു വഴിതെളിച്ചു വെളിച്ചംകാട്ടാൻവേണ്ടി ശ്രീനാരായണഗുരുദേവൻ ഏതു മണിദീപത്തിൽ നിന്നാണോ എരിതിരി കത്തിച്ചെടുത്തതു്, ആ മഹാമണിദീപം അക്ഷികൾക്കലക്ഷ്യമായ ധാമത്തിൽ വിലയം കൊണ്ടുവെന്നാണല്ലോ വള്ളത്തോൾ മഹാകവി ഇവിടെ പ്രസ്താവിച്ചിരിക്കുന്നതു്. രണ്ടു സത്യം ഈ പ്രസ്താവനയിലൂടെ മഹാകവി അനാവരണം ചെയ്യുന്നു. ശ്രീനാരായണഗുരുദേവന്റെ സാമൂഹികോന്നമനപരമായ പ്രവർത്തനങ്ങളുടെ പ്രചോദന ശക്തി ചട്ടമ്പിസ്വാമികളായിരുന്നെന്നും, ചട്ടമ്പിസ്വാമിയാകുന്ന മഹാമണിദീപത്തിൽ നിന്നു് കൊളുത്തിയെടുക്കപ്പെട്ട ദീപശിഖയാണു് ഗുരുദേവനെന്നും. രണ്ടുപേരുടേയും സമകാലികനും, അഖിലലോകപ്രസിദ്ധനുമായ ഒരു പരിണത പ്രജ്ഞന്റേതാണു് ഈ വാക്കുകൾ എന്നുകൂടി ഓർമ്മിക്കണം.

സ്വാമി തിരുവടികളിൽ അചഞ്ചലമായ ഭക്തിവിശ്വാസങ്ങളുള്ള വ്യക്തിയും, എറണാകുളം സ്വദേശിയുമായ ശ്രീ റ്റി. ആർ. അനന്തക്കുറുപ്പു്, തിരുവടികളുടെ സമാധിയെക്കുറിച്ചു് ഒരു അനുസ്മരണക്കവിത രചിച്ചിട്ടുണ്ടു്. (1924 ൽ). ചട്ടമ്പിസ്വാമികൾ അനേകം പ്രാവശ്യം അനന്തക്കുറുപ്പിന്റെ എറണാകുളത്തുള്ള ഭവനത്തിൽ വിശ്രമിച്ചിട്ടുണ്ടെന്ന കാര്യവും ഇവിടെ സ്മരണീയമാണു്. ശ്രീ അനന്തക്കുറുപ്പു് പറയുന്നതിങ്ങനെയാണു്:

> 'പണ്ഡിതതീർത്ഥസ്വാമി, ശാന്തനാം നാണുഗുരു,
> പ്രാസംഗികാഗ്രേസരൻ പരമഹംസസ്വാമി
> ഇങ്ങനെ മുഖ്യശിഷ്യ വിശുദ്ധത്രിവേണിയെ
> ഇങ്ങവതരിപ്പിച്ചതേതൊരു മഹാഗിരി''.[1]

ഭാഗീരഥി, മന്ദാകിനി, അളകനന്ദ എന്നീ മൂന്നു മഹാസ്രോതസ്സുകൾക്കു് ജന്മമരുളിയ സമുന്നതനായ ഹിമവാനോടു് ചട്ടമ്പിസ്വാമികളെ ഉപമിച്ചിരിക്കുന്ന ഈ വരികളിൽ, നാണുഗുരുസ്വാമികളും, നീലകണ്ഠതീർത്ഥപാദരും, തീർത്ഥപാദസ്വാമികളും ചട്ടമ്പിസ്വാമി തിരുവടികളുടെ ശിഷ്യരാണെന്നു വ്യക്തമാക്കിയിരിക്കുന്നു.

---

1. കേരളത്തിലെ രണ്ടു യതിവര്യന്മാർ പുറം. 161

''ശ്രീനാരായണഗുരു, ശിതി-
ഗള യതിവരമുഖ്യ നുതപാദം
പരമസമാധിഗതം
ശിശുനാമകയോഗിനം സദാ നൗമി

(ശ്രീനാരായണഗുരു, നീലകണ്ഠതീർത്ഥപാദർ. എന്നീ യതിവര്യന്മാരാൽ നമിക്കപ്പെടുന്ന പാദങ്ങളോടുകൂടിയവനും, സമാധിഗതനുമായ ശിശുനാമകയോഗിയെ - കുഞ്ഞൻപിള്ള യെന്നു പേരുള്ള യോഗിയെ- ഞാൻ സദാ നമസ്കരിക്കുന്നു എന്നർത്ഥം) - എന്നു് മഹാവൈദ്യൻ ശാർക്കരക്കോവിലക ത്തു് രവിവർമ്മൻ തമ്പാനും,

''ശ്രീമാൻ ഭട്ടാരകാഖ്യ പ്രഥിത പരമഹം-
സാഖ്യ വിദ്യാധിരാട്ടാ-
മീമാന്യൻ തന്റെ കാൽത്താരിണയുടെകരുണാ
വേദസാരംനുകർന്നും
ഭൂമാവാളുന്ന നാരായണഗുരുവരനും,
സാധുസാനന്ദസച്ചി
ദ്ധാമം ചേർന്നുല്ലസിക്കും ശിതിഗള പരമാ
ചാര്യനും സിദ്ധിനേടി''

എന്നിങ്ങനെ, കരിങ്ങാട്ടിൽ പപ്പുപിള്ള ശാസ്ത്രികളും സ്വാഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഈ രണ്ടുശ്ലോ കത്തിലും 'ശിതിഗളൻ' എന്നു സൂചിപ്പിച്ചിരിക്കുന്നതു് നീലക ണ്ഠതീർത്ഥപാദരെയാണു്. 'ശിതി' എന്ന പദത്തിനു് നീലനിറ മുള്ള, കറുത്ത എന്നാണർത്ഥം. ശിതിഗളൻ = നീലകണ്ഠൻ - നീലകണ്ഠ തീർത്ഥപാദർ. ശ്രീനാരായണഗുരു, ശിതിഗളൻ (നീലകണ്ഠതീർത്ഥപാദർ) എന്നീ യതിവര്യന്മാർ പാദനമസ് കാരം ചെയ്യുന്ന യോഗിയാണു് ശിശുനാമകൻ (കുഞ്ഞൻപി ള്ളച്ചട്ടമ്പി) എന്ന രവിവർമ്മൻ തമ്പാന്റെ പ്രസ്താവവും, ഭൂമാവാളുന്ന നാരായണഗുരുവരനും, ശിതിഗളപരമാചാര്യനും (നീലകണ്ഠതീർത്ഥപാദരും) ചട്ടമ്പിസ്വാമിയുടെ കാൽത്താരി ണയുടെ വേദസാരം നുകർന്നു സിദ്ധിനേടിയെന്ന പപ്പുപിള്ള ശാസ്ത്രിയുടെ പരാമർശവും, ചട്ടമ്പിസ്വാമികളുടെ തൃപ്പാദ

ശിഷ്യന്മാരാണു് നാണുഗുരുസ്വാമികളും നീലകണ്ഠതീർത്ഥ പാദസ്വാമികളും എന്ന പരമാർത്ഥത്തെയല്ലേ പ്രഖ്യാപനം ചെയ്യുന്നതു്?

"വാരാളും ഭാസ്സു നാരായണഗുരുവര്യാദി-
ശിഷ്യാഗ്രഗണ്യ-
ന്മാരാംദീപങ്ങളിൽച്ചേർത്തിരുൾനികരമൊഴി-
ച്ചാദിമൂലസ്വതായാം
പാരാതൈക്യംഗമിച്ചുള്ളൊരു ഗുരുവരനാം
ഭാനമാനെ സ്മരിച്ചി-
ഘോരാജ്ഞാനൈകമൂലക്കെടുതിസഹജരേ !
തെല്ലു നീക്കാൻ ശ്രമിക്കാം.

എന്നീപ്രകാരം വാരണാട്ടു, കെ.പി.ശാസ്ത്രികളും,

"നാണുകുരുവിൻകുരു, നായർഞാനികൾനായകപ്പേർ-
പൂണുംതിലകർ, അരുഞാനിയരിവർ പൂതലത്തെ"

എന്നു് തമിൾപണ്ഡിതനായ, റ്റി. ലക്ഷ്മണൻ പിള്ളയും,

"ബഹുശിഷ്യസമാവൃതശ്രീനാരായണാഖ്യ ഗുരു-
മുഖ്യനിഷേവ്യമാണഃ'

എന്നു് കവിദീപൻ, ആറന്മുള നാരായണപിള്ള വൈദ്യന വർകളും നടത്തിയിട്ടുള്ള പരാമർശങ്ങളും ഈ സന്ദർഭത്തിൽ സ്മരണീയങ്ങളാണു്. ശ്രീ ചട്ടമ്പിസ്വാമികൾതന്നെയാണു് ശ്രീനാരായണ ഗുരുദേവന്റെ ഗുരുവെന്നു് ഇവരെല്ലാം ഏകകണ്ഠമായിത്തന്നെ അഭിപ്രായപ്പെട്ടിരിക്കുന്നു.

അന്നത്തെ പത്രങ്ങളിലെ പരാമർശങ്ങൾ

വസ്തുതകൾ സത്യസന്ധമായി അന്വേഷിക്കുകയും, അവയെപ്പറ്റി നിഷ്പക്ഷമായിട്ടെഴുതുകയും ചെയ്യുകയെന്നതാണല്ലോ പത്രധർമ്മം. അതുകൊണ്ടു്, അക്കാലത്തെ പത്രങ്ങൾ ഈ ഗുരുശിഷ്യബന്ധത്തെപ്പറ്റി എന്തെങ്കിലും പ്രസ്താവനകൾ നടത്തിയിട്ടുണ്ടെങ്കിൽ അവ വിശ്വസനീയമായ തെളിവുകളാ

ണല്ലോ. 1099-ൽ (1924) ശ്രീ ചട്ടമ്പിസ്വാമികളുടെ സമാധി വാർത്ത പരസ്യപ്പെടുത്തിയ കേരളത്തിലെ പ്രമുഖപത്രങ്ങളെല്ലാം ശ്രീനാരായണഗുരുവിന്റെ ഗുരുവാണു് ശ്രീ ചട്ടമ്പിസ്വാമികളെന്നെഴുതിയിട്ടുണ്ടു്. സംശയമുള്ളവരുണ്ടെങ്കിൽ 1099 മേടം 27, 28, ഇടവം 4 എന്നീ തീയതികളിൽ പ്രസിദ്ധപ്പെടുത്തിയ **സഹോദരൻ വാരിക** (തൃശ്ശൂർ), **പൗരൻ** (കൊല്ലം) **മലയാളി** (കൊല്ലം), **സമദർശി** (തിരുവനന്തപുരം) **ശ്രീവാഴും കോടു്** (തിരുവനന്തപുരം) എന്നീ പത്രങ്ങൾ പരിശോധിച്ചു നോക്കട്ടെ. ഇതാ ഈ പത്രവാർത്തകൾ വായിക്കുക:-[1]

''ശ്രീനാരായണഗുരുസ്വാമികൾ, നീലകണ്ഠ തീർത്ഥപാദസ്വാമികൾ, തീർത്ഥപാദപരമഹംസ സ്വാമികൾ മുതലായ മഹാത്മാക്കളുടെ ദിവ്യഗുരുനാഥനും, അദ്വൈത പ്രസ്ഥാനത്തിന്റെ വിശിഷ്ടാവലംബവും, ഹിന്ദുമതത്തിന്റെ ജീവനാഡിയുമായിരുന്ന വിദ്യാധിരാജ സ്വാമികൾ ഈ മാസം 23-ാം തീയതി പകൽ മൂന്നുമണിക്കു് ദിവ്യസമാധിയായിരിക്കുന്ന വിവരം ഞങ്ങൾ അത്യധികമായ വ്യസനത്തോടുകൂടി വായനക്കാരെ അറിയിച്ചുകൊള്ളുന്നു.''

(മലയാളി . കൊല്ലം) 1099 മേടം 27

'അപാരമായ പാണ്ഡിത്യം, ബുദ്ധിശക്തി, സമഭാവന, ജീവകാരുണ്യം, വിശാലഹൃദയം, ശാന്തസ്വഭാവം എന്നിവ കൊണ്ടു പ്രഖ്യാതനായ ചട്ടമ്പിസ്വാമി അവർകൾ 1099 മേടം 23-ാം തീയതി നാലുമണിക്കു് മഹാസമാധിയടഞ്ഞുവെന്നറിഞ്ഞു് ഞങ്ങൾ വ്യസനിക്കുന്നു. ശ്രീനാരായണ പരമഹംസൻ, തീർത്ഥപാദസ്വാമികൾ, പരേതനായ നീലകണ്ഠതീർത്ഥപാദസ്വാമികൾ മുതലായ അനേകം മഹാനുഭാവന്മാർ ചട്ടമ്പിസ്വാമികളുടെ ശിഷ്യന്മാരാണു്.''

(''പൗരൻ'' കൊല്ലം) 1099 ഇടവം 4

''ശ്രീനാരായണഗുരുസ്വാമികൾ തുടങ്ങി അസംഖ്യം മഹായോഗികളുടെ ഗുരുനാഥനും, യഥാർത്ഥ പരമഹംസന്മാരിലൊരാളും, ഒരുത്തമദേശഭക്തനും, പണ്ഡിതനും, കേരളീയരുടെ നിരന്തര ഭക്ത്യാദരങ്ങൾക്കു പാത്രീഭൂതനുമായിരുന്ന പരമഭട്ടാരചട്ടമ്പിസ്വാമികൾ തിങ്കളാഴ്ച സമാധിയിൽ നിത്യശാന്തിയടഞ്ഞ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.''

('സമദർശി' തിരുവനന്തപുരം) 1099 മേടം.28)

മഹേശ്വരൻനായരോടു് കടപ്പാടു്.

''പരിവ്രാജകാചാര്യനായ ബ്രഹ്മശ്രീ നാരായണഗുരു സ്വാമി, ചട്ടമ്പിസ്വാമിതിരുമനസ്സിലെ പ്രധാനശിഷ്യനും, പാണ്ഡിത്യം പ്രതിഭാവിലാസം ആത്മസാക്ഷാത്കാരം മുതലായവയിൽ ലോകൈകശ്രേഷ്ഠനായിരുന്ന ബ്രഹ്മശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ രണ്ടാമത്തെ ശിഷ്യനും ആയിരുന്നു...''

(ശ്രീവാഴുംകോടു'' തിരുവനന്തപുരം) 1099 മേടം 28

''ബ്രഹ്മശ്രീ ചട്ടമ്പിസ്വാമികൾ സമാധിയായ വിവരം അറിഞ്ഞു ഞങ്ങൾ അത്യന്തം പരിതപിക്കുന്നു. സ്വാമികളുടെ സമാധിയിൽ നമുക്കു വിവിധകലാവല്ലഭനായ ഒരു മഹാപണ്ഡിതനും ഒരു വലിയയോഗിയും നഷ്ടമായി..... ഗുരുസ്വാമികളെ ഏതോ ചിലതെല്ലാം പഠിപ്പിച്ച ഗുരുസ്ഥാനം കൂടി ചട്ടമ്പിസ്വാമികൾക്കുണ്ടായിരുന്നു. മരിക്കുന്നതിനു കുറെ മുൻപു ഗുരുസ്വാമികൾ ചട്ടമ്പിസ്വാമികളെ പോയിക്കാണുകയുണ്ടായി.''

(''സഹോദരൻ'' തൃശ്ശൂർ) 1099 ഇടവം 4

ശ്രീനാരായണഗുരുദേവന്റെ സമാധിവാർത്ത പ്രസിദ്ധപ്പെടുത്തിയ പത്രങ്ങൾ കേരളത്തിലെ പത്രങ്ങൾ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ടു്. 1104(1928) കന്നിമാസത്തിലെ 'ലക്ഷ്മീഭായി' മാസികയിലെ ഈ വാരത്താഭാഗം വായിക്കുക:-

''ബ്രഹ്മശ്രീ ചട്ടമ്പിസ്വാമി തിരുമനസ്സിലെ പ്രഥമശിഷ്യനും, ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികളുടെ സതീർത്ഥ്യനും, ഈഴവകുലഗുരുവും, യോഗിയുമായിരുന്ന ബ്രഹ്മശ്രീ നാരായണഗുരുസ്വാമികൾ ഏതാനും മാസങ്ങൾ തീരെ കിടപ്പിലായിരുന്നു.....ജാതിമതഭേദമെന്യേ സകലർക്കും സുഖമരുളുന്നതിനായി അവതരിച്ച ഈ പുണ്യപുരുഷൻ ഈമാസം 5-ാം തീയതി സമാധിയടഞ്ഞ വിവരം ഞങ്ങൾ ലക്ഷ്മീഭായി വായനക്കാരെ വ്യസനപൂർവം അറിയിച്ചുകൊള്ളുന്നു.

(ലക്ഷ്മീഭായിമാസിക.) പുസ്തകം.24. ലക്കം.6

മഹാകവിയും, ഗവേഷകനുമായ ഉള്ളൂർ പരമേശ്വരയ്യർ ഈ ഗുരുശിഷ്യബന്ധത്തെപ്പറ്റി രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായവും ശ്രദ്ധേയമാണു്. അദ്ദേഹം പറയുന്നതു് ഇങ്ങനെയാണു്:-

''ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരുസ്വാമികളുടെ ആചാര്യനായിരുന്നുവോ എന്നു ചിലർ സംശയിക്കുന്നു. ആ

സംശയം അനാസ്പദമാണു്. 'ശിശുനാമഗുരോരാജ്ഞാം - കരോമിശിരസാവഹൻ - നവമഞ്ജരികാം ശുദ്ധീകർത്തുമർഹന്തികോവിദഃ' എന്നു നാരായണഗുരുതന്നെ ജനനീസ്തവമഞ്ജരിയിൽ പ്രസ്താവിച്ചിട്ടുണ്ടു്. 'ശിശു' എന്നാൽ കുഞ്ഞൻ എന്നർത്ഥം. നാരായണഗുരുസ്വാമി യോഗജ്ഞാന വിഷയങ്ങളിൽ തന്റെ ശിഷ്യനായിരുന്നതായി ചട്ടമ്പിസ്വാമികളും ഒരെഴുത്തിൽ പ്രാസംഗികമായി സൂചിപ്പിച്ചിരിക്കുന്നു. ഇതിൽക്കൂടുതൽ തെളിവു് ആവശ്യമില്ലല്ലോ''. ''യോഗാഭ്യാസവിഷയത്തിൽ പ്രായോഗിക വിജ്ഞാനവും, സംസ്കൃതത്തിലൂടെയുള്ള അദ്വൈതവേദാന്തോപദേശവും ശ്രീനാരായണഗുരുദേവനു നൽകിയതും ചട്ടമ്പിസ്വാമികൾ തന്നെയായിരുന്നു' എന്നും ഉള്ളൂർ അഭിപ്രായപ്പെട്ടിട്ടുണ്ടു്.[1]

ശ്രീ ചട്ടമ്പിസ്വാമികൾ ശ്രീനാരായണഗുരുദേവന്റെ ഗുരുവാണെന്നും, ആ നിലയിൽ ഗുരുദേവൻ സ്വാമികളെ ആദരിച്ചിരുന്നുവെന്നും തെളിയിക്കുന്ന ഒരു ചരിത്രസംഭവംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ:-

കൊല്ലവർഷം 1078 മകരം 20-ാം തീയതി ശ്രീ കുളവേലിൽ കൃഷ്ണൻ വൈദ്യന്റെ നേതൃത്വത്തിൽ പറവൂർ മൂത്തകുന്നത്തു്, ശ്രീനാരായണഗുരുദേവൻ ഒരു ക്ഷേത്രപ്രതിഷ്ഠ നടത്തി. ചട്ടമ്പിസ്വാമികളും, തീർത്ഥപാദപരമഹംസ സ്വാമികളും അന്നവിടെ സന്നിഹിതരായിരുന്നു. തീർത്ഥപാദസ്വാമികൾ ശ്രീനാരായണഗുരുദേവനെ ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും ഇവിടെ വച്ചാണെന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. പ്രതിഷ്ഠ കഴിഞ്ഞപ്പോൾ ക്ഷേത്രഭാരവാഹികൾ ഒരു പണക്കിഴിയും, പട്ടും ശ്രീനാരായണ ഗുരുദേവനു് ദക്ഷിണയായിക്കൊടുത്തു. തനിക്കു കിട്ടിയ ദക്ഷിണ, ഗുരുദേവൻ ചട്ടമ്പിസ്വാമികളുടെ പാദങ്ങളിൽ സമർപ്പിക്കുകയാണു ചെയ്തതു്.[2] ആ സത്കർമ്മം, ഗുരുദേവനു് ചട്ടമ്പിസ്വാമികളോടുള്ള 'ഗുരുത്വ'ത്തെയാണു് വിളംബരം ചെയ്യുന്നതു്. ക്ഷേത്രപ്രതിഷ്ഠാവിധികൾ തനിക്കുപദേശിച്ച ഗുരുനാഥൻ സന്നിഹിതനായിരിക്കുമ്പോൾ, തനിക്കുകിട്ടിയ ദക്ഷിണ ഗുരുപാദങ്ങളിൽ സമർപ്പിക്കുന്നതു് ശിഷ്യധർമ്മമാണു്. 'നാണുഗുരു'വിനെ ക്ഷേത്രം പ്രതിഷ്ഠിക്കാൻ പഠിപ്പിച്ചതു് ചട്ടമ്പിസ്വാമിയാണെന്നു്, ഗുരുദേവന്റെ അന്തേവാസിയായ കരുവാ കൃഷ്ണനാശാൻ രേഖപ്പെടുത്തിയിട്ടുള്ളതു് ഓർക്കുക.[3]

1. കേരള സാഹിത്യചരിത്രം- ഉള്ളൂർ. അഞ്ചാം വാല്യം. പുറം. 262.

2 'ശ്രീ തീർത്ഥപാദപരമഹംസസ്വാമികൾ' - ഒന്നാംഭാഗം. പുറം 182.

. സ്മരണകൾ. 7. കരുവാകൃഷ്ണനാശാൻ. അനുബന്ധം നോക്കുക.

ഇത്രയും പ്രാമാണികങ്ങളായ ചരിത്ര രേഖകളും പത്ര വാർത്തകളും, സമകാലികസമൂഹത്തിന്റെ വിശ്വാസപ്രമാണങ്ങളും ഉണ്ടായിരുന്നിട്ടും, ഈ പരമാർത്ഥവസ്തുതയ്ക്കെതിരേ എങ്ങനെ ഒരു വിരുദ്ധവാദം വന്നു.? ശ്രീനാരായണഗുരുദേവന്റെ ഗുരു, ശ്രീ ചട്ടമ്പിസ്വാമികളാണെന്ന വിശ്വാസത്തിന്റെ തെളിനീർത്തടാകത്തിൽ കല്ലെറിഞ്ഞു കലക്കമുണ്ടാക്കാൻ ആദ്യമായി ഒരു വിഫലശ്രമം നടത്തിയതു്, 'മനുഷ്യകഥാനുഗായി'യായ കുമാരനാശാനാണു്. സദാചാരത്തോടും സമൂഹവിശ്വാസങ്ങളോടും സത്യസന്ധമായി പ്രതികരിക്കാൻ പ്രതിജ്ഞാബദ്ധതയുള്ള ഒരു കവി, പൊതുജനവിശ്വാസത്തിനെതിരെ ചെളിവാരിയെറിയാൻ ശ്രമിച്ചതു് ശരിയാണോ? അപാരമായ കാവ്യസംസാരത്തിലെ പ്രജാപതിയായി സൃഷ്ടികർമ്മം നിർവഹിക്കുന്ന കവി, അസത്യവചസ്സായിക്കൂടാ. അയാൾ സത്യമേ പറയാവൂ. കവി, ഒരർത്ഥത്തിൽ ഋഷിയാണു്. ഋഷിയെന്ന പദത്തിനു് വഴികാണിക്കുന്നവൻ, പ്രകാശിപ്പിക്കുന്നവൻ എന്നൊക്കെയാണർത്ഥം. വഴികാണിക്കുകയും, പ്രകാശിപ്പിക്കുകയും ചെയ്യേണ്ടയാൾ വഴിതെറ്റിക്കാനും, അന്ധകാരം പരത്താനും ശ്രമിച്ചതു തെറ്റായിപ്പോയി. ശ്രീനാരായണഗുരുദേവനെ കാണുമ്പൊഴെല്ലാം, 'എന്റെ തങ്കക്കുടം കുമാരു എവിടെ'[1] എന്നു് വാത്സല്യപൂർവം കുമാരനാശാനെക്കുറിച്ചു ചോദിക്കാറുള്ള ചട്ടമ്പിസ്വാമികളുടെ നേർക്കു ആശാൻ ഇങ്ങനെയൊരു നന്ദികേടു കാണിച്ചതു് ശരിയായില്ല.

കൊല്ലവർഷം 1090-ൽ (ക്രി:വ: 1915) ആശാൻ വളരെ തിടുക്കത്തിൽ ശ്രീനാരായണഗുരുദേവന്റെ ഒരു ജീവചരിത്രം തട്ടിക്കൂട്ടി. അത്ര തിടുക്കത്തിൽ ആ സാഹസകർമ്മത്തിലേർപ്പെടാൻ കുമാരനാശാനെ പ്രേരിപ്പിച്ച മറ്റൊരു സംഭവംകൂടി ഉണ്ടായി. ഇതിനു് ഒരു വർഷം മുമ്പു് അതായതു് 1914-ൽ ഡോ:കെ.ജി. ഗോപാലപിള്ള, ശ്രീനാരായണഗുരുവിന്റെ ഒരു ലഘുജീവചരിത്രമെഴുതി; ഗുരുദേവന്റെ ജന്മജയന്തിയോടനുബന്ധിച്ചു് ചെമ്പഴന്തിയിൽ നടന്ന സമ്മേളനത്തിൽ വായിച്ചു. ആ യോഗത്തിൽ കുമാരനാശാനും സന്നിഹിതനായിരുന്നു. ശ്രീനാരായണധർമ്മപരിപാലന സംഘത്തിന്റെ സെക്രട്ടറിയും മഹാകവിയുമായ താൻ ജീവിച്ചിരിക്കെ, ഒരു നായർ, നാണുഗുരുവിന്റെ ജീവചരിത്രമെഴുതി ഖ്യാതിനേടുകയോ? ആശാന്റെ സങ്കുചിതചിന്താഗതിക്കു് അതു സഹിക്കാനായില്ല. അതുകൊണ്ടാണു് വളരെ ധൃതിപ്പെട്ടു് കുമാരനാശാൻ ഒരു ജീവചരിത്രം തട്ടിക്കൂട്ടിയതു്. അതിൽ ആശാൻ ഇങ്ങനെ എഴുതി:-

1. സ്മരണകൾ.7. കരുവാ കൃഷ്ണനാശാൻ

"സ്വാമി(നാണുഗുരുസ്വാമി) ഈ കാലത്തു്, പ്രാചീന മലയാളം മുതലായ ഗ്രന്ഥങ്ങളുടെ കർത്താവായ കുഞ്ഞൻപിള്ളച്ചട്ടമ്പിയുമായി പരിചയിക്കുകയും, അതുവഴി തിരുവനന്തപുരത്തു് തൈക്കാട്ടു് അയ്യാവെന്ന സുബ്രഹ്മണ്യഭക്തനും, യോഗിയുമായ ഗുരുവിന്റെ അടുക്കൽനിന്നു് യോഗാഭ്യാസസംബന്ധമായ ഉപദേശം കൈക്കൊള്ളുകയും ചെയ്തു."[1]

ചട്ടമ്പിസ്വാമികളും, ശ്രീനാരായണഗുരുദേവനും തമ്മിലുള്ള ബന്ധം നിഷേധിക്കാതെതന്നെ നാണുഗുരുസ്വാമികൾക്കു് തന്ത്രപൂർവം അയ്യാവിന്റെ ശിഷ്യത്വം സമ്പാദിച്ചുകൊടുത്തിരിക്കുകയാണു്, ആശാനിവിടെ. അയ്യാവാരെന്നോ, ശ്രീനാരായണഗുരുദേവൻ ചട്ടമ്പിസ്വാമികളുടെ ശിഷ്യത്വം സ്വീകരിച്ച സാഹചര്യമേതെന്നോ ആശാനറിഞ്ഞുകൂടെന്നു് വ്യക്തമാണു്. കുമാരനാശാൻ, ശ്രീനാരായണ ഗുരുദേവനെ ആദ്യമായി പരിചയപ്പെടുന്നതു് കൊല്ലവർഷം 1071-ൽ (ക്രി:വ: 1896) ആണു്. അതിനു പതിമൂന്നുകൊല്ലം മുമ്പാണു്, അതായതു് 1058-ൽ (1883) ആണു് ശ്രീനാരായണഗുരുദേവൻ ചട്ടമ്പിസ്വാമികളുടെ ശിഷ്യത്വം സ്വീകരിക്കുന്നതു്. താൻ ഗുരുദേവനെ പരിചയപ്പെടുന്നതിനും പതിമൂന്നുവർഷം മുമ്പു നടന്ന ആ സംഭവം കുമാരനാശാൻ കണ്ടിരിക്കാനിടയില്ല. അതുകൊണ്ടു് നേരിട്ടറിയാവുന്ന കാര്യത്തെക്കുറിച്ചല്ല ആശാൻ പറയുന്നതെന്നു സ്പഷ്ടമാണു്.

യോഗിയായ അയ്യാവിൽനിന്നു് നാണുഗുരു, 'യോഗാഭ്യാസസംബന്ധമായ ഉപദേശം സ്വീകരിച്ചു' വെന്നാണല്ലോ ആശാൻ പറയുന്നതു്. കാര്യങ്ങൾ വളച്ചൊടിക്കാൻ ആശാൻ ശ്രമിച്ചുവെന്നതിനു് ആ പ്രസ്താവം തന്നെ തെളിവാണു്. ഒന്നാമതു്, അയ്യാവു് യോഗിയല്ല. യോഗാഭ്യാസിയോ, വേദാന്തിയോ അല്ല. അദ്ദേഹം ഹഠയോഗിയായിരുന്നു. സുബ്ബരായപ്പണിക്കർ എന്നുപേരുള്ള ഈ അയ്യാവു് തിരുവനന്തപുരം റസിഡൻസിയിൽ ഉദ്യോഗസ്ഥനായിരുന്നു. അയ്യാവിൽനിന്നു് ആരും യോഗമോ വേദാന്തമോ പഠിച്ചതായി ഇന്നുവരെ അറിവില്ല. ആശാൻ പറയുംപോലെ, നാണുഗുരു അയ്യാവിന്റെ ശിഷ്യനായിരുന്നെങ്കിൽ, പഠിച്ചതു് ഹഠയോഗമായിരിക്കണം. ഗുരുദേവൻ ഹഠയോഗിയല്ല. അവിടുന്നു് അദ്വൈതവേദാന്തിയാണു്.

---

1. ആശാന്റെ പത്രാധിപത്യത്തിലുള്ള 'വിവേകോദയം' മാസികയിലാണു് ഈ ഗുരുദേവചരിത്രം പ്രസിദ്ധീകരിച്ചതു്. അതുപിന്നെ പുസ്തകരൂപത്തിൽ പ്രകാശിതമായി. അതിന്റെ മൂന്നാം അദ്ധ്യായത്തിലാണു് ആശാൻ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നതു്

അവിടുത്തെ കൃതികളും അദ്വൈതവേദാന്തതത്ത്വങ്ങളാണു് പ്രകാശിപ്പിക്കുന്നതു്. കൊല്ലവർഷം 1120 കർക്കടകം ലക്കം 'നവജീവൻ' പത്രത്തിൽ പണ്ഡിതാഗ്രണിയായ പണ്ഡിറ്റ് ശ്രീ. സി. രാമകൃഷ്ണൻ നായർ ഇക്കാര്യത്തെക്കുറിച്ചു് അഭിപ്രായപ്പെട്ടിരിക്കുന്നതു് നോക്കുക:-

''ത്രിഭുവനസീമകടന്നു തിങ്ങിവിങ്ങും
ത്രിപുടി മുടിഞ്ഞു തെളിഞ്ഞിടുന്ന ദീപം
കപടയതിക്കു കരസ്ഥമാകുവീലെ-
ന്നുപനിഷദുക്തി രഹസ്യമോർത്തിടേണം-''

എന്നുപാടിയ ബ്രഹ്മവിദ്വരനായ നാണുഗുരുസ്വാമികൾ, 'സ്വരൂപസമാധി'യിൽ വിശ്രമിച്ചുകൊണ്ടിരുന്നതു് ശ്രീ അയ്യാവിന്റെ ഹഠയോഗംകൊണ്ടല്ലെന്നു് ഇക്കാര്യത്തിൽ കുറച്ചെങ്കിലും വിവരമുള്ളവർക്കു മനസ്സിലാക്കാവുന്നതേയുള്ളു.'' അദ്വൈതവേദാന്തിയായ ശ്രീനാരായണൻ അയ്യാവിൽനിന്നു് ഹഠയോഗം പഠിച്ചിട്ടില്ലെന്ന വ്യക്തമല്ലേ? അയ്യാവു് വേദാന്തിയല്ലാത്തതുകൊണ്ടു്, അദ്ദേഹത്തിൽനിന്നു് വേദാന്തമഭ്യസിച്ചിരിക്കാനും ഇടയില്ല. രണ്ടായാലും നാരായണഗുരുസ്വാമികൾ അയ്യാവിന്റെ ശിഷ്യനല്ലെന്നു സ്പഷ്ടം. ശിഷ്യനാണെങ്കിൽ, അയ്യാവിന്റെ ചരമത്തെക്കുറിച്ചു് നാണുഗുരുസ്വാമികൾ അനുസ്മരിക്കുമായിരുന്നില്ലേ? ഗുരുദേവൻ അങ്ങനെ ചെയ്തിട്ടില്ല. ചട്ടമ്പിസ്വാമികളുടെ സമാധിയെക്കുറിച്ചു് ഭക്തിപൂർവം അനുസ്മരിക്കുകയും ചെയ്തിരിക്കുന്നു. ചട്ടമ്പിസ്വാമികൾക്കും നാണുഗുരുസ്വാമികൾക്കും അയ്യാവുമായുണ്ടായിരുന്ന ബന്ധത്തെപ്പറ്റി രണ്ടുപേരുടേയും ആരാധകനും, രണ്ടു പേരെയും അടുത്തറിയാവുന്ന ആളുമായ ഡോ: കെ. ജി. ഗോപാലപിള്ള രേഖപ്പെടുത്തിയിരിക്കുന്നതു് ഇങ്ങനെയാണു്:-

''തൈക്കാട്ടു് അയ്യാസ്വാമികളെ കാണാൻ രണ്ടുപേരും കൂടി പോയിരുന്നതു ശരിതന്നെ. അദ്ദേഹം രസവാദത്തിൽ (ചെമ്പുമുതലായ ലോഹങ്ങളെ സ്വർണ്ണമാക്കുന്നതിൽ) ഭ്രമമുള്ള ആളായിരുന്നു. ഇവർ ചെല്ലുമ്പോഴെല്ലാം മഹാദാനപുരത്തുചെന്നു് കറുത്ത പൂവുള്ള കയ്യോന്നിയും മറ്റും കൊണ്ടുവരണമെന്നു് പറഞ്ഞയയ്ക്കുക പതിവായിരുന്നു. ഈ ബുദ്ധിമുട്ടു സഹിക്കാൻവയ്യാതായപ്പോൾ രണ്ടുപേരുംകൂടി കല്ലുവീട്ടിൽ നിന്നും ഒരു പവൻ സമ്പാദിച്ചു. അടുത്ത ദിവസം അയ്യാസ്വാമിയെ കണ്ടപ്പോൾ അദ്ദേഹം വീണ്ടും പഴയ പാട്ടു

തുടങ്ങി. 'ആ മരുന്നു് എന്തിനാണു സ്വാമീ? സ്വർണ്ണമുണ്ടാക്കാനല്ലേ'? എന്നു ചട്ടമ്പിസ്വാമികൾ ചോദിച്ചു. അതിനുതന്നെന്നു് അദ്ദേഹം മറുപടി പറഞ്ഞപ്പോൾ, 'ആ ബുദ്ധിമുട്ടുവേണ്ട, സ്വർണ്ണംതന്നെ തന്നേയ്ക്കാം' എന്നും പറഞ്ഞു് ആ പവൻ അയ്യാസ്വാമിയുടെ മുമ്പിൽ വച്ചിട്ടു് അവർ പോരുകയും ചെയ്തു. പിന്നെ അവിടെ പോയിട്ടില്ല. ഇപ്രകാരമൊരു കഥയാണു് അയ്യാസ്വാമികളെ സംബന്ധിച്ചു് ചട്ടമ്പിസ്വാമികളിൽ നിന്നും, നാണുഗുരുസ്വാമികളിൽനിന്നും ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. അതു് പരമാർത്ഥവുമാണു്.''[1]

ചെമ്പു സ്വർണ്ണമാക്കാൻ വ്യഗ്രതകാണിക്കുന്ന, കാഞ്ചനമോഹം കൈവിട്ടിട്ടില്ലാത്ത, അയ്യാവിനു് ബ്രഹ്മജിജ്ഞാസുവായ ശ്രീനാരായണന്റെ ഗുരുവാകാൻ കഴിയുമോ? അങ്ങനെ ചിന്തിക്കുന്നതുതന്നെ തികഞ്ഞ വിവരക്കേടല്ലേ? അപ്പോൾ ഒരു കാര്യം സ്പഷ്ടമാണു്. അയ്യാസ്വാമികൾ, ചട്ടമ്പിസ്വാമികളുടേയോ, നാണുഗുരുസ്വാമികളുടേയോ, ഗുരുവല്ല. വേദാന്തം പഠിച്ച കുമാരനാശാനു് അറിഞ്ഞുകൂടാത്തതല്ല, ഇക്കാര്യം. എങ്കിലും ഒരു വീശു വീശിനോക്കി. അത്രമാത്രം.

വളരെ തന്ത്രപൂർവം കുമാരനാശാൻ പ്രചരിപ്പിച്ച ഈ വിരുദ്ധവാദം നാട്ടിൽ പരന്നതോടുകൂടിയാണു് 'ഗുരുശിഷ്യബന്ധം' ഒരു തർക്കവിഷയമായി മാറിയതു്. സത്യമറിയാവുന്ന സജ്ജനങ്ങൾ അതുകേട്ടു ഞെട്ടി. പരമാർത്ഥബോധത്തിന്റെ ശക്തി നഷ്ടപ്പെട്ടവർ കൈയടിച്ചു. രണ്ടുപക്ഷത്തും ആയോധനോത്സുകരായി ആളുകൾ അണിയിട്ടു. നായന്മാരും ഈഴവരും രണ്ടുചേരിയായി മാറി. ഇരുസമുദായക്കാരും തമ്മിലുണ്ടായിരുന്ന സാമുദായിക സൗഹാർദ്ദവും സഹവർത്തിത്വവും നഷ്ടപ്പെട്ടു. അതുവരെ നായന്മാർ, ശ്രീനാരായണഗുരുദേവനെ ഈഴവമുനിയായി കണ്ടിരുന്നില്ല. ഈഴവർ ചട്ടമ്പിസ്വാമികളെ നായർ മുനിയായും ഗണിച്ചിരുന്നില്ല. രണ്ടു സമുദായത്തിലുംപെട്ട സജ്ജനങ്ങൾ രണ്ടുപേരുടേയും ശിഷ്യന്മാരായുണ്ടായിരുന്നു. ശ്രീനാരായണഗുരുദേവന്റെ പ്രഥമശിഷ്യനായ കൊച്ചപ്പിപ്പിള്ള നായരാണു്. ഗുരുദേവന്റെ വത്സലശിഷ്യരും, ഈഴവരുടെ കണ്ണിലുണ്ണികളുമായിരുന്ന സ്വാമി ധർമ്മതീർത്ഥനും, സ്വാമി നാരായണചൈതന്യനും നായന്മാരാണു്. അതുപോലെ ചട്ടമ്പിസ്വാമികളുടെ പ്രത്യേകമായ സ്നേഹവാത്സല്യങ്ങൾക്കു പാത്രീഭൂതരും; സ്വാമി തിരുവടികളുടെ സന്തതസഹചാരികളുമായിരുന്ന പെരുന്നെല്ലി കൃഷ്

1. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദസ്മാരകഗ്രന്ഥം. പുറം. 258. 259.

ണൻവൈദ്യനും, വെളുത്തേരി കേശവൻ വൈദ്യനും ഈഴവ വംശജരായിരുന്നില്ലേ?

ചട്ടമ്പിസ്വാമികളല്ല, അയ്യാവവർകളാണു് ശ്രീനാരായണ ഗുരുദേവന്റെ ഗുരുവെന്ന ആശാന്റെ തിരുത്തൽവാദം അരക്കിട്ടുറപ്പിക്കാൻ പലരും മുന്നോട്ടുവന്നു. അവരിൽ പ്രമാണിമാരുണ്ടു്, പത്രാധിപന്മാരുണ്ടു്, കാഷായവേഷക്കാരുമുണ്ടു്. അക്കൂട്ടത്തിൽ എടുത്തുപറയേണ്ടതു്, ശ്രീ. മൂർക്കോത്തു കുമാരന്റെ പേരാണു്. അദ്ദേഹം എഴുതിയ ശ്രീനാരായണഗുരുസ്വാമിയുടെ ജീവചരിത്രത്തിൽ, കുമാരനാശാന്റെ വിരുദ്ധവാദത്തെ അതേപടി അംഗീകരിച്ചിരിക്കുന്നു. ഒപ്പം, കുറെ വിഡ്ഢിത്തങ്ങളും എഴുന്നള്ളിച്ചിട്ടുണ്ടു്. അദ്ദേഹം പറയുന്നതു കേൾക്കുക:-

''പ്രാണായാമാദിയോഗക്രമങ്ങളൊക്കെ ഗ്രഹിക്കുകയും അവയെ അഭ്യസിക്കുകയും ചെയ്തതിനുശേഷവും ഏതോ സംഗതിവശാൽ ഉദ്ദിഷ്ടകാര്യം സാധിക്കാതെ പിന്നെയും ഒരു പ്രാപഞ്ചികനായി ഇരിക്കേണ്ടിവന്ന തൈക്കാട്ടു് അയ്യാവിനു് ഷൺമുഖദാസൻ തന്റെ സഹചാരിയെ (നാണുഗുരുവിനെ) പരിചയപ്പെടുത്തി.'' (ശ്രീനാരായണൻ ചട്ടമ്പിസ്വാമികളുടെ ഒരു സഹചാരിമാത്രമാണെന്നും, ഗുരു അയ്യാവാണെന്നുമാണു് മലബാറുകാരനായ മൂർക്കോത്തുകുമാരൻ പറയുന്നതു്, അഥവാ പറഞ്ഞു പരത്താൻ ശ്രമിക്കുന്നതു്. സഹചാരിയായ നാണുഗുരുവിനെ അയ്യാവിനു പരിചയപ്പെടുത്തിയ ഒരു ഇടനിലക്കാരനാണു് ചട്ടമ്പിസ്വാമിയെന്നു് കുമാരനാശാനെപ്പോലെ മൂർക്കോത്തു കുമാരനും വിശ്വസിക്കുന്നു. രണ്ടു 'കുമാര'ന്മാരും ഒരുപോലെ വഴിതെറ്റിപോവുകയാണു്. നാണുഗുരു, ചട്ടമ്പിസ്വാമികളുടെ 'സഹചാരി'യാണെന്നു് മൂർക്കോത്തു കുമാരൻ വിശ്വസിക്കുന്നുണ്ടല്ലോ. നാണുഗുരു എന്തിനാണു് ചട്ടമ്പിസ്വാമിയെ സഹചരിച്ചതു്? വെറുതേ അങ്ങു സഹചരിക്കുകയില്ലല്ലോ. മാത്രവുമല്ല; അയ്യാവു് പ്രാപഞ്ചികനായിരിക്കുന്ന ആളാണെന്നു് കുമാരൻ തന്നെ പറയുന്നുണ്ടു്. അങ്ങനെയാണെങ്കിൽ, 'യോഗാഭ്യാസവിഷയത്തിൽ പരിശ്രമിക്കാൻ ജന്മസിദ്ധമായ വാസനയോടുകൂടിയ നാണുഗുരുവിനെ' ഒരു പ്രാപഞ്ചികനുമായി പരിചയപ്പെടുത്തി എന്നു കരുതുന്നതു് വിഡ്ഢിത്തമല്ലേ? നാണുഗുരുവിനെ ചട്ടമ്പിസ്വാമിക്കു പരിചയപ്പെടുത്തിക്കൊടുത്തതു് കൃഷ്ണൻ വൈദ്യനാണു് എന്ന പ്രസ്താവവും അക്കാര്യത്തിൽ ശ്രീ മൂർക്കോത്തു കുമാര

നുള്ള അജ്ഞതയെയാണു് വിളംബരം ചെയ്യുന്നതു്. പരിചയപ്പെടുത്തിയതു് കൊടിപ്പറമ്പിൽ നാരായണപിള്ളയാണെന്നതു് ശ്രീനാരായണഗുരുദേവൻതന്നെ സമ്മതിച്ചിട്ടുള്ള കാര്യമാണു്. ഡോ: കെ. ജി. ഗോപാലപിള്ള അക്കാര്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടു്.[1]

'ശ്രീനാരായണ ശതവത്സരോപഹാര' ഗ്രന്ഥത്തിൽ, ശ്രീ. എൻ. ആർ. കൃഷ്ണനും, 'വിശ്വദീപ'മെന്ന ഗ്രന്ഥത്തിൽ ശ്രീ ധർമ്മദാസും, 'വിശ്വവന്ദ്യഗുരു ശ്രീനാരായണൻ' എന്ന ജീവചരിത്രത്തിൽ, കുമാരദാസും, ഡോ: പൽപ്പുവിന്റെ ജീവചരിത്ര ഗ്രന്ഥത്തിൽ ദേശാഭിമാനി റ്റി. കെ. മാധവനും മറ്റും ആശാന്റെ അസത്യവാദം ഒരുപോലെ ഏറ്റുപാടിയിരിക്കുന്നു. അവയിൽ ജാതിക്കുശുമ്പിന്റെ കറപറ്റി ഏറെ കറുത്തുപോയതു് ശ്രീ. കുമാരദാസിന്റെ വാക്കുകളാണു്. ആ സന്യാസിവര്യൻ പറയുന്നതു കേൾക്കുക:-

"നാരായണഗുരു കേരളത്തിനകത്തും പുറത്തും സമാരാധ്യനായപ്പോൾ, ഇദ്ദേഹം ചട്ടമ്പിസ്വാമിയുടെ ശിഷ്യനാണെന്നൊരു മേൽക്കോയ്മ – ഒരധികാര സ്വരം – ചില നായർപ്രമാണിമാർ പത്രങ്ങളിൽക്കൂടെ പരത്തുവാൻ തുടങ്ങി...". മറ്റൊരിടത്തു് ഈ മാന്യസന്യാസി പറയുന്നു, "ചട്ടമ്പിസ്വാമിയുടെ ജീവചരിത്രത്തിൽ ശ്രീനാരായണഗുരുവിനെ പല ഘട്ടങ്ങളിലും മനഃപൂർവം അധഃപതിപ്പിച്ചും, ആശ്രയഭാവത്തിലും ചിത്രീകരിച്ചിരിക്കുന്നതു് കേരളത്തിലെ നായർ പ്രഭുത്വത്തിന്റെ ഭൂതകാലാധികാരങ്ങളുടെ മാതൃകകൾ മാത്രമാണു്. അതിലൊന്നും അരയ്ക്കാൽ കഴമ്പു സത്യത്തിന്റെ അംശംപോലുമില്ല."

ഒരു സന്യാസിയുടെ വാക്കുകളാണിവയെന്നു് ഓർക്കുക. സന്യാസിമാർക്കു വിവരക്കേടുകളുണ്ടാകാം. കാരണം, വിവരമില്ലാത്ത പല സന്യാസവേഷക്കാരും നമ്മുടെ നാട്ടിലുണ്ടു്. എന്നാൽ എല്ലാം സമ്യക്കാകുംവണ്ണം ന്യസിച്ച സന്യാസിക്കു് ജാതിക്കറ പാടുണ്ടോ? അതുംകൂടി ന്യസിക്കാൻ കഴിയാത്തതിന്റെ രോഗമാണിതു്. വസ്തുസ്ഥിതികൾ വായിച്ചു മനസ്സിലാക്കാൻ കുമാരദാസിനു കഴിവില്ലാത്തതിനു് മറ്റുള്ളവരെ എന്തിനു പഴിചാരുന്നു.?

ദേശാഭിമാനിയുടെ പത്രാധിപരായ ശ്രീ. റ്റി. കെ. മാധവൻ ആദ്യം പറഞ്ഞതു്, ചട്ടമ്പിസ്വാമികൾ തന്നെയാണു്

---

1. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദസ്മാരകഗ്രന്ഥം. പുറം. 257.

ശ്രീനാരായണഗുരുദേവന്റെ ഗുരുവെന്നും, വിരുദ്ധവാദം വെറുതേയാണെന്നുമാണു്. പറഞ്ഞതു്, തിരുവനന്തപുരത്തു് ശ്രീകൃഷ്ണവിലാസം പ്രസ്സിൽവച്ചു് ശ്രീ നീലകണ്ഠതീർത്ഥപാദരോടുമായിരുന്നു. ഇക്കാര്യം കൊല്ലവർഷം 1092 കുംഭം 27-ാം തീയതിയിലെ ഡയറിക്കുറിപ്പിൽ നീലകണ്ഠതീർത്ഥപാദസ്വാമികൾ രേഖപ്പെടുത്തിയിട്ടുമുണ്ടു്.[1] എന്നാൽ ഒരു വ്യാഴവട്ടക്കാലത്തിനുശേഷം, ഡോ: പൽപ്പുവിന്റെ ജീവചരിത്രമെഴുതിയപ്പോൾ അദ്ദേഹം അടവൊന്നു മാറ്റിച്ചവിട്ടി. ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികളുടെ സതീർത്ഥ്യനാണെന്നു് അതിൽ എഴുതിവച്ചു.

ആശാനെഴുതിയ നാരായണഗുരുദേവന്റെ ജീവചരിത്രം, സി. കൃഷ്ണന്റെ പത്രാധിപത്യത്തിൽ മലബാറിൽ നിന്നും പ്രസിദ്ധപ്പെടുത്തിയിരുന്ന 'മിതവാദി'യിൽ പുനഃപ്രകാശനം ചെയ്തു കണ്ടപ്പോൾ, സത്യത്തിന്റെ നേർക്കുണ്ടായ ആ കടന്നാക്രമണത്തിൽ ധർമ്മരോഷം പൂണ്ട മഹാതാർക്കികനായ ശ്രീ പന്നിശ്ശേരി നാണുപിള്ള അതിലെ വാദമുഖങ്ങളെ നഖശിഖാന്തം ഖണ്ഡിച്ചുകൊണ്ടു് 1091 ധനു ലക്കം 'ധർമ്മപോഷിണി'യിൽ 'ഒരു വിപ്രതിപത്തി' എന്ന ശീർഷകത്തിൽ ഒരു ലേഖനമെഴുതി. ചട്ടമ്പിസ്വാമികളും ശ്രീനാരായണ ഗുരുസ്വാമികളും തമ്മിലുള്ള ഗുരുശിഷ്യബന്ധത്തെ സ്ഥാപിക്കുന്ന സർവ തെളിവുകളും നിരത്തിവച്ചുകൊണ്ടുള്ള ആ നിശിത നിരൂപണത്തിൽ, പന്നിശ്ശേരി ആശാനെ വെല്ലുവിളിച്ചിരുന്നു. എന്തേ, നമ്മുടെ മഹാകവി അതിനുമറുപടി പറയാത്തതു്? താൻ പറഞ്ഞതു് സത്യസന്ധതയോടുകൂടിയാണെങ്കിൽ തന്റെ ഭാഗം ആശാനു് വീണ്ടും തെളിയിക്കാൻ ആ സന്ദർഭം പ്രയോജനപ്പെടുത്താമായിരുന്നില്ലേ? താൻ പറഞ്ഞുപരത്തിയതു് കളവാണെന്നു് പൂർണ്ണബോദ്ധ്യമുള്ളതുകൊണ്ടുതന്നെയാണു് ആശാൻ തന്ത്രപൂർവം മൗനം ഭജിച്ചതു്. ആശാന്റെ അനുയായികളും, പന്നിശ്ശേരിയുടെ വാദമുഖങ്ങൾക്കു് മറുപടി പറയാൻ തയ്യാറായില്ല.

കൊല്ലവർഷം 1092 വൃശ്ചികം 17-ാം തീയതിയിലെ 'മലയാളി'പ്പത്രത്തിൽ പന്നിശ്ശേരി വീണ്ടും ഒരു ലേഖനമെഴുതി. അപ്പോഴും ആശാനാകട്ടെ അനുയായികളാകട്ടെ ഒരക്ഷരം മറിച്ചുപറഞ്ഞില്ല ഗുരുശിഷ്യബന്ധത്തെക്കുറിച്ചുള്ള ഈ സംശയം തുടർന്നുപോകുന്നതു് ഭാവിയിൽ ചിന്താക്കുഴപ്പത്തി

---

1. ശ്രീനീലകണ്ഠതീർത്ഥപാദ ചരിത്രസമുച്ചയം. ഭാഗം 1.

നു കാരണമാകുമെന്നുള്ളതുകൊണ്ടു്, ഗുരു ആരാണെന്ന തി നെക്കുറിച്ചു് നാരായണഗുരുസ്വാമികൾ ഒരു ലേഖനമോ മറ്റോ പ്രസിദ്ധപ്പെടുത്തണമെന്നും പന്നിശ്ശേരി നിർദ്ദേശിച്ചിരുന്നു. കുമാരനാശാൻ ഇളക്കിവിട്ട വിരുദ്ധവാദംകൊണ്ടു് നായർസ മുദായമാകെ ഇളകിമറിഞ്ഞിരുന്ന കാലമായിരുന്നു അതു്. ശ്രീനാരായണഗുരുദേവന്റെ അറിവോടുകൂടിയാണു് കുമാര നാശാൻ ജാതിവിദ്വേഷമിളക്കിവിടാൻ ശ്രമിച്ചതെന്നുവരെ വിമർശനങ്ങളുണ്ടായി. അക്കഥയറിഞ്ഞപ്പോൾ ശമധനനായ ഗുരുദേവന്റെ ഹൃദയം നൊമ്പരപ്പെട്ടു. തനിക്കു ജാതിയി ല്ലെന്നും, താൻ ഏതെങ്കിലും ഒരു ജാതിയിലോ മതത്തിലോ ഉൾപ്പെടുന്ന ആളല്ലെന്നും, അങ്ങനെയുള്ളവരെ മാത്രമേ തന്റെ ശിഷ്യവർഗ്ഗത്തിൽ ചേർത്തിട്ടുള്ളൂ എന്നും കാണിച്ചു് ശ്രീനാരാ യണ ഗുരുദേവൻ 1091 (1916) ഇടവം 15-ാം തീയതി പത്രങ്ങളിൽ ഒരു പരസ്യംകൊടുത്തു.[1]

ശ്രീ പന്നിശ്ശേരി നിർദ്ദേശിച്ചതുപോലെ ചട്ടമ്പിസ്വാമിക ളാണു് തന്റെ ഗുരുവെന്നു് വ്യക്തമാക്കുന്ന ഒരു ലേഖനമോ പ്രസ്താവനയോ ശ്രീനാരായണഗുരുദേവൻ പ്രസിദ്ധപ്പെടു ത്തേണ്ടതായിരുന്നില്ലേ; വാദപ്രതിവാദങ്ങളുടെ കനത്ത കൊടുങ്കാറ്റിൽ സമുദായസൗഹാർദ്ദവും തന്റെ ഗുരുത്വവും ആടിയുലഞ്ഞിട്ടും ഗുരുദേവൻ എന്തുകൊണ്ടങ്ങനെ ചെയ്തില്ല; ചട്ടമ്പിസ്വാമികൾ തന്നെയാണു് തന്റെ ഗുരുവെന്നു സംഭാഷണമദ്ധ്യേ ഡോ: കെ. ജി. ഗോപാലപിള്ളയോടും, പന്നിശ്ശേരി നാണുപിള്ളയോടും, നടരാജഗുരുവിനോടും അർ ത്ഥശങ്കയ്ക്കിടയില്ലാത്തവണ്ണം തുറന്നുപറയുകയും, സ്വകൃതി യായ നവമഞ്ജരിയിൽ ഇക്കാര്യം ഭക്ത്യാദരപൂർവം വ്യക്തമാ ക്കുകയും ചെയ്ത ഗുരുദേവനു് ഇതും ചെയ്യാമായിരുന്നില്ലേ, എന്നിങ്ങനെയുള്ള സംശയങ്ങൾ ലൗകികന്മാരായ നമ്മുടെ മന സ്സുകളിൽ സ്വാഭാവികമായി ഉണ്ടാകാം. തന്റെ ഗുരുത്വം ചോദ്യം ചെയ്യപ്പെട്ടപ്പോൾ, സത്യദ്രഷ്ടാവായ ആ മഹർഷീശ്വ രൻ മൗനംഭജിച്ചതു് ശരിയല്ലെന്നു് തോന്നാമെങ്കിലും, അതിനു് താത്വികമായ സമാധാനങ്ങൾ പറയാനുണ്ടു്. നിസ്സംഗനായ അവിടത്തേയ്ക്കുണ്ടോ മത്സരബുദ്ധിയുണ്ടാകുന്നു? താരകാമ ലർമാലചാർത്തിയാലും, കാറണിച്ചളിനിളെപ്പുരണ്ടാലും, സംഗമോ ലേപമോ ഇല്ലാത്ത ആ സമദർശിക്കു് അർത്ഥശൂന്യ മായ ഇത്തരം വിഭാഗീയ ചിന്താഗതികളിൽ വല്ല താത്പര്യവും

1. ശ്രീനാരായണന്റെഗുരു- കെ. മഹേശ്വരൻനായർ. പുറം. 60.

ഉണ്ടാവുമോ? മാത്രവുമല്ല, ഈഴവർക്കിടയിൽത്തന്നെ ഇക്കാര്യത്തിൽ ഭിന്നാഭിപ്രായം നിലനിൽക്കുന്നതുകൊണ്ടു്, താനൊരഭിപ്രായം പറഞ്ഞാൽ അതു് പ്രശ്നത്തെ സങ്കീർണ്ണമാക്കുമെന്നുമാത്രമല്ല, ഈഴവർക്കിടയിൽ ഒരു ചേരിതിരിവിനു കാരണമാവുകയും ചെയ്യും. സമുദായത്തിന്റെ ഐക്യത്തിനും ശ്രേയസ്സിനുംവേണ്ടി അതുവരെ താൻ ചെയ്തുപോന്ന കാര്യങ്ങളെ അതു പ്രതികൂലമായി ബാധിക്കുകയും ചെയ്യുമെന്നു് അവിടുത്തേക്കറിയാം. അതുകൊണ്ടാണു് സംഭാഷണ സന്ദർഭങ്ങളിൽ സത്യം തുറന്നുപറഞ്ഞ ഗുരുദേവൻ, ഇക്കാര്യത്തെക്കുറിച്ചു് ഒരു പരസ്യപ്രസ്താവനയ്ക്കു് തുനിയാതിരുന്നതു്. ''ആളുകൾ എന്തും പറഞ്ഞുകൊള്ളട്ടെ; അതുകൊണ്ടു് നമുക്കെന്തു്''[1] എന്നായിരുന്നല്ലോ, ഗുരുശിഷ്യബന്ധത്തിന്റെ തർക്കത്തെക്കുറിച്ചറിയിച്ചപ്പോൾ ചട്ടമ്പിസ്വാമികളും പ്രതികരിച്ചതു്. നിസ്സംഗചിത്തന്മാരായ യോഗീശ്വരന്മാർ അങ്ങനെയല്ലേ ചെയ്യൂ?

കാരണമെന്തായാലും, കുമാരനാശാൻ ബോധപൂർവം തിരികൊളുത്തിവിട്ട ഗുരുത്വവാദത്തിന്റെ കറുത്തപുക അന്തരീക്ഷത്തിൽ പരന്നതോടുകൂടി, ഗുരുദേവനും കുമാരനാശാനും തമ്മിലുണ്ടായിരുന്ന ബന്ധത്തിനു് ഉലച്ചിൽ തട്ടി. ആശാനെ കാണുന്നതുപോലും ഗുരുദേവനു് അരോചകമായി. പലതവണ കുമാരനാശാൻ ശിവഗിരിയിൽച്ചെന്നു് ഗുരുദേവനെ കാണാൻ ശ്രമിച്ചു. ഗുരുസ്വാമികൾ അനുവാദം നൽകിയില്ല. മരണപര്യന്തം, ആശാനു പിന്നീടു കാണാൻ കഴിഞ്ഞിട്ടുമില്ല. കുമാരനാശാൻ കാണാൻ ചെല്ലുമ്പോൾ അന്നു് ശിവഗിരിയിലുണ്ടായിരുന്ന ശ്രീ കരുവാ കൃഷ്ണനാശാൻ അക്കാര്യത്തെക്കുറിച്ചു് എഴുതിയിരിക്കുന്നതു നോക്കുക.

''അതിന്റെശേഷം കുമാരനാശാൻ നാണുഗുരുവിനെ കാണാൻപോയിരുന്നു. മൂന്നുപ്രാവശ്യം ശിവഗിരിയിൽവച്ചു് നാണുഗുരുവിനെ കാണാൻ ശ്രമിച്ചിട്ടും അനുവാദം ലഭിക്കായ്കയാൽ കുമാരനാശാൻ കുണ്ഠിതനായി മുഖം വീർപ്പിച്ചു് അവിടെനിന്നും പോയി. സ്വാമിയുടെ ഈ പെരുമാറ്റത്തിൽ അദ്ദേഹത്തിന്റെ അന്തേവാസികൾ ഉൽക്കണ്ഠിതരായി. നാണുഗുരു വെളിയിൽ വന്നപ്പോൾ അവിടെ കൂടിനിന്നവരോടു് കുമാരനാശാനെപ്പറ്റി ചോദിച്ചു. കുമാരനാശാൻ നല്ല സുഖമില്ലാത്ത ഭാവത്തിലാണു പോയതെന്നു് അവിടെയുള്ളവർ പറഞ്ഞു. അതിനു് സ്വാമികളുടെ സമാധാനം ഇങ്ങനെയായി

1. സ്മരണകൾ 4. വി. നാരായണമേനോൻ. അനുബന്ധം നോക്കുക.

രുന്നു. 'അവൻപോയി അല്ലേ? അവൻ പോയി. എത്രയോ മുൻപുതന്നെ പോയി. അവൻ മുങ്ങിപ്പോയി.."[1] കൊല്ലവർഷം 1099 മകരമാസം ഒന്നാം തീയതിയാണു് ഈ സംഭവം നടന്നതു്. മകരം മൂന്നാംതീയതി ആശാൻ പല്ലനയാറ്റിൽ മുങ്ങിമരിക്കുകയും ചെയ്തു.

മേൽക്കാണിച്ച സംഭവത്തെക്കുറിച്ചു് ശ്രീനാരായണഗുരുദേവന്റെ ഒരു ഗൃഹസ്ഥശിഷ്യയും, ശിവഗിരിമഠത്തിലെ അന്തേവാസിയുമായ, തിരുവനന്തപുരം പുത്തൻചന്തയിൽ തായുവീട്ടിൽ ശ്രീമതി പിച്ചയമ്മയും തന്റെ ഓർമ്മക്കുറിപ്പുകളിൽ ഇതുപോലെ രേഖപ്പെടുത്തിയിട്ടുണ്ടു്. ഒരു ദിവസം ഗുരുദേവനു കാഴ്ചവയ്ക്കാൻ കുറെ ബോളിയുമായി കുമാരനാശാൻ വന്നപ്പോൾ സ്വാമികൾ കാണാൻ അനുവദിക്കുകയോ, ബോളി സ്വീകരിക്കുകയോ ചെയ്തില്ലെന്നുംകൂടി, 'പുത്തൻചന്തയമ്മ' എന്ന് ഗുരുസ്വാമികൾ വാത്സല്യപൂർവം വിളിക്കാറുണ്ടായിരുന്ന ആ ശ്രീനാരായണഭക്ത എഴുതുന്നുണ്ടു്.[2] കുമാരനാശാന്റെ വിവാഹം നടക്കുന്ന കാലങ്ങളിൽ നാണുഗുരുവും ആശാനും തമ്മിലകന്നിട്ടില്ലെന്നും, ഗുരുസ്ഥാനത്തെക്കുറിച്ചു് വാദമെടുത്തിട്ടതോടുകൂടി തമ്മിൽ സുഖമില്ലാതായെന്നും, ചട്ടമ്പിസ്വാമികളുടേയും ശ്രീനാരായണഗുരുസ്വാമികളുടേയും സമകാലികനായ മാനേജർ പേട്ടയിൽ പരമേശ്വരനും രേഖപ്പെടുത്തിയിട്ടുണ്ടു്.[3]

കൊല്ലവർഷം 1080-ൽ (1905) നായരീഴവ ലഹള പൊട്ടിപ്പുറപ്പെടുന്നതുവരെ കേരളത്തിൽ, വിശേഷിച്ചു് തിരുവിതാംകൂറിൽ, നായന്മാരും ഈഴവരും തമ്മിൽ ഒരേ സമുദായത്തിലെ സഹോദരങ്ങളെപ്പോലെയാണു് കഴിഞ്ഞിരുന്നതു്. സഹകരണവും, സഹവർത്തിത്വവും അവർ പരസ്പരം പുലർത്തിപ്പോന്നു. ഈഴവരുടെ ഉന്നമനത്തിനുവേണ്ടി നായന്മാരും, നായന്മാരുടെ കാര്യങ്ങൾക്കുവേണ്ടി ഈഴവരും കൈയും മെയ്യും മറന്നു പ്രവർത്തിച്ചിരുന്നുവെന്നതിനു് അന്നത്തെ ചരിത്രസംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നു. ഈ നായരീഴവലഹള കാര്യമായ കുഴപ്പങ്ങളൊന്നും ഇരുസമുദായത്തിലും വരുത്തിയില്ലെങ്കിലും, അതിനെ കരുവാക്കി ഒരു മുതലെടുപ്പുനടത്താൻ – ഈ ഐക്യം തകർക്കാൻ – കുമാരനാശാനും അനുയായികളും ശ്രമിച്ചിരുന്നുവെന്നതിനു്

1. സ്മരണകൾ 7. കരുവാ കൃഷ്ണനാശാൻ. അനുബന്ധം നോക്കുക.

2. സ്മരണകൾ 5. പിച്ചയമ്മ (അനുബന്ധം നോക്കുക.)

3. സ്മരണകൾ 2. പേട്ടയിൽ പരമേശ്വരൻ. അനുബന്ധം നോക്കുക.

തെളിവുകളുണ്ടു്. ശ്രീ പേട്ടയിൽ പരമേശ്വരൻ എഴുതുന്നതു ശ്രദ്ധിക്കുക:-

''ഇവിടുത്തെ ഈഴവരും നായന്മാരും തമ്മിൽ പണ്ടേയ്ക്കുപണ്ടേ വലിയ ഐക്യമാണു്. ഭിന്നിപ്പു് ഇടക്കാലത്താണു വന്നതു്.... ഈഴവരേയും നായന്മാരേയും രണ്ടു ജാതിക്കാരാക്കി അകത്തിയതു് ഈഴവ നേതാവായി കുറേക്കാലം നിന്നു പ്രവർത്തിച്ച കുമാരനാശാനും കൂട്ടരുമാണു്. ഈഴവർക്കു് ഒരു പ്രത്യേകം ബില്ലും മറ്റും അവതരിപ്പിച്ചതും, നാണുഗുരുവിനെ ഞങ്ങളുടെ സ്വാമിയെന്നു് ''ഈഴവമുനി'' ആക്കിയതും ഈ കൂട്ടരുടെ പണിയാണു്. ചട്ടമ്പിസ്വാമിക്കും നാണുഗുരുവിനും ഈ അകൽച്ച കളയണമെന്നു് മോഹമുണ്ടായിരുന്നുവെന്നു് ഞാൻ നല്ലപോലെ അറിയും..... നാണുഗുരുവിനെ ആളറിയിക്കാതെ ഇരുന്നിരുന്നെങ്കിൽ അദ്ദേഹം ബ്രാഹ്മണനും, ചട്ടമ്പിസ്വാമിയെ ആളറിയിക്കാതെ ഇരുന്നെങ്കിൽ അദ്ദേഹം ഒരു ഈഴവനും ആയിനിന്നു പ്രവർത്തിക്കുവാൻ പോലും ഉണ്ടായിരുന്ന സാഹചര്യം ഒന്നിതാ നശിച്ചുപോയി. ഒരാൾ നായർമുനിയും മറ്റേയാൾ ഈഴവമുനിയും ആയി. അതു് അവരുടെ കുറ്റമല്ല. കൂടിയവരുടെ കുറ്റമാണു്....'' ചട്ടമ്പിസ്വാമികൾ ശ്രീനാരായണന്റെ ഗുരുവല്ലെന്നു് റെക്കാർഡാക്കി വയ്ക്കണമെന്നു് കുമാരനാശാനും കൂട്ടർക്കും ഉദ്ദേശ്യമുണ്ടായിരുന്നെന്നും കൂടി ശ്രീ പരമേശ്വരൻ രേഖപ്പെടുത്തുന്നുണ്ടു്.[1]

അപ്പോൾ ഒരുകാര്യം ഇവിടെ സ്പഷ്ടമാണു്. ഈഴവ നേതാക്കന്മാർ ശ്രീനാരായണ ഗുരുദേവനെ ഈഴവമുനിയായി കാണുകയും കാണിക്കുകയും ചെയ്യാൻ ശ്രമിച്ചതുകൊണ്ടാണു്, നായന്മാർ ചട്ടമ്പിസ്വാമികളെ നായർമുനിയായി കാണാനും കാണിക്കാനും തുനിഞ്ഞതു്. നായന്മാരും ഈഴവരും തമ്മിലകന്നതും അങ്ങനെയാണു്.

ഇതു ശരിയാണോ, ഇനിയും ഇതു തുടരണമോ എന്നു് ഇരുസമുദായക്കാരും ഒരു ഹിതപരിശോധനയ്ക്കു തയാറാകേണ്ട സന്ദർഭം സമാഗതമായിരിക്കുകയാണു്. ഗുരുക്കന്മാരുടെ പേരിൽ വിഘടിക്കുകയല്ല, സംഘടിക്കുകയാണു വേണ്ടതു്. അതാണു് നമ്മുടെ സംസ്കാരവും. നമ്മൾ, ഭാരതീയർ, വിഘടനസിദ്ധാന്തക്കാരല്ല. 'യോഗ'സിദ്ധാന്തക്കാരാണു്. അതു മറക്കരുതു്. ചട്ടമ്പിസ്വാമികൾ നായരല്ല; ശ്രീനാരായണ ഗുരുദേവൻ ഈഴവനുമല്ല. രണ്ടുപേരും നമ്മുടെ ഗുരുദേവന്മാരാണു്. ഈ നാടിന്റെ ആത്മീയാചാര്യന്മാരാണു്. രണ്ടുഗുരുദേ

1. സ്മരണകൾ 2. പേട്ടയിൽ പരമേശ്വരൻ. അനുബന്ധം നോക്കുക.

വന്മാരോടും ഒരേ അളവിലുള്ള ഭക്ത്യാദരങ്ങൾതന്നെ വച്ചുപുലർത്താൻ നമ്മൾ ശ്രമിക്കണം. ശ്രീ ചട്ടമ്പിസ്വാമികളുടേയും, ശ്രീനാരായണഗുരുദേവന്റെയും ജന്മജയന്തിയും സമാധിയും ഇരു സമുദായവും ഒരുമിച്ചുചേർന്നാഘോഷിക്കുന്ന ഒരു സംസ്കാരം ഇവിടെ സംജാതമാകണം. അതല്ലേ അഭികാമ്യവും? ശ്രീ ചട്ടമ്പിസ്വാമികളേയും, ശ്രീനാരായണ ഗുരുദേവനേയും ആരാധിക്കുന്ന ഒരെളിയ ഭക്തനാണു് ഞാൻ. എന്റെ പൂജാമുറിയിൽ രണ്ടു ഗുരുദേവന്മാരുടേയും ഛായാചിത്രങ്ങളുണ്ടു്. രണ്ടുപേർക്കും ഞാൻ ഹാരമണിയിക്കാറുണ്ടു്. രണ്ടുപേരുടെ മുന്നിലും ഉഷസ്സന്ധ്യകളിൽ ഭക്ത്യാദരപൂർവം നിലവിളക്കും കർപ്പൂരത്തിരികളും കത്തിക്കാറുമുണ്ടു്. അങ്ങനെയല്ലേ വേണ്ടതും? ഈ സംസ്കാരത്തിന്റെ ദീപനാളം ഇരുസമുദായക്കാരും കൈയിലേന്തുന്ന കാലം സമാഗതമായെങ്കിൽ!

അനുബന്ധം I

ശ്രീചട്ടമ്പിസ്വാമികളെക്കുറിച്ചു് ആദ്യമായി ഒരു ജീവിതചരിത്രം രചിച്ചതു് ശ്രീ പറവൂർ. കെ,. ഗോപാലപിള്ളയാണു്. കൊല്ലവർഷം 1080-ൽ ''പരമഭട്ടാര ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ'' എന്ന പേരിൽ ആ കൃതി പ്രകാശിതമായി. പ്രസ്തുത കൃതിയുടെ അവസാന ഭാഗത്തു് സ്വാമികളെക്കുറിച്ചുള്ള ചില സ്മരണകൾ ചേർത്തിട്ടുണ്ടു്. സ്വാമികളുമായി അടുത്ത പരിചയമുള്ളവരായിരുന്നു ആ ലേഖകർ. അതിൽ ചില സ്മരണകളാണു് എഡിറ്റുചെയ്തു് ഒന്നാമത്തെ അനുബന്ധത്തിൽ ചേർത്തിരിക്കുന്നതു്.

(പ്രസാധക സമിതി)

സ്മരണകൾ 1

ഊരാളത്തു് അച്ചുതൻ വൈദ്യർ;

എടപ്പിള്ളി.

ഞാൻ ചട്ടമ്പിസ്വാമികളെ ആദ്യം കണ്ടതു് ഒരുകാലത്തു വൈയ്ക്കത്തു് അഷ്ടമിക്കു പോയപ്പോളാണു്. സ്വാമിയുടെ കൂടെ നാണുഗുരുസ്വാമിയും ഉണ്ടായിരുന്നു. മുളകുകാട്ടു ചങ്കുവൈദ്യൻ എന്നു പ്രസിദ്ധനായ ഒരു ഭിഷഗ്വരനും അതുപോലെതന്നെ മതിമാനായ കൊളവേലി കൃഷ്ണൻവൈദ്യനും കൂടിയാണു് എന്നെ കൂട്ടിക്കൊണ്ടുപോയതും രണ്ടുപേരേയും കാണിച്ചു തന്നതും. വൈയ്ക്കം പാപ്പിവൈദ്യന്റെ ആതിഥ്യത്തിലാണു് സ്വാമിമാരും ഞങ്ങളെല്ലാവരും അന്നു കഴിഞ്ഞതു്. എന്റെ അനുചരന്മാർ സ്വാമിയെക്കുറിച്ചു ഒട്ടനവധി പറഞ്ഞു. വേദവേദാംഗപാരഗനും വലിയ താർക്കികനും ആണു് ചട്ടമ്പിസ്വാമികൾ എന്നു എന്നോടു പറഞ്ഞു.

നാണുഗുരുവിനെ അന്നു ഞാൻ കാണുമ്പോൾ അത്ര പ്രസിദ്ധനായിട്ടില്ല. ചട്ടമ്പിസ്വാമികളുടെ അടുക്കൽ ഒരു ആശ്രിതനെ പോലെയാണു് ഞാൻ നാണുഗുരുവിനെ ദർശിച്ചതു്. എന്നാൽ അവർതമ്മിൽ പെരുമാറിയിരുന്നതു് ജ്യേഷ്ഠാനുജന്മാരെപ്പോലെയായിരുന്നു. സ്വാമിമാരുടെ ആ സങ്കേതത്തിൽ പല യോഗ്യന്മാരും വന്നു നിറഞ്ഞു. എല്ലാപേരേയും എനിക്കറിയാൻ പാടില്ല. പരവൂർ കേശവനാശാൻ (കൊട്ടാരം വൈദ്യൻ) മുതലായവർ ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. അവരെല്ലാം സ്വാമിയെ ആരാധിക്കുന്നവരാണു്.

ഇതുപോലെ പല സന്ദർഭങ്ങളിലും ഞാൻ ചട്ടമ്പിസ്വാമികളെ കണ്ടിട്ടുണ്ടു്. എനിക്കു് ഒരു മന്ത്രം അദ്ദേഹം ഉപദേശിച്ചു തന്നിട്ടുണ്ടു്. പിന്നെ അദ്ദേഹം എടപ്പള്ളിയിൽ കലവേലി ഗോവിന്ദപ്പിള്ള എന്ന ഒരു മാന്യന്റെ ഗൃഹത്തിൽ അർശോരോഗബാധിതനായി കിടക്കുമ്പോളാണു് ഞാൻ കണ്ടതു്. കാവാലം നീലകണ്ഠപ്പിള്ള, ചെറ്റയ്ക്കൽ മംഗളാദേവി ഇവർ അന്നു സ്വാമികളെ ശുശ്രൂഷിച്ചിരുന്നു. വൈദ്യവൃത്തികൊണ്ടു കാലയാപനം കഴിക്കുന്ന ഒരുവനായിരുന്നതിനാൽ കുറെ മരുന്നുമായി ഞാൻ അദ്ദേഹത്തിന്റെ അടുത്തുചെന്നു. ''വൈദ്യരെ മരുന്നു സേവിച്ചാൽ രോഗം മാറുമോ? പ്രാരബ്ധം അനുഭവിക്കേണ്ടയൊ?'' എന്നു എന്നോടു ചോദിച്ചു. എങ്കിലും എന്റെ നിർബന്ധത്താൽ മരുന്നുവാങ്ങി. രോഗം മാറാൻ മരുന്നു സേവിക്കേണമെന്നു് ഞാൻ തിക്കിയപ്പോൾ അദ്ദേഹം വിനയത്തോടു കൂടിയവനായി. ''ഞാൻ സ്വാമിയുടെ ശിഷ്യനും സ്വാമി എന്റെ ഗുരുവും ആയിരിക്കെ സ്വാമിയുടെ ശാസനഞാൻ കേൾക്കേണ്ടവൻ തന്നെ. എങ്കിലും ഇപ്പോഴത്തെ നിലഅതല്ല. സ്വാമി രോഗിയും ഞാൻ വൈദ്യനുമാണു്. വൈദ്യനു വിധേയനല്ലാത്ത രോഗിയെ ചികിത്സിച്ചുകൂടെന്നാണു് വിധിയുള്ളതു്. ഞാൻ പറയാതെ അവിടെയ്ക്കറിയാമല്ലോ?'' ഇതു കേട്ടു് ''ഓഹോ ഇനിയെല്ലാം വൈദ്യകല്പനപോലെ'' എന്നു പറഞ്ഞു മരുന്നു വാങ്ങിച്ചു. മൂന്നുദിവസം തുടർച്ചയായി സേവിക്കുന്നതിന്നു ഒരു മരുന്നും നാലാംനാൾ മുതൽ സേവിക്കാൻ മറ്റൊരുമരുന്നും ഇങ്ങിനെ രണ്ടുജാതി മരുന്നാണു് ഞാൻ അവിടെ സമർപ്പിച്ചതു്. എന്നാൽ നാലാംദിവസം സേവിക്കുവാനുള്ളതു് അപ്പോൾതന്നെ സേവിച്ചു. ബാക്കിയുള്ളതു് അകത്തു കൊണ്ടുപോയി വയ്ക്കുന്നതു കണ്ടു. സേവിച്ചോ ഇല്ലയോ എന്നു എനിക്കു നല്ല നിശ്ചയമില്ല. സ്വാമികളെ അർശസ്സു് വളരെ ഉപദ്രവിച്ചുകൊണ്ടിരുന്നപ്പോഴും വാദപ്രതി

വാദത്തിനു കുറവില്ല. ഈഴവരുടെ അവശതകളെക്കുറിച്ചു ഞാൻ പറഞ്ഞു. അതിനു ബ്രാഹ്മണർ ഒളിച്ചുവെച്ചിട്ടുള്ളതെല്ലാം നാം വെളിയിൽ എടുക്കണം എന്നാണു് സമാധാനം പറഞ്ഞതു്. മന്ത്രശാസ്ത്രത്തിൽ പല രഹസ്യങ്ങളും എനിക്കു പറഞ്ഞുതന്നിട്ടുണ്ടു്. എടപ്പള്ളിയിൽ-പുന്നയ്ക്കൽ ക്ഷേത്രപരിസരങ്ങളിലും, എളമന കുഞ്ഞുമേനവന്റെ ഭാര്യാഗൃഹത്തിലും- ചെറ്റയ്ക്കലും പാലാരിവട്ടത്തും അദ്ദേഹം ഏറിയകാലം വിശ്രമിക്കുകയും പലരും പല വിഷയങ്ങളിൽ സംശയനിവാരണം വരുത്തുകയും ചെയ്തിട്ടുണ്ടു്.

കലൂർനാട്ടാശുപത്രി നടത്തിയ കണ്ടൻവൈദ്യനു സുബ്രഹ്മണ്യോപാസനാക്രമം ഉപദേശിച്ചു കൊടുത്തിട്ടുള്ളതായി എനിക്കറിയാം. പരമനാങ്കുളങ്ങരെ കുട്ടമത്തു പണിക്കരുടെ വീട്ടിലും അദ്ദേഹം ചിലകാലം വിശ്രമിച്ചിട്ടുണ്ടു്. ''ധനുലഗ്നം, ബുധൻ പന്ത്രണ്ടിൽ'' ഇങ്ങനെ ആയാലുള്ള ഫലമെന്താണെന്നു് ജ്യോതിർവ്വിഷയമായി എന്നോടു ചോദിച്ചു. എന്നെ കറക്കിക്കളഞ്ഞു.

സ്മരണകൾ 2.

മിസ്റ്റർ പേട്ടയിൽ പരമേശ്വരൻ

(മാനേജർ എന്ന പേരിൽ പ്രസിദ്ധൻ)

ചട്ടമ്പിസ്വാമി എന്റെ അയൽവാസിയും, സമവയസ്കനും ആകുന്നു. വളരെക്കാലം ഞങ്ങൾ തമ്മിൽ കൂടിനടന്നിട്ടുണ്ടു്. അദ്ദേഹത്തിനു് ഏകദേശം പതിനാറു വയസ്സു വരുമ്പോൾ പേട്ടയിൽ രാമൻപിള്ള ആശാൻ നടത്തുന്ന പേട്ടപ്പള്ളിക്കൂടത്തിലെ ചട്ടംപിള്ള അല്ലെങ്കിൽ ചട്ടംപി ആയിരുന്നു. പേട്ടയിൽ രാമൻപിള്ള ആശാനിൽനിന്നും സ്വാമികൾ കാര്യമായി ഒന്നും പഠിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ കീഴിൽ ചട്ടമ്പിസ്വാമി ഒരു മാണിറ്റർ ആയിരുന്നുതാനും. ഇതുകൊണ്ടു ആശാന്റെ ജോലിക്കു ലാഘവം വന്നിട്ടുണ്ടു്.

ആശാൻ നടത്തിയ ''ജ്ഞാനപ്രജാഗരം'' എന്ന സംഘത്തിൽ പ്രസംഗം ചെയ്വാൻ സ്വാമി കൂടെ പോകും. തയ്ക്കാട്ടു് അയ്യാവു മുതലായവരും അവിടെ വരും. അയ്യാവിനെ ഞാൻ

ആദ്യം കണ്ടതു ആ സംഘത്തിൽവെച്ചാണു്. അയ്യാവു ബ്രാഹ്മണനെന്നു ചിലർക്കു തെറ്റിധാരണയുണ്ടു്. എന്നാൽ അദ്ദേഹം ജാതിയിൽ വളരെ താഴ്ന്ന ഒരാളെന്നായിരുന്നു അക്കാലത്തെ സംസാരം. റസിഡൻസിയിൽ ഉദ്യോഗവും, പശുപരിപാലനവും ഉണ്ടായിരുന്നതിനാൽ, അദ്ദേഹം തൈയ്ക്കാട്ടു് പ്രസിദ്ധനായി. ഇദ്ദേഹം മന്ത്രതന്ത്രവിഷയങ്ങളിലൊ യോഗവിഷയത്തിലൊ നാണുഗുരുവിന്റെയൊ ചട്ടമ്പിസ്വാമികളുടേയൊ ഗുരുവായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ ഇവരെല്ലാം വേദാന്തവിഷയമായി തമിഴിൽ വാഗ്വാദം നടത്തുന്നതു ഞാൻ കേട്ടിട്ടുണ്ടു്.

ഇവിടത്തെ ഈഴവരും നായൻമാരും തമ്മിൽ പണ്ടയ്ക്കുപണ്ടേ വലിയ ഐക്യമാണു്. ഭിന്നിപ്പു് ഇടക്കാലത്താണു് വന്നതു്. ഈഴവരേയും നായന്മാരേയും രണ്ടു ജാതിക്കാരാക്കി അകത്തിയതു് ഈഴവനേതാവായി കുറെക്കാലംനിന്നു പ്രവൃത്തിച്ച കുമാരനാശാനും കൂട്ടരുമാണു്. ഈഴവർക്കു ഒരു പ്രത്യേക ബില്ലും മറ്റും അവതരിപ്പിച്ചതും നാണുഗുരുവിനെ ഞങ്ങളുടെ സ്വാമിയെന്നു ''ഈഴവമുനി'' ആക്കിയതും മറ്റും ഈ കൂട്ടരുടെ പണിയാണു്. ചട്ടമ്പിസ്വാമിക്കും നാണുഗുരുവിനും ഈ അകൽച്ച കളയണം എന്നു് മോഹമുണ്ടായിരുന്നു എന്നു ഞാൻ നല്ലപോലെ അറിയും. നാണുഗുരുവിനെ ആളറിയിക്കാതെ ഇരുന്നിരുന്നെങ്കിൽ അദ്ദേഹം ബ്രാഹ്മണനും, ചട്ടമ്പിസ്വാമിയെ ആളറിയിക്കാതെ ഇരുന്നെങ്കിൽ അദ്ദേഹം ഒരു ഈഴവനും ആയി നിന്നു പ്രവർത്തിക്കുവാൻപോലും ഉണ്ടായിരുന്ന സാഹചര്യം ഇന്നിതാ നശിച്ചുപോയി. ഒരാൾ നായർ മുനിയും, മറ്റെയാൾ ഈഴവമുനിയും ആയി. അതു് അവരുടെ കുറ്റമല്ല. കൂടിയവരുടെ കുറ്റമാണു്. പേട്ടയിൽ രാമൻപിള്ള ആശാൻ, ഒരിക്കൽ ചട്ടമ്പിസ്വാമി എന്റെ വീട്ടിൽനിന്നും പതിവായി ആഹാരം കഴിക്കുന്നു എന്നു കേട്ടു് അതിശയിച്ചു ''അങ്ങിനെ ഉണ്ടായോ'' എന്നു ചോദിച്ചു. അതിന്നു ചട്ടമ്പിസ്വാമികൾ ഉത്തരം പറഞ്ഞതു് ഞാൻ ഇന്നും ഓർക്കുന്നു. ''ഞാൻ ആശാന്റെ വീട്ടിൽനിന്നും ഉണ്ണാറുള്ള സ്ഥിതിയ്ക്കു എനിക്കു് അവിടെനിന്നും ആകാമല്ലോ''. ജാതിവ്യത്യാസത്തെ മൈത്രിയാൽ നശിപ്പിക്കണമെന്നായിരുന്നു രണ്ടുപേരുടേയും ഇംഗിതം. ഒട്ടു സാധിക്കുകയും ചെയ്തുവല്ലോ?

ചട്ടമ്പിസ്വാമിക്കു സംഗീതവാസന വളരെ ഉണ്ടു്. ഇതാ ഈ പറമ്പിന്റെ മുമ്പിൽ കാണുന്നതും ചിലകാലം വെള്ളമില്ലാ

തിരിക്കുന്നതുമായ തോട്ടിൽ രാത്രിയും പകലും ഞങ്ങളും വയസ്യരും പോയിരുന്നു പാട്ടു പൊടിപൊടിക്കും. കൊട്ടുകയും ചെയ്യും. അദ്ദേഹം സംസ്കൃതം പഠിച്ചതു എപ്പോഴാണെന്നു എനിക്കു നിശ്ചയമില്ല. നാണുഗുരുവുമായി കൂട്ടിമുട്ടുമ്പോൾ ചട്ടമ്പിക്കു സംസ്കൃതം നിശ്ചയമില്ല. അതിനുശേഷമാണു് സംസ്കൃതം പഠിച്ചതു്. അതു ഒന്നോ രണ്ടോ മാസത്തിനിടയ്ക്കു കഴിഞ്ഞു. ഇക്കാലത്തു അദ്ദേഹത്തിന്റെ വീട്ടിൽ കഠിനദാരിദ്ര്യം ആയിരുന്നു. അമ്മയുടെ പ്രേരണ നിമിത്തം ആധാരം എഴുതാൻ പോകും. കിട്ടുന്ന ചക്രം അമ്മയെ ഏല്പിക്കും.

ചിത്രം വരയ്ക്കാൻ സ്വാമിക്കു വളരെ സാമർത്ഥ്യമുണ്ടു്. അന്നു ദന്തവേലക്കാരിൽ പ്രധാനിയായ ഒരു നീലകണ്ഠൻ ആശാരി ഉണ്ടായിരുന്നു. ചിത്രം എഴുത്തു പഠിച്ചതു് ഇയാളുടെ അടുക്കൽ നിന്നാണു്. ഒരാളെ അഞ്ചുതരം വേഷങ്ങളിൽ ഛായാഭേദം വരാതെ എഴുതിയതു ഞാൻ കണ്ടിട്ടുണ്ടു്. വേഷം വിദൂഷകസംപ്രദായമാണു്. അതായതു് ഇന്നത്തെ കാർടൂൺ സമ്പ്രദായം. ഗോപാലപിള്ളയുടെ അച്ഛൻ ക്ലാസ് പേർ ചെമ്പഴന്തി നാരായണപിള്ള എന്നൊരാൾ വിദ്വാന്മാരെ കണ്ടാൽ വിട്ടയക്കാത്ത ഒരാളാണു്. ചട്ടമ്പിസ്വാമിയെ അദ്ദേഹത്തിന്നു വലിയ കാര്യമായിരുന്നു.

നാണുഗുരുസ്വാമിയുടെ ഗുരു ചട്ടമ്പിസ്വാമിയാണൊ എന്നു എനിക്കു നിശ്ചയമില്ല. എന്നാൽ കുമാരനാശാൻ കൂട്ടർക്കു അങ്ങിനെ അല്ലെന്നു റിക്കാർട്ടാക്കി വെയ്ക്കണമെന്നുണ്ടായിരുന്നതായി ഞാൻ ശങ്കിക്കുന്നു. കുമാരനാശാന്റെ വിവാഹം നടക്കുന്ന കാലങ്ങളിൽ നാണുഗുരുസ്വാമിയും ആശാനും തമ്മിൽ അകന്നിട്ടില്ല. നാണുഗുരുസ്വാമിയുടെ ഗുരുസ്ഥാനത്തെക്കുറിച്ചു വാദം എടുത്തിട്ടതോടുകൂടി തമ്മിൽ സുഖമില്ലാതെയായി. കുമാരനാശാനെ സന്യസിപ്പിക്കണമെന്നു നാണുഗുരുസ്വാമിക്കു മോഹമുണ്ടായിരുന്നതായി തോന്നുന്നില്ല. കുമാരനാശാനു ചിന്നസ്വാമി എന്നുള്ള പേരു സ്ത്രീജനമധ്യത്തിൽ നിന്നും ലഭിച്ചതാണു്. നാണുഗുരുവിന്റെ അന്തേവാസിത്വംകൊണ്ടു് അദ്ദേഹം ചിന്നസ്വാമിയും നാണുഗുരു പെരിയസ്വാമിയും ആയി എന്നർത്ഥം.

കല്ലുവീട്ടിൽ ഗോവിന്ദപ്പിള്ള എൻജിനീയരുടെ അച്ഛൻ ഇദ്ദേഹത്തിന്റെ ശേഷവീട്ടിൽപെട്ട ഒരു ജ്യേഷ്ഠന്റെ പുത്രനാണു്. ഓവർസിയർ കേശവപിള്ള എന്നു പറയും. ഗോവിന്ദപ്പിള്ളയുടെ മാതാവിനെ ചിരകാലം പീഡിപ്പിച്ചുകൊണ്ടിരുന്ന ഒരു അപസ്മാരബാധ ചട്ടമ്പിസ്വാമി മാറ്റിയതായി എനിക്കറിയാം.

ഗോവിന്ദപ്പിള്ളയെ ചെറുപ്പകാലങ്ങളിൽ സ്വാമികൾ വളരെ ലാളിച്ചിട്ടുണ്ടു്. ഗോവിന്ദപ്പിള്ളയ്ക്കു സ്വാമിയിൽ നിർവ്യാജശേഷമായ ഭക്തിയും ബഹുമാനവും ഉണ്ടുതാനും. മിക്കവാറും തെക്കൻപ്രദേശങ്ങളിൽ ആണെങ്കിൽ നാണുഗുരുസ്വാമിയും ചട്ടമ്പിസ്വാമിയും ഒരുമിച്ചുതന്നെ സഞ്ചരിക്കും. ഇവർ അയ്യാവിനേയും കൂടക്കൂടെ ചെന്നു കാണും. എന്നാൽ അയ്യാവിനു രസവാദത്തിൽ ഭ്രമം കൂടുകയും അതിലേയ്ക്കു ഇവരെ പ്രേരിപ്പിക്കുവാൻ തുടങ്ങുകയും ചെയ്തപ്പോൾ മുതൽ ഇവർ അവിടെ പോകാതെയായി.

സ്മരണകൾ 3

ടി. ആർ. അനന്തക്കുറുപ്പു്.

സ്വാമികളെ എന്നുമുതൽ എനിക്കു കണ്ടുപരിചയമുണ്ടെന്നു ചോദിക്കുകയാണെങ്കിൽ എനിക്കു "ഓർമ്മവെച്ച കാലം" മുതൽ എന്നു പറഞ്ഞാൽ അതു വളരെ പരമാർത്ഥമായിരിക്കും. സ്വാമികൾ എന്റെ ഗൃഹത്തോടുതൊട്ടു ജ്യേഷ്ഠൻ തീർത്ഥപാദപരമഹംസസ്വാമികളുടെ മന്ദിരത്തിലാണു് വളരെക്കാലം വിശ്രമിച്ചിരുന്നതു്. അക്കാലത്തു കേവലം ബാലനായിരുന്ന ഞാൻ വിശേഷ പലഹാരങ്ങളും ഫലമൂലാദികളും ലഭിപ്പാൻ ഒരു "കാരണക്കാരൻ" എന്ന നിലയിൽ മാത്രമായിരുന്നു അദ്ദേഹത്തെ ആദരിച്ചിരുന്നതു്. തന്നോടു പ്രത്യേകിച്ചൊരു വാത്സല്യമുണ്ടായിരുന്ന ചിറ്റമ്മ (ജ്യേഷ്ടന്റെ അമ്മ) ചെല്ലുമ്പോളെല്ലാം അതുമിതുമായി കുറച്ചുകുറച്ചു വല്ലതുമൊക്കെ തരും. ഇതെല്ലാം സ്വാമികളുടെ സ്വീകരണത്തിന്നു തയ്യാറാക്കപ്പെട്ട വിശേഷവിഭവാംശങ്ങളായിരുന്നു. പിന്നെ എനിക്കു ഒട്ടു "ദൃഢത" വന്നപ്പോഴേയ്ക്കു് സ്വാമികൾ ദേശാന്തരം ഗമിച്ചു. ജ്യേഷ്ഠനും വിദേശവാസം ഉറപ്പിച്ചു. അങ്ങനെ സ്വാമികളെ കാണാനും കൂടുതലൊന്നും പരിചയപ്പെടാനും അക്കാലത്തിടയായില്ല. വളരെക്കാലം കഴിഞ്ഞു് സദ്ഗുരുമാസികയുടെ ആവിർഭാവകാലത്തിനു മുൻപാണെന്നു തോന്നുന്നു സ്വാമികളെ വീണ്ടും എന്റെ അയൽപക്കത്തു – സ്വാമികളുടെ സവിശേഷകൃപാപാത്രമായ പരമനാഭപ്പണിക്കരുടെ ഭാര്യവീടായ ചങ്കരായത്തുവെച്ചു – കാണ്മാനിടയായി. പെട്ടെന്നദ്ദേഹം എന്നെ അറിഞ്ഞില്ലെങ്കിലും കുറേക്കഴിഞ്ഞു

എന്റെ അടുത്തുവന്നു ചോദിക്കയാണു് "അന്നു ഒരു കുമ്പാള കോണകവും ഉടുത്തു ആശാന്റെ (എന്റെ അച്ഛൻ) കൈയും പിടിച്ചുകൊണ്ടു നടന്നിരുന്ന അനന്തനല്ലേ?"

ഞാൻ അല്പം വ്രീളാതരളിതനായി. അവിടെ പലരും "വന്നുംപോയും" കൊണ്ടിരുന്നു. അന്നു ഞാൻ ഒരു ചോദ്യം ചോദിച്ചതായി ഓർമ്മയുണ്ടു്. "തിരുവാതിരകളിയുടെ ഉത്ഭവം എങ്ങനെ?" സ്വാമികൾ ഉത്തരം പറഞ്ഞു. "തെക്കോട്ടൊക്കെ തിരുവാതിരകളിക്കു വലിയ പ്രാധാന്യമില്ല. തൃശ്ശൂരും മറ്റും നല്ലവണ്ണം പാടിക്കളിക്കാവുന്ന സ്ത്രീകൾ സുലഭമാണു്. എനിക്കുതന്നെ മൂന്നുനാലുദിവസം അനദ്ധ്യായമില്ലാതെ പാടികേൾപ്പിക്കത്തക്കവിധം തിരുവാതിരപ്പാട്ടുകൾ മനപ്പാഠം തോന്നും. തിരുവാതിരകളിയുടെ ഉത്ഭവം ഗോകർണ്ണക്ഷേത്രത്തോടനുബന്ധിച്ചാണു് പ്രസ്താവിക്കേണ്ടതു്". ഇത്രയുമായപ്പോൾ വേറെ ചിലർവന്നു ചേരുകയും സംഭാഷണം അവസാനിക്കയും ചെയ്തു. ആ അവസരത്തിൽ പിന്നെ ഒന്നും "ചോദിക്കാനോ പറയാനോ" എനിക്കു സാധിച്ചില്ല. ഒരു സംഗതികൂടി ഓർക്കുന്നു. നീലകണ്ഠതീർത്ഥസ്വാമികളുടെ ചരിത്രം തയ്യാറായി വരുന്നുവെന്നുകൂടി സ്വാമികൾ സംഭാഷണമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായി.

സദ്ഗുരു മാസികയുടെ ആവിർഭാവമാണു് ഇനി പ്രസ്താവ്യമായുള്ളതു്. ആ മാസികയുടെ സമ്പാദകനായിരുന്നതു് ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികളാണല്ലോ. സദ്ഗുരുവിന്റെ ആവിർഭാവത്തോടുകൂടി എനിക്കു തീർത്ഥസ്വാമികളുമായി എഴുത്തുകുത്തുമുഖേന പരിചയമായി. എനിക്കു വല്ലതും ചിന്തിക്കാനും എഴുതുവാനും കഴിവുവന്നതു് ആ "എഴുത്തുകുത്തു കളാകയാൽ എന്റെ ജീവിതത്തിൽ അതു ഏറ്റവും പ്രധാനസംഭവമായി ഞാൻ ഗണിക്കുന്നു. അങ്ങനെ "എഴുത്തുകുത്തു" മുഖേന ഉണ്ടായ പരിചയം വളരെ നീണ്ടുനില്ക്കാൻ ഹതവിധി സമ്മതിച്ചില്ല. തീർത്ഥസ്വാമികൾ "സദ്ഗുരു" തുടങ്ങീട്ടന്നു നാലുമാസം കഴിഞ്ഞപ്പോൾ മഹാസമാധി പ്രാപിച്ചു. അന്നു എനിക്കുണ്ടായ ദുഃഖം ആ മഹാസമാധി സംബന്ധിച്ചു ഞാൻ എഴുതി സദ്ഗുരുവിൽ പ്രസിദ്ധപ്പെടുത്തിയ പദ്യത്തിൽ ഏതാണ്ടു നിഴലിക്കുന്നുണ്ടെന്നാണു് എന്റെ വിശ്വാസം.

പിന്നെ ചട്ടമ്പിസ്വാമി തിരുവടികളെ ഞാൻ കണ്ടതു കരുനാഗപ്പിള്ളിയിൽവെച്ചായിരുന്നു. തീർത്ഥസ്വാമികളുടെ സമാധിസ്ഥലത്തു ക്ഷേത്രംകെട്ടി പ്രതിഷ്ഠ കഴിക്കുന്നതു

സംബന്ധിച്ചു താഴത്തോടത്തു വേലുപ്പിള്ള എന്നെയും ക്ഷണിച്ചിരുന്നു. ഞാനും ഒരു വയസ്യനും കൂടി താഴത്തോടത്തെത്തി. സ്വാമികൾ അവിടെ ഉണ്ടായിരുന്നില്ല. കുറേ ദൂരെയുള്ള എസ്.എൻ. കൃഷ്ണപിള്ളയുടെ വസതിയിലായിരുന്നു തിരുവടികൾ വിശ്രമിച്ചിരുന്നതു്. ഞങ്ങൾ അവിടെ എത്തി. ഞങ്ങളുടെ സുഖസൌകര്യങ്ങളിൽ സ്വാമികൾ ചെയ്ത ശ്രദ്ധ, ഓർക്കുമ്പോൾ പോലും എന്നെ പുളകിതഗാത്രനാക്കുന്നു. ഞാൻ യാതൊരുവിധത്തിലും അർഹിക്കാത്ത സുഖസൌകര്യങ്ങളാണു് സ്വാമികളുടെ കൂടെ എനിക്കു അവിടെ ലഭ്യമായതു്. പക്ഷെ അതു സ്വാമികളുടെ ഒരു പുതിയ സ്വഭാവമല്ല. ആശ്രിതന്മാരെ മാത്രമല്ല പുതുപരിചിതന്മാരെപ്പോലും സ്വാമികൾ ''സ്വന്തം'' എന്ന നിലയിൽ കരുതിപ്പോരുന്നതു് ഒരു സാധാരണ സംഭവം മാത്രമാണു്. അദ്ദേഹത്തിന്റെ ഭാവവും ആ സരള സമഭാവനയും ഏതൊരശ്മഹൃദയനേയും അലിയിക്കാതിരിക്കുമോ? എന്നെ സ്വാമിയും കുറെ പ്രത്യേകം കരുതി ഹന്നു കൂടി കുറച്ചു ലജ്ജയോടുകൂടിയാണെങ്കിലും പറയാതിരിക്കാൻ നിവൃത്തിയില്ല. ഞങ്ങൾ അങ്ങനെ കൃഷ്ണപിള്ളയുടെ ഗൃഹത്തിലിരിക്കുമ്പോൾ തീർത്ഥപാദപരമഹംസപ്രഭൃതി ഒരു സ്വീകരണസംഘം സ്വാമികളുടെ മുന്നിൽ സമാഗതമായി. സ്വാമികൾ പറകയാണു് ''നിങ്ങളെല്ലാം അങ്ങു പൊയ്ക്കൊൾവിൻ! എന്നെ ഇവിടെ സ്വൈരമായിരിക്കാൻ അനുവദിച്ചേക്കു. ഞാൻ സമയത്തിനങ്ങു വന്നേയ്ക്കാം. ഇവിടെ (എന്നെയും പ്രത്യേകം കടാക്ഷിച്ചിട്ടു്) ഈ കുട്ടികൾ മതി''. അവരെല്ലാം ''വന്നവഴിയെ'' പോയി. മഹാസിദ്ധന്മാരുടെ സ്വഭാവം കേവലം ബാലന്മാരുടേതുപോലെ ഇരിക്കും എന്നു ഞാൻ വ്യായിച്ചുതന്നെയല്ല, സ്വാമികൾ മുഖാന്തരം നേരിട്ടും ഇങ്ങനെ കണ്ടറിഞ്ഞു.

പിന്നെയും ഒരു ചെറിയ സംഭവംകൂടി അവിടെവച്ചുണ്ടായി. ഞങ്ങൾ കൃഷ്ണപിള്ളയുടെ വീട്ടിൽനിന്നും താഴത്തോടത്തേയ്ക്കു തിരിച്ചു. കൃഷ്ണപിള്ളയുടെ അച്ഛൻ നാണുപിള്ള ആയിരുന്നു വിളക്കുംകൊണ്ടു മുമ്പേ പൊയ്ക്കൊണ്ടിരുന്നതു്. കുറച്ചുദൂരം അങ്ങനെ പോകവേ കേൾക്കാം ഒരു ആരവം. ക്രമേണ ദീപയഷ്ടികളും വാദ്യവിശേഷങ്ങളുമായി ഒരുകൂട്ടം ജനങ്ങൾ വരുന്നു. സ്വാമികൾ മനസ്സിലാക്കി അതു തന്നെ എതിരേല്ക്കാൻ വരുന്ന കൂട്ടരെന്നു്. ഉടനെ സ്വാമികൾ നാണുപിള്ളയുടെ കൈയിൽനിന്നും വിളക്കുംവാങ്ങി മുമ്പിട്ടു നടന്നു് കുറുക്കുവഴിയേ ഘോഷയാ

ത്രയുടെ പിന്നിലേയ്ക്കു വേഗം നടന്നു. വഴിക്കുവച്ചു പറകയാണു്; ''വിഷമം ആളുകൾ വരും. കാലിൽ കടന്നുവീഴും, പിന്നെ ആശീർവ്വദിക്കണം. കുശലം പറയണം. വിഷമം.''

ഞാൻ ഈ നിസ്സാരസംഭവം എന്റെ സ്മരണയിൽനിന്നുദ്ധരിക്കുന്നതു് അദ്ദേഹത്തിന്റെ കീർത്തിക്കുള്ള കൊതിയില്ലായ്മയെ ഉദാഹരിപ്പാൻ മാത്രമാണു്. കീർത്തിയുടെ പിന്നാലെ കിടന്നോടുക അദ്ദേഹത്തിനു് ഒരിക്കലും ഉണ്ടായിട്ടില്ല.

''ശ്രീയാലീപ്സിതനാമൊരുത്തനവളിൽ
ചായാതിരുന്നീടുമോ'' എന്നു മഹാകവി ചോദിക്കുന്നു. ഇതുപോലുള്ള മഹാന്മാർ ശ്രീയേയും എന്നു വേണ്ട കീർത്തിയേയും ഒരിക്കലും കാംക്ഷിക്കയില്ല. ഇന്നും നമ്മുടെ നാട്ടിൽത്തന്നെ അപ്രസിദ്ധന്മാരായ പല മഹാന്മാരും ജീവിക്കുന്നുണ്ടെന്നാണു് എന്റെ വിശ്വാസം. അവർ കീർത്തിയെ കൊതിക്കുന്നില്ല. അതുകൊണ്ടു ജനങ്ങൾ അവരുടെ അപദാനങ്ങൾ അറിയുന്നുമില്ല.

''ബ്രഹ്മം സത്യം ജഗന്മിഥ്യ''. എന്നു ബോധം വന്നവർ കേവലം കീർത്തിക്കുവേണ്ടി തെണ്ടുകയോ?

ഒരു കൊച്ചുകാര്യംകൂടി അവിടെവെച്ചുണ്ടായി. അതു എന്റെ സ്മരണയിൽനിന്നു വിട്ടുപോകാത്തതാകയാൽ–അതു് അധികവും എന്നെ സംബന്ധിക്കുന്നതാണെങ്കിലും–ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

സ്വാമികളും ഞങ്ങളുംകൂടി സമാധിമന്ദിരത്തിൽനിന്നു താഴത്തോടത്തു വീട്ടിലേയ്ക്കു പൊയ്ക്കൊണ്ടിരിക്കയാണു് അപ്പോൾ സ്വാമികൾ എന്നെ പ്രത്യേകം വിളിച്ചുചോദിച്ചു ''തീർത്ഥർക്കെന്താ നിന്നോടിത്ര പ്രത്യേകത. തീർത്ഥൻ ആരെയും അത്ര സ്തുതിക്കാറില്ല. നിന്നെ വളരെ പ്രശംസിച്ചു് എനിക്കൊരെഴുത്തയച്ചിരിക്കുന്നു. അതു മുതൽ നിന്നോടും എനിക്കൊരു പ്രത്യേകത തോന്നുന്നു'' ഞാൻ പറഞ്ഞു:- ''ഞാൻ അദ്ദേഹത്തെ കണ്ടിട്ടുപോലുമില്ല. എഴുത്തുകുത്തു മുഖേനയുള്ള പരിചയമേയുള്ളു.''

സ്വാമികൾ:–ആഹാ!.....

പിന്നെ സ്വാമികളെ ഒരിക്കൽകൂടി ഞാൻ കണ്ടുമുട്ടി സ്വാമികൾ എന്റെ അടുത്ത ഗൃഹത്തിൽ വിശ്രമിക്കുംകാലം എന്റെ വീട്ടിൽ അദ്ദേഹം സ്വയമേവ ഒരു ദിവസം ഉച്ചയ്ക്കു

വന്നു. ഞാൻ പായും മറ്റും മാറ്റിവെച്ചു പുതിയ ഒരു കയറ്റുകട്ടിൽ അദ്ദേഹത്തിനു ഇരുന്നു വിശ്രമിപ്പാൻ തയ്യാറാക്കി കൊടുത്തു. അവിടെ വെച്ചാണു വിവേകാനന്ദസ്വാമികളുമായി കണ്ടു മുട്ടിയ കഥയും മറ്റും അദ്ദേഹം വിസ്തരിച്ചു പറഞ്ഞതു്. അദ്ദേഹം അങ്ങനെ എന്റെ വീട്ടിൽ വിശ്രമിക്കവേ മുറ്റത്തു മാവിൽ "വാളങ്ങ" എന്നു പറയുന്ന ഒരുതരം ലത പടർന്നു കിടക്കുന്നതായിക്കണ്ടു. അതിന്റെ കുരു കുറെ പറിച്ചുകൊണ്ടു വരുവാൻ അദ്ദേഹം എന്നോടാജ്ഞാപിച്ചു. ഞാൻ വേഗം കുറെ ഉണക്കക്കായ്കകൾ പറിച്ചുകൊണ്ടുവന്നു. സ്വാമികൾ ഉടൻ അകത്തുനിന്നു പുറത്തുവന്നു. അദ്ദേഹം ബദ്ധപ്പെട്ടു പറകയാണു്. "അരുതരുതു്. അതിലൊരുതരം എറുമ്പില്ലേ? സൂക്ഷിച്ചെടുക്കാഞ്ഞാൽ അതെല്ലാം ചത്തുപോകും. എറുമ്പിനെ കൊല്ലരുതേ. അവയെ തിരികെ അവിടെ കൊണ്ടു പോയി വെച്ചേക്കൂ" ഞാൻ ആദ്യം കുറെ അന്ധാളിച്ചുപോയി. സ്വാമികളുടെ അഹിംസാവ്രതം സുപ്രസിദ്ധമാണു്. അതിനൊരുദാഹരണമായി ഈ ഒരു നിസ്സാരസംഭവവുംകൂടി ഇവിടെ ചേർത്തുവെന്നേയുള്ളു. സ്വാമികൾ പിന്നീടൊരവസരത്തിൽ എന്റെ വീട്ടിൽവെച്ചു പറകയാണു്; "ഇവിടെ കൂത്തുന്നതും പിടിക്കുന്നതും ഒന്നുമില്ലല്ലോ. അവ ഉപയോഗിക്കുന്നിടത്തു നിന്നു എന്തെങ്കിലും കഴിക്കുന്നതു എനിക്കത്ര പഥ്യമല്ല." സ്വാമിക്കു പലഹാരം കൊണ്ടുചെന്നു കൊടുത്തപ്പോളാണു അദ്ദേഹം ഇങ്ങനെ ചോദിച്ചതു്; മത്സ്യമാംസങ്ങളെപ്പറ്റിയാണു് ഇപ്പറഞ്ഞതെന്നു വായനക്കാർ ഇതിനകം ഊഹിച്ചിരിക്കുമല്ലോ.

വേറൊരു ദിവസം പണിക്കരുടെ വക ഒരു ഭവനത്തിൽ സ്വാമികൾ വിശ്രമിക്കയായിരുന്നു. ഞാനും കുളിയും ഊണും കഴിഞ്ഞു് അവിടെ ചെന്നു. അപ്പോൾ സ്വാമികൾ എന്റെ ഒരു സതീർത്ഥ്യനും സാമാന്യം ഒരു "പൂശാരി"യും ആയ ഒരു "പിള്ള"യോടു സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. അദ്ദേഹത്തിന്റെ ആ പ്രഭാഷണം "യോഗശാസ്ത്ര"ത്തെപ്പറ്റിയായിരുന്നു എന്നു മാത്രം പറയാനല്ലാതെ എനിക്കു അന്നൊന്നും അതിൽ അശേഷം "പിടി"യില്ലായിരുന്നു. പിള്ള വിനയാവനമ്രനായി അതെല്ലാം കേട്ടു മൂളിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ആ സുഭാഷിതം ആ മനുഷ്യനു അശേഷം മനസ്സിലായിട്ടില്ലെന്നു എനിക്കു നല്ല ബോദ്ധ്യമുണ്ടു്. ആ മനുഷ്യൻ പോയശേഷം ഞാൻ സ്വാമികളോടു ചോദിച്ചു. "സ്വാമി!

ഇതെല്ലാം ആ മനുഷ്യനു മനസ്സിലാകുമോ? അയാൾ വെറുതെ മൂളികേട്ടുവെന്നേയുള്ളു''. സ്വാമികൾ ഉടൻ പറഞ്ഞു.

''അങ്ങനെയല്ല. ആദ്യകാലങ്ങളിലെല്ലാം എന്റെ അടുക്കൽ ഓരോരുത്തർവന്നു അതുമിതുമെല്ലാം ചോദിച്ചു മെനക്കെടുത്താറുണ്ടു്. ഉദ്യോഗസ്ഥന്മാരുടെ വേദാന്തം എന്നാലെന്തെന്നു നിനക്കറിയാമോ? തന്റെ കാപട്യങ്ങൾ വെളിപ്പെടാതിരിക്കാൻവേണ്ടി ഏതെങ്കിലും ഒരു സന്യാസിയുടെ ശിഷ്യനായിത്തീർന്നേക്കുക. അവരുടെ ആ വിഭൂതിലേപനവും മന്ത്രജപവുമെല്ലാം വെറും ''വിദ്യ.'' ഇതെല്ലാം കണ്ടു കണ്ടു ഞാൻ ആരോടും അത്ര തുറന്നു ശാസ്ത്രമാർഗ്ഗളെപ്പറ്റി പറയാറില്ല. ഇപ്പോൾ എനിക്കു് അങ്ങുപോകാനുള്ള കാലമായി. എന്റെ ചുമടു് ഇറക്കിയാൽ മതിയെന്നുമായി. ഇയ്യിടെ ആരെങ്കിലും വന്നു ചോദിക്കുന്നപക്ഷം അവർ ആവശ്യപ്പെടുന്നതിൽ കൂടുതൽ പറഞ്ഞുകൊടുക്കുകയാണു പതിവു്. എന്തിനു ഞാൻ മടിക്കുന്നു? ചുമടിറക്കട്ടെ. ആവശ്യമുള്ളവർ പോറട്ടെ''.

പിന്നെ ഞാൻ സ്വാമികളെ കണ്ടിട്ടേയില്ല. സ്വാമികളുടെ മഹാസമാധിവിവരം കഷ്ടമേ! ഞാൻ പത്രം വായിച്ചാണറിഞ്ഞതു്. അതു സംബന്ധിച്ചു ഞാൻ എഴുതിയ പദ്യം അന്നത്തെ കവനകൌമുദിയിലും മറ്റും ചേർത്തിട്ടുണ്ടല്ലോ. സ്വാമികളെ സംബന്ധിച്ചു ''ഗുരുവും ശിഷ്യനും'' എന്നൊരു ഖണ്ഡകാവ്യവും ''മഹൽസമ്മേളനം'' എന്ന ലേഖനവും ഞാനെഴുതി സദ്ഗുരുവിൽ ചേർത്തിട്ടുണ്ടു്. തീർത്ഥസ്വാമികളുമായുള്ള പരിചയം മുതൽക്കാണു ''ശുഭേച്ഛാ ഭൂമിക''യിലെങ്കിലും എനിക്കു കാലെടുത്തു കുത്തുവാനിടയായതു്. വല്ലതും ചോദിക്കാനും അറിയാനും വാസന തുടങ്ങിയപ്പോൾ പറഞ്ഞുതരാൻ മനസ്സിനിണങ്ങിയ ആളില്ലാതെ പോയി. എന്റെ മുഴുവൻ ഹൃദയവും ആരാധിക്കുന്നതു തീർത്ഥസ്വാമികളെയാണെങ്കിലും അദ്ദേഹത്തിന്റേയും ഗുരുവായി പൃഥുലഫാലവും, ദീപ്തനയനങ്ങളും, വെള്ളിക്കമ്പിപോലെ നീണ്ടു് നാഭീപര്യന്തം വളർന്നുകിടക്കുന്ന താടിയും, അല്പം ഒരു കൂടവയറും കലർന്ന സദ്ഗുരു സ്വരൂപവും, സ്തോഭവിവർജ്ജിതമായ ആ മുഖകമലവും, കേവലം ഒരു ബാലന്റേതുപോലെ സരളകോമളമായ സ്വഭാവവും, ഹൃദയദ്രവീകരണചണമായവചോവിലാസവും സംഗീതസാമഗ്രികളോടുള്ള സ്വാമികളുടെ സന്തതസഹവാസവും, പണ്ടൊരു കവി പറഞ്ഞതുപോലെ ''മരിച്ചാലും മറന്നീടുമോ''?

സ്മരണകൾ 4

വി. നാരായണമേനോൻ.

വല്ലൂർ. ഇടപ്പിള്ളി.

68-69 ഇക്കാലങ്ങളിലാണു് ഞാൻ സ്വാമിയുമായി ആദ്യം പരിചയപ്പെട്ടതു്. അന്നു ആലുവായിൽ അമ്പാളിക്കും. രാരിച്ചൻ മൂപ്പനും കലാൽ കാൺട്രാക്ടു് ഉണ്ടായിരുന്നു. ആലുവാ മണൽപ്പുറത്തു് അവരുടെ വക തട്ടിൽവെച്ചു ഞങ്ങൾ പല വിശേഷങ്ങളും പറഞ്ഞു രസിക്കും. സംഭാഷണവിഷയം നാണുഗുരുവിന്റെ അപദാനങ്ങൾ ആയിരുന്നു. നാണുഗുരുവുണ്ടാക്കിയ:-

ഓട്ടീലൊട്ടിച്ചുനാളം തിരുവഴിനടുവേ
അങ്കി ചുങ്കെന്നു തട്ടി-
ക്കൂട്ടി പുട്ടിപ്പിടിച്ചാക്കുതിരയെ നടുറോട്ടുടെ
ഓടിച്ചുവേഗം
ചാട്ടിൻകൂട്ടിങ്കലുൾച്ചഞ്ചലതരമിളകും
പഞ്ചരാജാക്കൾപോം മുൻ-
കൂട്ടുക്കെട്ടോടു കോട്ടയ്ക്കകമതുകരയേറി
സ്സുഖിപ്പാൻ വരം താ.

എന്ന ശ്ലോകത്തിൽ ഉള്ളടക്കിയ യോഗവിദ്യാസമ്പ്രദായത്തെ അദ്ദേഹം വിശദീകരിച്ചു വളരെ നേരം സംസാരിച്ചു. ആലുവായിൽ അദ്ദേഹം കൂടെക്കൂടെ കുളിച്ചു താമസിക്കാൻ വരും. ചിലപ്പോൾ ആശ്രിതനായ പത്മനാഭപ്പണിക്കരും കൂടെ ഉണ്ടാകും. പോലീസ് സൂപ്രേണ്ടായിരുന്ന കൊട്ടാരപ്പാട്ടു പപ്പുപ്പിള്ള- അതായതു് നന്ത്യാരുവീട്ടിൽ പരമേശ്വരൻപിള്ളയുടെ അച്ഛൻ-അക്കാലത്തു ആലുവായിൽ താമസിച്ചിരുന്നു. അവിടേയും സ്വാമി വിശ്രമിച്ചിരുന്നു. അക്കാലത്തു് കൂടെ ഉണ്ടായിരുന്ന നന്ത്യാരുവീട്ടിൽ പരമേശ്വരൻപിള്ളയ്ക്കു പലതും പറഞ്ഞുകൊടുക്കുക ഉണ്ടായിട്ടുണ്ടു്.

അക്കാലത്തു സ്വാമികൾ എനിക്കു ഒരു മന്ത്രം ഉപദേശിച്ചുതന്നു. ഞാൻ അതു സിദ്ധിവരുത്തുവാൻവേണ്ടി വീട്ടിൽ

വന്നു നിഷ്ഠയിൽ ഇരുന്നു ജപിച്ചു. വീട്ടുകാർക്കും നാട്ടുകാർക്കും ഈ പണി അത്ര രസിച്ചില്ല. എന്റെ വീട്ടിലും പരിസരങ്ങളിലും രാമനാമം ചൊല്ലുന്നതുപോലും ബ്രാഹ്മണപ്രതാപത്തിൽ ഇരുന്ന ആ ദേശാധിപന്റെ നേർക്കുള്ള ഭക്തിയാൽ വിലക്കപ്പെട്ടിരുന്നു. അങ്ങിനെ ഇരിക്കെ ഒരു ദിവസം സ്വാമി എന്റെ വീട്ടിൽ കയറി. വീട്ടിൽ ഒരു സ്ത്രീക്കു് ഗർഭം പരിപൂർണ്ണമായിരുന്നിരുന്നു. പേറ്റുനോവും ഉണ്ടായിരുന്നു. പ്രസവിക്കുവാനുള്ള താമസംകൊണ്ടു ആളുകൾ പരിഭ്രമിച്ചുവശായി. എറണാകുളത്തു പോയി ഡാക്ടരെ കൊണ്ടുവരുവാനും ചില ആളുകൾ തുനിഞ്ഞു. ഡാക്ടരെ കൊണ്ടുവരേണ്ടതില്ലെന്നും സ്ത്രീക്കു പ്രസവിക്കാൻ കാലമായിട്ടില്ലെന്നും ആണു് അദ്ദേഹം പറഞ്ഞതു്. ഒരു ചെറിയ പ്രയോഗംകൊണ്ടു ഇപ്പോഴത്തെ ഉപദ്രവം തീർക്കാമെന്നും പ്രസവിക്കാൻ സമയം അടുക്കുമ്പോൾ ഉപദ്രവം കൂടാതെ പ്രസവിക്കുമെന്നും പറഞ്ഞു് അദ്ദേഹം ചില മരുന്നുകൾ ചേർത്തു ഒരു വർത്തി ഉണ്ടാക്കി ഒരു സ്ത്രീയുടെ കയ്യിൽ കൊടുത്തു് ഇതു മലദ്വാരത്തിൽ കടത്തിവെക്കാൻ പറഞ്ഞു. സ്ത്രീ അപ്രകാരം ചെയ്തു. അല്പം കഴിഞ്ഞപ്പോൾ വയറ്റിൽ കട്ടിപിടിച്ചു കിടന്നിരുന്ന മലം എല്ലാം ഇളകി വിസർജ്ജിച്ചുപോയി. പേറ്റുനോവും നിന്നു. പിന്നെ കുറെ ദിവസങ്ങൾ കഴിഞ്ഞശേഷം സ്ത്രീയാതൊരു ഉപദ്രവവും കൂടാതെ പ്രസവിക്കുകയും ചെയ്തു.

അദ്ദേഹം കലൂർ നാട്ടാശുപത്രിയിൽ സുഖക്കേടു പിടിച്ചുകിടന്നു. കലൂർ കണ്ടവൈദ്യൻ–ഈ ആശുപത്രിയുടെ ഉടമസ്ഥൻ– സ്വാമികളുടെ ഒരു ശിഷ്യനായിരുന്നു. ഇപ്പോൾ കലൂർ കാണുന്ന സ്കൂൾ ഈ നാട്ടാശുപത്രിയിലാണു് ഇട്ടിരിക്കുന്നതു്. കണ്ടവൈദ്യൻ ആലുവായിൽ താമസിച്ചിരുന്ന സ്വാമിയെ സ്വന്തം പണം ചിലവാക്കി കലൂർ കൊണ്ടുവന്നു പിഴിച്ചിൽ കഴിപ്പിച്ചു. അന്നു് എറണാകുളത്തു തിരുവെങ്കിടാചാര്യർ എന്നയാൾ കൊച്ചിദിവാനായിരുന്നു. ദിവാൻസിക്രട്ടറി രാമയ്യനും കോടരുടെ ഒരു കാര്യസ്ഥനും തമിഴിൽ അസാമാന്യപണ്ഡിതനും തിയോസഫിയിലെ ഒരു പ്രഭാഷകനും ആയിരുന്ന പദ്മനാഭനാചാരി എന്നയാളും, ചന്തുലാലാ എന്ന രജപുത്രൻ–അന്നത്തെ പോലീസു് സൂപ്രണ്ടും–എറണാകുളത്തു താമസിക്കുന്നുണ്ടു്. കലൂർ ആശുപത്രിയിൽ കിടക്കുന്ന സ്വാമികളെ കാണുവാൻ ചന്തുലാലാ കൂടക്കൂടെ വരും.

പിഴിച്ചിൽ കഴിഞ്ഞപ്പോൾ ചന്തുലാലാ സ്വാമികളെ എറണാകുളത്തുള്ള അദ്ദേഹത്തിന്റെ വസതിയിലേയ്ക്കുക്ഷണിച്ചു.

അവിടെ അദ്ദേഹത്തിനു പലപ്പോഴും വിരുന്നുണ്ടായിട്ടുണ്ടു്. സാധാരണ ചന്തുലാലയുടെ സ്ത്രീകൾ അന്യപുരുഷന്മാർക്കു വിളമ്പികൊടുക്കാറില്ല. എങ്കിലും സ്വാമികളെ അവർ അന്യനായി ഗണിച്ചിരുന്നില്ല. ഒരു പൂജ്യസ്ഥാനം അദ്ദേഹത്തിനു് അവിടെ ഉണ്ടായിരുന്നു.

ഈ കാലത്താണു് സ്വാമികളും വിവേകാനന്ദസ്വാമികളും തമ്മിൽ കണ്ടതു്. ചന്തുലാലാ, രാമയ്യൻ, പത്മനാഭനാചാരി ഇവർ വിവേകാനന്ദന്റെ യോഗ്യത പരീക്ഷിപ്പാൻ സ്വാമിയെ ക്ഷണിച്ചുകൊണ്ടു പോകയായിരുന്നു ചെയ്തതു്. സ്വാമികളുടെ കൂടെ ഞാനും വിവേകാനന്ദസ്വാമികളുടെ വസതിയിലേയ്ക്കു പോയിരുന്നു.

തിരുവനന്തപുരത്തും ഞാൻ അദ്ദേഹത്തിനെ അനുഗമിച്ചിരുന്നു. കുളക്കുന്നത്തു രാമമേനവൻ സ്വാമികളുടെ ഒരു ശിഷ്യനായി കൂടിയ മുതൽക്കാണു് അദ്ദേഹം ഒരു പ്രസാധകൻ എന്ന നിലയിൽ കേളികേട്ടതു്.

തത്തംപിള്ളി കുഞ്ഞുണ്ണിമേനവന്റെ വീട്ടിൽവെച്ചു് സ്വാമി ബോധരഹിതനായി ചിലപ്പോൾ സമാധിയിൽ ഇരിക്കാറുണ്ടു്. ഒരിക്കൽ ഇങ്ങിനെ ഇരിക്കുമ്പോൾ ആ വീട്ടുകാർ അദ്ദേഹം മരിച്ചുപോയോ എന്നുപോലും ഭയപ്പെട്ടുപോയി അത്രെ.

84 ൽ അദ്ദേഹം പ്രാചീനമലയാളം എഴുതിക്കൊണ്ടിരുന്നപ്പോൾ ഒരു സംഭവം നടന്നു. അന്നദ്ദേഹം ശ്രീകണ്ഠേശ്വരത്തു ഭജനമഠത്തിൽ താമസിക്കയായിരുന്നു. അംബാസമുദ്രത്തുകാരൻ ഒരു പട്ടർ വന്നു സ്വാമികളെ ദണ്ഡനമസ്കാരം ചെയ്തു ഗഞ്ചിറാ എന്ന വാദിത്ര വിശേഷത്തിൽ കുറെ ഭാഗങ്ങൾ ചൊല്ലിക്കൊടുക്കണമെന്നു അപേക്ഷിച്ചു. പട്ടരോടു് വായിക്കുവാൻ സ്വാമി ആജ്ഞാപിച്ചു. അവിടെ ഇരുന്നിരുന്ന ഒരു ഗഞ്ചിറ അദ്ദേഹവും മറ്റൊന്നു സ്വാമികളും എടുത്തു് വായിച്ചുതുടങ്ങി. സ്വാമികൾ പട്ടർക്കു പല എണ്ണങ്ങളും കാണിച്ചുകൊടുത്തു. ഇത്ര വലിയ ഒരു ജ്ഞാനിയെ തെക്കെ ഇന്ത്യയിൽ താൻ എങ്ങും കണ്ടിട്ടില്ലെന്നും പറഞ്ഞു വീണ്ടും സാഷ്ടാംഗം പ്രണമിച്ചു പട്ടർ അനുഗ്രഹവും വാങ്ങിപ്പോയി. ഇതുപോലെ ചില പട്ടാണികളുമായി എളമന കുഞ്ഞുണ്ണിമേനവന്റെ ഗൃഹത്തിൽവെച്ചു ഗഞ്ചിറാമത്സരം നടന്നു. പട്ടാണികൾ തോറ്റുപോയി.

പേട്ടയുടെ സമീപത്തിൽ വലിയഉദയേശ്വരം എന്ന ഒരു

ക്ഷേത്രത്തിന്റെ പരിസരങ്ങളിൽ സ്വാമിയുടെ നിർദ്ദേശപ്രകാരം നാണുഗുരു യോഗാഭ്യാസം പഠിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്. ഈഴവരിൽ പലരും ഇതു സമ്മതിക്കുകയില്ല. അവരിൽ പലരും സ്വാമികളാണു്, നാണുഗുരുവിന്റെ ഗുരുനാഥൻ എന്നു പറയുന്നതിൽ എന്തോ വലിയ കുറച്ചിൽ ഉള്ളതായി വിചാരിക്കുന്നു. ഞാൻ ഈ വിഷയത്തെക്കുറിച്ചു സ്വാമികളോടു് ഒരിക്കൽ സംസാരിച്ചു. അപ്പോൾ അദ്ദേഹത്തിൽനിന്നും ചില വിവരങ്ങൾ അറിയാറായി. ''ജനങ്ങൾ അങ്ങിനെ പറഞ്ഞുകൊള്ളട്ടെ. അതുകൊണ്ടു നമുക്കെന്തു്.? നമുക്കു ആരുടേയും ഗുരുവാകണ്ട. എല്ലാവരുടേയും ശിഷ്യനായാൽ മതി എന്നാണു് എന്റെ ആഗ്രഹം. നാണുഗുരുവായസ്ഥിതിയ്ക്കു ചട്ടമ്പിസ്വാമി എന്നും ചട്ടമ്പിയായോ ഷൺമുഖദാസനായോ ഇരിക്കാം. അതുകൊണ്ടു നാണുഗുരുവിനും ഇനിക്കും ഒന്നുമില്ല.''

''എന്നാൽ ഒരു സംഗതി വാസ്തവമാണു്. എനിക്കു് എന്റെ ഗുരുനാഥൻ ഉപദേശിച്ചുതന്ന മന്ത്രം ഞാൻ നാണുഗുരുവിനു ഒരിക്കൽ ഉപദേശിച്ചു. എന്റെ ഗുരു ''ഇതുകൊണ്ടു നിനക്കു എല്ലാംസിദ്ധിക്കും'' എന്നു് അരുളിച്ചെയ്തു. നാണുഗുരുവും ഈ മന്ത്രം പല ശിഷ്യന്മാർക്കും ഉപദേശിച്ചിട്ടുണ്ടു്. മന്ത്രശാസ്ത്രങ്ങളിൽ സാധാരണ കാണുന്ന ഒരു മന്ത്രമല്ല അതു്. ബാലയും സുബ്രഹ്മണ്യനും ഇഷ്ടദേവതകളാണു്. ഈ പാരമ്പര്യത്തിലല്ലാതെ ഇതാർക്കും കിട്ടിയിട്ടില്ല. പക്ഷേ ഇതെങ്ങിനെ വെളിയിൽ അറിയും? അറിഞ്ഞിട്ടു കാര്യവും ഇല്ല.''

എന്റെ ഒരു അനുഭവം പറയാം. മുത്തകുന്നംക്ഷേത്രം പ്രതിഷ്ഠിക്കുവാൻ സ്വാമികളോടു നാണുഗുരു ആവശ്യപ്പെട്ടുകൊണ്ടു പറവൂർ കൃഷ്ണശാസ്ത്രികളുടെ മഠത്തിൽ വന്നിരുന്നു. നാണുതന്നെ മതി അതിനു് എന്നുപറഞ്ഞു പ്രതിഷ്ഠയ്ക്കുള്ള മുഹൂർത്തവും സംപ്രദായവും പറഞ്ഞു. അതുപ്രകാരം നാണുഗുരു പ്രതിഷ്ഠ കഴിച്ചു. കുറെ നാണയങ്ങൾ അടങ്ങിയ ഒരു കിഴിയും മറ്റു ചില ഉപകരണങ്ങളും ക്ഷേത്രാധികാരികൾ നാണുഗുരുവിന്നു ദക്ഷിണ കൊടുത്തു. അതു് നാണുഗുരു അവിടെനിന്നും എടുത്തു ശാസ്ത്രിയുടെ മഠത്തിൽവന്നു് ചട്ടമ്പിസ്വാമിക്കു സമർപ്പിക്കുകയാണുണ്ടായതു്. കുമാരനാശാൻ മുതലായി കൂടെ ഉണ്ടായിരുന്നവർക്കു ഈ കൃത്യം അത്ര സുഖിച്ചില്ല. കൊളവേലി കൃഷ്ണൻവൈദ്യൻ മുതലായ ഒട്ടനവധി ഈഴവമാന്യന്മാർ ഈ കാര്യത്തിൽ ദൃക്സാക്ഷികളാകുന്നു.

സ്മരണകൾ 5

പിച്ചയമ്മ.

(തിരുവനന്തപുരം പുത്തൻചന്തയിൽ തായുവീട്ടിൽ)

ഞാൻ നാണുഗുരുസ്വാമിയുടെ ഒരു ശിഷ്യയാണു്. എന്നെ സ്വാമികൾ പുത്തൻചന്തയിൽ അമ്മ എന്നാണു് പറയാറു്. അതുകൊണ്ടു മറ്റു സന്യാസിമാരും എന്നെ അങ്ങിനെതന്നെ വിളിക്കും. നാണുഗുരുസ്വാമിക്കു കിട്ടിയ യോഗ്യതകൾ എല്ലാം ചട്ടമ്പിസ്വാമി തിരുവടികളിൽനിന്നും ആണെന്നു ഞാൻ നേരത്തെ അറിഞ്ഞിരുന്നു. നാണുഗുരു എന്റെ വീട്ടിൽ വന്നിട്ടുണ്ടു്. ഞാൻ ആശ്രമത്തിൽ പോയാൽ അവിടെ പാചകത്തിനായി നില്ക്കുന്ന ഏവരും വെളിയിൽ ഇറങ്ങും. പിന്നെ ഞാനാണു് അടുക്കളക്കാരി. കുമാരനാശാനോടു സ്വാമികൾക്കു എന്തോ നല്ല സുഖമുണ്ടായിരുന്നില്ല. കാരണം എന്താണെന്നു എനിക്കു നല്ല നിശ്ചയമില്ല. ഈഴവബില്ലു് അവതരിപ്പിക്കാൻ ശ്രമിച്ചു എന്നും, ഗുരുനാഥസ്ഥാനത്തിനെ സംബന്ധിച്ചു വാഗ്വാദം ഉണ്ടാക്കിയെന്നും മറ്റും ഒരു ചാർജ്ജു് കുമാരനാശാന്റെ പേരിൽ നാടോടിയായി നടന്നിരുന്നു.

കുമാരനാശാന്റെ നിര്യാണത്തിനു കുറെദിവസം മുൻപു് ഞാൻ ശിവഗിരിയിൽ നാണുഗുരുസ്വാമിയെ ചെന്നു കണ്ടു് അവിടെ താമസിക്കുമ്പോൾ കുമാരനാശാൻ അവിടെ വന്നു. കുറെ പലഹാരം അദ്ദേഹം കൊണ്ടുവന്നിരുന്നു. അതു ബോളിയായിരുന്നു. സ്വാമിക്കു തിരുമുൽകാഴ്ച വെയ്ക്കാനാണു് കൊണ്ടുവന്നതു്. സ്വാമിയെക്കാണാനോ പലഹാരം സമർപ്പിക്കാനോ കഴിഞ്ഞില്ല. അതിനാൽ അതു ആരോ വാങ്ങി അടുക്കളയിൽ കൊണ്ടുവന്നു. അതു് നാണുഗുരു സ്വീകരിച്ചില്ല. പല പ്രാവശ്യവും നാണുഗുരുസ്വാമിയെ കാണുവാൻ ആശാൻ ഉഴറി അനുവാദം ചോദിച്ചു. സ്വാമി സമ്മതിച്ചില്ല. ഉടനെ ആശാൻ പിണങ്ങിപ്പോയി.

കുറെക്കഴിഞ്ഞപ്പോൾ സ്വാമി വെളിയിൽവന്നു. അപ്പോൾ പുറത്തിരുന്നവർ ഇങ്ങിനെ കുമാരനാശാൻ ഉഴറിയെന്നും പിണങ്ങിപ്പോയെന്നും സ്വാമിയോടു പറഞ്ഞു. അപ്പോൾ സ്വാമി ''അവൻ പോകട്ടെ. അവൻ പോയതാണു്. അവൻ എത്രയോ മുൻപു മുങ്ങിപ്പോയി'' എന്നു ഉച്ചരിച്ചു.

കുറെ ദിവസം കഴിഞ്ഞപ്പോൾ കുമാരനാശാൻ ബോട്ടപകടത്തിൽപെട്ടു മുങ്ങി മരിച്ചിരിക്കുന്നു എന്നു അവിടെ ആൾവന്നു പറഞ്ഞു. അപ്പോഴും ഞാൻ അവിടെ ഉണ്ടു്. അദ്ദേഹത്തിന്റെ ശാപമായിരിക്കുമോ ഈവിധം കുമാരനാശാനു് അപകടമരണം ഉണ്ടാകുവാൻ കാരണം എന്നു എനിക്കു നിശ്ചയമില്ല. ആശാൻ സംസാരത്തിൽ മുങ്ങിപ്പോയി എന്നു മാത്രമായിരുന്നു സ്വാമികളുടെ വാക്കിന്നു ഞാൻ അന്നു ഊഹിച്ച അർത്ഥം.

സ്മരണകൾ 6.

കൊല്ലൂർ അമ്മാവൻ എന്നു പേരുള്ള

കൃഷ്ണപിള്ള അവർകൾ.

(ശ്രീസ്വാമികളുടെ ജ്യേഷ്ഠൻ)

ഞങ്ങൾ ഒരമ്മമക്കളല്ല. പ്രായത്തിൽ രണ്ടുവയസ്സു് എനിക്കു മൂപ്പുണ്ടു്. ചെറുപ്പകാലത്തു വീട്ടിൽ വളരെ ദാരിദ്ര്യമായിരുന്നു. അമ്മയുടെ നിർബ്ബന്ധം അനുസരിച്ചു് കുഞ്ഞൻപിള്ളചട്ടമ്പി എന്റെ കൂടെ ആധാരമെഴുതാൻപോന്നു. നെയ്യാറ്റുംകരയിലും ഭൂതപ്പാണ്ടിയിലും എന്നോടൊരുമിച്ചു ആധാരം എഴുതിയിട്ടുണ്ടു്. ആധാരം എഴുത്തു ഒരു ഗവർമ്മേണ്ടുദ്യോഗമല്ല. ഒരു ആധാരമെഴുതിയാൽ ഒരു പണം പ്രതിഫലം കിട്ടും. ഷൺമുഖസുന്ദരം പിള്ള എന്നൊരാൾ നാല്പത്തയ്യാമാണ്ടു് നെയ്യാറ്റുംകര റജിസ്ട്രേഷൻ ഇൻസ്പെക്ടരായിരുന്നു. കുഞ്ഞന്റെ കയ്പടകണ്ടു് അദ്ദേഹം സന്തോഷിച്ചു. അദ്ദേഹവും ഒരു സുബ്രഹ്മണ്യോപാസകനായിരുന്നു. കുഞ്ഞനും അന്നു ഏതാണ്ടൊക്കെ ഉപാസനയുണ്ടു്. എന്റെകൂടെ ആദ്യത്തെ ദിവസം ആധാരം എഴുതിയവകയിൽ എട്ടുപണം കിട്ടി. ഇതു അത്രസാധാരണയല്ല. കിട്ടിയതു വീട്ടിൽ അയച്ചുകൊടുക്കുകയാണു് പതിവു്. വേദാന്തിയായ ഷൺമുഖസുന്ദരംപിള്ള കുഞ്ഞന്റെ നടവടിയിൽ സന്തോഷിച്ചു് റജിസ്ട്രാഫീസിൽ സ്വകാര്യമായ ഒരു നിശ്ചയംചെയ്തു. ആധാരം എഴുതിയാലും ശരി. ഇല്ലെങ്കിലുംശരി. കുഞ്ഞൻപിള്ളയ്ക്കു എട്ടുചക്രം വൈകുന്നേരം ആഫീസിൽനിന്നും കൊടുക്കണമെന്നുള്ളതായിരുന്നു അതു്. കുഞ്ഞൻപിള്ള എഴുതാൻ മടികാണിക്കാറില്ല.

എന്നാൽ ആധാരം എല്ലാവർക്കും എഴുതാൻ വേണ്ടത്ര കിട്ടിയി ല്ലെന്നുവരും. കുഞ്ഞൻപിള്ളയ്ക്കു എട്ടുചക്രം കിട്ടിയാൽ അന്നു ഒരു കാശുംകിട്ടാത്ത കൂട്ടുകാർക്കു അതിൽനിന്നും ഒന്നും രണ്ടും ചക്രം വീതിച്ചുകൊടുക്കും. ഞാൻ ഇതുകണ്ടു് പലപ്പോഴും ദേഷ്യപ്പെട്ടിട്ടുണ്ടു്. എന്നാൽ ''അവർക്കു പട്ടിണി നമുക്കു പട്ടിണിപോലെതന്നെ അല്ലേ'' എന്നു എന്നോടുപറ ഞ്ഞു് എന്റെ കാലുപിടിക്കും.

അന്നു് സദിർകോടതി ആയിരുന്നു. ഇന്നത്തെ ഹജൂർക ച്ചേരി ഏർപ്പാടു ഒന്നും ആയിട്ടില്ല. ഒരു നമ്പൂതിരിയായിരുന്നു സദിർകോർട്ടിലെ ജഡ്ജി. മുക്കലുംപാട്ടു് ഉമ്മിണിപ്പിള്ളയുടെ ജ്യേഷ്ഠൻ പപ്പുപിള്ള എന്നൊരാൾ ആ കോടതിയിൽ വ്യവഹ രിച്ചിരുന്നു. തർക്കുത്തരം പറവാനും മറ്റുള്ളവരെ ശിങ്കിരി കളിപ്പിപ്പാനും ഈ വിദ്വാനുള്ള സാമർത്ഥ്യം ഒന്നുവേറെയാ ണു്. അന്നു കോടതിയിൽ ഉള്ള വക്കീലന്മാരുടെ ദുസ്സാ മർത്ഥ്യംകൊണ്ടു നമ്പൂരി ജഡ്ജി വിഷമിക്കുമ്പോൾ ''നീ പപ്പു പിള്ളയായി പോകട്ടെ'' എന്നു ശപിക്കാറുപോലുമുണ്ടു്. പപ്പുപിള്ളയുടെ പ്രസിദ്ധി അങ്ങിനെയാണു്. ഈ പപ്പുപിള്ള യോടു എതൃക്കാനും അയാളെ അടക്കാനും കുഞ്ഞൻമാത്രമേ ഉണ്ടായിരുന്നുള്ളു.

ഭയമെന്നുള്ളതു് കുഞ്ഞനില്ല. ഭൂതപ്പാണ്ടിയിൽ എന്നോ ടുകൂടി അധികംനാൾ താമസിച്ചില്ല. അക്കാലത്തു അവിടെ അതിശക്തിയായി അടിച്ചിരുന്ന കാറ്റു് കുഞ്ഞനു അസഹനീയ മായി തോന്നിയിരുന്നു. അവിടെ താമസിച്ചാൽ അയാൾ പെട്ടുപോകുമെന്നുപോലും എന്നോടു സങ്കടം പറഞ്ഞു. എനിക്കു കുഞ്ഞനെ തിരുവനന്തപുരത്തേയ്ക്കു അയയ്ക്കാൻ മനസ്സായിരുന്നില്ല. കാരണം അവൻ അവിടെ ചെന്നാൽ ഒരുമാ തിരി ഗുസ്തിയും, വേദാന്തവും, തെണ്ടിത്തിരിഞ്ഞുള്ള നടപ്പും, പ്രസംഗവും ഒക്കെയാണു് ജോലി എന്നു എനിക്കറിയാം. അതി നാൽ നെയ്യാറ്റിൻകരെ പോയി താമസിപ്പാൻ ഞാൻ ഏർപ്പാടുചെയ്തു. ഒരു ദിവസം രാത്രി അവിടെനിന്നും പുറ പ്പെടാൻ ഭാവിച്ചു. അന്നത്തെ നിലയ്ക്കു് ഭൂതപ്പാണ്ടി യിൽനിന്നും തനിയെ നെയ്യാറ്റിൻകരവരെ ഒരുത്തരും നടക്കു മാറില്ല. ഞാൻ രാത്രി പോകണ്ടാ എന്നു വിലക്കി. സാരമില്ല, എന്നെ ആരും പിടിച്ചുതിന്നുകയില്ല, എന്നുപറഞ്ഞു് അവിടെ നിന്നും പുറപ്പെട്ടു. നെയ്യാറ്റിൻകരെ എത്തി കുഞ്ഞനിൽനിന്നും എഴുത്തുകിട്ടുന്നതുവരെ എനിക്കു ഒരു സമാധാനവുംവന്നില്ല. ഉടൻ എഴുത്തുവന്നുചേർന്നു.

അന്നാണു് കല്ലുവീട്ടിൽ ഗോവിന്ദപ്പിള്ളയുടെ മാതാവിനുണ്ടായിരുന്ന ഒരു ഭയങ്കരമായ അപസ്മാരബാധ മന്ത്രം കൊണ്ടു കുഞ്ഞൻ മാറ്റിയതു്. സ്വർണ്ണംകൊണ്ടു് ഒരു വേലുണ്ടാക്കി അതു് പൂജിച്ചു് ഒരു ബ്രാഹ്മണനു് ആ സ്ത്രീയെക്കൊണ്ടു ദാനംകൊടുപ്പിച്ചശേഷം ആ സുഖക്കേടു പിന്നീടു് അവർക്കു വന്നിട്ടില്ല. മദ്യം, മാംസം, മത്സ്യം ഇവകളോടു കുഞ്ഞനു കലശലായ വെറുപ്പുണ്ടായിരുന്നു. ഇതു് ഉപയോഗിക്കുന്നവരോടു കൂട്ടുകൂടുകയാവട്ടെ, പാകംചെയ്യുന്ന അവരുടെ വീട്ടിൽനിന്നും ഭക്ഷിക്കുകയാകട്ടെ ചെയ്തിരുന്നില്ല. ഒരു ദിക്കിൽ അങ്ങിനെ സ്ഥിരമായി താമസിക്കുകയില്ല. സഞ്ചാരമായി. പിന്നെ ഞങ്ങൾ വല്ലപ്പോഴും മാത്രം കണ്ടുമുട്ടും.

ആദ്യം കൊല്ലൂർ മഠത്തിൽ കുഞ്ഞനു് കണക്കെഴുത്തുണ്ടായിരുന്നു. പഠിച്ചതു് ആകപ്പാടെ ആറുമാസമാണു്. പേട്ടയിൽ രാമൻപിള്ള ആശാന്റെ അടുക്കൽ കൂട്ടിക്കൊണ്ടുപോയതു ഞാനാണു്. ഞാനും അവിടെ പഠിച്ചിട്ടുണ്ടു്. എന്നാൽ അധികവും കുഞ്ഞൻ പഠിപ്പിക്കാനാണു സമയം വിനിയോഗിച്ചതു്. ആറു മാസത്തെ പഠിത്തംകൊണ്ടു് അവനെല്ലാം തികഞ്ഞു. കുന്നിൽക്കോവിൽ എന്ന ,ഒരു ഭഗവതിക്ഷേത്രം അന്നു് കൊല്ലൂർ ഗ്രാമത്തിനു് അടുത്തുണ്ടായിരുന്നു. ഡാക്ടർ കാർപാളിയൊ എന്നൊരു ധ്വര പഴയ ക്ഷേത്രം വിലയ്ക്കുവാങ്ങി. അതു് വെട്ടിപ്പൊളിച്ചു് അവിടെ ഒരു ബംഗ്ലാവു തീർത്തു. സായ്പു് അവിടെ സസുഖം കോഴി, താറാവു്, പന്നികളോടുകൂടി താമസമാക്കി.

അന്നൊരു ദിവസം ഞങ്ങൾ ഒരേ തരക്കാർ കുഞ്ഞനും ഒരുമിച്ചു് ഒരു കഥകളി കാണാൻപോയി മടങ്ങിവരുകയായിരുന്നു. ഈ ബംഗ്ലാവിന്റെ സമീപത്തു വന്നപ്പോൾ ഒരാൾ ഒരു വാദം എടുത്തിട്ടു. ഭഗവതി ഉണ്ടോ ഇല്ലയോ എന്നായി വാദം. അപ്പോൾ അതിലൊരാൾ– ''ഭഗവതി ഉണ്ടെങ്കിൽ കാണുമായിരുന്നില്ലേ; സായ്പിനോടു ഭഗവതി എന്തെടുത്തു. എല്ലാം വെട്ടിപ്പൊട്ടിച്ചു് അടിച്ചുവാരിക്കളഞ്ഞു് അവിടെ നല്ല ബംഗ്ലാവു പണികഴിപ്പിച്ചതു കണ്ടില്ലേ. ഭഗവതിയും ഇല്ല ഒരു ചുക്കുമില്ല'' എന്നു തട്ടിമൂളിച്ചു. അച്ചുക്കുടം ഫോർമാനായിരുന്ന ഐ. വേലുപ്പിള്ള എന്നൊരാളാണു് ഈ തർക്കം എടുത്തിട്ടതു്. കുഞ്ഞൻ ഞങ്ങളോടു നിങ്ങൾ എല്ലാം ഇവിടെ അല്പനേരം ഇരിക്കിൻ എന്നു പറഞ്ഞു. വേലുപ്പിള്ളയെ പിടിച്ചു് അല്പം അകലേയും ഇരുത്തി. കുഞ്ഞൻ വേലുപ്പിള്ളയോടു് ഇങ്ങിനെ പറയാൻ പറഞ്ഞു. ''ഭഗവതി ഉണ്ടെങ്കിൽ പരീക്ഷ കാണട്ടെ.''

കുറെ സമയം കഴിഞ്ഞപ്പോൾ അതാ വീഴുന്നു "പിതീൻ" എന്നൊരു കല്ലു്. വേലുപ്പിള്ളയുടെ തലയിൽ തൊട്ടുതൊട്ടില്ല എന്ന മട്ടിൽ. അതാരാണ്ടോ വലിച്ചെറിഞ്ഞതാണെന്നു വേലുപ്പിള്ള പറഞ്ഞു. അല്പസമയം കഴിഞ്ഞപ്പോൾ ഒരു വലിയ കട്ട അയാളുടെ മുൻപിൽ വീണു തകർന്നു. എല്ലാവരും എടുത്തു് ഒരോട്ടം-കുഞ്ഞൻ മാത്രം ഞങ്ങളുടെ കൂടെ ഓടിയില്ല. ഈ വക ചില വിദ്യകൾ അപ്പോൾ അയാൾ കാണിക്കും. ഞങ്ങൾ അതിശയിക്കും.

സ്മരണകൾ 7

കരുവാ കൃഷ്ണനാശാൻ

ഏറത്തു്.

67-ാമാണ്ടിൽ തിരുവനന്തപുരത്തു വെളുത്തേരി കേശവൻ വൈദ്യന്റെ വീട്ടിൽവച്ചാണു് ഞാൻ സ്വാമിതിരുവടികളെ ആദ്യമായി കണ്ടതു്. അന്നു തിരുവനന്തപുരത്തു നെൽപുര സൂപ്രേണ്ടായിരുന്ന ഒരു നായർപ്രഭു പെൻഷൻ പറ്റി മണക്കാട്ടു താമസിച്ചിരുന്നു. ഒരു ബ്രാഹ്മണൻ അവിടെ നിത്യവും ഭാഗവതം (സംസ്കൃതത്തിൽ ഉള്ളതു്) വായിച്ചു് അർത്ഥം പറയുകയും പതിവായിരുന്നു. ആ നായർ വീട്ടുകാർ കേശവൻ വൈദ്യനെക്കൂടെ വായന കേൾപ്പാൻ ക്ഷണിച്ചു. സ്വാമിയും കേശവൻവൈദ്യനും ഒരുമിച്ചു രാത്രി വായനകേൾപ്പാൻ പോയി. കേശവൻവൈദ്യൻ കൂശാഗ്രമതിയും ദൃഢഗാത്രനും ആണു്. വായനകഴിഞ്ഞു. വെളുപ്പാറായപ്പോൾ രണ്ടുപേരും കേശവൻവൈദ്യന്റെ വീട്ടിലേയ്ക്കു മടങ്ങിപ്പോന്നു. കേശവൻവൈദ്യൻ മാളികയിലും, അവിടത്തെ ചാവടിയിൽ സ്വാമികളും കിടന്നുറങ്ങി. ചാവടിപ്പത്തായത്തിന്റെ പുറത്താണു് കിടന്നതു്. പായും തലയിണയും ഒന്നും അദ്ദേഹത്തിനു് ഉറങ്ങാൻവേണ്ട. തോർത്തുമുണ്ടു വിരിച്ചു് കിടന്നു. പിറ്റേദിവസം ദിനചര്യകൾ ചിലതുനിർവഹിച്ചു സ്വാമികളും കേശവൻ വൈദ്യനും കൂടി സംഭാഷണം ചെയ്തുകൊണ്ടിരിക്കുമ്പോൾ സ്വാമി കേശവൻ വൈദ്യനോടു ഇങ്ങിനെ പറഞ്ഞു. "ചുണയുണ്ടെങ്കിൽ ഇന്നലെ വായിച്ചുകേട്ട ഭാഗങ്ങൾ എല്ലാം ഇപ്പോൾ

കാണാപ്പാഠം ചൊല്ലണം'' കേശവൻ വൈദ്യൻ ചൊല്ലിത്തുടങ്ങി. ഇടയ്ക്കിടയ്ക്കു നില്ക്കും. അതിനെ സ്വാമികൾ പൂരിപ്പിച്ചുംകൊണ്ടു് തലേദിവസം വായിച്ച ഭാഗങ്ങളത്രയും ചൊല്ലിത്തീർത്തു. സ്വാമികൾ മലർന്നുകിടന്നു കാൽമുട്ടുകൾ രണ്ടും കൈകോർത്തുപിടിച്ചുകൊണ്ടാണു് ചൊല്ലിക്കൊടുത്തതു്. അതിന്റെ ശേഷം സ്വാമികൾ എവിടെയോ പോയി. വൈകുന്നേരം തിരിയെ വന്നു. അന്നു രാത്രിയും കേശവൻ വൈദ്യനും ഒരുമിച്ചു ഭാഗവതം വായന കേൾക്കാൻ പോയി. കേശവൻ വൈദ്യൻ പറഞ്ഞു ''ഇന്നു ഞാൻ ഇന്നലത്തെപ്പോലെ സ്വാമികളെ ബുദ്ധിമുട്ടിക്കാതെ കേട്ടഭാഗം കാണാപ്പാഠം പറവാൻ തയ്യാറായിട്ടാണു് പോകുന്നതു്'' കേശവൻ വൈദ്യൻ പിറ്റേദിവസവും കേട്ടഭാഗങ്ങൾ വിട്ടുവിട്ടു ചൊല്ലി. സ്വാമികൾ വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുകയും ചെയ്തു.

കേശവൻ വൈദ്യന്റെ വീട്ടുകാർക്കു സ്വാമികൾ ചിലപ്പോൾ കറികളുടെ യോഗം പറഞ്ഞുകൊടുത്തു തയ്യാറാക്കിക്കാറുണ്ടായിരുന്നു. സ്വാമികളുടെ മേൽനോട്ടത്തിൽ ഒരുദിവസം തകരഇല കൊണ്ടൊരു കറിയുണ്ടാക്കി. അതു് അയൽപക്കത്തുള്ള ചിലർക്കു കൊടുത്തയച്ചു. എന്തുകൊണ്ടാണു് അതുണ്ടാക്കിയതെന്നു ആർക്കും പറവാൻ കഴിഞ്ഞില്ലത്രേ.

പേട്ടയിൽ ഡാക്ടർ പൽപ്പുവിന്റെ മച്ചുണനാണെന്നു തോന്നുന്നു നീലകണ്ഠൻവൈദ്യൻ എന്നൊരാൾ ജ്വരബാധിതനായി മരിച്ചു. അപ്പോൾ സ്വാമി കേശവൻ വൈദ്യന്റെ വീട്ടിൽ വന്നു. വൈദ്യന്റെ ചരമശ്ലോകം ഉണ്ടാക്കിച്ചൊല്ലി. അതു് ഒരു നിമിഷകവിതയായിരുന്നു. ഇങ്ങിനെയാണതു്:-

ഇനിമേൽ നമുക്കിവനൊടൊത്തൊരു ബന്ധുരത്നം
കനിവുറ്റുതന്നു മനമാറ്റുവതിന്നുധാതാ
തുനിയുന്നതാകിലതുവേണ്ടതു വേണ്ടയിത്തെൻ-
കനിയെന്നപോലെ വരുമോ തരുമോസുഖം മേ.

സ്വാമിക്കു കവിത മുഖസ്ഥിതമാണു്. അനവധി അവസരശ്ലോകങ്ങൾ അദ്ദേഹം ഉണ്ടാക്കിയതു് ഞാൻ പഠിച്ചിരുന്നു. എന്നാൽ പ്രായാധിക്യംകൊണ്ടു അതുമുഴുവൻ ഇപ്പോൾ ഓർമയില്ല. ചിലതു പറയാം. നാണുഗുരുസ്വാമിയെക്കൊണ്ടു് ഒരു പദ്യം അദ്ദേഹം നിർമ്മിച്ചതു് ഇങ്ങിനെയാണു്.

''മാണിക്യമാമലയിൽമഞ്ഞു ജലക്കളത്തിൻ–
കോണിൽകുരുത്തപുതുതായൊരു താഴതന്മേൽ
കാണക്കൊതിക്കെ വിലസുന്നസുമത്തെവെല്ലും
കായത്തെയൊന്നു തഴുകാനിടയെന്നു കിട്ടും''

നാണുഗുരുവുമായി സ്വാമി കുറെക്കാലം വിട്ടുപിരിഞ്ഞിരുന്നതിന്റെ ശേഷം നിർമ്മിച്ചതാണു് ഈ പദ്യം. സ്വാമിക്കു നാണുഗുരുവിനോടുള്ള വാത്സല്യത്തിനു ഇതിൽ കൂടുതൽ ഒരുദാഹരണം വേണ്ട. മൂവാറ്റുപുഴ സ്വാമി വിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ പെരുനെല്ലിയിൽ കൃഷ്ണൻ വൈദ്യനു് പല കത്തുകളും പദ്യത്തിൽ എഴുതിയിട്ടുണ്ടു്.

''പുഞ്ചോലയ്ക്കടിമയ്ക്കുയോഗ്യതവളർത്തീടും
പെരുന്നെല്ലിയിൽ
കാഞ്ചായുന്നകടപ്പുറത്തു നിശയിൽ ക്രീഡിപ്പ
തെക്കാലമോ?'' എന്നും

ആറുംകായലുമൊക്കെ നീന്തിവരുവാ
നേറും പ്രയാസംനമു–
ക്കാറുണ്ടിങ്ങുകുളിപ്പതിന്നു നിറവാൻ ചോറുണ്ടു്.....''

എന്നും മറ്റും പല പദ്യങ്ങൾ എഴുതിയിട്ടുള്ളതിനും പുറമേ കേട്ടാലാർക്കും കണ്ണുനീരു പൊട്ടിപ്പുറപ്പെടുന്നവിധം പെരുനെല്ലി കൃഷ്ണൻവൈദ്യന്റെ ചരമശ്ലോകങ്ങളും എഴുതിയിട്ടുണ്ടു്.

ലോലക്കണ്ണാംസുമത്തിൻ ചെറുമുന.... ഇത്യാദി ജീവചരിത്രഭാഗത്തിൽ ചേർത്തിട്ടുള്ള ശ്ലോകവും ഈ കൃഷ്ണൻവൈദ്യനു അയച്ചതിൽ പെട്ടതാണു്.

സ്വാമിക്കു ഗവർമ്മേണ്ടു ജീവനം ഒരു മാസക്കാലം ഉണ്ടായിരുന്നതായി അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ടു്. അതിന്റെ ചരിത്രം ഇങ്ങിനെയാണു്:–

രാജാ, സർ ടി.മാധവരായർ ആണു് അന്നു തിരുവിതാംകൂർ ദിവാൻജി. അദ്ദേഹം ഹജൂർകച്ചേരിയിൽ പല പരിഷ്കാരങ്ങളും വരുത്തി. കണക്കുകളെല്ലാം പുതിയ രീതിയിൽ

വയ്ക്കാൻ ഏർപ്പാടുചെയ്തുവന്നു. കൂറേ കണക്കെഴുത്തുപി ള്ളമാരെ പരീക്ഷിച്ചു എടുപ്പാൻ തീർച്ചയാക്കി. അപേക്ഷക ന്മാരെ വരുത്തി അവർക്കു കണക്കിൽ എത്രകണ്ടു സാമർത്ഥ്യം ഉണ്ടെന്നു പരീക്ഷിപ്പാൻ ഓരോ ചോദ്യം കൊടുത്തു. പിറ്റേദി വസം ചെയ്തുകൊണ്ടുവരുവാൻ ആജ്ഞാപിച്ചു. ഇടുന്ന കണക്കുകൾ എല്ലാം അപേക്ഷകന്മാർ ശരിയായി ചെയ്തുകൊ ണ്ടുവന്നു. ദിവാൻജിക്കു് അവരിൽ സംശയം ജനിച്ചു. കണക്കുകൾ ആരോ പറഞ്ഞുകൊടുത്തിരിക്കും എന്നായി രുന്നു സംശയം. അപേക്ഷകന്മാരെ വിളിച്ചു ശാസിച്ചും ഭയപ്പെടുത്തിയും തിരക്കിയപ്പോൾ ''കുഞ്ഞൻപിള്ളച്ചട്ടമ്പി'' എന്നൊരാളാണു് കണക്കിന്റെ ഉത്തരം പറഞ്ഞുതന്നതെന്നു അവർ ബോധിപ്പിച്ചു. ചട്ടമ്പിയെ ഹാജരാക്കുവാൻ കല്പന യായി. ചട്ടമ്പി ദിവാന്റെ മുമ്പിൽ ചെന്നുനിന്നു. ഏതു കണക്കും ചെയ്യുമോ? എന്നായി ദിവാന്റെ ചോദ്യം. നോക്കാം എന്നു സ്വാമികളുടെ ഉത്തരം. വിഷമമേറിയ കണക്കിട്ടു. കൈവിരൽ മടക്കി കണക്കാക്കി ഉത്തരം പറഞ്ഞു. ദിവാൻജി അത്ഭുതപ്പെട്ടു് 4 സർക്കാർ രൂപാ ശമ്പളത്തിൽ ഒരു കണക്കെ ഴുത്തുകാരനായി നിയമിച്ചു.

മാസാവസാനത്തിൽ ചട്ടമ്പിക്കു ദിവാൻ തന്റെ സ്വന്തം കൈകൊണ്ടു ശമ്പളം കൊടുത്തു. ശമ്പളം പത്തുരൂപാ ഉണ്ടായിരുന്നു. തന്റെ ശമ്പളം നാലുരൂപാ എടുത്തുകൊണ്ടു ബാക്കി ആറുരൂപാ ദിവാൻജിക്കുതന്നെ മടക്കിക്കൊടുത്തു. പത്തുരൂപയും വാങ്ങിക്കുവാൻ സ്വാമിയോടു ദിവാൻജി നിർബന്ധിച്ചു എങ്കിലും വാങ്ങിയില്ല. കിട്ടിയ നാലുരൂപാ വീട്ടിൽ ഏല്പിക്കുകയും ചെയ്തു.

ത്രിവിക്രമൻതമ്പി എന്ന വിക്രമനായ തഹശീൽദാരുടെ കീഴിൽ ആണു് സ്വാമികളെ കണക്കെഴുത്തിനാക്കിയതു്. ഈ തമ്പിയാണു് കേരളവർമ്മ വലിയകോയിത്തമ്പുരാനെ അറസ്റ്റു ചെയ്തതും അരിപ്പാട്ടു നാടുകടത്തുവാൻ അന്നത്തെ മഹാരാ ജാവിന്റെ കല്പന അനുസരിച്ചു കൊണ്ടുപോയതും. ത്രിവിക്രമൻ തമ്പിയോടു സ്വാമികൾ കൂറേദിവസത്തെ അവധി ക്കപേക്ഷിച്ചു. എന്നാൽ അനുവദിച്ചില്ല. കിട്ടിയെ കഴിയൂ എന്നു ശാഠ്യമായപ്പോൾ തമ്പി ഇങ്ങിനെ പറഞ്ഞു. ''ഞാൻ നാളെ ഇവിടെ വന്നുനോക്കുമ്പോൾ തന്നെ ആ സ്ഥാനത്തു കാണണം'' ഇതിന്നു സ്വാമി ഉത്തരം പറഞ്ഞതു് ''ഞാൻ ഇനി എപ്പോൾ അവിടെ വന്നിരിക്കുമോ അപ്പോൾ എന്നെ നോക്കണം'' ഇങ്ങിനെ അവർതമ്മിൽ പിണങ്ങിപ്പിരിഞ്ഞു. പിന്നീടു് ഉദ്യോഗത്തിനു പോയിട്ടില്ല.

പെരുനെല്ലിയിൽ കൃഷ്ണൻവൈദ്യൻ മരിക്കുന്നതു വരെ സ്വാമികളെ ആത്മനിർവിശേഷം സ്നേഹിച്ചുപോന്നു. കേശവൻ വൈദ്യനേയും കൃഷ്ണൻ വൈദ്യനേയും കവിത യെഴുത്തിൽ പ്രോത്സാഹിപ്പിച്ചതു സ്വാമികളാണു്. കൃഷ്ണൻ വൈദ്യൻ ഒരിക്കൽ സ്വാമിക്കു ഇങ്ങിനെ ഒരു പദ്യം എഴുതി അയയ്ക്കുകയുണ്ടായി.

ഉണ്ണാതേകണ്ടിരിക്കാമുഡുനിരയൊരുമി
ച്ചെണ്ണിവയ്ക്കാമൊരിക്കൽ
കണ്ണുംപൂട്ടാതിരിക്കാമിരവുപകലുണാ
നുണ്ണിമാരെ ത്യജിക്കാം
കുന്നോരോന്നായിമേന്മേൽചുറുതിയൊരുചുമ്മാടു
മെന്യേചുമക്കാം
കണ്ണാണേകാൽമണിക്കൂർതവതിരുകഥകേൾ
ക്കാതിരിക്കാൻഞെരുക്കം

സ്വാമിയും പെരുനെല്ലിയുംകൂടി "കാമിനീഗർഹണം" എന്നു പേരുള്ള ഒരു കൂട്ടുകവിത ഉണ്ടാക്കിയിട്ടുണ്ടു്

പ്രാണൻ ഭവാനഹിച കൺമണിയും ഭവാനെ–
ന്നാണുങ്ങളോടുപലരോടുമഹോകഥിച്ചും
കാണുംധനംകനിവിയന്നു കരസ്ഥമാക്കും
മാനംകുലുക്കികളെയെങ്ങിനെ വിശ്വസിക്കും?

കയ്യുംപിടിച്ചുകണവന്നൊടുരങ്ങുമപ്പോൾ
പയ്യെത്തദീയകരമങ്ങിനെ മാറ്റിവെച്ചു്
കയ്യാലതൻപൊളിയിൽവന്നൊളികാന്തനെക്ക–
ണ്ടയ്യോരമിപ്പവരെയെങ്ങിനെ വിശ്വസിക്കും?

നാണുഗുരുവും സ്വാമികളും ഒരുമിച്ചു നെടുമങ്ങാടു്, വാമനപുരം, അരുവിപ്പുറം, മരുത്വാമല, കന്യാകുമാരി ഇവിട ങ്ങളിൽ സഞ്ചരിച്ചിരുന്നു. ഒരിക്കൽ നെടുമങ്ങാട്ടുള്ള ഒരു

റോഡിന്റെ ഇരുവക്കിൽ രാത്രി സ്വാമിയും നാണുഗുരുവും ക്ഷീണം തീർക്കാനായികിടക്കുകയായിരുന്നു. വഴിയാത്രക്കാരുടെ ദൃഷ്ടിയിൽ ഇവർ കുടിച്ചു പറ്റുപിടിച്ചു കിടക്കുന്നവരാണെന്നുകണ്ടു് ആക്ഷേപിച്ചുപോയി. അപ്പോൾ സ്വാമി,

''സ്പഷ്ടംന്ലാവങ്ങു നീങ്ങിദ്ദിനകരനുദയം
ചെയ്തുചന്ദ്രൻമറഞ്ഞു*
തട്ടിത്തട്ടിപ്പെരുക്കിപരവെളിയതിലാക്കീടു
വാൻ പിന്നെയാട്ടെ.''

എന്നു രണ്ടുപാദം ഉണ്ടാക്കി. നാണുഗുരുസ്വാമി ഇതുകേട്ടു്,

കഷ്ടംദീനംപിടിച്ചോമദിരയതുകുടിച്ചോ
കിടക്കുന്നുപോൽനാം
ഉത്തിഷ്ഠോത്തിഷ്ഠശീഘ്രംനദിയിൽമുഴുകുവാൻ
കാലമായ്വന്നതിപ്പോൾ

എന്നുള്ള അടുത്ത രണ്ടുപാദവും ചൊല്ലിപ്പൂരിപ്പിച്ചു.

സ്വാമികൾ സർവ്വകലാവല്ലഭൻ ആയിരുന്നു എന്നുള്ളതു തർക്കമറ്റ സംഗതിയാണു്. സ്വാമികൾ വടക്കു് എവിടേയോ സഞ്ചരിച്ചു മടങ്ങി ഒരിക്കൽ ഇരവിപുരത്തു കോട്ടൂർ പരമേശ്വരൻപിള്ളയുടെ വീട്ടിൽ വിശ്രമിക്കുകയായിരുന്നു. അന്നു് ഞാൻ അവിടെച്ചെന്നു സ്വാമിയെക്കണ്ടു. എന്നെ അന്നു വിട്ടില്ല. കടവൂർ നാരായണപ്പണിക്കർ എന്ന പേരിൽ അവിടങ്ങളിൽ പ്രസിദ്ധനായ ഒരു കൊട്ടുകാരനെ വരുത്തി സ്വാമികൾ ''അതു തോളിൽ താങ്ങിക്കൊ'' എന്നുള്ള വായിത്താരി പറഞ്ഞുകൊടുത്തു് തദനുസരണം കൊട്ടിച്ചു ശീലിപ്പിക്കുകയായിരുന്നു. ഇതു് എന്തിനാണെന്നു എനിക്കു് ആദ്യം മനസ്സിലായിരുന്നില്ല. രാത്രിയായപ്പോൾ സ്വാമി കഥകളിയിൽ ഒരു ഭാഗം അഭിനയിപ്പാൻ വട്ടംകൂട്ടി. നളചരിതം കഥകളിയിൽ കാട്ടാളന്റെ ഭാഗമാണു് അഭിനയിക്കാൻ പോകുന്നതു്. ''വസിച്ചുകൊൾകെന്നംസേതാങ്ങി'' എന്ന ഭാഗം അഭിനയിച്ചപ്പോൾ വടക്കുവച്ചു് ഒരു സമർത്ഥനായ നടൻ ദമയന്തിയെ കാട്ടാളൻ തോളിൽ എടുക്കുന്നപ്രകാരം അഭിനയിച്ചു. അതു് വളരെ പ്രയാസപ്പെട്ടു നിർവ്വഹിക്കേണ്ട ഒരു ഭാഗമായി

രുന്നു. തോളിൽ താങ്ങുന്ന ഭാഗം അഭിനയിക്കുമ്പോൾ നടൻ നിലത്തുനിന്നു കാൽപറിച്ചു് ആകാശത്തിൽ വിലങ്ങനെ കിട ക്കുന്നപോലെ ചില ക്ഷണനേരം കാണിച്ചത്രെ. ഇങ്ങിനെ നാലുപ്രാവശ്യം കാണിച്ചു. അതു് തനിക്കും കാണിക്കുവാൻ സാധിക്കുമോ എന്നു് സ്വാമികൾ പരീക്ഷിക്കുവാൻ ചെയ്ത ഏർപ്പാടുകളായിരുന്നു ഇതെല്ലാം. പതിനാറുപ്രാവശ്യം പല പല താളവട്ടത്തിൽ സ്വാമി ഈ ''തോളിൽ താങ്ങിക്കോ വിദ്യ'' കാണിച്ചു. കാണികൾ ''ഹരിയോഹരി'' വിളിച്ചുപോയി. ഇങ്ങിനെ ഇവിടെവെച്ചു് ആ ഭാഗം തയ്യാറായി വടക്കോട്ടു പോയി. എറണാകുളത്തു കെ.പി. പത്മനാഭമേനവന്റെ വീട്ടിൽവച്ചു് ഒരു കഥകളിക്കാരുടെ യോഗത്തിൽ ഈ സമ്പ്ര ദായം പ്രദർശിപ്പിച്ചു. അപ്പോൾ വിശേഷവിധിയായിട്ടു് ''അനന്തശയനം'' തൊഴുക്കുത്തിക്കാണിച്ചു. പന്ത്രണ്ടുപ്രാ വശ്യം ഇങ്ങിനെ കാണിച്ചതായി തോന്നുന്നു.

ഇടപ്പള്ളി ചെറ്റയ്ക്കൽ മംഗളാദേവിയുടെ വീട്ടിൽവെ ച്ചു്- ഇവർ സ്വാമികളുടെ ഒരു ശിഷ്യയാണു്- കളത്തിന്റെ മേൽഭാഗത്തു് പദ്മാസനത്തിൽ ഇരിക്കുന്നതായിക്കാണിച്ചു. അന്നു് അവിടെ ഉണ്ടായിരുന്ന പ്രാക്കുളത്തുകാരൻ ഈഴവനായ ഒരു ഗ്രഹസ്ഥശിഷ്യൻ ഇതു കണ്ടുകൊണ്ടിരുന്ന പ്രകാരം എന്നോടു പറഞ്ഞിട്ടുണ്ടു്.

ഇടക്കാലത്തു നാണുഗുരുവിന്റെ ഗുരുനാഥസ്ഥാനം ച ട്ടമ്പിസ്വാമിതിരുവടികളിൽനിന്നും ചോർത്തി എടുത്തു് അതു് തയ്ക്കാട്ടു് ''അയ്യാവിന്റെ'' തലയിൽ കെട്ടിവയ്പാൻ ശ്രമിച്ച തായി ഞാൻ അറിയുന്നു. ഇത്രമാത്രം ഗുരുദ്രോഹമായ ഒരു കർമ്മം വേറെയില്ല. നിങ്ങൾ ഒരു ചരിത്രം എഴുതാൻപോകു ന്നു എന്നു പറയുന്നുണ്ടല്ലൊ. അങ്ങിനെ ആണെങ്കിൽ താഴേപറയുന്ന സംഗതികൾ നിശ്ചയമായും അതിൽ കാണി ക്കണം. ഈഴവരുടെ വംശത്തിനു് എന്തെങ്കിലും ഉയർച്ച ഉണ്ടാകുവാനായി ശ്രമിക്കുന്നതിനു് നാണുഗുരുസ്വാമികളെ പ്രേരിപ്പിച്ച മഹാപുരുഷൻ ചട്ടമ്പിതിരുവടികളാണു്. അതു് ഈഴവർ മറക്കത്തക്കതല്ല. നാണുഗുരുവിനെ ഒരു ഈഴവമു നിയാക്കി പട്ടംകെട്ടാൻ കൊതിച്ച ചിലർകൂടി എഴുതിയ ചില ലേഖനങ്ങൾ സത്യത്തെ പാടെ മറച്ചുകളഞ്ഞതോർക്കുമ്പോൾ ഈയുള്ളവനു് നെഞ്ചുതകരുന്നു. നാണുഗുരുവിനെ ക്ഷേത്രം പ്രതിഷ്ഠിക്കാൻ പഠിപ്പിച്ചതു ചട്ടമ്പിസ്വാമിയാണു്. അരുവിപ്പു റത്തു നാണുഗുരു ആദ്യം ഉണ്ടാക്കിയ ക്ഷേത്രത്തിൽ ശിവലിംഗപ്രതിഷ്ഠ നടത്തിയിരിക്കുന്നതു ചട്ടമ്പിസ്വാമി കു

റെക്കാലം വിശ്രമിച്ച സ്ഥലത്താണു്. അവിടെ ഒരു അമ്പലം ഉണ്ടാക്കണം എന്നു പറഞ്ഞു പ്രതിഷ്ഠിക്കാൻ ഉള്ള സ്ഥാനംകാണിച്ചുകൊടുത്തതുപോലും ചട്ടമ്പിസ്വാമിയായിരുന്നു എന്നു് എനിക്കു നല്ലപോലെ അറിയാം.

ഇടക്കാലത്തു കുമാരനാശാൻ കൂട്ടർക്കു് ചട്ടമ്പിസ്വാമിയോടും നാണുഗുരുവിനോടും വലിയ ബഹുമാനം ഇല്ലാതായി. അതിനു പല കാരണങ്ങളും ഉണ്ടായിട്ടുണ്ടു്. അതിൽ മിക്കവാറും വെളിയിൽ പറയാൻ കൊള്ളരുതാത്ത ചില സൌന്ദര്യപ്പിണക്കങ്ങളായിരുന്നുതാനും.

നാണുഗുരുസ്വാമിയെ കാണുമ്പോളെല്ലാം "എന്റെ തങ്കക്കൊടം കുമാരൻ എവിടെ" എന്നു് കുമാരനാശാനെക്കുറിച്ചു ചട്ടമ്പിസ്വാമി ചോദിക്കാറുണ്ടു്. എന്നുതന്നെയല്ല കുമാരനാശാന്റെ കവിതയെക്കുറിച്ചു സ്വാമിക്കുള്ള പ്രിയം ഒന്നു വേറെതന്നെയായിരുന്നു. മിക്ക കവിതയും ചട്ടമ്പിസ്വാമിക്കു കാണാതെ അറിയാം.

"കുറായിരുന്നുകുശലം കുതുകംപെറും തേ-
നാറായതായതഹമെന്നുമനന്യമായി
മാറാതെഴുന്ന മഹിമാവിനെ മാറിനിന്നു
വേറായെടുത്തു വെളിയിൽ പറയാവതല്ലേ."

എന്നു് കുമാരനാശാൻ ഒരിക്കൽ എഴുതിയ ഒരു ശിവസ്തുതിയിലെ ശ്ലോകത്തിന്റെ അർത്ഥഗാംഭീര്യത്തെക്കുറിച്ചു സദാ നേരവും വർണ്ണിച്ചു പറയും. ഇതാണു് സ്വാമികളുടെ സഹജ സ്വഭാവം.

ഒരിക്കൽ കൊല്ലത്തു് ഒരു ഗൃഹത്തിൽ ചട്ടമ്പിസ്വാമി ആലസ്യമായി വിശ്രമിച്ചുകൊണ്ടിരിക്കവെ ഞാനും പന്നിശ്ശേരി നാണുപിള്ളയും അവിടെ ഉണ്ടായിരുന്നു. സ്വാമികൾ ഞങ്ങളോടു് കുമാരനാശാൻ ആയിട ഉണ്ടാക്കിയ "കരുണ" ചൊല്ലാൻ ആവശ്യപ്പെട്ടു. ഞങ്ങൾക്കാർക്കും അതു കാണാപ്പാഠം അറിയാൻമേലായിരുന്നു. പുസ്തകം അന്വേഷിച്ചതിൽ അവിടെ സമീപമെങ്ങും അതു ലഭിച്ചതുമില്ല. ഉടനെ സ്വാമി പറഞ്ഞു. "കഷ്ടം! കുറെ വരികൾ മാത്രമെ ഉള്ളല്ലോ. അതു് കാണാതെ പഠിക്കാൻ നിങ്ങൾക്കു് ഇതുവരെ കഴിഞ്ഞില്ല അല്ലേ. എത്ര മനോഹരമാണതു്. ഒരുപ്രാവശ്യം കേട്ടാൽ തന്നെ

അതു് പഠിക്കാമല്ലോ. ആകട്ടെ ഞാൻ ചൊല്ലാം. നിങ്ങൾ എന്നെ ഇവിടെ ഒന്നു താങ്ങിയിരുത്തുവിൻ.'' അതുപ്രകാരം ഞങ്ങൾ താങ്ങിയിരുത്തി. സ്വാമികൾ അതു മുഴുവനും ചൊല്ലി അവ സാനിപ്പിച്ചു. മുൻപൊരിക്കൽ ഞങ്ങൾ ഇതു് സ്വാമിക്കു കേൾക്കാൻവേണ്ടി വായിച്ചുകേൾപ്പിച്ചിട്ടുണ്ടായിരുന്നു എന്നും, ആ ഓർമ്മയിൽനിന്നാണു് താൻ ഇതു് ഇപ്പോൾ ചൊല്ലുന്ന തെന്നും പദങ്ങൾക്കു വല്ല വ്യത്യാസവും കണ്ടേക്കാമെന്നും കൂടെ അദ്ദേഹം പറഞ്ഞു.

ഈ കാലത്തിനു മുൻപായിട്ടാണു് ''ആശാനും അടവു പിണങ്ങും'' എന്നും മറ്റും അർത്ഥംവെച്ചു കുമാരനാശാന്റെ അഭിപ്രായത്തിനു് എതിരായി നാണുഗുരുവിന്റെ ഗുരുനാഥ സ്ഥാനം ചട്ടമ്പിസ്വാമികളിൽ സ്ഥാപിപ്പാൻ ലേഖനം എഴുതിയതു്. അനാവശ്യമായ ഈ വാദപ്രതിവാദം സ്വാമിക്കാ കട്ടെ നാണുഗുരുവിനാകട്ടെ അല്പംപോലും ഹിതകരമായ തുമില്ല. അങ്ങിനെ ഒരോന്നു പറഞ്ഞു വിഷയം കുമാരനാശാ നെക്കുറിച്ചായി. യേശുവിനെ ഒറ്റിക്കൊടുത്ത ശിഷ്യന്റെ ഉപമ കുമാരനാശാനെ അധികരിച്ചു് അവിടെ പ്രസ്താവമുണ്ടായി. ഇതു രഹസ്യമായിരുന്നില്ല. കേട്ടുകേൾപ്പിച്ചു് ഇവകേട്ടു് ''അത്ര മാത്രമല്ല അവനു് ആദാമിനേയും അവ്വായേയും വഴിതെറ്റിച്ച ചെകിത്താന്റെ ഉപമയാണു് യോജിക്കുന്നതു് എന്നു നമുക്കു തോന്നുന്നു'' എന്നു പറഞ്ഞു.

ഈ വർത്തമാനം അവിടെനിന്നും കുമാരനാശാന്റെ കർണ്ണത്തിൽപ്പെട്ടു. അതിന്റെശേഷം കുമാരനാശാൻ നാണുഗു രുവിനെ കാണ്മാൻ പോയിരുന്നു. മുന്നു പ്രാവശ്യം ശിവഗിരി യിൽവെച്ചു നാണുഗുരുവിനെക്കാണ്മാൻ ശ്രമിച്ചിട്ടും അനു വാദം ലഭിക്കായ്കയാൽ കുമാരനാശാൻ കുണ്ഠിതനായി മുഖംവീർപ്പിച്ചു് അവിടേനിന്നും പോയി. സ്വാമിയുടെ ഈ പെരുമാറ്റത്തിൽ- അദ്ദേഹത്തിന്റെ അന്തേവാസികൾ ഉൽക്ക ണ്ഠിതരായി. നാണുഗുരു വെളിയിൽ വന്നപ്പോൾ അവിടെ കൂടിയിരുന്നവരോടു കുമാരനാശാനെപ്പറ്റിച്ചോദിച്ചു. കുമാര നാശാൻ നല്ല സുഖമില്ലാത്ത ഭാവത്തിലാണു പോയതു് എന്നു് അവിടെ ഉള്ളവർ പറഞ്ഞു. അതിനു സ്വാമികളുടെ സമാധാനം ഇപ്രകാരം ആയിരുന്നു. ''അവൻ പോയി അല്ലേ. അതേ അവൻ പോയി. എത്രയോ മുൻപുതന്നെ പോയി. അവൻ മുങ്ങി പ്പോയി.''

ഈ സംഭവം കഴിഞ്ഞു രണ്ടുമൂന്നു ദിവസം കഴിഞ്ഞ പ്പോൾ സ്വാമികളുടെ അടുക്കൽ കൂടിയിരുന്നവരുടെ

കർണ്ണത്തിൽപെട്ടതു് കുമാരനാശാൻ പല്ലനയിൽ ബോട്ടപകടത്തിൽപെട്ടു മുങ്ങിമരിച്ചു എന്നുള്ള ദാരുണമായ വർത്തമാനം ആണു്.

തയ്ക്കാട്ടയ്യാവിന്റെ അടുക്കൽ ചട്ടമ്പിസ്വാമികുടക്കുടെ പോകാറു പതിവുണ്ടായിരുന്നു. യോഗസംബന്ധമായി വല്ലതും തനിക്കും പഠിക്കാൻ ഇടയാകുമോ എന്നു വിചാരിച്ചു ചട്ടമ്പി സ്വാമിയുടെ സമവയസ്കനായ നാണുഗുരുസ്വാമി അദ്ദേഹത്തിനോടൊരുമിച്ചു് അവിടെച്ചെന്നു തന്റെ ആശയം പറഞ്ഞു. എന്നാൽ അതിനു് അയ്യാവിന്റെ ഉത്തരം ''കുഞ്ഞൻ ചൊല്ലിക്കൊടുത്താൽ പോരും'' എന്നായിരുന്നു. ചട്ടമ്പിസ്വാമിക്കു് അയ്യാവിൽനിന്നും വല്ലതും ജ്ഞാനം ലഭിച്ചിട്ടുണ്ടോ എന്നു നിശ്ചയമില്ല. അക്കാലങ്ങളിൽ നെയ്യാറ്റുംകര പ്രസിദ്ധനായിരുന്ന ഒരു ചാന്നാൻയോഗിയെ പരിചയമാകുന്നതിനു കുഞ്ഞൻപിള്ളചട്ടമ്പിയുടെ സഹായം ലഭിപ്പാൻവേണ്ടി അയ്യാവു് അദ്ദേഹത്തെ ആകർഷിച്ചിരുന്നു. ഈ അയ്യാവു് രസവാദത്തിൽ ഭ്രമിക്കാൻ തുടങ്ങിയകാലത്തു് ഈ രണ്ടുപേരും അവിടേനിന്നും അകന്നു എന്നാണു് എന്റെ അറിവു്. വാമനപുരത്തു് അണിയൂർ നടയിൽവച്ചാണു് നാണുഗുരു ചട്ടമ്പിസ്വാമിയെ ആദ്യം കണ്ടതു്. വാരണപ്പള്ളിയിൽ രാമൻപിള്ളയാശാന്റെ അടുക്കൽ പഠിച്ചകാലത്തു പെരുനെല്ലിയും വെളുത്തേരിയും നാണുഗുരുവിന്റെ സതീർത്ഥ്യന്മാരായിരുന്നു.

സ്വാമികൾ എവിടേനിന്നോ സമ്പാദിച്ച ഒരു മർമ്മശാസ്ത്രഗ്രന്ഥംനോക്കി ഗുസ്തിമുറകളെല്ലാം നേരത്തെ അഭ്യസിച്ചിരുന്നു. താൻ പഠിച്ചതെല്ലാം വെളുത്തേരി കേശവൻവൈദ്യനേയും പഠിപ്പിച്ചിട്ടുണ്ടായിരുന്നു. ഇവർതമ്മിൽ വിനോദത്തിനായി ഗുസ്തിപിടിച്ചു ചിലപ്പോൾ കളിക്കും. കേശവൻവൈദ്യന്റെ ദേഹം ഇരുമ്പിനു തുല്യമായിരുന്നു. കേരളവർമ്മകോയിത്തമ്പുരാൻ അന്നു് വ്യായാമംചെയ്യുമ്പോൾ എടുത്തുപൊക്കാറുണ്ടായിരുന്ന ഗുണ്ടു് (ഇരുമ്പുണ്ട) കേശവൻവൈദ്യനും സ്വാമിയും മാത്രമെ എടുത്തുപൊക്കുമായിരുന്നുള്ളു.

അക്കാലം കൊല്ലം ഓലയിൽ എന്ന സ്ഥലത്തു ചില നായന്മാർ ഗുസ്തിപഠിച്ചു താമസിച്ചിരുന്നു. ഒരു രാത്രി വഴിയിൽ കൂട്ടംകൂടി നില്ക്കുന്ന ഇവരുടെ ഇടയിൽ സ്വാമികൾ ചെന്നുപെട്ടു. മുഷ്കരന്മാരായ അവരുടെ ഇടയിൽനിന്നും രക്ഷപ്പെടാൻ വേറെ മാർഗ്ഗമില്ലെന്നു കണ്ടു സ്വാമി സ്വദേഹത്തെ ഉളിചാട്ടുന്നതുപോലെ അങ്ങോട്ടും ഇങ്ങോട്ടും

ഇവരുടെ മധ്യത്തിൽകൂടി പ്രയോഗിച്ചു കൂടിനിന്നിരുന്നവർ നിലംപതിച്ചു. എഴുന്നേറ്റു നോക്കിയപ്പോൾ സ്വാമികൾ അകലെ നില്ക്കുന്നതു കണ്ടു് അദ്ദേഹത്തെ നമസ്കരിച്ചു.

വിശാഖംതിരുനാൾ തിരുമനസ്സിലെക്കാലത്തു വടക്കേ ഇന്ത്യയിൽനിന്നും കുറെ ഗുസ്തിക്കാർ പഞ്ചാബികൾ തിരുവിതാംകൂറിൽവന്നു മഹാരാജാവിനെ മുഖംകാണിച്ചു. തങ്ങളോടു മത്സരിക്കാൻ എതൃജോടികളെ തരണമെന്നു് ആവശ്യപ്പെട്ടു. വടക്കേ ഇൻഡ്യയിലെ നാട്ടുരാജാക്കന്മാർ അവരുടെ പരിസരങ്ങളിൽ ഗുസ്തിക്കാരെ തീറ്റിപ്പോറ്റി വളർത്തുന്ന സംപ്രദായം ഇവിടേയും ഉണ്ടാകുമെന്നും അപ്രകാരം തങ്ങളുടെ യോഗ്യത പ്രകടിപ്പിക്കാൻ അവരുമായി ഗുസ്തിപിടിക്കാമെന്നുമാണു് ആ പഞ്ചാബികൾ വിചാരിച്ചതു്. തിരുവനന്തപുരത്തു അക്കാലത്തു പ്രസിദ്ധന്മാരായ ഗുസ്തിക്കാർ ആരും ഉണ്ടായിരുന്നതുമില്ല. ചട്ടമ്പി എന്ന ഒരു ഗുസ്തിക്കാരൻ പേട്ടയിൽ പാർപ്പുണ്ടെന്നു് ആരോ കേട്ടുകേൾപ്പിച്ചു മഹാരാജാവു മുഖാന്തിരം സ്വാമികളെ അവിടെ വരുത്തി. ഗുസ്തിപിടിക്കുവാൻ ആജ്ഞാപിച്ചു. എന്നാൽ സ്വാമികൾ താൻ ഇപ്പോൾ ഗുസ്തി പിടിക്കാറില്ലെന്നും തന്റെ ശിഷ്യൻ ഒരാൾ നല്ല ഗുസ്തിക്കാരൻ ഉണ്ടെന്നും അയാൾ വെളുത്തേരി കേശവൻവൈദ്യൻ ആണെന്നും തിരുമനസ്സുണർത്തിച്ച പ്രകാരം കേശവൻവൈദ്യനെ വരുത്തി ഗുസ്തിക്കു നിയോഗിച്ചു. ഇതിൽ പഞ്ചാബികൾ പരാജിതരായി. എങ്കിലും മഹാരാജാവു് ഇരുപക്ഷക്കാർക്കും സമ്മാനം കൊടുത്തയച്ചു. ചട്ടമ്പി എന്നു് സ്വാമികളെ വിളിക്കുന്നതു ഗുസ്തിക്കാരനായതുകൊണ്ടാണെന്നു ചിലർ പറയുന്നതു ശരിയല്ല.

രാജഗോപാലാചാരിയും ചട്ടമ്പിസ്വാമികളും വലിയ ആത്മാർത്ഥതയിൽ ആയിരുന്നു. ഒരിക്കൽ ഗവർമ്മേണ്ടുദ്യോഗത്തെ സ്വാമി അപലപിച്ചു പറഞ്ഞു. അവിടെ ആഗതനായ ഒരു ഉദ്യോഗകാംക്ഷിയെ നോക്കി അയാൾക്കു് ''അരശർപണിവാഴമാട്ടെൻ'' എന്നു പറഞ്ഞതു എന്താണെന്നു രാജഗോപാലാചാരി ചോദിച്ചതിന്നു ജ്യോതിഷശാസ്ത്രപ്രകാരം അയാളുടെ ഗ്രഹനില കണ്ടു പറഞ്ഞതായിരുന്നു എന്നും പറഞ്ഞു് ജ്യോതിഷഭാഗം പ്രമാണം തമിഴിൽനിന്നും ചൊല്ലികേൾപ്പിച്ചു. സ്വാമി കൃസ്തുമതഛേദനം എഴുതി ഉണ്ടാക്കിയ ശേഷം വടക്കു കാളിയാങ്കൽ നീലകണ്ഠപ്പിള്ളയേയും, തെക്കു എന്നേയും പഠിപ്പിച്ചു ഉത്സവസ്ഥലങ്ങളിൽ പ്രസംഗിപ്പിച്ചു. അതായിരുന്നു സ്വാമിയുടെ നിർദ്ദേശപ്രകാരം ഞാൻ നിർവ്വഹിച്ച ജോലി.

സ്മരണകൾ 8

സ്വാമി സുഗുണാനന്ദഗിരി.

(സംഗീതസ്വാമി)

സ്വാമിയുടെ അവസാനകാലത്തോടു സമീപിച്ചാണു് ഞാൻ അദ്ദേഹത്തെ ദർശിച്ചതു്. ഡാക്ടർ കെ.ജി. ഗോപാലപിള്ളയാണു് ഇദ്ദേഹത്തെ ആദ്യം പരിചയപ്പെടുത്തിയതു്. കണ്ട ഉടനെ എന്നോടു പാട്ടുപാടുവാൻ ആജ്ഞാപിച്ചു. സംഗീതസ്വാമികൾ എന്നു് എനിക്കു ലഭിച്ചിട്ടുള്ള പേരാണൊ പാടുവാൻ എന്നോടു ആജ്ഞാപിച്ചതിനു് കാരണം എന്നറിവില്ല. സ്വരൂപാനന്ദസ്വാമികളുടെ ശിഷ്യൻ തത്വരായൻ രചിച്ചിട്ടുള്ള ''പാട്ടുതുറൈ'' എന്ന കൃതിയിൽ നിന്നും ''ഏതാവതു കൊഞ്ചം'' എന്നു എന്നോടു ആജ്ഞാപിച്ചു. എന്നാൽ ആജ്ഞകേട്ട ഉടനെ ഞാൻ പാടാൻ മുതിർന്നു. എങ്കിലും ഏതു ഭാഗമാണു് പാടേണ്ടതെന്നു എനിക്കു നിശ്ചയമുണ്ടായിരുന്നില്ല. എങ്കിലും ഞാൻ ഇങ്ങിനെ പാടി.

''ഇല്ലതുവേണ്ടിനും വന്തിശയാ
ഇല്ലതുതള്ളിനും ഊട്ടുമാകിൽ
എല്ലാംവരക്കണ്ടൊരിച്ചയെൻറി
ഇരുന്തപടിയെ ഇരിക്കവാരീർ''

ഇതുതന്നെ പാടണമെന്നായിരുന്നു സ്വാമിയുടേയും അഭിലാഷം. എന്റെ സംഗീതം അദ്ദേഹത്തിനു രസിച്ചോ എന്നു നിശ്ചയമില്ല എങ്കിലും, ആ സംഗീതഭാഗങ്ങൾ വീണ്ടും അദ്ദേഹം അല്പം വിസ്തരിച്ചും സംഗീതക്കൊഴുപ്പോടും പാടി. എന്നുതന്നെയല്ല, താളത്തിന്റെ ഒടുവിൽ കൈകൊണ്ടു ഞൊടിച്ചു് ഒരു മുത്തായിപ്പും വെച്ചു. അതിന്റെ ശേഷം ഞാൻ ആ മുത്തായിപ്പു് പലപ്പോഴും അനുവർത്തിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. പക്ഷേ ഇതുവരെ സാധിച്ചിട്ടില്ല. താളത്തിലും രാഗത്തിലും അദ്ദേഹത്തിനുള്ള അപാരമായ ജ്ഞാനം അങ്ങിനെ എനിക്കു അറിയാറായി.

ഞാൻ നാണുഗുരുസ്വാമിയുടെ സന്നിധിയിൽ ഇരിക്കു

മ്പോളാണു് ചട്ടമ്പിസ്വാമികളുടെ ചരമശ്ലോകം നാണുഗുരു സ്വാമി എനിക്കു പറഞ്ഞുതന്നു് എന്നെക്കൊണ്ടു് എഴുതിച്ചതു്. ആ ചരമപദ്യം വായിച്ചാൽ കുഞ്ഞൻപിള്ളചട്ടമ്പിയിൽ നാണുഗുരുസ്വാമിക്കുണ്ടായിരുന്ന ബഹുമാനാതിരേകം നല്ലപോലെ അറിയാം. അതു് ഇതാണു്.

സർവജ്ഞ ഋഷിരുത്ക്രാന്തഃ
സദ്ഗുരു ശുകവർത്മനാ
ആഭോതിപരമവ്യോമ്നി
പരിപൂർണ്ണകലാനിധിഃ

ലീലയാകാലമധികം
നീത്വാന്തേ സമഹാപ്രഭുഃ
നിസ്വംവപുഃസമുത്സൃജ്യ
സ്വം ബ്രഹ്മവപുരാസ്ഥിതഃ



അനുഭവ വിവരണങ്ങൾ 1

എൻ. കൃഷ്ണപിള്ള

(റിട്ട: ഗവ: ജോയിന്റ് സെക്രട്ടറി,
കൃഷ്ണവിഹാർ, വഴുതക്കാട്, തിരുവനന്തപുരം. 14.)

സ്വാമി തിരുവടികളേപ്പറ്റി നേരിട്ടു കണ്ടതും കേട്ടിട്ടുള്ളതുമായ ചില കാര്യങ്ങൾ ഓർമ്മയിൽ നിന്നു ഞാൻ കുറിക്കുകയാണു്. ഇതിൽ ചില വ്യക്തിബന്ധങ്ങളേപ്പറ്റി പരാമർശമുള്ളതുകൊണ്ടു് അതിനേ വിശദീകരിക്കുന്ന വിവരങ്ങൾ കൂടി ചേർക്കുന്നു.

തിരുവനന്തപുരത്തു പേരൂർക്കടയിൽ ചിറ്റല്ലൂർ എന്ന പ്രശസ്ത നായർ തറവാട്ടിലെ അംഗമായിരുന്നു എന്റെ അച്ഛൻ ശ്രീ. സി.കെ. നാഗൻപിള്ള. വളരെക്കാലം തഹശീൽദാരായും മറ്റും. ഉദ്യോഗം നോക്കിയതിനുശേഷം തിരുവിതാംകൂർ സംസ്ഥാനത്തു് അഞ്ചൽ ഡിപ്പാർട്ടുമെന്റിന്റെ മേലധികാരിയായിരുന്നു് അദ്ദേഹം പെൻഷനായി. അച്ഛന്റെ ശേഷക്കാരിയെ വിവാഹം ചെയ്തിരുന്ന കല്ലുവീടു് ഗോവിന്ദപ്പിള്ള മരാമത്തുവകുപ്പിൽ എൻജിനീയറായിരുന്നു. കല്ലുവീട്ടിൽ എന്ന കുടുംബവുമായി അകന്ന ബന്ധമുള്ള ആളായിരുന്നു ചട്ടമ്പിസ്വാമികൾ.

ഞാൻ ആദ്യമായി സ്വാമികളെ കാണുന്നതു് കൊല്ലവർഷം 1087-ലോ 88-ലോ ആണു്. 1087-ൽ അച്ഛനെ ചിറയിൻകീഴു് താലൂക്കു് തഹശീൽദാരായി നിയമിച്ചു. താലൂക്കാഫീസു് സ്ഥിതിചെയ്യുന്ന ആറ്റിങ്ങൽ - കൊല്ലം റോഡിന്റെ സൈഡിലുള്ള ഒരു കെട്ടിടത്തിൽ ഞങ്ങൾ താമസമായി. കുറച്ചുദിവസം കഴിഞ്ഞു് ശ്രീ കല്ലുവീട്ടിൽ ഗോവിന്ദപ്പിള്ള അവിടെ സെക്ഷനാഫീസറായി നിയമിതനായി. ഞങ്ങളുടെ വീടിന്റെ എതിർവശത്തു് ഒരു കെട്ടിടം വാടകയ്ക്കെടുത്തു് അവരും താമസമായി. അതുകൊണ്ടു് വീട്ടിലെ സ്ത്രീകൾക്കു്

അന്യോന്യം സന്ദർശിക്കുന്നതിനും സംസാരിക്കുന്നതിനും സൗകര്യമായിരുന്നു. ശ്രീ ഗോവിന്ദപ്പിള്ളയെ കാണാൻ വരുന്ന സ്വാമികൾക്കു് ഈ രണ്ടുകുടുംബത്തോടും പരിചയവും അടുപ്പവും ഉണ്ടാകാനിടയായി.

അങ്ങനെ ഒരു സന്ദർഭത്തിലാണു് എനിക്കു സ്വാമികളെ കാണാനിടയായതു്. അന്നു് അദ്ദേഹത്തിന്റെ കൂടെ ഒരു ചെറുപ്പക്കാരനുണ്ടായിരുന്നു. അതു് അദ്ദേഹത്തിന്റെ അനന്തരവൻ കേശവനാണെന്നും അയാൾക്കു് ഒരു ജോലി കൊടുക്കണമെന്നും അദ്ദേഹം അച്ഛനോടു പറഞ്ഞു. അങ്ങനെ ഒരു സർക്കാർ ജീവനക്കാരനായിത്തീർന്ന കേശവപിള്ള വീട്ടിലെ ഒരംഗത്തെപ്പോലെ ആയി. ഞങ്ങൾ അയാളെ കൊല്ലൂരമ്മാവൻ എന്നു വിളിച്ചിരുന്നു.

1089 – ൽ അച്ഛനെ തിരുവനന്തപുരം ഒന്നാം തഹശീൽദാരായി നിയമിച്ചു. വഴുതയ്ക്കാട്ടു് ഫോറസ്റ്റു് ആഫീസു് ലെയിൻ എന്നു പറയുന്ന വഴിയുടെ സൈഡിലായി ഒരു ചെറിയ ഓടിട്ട കെട്ടിടവും 50 സെന്റു് പുരയിടവും ചിറ്റല്ലൂർ കുടുംബവകയായി ഉണ്ടായിരുന്നു. അച്ഛൻ അതിൽ താമസമായതിനെത്തുടർന്നു് അതിനോടുചേർന്നു് 40 സെന്റുസ്ഥലം കൂടി വാങ്ങി. റോഡു് സൈഡിൽ കരിങ്കൽ മതിൽ കെട്ടി. ഗേറ്റിന്റെ പണി നടന്നുകൊണ്ടിരിക്കുമ്പോൾ ചട്ടമ്പിസ്വാമികൾ അവിടെ വന്നു. പണിക്കാർക്കു് അദ്ദേഹം ചില നിർദ്ദേശങ്ങൾ കൊടുത്തു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ തന്നെ ഗേറ്റിട്ടു. സ്വാമികൾ അച്ഛനോടു പറഞ്ഞു.

''നാഗൻപിള്ളേ, ഈ വീടിനു ഞാൻ കുമാരമംഗലം എന്നു പേരിടുന്നു. എന്റെ ഇഷ്ടദൈവം കുമാരസ്വാമിയാണു്. ഇതു തിരുവനന്തപുരത്തു പ്രസിദ്ധമായ ഒരു വീടാകും. പിന്നെ, നാഗൻപിള്ളയെ സംബന്ധിച്ചു് വേറൊരു സായൂജ്യംകൂടിയുണ്ടു്. നാഗൻപിള്ളയുടെ അച്ഛന്റെ പേരു് കുമാരപിള്ള എന്നല്ലേ? അപ്പോൾ അച്ഛനെ എന്നും അനുസ്മരിക്കാമല്ലോ''.അച്ഛനും മറ്റും ഇതൊരു അനുഗ്രഹമായിട്ടാണെടുത്തതു്. സ്വാമികൾ തിരുവനന്തപുരത്തുണ്ടായിരുന്നപ്പോഴൊക്കെ ആ വീട്ടിൽ വരുമായിരുന്നു.

വീട്ടിൻമുറ്റത്തു് ഒരു നല്ല മാതളം ഉണ്ടായിരുന്നു. അതിൽ കായ് വിളഞ്ഞുവരുമ്പോൾ അണ്ണാനും മറ്റും തിന്നുന്നതുകൊണ്ടു് ഒന്നും കിട്ടുകയില്ല. ഞങ്ങൾ കുട്ടികൾക്കു് ഇതിൽ വിഷമം തോന്നി. ഒരു ദിവസം ഞങ്ങൾ സങ്കടപ്പെട്ടു നില്ക്കു

ന്നതു കണ്ടു സ്വാമികൾ കാര്യമന്വേഷിച്ചു. ഞങ്ങൾ വിവരം പറഞ്ഞപ്പോൾ ''മാതളം അണ്ണാന്റെ ആഹാരമല്ലേ?'' എന്നു സ്വാമികൾ ചോദിച്ചെങ്കിലും ഞങ്ങളുടെ നിർബ്ബന്ധംകണ്ടു് ഒരു ഈർക്കിലെടുത്തുകൊണ്ടുവരാൻ പറഞ്ഞു. സ്വാമികൾ ഈർക്കിൽകൊണ്ടു് മരത്തിന്റെ തടിയിൽ തട്ടിക്കൊണ്ടു് കുറേ നേരമിരുന്നു. അവിടെ നിന്നെഴുന്നേറ്റുപോകുമ്പോൾ ഞങ്ങളെ വിളിച്ചുപറഞ്ഞു ഇനി മരത്തിൽ ജന്തുക്കളും പക്ഷികളുമൊന്നും തൊടുകയില്ലെന്നു്. അദ്ഭുതമെന്നുപറയട്ടേ, ആ മരം ഉണങ്ങിപ്പോകുന്നതുവരെ അങ്ങനെ ഒരുപദ്രവമുണ്ടായിട്ടില്ല. ഞങ്ങൾക്കിഷ്ടംപോലെ മാതളം പഴുപ്പിച്ചുതിന്നാനും സാധിച്ചു.

ഇതേ മാതിരി ഒരദ്ഭുതം സ്വാമികൾ പിന്നെ ഒരവസരത്തിലും കാണിച്ചു. വീട്ടിലുണ്ടായിരുന്ന ഒരു പാണ്ടിമാവിലെ മാമ്പഴം ഞങ്ങൾക്കെല്ലാം ഇഷ്ടമായിരുന്നു. എന്നാൽ മിക്കവാറുമെല്ലാം അണ്ണാനും മറ്റും കടിച്ചേ കിട്ടാറുള്ളു. മാവു കുറേ വലുതായിരുന്നു. ഞങ്ങളുടെ പരാതികേട്ടു് സ്വാമികൾ ഒരു കമ്പെടുത്തു് മാവിന്റെ ചുവട്ടിൽനിന്നു് കൈയെത്തുന്നിടത്തോളം പൊക്കത്തിൽ തടിയിൽ ചുറ്റാകെ വരച്ചു. അതിനുശേഷം ആ മാവിൽ വന്നു കയറുന്ന അണ്ണാൻ, ഓന്തു്, മുതലായ ജന്തുക്കൾ, എറുമ്പുകൾ പോലും, സ്വാമികൾ വരച്ച വരയെ കടന്നുപോകയില്ല. അവിടം വരെ കയറിയിട്ടു് തിരിച്ചിറങ്ങിപ്പോരും. ഞങ്ങൾ കുട്ടികൾക്കു് ഇതു വലിയ രസമായിരുന്നു.

സ്വാമികൾ വിശ്രമിക്കാൻ വരാന്തയിലുള്ള ഈസിച്ചെയറിൽ കിടക്കുകയായിരുന്നു പതിവു്. ഒരിദിവസം ഞാൻ സ്ക്കൂളിൽ നിന്നുവന്നതിനു ശേഷം വെളിയിലേയ്ക്കു പോകുമ്പോൾ സ്വാമികൾ കസേരയിൽ തല അങ്ങോട്ടുമിങ്ങോട്ടും ആട്ടി പാടുകയായിരുന്നു. വലതുകയ്യിലെ ചൂണ്ടുവിരലിൽ കിടന്ന മോതിരംകൊണ്ടു് കസേരയുടെ കയ്യിൽ താളം പിടിക്കുന്നുണ്ടു്. ഞാൻ ഇതുനോക്കിനിന്നു. സ്വാമികൾ തിരിഞ്ഞു് ''നിനക്കു പാട്ടു് ഇഷ്ടമാണോ'' എന്നു ചോദിച്ചു. ആണെന്നു പറഞ്ഞതുകൂടാതെ ഞാൻ ആവശ്യമില്ലാത്ത ഒരു ചോദ്യവുമുന്നയിച്ചു. ''സ്വാമിക്കു് സ്വർണ്ണത്തിൽ ഒരു മോതിരമിട്ടുകൂടേ? എന്തിനു് ഈ ഇരുമ്പു മോതിരം ഇടുന്നു'' എന്നു്. ''ഇതിന്റെ പൊരുൾ ഇപ്പോൾ നിനക്കു മനസ്സിലാകുകയില്ല.'' സ്വാമികൾ പറഞ്ഞു. ''നിനക്കു 18– 19 വയസ്സാകുമ്പോൾ പറഞ്ഞുതരാം.''

അടുത്ത ഒരു ദിവസംതന്നെ സ്വാമികൾ വീട്ടിൽ വന്നു.

ഞാൻ സ്ക്കൂളിൽ നിന്നു വരുമ്പോൾ അദ്ദേഹം അമ്മയുമായി സംസാരിച്ചുകൊണ്ടിരിക്കുന്നു. ഞാൻ വെളിയിൽ പോകാനിറങ്ങുമ്പോൾ ''എടേ, ഇങ്ങുവാ'' എന്നു സ്വാമികൾ വിളിച്ചു. ഞാനടുത്തുചെന്നപ്പോൾ എന്റെ വലത്തേ കൈയിൽ പിടിച്ചു് ചൂണ്ടുവിരലിൽ ഒരിരുമ്പു മോതിരം ഇട്ടുതന്നു. ഇതെപ്പോഴും ഇട്ടുകൊള്ളണമെന്നു് അദ്ദേഹം പറഞ്ഞെങ്കിലും സ്ക്കൂളിൽ പോകുമ്പോൾ എനിക്കു് അതിൽ ബുദ്ധിമുട്ടുണ്ടായി. മോഡൽ സ്ക്കൂളിലെ എന്റെ സഹപാഠികൾ എന്നെ കളിയാക്കി. പരിഹാസം സഹിക്കവയ്യാതെ എനിക്കു മോതിരം വേണ്ടെന്നു് ഞാനമ്മയോടു പറഞ്ഞു. അമ്മ ദേഷ്യപ്പെട്ടെങ്കിലും എന്റെ നിർബ്ബന്ധത്തിനു വഴങ്ങി അമ്മ മോതിരം ഒരു പട്ടുതുണിയിൽ പൊതിഞ്ഞു് പെട്ടിയിൽ സൂക്ഷിച്ചു.

ഞാൻ ഒരു ബിരുദധാരിയായി, നിയമപഠനവും കഴിഞ്ഞു് സെക്രട്ടേറിയറ്റിൽ ഉദ്യോഗത്തിൽ പ്രവേശിക്കുകയും ചെയ്തു. ആയിടയ്ക്കു് ചട്ടമ്പിസ്വാമികളുടെ ജന്മദിനം പ്രമാണിച്ചു് മലയാള മനോരമ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു സ്പെഷ്യൽ പതിപ്പു് വാങ്ങി വായിക്കാനിടയായി. പ്രശസ്തരായ പലരുടെയും ലേഖനങ്ങൾ അതിലുണ്ടായിരുന്നതു വായിച്ചപ്പോഴാണു് സ്വാമികളുടെ മാഹാത്മ്യത്തെ പ്പറ്റി ഒരു പുതിയ വെളിച്ചം എനിക്കു കിട്ടിയതു്. അദ്ദേഹം തന്ന മോതിരത്തേപ്പറ്റി ഞാനോർമ്മിച്ചു; അതെനിക്കു വേണമെന്നു് അമ്മയോടു പറഞ്ഞു. അതുധരിച്ചതിനു ശേഷം, എന്റെ ഔദ്യോഗികജീവിതം കൂടുതൽ വിജയകരമായിരുന്നു.

സ്വാമി തിരുവടികളുടെ ജീവിതവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾകൂടി അനുസ്മരിച്ചുകൊണ്ടു് ഇതവസാനിപ്പിക്കാം. ഒന്നു് ശ്രീനാരായണഗുരു ചട്ടമ്പിസ്വാമികളെ കാണാൻ വന്ന ഒരു രംഗമാണു്. ഞാൻ മോഡൽ സ്ക്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്ന ഒരു ബാലനായിരുന്നു. മഞ്ഞുകാലത്തു് എന്റെ കാലിൽ കരപ്പൻ വരുമായിരുന്നു. അതിനു ചികിത്സിക്കുന്നതു് അന്നു് തൈക്കാട്ടു് ഒരു വൈദ്യശാല തുടങ്ങിയിരുന്ന കെ. ജി. ഗോപാലപിള്ള ആയിരുന്നു. (കൽക്കട്ടയിൽ പഠിച്ചു് ആയുർവ്വേദത്തിൽ ഉന്നതബിരുദം നേടിയിരുന്ന ഡോ: കെ.ജി. ഗോപാലപിള്ള പിന്നീടു് തിരുവിതാംകൂർ ഗവണ്മെന്റിന്റെ കീഴിൽ ആയുർവ്വേദ ഡയറക്ടറായ ആളാണു്.) ഒരുദിവസം വൈകുന്നേരം ഞാൻ സ്ക്കൂളിൽനിന്നു വൈദ്യശാലയിൽപോയി. വൈദ്യൻ അപ്പോൾ അവിടെ ഇല്ലായിരുന്നു. വെളിയിൽ ഒരു ബഞ്ചിലിരിക്കാൻ തുടങ്ങുമ്പോൾ അകത്തുനി

ന്നു് ''എടേ'' എന്നൊരു വിളികേട്ടു. അതു ചട്ടമ്പിസ്വാമികളായിരുന്നു. ഗോപാലപിള്ള ഇപ്പോൾ വരും; നീ അവിടിരിക്കെന്നു സ്വാമികൾ പറഞ്ഞു. ഉടൻതന്നെ ഒരു ജഡ്കാവണ്ടി വന്നു നിന്നു; വൈദ്യൻ അതിൽനിന്നിറങ്ങിവന്നു് സ്വാമികളോടു് എന്തോ മന്ത്രിച്ചു. ''ഇങ്ങിറങ്ങിവരാൻ പറ'' എന്നു സ്വാമികൾ പറഞ്ഞു. വൈദ്യൻ വണ്ടിയുടെ അടുത്തുപോയിട്ടു് വീണ്ടും വന്നപ്പോൾ ''എന്നാൽ ഞാനങ്ങോട്ടുവരുകയാണെന്നു പറ'' എന്നു സ്വാമികൾ പറയുകയും വരാന്തയിലേയ്ക്കു് ഇറങ്ങി വരുകയും ചെയ്തു. വണ്ടിയിൽ നിന്നു് മഞ്ഞ വസ്ത്രധാരിയായ ഒരാൾ ധൃതിയിലിറങ്ങി ഗോപാലപിള്ളയോടൊപ്പം വന്നു് സ്വാമികളുടെ മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ചു. ''ഇതെന്തരു കാണിക്കണതു്'' എന്നു പറഞ്ഞു് സ്വാമികൾ നമസ്കരിച്ച ആളിന്റെ രണ്ടു തോളിലും പിടിച്ചെഴുനേൽപിച്ചു. രണ്ടുപേരുമൊന്നിച്ചു് അകത്തു കയറി പോകയും ചെയ്തു. അപ്പോൾ അവിടെ ഉണ്ടായിരുന്ന ആരോ പറഞ്ഞു അതു് നാണുഗുരു സ്വാമിയാണെന്നു്. അങ്ങനെ എനിക്കു് ശ്രീ നാരായണഗുരുവിനെ കാണാൻ സാധിച്ചു.

കൊല്ലവർഷം 1099 –ൽ ചട്ടമ്പിസ്വാമികൾ നല്ല സുഖമില്ലാതെ വഞ്ചിയൂർ ഒരു വീട്ടിൽ കഴിയുകയായിരുന്നു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം കുമ്പളത്തു ശങ്കുപ്പിള്ള വന്നു് അദ്ദേഹത്തെ പന്മനയ്ക്കു കൊണ്ടുപോകുന്നെന്നു കേട്ടു. സ്വാമികളെ കാണാൻ അച്ഛൻ പോയപ്പോൾ ഞാനും കൂടെപ്പോയി. വളരെയേറെ ആളുകൾ അദ്ദേഹത്തെ കണ്ടു തൊഴുതുപൊയ്ക്കൊണ്ടിരുന്നു. ഞങ്ങളും അകത്തുകയറി അദ്ദേഹത്തെ കണ്ടു വന്ദിച്ചു. തിരിച്ചു മുറ്റത്തു വന്നപ്പോൾ ശരായിയും ഷർട്ടും ധരിച്ച നാലഞ്ചു ചെറുപ്പക്കാർ സ്വാമികളേപ്പറ്റി സംസാരിക്കുന്നു. ''ദിവ്യനെങ്കിൽ വേദന സഹിച്ചു് കിടന്നു വിളിക്കുന്നതെന്തിനു് – സമാധിയിൽ ലയിച്ചു കൂടേ'' എന്നു്. കുറച്ചു കഴിഞ്ഞപ്പോൾ സ്വാമികളെ വീശിക്കൊണ്ടുനിന്ന ആൾ വന്നു് അവർ അകത്തോട്ടു ചെല്ലാൻ പറഞ്ഞു. അവർ സംശയിച്ചു നിന്നപ്പോൾ ചുറ്റും നിന്നവർ'' സ്വാമി വിളിച്ചതല്ലേ, ചെന്നു കാണണം'' എന്നു പറഞ്ഞു. ചെറുപ്പക്കാർ അകത്തുപോയി. ഞാനും അവരോടൊപ്പം അകത്തു കയറി. സ്വാമികൾ അവരെ അകത്തു വിളിച്ചു് അവരുടെ ചിന്താഗതി മനസ്സിലാക്കിയ രീതിയിൽ ''വേദന സഹിക്കാതെ സമാധിയിൽ പോകാൻ എനിക്കറിയാം, കണ്ടോളൂ'' എന്നു പറഞ്ഞു. അടുത്തുനിന്ന ആളിനോടു് തന്നെ കട്ടിലിൽ എഴുനേല്പിച്ചിരുത്താൻ കല്പിച്ചു.

അങ്ങനെ പരമാസനത്തിൽ യാതൊരു ചലനവുമില്ലാതെ വളരെ നേരമിരുന്നു. പിന്നീടു കണ്ണുതുറന്നു് അവരോടു പറഞ്ഞു '' ആത്മാവിനെ ദേഹബന്ധത്തിൽനിന്നും വേർതിരിച്ചു നിറുത്തുമ്പോൾ വേദനയൊന്നുമില്ല. വേദന അനുഭവിക്കുന്നതു് പൂർവ്വ ജന്മത്തിലെ പ്രവൃത്തികളുടെ ഫലമായാണു്. അതു മുഴുവൻ അനുഭവിക്കാതെ മരിച്ചാൽ ഇനിയും ജന്മമെടുക്കേണ്ടിവരും. അതുവേണ്ടെന്നു വച്ചാണു് ഞാനിതു സഹിക്കുന്നതു്.'' അദ്ദേഹം വീണ്ടും കട്ടിലിൽ പഴയതുപോലെ കിടന്നു. ചെറുപ്പക്കാർ തൊഴുതു മടങ്ങിപ്പോയി.

ആ കൊല്ലംതന്നെ സ്വാമി തിരുവടികൾ സമാധി ആയി. വളരെക്കാലം കഴിഞ്ഞാണു് അദ്ദേഹത്തിന്റെ സ്മരണയെ നിലനിർത്താൻ തിരുവനന്തപുരത്തു് ഒരു പ്രസ്ഥാനം ഉടലെടുത്തതു്. വിദ്യാധിരാജ വിശ്വകേന്ദ്രം സ്ഥാപിതമായപ്പോൾ ഞാൻ അതിൽ ചേർന്നു. ആ മഹാപുരുഷന്റെ പേരിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുന്നതിൽ ചാരിതാർത്ഥ്യമുണ്ടു്. അതിനു് ഈശ്വരൻ അനുഗ്രഹിക്കട്ടെ.

അനുഭവ വിവരണങ്ങൾ 2

ഓർമ്മയിലെ സ്വാമികൾ

കുമ്പളത്തു തങ്കമ്മ.

(ബ്രഹ്മശ്രീ ചട്ടമ്പിസ്വാമികൾ കുമ്പളത്തു വന്നു വിശ്രമിച്ച സന്ദർഭങ്ങളിൽ സ്വാമിതിരുവടികൾക്കു് ഭക്ഷണംകൊണ്ടു പോയി വിളമ്പിക്കൊടുത്ത മഹതിയാണു് ശ്രീമതി കുമ്പളത്തു തങ്കമ്മ. ശ്രീ. കുമ്പളത്തു ശങ്കുപ്പിള്ളയുടെ അനന്തരവളും, അഡ്വ: ശ്രീ പ്രാക്കുളം പി.കെ. പദ്മനാഭപിള്ളയുടെ സഹധർമ്മിണിയുമായ ശ്രീമതി തങ്കമ്മയ്ക്കു് അന്നു് എട്ടുവയസ്സായിരുന്നു പ്രായം. സ്വാമിതിരുവടികളെക്കുറിച്ചുള്ള തന്റെ സ്മരണകളാണു് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നതു്. 1994 ഒക്ടോബർ 29-ാം തീയതി ഈ മഹതി നിര്യാതയായി.)

ഞാൻ ഇന്നു് എൺപതുകഴിഞ്ഞ ഒരു വയോവൃദ്ധയാ

ണു്. എന്റെ ഓർമ്മകൾ ഇന്നു വികലമാണെങ്കിലും ബാല്യ കാല സ്മരണകൾ തെളിഞ്ഞുതന്നെ നില്ക്കുന്നു. ആ സ്മരണകളിൽക്കൂടി ശ്രീ ചട്ടമ്പിസ്വാമികളുമായുള്ള എന്റെ ബന്ധവും അനുഭവങ്ങളും കുറിക്കാൻ ഞാൻ ശ്രമിക്കുകയാണു്.

കൊല്ലം പേഷ്ക്കാരായിരുന്ന അമ്പലപ്പുഴ കൃഷ്ണപിള്ളയുടെ ഭവനത്തിൽ സ്വാമിതിരുവടികൾ വന്നതറിഞ്ഞു് എന്റെ അമ്മാവനായ കുമ്പളത്തു ശങ്കുപ്പിള്ള അദ്ദേഹത്തെ കാണാൻ പോയി. കൃഷിയും, നാട്ടുകാര്യങ്ങളുമൊക്കെയായി നടന്നിരുന്ന അമ്മാവനു് പ്രഥമദർശനത്തിൽത്തന്നെ സ്വാമികളോടു് എന്തോ വലിയ അടുപ്പം തോന്നി. പലതും സംസാരിച്ച കൂട്ടത്തിൽ ഗുസ്തിമുറകളെക്കുറിച്ചും സ്വാമികൾ അമ്മാവനോടു് സംസാരിച്ചു. ഒടുവിൽ അമ്മാവൻ സ്വാമികളെ ഞങ്ങളുടെ വീട്ടിലേയ്ക്കു ക്ഷണിച്ചു. ഇനിയൊരിക്കലാകട്ടെ എന്നു സ്വാമികൾ മറുപടിയും പറഞ്ഞു. കുറെ മാസങ്ങൾക്കു ശേഷം സ്വാമിതിരുവടികൾ കരുനാഗപ്പള്ളിയിൽ ആദിനാട്ടു വീട്ടിൽ വന്നതായറിഞ്ഞു് അമ്മാവൻ അവിടെ എത്തി. ''ഇത്തവണ അടിച്ചാലും വരു''മെന്നു് ഫലിതപ്രിയനായ സ്വാമികൾ അമ്മാവനോടു പറഞ്ഞു. അന്നു് രണ്ടുമാസത്തോളം സ്വാമികൾ കുമ്പളത്തും, തോട്ടുവയലിലുമായി താമസിച്ചു. ഞങ്ങളുടെ വീടായ കുമ്പളത്തുവീടിനു വടക്കുവശത്തുള്ള മനയിൽ കാവിലാണു് സ്വാമികൾ പകൽ സമയങ്ങളിൽ വിശ്രമിച്ചിരുന്നതു്. സ്വാമിതിരുവടികൾക്കു് ഈ പ്രപഞ്ചത്തിലുള്ള സർവചരാചരങ്ങളേയും പ്രിയമായിരുന്നു. ആരോടും ശത്രുതയുമില്ല. സ്വാമികളുടെ ശത്രു വെയിൽ മാത്രമാണു്. രാവിലെ ആറുമണിക്കു് കുമ്പളത്തുവീട്ടിൽ നിന്നും മനയിൽകാവിലേയ്ക്കു പോകുന്ന സ്വാമികൾ വൈകുന്നേരം ആറുമണി കഴിഞ്ഞേ വീട്ടിൽ തിരിച്ചുവരുകയുള്ളു. സ്വാമികളുടെ ഉച്ചയ്ക്കുള്ള ഭക്ഷണം കാവിൽകൊണ്ടുകൊടുക്കുകയായിരുന്നു പതിവു്. അക്കാലത്തു് ധാരാളം ഭൃത്യജനങ്ങൾ ഞങ്ങളുടെ വീട്ടിലുണ്ടായിരുന്നെങ്കിലും സ്വാമിഭക്തയായ അമ്മാവി (മിസ്സിസു് കുമ്പളത്തു ശങ്കുപ്പിള്ള) സ്വാമിക്കു വേണ്ടിയുള്ള ഭക്ഷണം സ്വയം തയാറാക്കുമായിരുന്നു. അന്നു് എനിക്കു് എട്ടുവയസ്സായിരുന്നു പ്രായം. കൂട്ടുകുടുംബമായ ഞങ്ങളുടെ വീട്ടിൽ അമ്മാവനും അമ്മാവിയും, എന്റെ അച്ഛനും അമ്മയും സഹോദരങ്ങളുമെല്ലാം ഒന്നിച്ചായിരുന്നു താമസം. ശങ്കുപ്പിള്ള മ്മാവന്റെ ജ്യേഷ്ഠസഹോദരനായ പ്രാക്കുളം കൃഷ്ണപിള്ള

മ്മാവന്റെ മകൾ ശാരദക്കുഞ്ഞും അന്നു ഞങ്ങളോടൊപ്പം കുമ്പളത്തായിരുന്നു താമസം. ഞങ്ങൾ സമപ്രായക്കാരാണു്. അമ്മാവി തയാറാക്കിത്തരുന്ന ആഹാരം, വടക്കുവശത്തെ വയൽവഴിനടന്നു് ഞങ്ങൾ സ്വാമികൾക്കു് കാവിൽ കൊണ്ടു കൊടുക്കും. സ്വാമിതിരുവടികളുടെ മുമ്പിൽ എത്തിക്കഴിഞ്ഞാൽ പിന്നെ ഞങ്ങൾക്കു് ഉത്സാഹമാണു്. തിരിച്ചു വീട്ടിൽ പോകണമെന്നില്ല. ചിരിയും കളിയും കായ്കനികൾ പറിപ്പും, ഓട്ടവും ചാട്ടവുമെല്ലാം പിന്നെ സ്വാമിയോടൊപ്പം മനയിൽക്കാവിലാണു്. വീട്ടിലാണെങ്കിൽ അമ്മാവന്മാരുള്ളപ്പോൾ ഉറക്കെ സംസാരിക്കാനോ, ഉച്ചത്തിൽ ചിരിക്കാനോ ഞങ്ങൾക്കു കഴിയില്ല. ഇന്നത്തെ കുട്ടികൾക്കു് അദ്ഭുതം തോന്നുന്ന വിലക്കുകളായിരുന്നു അന്നുണ്ടായിരുന്നതു്. തെക്കുവശത്തെ വരാന്തയിൽ പെണ്ണുങ്ങൾ ഇരിക്കാൻ പാടില്ല, കസേരയിൽ ഇരിക്കാൻ പാടില്ല, ഉറക്കെ ചിരിക്കാൻ പാടില്ല, ഉച്ചത്തിൽ സംസാരിക്കാൻ പാടില്ല, ചെരിപ്പിട്ടുകൊണ്ടു് മുതിർന്നവരുടെ മുമ്പിൽ പോകാൻ പാടില്ല, അയലത്തെ വീടുകളിൽ പൊയ്ക്കൂടാ– അങ്ങനെ എത്രയെത്ര വിലക്കുകൾ. ഞങ്ങളുടെ സ്വാതന്ത്ര്യങ്ങൾ മുഴുവനും സ്വാമിയുടെ മുമ്പിലായിരുന്നു. ചെന്നാലുടനെ മുന്തിരിങ്ങയും കൽക്കണ്ടവും വേണ്ടുവോളം തരും. കൽക്കണ്ടത്തെക്കാൾ മധുരതരമായ വാക്കുകൾകൊണ്ടു് 'തങ്കക്കുടമേ' എന്നു വിളിക്കും. എന്നെയും ശാരദക്കുഞ്ഞിനേയും മടിയിലിരുത്തി കഥകൾ പറഞ്ഞുതരും. പഴങ്ങൾ പറിച്ചുതരും. ഞങ്ങളോടൊപ്പം കളിക്കും.

മറ്റൊരു സംഭവംകൂടി എന്റെ ഓർമ്മയിൽ വരുന്നു. പതിവുപോലെ ഒരു ദിവസം ഞങ്ങൾ ചോറുമായെത്തി. സ്വാമി ഉണ്ണാനിരുന്നു. എന്നിട്ടുപറഞ്ഞു, ''മക്കളേ! എന്റെ ചില ബന്ധുക്കൾ വരും. കുറച്ചുചോറുകൂടി കൊണ്ടുവരണ''മെന്നു് ജന്മനാ മടിച്ചിയായ ഞാൻ ശാരദക്കുഞ്ഞിനേയും നിരുത്സാഹപ്പെടുത്തി. എന്നിട്ടു് സ്വാമിയോടുപറഞ്ഞു, 'ഞങ്ങൾക്കിനി വെയിലത്തു പോകാൻ വയ്യ; സ്വാമി ഉണ്ണാതെ വരുന്നവർക്കു കൊടുത്താൽമതി''യെന്നു്. ആരോടാണു പറയുന്നതു്, എന്താണു പറയുന്നതു് എന്ന കാര്യത്തെക്കുറിച്ചു് ബോധമില്ലാതിരുന്ന ഈയുള്ളവൾ പറഞ്ഞതങ്ങനെയായിരുന്നു. ''ശരി, മക്കളേ! നിങ്ങൾ പോകണ്ട; ഞാൻ ഇതിൽ നിന്നും അവർക്കുകൂടി കൊടുക്കാം''– ആ വാത്സല്യനിധി പറഞ്ഞു. എന്നിട്ടു് ചോറുമുഴുവനും ഉരുളകളാക്കി മാറ്റി. 'നിങ്ങൾ പേടിക്കല്ലേ' എന്നു് എന്നോടും ശാരദക്കുഞ്ഞിനോടുമായി പറഞ്ഞിട്ടു്,

'ഉണ്ണാൻ വരിൻ' എന്നു സ്വാമി വിളിച്ചു പറഞ്ഞു. അപ്പോൾ ഉണ്ടായ സംഭവത്തെക്കുറിച്ചു് എഴുതാൻപോലും ഭയം തോന്നുന്നു. ഒരു ശബ്ദവും ആർപ്പും കേട്ടു. നോക്കിയപ്പോൾ ഒരുപറ്റം പാമ്പും ചേരയും ചേരക്കുഞ്ഞുങ്ങളും! അവ വന്ന പാടേ സ്വാമികളുടെ ശരീരത്തിലും തലയിലും ഇഴഞ്ഞുകയറി ഇരുന്നു. സാക്ഷാൽ പരമശിവൻ തന്നെയാണു് സ്വാമി. ഇതു കണ്ടു പേടിച്ചു, നിലവിളിച്ചുകൊണ്ടു് ഞങ്ങൾ ഓടി. ഓടുന്ന കൂട്ടത്തിൽ 'ഇനി മേലാൽ സ്വാമിക്കു ചോറുകൊണ്ടുവരുകയില്ലെന്നു'- പേടിച്ചരണ്ട ഞങ്ങൾ വിളിച്ചു പറഞ്ഞു. ഉടനെ സ്വാമികൾ ''മക്കളേ നിങ്ങൾ പോവിൻ. എന്റെ തങ്കവും ശാരദക്കുഞ്ഞും പേടിച്ചുപോയി'' എന്നു പറഞ്ഞു് അവയെ മടക്കി അയച്ചു. എന്നിട്ടു് ഞങ്ങളെ കാവിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി, 'മക്കളേ! നിങ്ങൾ പേടിച്ചുപോയോ' എന്നു ചോദിച്ചു. അപ്പോൾ ഞങ്ങൾ സ്വാമിയോടു ചോദിച്ചു. 'ചേരയും പാമ്പുമാണോ സ്വാമിയുടെ ബന്ധുക്കൾ' എന്നു്. അതിനു് സ്വാമി പറഞ്ഞ മറുപടിയുടെ പൊരുൾ അല്പമതികളായ നമുക്കു് എങ്ങനെ അറിയാൻ കഴിയും? അദ്ദേഹം പറഞ്ഞു, നിങ്ങളെപ്പോലെ അവരും എന്റെ മക്കളാണെന്നു്. സ്വാമിയുടെ ഈ സമഭാവന നമുക്കുണ്ടോ മനസ്സിലാക്കാൻ കഴിയുന്നു'' ഈ സംഭവം ആരോടും പറയരുതെന്നും സ്വാമികൾ ഞങ്ങളോടു പറഞ്ഞു. സ്വാമിയുടെ ഇത്തരം സിദ്ധികൾ മറ്റുള്ളവർ അറിയേണ്ടെന്നു കരുതിയാവാം സകലകലാവല്ലഭനായ അദ്ദേഹം അങ്ങനെ അരുളിച്ചെയ്തതു്.

സ്വാമിയുടെ സിദ്ധികളെ വിലയിരുത്തുവാനോ മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുവാനോ അല്ല ഞാൻ എന്റെ അനുഭവങ്ങൾ വിവരിച്ചതു്. സ്വാമികൾ സർവജ്ഞനാണെന്നോ, അവതാരപുരുഷനാണെന്നോ ഒന്നും അന്നത്തെ പ്രഗല്ഭമതികൾക്കുപോലും അറിയാൻ പാടില്ലായിരുന്നു. എന്നാലും എന്റെ അനുഭവങ്ങൾ വിലയിരുത്തുമ്പോൾ സ്വാമിയെക്കുറിച്ചു് ഞാൻ പലതും ഓർത്തുപോവുകയാണു്. ഉറയ്ക്കാത്ത ഓർമ്മകളാണെങ്കിൽപ്പോലും അവ ഒരിക്കലും ഇളകാത്ത ഓർമ്മകളാണു്. എന്റെ ജീവിതാദ്ധ്യായങ്ങൾ മറിച്ചു നോക്കുമ്പോൾ ഏറ്റവും തെളിഞ്ഞ അദ്ധ്യായം സ്വാമികളോടുള്ള ബന്ധമാണു്. കൊച്ചു കുട്ടികളുടെ കൗതുകത്തോടെ ഒരു ദിവസം ഞാൻ സ്വാമിയോടു ചോദിച്ചു, സ്വാമി എപ്പൊഴെങ്കിലും ചത്തിട്ടുണ്ടോ' എന്നു്. ''പിന്നെ.... എത്രയോ പ്രാവശ്യം'' സ്വാമികൾ മറുപടി പറഞ്ഞു. ഉടനെ തികഞ്ഞ ഉത്സാഹത്തോടെ ശാരദയും

ഞാനും പറഞ്ഞു, 'എന്നാൽ ഇപ്പോഴൊന്നു ചത്തുകാണിച്ചുതരാൻ. സ്വാമികൾ ഒട്ടും മടിച്ചില്ല. കസേരയിൽ നിന്നും എഴുന്നേറ്റു് പദ്മാസനത്തിലിരുന്നു. കണ്ണുകൾ മോളിലേയ്ക്കുയർത്തി. ശ്വാസം നിർത്തി. സ്ഥാണുമൂർത്തിയെപ്പോലെ സ്വാമി ചലനമറ്റു് ഇരുന്നു. ഞങ്ങൾ കുലുക്കിനോക്കി. ആട്ടിനോക്കി. സ്വാമിയുടെ ശരീരം ജീവനറ്റതുപോലെ ആടി താഴെ വീഴാൻ തുടങ്ങി. പേടിച്ചു വിറച്ച ഞങ്ങൾ 'അയ്യോ സ്വാമി ചത്തുപോയേ' എന്നു് ഉറക്കെ കരഞ്ഞു. ഒരു നിമിഷം. സ്വാമികൾ കണ്ണുതുറന്നു. 'എന്റെ തങ്കക്കുടങ്ങൾ പേടിച്ചുപോയോ' എന്നു ചോദിച്ചുകൊണ്ടു്, ഞങ്ങളുടെ കണ്ണീർ തുടച്ചു്, ആ വാത്സല്യനിധി ഞങ്ങളെ മാറോടണച്ചു്, മുന്തിരിങ്ങയും കൽക്കണ്ടവും കൈനിറയെതന്നു. ഞങ്ങൾ സന്തുഷ്ടരായി.

ഞങ്ങളെ രണ്ടുപേരെയും മടിയിലിരുത്തി താലോലിക്കുമ്പോൾ സ്വാമികൾ ഒരിക്കൽ പറയുകയുണ്ടായി 'തങ്കം ഭാഗ്യവതിയാണു്'. പക്ഷേ.....'' എന്നു്. ആ 'പക്ഷേ'യുടെ അർത്ഥം ഇന്നെനിക്കു മനസ്സിലായി. ഇരുപത്തിയെട്ടാമത്തെ വയസ്സിൽ വിധവയായവളാണു് ഞാൻ. തിരുവിതാംകൂറിൽ കിരാതഭരണം നടത്തിയ ദിവാൻ, സർ. സി. പി. രാമസ്വാമി അയ്യരെ എതിർത്തു്, സ്വാതന്ത്ര്യ സമരത്തിന്റെ പടത്തലവന്മാരിലൊരാളായി രാജ്യത്തിനുവേണ്ടി പോരാടി ജയിലിൽക്കിടന്നു വീരചരമമടഞ്ഞ അഡ്വ: ശ്രീ. പ്രാക്കുളം പി.കെ. പദ്മനാഭപിള്ളയായിരുന്നു എന്റെ ഭർത്താവു്. എന്റെ ഇരുപത്തിയെട്ടാംവയസ്സിൽ അദ്ദേഹം എനിക്കു നഷ്ടപ്പെടുമെന്നു് സ്വാമികൾ മുൻകൂട്ടി സൂചിപ്പിച്ചതാകാം ആ 'പക്ഷേ' പ്രയോഗം. ആ ഒരു മഹാനഷ്ടമൊഴിച്ചാൽ, അവിടുന്നരുളിച്ചെയ്തപോലെ എല്ലാ അർത്ഥത്തിലും ഞാൻ ഭാഗ്യവതിയായിത്തന്നെ ഇന്നും കഴിയുന്നു. ആ 'പക്ഷേ' പറയാതിരുന്നെങ്കിൽ എന്നു് പലപ്പോഴും ഞാൻ ആശിച്ചുപോയിട്ടുണ്ടു്.

സ്വാമികൾ ഞങ്ങളുടെ വീട്ടിൽ കാലുകുത്തിയ അന്നുതന്നെ ഞങ്ങളുടെ കുടുംബത്തിന്റെ ഭാഗ്യം തെളിഞ്ഞു. എഴുപതുവയസ്സുള്ള സ്വാമികൾ ഇരുപത്തിയഞ്ചു വയസ്സുള്ള ശങ്കുപ്പിള്ളമ്മാവനെ 'കാരണവർ' എന്നു വിളിച്ചു. അദ്ദേഹം വീട്ടിനും നാട്ടിനും കാരണവരായി മാറി. ഐ.സി.എസ്സും, ബാർ-അറ്റു്-ലായും മറ്റും മറ്റുമുള്ള ജ്യേഷ്ഠസഹോദരന്മാരും, അമ്മാവന്മാരും, മാതുലപുത്രന്മാരും ഒക്കെ കുടുംബത്തിലുണ്ടായിരുന്നിട്ടും ലോകം അംഗീകരിച്ച കാരണവർ പ്രാഥമികവിദ്യാഭ്യാസം മാത്രമുള്ള ശങ്കുപ്പിള്ളമ്മാവൻ തന്നെ

യായിരുന്നു. വിധവയായ അന്നുമുതൽ ഞാനും എന്റെ അഞ്ചു മക്കളും ആ കാരണവരുടെ കരുത്തുറ്റ കൈകളിൽ സുരക്ഷിതരായിരുന്നു. അതുകൊണ്ടു് സ്വാമികൾ അരുളിച്ചെയ്തപോലെ ഞാൻ ഭാഗ്യവതിതന്നെ. ഞങ്ങളുടെ കുടുംബത്തിലാണു് സ്വാമികൾ സമാധിയായതു്. അതിൽക്കൂടുതൽ ഒരു ഭാഗ്യം എനിക്കുണ്ടാകാനുണ്ടോ?

അന്നും, ഇന്നും, എന്നും എന്നെ വേദനിപ്പിക്കുന്ന ഒരു കാര്യമുണ്ടു്. കുമ്പളത്തുവച്ചു് സ്വാമിയെ ആദ്യമായി കണ്ടപ്പോൾ, എന്റെ കൈപിടിച്ചുകൊണ്ടു സ്വാമി ചോദിച്ചു, 'തങ്കം മീൻകൂട്ടുമോ' എന്നു്. കൂട്ടുമെന്നു് ഞാൻ മറുപടിയും പറഞ്ഞു. അപ്പോൾ 'കൂട്ടരുതെന്നു് സ്വാമി നിർദ്ദേശിച്ചു. സ്വാമിക്കു ചോറുകൊണ്ടു വരുന്നിടത്തോളം കാലം മീൻകൂട്ടുകയില്ലെന്നു് ഞാൻ വാക്കുകൊടുത്തു. എന്നാൽ പിന്നീടു് ആ വാക്കുപാലിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. എനിക്കതിൽ ദുഃഖമുണ്ടു്.

ഒരു സംഭവം കൂടി പറഞ്ഞു് ഞാൻ എന്റെ ഓർമ്മകൾ ഒതുക്കുകയാണു്. വേദന നിറഞ്ഞ ആ സംഭവം കുറിക്കാൻ എനിക്കു വിഷമമുണ്ടു്. തന്റെ അവതാരോദ്ദേശ്യം കഴിഞ്ഞു് സമാധിസ്ഥനാകാൻ സ്വയം തീരുമാനിച്ചുകൊണ്ടു് സ്വാമികൾ പദ്മനയ്ക്കെഴുന്നള്ളുമ്പോൾ മാർഗ്ഗമദ്ധ്യേ ഞങ്ങളുടെ മൂലകുടുംബമായ പ്രാക്കുളത്തു തോട്ടുവയലിൽ ബംഗ്ലാവിൽ ഏതാനുംദിവസം വിശ്രമിക്കാനിടയായി. അന്നു് തോട്ടുവയലിൽ താമസിച്ചിരുന്നതു് എന്റെ വല്യമ്മാവനായ ശ്രീ പ്രാക്കുളം പരമേശ്വരൻപിള്ളയായിരുന്നു. സ്വാമികൾ വന്നയുടനെ എന്നെ അന്വേഷിച്ചു. വല്യമ്മാവൻ പറഞ്ഞു, ഞാൻ ജ്വരമായി മേടയിൽ കിടക്കുകയാണെന്നു്. അന്നു് നന്നേ ക്ഷീണിച്ചിരുന്ന ആ വാത്സല്യനിധി പടികയറി എന്നെക്കാണാൻ മുകളിൽ വന്നു. 'കള്ളദ്ദീനമാണു്; അല്ലേ?' എന്നു ചോദിച്ചുകൊണ്ടു് എന്നെ എഴുന്നേൽപ്പിച്ചിരുത്തി. ഒരു ചൂട്ടുപ്പും കൊതുമ്പും കൊണ്ടുവരാൻ സ്വാമികൾ ഞങ്ങളുടെ കാര്യസ്ഥനോടു പറഞ്ഞു. എന്നിട്ടു് സ്വാമികൾ തന്നെ വെളിയിൽപോയി ഏതോ പച്ചിലകൾ പറിച്ചുകൊണ്ടുവന്നു് വാട്ടിപ്പിഴിഞ്ഞു് നീരെടുത്തു് ഏതാനും തുള്ളികൾ എന്റെ വായിലേയ്ക്കു് ഒഴിച്ചുതന്നു. അതുകൂടിച്ച ഉടനേ തന്നെ ക്ഷീണമെല്ലാം മാറി. സ്വാമിയുടെ കൈയ്ക്കു പിടിച്ചുകൊണ്ടു് പടികളിറങ്ങി ഞാൻ താഴെവന്നു. എന്റെ പ്രിയപ്പെട്ട സ്വാമിയുടെ അവസാന ദർശനമാണെന്നോ, ആ സാമീപ്യം

ഇനിയൊരിക്കലും അനുഭവിക്കാൻ പറ്റില്ലെന്നോ ഈയുള്ള വൾക്കു മനസ്സിലായില്ല. പദ്മനയിലെ സമാധിച്ചടങ്ങുകളിൽ പങ്കുകൊള്ളാനും ഈ ഹതഭാഗ്യയ്ക്കു് കഴിഞ്ഞില്ല. എങ്കിലും ആ രൂപം ഇന്നും എന്റെ മനസ്സിൽ തിളങ്ങി വിളങ്ങുന്നു.

സ്വാമികൾ ത്രികാലജ്ഞനാണെങ്കിലും, ലോകാരാദ്ധ്യനാണെങ്കിലും, അവതാരപുരുഷനും സകലകലാവല്ലഭനുമാണെങ്കിലും എനിക്കു് ഇന്നും അവിടുന്നു് എന്റെ ചട്ടമ്പിസ്വാമികൾ തന്നെയാണു്. എന്റെ എട്ടാമത്തെ വയസ്സിൽ കണ്ട സ്വാമിയുടെ ആ രൂപവും ഭാവവും തന്നെയാണു് ഈ എൺപതാം വയസ്സിലും എന്റെ മനസ്സിലുള്ളതു്. സ്വാമിയുടെ ഐശ്വരഭാവവും സിദ്ധിവിശേഷങ്ങളുമൊന്നും എനിക്കു് അന്നും അറിഞ്ഞുകൂടാ. ഇന്നും അറിഞ്ഞുകൂടാ. എന്നാൽ എനിക്കു് ഒന്നറിയാം. സ്വാമി സ്നേഹനിധിയാണെന്നു്; വാത്സല്യനിധിയാണെന്നു്. കാരുണ്യസ്വരൂപനാണെന്നു്. സ്വാമിയെക്കുറിച്ചുള്ള ഈ അറിവുമാത്രംകൊണ്ടു് ഞാൻ കൃതാർത്ഥയുമാണു്.

അനുഭവ വിവരണങ്ങൾ 3

പ്രൊഫ: കുമ്പളത്തു ശാന്തകുമാരി അമ്മ

ശ്രീ ചട്ടമ്പിസ്വാമികൾ ഞങ്ങളുടെ വീടായ കുമ്പളത്തു് വന്നുവിശ്രമിക്കുന്ന കാലങ്ങളിൽ ഞാൻ ജനിച്ചിട്ടില്ല. എന്റെ അമ്മയ്ക്കുപോലും എട്ടുവയസ്സേ അന്നു് പ്രായമുണ്ടായിരുന്നുള്ളു. സമാധിയോടടുപ്പിച്ചു് തിരുവടികൾ കുമ്പളത്തുവന്നു വിശ്രമിക്കുന്ന കാലത്തു്, എന്റെ വല്യമ്മാവനായ ശ്രീ കുമ്പളത്തു ശംകുപ്പിള്ളയുടെ സഹധർമ്മിണി ശ്രീമതി കാരുവള്ളിൽ ജാനകിയമ്മ ഗർഭിണിയാണു്. ആദ്യഗർഭമായിരുന്നു അതു്. സുഖപ്രസവത്തിനു് സ്വാമിതിരുവടികൾ അമ്മാവിക്കു് ഒരു പൊട്ടുമരുന്നു പറഞ്ഞുകൊടുത്തു. വലിയ ചെലവൊന്നുമില്ലാത്ത മൂന്നാലുകൂട്ടം പച്ചമരുന്നുകൾ. അതു് പാകപ്പെടുത്തി നെയ്യിൽ കാച്ചി സേവിക്കണം. ഏഴാം മാസം മുതലേ അതു സേവിക്കാവു. മത്സ്യമാംസാദികൾമാത്രം ഔഷധസേവാകാലത്തു കഴിച്ചുകൂടാ. മരുന്നുണ്ടാക്കേണ്ട വിധം പറഞ്ഞുകൊടു

ത്തിട്ടു്, 'ഇതു സേവിച്ചാൽ അടുത്ത മുറിയിലിരിക്കുന്ന വർപോലുമറിയാതെ പ്രസവം നടക്കും'' എന്നും തിരുവടികൾ അരുളിച്ചെയ്തു. ഞങ്ങളുടെ കുടുംബത്തിൽ ഇന്നും എല്ലാവരും ഈ മരുന്നാണു് സേവിക്കുന്നതു്. സേവിക്കുന്നവർക്കെല്ലാം സ്വാമികൾ അരുളിച്ചെയ്ത ഫലംതന്നെയാണു് അനുഭവപ്പെട്ടിട്ടുള്ളതും.

1956 മേടമാസം 10-ാം തീയതി ഞാൻ വിവാഹിതയായി. എനിക്കു് അന്നു് പത്തൊൻപതു വയസ്സേ പ്രായമുള്ളു. അടുത്ത വർഷം ഞാൻ ഗർഭിണിയായി. എന്റെ പ്രിയഭർത്താവു് പ്രൊഫ: ജഗതി വേലായുധൻ നായർ, അദ്ദേഹത്തിന്റെ ഗുരുനാഥനായ കരുംകുളം സി. നാരായണപിള്ളയവർകളുടെ സഹധർമ്മിണിയായ ഡോ. കമലമ്മയുടെ അടുക്കൽ കൊണ്ടുപോയി എന്നെ പരിശോധിപ്പിച്ചു. മാസക്കണക്കിനുണ്ടാകാവുന്നതിനേക്കാൾ വലിപ്പം വയറിനു കാണുന്നുണ്ടെന്നും ഒരു 'എക്സ്റേ' എടുത്തുനോക്കണമെന്നും ഡോക്ടർ പറഞ്ഞു. എന്നോടു പുത്രീനിർവിശേഷമായ സ്നേഹവായ്പുള്ള ഡോക്ടർ അവരുടെ കാറിൽ ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി എക്സ്റേ എടുപ്പിച്ചു. പിറ്റേന്നു് എന്റെ ഭർത്താവിനെ വിളിപ്പിച്ചു് പ്രസവത്തിനു വീട്ടിലയയ്ക്കരുതെന്നും, ആശുപത്രിയിൽ മതിയെന്നും, ഗർഭാശയത്തിൽ കുഞ്ഞു് കയ്യും കാലും നീട്ടിക്കിടക്കുകയാണെന്നും, ഈ വിവരമൊന്നും എന്നെ അറിയിക്കരുതെന്നും പറഞ്ഞു. ഏഴാംമാസം ആരംഭിച്ചതു മുതൽ ഞാൻ ചട്ടമ്പിസ്വാമിയുടെ നെയ്യു് ഭക്തിയോടും പഥ്യാചരണത്തോടും കഴിച്ചു. പ്രസവകാലമായപ്പോൾ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡോക്ടറുടെ കണക്കുകൂട്ടലനുസരിച്ചുള്ള ദിനങ്ങൾ കഴിഞ്ഞിട്ടും പ്രസവം നടക്കാതിരുന്നതുകൊണ്ടു് അവർ എന്തോ മരുന്നു കുത്തിവച്ചു. എന്നിട്ടും തഥൈവ. ഒടുവിൽ കുഞ്ഞിനെ പുറത്തേയ്ക്കെടുക്കുകയല്ലാതെ മാർഗ്ഗമൊന്നുമില്ലെന്നു പറഞ്ഞു് തിയേറ്റർ സജ്ജീകരിക്കാൻ ഏർപ്പാടുചെയ്തശേഷം ഡോക്ടർ 'റൗണ്ഡ്സി'നുപോയി. എന്തദ്ഭുതം പത്തുമിനിട്ടു കഴിഞ്ഞുകാണും. ഒരു നഴ്സ് എന്തിനോ മുറിയ്ക്കകത്തുവന്നു. അപ്പൊഴേയ്ക്കും ഞാൻ സുഖമായി പ്രസവിച്ചു കഴിഞ്ഞിരിക്കുന്നു. ഞാൻ കിടന്നിരുന്ന മുറിയുടെ വെളിയിൽ ഇരുന്നിരുന്ന എന്റെ അമ്മയും അമ്മായിയമ്മയും പോലുമറിഞ്ഞില്ല, ഞാൻ പ്രസവിച്ച വിവരം. നഴ്സ് അറിയിച്ചതനുസരിച്ചു് ഡോക്ടർ ഓടിയെത്തി.

അന്നു വൈകുന്നേരം ഡോക്ടർ എന്നോടു പറഞ്ഞു:-

''ഇതൊരദ്ഭുതം തന്നെയാണു്. ഞാൻ സ്റ്റെത്തെടുത്തിട്ടു് ഇരുപത്തിയഞ്ചുവർഷമായി. ഞങ്ങളുടെ ഭാഷയിൽ 'ബ്രീച്ച് എക്സ്റ്റൻഡഡ്' (കുഞ്ഞു് കൈയും കാലും നീട്ടി ഗർഭാശയത്തിൽ കിടക്കുക) എന്നുപറയുന്ന ഇത്തരം കേസുകൾ നാച്ചറൽ ഡലിവറിയായ ഒരു സംഭവം ഇന്നുവരെ മെഡിക്കൽ സയൻസിലുണ്ടായിട്ടില്ല.''

''ചട്ടമ്പിസ്വാമിയുടെ നെയ്യു് – ഞങ്ങൾ അങ്ങനെയാണു പറയുക – കഴിച്ചാൽ അടുത്തിരിക്കുന്നവരറിയാതെ പ്രസവം നടക്കുമെന്നു് അവിടുന്നുതന്നെ പറഞ്ഞിട്ടുണ്ടു്.'' – ഞാൻ ഡോക്ടറോടു പറഞ്ഞു. ഡോക്ടറുടെ മക്കൾക്കുവേണ്ടി പിന്നീടു് ഈ മരുന്നു് ഞങ്ങളെക്കൊണ്ടു വാങ്ങിപ്പിച്ചിട്ടുമുണ്ടു്.

Reminiscences. 1

G.Bhaskaran Nair I A S (Rtd)
(Former Chief Secretary and
Adviser to the Governor of Kerala)

Chattambi Swami was an unseen presence in the house where I grew up. Both my parents - Kalluveetil Govinda Pillai and Chittalloor Bharathi Amma - belonged to families to which Swami (or Swamiar as my mother used to refer to him) was a frequent visitor and in which he was held in great reverence. In fact Swami was an in-mate of Kalluveedu for quite some time. Striking a personal note I have been told that I am beholden to Swami for my name Bhaskaran as he insisted I be named instead of Thankappan as my mother desired to call me. Of course in later times my wife sometimes felt that Thankappan may perhaps have rhymed better with her name Thankam - but I have

always considered the change for the better.

Scarcely a day passed without some reference in our household to Swamy's mysterious powers of the mind. I will, however, confine myself in this article to anecdotes related to me by my father and vouched for by him.

The first is regarding my eldest brother G.K. Nair (K for Krishnan). As was the custom in upper middle class families at that time, my brother sailed to Britain for higher studies after passing the Intermediate Exam when he was 15 years old. He got himself admitted to the university of St Andrews in Dundee, Scotland. He graduated in Engineering, specialised in Hydro Electrical Engineering and returned to Trivandrum in 1930. Meanwhile he had married a Scottish girl. He joined Electricity Department of the erstwhile state of Travancore. In 1942 - during the War - he opted for war service and joined the Ordnance Factory in Lucknow on deputation from the State Service. While there my brother contracted Enteric fever (typhoid) and died early in the year 1944. When the news of his death reached my father at Trivandrum, one of the first things my father told me in his sorrow was how Chattampiswamy had foretold this catastrophe. He said that as soon as my brother was born - in the year 1910 - Swamy had told him that the boy would live only for 34 years, that he would marry a girl from another vargam and that he would be of no assistance to my father. Apparently my father had for forgotten Swamy's predictions with the passage of years.

The other incident my father related to me about Chattampiswamy has its comic aspects in addition to its moral value: My father was a great lover of cards and no

evening was complete for him without a game of bridge. When he was Sub Divisional Officer in the State P.W.D at Attingal - must have been around the year 1910 or so - the practice was for the local Munsiff to come to my father's residence and for both of them to proceed to the local club for their evening game of cards. One evening, on seeing the Munsiff from a distance from the verandah, my father went inside to get dressed for the club. At that time Swamy was seated in a canvas deck chair in the verandah in a state of meditation. A few minutes later my father was surprised to hear the Munsiff shouting out for him and asking for water. My father hurried outside with a glass of water. He was shocked to see the Munsiff in considerable distress, having shed most of his clothes and gasping for air. After helping his friend to a little water from the glass my father asked the Munsiff whether he had by any chance been thinking anything bad or critical of Swamy who by this time was sitting up in his chair. The Munsiff then told him that he had wondered why the old man had not stood up to greet him on his entering the house. My father immediately realised what had gone wrong and explained to his friend who the "old man" was and said he would be perfectly all right if he begged the Swamy's forgiveness. The Munsiff promptly prostrated himself before Sway and Swamy blessed him saying "മനുഷ്യർക്കു് അഹംഭാവം പാടില്ല'. Needless to add that the Munsiff was completely recovered and well from then on.

Another incident that comes to my mind - is regarding Swamy asking my father's mother to prepare a feast for the guests whom he would be bringing for dinner that evening. What was everyone's surprise when the

guests - about one hundred and one if I remember right - turned out to be stray street dogs who had followed the Swamy in an orderly manner, one behind the other! After dinner at Swamy's command all the dogs left silently in the same orderly fashion.

Reminiscences. 2

K. Ayappan Pillai,
Advocate, Shrof House,
Thycaud, Trivandrum.

Much has been said and written about the multifaced life of Sree Vidyadhi Raja Chattambi Swamikal - his erudition, scholarship, command of Indian languages, humour, compassion, secular outlook and love for all living creatures. I only want to bring to light some of his predictions made during his conversations with my father and uncle, which eventually turned out to be true.

My father, late Sri. A Kumara Pillai, Retired secretary to the Government of the erstwhile state of Travancore, was one of his lay disciples. My maternal uncle the late Thachudaya Kaimal, another ardent devotee of his, had the unique privilege to have Swamiji as a resident with him in his Kotilakkal Palace in Iringalakuda for a long period from 1093 to 1097 (M.E). Kaimal looked up to Swamiji as his philosopher, guide and above all his revered Guru.

I remember vividly the visit of Chattambi Swami in our house in Parur, a few days after the passing away of

my mother in Dhanu 1095. I was then studying in the Primary class. It was a Sunday morning. My elder sister and myself were sitting near my paternal grandmother in the verandah of our house. My father was sitting in his room. Suddenly the gates of our compound were opened. We all looked towards the gate. My grandmother said in hushed tone "Chattambi Swami is coming". We all stood up. Father went out to the courtyard and welcomed him respectfully. A long white-bearded gracious old person, wearing a spotless white "mundu" and a white angavastrum appeared there. I saw him for the first time. As he stepped into the verandah, all of us prostrated before him one after another. Seeing us - children - Chattambi Swami gently approached us and patted our backs affectionately and comforted us in our bereavement. He then turned to my father and grandmother and spoke. Later father narrated to me what Chattambi Swami had told him that day while consoling him. He foretold that my father would have to face another similar tragedy with in a month. He also said `Don't get upset by the loss of another close relative. Be always calm and cool. Then only you can face challenges boldly." On the request of my father to identify the impending victim, Swamiji mentioned the first letter of a name. Father was shocked to realise that the letter referred to the name of his only sister staying in Thottummughom nearly two miles east of Alwaye. Swamiji left for Iringalakuda next morning.

A couple of days after Swamiji's memorable visit, my father proceeded to Thottummughom and met his sister. He found her quite hale and healthy. But during his next visit after a week he found her having slight fever.

This upset him particularly because of Swamiji's prediction. He, therefore took the Medical Officer, Alwaye to his sister and got her examined. Doctor found nothing serious. However, in a weeks' time she developed typhoid and breathed her last just twenty-five days after Swamiji's prediction.

Another prediction of Chattambi Swami about which I came to know from my uncle (the late Thachudaya Kaimal) was about the future of Thachudaya Kaimal's position. His long association with Swamiji made him a staunch follower of Swamiji. Inspired by his teachings, Kaimal allowed the "so-called untouchables" to enter and work in his extensive palace compound despite stiff opposition from many powerful quarters. Subsequent to the Temple Entry Proclamation of the Maharaja of Travancore, the then Maha Raja of Cochin - an orthodox Namboothiri - banned the Namboothiris who officiated in the temples of Travancore from entering Cochin temples and bathing in the public tanks. Tharana Nalloor Namboothiripad was the Chief Priest of Iringalakuda Koodalmanikkom temple, of which Thachudaya Kaimal was the sole spiritual and administrative authority under an Agreement between the Rulers of Travancore and Cochin. The Cochin Ruler advised Kaimal to prevent Tharana Nalloor Namboothiripad from entering the Koodalmanikkom temple to conduct poojas. But Kaimal hesitated to oblige him. This action created great tension throughout the Cochin state and gave rise to a cold war between the Rulers of Cochin and Travancore which later called for the intervention of the viceroy of India. During this period I accompanied my father to visit Kaimal. We saw him firm

in his views, Then he revealed to us what Chattambi Swami told him long ago about the position of Kaimal. I reproduce below the words of Chattambi Swami, from memory:-

"You will be the last Thachudaya Kaimal to hold this position with full temporal and spiritual powers. Only five Kaimals are destined to hold such full powers; and you happen to be the fifth and so the last".

Swamiji's prediction came true long after his Samadhi during the Chief Ministership of late Sri. Atchutha Menon when Koodalmanikkom Devaswam was brought under a separate Board by legislative enactments.

Another wonderful event involving Chattambi Swami, as narrated to me by my father is noted below:-


`Chattambi Swami, one day landed at Munambom boat jetty with a bundle containing a few printed copies of his publication "പ്രാചീനകേരളം" enroute to Parur. He engaged a boy to carry the bundle along with him to Parur. As they reached Koonammavu, three Christian youths stopped them and threatened Swamiji that he would not be allowed to proceed further with the bundle, if he refused to pay them money. Swamiji informed them that he had no money with him. Still they were adament and continued to obstruct his passage. Swamiji asked the boy to put down the bundle on the road so that the youths could do any thing with it. The boy did so and followed Swamiji to Parur. Then, one youth came forward and stooped to examine the bundle. As he bent, he got a catch on his back and started howling with intense pain. The other two also came and attempted to take the bundle. They too had the painful



മലയൻകീഴ് മച്ചേലുള്ള
ശ്രീചട്ടമ്പിസ്വമികളുടെ തറവാടായ വേണിയത്തുവീടിന്റെ പൊളിച്ചു മാറ്റാത്ത ഭാഗം

വേണിയത്തുവീട്ടിൽ സ്വാമികൾ വിശ്രമിക്കാറുള്ള സ്ഥലം





മച്ചേലുള്ള തറവാടു വീടു് പൊളിച്ചപ്പോൾ മാറ്റി സ്ഥാപിച്ച തട്ടു്

കൊല്ലൂർ (കണ്ണന്മൂല) മഠത്തിനു് തെക്കുള്ള ദേവീക്ഷേത്രം



experience of their friend. When those three were crying aloud with pain, people gathered there and tried to help them to stand erect. But that only aggravated their back pain. Seeing the crowd, a Catholic Priest of the neighbouring Church came there and made enquiries. When he understood that the youths had harassed no less a person than Chattambi Swami, he admonished them for their misbehaviour and urged one of the boys in the crowd to run after Swamiji and implore his help in relieving the pain of the youths. He also asked the boy to apologise on behalf of those youngsters. The boy immediately went and saw Swamiji on the way and sought his help and pardon. Swamiji directed the boy to ask the youths to take the bundle to him and said that they would be soon relieved of their pain. The boy ran back and informed the youths what Swamiji had said. They became normal and relieved of their pain as they took the bundle. They met Swamiji in his camp with the bundle and expressed their profound regrets for their misdeeds.

iii

ചില അദ്ഭുത സംഭവങ്ങൾ

സമ്പാദകർ
കുമ്പളത്തു വി.എസ്.നായർ, എം.എ.
ഡോ. കുമ്പളത്തു വി.പി.നായർ.

(ഊർജ്ജംനിറച്ച ബാറ്ററിപോലെയാണു് യോഗീശ്വരന്മാരുടെ തപഃശക്തി. ബൾബുകൾ കത്തിക്കുംതോറും ബാറ്ററിയുടെ ഊർജ്ജം നഷ്ടപ്പെട്ടുകൊണ്ടിരിക്കും. അതുപോലെ അദ്ഭുതങ്ങൾ കാണിക്കുംതോറും ഋഷീശ്വരന്മാരുടെ അന്തഃശക്തിക്കും കുറവുണ്ടാവുന്നു. അതുകൊണ്ടാണു് 'അദ്ഭുതങ്ങൾ കാണിച്ചു് ശിഷ്യന്മാരുടെയും കാണികളുടെയും മനസ്സുകളെ വശീകരിക്കുന്നതു ഹിംസയാണെ'ന്നു് ശ്രീ ചട്ടമ്പിസ്വാമികൾ ഒരവസരത്തിൽ തീർത്ഥപാദപരമഹംസസ്വാമികളോടു പറഞ്ഞതു്. എന്തദ്ഭുതം കാണിക്കാനും ചട്ടമ്പിസ്വാമികൾക്കു കഴിയും. പക്ഷേ ഒരദ്ഭുതവും അദ്ദേഹം കാണിക്കാറില്ല. അതു് അവിടുത്തേയ്ക്കു് ഇഷ്ടവുമല്ല. എങ്കിലും സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടോ അവശ്യകതകൊണ്ടോ ചിലപ്പൊഴെല്ലാം ചില വിനോദലീലകൾ അവിടുന്നു നടത്തിയിട്ടുണ്ടു്. കുട്ടികളെ രസിപ്പിക്കാനോ, തന്നെ ആശ്രയിക്കുന്നവരെ രക്ഷിക്കാനോ ആയിരിക്കും അങ്ങനെ ചെയ്തിരുന്നതു്. അങ്ങനെയുള്ള ചില സംഭവങ്ങളാണു് ചുവടേ ചേർക്കുന്നതു്. ചിലതു് നേരത്തേ പ്രസിദ്ധീകൃതങ്ങളാണു്. രേഖപ്പെടുത്തിയവരുടെപേരു് അവയോടൊപ്പം കൊടുത്തിട്ടുണ്ടു്. മറ്റുള്ളവ കേട്ടറിഞ്ഞിട്ടുള്ളതാണു്.)

പ്രസാധകസമിതി.

1

"ഞാനൊരിക്കൽ സ്വാമികളോടൊന്നിച്ചു് മലയാറ്റൂർ പോയിരുന്നു. അവിടെ ആറ്റുവക്കത്തു് ഞങ്ങൾ നില്ക്കുകയായിരുന്നു. ഒരു വലിയ ഇരപ്പുകേട്ടു. ഞങ്ങൾ നോക്കിയപ്പോൾ ഒരു വലിയ തവള വെള്ളത്തിലേയ്ക്കു ചാടിക്കളഞ്ഞു.

അതിനെ പിൻതുടർന്നുവന്ന ഒരു ക്രൂരസർപ്പം പത്തിയും വിടർത്തി ക്രുദ്ധിച്ചുനില്ക്കുന്നു. ആ ഭയങ്കരകാഴ്ചയിൽ ഞാൻ സംഭ്രാന്തനായി. അതുപോലെ ഒരിക്കലും ഭയം എന്നെ ബാധിച്ചിട്ടില്ല. സ്വാമികൾ സർപ്പത്തോടായി ഇങ്ങനെ പറഞ്ഞു. ''ഛീ. അതിനെ തൊടരുതു്. പോ.'' സ്വാമിയുടെ കാലടികളിൽനിന്നും മൂന്നു ചുവട്ടടിയിലധികം അകലെയല്ലാതെ ഫണം വിടർത്തി നിന്ന ആ ക്രൂരസർപ്പം ഈ ആജ്ഞ കേൾക്കാത്ത താമസം, പത്തി ചുരുക്കി വന്നവഴി സാവധാനത്തിൽ പോകയുണ്ടായി.[1]

കരിമ്പുവിളാകം ഗോവിന്ദപ്പിള്ള
(റിട്ടയാർഡ് ഫിനാൻഷ്യൽ സെക്രട്ടറി.)

2

ഒരുദിവസം, ഞായറാഴ്ച വൈകുന്നേരം തിരുവടികൾ അകമ്പടിസഹിതം ക്ഷേത്രദർശനത്തിനു പോവുകയാണു്. മുമ്പേ സ്വാമിയും, പിമ്പേ ശ്രീ ആണ്ടിപ്പിള്ളയും[2] തുടർന്നു് ഞാനുൾപ്പെടെ കുറച്ചുപേരും ഉണ്ടായിരുന്നു. ക്ഷേത്രക്കുളത്തിന്റെ തെക്കുവശത്തുകൂടി ഞങ്ങൾ പടിഞ്ഞാറോട്ടുനടന്നു. ചില കുസൃതിക്കുട്ടികൾ കല്ലെറിയുകയാൽ ഒരു ചേര ഗതിവേഗത്തോടെ പടിഞ്ഞാറുള്ള കയ്യാലയുടെ തിരുവിൻ കിഴക്കോട്ടിഴഞ്ഞു് സ്വാമികളുടെ മുമ്പിൽ അകപ്പെട്ടു. 'അതാ ഒരു ചേര' എന്നു, സംഭ്രമത്തോടെ ആണ്ടിപ്പിള്ള അവർകൾ പറഞ്ഞു. 'ചേരയെ ഇത്ര ഭയമോ' എന്നു ചോദിച്ചുകൊണ്ടു്, തൽക്ഷണം അതിന്റെ മുമ്പിലിരുന്നു കൈനീട്ടി ''വാ മക്കളേ! ഭയപ്പെടേണ്ട; വരിക'' എന്നു സ്വാമികൾ ദയാപുരസ്സരം പറഞ്ഞു. ചേര ഒന്നു തലപൊക്കി നോക്കിയശേഷം സാവധാനം ഇഴഞ്ഞു് തന്റെ രക്ഷകനായ ആ ജടാധാരിയുടെ നീട്ടിയ നീണ്ട വാമഹസ്തത്തിൽ നക്കുകയും, ആ കൈയിന്മേൽ ഒന്നുചുറ്റി അല്പസമയം ഇരിക്കുകയും ചെയ്തു. ഉടനെ സ്വാമികൾ എഴുന്നേറ്റു് അതിനെ കയ്യാലയുടെ മൺഭിത്തിപ്പുറത്തുകൂടി അകത്തേയ്ക്കുകയറ്റിവിട്ടു. ''ജീവികളെ ഒരിക്കലും ഉപദ്രവിക്കരുതു്; നിങ്ങൾ അതിനെ യഥാർത്ഥമായി സ്നേഹിച്ചാൽ അതു നിങ്ങളേയും സ്നേഹിക്കും'' എന്നു് കുട്ടികളോടായി ഗുണദോഷിച്ചുകൊണ്ടു് ആ യതിവര്യൻ ഞങ്ങളുടെ അകമ്പടിയോടുകൂടി അമ്പലത്തിലേയ്ക്കു കടന്നുപോയി.''[3]

ജി. കൃഷ്ണപിള്ള,
(മാവേലിക്കര.)

---

1 ശ്രീ ചട്ടമ്പി സ്വാമി ശതാബ്ദസ്മാരക ഗ്രന്ഥം.
2 ഇദ്ദേഹം അന്നു് മാവേലിക്കര മജിസ്ട്രേട്ടായിരുന്നു.
3 ശ്രീ ചട്ടമ്പി സ്വാമി ശതാബ്ദസ്മാരക ഗ്രന്ഥം. പു.റം.106.

3

1096-മാണ്ടു് ഇടവത്തിലെ ആദ്യത്തെ ശനിയാഴ്ച. സാമാന്യം നല്ല മഴയുള്ള ഒരു ദിവസം. സ്വാമികൾ ഒറ്റ വെള്ള വസ്ത്രം മാത്രം ധരിച്ചുകൊണ്ടു് ഒരു മടക്കുകസാലയിൽ കിടക്കുകയാണു്. കൃഷ്ണപിള്ള ശാസ്ത്രിയും ഞാനും ഒരു തിണ്ണയിൽ ഇരിക്കുന്നു. ആണ്ടിപ്പിള്ള അവർകൾ ഉദ്യോഗസംബന്ധമായി അകത്തിരുന്നു് എന്തോ എഴുതുകയാണു്. ഈ സമയം തിണ്ണയുടെ ഒരു ഭാഗത്തു് ഒരു തൂണിന്റെ ചുവട്ടിൽ എണ്ണമില്ലാതെ എറുമ്പുകൾ കൂട്ടംകൂടി പരസ്പരം മന്ത്രിച്ചുകൊണ്ടു നില്ക്കുന്നു. തൂപ്പുകാരൻ തൂറപ്പയുമായിവന്നു് അവയെ എല്ലാം തൂത്തു മുറ്റത്തേയ്ക്കുമാറ്റി. ആ അല്പപ്രാണികൾ മുറ്റത്തെ നനഞ്ഞ മണ്ണിൽ വീണു പിടയ്ക്കുവാൻ തുടങ്ങി. സ്വാമികൾ ഇതുകണ്ടു് വളരെ കുണ്ഠിതപ്പെടുകയും, തൂപ്പുകാരനെ ശാസിക്കുകയും ചെയ്തു. ആർദ്രചിത്തനായ അദ്ദേഹം നിറഞ്ഞ കണ്ണുകളോടുകൂടി അവനോടുപറഞ്ഞു, വേഗം കുറെ അരി ഇടിച്ചുപൊടിച്ചുകൊണ്ടുവരാൻ. അവർ ഹാജരാക്കിയ പൊടി സ്വാമി കയ്യിൽ വാങ്ങി താഴത്തെ ചെറു തിണ്ണയിൽ ചിതറിക്കൊണ്ടു് 'വേഗം കയറിവരിൻ മക്കളേ''. എന്നുപറഞ്ഞു് ചൂളമിടുന്ന മാതിരി ഒരു സ്വരം പുറപ്പെടുവിച്ചു. എറുമ്പുകൾ പിറകേ പിറകേയായി ആ തിണ്ണയിലേയ്ക്കു് ഒരു വഴിത്താര തെളിച്ചു. അരിപ്പൊടി ചിതറിയ ഭാഗത്തെല്ലാം കയറി നിറഞ്ഞു. ആ അവധൂതൻ മേൽത്തിണ്ണയിലിരുന്നുകൊണ്ടു് വലത്തേ പാദം താഴെ എറുമ്പുകളുടെ സമീപത്തായി ഊന്നി. അല്പനിമിഷംകൊണ്ടു്, രോമംനിറഞ്ഞ ആ മുഴങ്കാൽ മുഴുവൻ എറുമ്പുകൾ പൊതിഞ്ഞുകഴിഞ്ഞു. അദ്ഭുതകരമായ ആ കാഴ്ച ഏകദേശം മുക്കാൽ മണിക്കൂർനേരം ഞങ്ങളെ ആശ്ചര്യപരതന്ത്രരാക്കി. ബാക്കി അരിപ്പൊടി അല്പം അകലെ വിതറിയശേഷം അവയോടു് ഇറങ്ങിപൊയ്ക്കൊള്ളാൻ സ്വാമികൾ ആജ്ഞാപിക്കുകയും, ഭക്ഷണസാധനത്തിന്റെ ഓരോതരിവായിലാക്കിക്കൊണ്ടു് അവ ഒന്നൊഴിയാതെ വന്നവഴിയേ യാത്രയാവുകയും ചെയ്തു.[1]

ജി. കൃഷ്ണപിള്ള,
(മാവേലിക്കര.)

---

1 ശ്രീ ചട്ടമ്പി സ്വാമി ശതാബ്ദസ്മാരക ഗ്രന്ഥം. പു൦. 107.

4

ആണ്ടിപ്പിള്ള അവർകളുടെ വക വിലയേറിയ ഒരു കോടിക്കസവു നേരിയതു് ഒരു മുറിയുടെ ഭിത്തിയോടു ചേർത്തുകെട്ടിയിരുന്ന ഒരശയിൽ ഇട്ടിരുന്നു. രാത്രിയിൽ അതിന്റെ ഏതാനും ഭാഗം എലി കരണ്ടു് ഉപയോഗയോഗ്യമല്ലാതാക്കി. ആണ്ടിപ്പിള്ള അവർകൾ ഈ വിവരം സ്വാമികളോടു പറയുകയും, മുണ്ടുകൾ സൂക്ഷിക്കണമെന്നു് സ്വാമികൾ ഒരു മുന്നറിയിപ്പുകൊടുക്കുകയും ചെയ്തു. ഇതിനു പരിഹാരമായി അന്നുരാത്രി സ്വാമികൾ ഒരു നല്ല പ്രയോഗം ചെയ്തു. ക്ഷേത്രത്തിൽനിന്നും പ്രസാദമായി കൊണ്ടുവന്നിരുന്ന കുറെ ഉണ്ണിയപ്പം എടുത്തുകൊണ്ടുവരുവാൻ വേലക്കാരനോടു പറഞ്ഞു. സ്വാമി, അതുവാങ്ങി പിച്ചിക്കീറി പല കഷണങ്ങളാക്കി മുറിയിൽ അവിടവിടെ ഇട്ടു. അനന്തരം മേൽപ്പോട്ടുനോക്കി 'വരിൻ കുഞ്ഞുങ്ങളേ വരിൻ'– ഇതാ ഉണ്ണിയപ്പം. വരിൻ' എന്നുപറഞ്ഞു് കൈകൊട്ടി വിളിച്ചു. ഒരു നേരിയ സ്വരം പുറപ്പെടുവിച്ചുകൊണ്ടു് പിന്നെയും വിളിച്ചു. അല്പം കഴിഞ്ഞപ്പോൾ കുറെ എലികൾ ഓടിയിറങ്ങിവന്നു് അപ്പക്കഷണം പെറുക്കി തിന്നാൻ തുടങ്ങി. അപ്പക്കഷണം തീർന്നുവെന്നു കണ്ടപ്പോൾ സ്വാമികൾ ഇങ്ങനെ പറഞ്ഞു. "വില പിടിച്ച നേരിയതാണു് നിങ്ങൾ നഷ്ടപ്പെടുത്തിയതു്. ഈ മാതിരി ഉപദ്രവങ്ങൾ ചെയ്യരുതു്. വല്ല തീറ്റിസാധനങ്ങളും നശിപ്പിച്ചിരുന്നെങ്കിൽ ആർക്കും സംശയമില്ല. ഇനിയും ആണ്ടിപ്പിള്ളയെ ഇങ്ങനെ ഉപദ്രവിക്കരുതേ! പോകാം" എലികൾ പലവഴിക്കുമായി പലായനം ചെയ്തു! പിന്നെ ആ വീട്ടിൽ എലിയുടെ ഉപദ്രവം ഉണ്ടായിട്ടില്ല.[1]

ജി. കൃഷ്ണപിള്ള,
(മാവേലിക്കര)

5

"സ്വാമികൾ വാഗ്ദാനം നിറവേറ്റി എന്റെ ഒരുമിച്ചു് രണ്ടുമൂന്നുമാസം താമസിച്ചു. പ്രഭാതത്തിൽ സ്വാമികൾ നടക്കാനായി പുറത്തുപോകും. പത്തുമണിയാകുമ്പൊഴേയ്ക്കും മടങ്ങിയെത്തും. ഈ യാത്ര മിക്കവാറും തന്റെ പുതുവൽ ഭൂമി

---

1 ശ്രീ ചട്ടമ്പി സ്വാമി ശതാബ്ദസ്മാരക ഗ്രന്ഥം. പുറം. 108.

യിലേയ്ക്കു് (കോടനാട്ടു വനങ്ങളിൽ) ആയിരിക്കും. ഒരുദിവസം സ്വാമികൾ മടങ്ങിവരാൻ പതിവിലധികം താമസിച്ചു. അന്നു് അദ്ദേഹത്തെ കാണാൻ പറവൂർനിന്നും ഒരാൾ വന്നെത്തി. ഇയാൾക്കു് അടിയന്തിരമായി മടങ്ങേണ്ടിയിരുന്നതിനാൽ പണിക്കരുമൊന്നിച്ചു് സ്വാമികളെ അന്വേഷിച്ചു് പുതുവലിലേയ്ക്കുപോയി. വീട്ടിലെത്തിയപ്പോൾ സ്വാമികൾ പുറത്തുപോയിരിക്കുകയാണെന്നറിഞ്ഞു് രണ്ടാളും തെക്കുഭാഗത്തുള്ള ചെറുകുന്നിൻപുറത്തേയ്ക്കു തിരിച്ചു. അവിടെ നിന്നു ചുറ്റും നോക്കുമ്പോൾ അതിന്റെ തെക്കേ താഴ്വരയിൽ സ്വാമികൾ ഒരു ഭയങ്കര വ്യാഘ്രത്തിനഭിമുഖമായി നില്ക്കുന്നതു് ഇവർ കണ്ടു. അപ്പോൾ അവർക്കുണ്ടായ ഭയവും സംഭ്രമവും ഇത്രയെന്നു വർണ്ണിക്കാൻ പ്രയാസം. രണ്ടാളും പ്രാണരക്ഷാർത്ഥം അടുത്തുണ്ടായിരുന്ന രണ്ടുവൃക്ഷത്തിൽ കയറിവിറച്ചുകൊണ്ടു് ഇതികർത്തവ്യതാമൂഢരായി, സ്വാമികൾക്കു് എന്തു സംഭവിക്കുമോ എന്നു ഭയപ്പെട്ടുകൊണ്ടു നോക്കിയിരുന്നു. ഇതിനിടയിൽ വ്യാഘ്രത്തോടു് സ്വാമികൾ എന്തൊക്കയോ പതുക്കെ പറയുന്നുണ്ടായിരുന്നു. അല്പം കഴിഞ്ഞപ്പോൾ കടുവാ തിരിഞ്ഞു് കിഴക്കുഭാഗത്തുള്ള തേക്കിൻ തോട്ടത്തിലേയ്ക്കും, സ്വാമികൾ സാവകാശം കുന്നിൻ മുകളിലേയ്ക്കും തിരിച്ചു. ആ താഴ്വരയിൽ പുല്ലുമേഞ്ഞുകൊണ്ടു നിന്ന ഒരുകൂട്ടം പശുക്കളെ ആക്രമിക്കാൻവേണ്ടി അടുത്ത കാട്ടിൽനിന്നു് പെട്ടെന്നു വന്നെത്തിയ ഒരു വ്യാഘ്രമായിരുന്നു അതു്. ഇതിന്റെ വരവു് എങ്ങിനെയോ മനസ്സിലാക്കിയ പശുക്കൾ ഭയന്നു തിരികെ ഓടുമ്പോൾ പിന്നിൽപ്പെട്ടുപോയ ഒരു സാധുമൃഗത്തെ ഇവൻ പിടികൂടുമെന്നുകണ്ടു് സ്വാമികൾ ഇടയിൽചാടി അതിനെ രക്ഷിച്ചതായിരുന്നു അവിടെ നടന്ന സംഭവം.[1]

കെ. നാണുപിള്ള.

(തിരുവിതാംകൂർ ഫോറസ്റ്റു് ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥനായിരുന്നു ഇദ്ദേഹം.)

6

ചട്ടമ്പിസ്വാമികൾ, ആയുർവേദ ഡയറക്ടറായിരുന്ന ഡോ. കെ. ജി. ഗോപാലപിള്ളയുടെ വീട്ടിൽ (തിരുവനന്തപുരത്തു് പുത്തൻചന്തയിൽ) വിശ്രമിക്കുന്നുവെന്നറിഞ്ഞു്, ശ്രീക

1 ശ്രീ ചട്ടമ്പി സ്വാമി ശതാബ്ദസ്മാരക ഗ്രന്ഥം. പുറം. 1032–133.

ണ്ടേശ്വരം പദ്മനാഭപിള്ള, തിരുവടികളെ സന്ദർശിക്കാൻ അവിടെ ചെന്നു. താൻ എഴുതിയ 'ശബ്ദതാരാവലി'യെന്ന മലയാള നിഘണ്ടുവിന്റെ കൈയെഴുത്തുപ്രതി സ്വാമികളെ കാണിച്ചു് അനുഗ്രഹം വാങ്ങാനാണു് അദ്ദേഹം ചെന്നതു്. ഗ്രന്ഥം സ്വാമിതൃപ്പാദങ്ങളിൽ വച്ചുവന്ദിച്ചു. ചട്ടമ്പിസ്വാമികൾ ഗ്രന്ഥമെടുത്തു് ഒന്നുമറിച്ചു നോക്കിയിട്ടു് 'ആർഭാടമില്ലെങ്കിലും കൊള്ളാം' എന്നുപറഞ്ഞു തിരികെ കൊടുത്തു. സ്വാമികൾ ഗ്രന്ഥം മുഴുവൻ മറിച്ചുനോക്കുകയോ, ഇടയ്ക്കിടയ്ക്കെങ്കിലും പ്രായിച്ചുനോക്കുകയോ ചെയ്യാതെ തിരിച്ചുകൊടുത്തതിൽ അദ്ദേഹത്തിനു കുണ്ഠിതം തോന്നി. സ്വാമികൾ പറഞ്ഞതിന്റെ പൊരുളെന്തെന്നു മനസ്സിലാകാതെ തിരിച്ചുപോയ അദ്ദേഹം വീട്ടിൽ മടങ്ങിയെത്തി, ഗ്രന്ഥം ഒന്നുകൂടി പരിശോധിച്ചു. 'ആർഭാടമില്ലെങ്കിലും കൊള്ളാമെന്നു് അവിടുന്നു പറഞ്ഞതു് എത്ര സത്യം. 'ആർഭാടം' എന്ന പദം ആ നിഘണ്ടുവിലില്ലായിരുന്നു. ഉടനെ അദ്ദേഹം ആ പദം എഴുതിച്ചേർക്കുകയും ചെയ്തു.

പ്രൊഫ: എൻ. കുഞ്ഞുകൃഷ്ണപിള്ള

7

''ഞാൻ എന്റെ താമസസ്ഥലത്തേയ്ക്കു് സ്വാമിതിരുവടികളെ പലപ്രാവശ്യം അഭ്യർത്ഥിച്ചു ക്ഷണിച്ചിട്ടുണ്ടു്. അപ്പോഴെല്ലാം 'വരാം' എന്നു് അരുളപ്പാടുണ്ടായിട്ടുള്ളതല്ലാതെ എന്റെ ആഗ്രഹനിവൃത്തി വരുത്തിയിരുന്നില്ല. ഒരുദിവസം സ്ക്കൂളിൽ അദ്ധ്യാപകവൃത്തിയും കഴിഞ്ഞു് ഞാൻ പതിവുപോലെ സ്വാമിസന്നിധിയിൽ എത്താനുള്ള ദ്രുതഗതിയിൽ അല്പം ലഘുഭക്ഷണത്തിനാരംഭിക്കവേ, അപരിചിതരെ കണ്ഠഗ്രാഹം ചെയ്തു് മുറവിളി വിളിപ്പിക്കുന്ന എന്റെ വീട്ടിലെ 'വീരൻ' എന്നപട്ടി അതിഗംഭീരമായി ഗർജ്ജിച്ചുകൊണ്ടു പായുന്നതുകണ്ടു. പിൻതിരിഞ്ഞുനോക്കിയപ്പോൾ, അഹോ! എന്തൊരദ്ഭുതം, മന്ദം മന്ദം നടന്നുവന്ന' സ്വാമിതിരുവടികളെ നമസ്കരിച്ചുകൊണ്ടു് ആ ഗംഭീര ശ്വാനൻ നിലംപതിച്ചു കിടക്കുന്നതും, സ്വാമിതൃപ്പാദങ്ങൾ അവനെ മന്ദം മന്ദം തലോടിക്കൊണ്ടിരിക്കുന്നതും കണ്ടു് ഞാൻ ഓടിച്ചെന്നു് രോമാഞ്ചകഞ്ചുകിതനായി പട്ടിയെപ്പോലെതന്നെ ദണ്ഡനമസ്കാരം ചെയ്തു. ആ തിരുമേനിയുടെ വശീകരണവിദ്യയ്ക്കു് വശ്യനാകാത്ത

ഒരു ജീവിയും ഈ വിശ്വത്തിലുണ്ടായിരിക്കുകയില്ലെന്നു് അന്നു് എനിക്കു പരമബോദ്ധ്യമാവുകയും ചെയ്തു.''[1]

ഏ. കൃഷ്ണപിള്ള ശാസ്ത്രി
(തലവടി)

8

''ഒരിക്കൽ ഒരു പാമ്പു് അദ്ദേഹത്തിന്റെ കാൽവിരലുകളിലൊന്നിന്മേൽ കടിച്ചു. അദ്ദേഹം കോൾവായ് സ്തംഭിപ്പിച്ചു് രക്തപ്രസരം തടഞ്ഞു് വിഷത്തെ അവിടെ നിർത്തി തുടച്ചുകളഞ്ഞു. അപരാധിയായ പാമ്പു് വ്യസനത്താലെന്നപോലെ അനങ്ങാതെ അവിടെത്തന്നെ കിടന്നു. സ്വാമികൾ അതിനെ ദയയോടെ തലോടി അതിനോടു പൊയ്ക്കൊള്ളാൻ പറഞ്ഞു. അതു് പതുക്കെ ഇഴഞ്ഞുപോയി.[2]

സി.എസ്. സുബ്രഹ്മണ്യൻപോറ്റി.

9

തെക്കൻ തിരുവിതാംകൂറിൽ, ഇരണിയൽ എന്ന സ്ഥലത്തുള്ള ഒരു നായർ പ്രഭുഭവനത്തിൽ ഒരിക്കൽ സ്വാമികൾ ചെന്നു. സ്വാമികൾ പലപ്പോഴും പോവുകയും വിശ്രമിക്കുകയും ചെയ്യാറുള്ള ഭവനമാണതു്. അന്നു് ഒരു വെള്ളിയാഴ്ചയാണു്. സന്ദർശകരായി വന്നുചേർന്ന ഭക്തജനങ്ങളൊക്കെ പിരിഞ്ഞപ്പോൾ അവിടുന്നു് ഉറങ്ങാനുള്ള ഒരുക്കമായി. പ്രധാന ഗൃഹത്തിന്റെ കിഴക്കുവശത്തുള്ള പടിപ്പുരയുടെ വരാന്തയായിരുന്നു രാത്രിയുറക്കത്തിനുവേണ്ടി സ്വാമികൾ തെരഞ്ഞെടുത്തതു്. പുൽപ്പായ്വിരിച്ചു് കിടന്നു. അപ്പോൾ ഗൃഹനായകൻ വെപ്രാളപ്പെട്ടു് ഓടിവന്നു് സ്വാമിയോടുപറഞ്ഞു, അവിടെ കിടക്കേണ്ട, മറ്റെവിടെ വേണമെങ്കിലും കിടക്കാമെന്നു്. 'എന്താണങ്ങനെ'- ചിരിച്ചുകൊണ്ടു് അവിടുന്നുചോദിച്ചു. കാര്യം പറയാൻ ഗൃഹനാഥൻ മടിച്ചെങ്കിലും, സ്വാമിയുടെ നിർബന്ധം മുറുകിയപ്പോൾ ഇങ്ങനെ പറഞ്ഞു. 'എന്റെ അനന്തരവൾ ഒരു പെൺകുട്ടിയുണ്ടു്, സ്വാമി. ഇരുപതു വയസ്സുപ്രായമായി. അവൾക്കു് ഏതോ ഗന്ധർവബാധയുണ്ടു്. എല്ലാ

[1] ശ്രീ ചട്ടമ്പി സ്വാമി ശതാബ്ദസ്മാരക ഗ്രന്ഥം. പുറം. 148.
[2] ശ്രീ ചട്ടമ്പി സ്വാമി ശതാബ്ദസ്മാരക ഗ്രന്ഥം. പുറം. 286

പൊവ്വാഴ്ചയും വെള്ളിയാഴ്ചയും സന്ധ്യകഴിയുമ്പോൾ അവൾ കുളിച്ചു് ശുഭ്രവസ്ത്രം ധരിച്ചു് തലയിൽ സുഗന്ധപ്പൂമാലചൂടി സർവാഭരണവിഭൂഷിതയായി ഈ പടിപ്പുരമുറിയിൽ കയറി കതകടയ്ക്കും. ഒഴിപ്പിക്കാൻ ഞങ്ങൾ പലതും ചെയ്തു നോക്കി. കഴിഞ്ഞിട്ടില്ല. വല്ല വിവാഹവും ഉറപ്പിച്ചാൽ, ഉറപ്പിക്കുന്നതിന്റെ അന്നു് ആ പയ്യൻ മരിക്കും. മൂന്നാലു് അനുഭവങ്ങളുണ്ടായി. ചൊവ്വയും വെള്ളിയും ഈ പടിപ്പുര വരാന്തയിൽ ആരും കിടന്നുറങ്ങാറില്ല. ഉറങ്ങുന്നയാൾ പിന്നീടൊരിക്കലും ഉണരുകയില്ല. ശവമായിരിക്കും രാവിലെ കാണുക. അതുകൊണ്ടു് സ്വാമി ഇവിടെ കിടക്കേണ്ട.''

എന്നാൽ ഞാനൊന്നു കിടന്നുനോക്കട്ടെ. നേരം വെളുക്കുമ്പോൾ ചാവാൻ കഴിയുമെങ്കിൽ അതല്ലേ സുഖം.'–സ്വാമികൾ പറഞ്ഞു. സ്വാമികൾ ഉടൻ കിടന്നു; ഉറക്കവും തുടങ്ങി. പക്ഷെ ഗൃഹനാഥനു് ഉറക്കം വന്നില്ല. ഒരു മഹായോഗി തന്റെ വീട്ടിൽവച്ചു് അപായപ്പെടുന്നതു് അദ്ദേഹത്തിനു് ഓർക്കാൻകൂടി കഴിഞ്ഞില്ല. ഗൃഹനാഥൻ ഉറക്കമൊഴിച്ചു്, സ്വാമികളെത്തന്നെ ശ്രദ്ധിച്ചുകൊണ്ടു് വീട്ടിനുള്ളിലിരുന്നു.

മണി മൂന്നടിക്കുന്ന ശബ്ദംകേട്ടു. രാത്രിയിലെ നാലാം യാമം ആരംഭിക്കുകയായി. അതാ സ്വാമികൾ എഴുന്നേറ്റിരുന്നു. ആരോടോ എന്തോ സംസാരിക്കുകയാണു്. ഒന്നും വ്യക്തമല്ല. അല്പസമയം ഇഴഞ്ഞുനീങ്ങി. സംസാരം നിലച്ചു. വീണ്ടും സ്വാമികൾ കിടന്നു.

പ്രഭാതത്തിനുമുമ്പു് ഉണർന്നെണീറ്റ സ്വാമിയെ അദ്ഭുതപൂർവം നോക്കിനിന്ന ഗൃഹനാഥനോടു് സ്വാമികൾ പറഞ്ഞു. 'ഇനി ഗന്ധർവന്റെ ഉപദ്രവമുണ്ടാവുകയില്ല. എല്ലാം പറഞ്ഞു ശരിയാക്കിയിട്ടുണ്ടു്.'' വിസ്മയംകൊണ്ടു് ഒരക്ഷരം മിണ്ടാൻ ഗൃഹനാഥനു കഴിഞ്ഞില്ല.

''ആ കുട്ടിയുടെ കല്യാണമൊക്കെ ഉടനെ നടക്കും''. സ്വാമികൾ തുടർന്നു. 'കല്യാണത്തിനു കിളവനും വരും'.

മാസങ്ങൾ ചിലതു കഴിഞ്ഞു. ആ പെൺകുട്ടിയുടെ കല്യാണം തീരുമാനിച്ചു. സ്വാമിയെ വിവരമറിയിക്കണ്ടേ? എങ്ങനെ അറിയിക്കാൻ? സ്വാമി എവിടെയാണെന്നു് ആർക്കറിയാം? ഗൃഹനാഥനു വിഷമം തോന്നി. വധു, കതിർമണ്ഡപത്തിലേയ്ക്കു കാൽവച്ചപ്പോഴുണ്ടു് സ്വാമികൾ അതാ മുമ്പിൽ നിൽക്കുന്നു. ഗൃഹനാഥനെ നോക്കി ചിരിച്ചുകൊണ്ടു സ്വാമികൾ പറഞ്ഞു.

''ഞാൻ വന്നേ.....''[1]

1. ഈ സംഭവം പാലക്കാട്ടുവച്ചു നടന്നതാണെന്നും കേട്ടിട്ടുണ്ടു്.

10

തീർത്ഥപാദസ്വാമികൾ, ചട്ടമ്പിസ്വാമികളോടൊത്തു പാർത്തു് യോഗസാധനകൾ പരിശീലിക്കുന്ന കാലം. സാധനകൾമൂലം സംസിദ്ധമാകുന്ന സിദ്ധിവിശേഷങ്ങളെക്കുറിച്ചു് സംസാരിക്കുന്നതിനിടയിൽ സ്വാമിതിരുവടികൾ പറഞ്ഞു, സിദ്ധികൾ ലഭിച്ചുകഴിഞ്ഞാൽ അതുപയോഗിച്ചു് അദ്ഭുതങ്ങൾ കാണിക്കരുതെന്നു്. അതു് ഒരർത്ഥത്തിൽ ഹിംസയാണെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. സിദ്ധികൾകൊണ്ടു് ഒരാളെ അങ്ങനെ വശീകരിച്ചാൽ അയാളുടെ മനസ്സു വാടിപ്പോകുമെന്നുംകൂടി അവിടുന്നു് അരുളിച്ചെയ്തു. ഇതു ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ വേണ്ടി സ്വാമി ഒരു സിദ്ധിപ്രയോഗം നടത്തി. തൊട്ടടുത്തു് ഒരു മരത്തിൽ പടർന്നുകയറിക്കിടക്കുന്ന ഒരു വല്ലിയുടെ നേരേ വിരൽചൂണ്ടിക്കൊണ്ടു്, ചുറ്റഴിഞ്ഞു് താഴേയ്ക്കിറങ്ങാൻ അദ്ദേഹം ആംഗ്യം കാണിച്ചു. ഉടനെ ആ വല്ലി ചുറ്റഴിഞ്ഞുതാഴേയ്ക്കു വന്നു. എന്നിട്ടു് അതിന്റെ ഇലകൾ പരിശോധിക്കാൻ തീർത്ഥപാദസ്വാമികളോടു പറഞ്ഞു. ആ ഇലകളാകെ വാടിയിരുന്നു. തുടർന്നു്, മുകളിലേയ്ക്കു കയറാൻ സ്വാമികൾ ആംഗ്യംകാണിച്ചപ്പോൾ അതു് മേലോട്ടു ചുറ്റിപ്പടർന്നു പോവുകയും ചെയ്തു.

(ശ്രീ വിദ്യാനന്ദതീർത്ഥപാദസ്വാമികൾ ഒരിക്കൽ പന്മന ആശ്രമത്തിൽവച്ചു് പ്രസംഗമദ്ധ്യേ പറഞ്ഞതാണു് ഈ സംഭവം.

താഴെക്കൊടുക്കുന്ന സംഭവവും അദ്ദേഹം പ്രസംഗിച്ചു കേട്ടതാണു്.)

11

സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ളയുടെ ബാല്യകാലത്തൊരിക്കൽ ചട്ടമ്പിസ്വാമികൾ അമ്പലപ്പുഴയുള്ള ഒരു വീട്ടിൽ വിശ്രമിക്കുകയായിരുന്നു. സ്വാമികൾക്കു് കുട്ടികളോടു അതീവ വാത്സല്യമായിരുന്നതുകൊണ്ടു്, അദ്ദേഹം വിശ്രമിക്കുന്ന സ്ഥലങ്ങളിൽ കുട്ടികൾ കൂടുക പതിവാണു്. അമ്പലപ്പുഴയിലെ വീട്ടിലും അതുണ്ടായി. കൂടിയവരുടെ കൂട്ടത്തിൽ പി.കെ. നാരായണപിള്ളയും ഉണ്ടായിരുന്നു. സ്വാമികൾ കുട്ടികളോടു പറഞ്ഞു, ഒരു വലിയ കുഴിയുണ്ടാക്കി എന്നെ അതിനുള്ളിൽ നിറുത്തി കഴുത്തോളം മണ്ണിട്ടുമൂടി

യാലും എനിക്കു പുറത്തേയ്ക്കു വരാൻ കഴിയുമെന്നു്. കുട്ടികൾക്കു് ഇതുകേട്ടപ്പോൾ ഉത്സാഹമായി. അവരെല്ലാംചേർന്നു് വലിയൊരു കുഴിയെടുത്തു. സ്വാമി അതിനുള്ളിൽ ഇറങ്ങിനിന്നു. സ്വാമികളുടെ കഴുത്തൊപ്പമുണ്ടു് കുഴി. കുട്ടികൾ സ്വാമികളുടെ കഴുത്തുവരെ മണ്ണിട്ടുറപ്പിച്ചു. എന്നിട്ടു് അവർ സ്വാമിയുടെ മുഖത്തുനോക്കി നില്പായി. എന്തൊരദ്ഭുതം. ക്ഷണത്തിൽ, ഒറ്റച്ചാട്ടത്തിൽ സ്വാമി കരയ്ക്കു നില്ക്കുന്നതാണവർ കണ്ടതു്. കഴുത്തുവരെ മണ്ണിട്ടുറപ്പിച്ചാൽ ഒരാൾക്കു് തനിയേ കുഴിയിൽനിന്നു കയറാൻ സാദ്ധ്യമല്ലെന്നാണു പറയപ്പെടുന്നതു്. സ്വാമി തനിയേ ചാടി കരയ്ക്കുകയറിയതു് ഏതോ ഒരു വിദ്യകൊണ്ടായിരിക്കണം.

12

''ഒരിക്കൽ മനുഷ്യരെ വളരെ ശല്യപ്പെടുത്തുന്ന ഒരുതരം കട്ടെറുമ്പു് മനയിൽക്കാവിൽ ധാരാളമായുണ്ടായിരുന്നു. ഒരു ദിവസം അവ ആളുകൾ നില്ക്കുന്ന സ്ഥലത്തേയ്ക്കു് കൂട്ടത്തോടെ വന്നു. ആളുകൾ അതുകണ്ടു് ഒഴിഞ്ഞുമാറി. അതുകണ്ടു് സ്വാമികൾ 'നിങ്ങളിങ്ങോട്ടു വരിൻ' എന്നു് അവയെ നോക്കി വിളിച്ചു. ആ ആജ്ഞ അനുസരിച്ചു് അവ വരിവരിയായി സ്വാമി ഇരിക്കുന്നതിനടുത്തുചെന്നു് കൂട്ടമായി നിന്നു. ആരോടോ പറഞ്ഞു് കുറെ അരി വരുത്തി അവയ്ക്കു വിതറിക്കൊടുത്തു. 'ഇതുതിന്നുകൊണ്ടു പൊയ്ക്കൊള്ളണം'–കൃപാർദ്രനായി അവിടുന്നു പറഞ്ഞു. അരി ഭക്ഷിച്ചശേഷം ഉറുമ്പുകൾ എങ്ങോപോയി. പിന്നീടു് ആ ഉറുമ്പുകളുടെ ശല്യം അവിടെ ഉണ്ടായിട്ടില്ല.

കടച്ചിക്കാട്ടു നാണുപിള്ള

13

ഒരിക്കൽ ചട്ടമ്പിസ്വാമികളും, കുറെ അനുയായികളും കൂടി ഒരു വിജനപ്രദേശത്തുകൂടി നടന്നു. നേരം ഉച്ചകഴിഞ്ഞിരുന്നു. അനുയായികൾക്കു് നല്ല വിശപ്പു്. സ്വാമികൾ അതു മനസ്സിലാക്കി. ഒരു തണൽമരത്തിന്റെ ചുവട്ടിൽ എല്ലാവരുമിരുന്നു. 'നല്ല വിശപ്പുണ്ടു്, അല്ലേ' സ്വാമികൾ ചോദിച്ചു. എല്ലാവരും തലകുലുക്കി. ഉടനെ സ്വാമി സദ്യയുണ്ണിന്റെ വർണ്ണ

തുടങ്ങി. നല്ലതുശനില കഴുകി വൃത്തിയാക്കിയിട്ടു് ചൂടുചോറ ങ്ങനെ വിളമ്പുന്നു. അവിയൽ, കിച്ചടി, പച്ചടി, ഉപ്പിലിടുകൾ എന്നിവയെല്ലാം ഇലയിൽ പകർന്നു. ചൂടുചോറിൽ പരിപ്പും നെയ്യും പർപ്പടവുമിട്ടു വിരവി വാരിയുരുട്ടിത്തിന്നുന്നു. സാമ്പാർ കഴിഞ്ഞു് നല്ല രണ്ടു പ്രഥമൻ. ഒന്നാംതരം പൂവൻപഴം. അതെടുത്തു് പായസത്തിൽ ഞവിടിച്ചേർത്തു് കുടിക്കുന്നു. എന്നിട്ടു കുറുക്കുപുളിശ്ശേരി – അത്രയുമായ പ്പോൾ അനുയായികൾ ഏമ്പക്കംവിട്ടു തുടങ്ങി. എല്ലാവർക്കും മിഷ്ടാന്നം സദ്യയുണ്ട ഒരു പ്രതീതി. അവർ പറഞ്ഞു. ഇനി നടക്കാംസ്വാമി, വിശപ്പൊക്കെമാറി. അങ്ങനെ വാക്കുകൊ ണ്ടൊരു സദ്യനടത്തി സ്വാമി അനുയായികളുടെ വിശപ്പടക്കി.

14

ശ്രീമൂലംതിരുനാൾ മഹാരാജാവു് ചട്ടമ്പിസ്വാമികളുടെ മഹത്വം പരീക്ഷിച്ചതിനെപ്പറ്റി ഒരു കഥ പറഞ്ഞുകേട്ടിട്ടുണ്ടു്. അതിങ്ങനെയാണു്.

തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലംതിരു നാൾ തിരുമനസ്സുകൊണ്ടു ചട്ടമ്പിസ്വാമികളെ ഒരുദിവസം കൊട്ടാരത്തിലേയ്ക്കു ക്ഷണിച്ചു. സ്വാമികളും ചില അനുയാ യികളുംകൂടി കൊട്ടാരത്തിലെത്തി. സ്വാമികളെ തിരുമനസ്സു കൊണ്ടു് അകത്തേയ്ക്കുക്ഷണിച്ചു് ഒരു മുറിയിലിരുത്തി. എന്നിട്ടു് ഒരു മുന്നറിയിപ്പും കൂടാതെ ആ മുറി പുറത്തുനിന്നും പൂട്ടാൻ കല്പനയായി. പൂട്ടിൽനിന്നും താക്കോൽ വേർപെടു ത്തിയപ്പോൾ സ്വാമികളുണ്ടു് മുറിക്കുവെളിയിൽ നില്ക്കുന്നു. മഹാരാജാവു് വിസ്മയിച്ചുപോയത്രേ.

15

(നാലഞ്ചുവർഷം മുമ്പു്, ഒരുച്ചനേരത്തു് തിരുവനന്ത പുരത്തു് കല്ലുവീട്ടിലെ അംഗമായ ഒരു സ്ത്രീ പന്മന ആശ്രമ ത്തിൽ വന്നിരുന്നു. അന്നു് ആശ്രമത്തിൽ സത്സംഗം നട ക്കുന്ന ദിവസമാണു്. ആ മാന്യസ്ത്രീയേയും, കൂടെ വന്നവ രേയും ഞങ്ങൾ ഊണിനു ക്ഷണിച്ചു. 'ഞങ്ങൾ ഊണുകഴിച്ചു; എങ്കിലും സ്വാമിയുടെ പ്രസാദമായതുകൊണ്ടു് ശകലം കഴിക്കാ'മെന്നു പറഞ്ഞുകൊണ്ടു് അവർ ഉണ്ണാനിരുന്നു. ഉണ്ടു

കൊണ്ടിരിക്കുമ്പോൾ ആ സ്ത്രീ പറഞ്ഞ ഒരനുഭവകഥയാണു് താഴെ ചേർക്കുന്നതു്.-)

ഒരിക്കൽ കല്ലുവീട്ടിൽ ഒരു സ്ത്രീക്കു് കലശലായ പ്രസവവേദന ആരംഭിച്ചു. മണിക്കൂറുകൾ കഴിഞ്ഞിട്ടും പ്രസവം നടക്കുന്നില്ല. ആ സ്ത്രീക്കാണെങ്കിൽ അസഹ്യമായ വേദനയും. ഡോക്ടറെ വിളിച്ചുകൊണ്ടുവന്നു. എന്നിട്ടും തഥൈവ. അപ്പോൾ ഗർഭിണിയായ സ്ത്രീയുടെ മാതാവുപറഞ്ഞു, 'ചട്ടമ്പി വന്നിരുന്നെങ്കിൽ എന്തെങ്കിലും മരുന്നു തരുമായിരുന്നു'' എന്നു്. പക്ഷെ എവിടെയാണെന്നാർക്കറിയാം. ഏതാനും മിനിട്ടുകൾ കഴിഞ്ഞിരിക്കും. അതാ വരുന്നു ചട്ടമ്പിസ്വാമികൾ. വീട്ടിലുള്ളവർ വെപ്രാളപ്പെട്ടു കാര്യമറിയിച്ചു. ഉടനെ പറമ്പിലൊക്കെ നടന്നു് ഏതോ ഒരു പച്ചിലപറിച്ചു് തൃക്കൈകൊണ്ടു കശക്കി ചാറെടുത്തു കൊണ്ടുവന്നു. കോട്ടും കാൽശരായിയും ധരിച്ചു്, കയ്യിൽ 'സ്റ്റെതോസ്കോപ്പു'മായി അവിടെയിരുന്ന കേമനായ അലോപ്പതി ഡോക്ടർ ഒരു പുച്ഛരസത്തിൽ സ്വാമിയെ നോക്കി. 'ഈ മരുന്നു് അകത്തുകൊടുത്തു് ഗർഭിണിയുടെ അടിവയറ്റിൽ പുരട്ടാൻ പറയണം. - അച്ഛനെപ്പോലെ ഒരു കറുത്ത പെൺകുഞ്ഞിനെ പെറും,' സ്വാമികൾ പറഞ്ഞു. ആ പ്രവചനം ഫലിച്ചു. നിമിഷങ്ങൾക്കുള്ളിൽ ആ സ്ത്രീ സുഖമായി പ്രസവിച്ചു. പെൺകുഞ്ഞു്, കറുത്തനിറവും.

16

(തിരുവനന്തപുരത്തു് വഴുതയ്ക്കാട്ടു് യശഃശരീരനായ ജഡ്ജി കൃഷ്ണപിള്ളയുടെ പൗത്രനും, പബ്ളിക് ഹെൽത്തു ഡയറക്ടറുമായിരുന്ന ശ്രീ മാധവൻ നായർ പറഞ്ഞ ഒരു കഥ താഴെ ചേർക്കുന്നു. അദ്ദേഹം വിദ്യാർത്ഥിയായിരിക്കുന്ന കാലത്തു് സ്വഭവനത്തിലുണ്ടായ ഒരു സംഭവമാണിതു്-)

ചട്ടമ്പിസ്വാമികൾ പതിവായിവന്നു വിശ്രമിക്കാറുള്ള ഒരു ഭവനമാണു് ജഡ്ജി കൃഷ്ണപിള്ളയുടേതു്. ഒരുദിവസം ചട്ടമ്പിസ്വാമികൾ അവിടെവന്നു. വീട്ടിലെ ഒരു കൊച്ചുകുഞ്ഞിനെയും എടുത്തുകൊണ്ടു് സ്വാമികൾ കിണറിന്റെ കൈവരിയിൽ കയറി ഇരുന്നു. കുഞ്ഞിനെ രസിപ്പിക്കാൻ വേണ്ടി സ്വാമികൾ കിണറിനെ ലക്ഷ്യമാക്കി പുറകോട്ടു ചാഞ്ഞു. ശ്രീ മാധവൻനായരുടെ അമ്മ ഇതു കണ്ടു ഭയന്നിട്ടു, 'എന്താ സ്വാമി

ഈ കാണിക്കുന്നതു്? ആ കുഞ്ഞു് കിണറ്റിൽ വീണുപോയാലെന്തുചെയ്യും?' എന്നു് ഉഴറിച്ചോദിച്ചു. ഉടനെ സ്വാമികൾ ചിരിച്ചുകൊണ്ടു് 'അങ്ങനെ വീണാൽ ഞാൻ വിളിച്ചാലിങ്ങു കേറിവരും' എന്നു മറുപടി പറഞ്ഞു. 'പിന്നെ സ്വാമി വിളിച്ചാൽ-വരും....' എന്നു് നിഷേധാർത്ഥത്തിൽ ആ അമ്മ വീണ്ടും പറഞ്ഞു. 'ഞാൻ വിളിച്ചാൽ ഈ വള്ളിപ്പടർപ്പു പോലും വരുമല്ലോ...' കിണറിനു കിഴക്കുവശത്തു് പടർത്തിയിട്ടിരിക്കുന്ന വള്ളിപ്പടർപ്പിനെ ചൂണ്ടിക്കൊണ്ടു സ്വാമികൾ മൊഴിഞ്ഞു. 'എന്നാലൊന്നുകാണട്ടെ.' എന്നായി ആ അമ്മ. ഒരു താമസവും പിന്നെയുണ്ടായില്ല. സ്വാമികൾ ആ വേലിപ്പടർപ്പിനെ കൈയാട്ടി വിളിച്ചു. അതു താണുതാണുവന്നു് തറയിൽതൊട്ടു. ഉടനെ സ്വാമി തിരിച്ചു കൈകാണിച്ചു. ആ പടർപ്പു് വന്നപോലെ ഉയർന്നുയർന്നു് പൂർവസ്ഥിതിയിലെത്തി നില്ക്കുകയും ചെയ്തു. സ്വാമിയുടെ മഹത്വം ആ അമ്മയ്ക്കു് അപ്പൊഴാണു് ബോദ്ധ്യപ്പെട്ടതു്.

17

സംഗീതവാദ്യോപകരണങ്ങളൊന്നുമില്ലാതെ അവയുടെ മേളക്കൊഴുപ്പുവരുത്താൻ സ്വാമികൾക്കുണ്ടായിരുന്ന വൈദഗ്ധ്യം അസാധാരണമാണു്. ശ്രീ. പരവൂർ കെ. ഗോപാലപിള്ള ഇങ്ങനെ രേഖപ്പെടുത്തുന്നു:-

''ചിലപ്പോൾ നാസാരന്ധ്രത്തിൽക്കൂടി ചില ശബ്ദം പുറപ്പെടുവിച്ചു് അതിനെ സംഗീതശാസ്ത്രരീത്യാ വിന്യസിച്ചു് 'ജലതരംഗം' എന്ന സംഗീത യന്ത്രത്തിന്റെ സുഖമായ പ്രയോഗം കാണിക്കും. വെറും പലകക്ഷണത്തിൽ സ്വന്തം വിരലുകൾ ഉപയോഗിച്ചു് 'പാണ്ടിമേളം' തകർക്കും. ചിലപ്പോൾ ചുണ്ടുകൾകൊണ്ടു് ഒരുതരം ശബ്ദമുണ്ടാക്കി ഉടുക്കുകൊട്ടും.''[1]

18

''ഒരിക്കൽ വഴിയാത്ര ചെയ്യുന്ന സമയം, സ്വാമി അടുത്തൊരു മഹാക്ഷേത്രത്തിൽ ഉത്സവബലിക്കു പാണികൊട്ടുന്ന

---

1 ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദസ്മാരക ഗ്രന്ഥം. ,പേജ്. 52.

തായി കേട്ടു. അമ്പലക്കുളത്തിൽപോയി കുളിച്ചു് അകത്തുചെന്നു്, കൊട്ടിയിരുന്ന മാരാരു് എന്തെന്നറിയുന്നതിനുമുമ്പു്, തിമില വാങ്ങി സ്വാമി കൊട്ടിത്തുടങ്ങി. ശ്രീഭൂതബലിക്കു തൂവിയിരുന്നതു് പ്രായവും പഠിപ്പുമുള്ള ഒരു താന്ത്രികനായിരുന്നു. കൊട്ടുമാറിക്കേട്ടപ്പോൾ അദ്ദേഹം ഒന്നു തിരിഞ്ഞുനോക്കി; മുറയ്ക്കു തൂവാനും തുടങ്ങി. രണ്ടുപേർക്കും ബഹുരസമായി; ഉച്ചതിരിയുന്നതോടുകൂടി കഴിയാറുള്ള ക്രിയ സന്ധ്യാകാലമായിട്ടും അവസാനിക്കാതെ ആയപ്പോൾ ക്ഷേത്രാധികാരികൾ ഇതിനു വെളിച്ചെണ്ണയ്ക്കു വകയില്ലെന്നും മറ്റും സങ്കടം പറഞ്ഞുതുടങ്ങിയതുകണ്ടു് തിമില മാരാനുകൊടുത്തു് സ്വാമി തിരിച്ചുപോരുകയും ചെയ്തത്രേ. കുന്നിക്കുരു കൈത്തണ്ട മേൽവച്ചു് അതു വീഴാതെ കൊട്ടിപ്പഠിച്ചിട്ടുണ്ടെന്നും മുമ്പത്തെ സംഭവത്തെ വർണ്ണിച്ച സന്ദർഭത്തിൽ സ്വാമി എന്നോടു പറയുകയുണ്ടായി.''[1]

സാഹിത്യകുശലൻ; റ്റി.കെ. കൃഷ്ണമേനോൻ

19

ശ്രീ ചട്ടമ്പിസ്വാമികളുടെ ഭക്തനും, അനന്തരകാലത്തു് സ്വാമി ശ്രീ വിദ്യാപ്രസാദ് എന്ന സന്യാസനാമം സ്വീകരിച്ച മഹാത്മാവും, വൈദ്യശാസ്ത്രവിശാരദനുമായിരുന്ന ശ്രീ. വി.ജി. കൊച്ചുകൃഷ്ണൻ ആശാൻ, താൻ നേരിട്ടുകണ്ട ചില കാര്യങ്ങൾ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

''തിരുവനന്തപുരം തൈക്കാട്ടു് പുളിയടി വിളാകം എന്ന സാധു കുടുംബത്തിൽ പദ്മനാഭൻ വൈദ്യൻ എന്നൊരാൾ ഉണ്ടായിരുന്നു. അദ്ദേഹം സംഗീത വിദ്വാനും വൈണിക വിശാരദനും ആയിരുന്നു. സ്വാമിതിരുവടികൾ സകലകലകളിലും സൈരവിഹാരം ചെയ്തിരുന്ന മഹാനായിരുന്നല്ലോ. തദ്വിഷയകമായ മൈത്രീബന്ധംകൊണ്ടു് കൂടെക്കൂടെ തിരുവടികൾ പുളിയടിവിളാകത്തു് എഴുന്നള്ളുക പതിവായിരുന്നു. ഒരിക്കൽ സ്വാമിതിരുവടികൾ പ്രസ്തുത ഗൃഹത്തിൽ എഴുന്നള്ളിയപ്പോൾ കുറെ പട്ടികളും വരുന്നതായികണ്ടു. പദ്മനാഭൻവൈദ്യൻ സ്വാമിതിരുവടികളെ അഭിവാദ്യം ചെയ്തു വന്ദിച്ചു് യഥായോഗ്യം ഇരുത്തി പൂജിച്ചു. അപ്പോൾ പട്ടികളും തിരുമുമ്പിൽ വന്നു നിന്നു. 'നിങ്ങൾ അവിടെ ഇരിക്കിൻ' എന്നു തിരുവടി

---

[1] ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദസ്മാരക ഗ്രന്ഥം. പുറം. 28–29.

കൾ കല്പിച്ചു. പട്ടികളെല്ലാം കല്പനയനുസരിച്ചു്. കൈരണ്ടും മുന്നോട്ടു നീട്ടിക്കുത്തി, കാലു രണ്ടും മടക്കി അവിടെ ഇരുന്നു. പത്തു പന്ത്രണ്ടു പട്ടികൾ ഉണ്ടായിരുന്നു. എന്നാൽ അവ രൗദ്രഭാവമോ, മുറുമുറുപ്പോ ഒന്നുംകൂടാതെ ഐക്യമായും ശാന്തമായുംസ്ഥിതിചെയ്തു. ഇതുകണ്ടപ്പോൾ പദ്മനാഭൻ വൈദ്യരും, ഞാനും, മറ്റു കാണികളും അദ്ഭുതപരതന്ത്രന്മാരായിത്തീർന്നു. ജാതിക്കു ജാതി ഒരിക്കലും ചേരാതെ തമ്മിൽത്തമ്മിൽ എന്നും കടിപിടികൂട്ടിക്കൊണ്ടിരിക്കുന്ന ഈ ജന്തുക്കൾക്കു് പരസ്പരം മൈത്രിയും സമാധാനവും എങ്ങിനെയുണ്ടായി? അതു സ്വാമി തിരുവടികളുടെ അമാനുഷപ്രഭാവം തന്നെ എന്നു നിർണ്ണയിച്ചു. അപ്പോൾ ഞങ്ങൾക്കു സ്വാമികളോടുണ്ടായിരുന്ന ബഹുമാനവും വിശ്വാസവും ഭക്തിയുമെല്ലാം ശതഗുണീഭവിച്ചു. ഉടനെ വൈദ്യൻ സ്വാമികളോടു് ഇങ്ങനെ ചോദിച്ചു.''

സ്വാമി! ഇതെന്താണു്? അതിനു് സ്വാമി ഇങ്ങനെ മറുപടിപറഞ്ഞു. 'ഞാൻ ഇങ്ങോട്ടു പോരുമ്പോൾ തേങ്ങാപ്പുര മുടുക്കിൽ വച്ചു്, കലഹശീലന്മാരായ രണ്ടുപട്ടികൾ കുരച്ചുകൊണ്ടു് എതിർത്തു. നിങ്ങൾ കടിപിടി കൂട്ടേണ്ട; കൂടെപ്പോരുവിൻ എന്നുപറഞ്ഞു് ഞാൻ തിരിഞ്ഞുപോരുകയും ചെയ്തു. അതനുസരിച്ചു വന്നവരാണിവർ. നാമെല്ലാം കർമ്മകാണ്ഡികളല്ലേ? കർമ്മഫലം അനുഭവിക്കാനല്ലേ ജന്മമെടുത്തതു്? ഇവയും അങ്ങനെ തന്നെ. തേങ്ങാപ്പുര മുടുക്കുമുതൽ ഇവിടെവരെ അവർ നടന്നില്ലേ. അതിനു് വല്ലതും ഒന്നുകൊടുക്കണം. അവർ പൊയ്ക്കൊള്ളുമെന്നും, പട്ടികളെ അഭിമുഖീകരിച്ചു് നിങ്ങൾക്കു സമ്മതമല്ലേ എന്നും കല്പിച്ചു ചോദിച്ചു. പട്ടികൾ ഉടൻതന്നെ വാലുകുഴറ്റി തലതാഴ്ത്തി ഞരങ്ങി സമ്മതഭാവം അഭിനയിച്ചു. ഉടനെ വൈദ്യൻ കടയിൽ നിന്നും കുറെ അപ്പം വാങ്ങിക്കൊണ്ടുവന്നു് തിരുവടികളുടെ മുമ്പിൽ വച്ചു. തിരുവടികൾ ഓരോന്നെടുത്തു് പട്ടികളെ വിളിച്ചു് ഓരോന്നിനും കൊടുത്തു. അവർ അതു ഭക്ഷിച്ചു തൃപ്തരായി അനുവാദപ്രകാരം സ്ഥലം വിടുകയും ചെയ്തു.

പിന്നൊരിക്കൽ ഒരു സായാഹ്നവേളയിൽ സ്വാമിതിരുവടികൾ എഴുന്നള്ളി. അന്നും അനുചരനായ ഭക്തൻ കൂടിയുണ്ടായിരുന്നു.[1] സോപചാരം തിരുവടികളെ ഇരുത്തി ആരാ

---

[1] ഈ ഭക്തൻ ശ്രീനാരായണഗുരുദേവനായിരുന്നെന്നു് ഇദ്ദേഹം പിന്നീടു് വ്യക്തമാക്കുന്നുണ്ടു്.

ധിച്ചു. കുശലപ്രശ്നങ്ങൾ നടത്തി. തിരുവടികൾ ഭക്തിരസപ്രധാനമായ ചില കീർത്തനങ്ങൾ പാടി. പദ്മനാഭൻ വൈദ്യൻ ആ കീർത്തനങ്ങൾ വീണയിലും, ഫിഡിലിലും മനോഹരമായി വായിച്ചു. സ്വാമിതിരുവടികളും ഭക്തനും മതിമറന്നാനന്ദിച്ചു. 'നാണൻ വീണവായന ഒന്നു പഠിച്ചാൽ കൊള്ളാമെന്നു് സ്വാമികൾ കല്പിച്ചു. ഇതിനിടയ്ക്കു് എലികടിച്ചുകീറിയ ഒരു ഷർട്ടു് സ്വാമിയെ കാണിച്ചുകൊണ്ടു് വൈദ്യൻ പറഞ്ഞു. ''സ്വാമീ! എനിക്കു ജീവിതംതന്നെ ഭാരമായിതോന്നുന്നു. എന്നുമാത്രമല്ല ശത്രുക്കളുടെ ശല്യവും സഹിക്കാൻ വയ്യ. ഇതു് അക്കൂട്ടത്തിൽപെട്ട ഒന്നാണു്. ഇന്നലെ രാത്രിയിൽ ചെയ്ത ശല്യമാണു് ഇതാ ഇവിടെയും അതാ അവിടെയും കടിച്ചുകീറിയ ഈ ഉടുപ്പു്. സ്വാമിതന്നെ ഇതിനൊരു പരിഹാരമുണ്ടാക്കിത്തരണം. എലി കടിച്ചുകീറിയ ആ പുതിയ ഷർട്ടു് തിരുവടികൾ വാങ്ങി മടക്കി താഴത്തുവച്ചു. എന്നിട്ടു് കുറച്ചുനെല്ലും, ഒരു പച്ച ഈർക്കിലും കൊണ്ടുവരാൻ കല്പിച്ചു. വൈദ്യൻ കല്പനയനുസരിച്ചു് കുറച്ചുനെല്ലും ഈർക്കിലും തിരുമുമ്പിൽ കൊണ്ടുവച്ചു. തിരുവടികൾ നെല്ലെടുത്തു് ഷർട്ടിന്റെ പുറത്തു നിക്ഷേപിച്ചു് പച്ച ഈർക്കിൽ കയ്യിലെടുത്തു് ധ്യാനസ്തിമിതലോചനനായി അല്പനേരമിരുന്നു. അപ്പൊഴേയ്ക്കും ഒന്നൊന്നായി ഏഴെലികൾ തിരുമുമ്പിൽ വന്നു്, രണ്ടുകാലും ഊന്നി തൊഴുകൈയായി കൂനിപ്പിടിച്ചിരുന്നു. ധ്യാനാവസാനത്തിൽ തിരുവടികൾ ഒരു പുഞ്ചിരിയോടുകൂടി ഇങ്ങനെ കല്പിച്ചു:– 'കഴിഞ്ഞ രാത്രി ഇവിടെവന്നു് വൈദ്യന്റെ ഷർട്ടു കരണ്ടു കീഴിച്ചും വെട്ടിക്ഷണിച്ചും ശല്യം ചെയ്തതു് നിങ്ങളിൽ ആരാണു്? മാറിനില്ക്കട്ടെ. ഇതുകേട്ടു് ഒരെലി കിടുകിട വിറച്ചുകൊണ്ടു് കൂട്ടത്തിൽ നിന്നും മാറി തിരുമുമ്പിൽ ചെന്നിരുന്നു. മേലാൽ ഇങ്ങനെയുള്ള ശല്യങ്ങളൊന്നും ചെയ്യരുതു്, കേട്ടോ. എന്നു ശാസിച്ചുകൊണ്ടു് ഈർക്കിലിന്റെ അഗ്രംകൊണ്ടു് എലിയുടെ പുറത്തു് ഒന്നുകൊട്ടി. എലിയുടെ കിടുകിടുപ്പും ഉടൻ മാറി. എന്നിട്ടു്, നിങ്ങൾ ഈ നെല്ലിൽ ഓരോന്നെടുത്തുകൊണ്ടു പൊയ്ക്കൊള്ളിൻ എന്നു കല്പിച്ചു. കല്പന പ്രകാരം ആ കൃത്യം നിർവഹിച്ചു് എലികൾ അവിടെനിന്നും ഇറങ്ങിപ്പോയി. ഇതൊന്നും കർണ്ണാകർണ്ണികയാ കേട്ടുള്ള അറിവല്ല. ഞാൻ ദൃക്സാക്ഷിയായി നിന്നു് കണ്ടറിഞ്ഞിട്ടുള്ളവയാണു്.[1]

---

1 ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദസ്മാരക ഗ്രന്ഥം. പുറം. 87–89

20

ഒരിക്കൽ, ശ്രീ ചട്ടമ്പിസ്വാമികൾ ഒരു ഗൃഹസ്ഥശിഷ്യന്റെ വീട്ടിൽചെന്നു. സമയം ഏതാണ്ടു് സന്ധ്യയാകാറായി. തിരുവടികൾ കൂടെക്കൂടെ സന്ദർശിക്കാറുള്ള ഗൃഹമാണതു്. സ്വാമികളെ കണ്ടപ്പോൾ, മുറ്റത്തു കളിച്ചുകൊണ്ടുനിന്ന കുട്ടികൾക്കു് ഉത്സാഹമായി. കുട്ടികളോടു് തിരുവടികൾക്കുള്ള സ്നേഹവാത്സല്യങ്ങൾ പ്രസിദ്ധമാണല്ലോ. കുട്ടികളെ അടുത്തുകാണുമ്പോൾ അവിടുന്നും ഒരു കുട്ടിയായി മാറും. കുട്ടികൾക്കു രസമുണ്ടാക്കുന്ന കൊച്ചുകൊച്ചുകഥകൾ പറയും. അവരോടൊപ്പം കളിക്കുകയും ചെയ്യും. അതുകൊണ്ടു് ലീലാരസത്തിൽ മതിമറന്നുനിന്ന ആ കുട്ടികൾ സ്വാമികളെക്കൂടി കളിക്കാൻ ക്ഷണിച്ചു. സന്ധ്യയായല്ലോ, നാളെകളിക്കാം എന്നുപറഞ്ഞു് സ്വാമികൾ ചാവടിയിൽ കയറി ഇരിപ്പായി. കളി നിറുത്തി, കുട്ടികൾ ചുറ്റും കൂടി. അവരോടു് സ്വാമികൾ കൂശലപ്രശ്നം നടത്തി. സരസഭാഷണംകൊണ്ടു് അവരെ രസിപ്പിച്ചു. കുറെ ചിരിച്ചു. അല്പനേരത്തെ മൗനത്തിനുശേഷം സ്വാമി, കുട്ടികളോടു പറഞ്ഞു:-

"നാളെ രാവിലെ എനിക്കൊരു പൂജയുണ്ടു്. കുറെ നല്ല പൂക്കൾവേണം". മുറ്റത്തു നില്ക്കുന്ന റോസാച്ചെടികളുടെ നേരേ വിരൽ ചൂണ്ടിക്കൊണ്ടു് സ്വാമികൾ തുടർന്നു. "അതാ ആ റോസാച്ചെടികളിലൊക്കെ ധാരാളം പൂവുകൾ കാണും. അതൊക്കെ ശേഖരിച്ചു് അതിരാവിലെ ഇവിടെകൊണ്ടു വച്ചേക്കണം. തറയിൽ വീണുകിടക്കുന്ന പൂക്കൾ എടുക്കരുതു്. ചെടിയിൽനിന്നും അപ്പോൾ പറിച്ചെടുത്ത പൂക്കൾതന്നെ വേണം. കേട്ടല്ലോ" - കുട്ടികൾ ഉത്സാഹത്തോടെ തലയാട്ടി.

പിറ്റേന്നു് അതിരാവിലെതന്നെ കുട്ടികൾ ഉറക്കമുണർന്നു. എഴുന്നേറ്റപാടേ കൊച്ചുകൊച്ചു പൂക്കൂടകളുമായി മുറ്റത്തേയ്ക്കോടി. എന്തൊരു കഷ്ടം. ഒറ്റ പൂവും റോസാച്ചെടികളിലില്ല. എല്ലാം തറയിൽ വീണു കിടക്കുന്നു. ഇനിയെന്തു ചെയ്യും. തറയിൽ വീണ പൂവുകൾ പാടില്ലെന്നല്ലേ സ്വാമികൾ പറഞ്ഞിരിക്കുന്നതു്. അവർ വിഷമിച്ചു. അവർ ഉടനെ സ്വാമിയുടെ സമീപത്തേയ്ക്കോടി. 'സ്വാമി! എല്ലാ പൂവും തറയിൽ വീണു കിടക്കുന്നു'. ഏകസ്വരത്തിൽ അവർ അറിയിച്ചു.

'അങ്ങനെ വരാനിടയില്ലല്ലോ' - കളിയും കാര്യവും കലർന്ന സ്വരത്തിൽ സ്വാമികൾ മറുപടി പറഞ്ഞു.

'സ്വാമി വന്നു നോക്കണം. അപ്പോൾ മനസ്സിലാവും' കുട്ടികൾ ഉശിരോടെ പറഞ്ഞു.

'നിങ്ങൾ കള്ളം പറയുന്നവരാണോ?' സ്വാമികൾ ചോദിച്ചു.

'സത്യം. വന്നുനോക്കുമ്പോൾ സ്വാമിക്കു മനസ്സിലാവും.' കുട്ടികൾ പറഞ്ഞു.

'എന്നാൽ അതൊന്നു കാണണമല്ലോ' - എന്നു പറഞ്ഞുകൊണ്ടു് തിരുവടികൾ എഴുന്നേറ്റു. അവരോടൊപ്പം മുറ്റത്തിറങ്ങി നടന്നു് റോസാച്ചെടികൾ നിന്നിരുന്ന ഭാഗത്തെത്തി. എന്തൊരദ്ഭുതം. കുട്ടികൾക്കു വിശ്വസിക്കാനായില്ല. ഒറ്റപ്പൂവം തറയിലില്ല. എല്ലാം ചെടികളിൽ വിടർന്നു വിലസുന്നു!

പൂവൊന്നും തറയിൽവീണുകിടപ്പില്ലല്ലോ''. സ്വാമികൾ തുടർന്നു. ''എല്ലാം ചെടികളിൽത്തന്നെയുണ്ടു്. മുള്ളുകൊണ്ടാലോ എന്നു ഭയന്നു് നിങ്ങൾ പറിക്കാതെ പോന്നതാണു്. കുഴിമടിയന്മാർ' - സ്വാമികൾ തമാശയായി പറഞ്ഞു.

'ഇല്ല സാമീ! ഞങ്ങൾ കണ്ടതാണു്'.- നിഷ്ക്കളങ്കരായ കുട്ടികൾ പ്രതിവചിച്ചു.

'നമ്മൾ കാണുന്നതൊന്നും സത്യമല്ല. എല്ലാം മിഥ്യയാണു്. കാണേണ്ട രീതിയിൽ കാണാൻ ശ്രമിച്ചാൽ മാത്രമേ സത്യം കാണാൻ കഴിയുകയുള്ളു.'' - താടിതടവി ചിരിച്ചുകൊണ്ടു സ്വാമികൾ പറഞ്ഞു നിറുത്തി.

പൂക്കൾ തറയിൽ വീണുകിടക്കുന്നതായി കുട്ടികൾ കണ്ടതു വാസ്തവമാണു്. വീണ്ടും നോക്കിയപ്പോൾ ആ പൂക്കൾ എങ്ങനെ ചെടികളിൽത്തന്നെ കണ്ടു? കുട്ടികളെ രസിപ്പിക്കാൻ സ്വാമികൾ ഒരു നേരമ്പോക്കു കാണിച്ചതാണെങ്കിലും, അതിൽ അവിടുത്തെ സിദ്ധിവിശേഷം അലിഞ്ഞു കിടപ്പുണ്ടെന്നതിനു സംശയമില്ല.

21

തിരുവനന്തപുരത്തു്, തമ്പാനൂരു് നന്ത്യാരുവീട്ടിൽ ഇപ്പോൾ താമസിക്കുന്ന അഡ്വ: ശ്രീ. ശങ്കരൻനായർ, സ്വാമിതിരുവടികളുടെ അദ്ഭുതകരമായ സിദ്ധിവിശേഷങ്ങളെപ്പറ്റി പറഞ്ഞ കഥകളാണു് ചുവടേ ചേർക്കുന്നതു്. പോലീസ് കമ്മിഷണറായിരുന്ന ആവൂട്ടിൽ പപ്പുണ്ണിപ്പിള്ളയുടെ പുത്രനായ

ശ്രീ നന്ത്യാരുവീട്ടിൽ പരമേശ്വരൻ പിള്ളയുടെ മകൻ ഡോ. പദ്മനാഭപിള്ളയുടെ ജാമാതാവാണിദ്ദേഹം. ശ്രീ പപ്പുണ്ണിപ്പിള്ള ചട്ടമ്പിസ്വാമികളുടെ സമകാലികനും, അവിടുത്തെ ഗൃഹസ്ഥ ശിഷ്യനുമായിരുന്നു. അദ്ദേഹം പറഞ്ഞറിഞ്ഞതാണത്രേ ഈ കഥകൾ.

ശ്രീ പപ്പുണ്ണിപ്പിള്ള ആലുവായിൽ പോലീസ് സൂപ്രണ്ടായിരിക്കുന്ന കാലം. ഒരു ദിവസം അർദ്ധരാത്രിയോടടുത്ത സമയത്തു് സ്വാമിതിരുവടികൾ ശ്രീ പപ്പുണ്ണിപ്പിള്ളയുടെ താമസസ്ഥലത്തുചെന്നു. മുൾച്ചെടികളും, കൂറ്റിക്കാടും, തരുനികരങ്ങളും നിറഞ്ഞ വിശാലമായ പറമ്പിലായിരുന്നു അദ്ദേഹം താമസിച്ചിരുന്ന വീടു് സ്ഥിതിചെയ്തിരുന്നതു്. സ്വാമികൾ എഴുന്നള്ളിയിട്ടുണ്ടെന്നറിഞ്ഞു് അദ്ദേഹം പൂമുഖവാതിൽ തുറന്നു പുറത്തുവന്നു. പതിവിൻപടി തിരുവടികളെ ഉപചരിച്ചിരുത്തി, പാദനമസ്കാരം ചെയ്തു.

''നല്ലപോലെ വിശക്കുന്നു. എനിക്കല്പം പൊടിയരിക്കഞ്ഞിയുണ്ടാക്കിത്തരണം. കൂട്ടാൻ, കുമ്പളങ്ങാക്കറിയും കൂടി ആയിക്കോട്ടെ. അതിവിടെ ധാരാളം കാച്ചുകിടപ്പുണ്ടല്ലോ. ഉടനെ വേണം'' – സ്വാമിതിരുവടികൾ പറഞ്ഞു.

രായും പകലുമില്ലാത്ത പോലീസുദ്യോഗസ്ഥനാണെങ്കിലും ശ്രീ പപ്പുണ്ണിപ്പിള്ള കുഴങ്ങി. 'കഞ്ഞിക്കു കുഴപ്പമില്ല.' അദ്ദേഹം വിചാരിച്ചു. കുമ്പളങ്ങ ലഭിക്കാനും പ്രയാസമില്ല. പക്ഷെ ആ കൂരിരുട്ടത്തു് കൂറ്റിക്കാട്ടിലിറങ്ങി എങ്ങനെ അതു പറിക്കും? പോരെങ്കിൽ ഇഴജന്തുക്കളുടെ ശല്യം ധാരാളമുള്ള സ്ഥലവുമാണു്. എന്തുചെയ്യണമെന്നറിയാതെ ഗൃഹനാഥൻ വട്ടംചുറ്റി.

'കഞ്ഞി ഉടനെ തരമാക്കാം' – അദ്ദേഹം സ്വാമികളോടു പറഞ്ഞു. 'പക്ഷെ ആ കാട്ടിലിറങ്ങി കുമ്പളങ്ങ പറിക്കാൻ എനിക്കു ഭയമാണു്''

'ഭയമോ?' – പൊട്ടിച്ചിരിച്ചുകൊണ്ടു സ്വാമികൾ ചോദിച്ചു. 'നിങ്ങൾ വലിയ പോലീസുദ്യോഗസ്ഥനല്ലേ? ആ കാട്ടിൽ ഒരു പ്രതി ഒളിച്ചിരുന്നാൽ നിങ്ങൾ പിടിക്കില്ലേ? അതോ ഭയന്നു വിട്ടുകളയുമോ? അതുപോലെ പിടിച്ചെടുക്കണം. പ്രതിക്കുപകരം കുമ്പളങ്ങ, അത്രയല്ലേയുള്ളു.''

തിരുവടികളുടെ ആ നേരമ്പോക്കു് ശ്രീ പപ്പുണ്ണിപ്പിള്ളയെ കൂടുതൽ കുഴക്കി.

''അവിടെ പാമ്പുണ്ടു സ്വാമി.'' ശ്രീ പപ്പുണ്ണിപ്പിള്ള

തുടർന്നു. ''സത്യത്തിൽ എനിക്കു ഭയമാണു്. ഇപ്പോഴത്തേയ്ക്കു മറ്റുവല്ല കറികളും.....''

'വേണ്ട.' സ്വാമികൾ മറുപടിപറഞ്ഞു. ''എന്നാൽ ഞാൻതന്നെ പോയി പറിച്ചുകൊണ്ടുവരാം. ആവശ്യക്കാരൻ ഭയന്നാൽ പറ്റുകയില്ലല്ലോ....''

''വേണ്ട സ്വാമി! ഇരുട്ടും കാടുമൊക്കെയാണു്''.

''സാരമില്ല''.

സ്വാമികൾ ഗൃഹത്തിന്റെ പിൻവശത്തേയ്ക്കിറങ്ങി നടന്നു. പരിഭ്രാന്തനായ ശ്രീ പപ്പുണ്ണിപ്പിള്ള വിളക്കുമായി പുറകേ ഓടിയെത്തും മുമ്പു് സ്വാമികൾ കുറ്റിക്കാട്ടിനുള്ളിൽ, കടന്നു കഴിഞ്ഞു. മുൾച്ചെടികൾ കൈകൊണ്ടു വകഞ്ഞുമാറ്റി, കുമ്പളം പടർന്നുകിടക്കുന്ന ഒരു മരത്തിന്റെ സമീപമെത്തി. ആ കൂരിരുട്ടത്തു് സ്വാമിയ്ക്കു് എങ്ങനെ മരത്തിൽ കയറി കുമ്പളങ്ങ പറിക്കാൻ കഴിയുമെന്നോർത്തു്, ഇതികർത്തവ്യതാമൂഢനായും, ഭയന്നു് നാലുപാടും നോക്കിയും നിന്ന ആ പോലീസുദ്യോഗസ്ഥന്റെ കണ്ണുകൾക്കു് പിന്നീടവിടെ കണ്ട കാഴ്ച വിശ്വസിക്കാൻപോലും പ്രയാസമായിരുന്നു. സ്വാമികൾ മേലോട്ടു കൈനീട്ടി. അതാ ഒരു മരക്കൊമ്പു് താണു താണു വരുന്നു. തിരുവടികളുടെ പാദത്തിൽ മുട്ടി അതു നിന്നു. സ്വാമികൾ രണ്ടു കുമ്പളങ്ങ അടർത്തിയെടുത്തു. ഉടനെ മരക്കൊമ്പു് മേലോട്ടുയർന്നുതുടങ്ങി.

ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ തിരുവടികൾ തിരിച്ചു വന്നു. ഒരക്ഷരം ഉരിയാടാനാവാതെ സ്തംഭിച്ചു നില്ക്കുകയാണു്, ശ്രീ പപ്പുണ്ണിപ്പിള്ള. കുറച്ചു കഴിഞ്ഞു് ഹൃദയം സമനിലയിൽ തിരിച്ചെത്തിയപ്പോൾ, അദ്ദേഹം ഓടിച്ചെന്നു് സ്വാമിപാദങ്ങളിൽ തൊട്ടുവന്ദിച്ചുകൊണ്ടു ചോദിച്ചു:-

''സ്വാമീ! എന്താണു് ഞാനവിടെ കണ്ടതു്''

''ആ കണ്ടതു തന്നെ'' - പുഞ്ചിരിച്ചുകൊണ്ടു് സ്വാമികൾ പ്രതിവചിച്ചു.

''അതെന്തു വിദ്യയാണു സ്വാമീ!

''വിദ്യയോ?'' തിരുവടികൾ തുടർന്നു. ''ഒരു വിദ്യയുമില്ല. എനിക്കു കുമ്പളങ്ങ വേണമെന്നു് നിങ്ങളോടു പറഞ്ഞു. തന്നില്ല. ഞാൻ ആ മരത്തിനോടു ചോദിച്ചു. അതു തന്നു. അത്രതന്നെ. അതിൽക്കവിഞ്ഞ ഒരു വിദ്യയും അതിലില്ല. മനുഷ്യരെപ്പോലെതന്നെ, സ്നേഹിക്കുന്നവരെ മരത്തിനുമറിയാം. സ്നേഹത്തിനു മുമ്പിൽ മരമെന്നോ മനുഷ്യനെന്നോ വ്യത്യാ

സമില്ല. ഈ ചരാചരപ്രപഞ്ചം മുഴുവനും ഒറ്റ മനസ്സാണു്. മനസ്സിനും മനസ്സിനുമിടയ്ക്കു ശൂന്യതയുമില്ല. അതാണു മരം എന്നോടു സ്നേഹം കാട്ടിയതു്''.

തിരുവടികളുടെ തിരുവായ്മൊഴികേട്ടു് ശ്രീ പപ്പുണ്ണിപ്പിള്ള കോരിത്തരിച്ചു. എങ്കിലും അവിടുത്തെ സിദ്ധിവിശേഷങ്ങളിൽ അദ്ഭുതപ്പെടാതിരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

22

നന്ത്യാരുവീട്ടിൽവച്ചുതന്നെ നടന്ന മറ്റൊരു സംഭവമാണു് താഴെ കുറിക്കുന്നതു്.

ഏതാനും മാസത്തെ ഇടവേളയ്ക്കുശേഷം, ഒരുദിവസം ഉച്ചനേരത്തു് സ്വാമികൾ നന്ത്യാരുവീട്ടിൽ ചെന്നു. പതിവുപോലെ മുറ്റത്തിന്റെ വടക്കുഭാഗത്തുള്ള ചാവടിയിൽ കയറി ഇരുന്നു. (ഇപ്പോൾ ആ ചാവടി ഇല്ല). സ്വാമികൾ വന്നതറിഞ്ഞു്, പോലീസ് കമ്മിഷണർ നന്ത്യാരുവീട്ടിൽ ശ്രീ പപ്പുണ്ണിപ്പിള്ളയുടെ ധർമ്മപത്നിയായ ഗൃഹനായിക തിരുവടികളെ ഉപചരിച്ചു. ഊണുകഴിഞ്ഞു്, കുറെ നേരം വിശ്രമിച്ചു. ചട്ടമ്പിസ്വാമികൾ വന്നിട്ടുണ്ടെന്നറിഞ്ഞു് അവിടുത്തെ കണ്ടു കൈവണങ്ങാൻ പലരുമെത്തി. എല്ലാവരോടും കുശലപ്രശ്നം നടത്തിയും, സംവാദത്തിൽ മുഴുകിയും വെയിലാറുംവരെ കഴിച്ചുകൂട്ടി. സന്ധ്യയാകാറായപ്പോൾ തിരുവടികൾ ഗൃഹനായികയോടു പറഞ്ഞു; 'ഇനി കിളവൻ പോകയാണെ'ന്നു്.

അത്ര പെട്ടെന്നു് സ്വാമി മടങ്ങിപ്പോകുന്നതോർത്തു് കുണ്ഠിതപ്പെട്ടുനിന്ന ഗൃഹനായികയെ നോക്കി സ്വാമി വീണ്ടും പറഞ്ഞു:-

''പോയാലും വരും. എപ്പോൾ വന്നുചേരുമെന്നു പറയാനൊക്കുകയില്ല. രാത്രി, കുറച്ചു പൊടിയരിക്കഞ്ഞിയും തേങ്ങാച്ചമ്മന്തിയുമുണ്ടാക്കി ഈ ചാവടിയിൽ അടച്ചു വച്ചേച്ചാൽമതി. കിളവൻ വരാൻ വൈകിയെന്നു കരുതി എടുത്തോണ്ടു പോവുകയുമൊന്നും വേണ്ട. എപ്പോഴെങ്കിലും വന്നു കഴിച്ചുകൊള്ളാം.''

ഗൃഹനായിക തൊഴുകൈയോടെ തലയാട്ടി.

പിന്നെ താമസിച്ചില്ല. സ്വാമികൾ ചില അനുചരന്മാരോടുകൂടി റോഡിലിറങ്ങി വടക്കോട്ടു നടന്നു. രാത്രിയായപ്പോൾ,

സ്വാമിതിരുവടികൾ കല്പിച്ചരുളിയപോലെ ഗൃഹനായിക പൊടിയരിക്കഞ്ഞിയും തേങ്ങാച്ചമ്മന്തിയും ചാവടിയിൽ കൊണ്ടു വച്ചു. നന്ത്യാരുവീട്ടിൽ ശ്രീ പപ്പുണ്ണിപ്പിള്ളയും, സഹ ധർമ്മണിയും രാത്രി വളരെ നേരം കാത്തിരുന്നു. എന്നിട്ടും സ്വാമികൾ മടങ്ങി എത്തിയില്ല. അടുത്ത ദിവസവും, അതിന ടുത്ത ദിവസവുമായിട്ടും സ്വാമികൾ മടങ്ങിവന്നില്ല. ആറാം ദിവസമാണു് സ്വാമികൾ തിരിച്ചെത്തിയതു്.

വന്നപാടേ സ്വാമികൾ ചാവടിയിൽ കയറി ഇരുന്നു. 'ങാ... കിളവന്റെ കഞ്ഞിയും ചമ്മന്തിയും ഇവിടെത്തന്നെയു ണ്ടല്ലോ'– സ്വാമികൾ പറഞ്ഞു.

''വേണ്ട സ്വാമി. അതു ചളിച്ചു ചീത്തയായിക്കാണും' – ഭക്ത്യാദരപൂർവം ഗൃഹനായിക അറിയിച്ചു. 'ആ തങ്കക്കൈ കൊണ്ടുണ്ടാക്കിയ കഞ്ഞി ചളിക്കുമോ?' – സ്വാമികൾ നേര മ്പോക്കായി ചോദിച്ചു. ''വേണമെന്നുവച്ചു ചെയ്യുന്ന ഏതു കാര്യവും നന്നായേ ഇരിക്കൂ.''

''വേണ്ട സ്വാമി. അഞ്ചാറുദിവസമായില്ലേ, അതു ചളി ച്ചുപുളിച്ചുനാറിക്കാണും.' – വീട്ടമ്മ വിനയപൂർവം വീണ്ടും ഓർമ്മിപ്പിച്ചു. 'കഞ്ഞിയും ചമ്മന്തിയും വേറെ ഉണ്ടാക്കാം.'

''ചളിച്ചുപോയെങ്കിൽ വേണ്ട; ഏതായാലും ഞാനൊന്നു നോക്കട്ടെ' – എന്നു പറഞ്ഞുകൊണ്ടു് സ്വാമികൾ അടപ്പുകൾ പൊക്കിനോക്കി. എന്നിട്ടു് കഞ്ഞിവെള്ളവും, ചമ്മ ന്തിയും ചൂണ്ടുവിരൽകൊണ്ടു തൊട്ടു നാക്കത്തുവച്ചു.

''ഒട്ടും ചളിച്ചിട്ടില്ലല്ലോ...'' സ്വാമികൾ തുടർന്നു. കഞ്ഞി യുടെ ചൂടുപോലും മാറിയിട്ടില്ല. ഇപ്പോഴെങ്ങാനും കൊണ്ടുവ ച്ചതായിരിക്കും. അല്ലേ?

''അല്ല സ്വാമി. അഞ്ചാറുദിവസമായി.' ഗൃഹനായിക അറിയിച്ചു. സ്വാമികൾ നേരംപോക്കു പറയുകയാണെന്നു കരുതി ശ്രീ പപ്പുണ്ണിപ്പിള്ളയും, ഗൃഹനായികയും കഞ്ഞിപ്പാത്ര ത്തിൽ തൊട്ടുനോക്കി. നല്ല ചൂടുള്ള കഞ്ഞി. അവർ അന്ധാളി ച്ചുപോയത്രേ.

നാലഞ്ചുദിവസം പഴക്കമുള്ള കഞ്ഞിയും ചമ്മന്തിയും ചളിച്ചു ചീത്തയാകുമെന്നുള്ളതു തീർച്ചയാണു്.

യത് പ്രാതഃ സംസ്കൃതം ചാന്നം
സായം തച്ച വിനശ്യതി' [1]

---

1. ശ്രീമദ്ഭാഗവതം ഭാഗവതമാഹാത്മ്യം. അദ്ധ്യായം 5. ശ്ലോ. 61.

എന്നാണല്ലോ ശ്രീമദ് ഭാഗവതം പാടുന്നതു്. രാവിലെ പാകപ്പെടുത്തുന്ന അന്നം വൈകുന്നേരം ചളിച്ചു് ചീത്തയാകുന്നു എന്നർത്ഥം. അഞ്ചാറു ദിനരാത്രങ്ങൾ കഴിഞ്ഞിട്ടും സ്വാമിക്കുവേണ്ടി കരുതിവച്ച കഞ്ഞി ചൂടാറാതെ ഇരിക്കുന്നു. അദ്ഭുതമല്ലേ? ശാസ്ത്രത്തിനു് ഇവിടെ ഉത്തരമില്ല. പക്ഷെ യോഗിപ്രഭാവത്തിനു് എന്തുതന്നെ കഴിയില്ല. ആഹാരപദാർത്ഥങ്ങളെ ചളിപ്പിക്കുകയും പുളിപ്പിക്കുകയും ചെയ്യുന്ന ബാക്ടീരിയകളെപ്പോലും സഹിതാനുവർത്തികളാക്കിത്തീർക്കാൻ ശ്രീചട്ടമ്പിസ്വാമികൾക്കുണ്ടായിരുന്ന സിദ്ധിവിശേഷത്തെയല്ലേ ഈ അപൂർവസംഭവം വിളംബരം ചെയ്യുന്നതു്?!!

23

സ്വാമിതിരുവടികളുടെ അപ്രമേയമായ സിദ്ധിവിശേഷം മൂലം തനിക്കുണ്ടായ ഒരനുഭവം ശ്രീ പുത്തേഴത്തു നാരായണ മേനോൻ ഇങ്ങനെ രേഖപ്പെടുത്തുന്നു:-

ശ്രീ ചട്ടമ്പിസ്വാമികളിൽ അടിയുറച്ച ഭക്തിവിശ്വാസങ്ങളുള്ള ഒരു ഭക്തനാണു് ശ്രീ പുത്തേഴത്തു് നാരായണ മേനോൻ. തിരുവടികളെ ഈശ്വരനുതുല്യം അദ്ദേഹം ആരാധിച്ചിരുന്നു. തിരുവടികൾ പലപ്പോഴും ശ്രീ മേനോന്റെ വീട്ടിൽ ചെന്നു വിശ്രമിക്കുക പതിവായിരുന്നു. മേനോന്റെ വൃദ്ധമാതാവും തികഞ്ഞ സ്വാമിഭക്തയായിരുന്നു. സ്വാമികൾ വീട്ടിൽ വന്നിട്ടുണ്ടെന്നറിഞ്ഞാൽ തന്റെ പ്രായാധിക്യം മൂലമുള്ള കായക്ലേശം പോലും വകവയ്ക്കാതെ ആ പടുവൃദ്ധ തിരുവടികളുടെ മുമ്പിലെത്തി തൃപ്പാദം തൊട്ടുവന്ദിക്കും. ആ പാദസന്നിധിയിൽ ഇരിപ്പുറപ്പിക്കും. തിരുവായ്മൊഴികൾ കേട്ടു് മനം കുളിർപ്പിക്കും. ആ സന്ദർഭങ്ങളിൽ, എത്രനേരം അങ്ങനെ ഇരുന്നാലും ആ വൃദ്ധമാതാവിനു് ഒരു ക്ഷീണവുമില്ല.

ഒരുദിവസം ആ അമ്മ രോഗബാധിതയായി കിടപ്പിലായി. മേനോൻ വിവരം സ്വാമികളെ അറിയിച്ചു. അപ്രതീക്ഷിതമായി ഒരു ദിവസം ചട്ടമ്പിസ്വാമി തിരുവടികൾ ആ ഗൃഹത്തിലെഴുന്നള്ളി. കൂടെ കുറെ അനുചരന്മാരുമുണ്ടു്. മേനവൻ, സ്വാമിതിരുവടികളെ യഥോചിതം സ്വീകരിച്ചുപചരിച്ചു. കുറച്ചുകഴിഞ്ഞു് തിരുവടികൾ എഴുന്നേറ്റു് മേനവന്റെ മാതാവുകിടന്നിരുന്ന മുറിയിലേയ്ക്കു പോയി. മേനവനും അനുഗമിച്ചു.

'അമ്മ അബോധാവസ്ഥയിലാണു്' മേനോൻ പറഞ്ഞു. സ്വാമി തിരുവടികൾ മറുപടിയൊന്നും പറഞ്ഞില്ല. ആ അമ്മയുടെ നെറ്റിയിൽ സ്പർശിച്ചുകൊണ്ടു് സ്വാമികൾ അല്പനേരം ധ്യാനനിരതനായി നിന്നശേഷം, മുറിക്കു വെളിയിലിറങ്ങി അനുചരരോടൊപ്പം യാത്രയായി.

സ്വാമികൾ പോയിക്കഴിഞ്ഞു് ഏതാനും മിനിട്ടുകൾക്കു ശേഷം മേനോന്റെ അമ്മ അന്ത്യശ്വാസം വലിച്ചു.

മഴക്കാലമായിരുന്നതുകൊണ്ടു്, തോരാതെ മഴ പെയ്യുന്ന ദിവസമായിരുന്നു അതു്. എന്തുചെയ്യും? വന്നുകൂടിയ അയൽക്കാർ, അന്ത്യോപചാര കർമ്മങ്ങൾക്കുവേണ്ടി പുരകെട്ടാനൊരുങ്ങി. അമ്മയുടെ അന്ത്യകർമ്മങ്ങളിൽ പ്രത്യേകമായിട്ടെന്തെങ്കിലും ചെയ്യണമോ എന്നറിയാൻ മേനോൻ സ്വാമികൾ പോയ വീട്ടിലേയ്ക്കു് ഒരാളെ പറഞ്ഞയച്ചു. കൂട്ടത്തിൽ, ആ പെരുമഴയുടെ കാര്യവും ഓർമ്മിപ്പിച്ചു.

മേനോൻ പറഞ്ഞയച്ച ആൾ സ്വാമിതിരുവടികളെ കണ്ടു് കാര്യങ്ങൾ ഉണർത്തിച്ചു.

''കർമ്മങ്ങളെല്ലാം ഇന്നുതന്നെ നടത്താൻ പറയണം.'' തിരുവടികൾ പറഞ്ഞു. ''മഴയൊന്നും കാര്യമല്ല. സമയത്തു് അതുമാറിക്കൊള്ളും''.

തിരുവടികളുടെ അരുളപ്പാടു ശരിയായി.

ശവമെടുക്കേണ്ട സമയമായപ്പോൾ ആ കോരിച്ചൊരിയുന്ന മഴ നിന്നു. സംസ്കാരകർമ്മങ്ങൾ വേണ്ടവണ്ണം നടന്നു. എല്ലാം കഴിഞ്ഞു് മേനവൻ വീട്ടിൽ വന്നു കയറി. ഉടനെ ആ പേമാരി വീണ്ടും തുടങ്ങുകയും ചെയ്തു.

24

പറവൂർ വടക്കേക്കര മടപ്ലാന്തുരുത്തിയിൽ തൈലോത്തു നാരായണപിള്ള ചട്ടമ്പിസ്വാമി തിരുവടികളുടെ ഒരു ക്ഷേത്രനാണു്. മൂവാറ്റുപുഴ മുൻസിഫ് കോർട്ടിൽ ക്ലാർക്കായിരുന്നു ഇദ്ദേഹം. സ്വാമി തിരുവടികൾ മൂവാറ്റുപുഴയിൽ വന്നു വിശ്രമിക്കുമ്പൊഴെല്ലാം ശ്രീ നാരായണപിള്ള, തൃപ്പാദം കണ്ടുവന്ദിക്കാൻ ചെല്ലുകയും തിരുവടികളെ നിർബന്ധപൂർവം ക്ഷണിച്ചു് തൈലോത്തുവീട്ടിൽ കൊണ്ടുപോയി ഉപചരിക്കുകയും പതിവാണു്. മൂവാറ്റുപുഴയിൽ വരുമ്പൊഴെല്ലാം തിരുവടികൾ

പതിവായി വിശ്രമിക്കാറുള്ള മൂന്നാലു ഭവനങ്ങളുണ്ടു്. മഹാപണ്ഡിതനായ ശ്രീ കൃഷ്ണശാസ്ത്രികളുടെ മഠമാണു് അതിലൊന്നു്. മൂവാറ്റുപുഴ ഓവർസിയറായിരുന്ന ശ്രീ രാജഗോപാലയ്യരുടെ വീടാണു് മറ്റൊന്നു്. ഇദ്ദേഹം മേൽപ്പറഞ്ഞ കൃഷ്ണയ്യരുടെ ജ്യേഷ്ഠഭ്രാതാവാണു്. മൂന്നാമത്തേതു്, ശ്രീ നാരായണപിള്ളയുടെ തൈലോത്തുവീടും. നാരായണപിള്ളയുടെ ഭാര്യ ഒരിക്കൽ ക്ഷയരോഗം പിടിപെട്ടു കിടപ്പിലായി. മദ്ധ്യതിരുവിതാംകൂറിലെ ഈഴവപ്രമുഖന്മാരിലൊരാളും, തർക്കപടുവും മഹാവൈദ്യനുമായിരുന്ന ശ്രീ കുളവേലിൽ കൃഷ്ണൻവൈദ്യനെ ചികിത്സയ്ക്കു വിളിച്ചുകൊണ്ടുവന്നു. അന്നാണു് ശ്രീ ചട്ടമ്പിസ്വാമികൾ തൈലോത്തുവീട്ടിൽ ആദ്യമായിവരുന്നതു്. വൈദ്യൻ രോഗിണിയെ പരിശോധിച്ചശേഷം അജമാംസരസായനം സേവിക്കാൻ വിധിച്ചു. ഇതു ശ്രദ്ധിച്ചുകൊണ്ടിരുന്ന ചട്ടമ്പിസ്വാമികൾ, ''അജമാംസരസായനമുണ്ടാക്കാൻ ആടിനെ ഹിംസചെയ്യണമല്ലോ, ഹിംസാവിധികളൊന്നുമില്ലാതെ ഈ രോഗം ഭേദമാക്കിക്കൂടേ?' എന്നു വൈദ്യനോടു ചോദിച്ചു. ഈ താടിക്കാരൻ കിഴവനു് വൈദ്യശാസ്ത്രമെന്തറിയാം എന്നൊരഹന്തയോടെ, വൈദ്യൻ സാദ്ധ്യമല്ലെന്നു മറുപടി പറഞ്ഞു. അവിടെ ഇരിക്കുന്നതു് ശ്രീ ചട്ടമ്പിസ്വാമികളാണെന്നു് വൈദ്യനറിയാമായിരുന്നെങ്കിലും, അവിടുത്തെ വൈജ്ഞാനിചക്രവാളത്തിന്റെ വ്യാപ്തിയെക്കുറിച്ചൊന്നും വൈദ്യനറിഞ്ഞുകൂടാ. മാത്രവുമല്ല, സമ്പത്തിന്റെയും പാണ്ഡിത്യത്തിന്റെയും തലക്കനവും വൈദ്യനുണ്ടായിരുന്നു. അതുകൊണ്ടു് തന്റെ വൈദ്യശാസ്ത്രവൈദുഷ്യത്തിന്റെ പശ്ചാത്തലത്തിൽ ആ വിഷയത്തെക്കുറിച്ചു് ഒരു വാദത്തിനു തന്നെ താർക്കികൻകൂടിയായ വൈദ്യൻ ഒരുങ്ങി. വൈദ്യന്റെ യുക്തിവാദങ്ങൾ ചിറകുവിരിച്ചു് ആഞ്ഞു പറന്നുതുടങ്ങിയപ്പോൾ, അതുവരെ ചാരുകസാലയിൽ ചാരിക്കിടന്നിരുന്ന സ്വാമികൾ എഴുന്നേറ്റിരുന്നു. വൈദ്യന്റെ വാദമുഖങ്ങളെ മുഴുവൻ ഖണ്ഡിച്ചു. വൈദ്യൻ കേട്ടിട്ടുകൂടിയില്ലാത്ത വൈദ്യശാസ്ത്രങ്ങളിലെ ശ്ലോകങ്ങളുടെയും വ്യാഖ്യാനങ്ങളുടേയും പ്രവാഹമായി ഹിന്നീടു്. ഭസ്മമിട്ടടക്കിയപോലെ വൈദ്യൻ നിശ്ശബ്ദനായി. അദ്ഭുതപരതന്ത്രനായി സ്വാമികളുടെ മുഖത്തുതന്നെ നോക്കിക്കൊണ്ടു് അദ്ദേഹം മിഴിച്ചിരുന്നു. ഹിംസകൂടാതെ ചികിത്സിച്ചു ഭേദമാക്കാമെന്നു് വൈദ്യനു ബോധ്യമായി. അദ്ദേഹം എഴുന്നേറ്റു് ഭക്തിപൂർവം സ്വാമിയെ വന്ദിച്ചു. മാത്രമല്ല അന്നുമുതൽ ശ്രീ കുളവേലിൽ കൃഷ്ണൻ വൈദ്യൻ ചട്ട

മ്പിസ്വാമികളെ തന്റെ ആത്മീയ ഗുരുവായി അംഗീകരിക്കു കയും ചെയ്തു. ഈ സംഭവമാണു് ശ്രീ തൈലോത്തു നാരായ ണപിള്ളയ്ക്കു് സ്വാമികളോടുണ്ടായിരുന്ന മതിപ്പുകൂടാൻ കാരണം.

ഒരു ദിവസം ശ്രീ നാരായണപിള്ള ചട്ടമ്പിസ്വാമികളെ തൈലോത്തു വീട്ടിൽ ക്ഷണിച്ചുകൊണ്ടുവന്നു. വൈകുന്നേര മായപ്പോൾ അദ്ദേഹം തിരുവടികളെ കൊടുങ്ങല്ലൂരേയ്ക്കു ക്ഷണിച്ചുകൊണ്ടുപോയി. അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ശ്രീ തൈലോത്തു കുമാരപിള്ള അക്കാലത്തു് കൊടുങ്ങല്ലൂരായി രുന്നു താമസം. ആ വീട്ടിലേയ്ക്കാണു് നാരായണപിള്ള സ്വാമി കളെ കൂട്ടിക്കൊണ്ടുപോയതു്.

സ്വാമികളും നാരായണപിള്ളയും വള്ളക്കടവിലെത്തി. കടവിൽ വള്ളങ്ങളൊന്നുമില്ലായിരുന്നു. ഒരു കൊച്ചുവള്ളം മാത്രം കിടപ്പുണ്ടു്. 'നമുക്കു് ഇതുമതി'' എന്നുപറഞ്ഞു് സ്വാമി കൾ വള്ളത്തിൽ കയറി ഇരുന്നു. പുറകെ നാരായണപിള്ളയും കയറി. വള്ളക്കാരൻ പതുക്കെ തുഴഞ്ഞുതുടങ്ങി. ഒന്നൊന്നര മണിക്കൂർകൊണ്ടു് വള്ളം കൊടുങ്ങല്ലൂരെത്തി.

നേരം ഏതാണ്ടു് സന്ധ്യയാകാറായപ്പോൾ മടക്കയാത്ര ആരംഭിച്ചു. പെട്ടെന്നൊരു കാറും കോളും പ്രത്യക്ഷപ്പെട്ടു. ആകാശം കറുത്തിരുണ്ടു. ശക്തമായ ഒരു തണുത്തകാറ്റു വീശി ത്തുടങ്ങി. അതിന്റെ ശക്തി ക്രമേണ വർദ്ധിച്ചു. കായലിലെ ഓളത്തിനു ആക്കംകൂടി. ആരോ എടുത്തെറിയും പോലെ, വള്ളം ഓളത്തിൽപ്പെട്ടു് പൊങ്ങാനും പൊടുന്നനെ താഴാനും തുടങ്ങി. വള്ളം മുങ്ങാനുള്ള എല്ലാ സാദ്ധ്യതകളുമുണ്ടു്. അതി നിടെ ഇരുട്ടും വ്യാപിച്ചുകഴിഞ്ഞു. വെളിച്ചത്തിന്റെ ഒരു പൊടി പോലും എങ്ങും കാണാനില്ല. കരയേതു്, കായലേതു് എന്നറി യാൻ കഴിയാതെ വള്ളക്കാരൻ കഴയൂന്നുകയാണു്. ഏതാനും മിനിട്ടുകൾ ഇഴഞ്ഞുനീങ്ങി.

''കഴ എത്തുന്നില്ല, സാറേ.' – വള്ളക്കാരൻ നാരായണ പിള്ളയെ നോക്കി തിടുക്കത്തിൽ വിളിച്ചുപറഞ്ഞു. അയാളുടെ ശബ്ദം പതറുന്നുണ്ടായിരുന്നു.

''നാരായണപിള്ള ഭയന്നു. എന്തുസംഭവിക്കുമെന്നറി യാതെ അദ്ദേഹം മാനത്തുനോക്കി ഇരിക്കുകയാണു്.

''ഒന്നും കണ്ടുകൂടാ. വള്ളം കടലിലോട്ടു പോകു ന്നെന്നാ തോന്നുന്നേ'– അല്പം കഴിഞ്ഞു് വള്ളക്കാരൻ വീണ്ടും വിളിച്ചു പറഞ്ഞു. ചെറിയ മഴച്ചാറ്റലും ആരംഭിച്ചു.

നാരായണപിള്ള വിറച്ചുതുടങ്ങി. 'വള്ളം കടലിലേയ്ക്കു പോകുന്നെന്നോ?' അയാൾ ചിന്തിച്ചു. 'ഈശ്വരാ! ഇനി എന്തുചെയ്യും?' നാരായണപിള്ള മരണത്തിന്റെ ഭീകരമുഖം മുന്നിൽകണ്ടു.

'സ്വാമീ! നമ്മളെന്തു ചെയ്യും? – നാരായണപിള്ള, ചട്ടമ്പിസ്വാമികളുടെ സമീപത്തേയ്ക്കു് അല്പംകൂടി അടുത്തിരുന്നിട്ടു ചോദിച്ചു.

സ്വാമികൾ ഒന്നും മിണ്ടിയില്ല. അപ്പോൾ നാരായണപിള്ളയുടെ ഭയം ശതഗുണീഭവിച്ചു. 'മരണം നിശ്ചയംതന്നെ. അദ്ദേഹം തീർച്ചയാക്കി. ഭാര്യയേയും മക്കളേയും കുറിച്ചോർത്തു.

നാരായണപിള്ള തികച്ചും അസ്വസ്ഥനായി മാറി. അദ്ദേഹം ഇരുന്നിടത്തുനിന്നും ചാടിയെണീറ്റു് സ്വാമികളുടെ കാൽക്കൽ ചെന്നിരുന്നു. സ്വാമിയുടെ പാദങ്ങൾ ഭക്തിപൂർവം തലോടിക്കൊണ്ടു പറഞ്ഞു.

"സ്വാമീ! എനിക്കു ഭയമാവുന്നു."

"ചാവാൻ ഇത്ര ഭയമോ?" – സ്വാമി ചോദിച്ചു.

"അവിടുന്നെന്നെ രക്ഷിക്കണം' – നാരായണപിള്ള അപേക്ഷിച്ചു. അദ്ദേഹം സ്വാമിയുടെ മുഖത്തുതന്നെ നോക്കിയിരുന്നു. അപ്പൊഴേയ്ക്കും, വള്ളക്കാരനും അവശനായിക്കഴിഞ്ഞിരുന്നു.

"കണ്ണടച്ചോണ്ടിരുന്നാൽ മതി'. – സ്വാമി നിർദ്ദേശിച്ചു. 'ഇതൊന്നും കാണണ്ട".

നാരായണപിള്ള കണ്ണടച്ചു. സ്വാമിയുടെ രൂപംതന്നെ മനസ്സിൽ ഉറപ്പിച്ചുകൊണ്ടിരുന്നു. അപ്പൊഴും അദ്ദേഹം ആ പാദങ്ങളിൽ തടവിക്കൊണ്ടാണിരുന്നതു്.

എത്ര സമയം അങ്ങനെ കഴിഞ്ഞുവെന്നു് നാരായണപിള്ളയ്ക്കു നിശ്ചയമില്ല.

'ഇനി നമുക്കിറങ്ങാം' – സ്വാമിയുടെ ശബ്ദം കേട്ടു് അദ്ദേഹം ഞെട്ടി കണ്ണുതുറന്നു. പറവൂർ കടവിൽ വിളക്കുമരത്തിന്റെ ചുവട്ടിൽ വള്ളം എത്തിനില്ക്കുന്നതാണദ്ദേഹം കണ്ടതു്. എന്തൊരാശ്ചര്യം!

നാരായണപിള്ളയ്ക്കു് അതു വിശ്വസിക്കാൻതന്നെ കുറെ നേരം വേണ്ടിവന്നു. വള്ളത്തിൽ നിന്നിറങ്ങും മുമ്പു്, തിരുവടികളുടെ തൃപ്പാദങ്ങൾ തലയിലണിയാനാണു് അദ്ദേഹ

ത്തിനു തോന്നിയതു്. പാദത്തിൽ തൊട്ടുവന്ദിച്ചിട്ടു് അദ്ദേഹം പറഞ്ഞു 'അവിടുത്തെ അനുഗ്രഹം തന്നെയാണിതു്.

നാരായണപിള്ള വള്ളക്കാരനെ നോക്കി. അനക്കമില്ല. വള്ളത്തിനുള്ളിൽ അമരത്തിൽ ചാരി അബോധാവസ്ഥയിൽ ഇരിക്കുകയായിരുന്നു, അയാൾ.

25

ശ്രീ പാമ്പാടി ബാലകൃഷ്ണപിള്ള, തന്റെ വീട്ടിൽ തിരുവടികൾ കാണിച്ച ചില അദ്ഭുതലീലകളെക്കുറിച്ചു് ഇങ്ങനെ എഴുതുന്നു.

നെടുമങ്ങാടു്, ചുള്ളിമാനൂരിനടുത്താണു് ഞങ്ങളുടെ പാമ്പാടി എസ്റ്റേറ്റു്; ഒരു വനപ്രദേശമാണു് അവിടം. ശർക്കരാകണ്ടക നിർന്നോന്നതയൂതമെന്നും, സിംഹവ്യാഘ്രമൃഗഗണനിഷേവിതമെന്നും മറ്റുമുള്ള വർണ്ണനകളൊക്കെ ആ പ്രദേശത്തിനു് ഏതാണ്ടു് യോജിക്കും. സിംഹങ്ങളൊന്നും അവിടെയില്ലെങ്കിലും കടുവാകൾ ധാരാളമുണ്ടു്. അവയുടെ ശല്യവും കുറച്ചൊന്നുമല്ല. വീടിനു മുമ്പിൽ ഒരു വലിയ തോടുണ്ടു്. തോടിന്റെ അക്കരെ കടുവാകൾ വരുകയും പോവുകയും ചെയ്യുന്നതു് എന്റെ കുട്ടിക്കാലത്തു് ഞാൻ കണ്ടിട്ടുണ്ടു്. പശു, ആടു്, കന്നുക്കുട്ടികൾ എന്നിവയെ ആക്രമിച്ചു പിടികൂടുകയാണു് കടുവാകളുടെ ലക്ഷ്യം. അതുകൊണ്ടു് മുളങ്കമ്പുകൾകെട്ടി ചുടലിമുള്ളുകൊണ്ടു പൊതിഞ്ഞാണു് ഞങ്ങൾ കാലിത്തൊഴുത്തുണ്ടാക്കിയിരുന്നതു്. ചുടലിമുള്ളിൽ സ്പർശിക്കാൻ കടുവാകൾക്കും ഭയമാണു്.

ആ എസ്റ്റേറ്റിലാണു് ഞങ്ങളുടെ ഭവനം. എന്റെ കുട്ടിക്കാലത്തു് ഞങ്ങൾ പാർത്തിരുന്നതു് ആ ഭവനത്തിലാണു്. അച്ഛനും, അമ്മയും, ഞങ്ങൾ സഹോദരങ്ങളുമാണു് ആ വീട്ടിലുണ്ടായിരുന്നതു്. അച്ഛന്റെ പേരും ചട്ടമ്പിക്കുഞ്ഞൻപിള്ള എന്നാണു്. ആജാനുബാഹുവും, ദൃഢഗാത്രനുമായിരുന്ന അദ്ദേഹം നല്ല മർമ്മശാസ്ത്ര വിദ്ഗ്ധൻകൂടിയായിരുന്നു. ചട്ടമ്പിയെന്നു പേരുണ്ടെങ്കിലും അച്ഛൻ ആരെയും ഉപദ്രവിച്ചിട്ടുള്ളതായി അറിവില്ല. പക്ഷെ അച്ഛനെ കണ്ടാൽമതി ആരും ഭയക്കും. അത്രയ്ക്കു് ഒത്തശരീരമായിരുന്നു അദ്ദേഹത്തിന്റേതു്. അതിനൊത്ത ബലവും.

ഞങ്ങളുടെ പാമ്പാടി എസ്റ്റേറ്റിലുള്ള ഈ വീട്ടിൽ,

ബ്രഹ്മശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ, യാത്രാമദ്ധ്യേ, പല പ്പോഴും വന്നു വിശ്രമിക്കാറുണ്ടു്. വരുമ്പോൾ രണ്ടുംമൂന്നും ദിവസം താമസിച്ചു വിശ്രമിക്കുകയും പതിവാണു്. പണ്ടു് സ്വാമികൾ കാണിച്ചിട്ടുള്ള പല അദ്ഭുതങ്ങളെക്കുറിച്ചു് അമ്മ ഞങ്ങളോടു പറഞ്ഞിട്ടുണ്ടു്. കുട്ടിക്കാലത്തു കേട്ടിട്ടുള്ള എല്ലാ കഥകളും ഇപ്പോൾ ഓർമ്മയില്ല. എന്റെ ഓർമ്മയിൽ ഒളിമങ്ങാതെ ഇപ്പോഴും നില്ക്കുന്ന ഒന്നുരണ്ടു സംഭവങ്ങളുണ്ടു്. അവ ഞാൻ കുറിച്ചുകൊള്ളട്ടെ.

പതിവുപോലെ ഒരുദിവസം സ്വാമികൾ ഞങ്ങളുടെ വീട്ടിൽ വന്നു. ഉച്ചകഴിഞ്ഞ സമയമായിരുന്നു അതു്. വന്ന പാടേ തിരുവടികൾ, വീടിന്റെ മുൻവശത്തെ വരാന്തയിലുള്ള തട്ടുപടിയിൽ (തട്ടുടി.) കയറി ഇരുന്നു. ഞങ്ങളെല്ലാം തൃപ്പാദം തൊട്ടുവന്ദിച്ചു. ഉടനെ അമ്മ സ്വാമികൾക്കു കുടിക്കാൻ ഒരു പാത്രത്തിൽ കരിക്കിൻ വെള്ളം കൊണ്ടുകൊടുത്തു. സ്വാമികൾ വീട്ടിൽ വരുമ്പോഴെല്ലാം, അവിടുത്തേയ്ക്കു് ആഹാരം കൊടുക്കാനും, വെള്ളം കുടിക്കാനും പുതിയ പാത്രങ്ങൾ പ്രത്യേകം വച്ചിട്ടുണ്ടു്. ആ പാത്രങ്ങൾ ആരും തൊടാൻ അമ്മ സമ്മതിക്കുകയില്ല. സ്വാമിയുടെ പാത്രങ്ങളെന്നാണു് അമ്മ അവയെപ്പറ്റി പറയുന്നതു തന്നെയും.

സ്വാമി തിരുവടികൾ വീട്ടിൽ വന്നാൽ കുട്ടികൾ ചുറ്റും കൂടും. നല്ല നേരമ്പോക്കുകൾ കാണിച്ചു് അവിടുന്നു് അവരെ രസിപ്പിക്കും. മുതിർന്നവരോടു് ഓരോ കാര്യങ്ങളെക്കുറിച്ചു സംഭാഷണവും നടത്തും. അന്നു് രാത്രി വളരെ വൈകും വരെ ഓരോരോ കാര്യങ്ങളെക്കുറിച്ചു് സ്വാമികൾ സംസാരിച്ചുകൊണ്ടിരുന്നു.

മണി പത്തുകഴിഞ്ഞു. കൂരിരുട്ടിന്റെ കരിമ്പടം പുതച്ചു് അന്തരീക്ഷം ഉറങ്ങാൻ കിടന്നു. മഞ്ഞുപൊഴിഞ്ഞു തുടങ്ങി. കാറ്റിനു തണുപ്പുകൂടി. ''അകത്തു കയറിക്കിടക്കാം –'' അച്ഛൻ സ്വാമികളോടപേക്ഷിച്ചു. 'വേണ്ട' – തിരുവടികൾ പറഞ്ഞു. 'ഞാൻ ഈ തട്ടുപടിയിൽ കിടന്നുകൊള്ളാം. ഇവിടെയായാൽ തണുത്ത കാറ്റും കിട്ടും''.

'വേണ്ട സ്വാമി' – ഭയപ്പാടോടെ അച്ഛൻ അറിയിച്ചു. ''കടുവായുടെ ഉപദ്രവമുള്ള സ്ഥലമാണു്.''

'കടുവയോ?' – സ്വാമികൾ, ചിരിച്ചുകൊണ്ടു പറഞ്ഞു. 'അവരൊക്കെ എന്റെ കൂട്ടുകാരല്ലേ?''

അച്ഛൻ പിന്നെയും നിർബന്ധിച്ചു. പക്ഷെ, സ്വാമികൾ

സമ്മതിച്ചില്ല. അവിടുന്നു്, നിർഭയനായി അവിടെത്തന്നെ കിടന്നു.

ഞങ്ങൾക്കു് ഉറക്കം വന്നില്ല. രാത്രി, കടുവാ വരുമെന്നുള്ളതു തീർച്ചയാണു്. സ്വാമികൾ വെളിയിൽ കിടന്നുറങ്ങുകയും ചെയ്യുന്നു. ഞങ്ങൾക്കെങ്ങനെ ഉറങ്ങാൻ കഴിയും? അവിടുത്തേയ്ക്കു് വല്ലതും പറ്റിയാൽ? ആകെക്കൂടെ ഒരങ്കലാപ്പുതന്നെ. ഇടയ്ക്കിടയ്ക്കു് ജനാലപ്പഴുതിലൂടെ വെളിയിലേയ്ക്കു നോക്കിക്കൊണ്ടു്, പരിഭ്രാന്തരായി ഞങ്ങൾ കാതോർത്തിരുന്നു.

ഇടയ്ക്കെപ്പൊഴോ ഞങ്ങളൊന്നു മയങ്ങിയെന്നു തോന്നുന്നു. ഒരലർച്ച കേട്ടു് ഞങ്ങൾ ഞെട്ടിയുണർന്നു. നെഞ്ചിടിപ്പോടെ ജനാലപ്പാളി അല്പം തുറന്നു വെളിയിലേയ്ക്കു നോക്കി. അതാ, ഒരു തടിയൻ കടുവാ. മുറ്റത്തിനപ്പുറമുള്ള തോടിന്റെ മറുകരയിൽ നില്ക്കുന്നു. അവന്റെ അലർച്ചയാണു് ഞങ്ങൾ കേട്ടതു്. ജ്വലിക്കുന്ന കണ്ണുകൾ. ആ ഇരുട്ടിൽ അതു ഞങ്ങൾക്കു വ്യക്തമായി കാണാം. നാക്കുനീട്ടി ചിറിയിൽ നക്കിക്കൊണ്ടു് നിർഭയനായി നില്ക്കുകയാണു്...!

ഞങ്ങൾ സ്വാമി കിടന്നിരുന്ന സ്ഥലത്തേയ്ക്കു നോക്കി. തിരുവടികൾ എഴുന്നേറ്റിരുന്നു് അവിടെക്കിടന്ന ഒരു ചെറിയ തടിക്കഷണത്തിൽ ഒരു കമ്പുകൊണ്ടു് കൊട്ടുകയും എന്തോ പതുക്കെ പറയുകയും ചെയ്യുന്നതാണു് ഞങ്ങൾ കണ്ടതു്.

തടിക്കഷണത്തിന്മേലുള്ള കൊട്ടുമുറുകുംതോറും, കടുവയുടെ കനത്തതല താണുതാണുവരുന്നതു് ആ അരണ്ടവെട്ടത്തിൽ ഞങ്ങൾ കണ്ടു. "ഈ കന്നുകാലികൾ നിനക്കു തിന്നാനുള്ളതല്ല. പൊയ്ക്കോ. ഇനി ഇവിടെ കണ്ടുപോകരുതു്" – സ്വാമികളുടെ ശബ്ദം ഉയർന്നുകേട്ടു. ഒരു നിമിഷം. ആ തടിയൻ കടുവാ തിരിഞ്ഞു നടന്നു് കാട്ടിനുള്ളിൽ മറയുകയും ചെയ്തു. ഇതെന്തു വിദ്യയാണു്? ആർക്കറിയാം? ചട്ടമ്പിസ്വാമി തിരുവടികളുടെ സിദ്ധിവിശേഷമെന്നല്ലാതെ എന്തുപറയാനാണു്? തടിക്കഷണത്തിൽ കമ്പുകൊണ്ടു കൊട്ടിയതു്, മൃഗങ്ങളെ ഉച്ചാടനം ചെയ്യുന്ന ഒരു പ്രക്രിയയാണെന്നു് പിന്നീടു് സ്വാമികൾ അമ്മയോടു പറഞ്ഞുവത്രെ.

മറ്റൊരു സംഭവം:–

പതിവുപോലെ ഒരുദിവസം ചട്ടമ്പിസ്വാമി തിരുവടികൾ ഞങ്ങളുടെ വീട്ടിൽ വന്നു. അന്നുരാത്രി അവിടെയാണു വിശ്രമിച്ചതു്. പിറ്റേന്നു് പ്രഭാതകർമ്മങ്ങളൊക്കെ കഴിഞ്ഞു് സ്വാമി

കൾ വരാന്തയിൽ വന്നിരുന്നു. എന്റെ അച്ഛനും അവിടെ നില്പുണ്ടായിരുന്നു.

രാവിലെ ഒൻപതു മണിയായപ്പോൾ ഞങ്ങളുടെ പതിവു പണിക്കാരനായ കുറവൻ തോട്ടിനക്കരെ വന്നുനിന്നു. അവിടങ്ങളിൽ കൃഷിപ്പണികളും മറ്റും ചെയ്യുന്നതു് കുറവന്മാരാണു്. അവർ വീടിന്റെ മുറ്റത്തുപോലും കയറുകയില്ല. അതുകൊണ്ടാണു് അയാൾ തോട്ടിനക്കരെത്തന്നെ നിന്നതു്. ഞങ്ങളുടെ പറമ്പിലുള്ള കൈതവെട്ടാനായി അച്ഛൻ അയാളെ പറഞ്ഞയച്ചു.

കുറച്ചു കഴിഞ്ഞു് ഒരു പാത്രത്തിൽ കരിക്കിൻവെള്ളം നിറച്ചു് അച്ഛൻ സ്വാമികളുടെ മുമ്പിൽ കൊണ്ടുവച്ചു.

''അതവിടെ ഇരിക്കട്ടെ.'' – തിരുവടികൾ പറഞ്ഞു.

''അതു കുടിക്കാൻ ഒരാൾ വരുന്നുണ്ടു്.''

സ്വാമികളെ കാണാൻ വരുന്ന ആർക്കോ കൊടുക്കാൻ വേണ്ടിയായിരിക്കുമെന്നു വിചാരിച്ചു് അച്ഛൻ ഒരു വശത്തേയ്ക്കു മാറി നിന്നു.

മണിപത്തുകഴിഞ്ഞു. ''ഇന്നത്തെ പണി മുടങ്ങിയല്ലോ കുഞ്ഞൻപിള്ളേ.'' – താടിതടവിക്കൊണ്ടു് സ്വാമികൾ അച്ഛനോടു പറഞ്ഞു.

''എന്താ സ്വാമി'' – അച്ഛൻ ചോദിച്ചു. തിരുവടികൾ അതിനു് ഉത്തരം പറയാൻ തുടങ്ങും മുമ്പു് 'തമ്പ്രാക്കൾ, തമ്പ്രാക്കൾ' എന്നു് അലറിവിളിച്ചുകൊണ്ടു് ഒരു കുറവൻ ഓടിക്കിതച്ചുവന്നു. പുറകെ നാലഞ്ചു കുറവന്മാർ ചേർന്നു് ഞങ്ങളുടെ പണിക്കാരൻ കുറവനെ താങ്ങിയെടുത്തുകൊണ്ടുവരുകയാണു്.

'എന്തുപറ്റീ' – മുറ്റത്തുനിന്നുകൊണ്ടു് അച്ഛൻ ചോദിച്ചു. ''അവനെ കൈതമൂക്കൻ കടിച്ചു. ഓർമ്മകെട്ടു കിടക്കുന്നു', കുറവന്മാർ പരിഭ്രമത്തോടെ പറഞ്ഞു. എന്തുചെയ്യണമെന്നറിയാതെ അച്ഛൻ സംഭ്രമിച്ചുനിന്നു.

സ്വാമികൾ, പാമ്പുകടിയേറ്റു് നിശ്ചേഷ്ടനായിക്കിടക്കുന്ന കുറവന്റെ സമീപത്തേയ്ക്കു് ഇറങ്ങിച്ചെന്നു. കോൾവായിൽ ഞെക്കി കുറെ രക്തം കളഞ്ഞു. തോട്ടിൽ നിന്നും കുറെ വെള്ളം കോരി മുറിവായിലൊഴിച്ചു. അവിടെയൊക്കെ നടന്നു് ഏതോ ഒരു പച്ചില പറിച്ചു കശക്കി അതിൽ പുരട്ടി.

എന്തൊരദ്ഭുതം.! കൈതമൂർഖന്റെ കടിയേറ്റ കുറവൻ

ഡിജിറ്റൽ പകർപ്പ് കേരള സംസ്ഥാന ആർക്കൈവ്സ്



സ്വാമികൾ സമാധിസ്ഥനായിട്ടിരിക്കുമ്പോൾ എടുത്ത ഫോട്ടോ

സർവജ്ഞ ഋഷിരുത്ക്രാന്ത
സദ്ഗുരു ശ്ശുകവർത്മനാ
ആഭാതി പരമവ്യോമ്നി
പരിപൂർണ്ണ കലാനിധിഃ

ലീലയാ കാലമധികം
നീത്വാന്തേ സ മഹാപ്രഭുഃ
നിസ്വം വപുസ്സമുത്സൃജ്യ
സ്വം ബ്രഹ്മവപുരാസ്ഥിതഃ

(ശ്രീനാരായണഗുരുസ്വാമികൾ)

കണ്ണുതുറന്നു! 'ആ കരിക്കിൻവെള്ളം അവനു കുടിക്കാൻ കൊടുക്കണം.'' സ്വാമികൾ അച്ഛനോടു പറഞ്ഞു. ഉടനെ അച്ഛൻ കരിക്കിൻ വെള്ളം നിറച്ച ആ പാത്രവും ഒരു ചിരട്ടയുമായി വന്നു. കുറവനു വെള്ളം കുടിക്കാനാണു് ആ ചിരട്ടയെന്നു മനസ്സിലാക്കിയ സ്വാമികൾ ചോദിച്ചു ആ ചിരട്ട എന്തിനാണെന്നു്. 'കുറവനു കുടിക്കാൻ കൊടുക്കാൻ' – അച്ഛൻ പറഞ്ഞു. ''വേണ്ട'', – സ്വാമികൾ വിലക്കി. ''അവനും മനുഷ്യൻ തന്നെയല്ലേ!''അവിടുന്നു ചോദിച്ചു.

കുറവൻ ആ കരിക്കിൻവെള്ളം മുഴുവനും കുടിച്ചു. ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ അവൻ എഴുന്നേറ്റു പോവുകയും ചെയ്തു.

അനുബന്ധം II

ശ്രീ ചട്ടമ്പിസ്വാമി തിരുവടികളും തീർത്ഥപാദസമ്പ്രദായവും

പണ്ഡിറ്റ്, സി. രാമകൃഷ്ണൻനായർ
ആയുർവേദാചാര്യൻ, ചെറുവള്ളി

(''വേദാന്ത''ത്തെയും ''സിദ്ധാന്ത''ത്തെയും സമന്വയിപ്പിച്ചുകൊണ്ട് ശ്രീ ചട്ടമ്പിസ്വാമികൾ അവതരിപ്പിച്ച അദ്വൈത സമ്പ്രദായമാണ് തീർത്ഥപാദസമ്പ്രദായം. അതിന്റെ സവിശേഷതകളെക്കുറിച്ചു പ്രതിപാദിക്കുന്നതാണ് പണ്ഡിറ്റ് സി. രാമകൃഷ്ണൻ നായരുടെ 'ശ്രീ ചട്ടമ്പിസ്വാമിതിരുവടികളും തീർത്ഥപാദസമ്പ്രദായവും'' എന്ന ലേഖനം. 'ശ്രീ ചട്ടമ്പിസ്വാമിശതാബ്ദി സ്മാരക ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനത്തിലെ പ്രസക്തഭാഗങ്ങളാണ് താഴെച്ചേർക്കുന്നത്. ശ്രീ തീർത്ഥപാദപരമഹംസരുടെ ഒരുത്തമഗൃഹസ്ഥശിഷ്യനായ ലേഖകൻ തീർത്ഥപാദസമ്പ്രദായത്തിന്റെ നാനാവശങ്ങളെക്കുറിച്ച് സമഗ്രമായി പ്രതിപാദിച്ചിരിക്കുന്നു.)

(പ്രസാധക സമിതി)

പ്രാതഃസ്മരണീയനായ ശ്രീ വിദ്യാധിരാജ തീർത്ഥപാദ പരമഭട്ടാര ചട്ടമ്പിസ്വാമികൾ, പരിപാവനമായ ഹിന്ദുധർമ്മത്തിന്റെ ഒരു മൂർത്തിമദ്ഭാവമായിരുന്നു. ഭാരതീയദർശനങ്ങളുടെ സാരസർവസ്വമായ യോഗവും ജ്ഞാനവും ജീവന്റെ സഹജമായ അദ്വൈതബ്രഹ്മസ്വരൂപത്തെ വെളിപ്പെടുത്തിക്കാണിക്കുന്ന അനുഭവം മാത്രമാണെന്നു്, സ്വജീവിതംകൊണ്ടു നമുക്കു കാണിച്ചു തന്നിട്ടുള്ള ഒരു മഹാപുരുഷനായിരുന്നു അവിടുന്നു്. അദ്ദേഹത്തിന്റെ വ്യക്തിമുദ്ര എന്നെന്നേക്കും കേരളീയഹൃദയത്തിൽ മായാതെ വിളങ്ങിക്കൊണ്ടുതന്നെയി

തിക്കും. അനാചാരങ്ങളെ സദാചാരങ്ങളെന്നു കരുതിപ്പോന്ന കേരളീയർക്കു് സന്മാർഗ്ഗം കാണിച്ചുകൊടുത്ത പരമാചാര്യനും സാക്ഷാൽ വിദ്യാധിരാജനായ ശ്രീ ഭട്ടാരതിരുവടികൾ തന്നെയായിരുന്നു. അനവധി വർഷങ്ങളായി പുരോഹിതന്മാരുടെ നിർദ്ദയമായമർദ്ദനമേറ്റു് അവരുടെ അടിമകളായിക്കഴിഞ്ഞുകൂടിയ കേരളത്തിലെ അബ്രാഹ്മണരെത്തട്ടിയുണർത്തി, അവർക്കു അതിപുരാതനവും മഹത്തരവുമായ ഒരു സംസ്കാരമുണ്ടായിരുന്നു എന്നു് സപ്രമാണം തെളിയിച്ചു്. അവരെ സ്വാതന്ത്ര്യവേദിയിലേയ്ക്കു് നയിച്ച മഹാനായ ഒരു വിപ്ലവകാരിയെന്ന നിലയിൽ അദ്ദേഹത്തിനുള്ള സ്ഥാനം അന്യാദൃശമാണു്.

കാഷായമോ, കമണ്ഡലുവോ, മഠങ്ങളോ, സ്തുതിപാഠകന്മാരോ ഒന്നുമില്ലാതെ ഒരു അതിവർണ്ണാശ്രമിയായി കഴിഞ്ഞുകൂടിയ ശ്രീചട്ടമ്പിസ്വാമിതിരുവടികൾ. താൻ രചിച്ച ഗ്രന്ഥങ്ങൾവഴിയായും തന്റെ ശിഷ്യപരമ്പരവഴിയായും ഈ കേരളഖണ്ഡത്തിൽ യോഗജ്ഞാനസമ്പ്രദായത്തെ പ്രതിഷ്ഠിച്ചു എന്നുള്ളതാണു് അദ്ദേഹം നമുക്കു നൽകിയിട്ടുള്ള അനുഗ്രഹങ്ങളിൽ ഏറ്റവും വലുതു്.

അതിപുരാതനമായ, ഭാരതീയമഹർഷിമാരുടെ തത്വശാസ്ത്രങ്ങൾ ആര്യദ്രാവിഡഭാഷകളിലാണു് നമുക്കു ലഭിച്ചിട്ടുള്ളതു്. ആര്യഭാഷയിൽ ലഭിച്ചിട്ടുള്ള വേദപുരാണേതിഹാസങ്ങളുടെയും ദർശനങ്ങളുടേയും സാരസർവസ്വമാണു്. ശ്രീശങ്കരഭഗവത്പാദർ അത്യുന്നതമായ ഒരു തത്വശാസ്ത്രമെന്ന നിലയിൽ ഉയർത്തിയിട്ടുള്ള ''അദ്വൈതസമ്പ്രദായം''. അതുപോലെതന്നെ, അഗസ്ത്യർ, കണ്ണപ്പർ, അപ്പർ, തിരുജ്ഞാനസംബന്ധസ്വാമികൾ മുതലായ ദ്രാവിഡാചാര്യന്മാരിൽക്കൂടി വെളിപ്പെട്ടിട്ടുള്ള യോഗജ്ഞാനശാസ്ത്രങ്ങളുടെ ഒരു സമാഹാരമാണു് ''സിദ്ധാന്തസമ്പ്രദായം''. ഈ രണ്ടു സമ്പ്രദായങ്ങളും പ്രക്രിയാവ്യത്യാസംകൊണ്ടും സാങ്കേതികപദങ്ങളുടെ ഭേദംകൊണ്ടും വിഭിന്നങ്ങളെന്നു തോന്നിയാലും, തത്വത്തിൽ അദ്വൈതസിദ്ധാന്തത്തെത്തന്നെയാണു് മുഖ്യലക്ഷ്യമായി കരുതിപ്പോരുന്നതു്.

ശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ സിദ്ധാന്തസമ്പ്രദായത്തിൽപ്പെട്ട ഒരു തുറവിയായിരുന്നെങ്കിലും ഈ രണ്ടു മാർഗ്ഗങ്ങളിലും ഒരുപോലെ പാണ്ഡിത്യവും അനുഭൂതിയും സമ്പാദിച്ചിട്ടുള്ള ഒരു മഹർഷിവര്യനായിരുന്നു. അതിനാൽ ''വേദാന്ത''ത്തേയും ''സിദ്ധാന്ത''ത്തേയും സമന്വയിപ്പിച്ചു

കൊണ്ടുള്ള ഒരു അദ്വൈതസമ്പ്രദായമാണു് സർവതന്ത്രസ്വതന്ത്രനായ അവിടുന്നു പ്രചരിപ്പിച്ചിരിക്കുന്നതു്.

വേദാന്തസമ്പ്രദായത്തിൽ ദ്വിജന്മാർക്കുമാത്രമേ പ്രവേശനാനുവാദമുള്ളു. വൈദികവിധിയനുസരിച്ചുള്ള കർമ്മങ്ങളും ഉപാസനകളും ചെയ്തു് അന്തഃകരണശുദ്ധിനേടിയിട്ടുള്ള ഒരു ദ്വിജനു് സന്യാസപൂർവകമായ ജ്ഞാനോപദേശംനല്കി അയാളെ അദ്വൈതബ്രഹ്മസാക്ഷാൽക്കാരത്തിൽ എത്തിക്കുകയാണു് ''വേദാന്തസമ്പ്രദായ''ത്തിന്റെ മുഖ്യോദ്ദേശ്യം. എങ്ങിനെയെന്നാൽ വേദാന്തസമ്പ്രദായമനുസരിച്ചു് സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മം ഒന്നുമാത്രമേ സത്യമായിട്ടുള്ളു. കയറിൽ പാമ്പു് എന്നപോലെ, അനാദിയായ മായാശക്തിയാൽ ആ ബ്രഹ്മം ഈശ്വരജീവജഗദ്സ്വരൂപേണ തോന്നുകമാത്രമാണു്. മായ, ബ്രഹ്മത്തിൽനിന്നു ഭിന്നമോ ബ്രഹ്മത്തിന്റെ അംശമോ അല്ല. അതു സത്തും അസത്തും അല്ല. അനിർവചനീയമായ ഒരു കല്പിതവസ്തുവാണതു്. ആ മായയുടെ പരിണാമവും ബ്രഹ്മത്തിന്റെ വിവർത്തവുമാണീലോകം. ജീവൻ ബ്രഹ്മസ്വരൂപനാണെങ്കിലും മായനിമിത്തം അനൃതജഡദുഃഖാത്മകമായ ലോകത്തെ സച്ചിദാനന്ദസ്വരൂപമായിതെറ്റിദ്ധരിച്ചിരിക്കുകയാണു്. തന്നിമിത്തം ദേഹാഭിമാനിയായിത്തീർന്ന ജീവൻ ദൃശ്യാത്മകമായ ലോകത്തിൽനിന്നു വിഷയസുഖമനുഭവിച്ചു തൃപ്തിയടയാൻ അനവരതം പരിശ്രമിച്ചുകൊണ്ടാണിരിക്കുന്നതു്. ഇതാണു് ജീവഭാവം. ഈ ജീവഭാവത്തിൽ ജനിച്ചും മരിച്ചും കഴിയുന്ന ജീവൻ സുകൃതവശാൽ സാധനചതുഷ്ടയസമ്പന്നനായ ദ്വിജൻ (ബ്രാഹ്മണൻ മാത്രമെന്നും, ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും എന്നും പക്ഷഭേദമുണ്ടു്.) ആയിത്തീർന്നു് ബ്രഹ്മനിഷ്ഠനായ ഗുരുവിനെപ്രാപിച്ചു് ആദ്ധ്യാത്മികോപദേശത്തിനു് അഭ്യർത്ഥിക്കുന്നു. ആ ഗുരു, തത്ത്വമസിമുതലായ മഹാവാക്യങ്ങൾ ആ ശിഷ്യനു് ഉപദേശിച്ചുകൊടുക്കുന്നു. ശിഷ്യൻ ഉത്തമാധികാരിയാണെങ്കിൽ ശ്രവണമാത്രയിൽത്തന്നെ ''അഹം ബ്രഹ്മാസ്മി'' എന്ന അഖണ്ഡാകാരവൃത്തിയുണ്ടാകുകയും അജ്ഞാനം നശിച്ചു ജീവന്മുക്തനാകുകയും ചെയ്യുന്നു. മദ്ധ്യമാധികാരിയോ കനിഷ്ഠാധികാരിയോ ആണെങ്കിൽ ഗുരുവിൽനിന്നു ശ്രവിച്ച മഹാവാക്യത്തിന്റെ അർത്ഥത്തെക്കുറിച്ചു് മനനവും നിദിദ്ധ്യാസനവും ചെയ്തു നിർവികല്പസമാധിസമ്പാദിച്ചു് ബ്രഹ്മസ്വരൂപനിർണ്ണിതിവരുത്തി ജീവന്മുക്തനാകുന്നു. കയറിൽത്തോന്നിയ പാമ്പു്, ആ കയറിന്റെ സ്വരൂപത്തെക്കുറിച്ചുള്ള ബോധമുണ്ടാ

കുമ്പോൾ നശിക്കുന്നു. അതുപോലെ ബ്രഹ്മത്തിൽ കല്പിക്കപ്പെട്ടി പ്രപഞ്ചം ബ്രഹ്മസ്വരൂപബോധമാകുന്ന-ഞാൻ ബ്രഹ്മമാണെന്നുള്ള-വൃത്തിജ്ഞാനത്തിൽ നശിക്കുന്നു. അതിനാൽ മോക്ഷസാധനം ജ്ഞാനം മാത്രമാണു്. ഇങ്ങനെയാണു് വേദാന്തസമ്പ്രദായത്തിന്റെ സാമാന്യസ്വരൂപം.

''സിദ്ധാന്ത''സമ്പ്രദായത്തിലാകട്ടെ, ചര്യ, ക്രിയ, യോഗം, ജ്ഞാനം ഇവകൾകൊണ്ടു പക്വതനേടിയിട്ടുള്ള ഏതധികാരിക്കും അനുഭൂതിസമ്പന്നനായ ആചാര്യൻ ''ദീക്ഷാ'' പൂർവമുള്ള തത്വോപദേശംനൽകി അയാളെ അഖണ്ഡപരിപൂർണ്ണജ്ഞാനാത്മകമായ ''ശിവാദ്വൈതാ''നുഭൂതിയിൽ എത്തിക്കുന്നു. ശിവതത്വം, വിദ്യാതത്വം, ആത്മതത്വം ഈ വകുപ്പുകളിലായി 36 പദാർത്ഥങ്ങളാണു് സിദ്ധാന്തസമ്പ്രദായത്തിൽ ദൃശ്യസ്വരൂപമായി പ്രതിപാദിക്കപ്പെടുന്നതു്. കണ്ണാടിയിൽ പ്രതിബിംബങ്ങളെന്നപോലെ ആ തത്വങ്ങൾ മുപ്പത്തിയാറും ഏകവും പരിപൂർണ്ണവും ജ്ഞാനാത്മകവുമായ ശിവസ്വരൂപത്തിൽ പ്രതിഭാസിക്കുകയാണു്. അതിനുള്ള കാരണം ശക്തിയുടെ വിജൃംഭണമാണുതാനും. അഗ്നിയിൽ ഉഷ്ണശക്തിയെന്നപോലെ ശിവസ്വരൂപത്തിൽ, ദൃശ്യഹേതുകമായ ഒരു നിത്യശക്തി അടങ്ങിയിരിക്കുന്നു. അതിനു് ശിവന്റെ സ്വാതന്ത്ര്യശക്തി എന്നുകൂടെ പേരുണ്ടു്. ആ ശക്തിയുടെ സാത്വികഗുണാംശം ശിവസ്വരൂപത്തെ ഈശ്വരസ്വരൂപമായും, രാജോഗുണാംശം ജീവസ്വരൂപമായും, തമോഗുണാംശം മഹത്തത്വാദി പ്രപഞ്ചസ്വരൂപമായും തോന്നിക്കുന്നു. കണ്ണാടിയിൽ നിന്നു ഭിന്നമായിത്തോന്നുന്ന പ്രതിബിംബങ്ങളെല്ലാം വാസ്തവത്തിൽ കണ്ണാടിമാത്രമായാണു് നിലകൊള്ളുന്നതു്. ആ പ്രതിബിംബങ്ങൾ എങ്ങനെതോന്നിയാലും അതുകൊണ്ടൊന്നും കണ്ണാടിക്കു യാതൊരുകോട്ടവും സംഭവിക്കുന്നില്ല. അവ, എപ്പോഴും കണ്ണാടിയായിട്ടുതന്നെ വിരാജിക്കുന്നു. അതുപോലെ ശിവസ്വരൂപത്തിൽ പ്രതിഭാസിക്കുന്ന ജീവേശ്വരജഗദാദിഭേദങ്ങളെല്ലാം ശിവസ്വരൂപത്തിൽനിന്നു ഭിന്നങ്ങളാണെന്നുതോന്നിയാലും അതുകൊണ്ടൊന്നും ശിവസ്വരൂപത്തിനു് യാതൊരു പരിവർത്തനവും സംഭവിക്കുന്നില്ല. അവയെല്ലാം ശിവസ്വരൂപംതന്നെയാണു്. ഇതാണു് ''സിദ്ധാന്ത''സമ്പ്രദായത്തിന്റെ സാമാന്യരൂപം.

ജീവൻ പരമാർത്ഥത്തിൽ ശിവസ്വരൂപമാണെങ്കിലും ശക്തിയുടെ അംശമായ മായനിമിത്തം അണുവും, ജനനമരണാദി ദുഃഖങ്ങളോടുകൂടിയതുമാണെന്നു തെറ്റിദ്ധരിച്ചിരി

ക്കുകയാണു് ചെയ്യുന്നതു്. അങ്ങനെയുള്ള ജീവന്റെ ''ആണവ മലാ''ദി ദോഷങ്ങളില്ലാതാക്കി അവനിൽ ശിവസ്വരൂപത്തിന്റെ പ്രത്യഭിജ്ഞ ഉദിപ്പിക്കുന്നതിനു് സാക്ഷാൽ ശിവസ്വരൂപനായ ആചാര്യന്റെ ആദ്ധ്യാത്മികശക്തി പ്രസരിക്കുന്ന ''ദൃഷ്ടി ദീക്ഷ''യ്ക്കു മാത്രമേ കഴിവുള്ളു എന്നാണു സിദ്ധാന്തപക്ഷം.

വേദാന്തശാസ്ത്രത്തിൽ പ്രിപാദിക്കപ്പെട്ട മായ വെറും കല്പിതവസ്തുവും, സിദ്ധാന്തസമ്പ്രദായത്തിൽ പ്രതിപാദിക്കപ്പെട്ട ശക്തിസ്വരൂപിണിയായ മായ നിത്യവും ശിവസ്വരൂപവുമാണു്.

അതിനാൽ വേദാന്തമതത്തിൽ, നാനാത്വപ്രതീതിയറ്റിരിക്കുന്ന നിർവികല്പസമാധിയിൽ മാത്രമേ പ്രതിബന്ധരഹിതമായ അദ്വൈതബ്രഹ്മസാക്ഷാത്ക്കാരം സിദ്ധിക്കയുള്ളു. സിദ്ധാന്തമതത്തിൽ അങ്ങനെയല്ല. സമാധിദശയിലെന്നപോലെതന്നെ, വ്യുത്ഥാനദശയിലും ജ്ഞാനികൾക്കു് അദ്വൈതാനുഭൂതിയുണ്ടാകും. എങ്ങിനെയെന്നാൽ, തിര, നുര, ചുഴി മുതലായ രൂപഭേദങ്ങൾ കാണുമ്പോഴും അതു വെള്ളമാണെന്നറിയുന്നതുപോലെ നാനാതരത്തിൽക്കാണുന്ന ഭേദപ്രതിഭാസമെല്ലാം, അറിവിൻതികവായ ശിവസ്വരൂപവും ഏകവും പരിപൂർണ്ണവുമാണെന്നു നിശ്ചയിച്ചറിയുവാൻ കഴിയുന്നതാണു്. സൂക്ഷ്മവിചാരത്തിൽ ഇവ രണ്ടും ഒരേ അദ്വൈതാനുഭവത്തെ തെളിയിക്കുന്നതാണെന്നു കാണാം. കാര്യരൂപമായ പ്രപഞ്ചത്തെവച്ചുകൊണ്ടാണു് തദുപാദാനകാരണമായ മായയേയും ശക്തിയേയും രണ്ടുകൂട്ടരും അനുമിക്കുന്നതു്. സൂക്ഷ്മദൃഷ്ടിയിൽ രണ്ടു പക്ഷത്തിലും കാരണത്തിൽനിന്നു ഭിന്നമായ ഒരു കാര്യമേ ഉണ്ടായിട്ടില്ല. ആ നിലയ്ക്കു് അഖണ്ഡപരിപൂർണ്ണമായ ബ്രഹ്മവും, അഖണ്ഡപരിപൂർണ്ണമായ ശിവസ്വരൂപവും ഒന്നുതന്നെയാണെന്നു കാണാം. എന്നാൽ, വേദാന്തത്തിൽ വൈദികകർമ്മകാണ്ഡത്തിന്റെയും, സിദ്ധാന്തത്തിൽ താന്ത്രികയോഗമാർഗ്ഗത്തിന്റെയും സ്വാധീനത നല്ലതുപോലെയുള്ളതുകൊണ്ടാണു് അവ രണ്ടും രണ്ടു സമ്പ്രദായമാണെന്നു ബാഹ്യദൃഷ്ടിയിൽ തോന്നുന്നതു്. വാസ്തവത്തിൽ ഒന്നുതന്നെയാണു്.

പരമപ്രമാണമായ ശ്രുതിയിൽ ബീജരൂപത്തിൽ കിടന്ന അദ്വൈതസമ്പ്രദായത്തെ, വ്യാസമഹർഷി, ഗൗഡപാദാചാര്യർ, ശങ്കരാചാര്യർ മുതലായ മഹാത്മാക്കൾ വ്യാഖ്യാനിച്ചപ്പോൾ അതിനു 'വേദാന്ത'മെന്നൊരു പേരും അതേ തത്വത്തെത്തന്നെ ദ്രാവിഡാചാര്യന്മാർ വ്യാഖ്യാനിച്ചപ്പോൾ അതിനു 'സിദ്ധാന്ത'

മെന്നൊരു പേരും ഉണ്ടായിരിക്കണം. രണ്ടും അതിപ്രാചീനമാണെങ്കിലും തെക്കേഇന്ത്യയിൽ അതിപുരാതനകാലംമുതൽ സിദ്ധാന്തസമ്പ്രദായമാണു് പ്രചാരത്തിലിരുന്നിരുന്നതു്. ഒരു കാലത്തു കേരളത്തിലെ നായന്മാർ ഈ സിദ്ധാന്തമതാവലംബികളായിരുന്നു. അക്കൂട്ടരിൽ അനവധി സിദ്ധന്മാരുണ്ടായിട്ടുണ്ടു്. ''മാനാരിക്കോട്ടയിൽ കൊമ്പിത്താൻ ശിവാങ്കൾ'' മുതലായ തൂറവി(സന്യാസി)കളുടെ പേരുകൾ ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾതന്നെ 'പ്രാചീനമലയാള'ത്തിൽ ഉദാഹരിച്ചിട്ടുള്ളതു് അതിനു തെളിവാണു്. മീമാംസകന്മാരായ ബ്രാഹ്മണരുടെ പ്രാബല്യത്തോടുകൂടിയാണു് കേരളത്തിൽനിന്നു് ആ സമ്പ്രദായം തിരോധാനം ചെയ്തതു്. എന്നാൽ ഇന്നും തമിഴുനാട്ടിൽ ആ സമ്പ്രദായം നശിച്ചിട്ടില്ല.

വേദാന്തസമ്പ്രദായത്തിലും സിദ്ധാന്തസമ്പ്രദായത്തിലുമുള്ള ശാസ്ത്രങ്ങളിൽ അഗാധവൈദുഷ്യവും യോഗമാർഗ്ഗത്തിൽ നിർവികല്പസമാധിപര്യന്തമുള്ള സിദ്ധിയും നേടി ''അദൃഷ്ടശ്രുതപൂർവനാമാ''വായ ഏതോ ഒരു അവധൂതഗുരുവിൽനിന്നു് ''ദൃഷ്ടിദീക്ഷാ''പൂർവ്വകമായ ആത്മോപദേശം സിദ്ധിച്ചു് ശിവാദ്വൈതസ്വരൂപത്തിൽ ജീവന്മുക്തിസുഖമനുഭവിച്ചു് ''ലീലയാ കാലമധികം'' നയിച്ച ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ സിദ്ധാന്തസമ്പ്രദായത്തിലെ ഒരു പരമാചാര്യനായിരുന്നു. അതുകൊണ്ടാണു് അവിടുത്തേയ്ക്കു സന്യാസത്തിന്റെ ബാഹ്യലക്ഷണങ്ങളായ കാഷായം, കമണ്ഡലു മുതലായവ ഇല്ലാതെയിരുന്നതു്. സിദ്ധാന്തസമ്പ്രദായത്തിൽപ്പെട്ട ''തൂറവി''കളെല്ലാംതന്നെയും ബാഹ്യചടങ്ങുകളിലൊന്നും ശ്രദ്ധിക്കാതെ ''ജ്ഞാനം സന്യാസലക്ഷണം'' എന്ന തത്വത്തെ പ്രായോഗികമാക്കിയവരാണു്. അതിനാൽ അവർ സർവ്വസംഗപരിത്യാഗികളായി അതിവർണ്ണാശ്രമികളായിട്ടാണു് കാണപ്പെടുന്നതു്.

ശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ ആദ്ധ്യാത്മികസമ്പ്രദായത്തെ ഹിന്ദുജന സാമാന്യത്തിനിടയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി, ശ്രീ തീർത്ഥപാദപരമഹംസ സ്വാമികളുടെ പരിശ്രമത്തിലും ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികളുടെ സഹകരണത്തിലും ''വിദ്യാധിരാജതീർത്ഥപാദപരമഭട്ടാരാശ്രമം'' എന്ന പേരിൽ എഴുമറ്റൂർ ദേശത്തു് ഒരു സന്യാസിമഠം സ്ഥാപിച്ചിട്ടുണ്ടു്. അതു് 1089 ചിങ്ങമാസം 9-ാംനു- ഭരണിനാളിൽ ശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ ഷഷ്ടിപൂർത്തിസ്മാരകമായിട്ടാണു ഉൽഘാടനം ചെയ്യപ്പെട്ടതു്. ആ പുണ്യാ

ശ്രമത്തിൽ അവിടുന്നു് ശിഷ്യന്മാരോടുകൂടി ആറുമാസത്തോളം വിശ്രമിച്ചിട്ടുണ്ടു്. യോഗജ്ഞാനസമ്പ്രദായങ്ങളെ തനി കേരളീയമെന്ന നിലയിൽ, കേരളീയസംസ്കാരത്തിന്നനുരൂപമായവിധത്തിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി ''തീർത്ഥപാദസമ്പ്രദായ''മെന്ന പേരിൽ ഒരു സന്യാസിപരമ്പരയും അക്കാലത്തുതന്നെ ആ ആശ്രമത്തെ കേന്ദ്രമാക്കി അവിടുന്നു സ്ഥാപിച്ചിട്ടുണ്ടു്.

ഉപാസനയിലും യോഗമാർഗ്ഗങ്ങളിലും സിദ്ധാന്തസമ്പ്രദായത്തേയും, ജ്ഞാനമാർഗ്ഗത്തിൽ വേദാന്തത്തേയും സിദ്ധാന്തത്തേയും സമന്വയിച്ചുകൊണ്ടുള്ള വിചാരക്രമങ്ങളേയുമാണു് തീർത്ഥപാദസമ്പ്രദായത്തിലെ സന്യാസിമാർ അംഗീകരിച്ചിരിക്കുന്നതു്. ആ സമ്പ്രദായത്തിലെ സന്യാസിമാർക്കു് ''തീർത്ഥ'' എന്നോ ''തീർത്ഥപാദ'' എന്നോ ഉള്ള ഉപാധിയുണ്ടായിരിക്കും. 'തീർത്ഥ' എന്നതു് സന്യാസിമാരുടെ 'ദശനാമ'ങ്ങളിൽപ്പെട്ടതാണല്ലോ.

''ത്രിവേണീസംഗമസ്ഥാനേ-തത്ത്വമസ്യാദിലക്ഷണേ
സ്നായാത്തത്വാർത്ഥഭാവേന-തീർത്ഥനാമാ സ ഉച്യതേ''

(തത്-ത്വം-അസി ഇവയുടെ സംഗമസ്ഥാനമാകുന്ന ത്രിവേണിയിൽ ബ്രഹ്മസ്വരൂപമായി ആരാണോ സ്നാനംചെയ്യുന്നതു് അദ്ദേഹമാണു് തീർത്ഥൻ എന്നു പറയപ്പെടുന്നതു്.) എന്ന മഠാമ്നായവചനമനുസരിച്ചു നോക്കുമ്പോൾ ശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ പരമ്പരയ്ക്കു് സിദ്ധിച്ച തീർത്ഥോപാധി അന്വർത്ഥമാണു്. എന്തെന്നാൽ ആ പരമ്പരയിൽ ഉപദേശിക്കുന്ന പ്രധാന മഹാവാക്യം ''തത്ത്വമസ''യാകുന്നു.

ഇന്നു തിരുവിതാംകൂറിൽ അനവധി സന്യാസിമാരുണ്ടെങ്കിലും അവരിൽ ബഹുഭൂരിപക്ഷവും സഗുണോപാസനയിൽത്തന്നേ കഴിഞ്ഞുകൂടുന്നവരാണു്. അവർക്കു യോഗജ്ഞാനമാർഗ്ഗങ്ങളിൽ യാതൊരു പിടിയുമില്ലെന്നു് ആ മഹാനുഭാവന്മാരുമായി പരിചയിച്ചിട്ടുള്ള പലർക്കും അറിയാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ തീർത്ഥപാദസമ്പ്രദായത്തിൽ അങ്ങനെയല്ല. ആ സമ്പ്രദായത്തിൽപ്പെട്ട ആചാര്യന്മാർ ഇന്നും, മന്ത്രയോഗം, ഹഠയോഗം, രാജയോഗം മുതലായവയിലെ പല വിശിഷ്ടസാധനാമാർഗ്ഗങ്ങളും, ജ്ഞാനയോഗത്തിലെ അതിസൂക്ഷ്മങ്ങളായ പല വിചാരമാർഗ്ഗങ്ങളും പരിശീലിപ്പിക്കുന്നുണ്ടു്.

ഈ സമ്പ്രദായത്തിൽ സന്യാസിമാരെന്നും ഗൃഹസ്ഥന്മാരെന്നും രണ്ടു പിരിവുണ്ടു്. ലൗകികമായ കുടുംബബന്ധമെല്ലാം വിടുർത്തി, ആശ്രമങ്ങളിൽ താമസിച്ചു് അധികാരാനുരൂപമായ സാധനാമാർഗ്ഗങ്ങളും ശാസ്ത്രചിന്തയും പരിശീലിച്ചു് ആരൂഢപദത്തിലെത്തി നിവൃത്തിമാർഗ്ഗാവലംബികളായി കഴിയുന്ന യോഗജ്ഞാനപ്രവർത്തകന്മാരായ ''തീർത്ഥപാദ''ന്മാരാണു് സന്യാസികൾ.

കുടുംബത്തിൽ ഇരുന്നുകൊണ്ടുതന്നെ തങ്ങളുടെ ചുറ്റുപാടിനനുരൂപമായ വിധത്തിലുള്ള സാധനകളും ശാസ്ത്രപരിചയവും സമ്പാദിച്ചു ജ്ഞാനനിഷ്ഠന്മാരായി സ്വധർമ്മതല്പരന്മാരായി കഴിയുന്ന പ്രവൃത്തിപരന്മാരാണു് ഗൃഹസ്ഥന്മാർ.

ഇത്രയുംകൊണ്ടു് ''തീർത്ഥപാദസമ്പ്രദായ''ത്തിന്റെ സാമാന്യരൂപം വായനക്കാർക്കു് ഏതാണ്ടു മനസ്സിലാകുമെന്നു വിചാരിക്കുന്നു. ഇനിയും ഈ സമ്പ്രദായത്തിലെ പ്രധാനപ്പെട്ട ആചാര്യന്മാരുടെയും ആശ്രമങ്ങളുടെയും പേരുമാത്രം രേഖപ്പെടുത്തിക്കൊണ്ടു് ഈ ലേഖനം ഉപസംഹരിക്കാമെന്നു വിചാരിക്കുന്നു.

തീർത്ഥപാദപരമ്പരയുടെ പ്രതിഷ്ഠാപകനും ആദ്യത്തെ കുലപതിയും ശ്രീ പരമഭട്ടാരസ്വാമിതിരുവടികളും, ആദ്യത്തെ ആശ്രമാദ്ധ്യക്ഷൻ ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികളുമായിരുന്നു. ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ, 1096-കർക്കടകമാസത്തിൽ സമാധിയായതിനുശേഷം ശ്രീ തീർത്ഥപാദപരമഹംസസ്വാമികൾ പരമ്പരാദ്ധ്യക്ഷനായിത്തീർന്നു. ശ്രീ പരമഭട്ടാരസ്വാമിതിരുവടികൾ 1099- മേടമാസത്തിൽ മഹാസമാധി പ്രാപിച്ചതിൽപിന്നെ ആ പരമ്പരയിലെ കുലപതിസ്ഥാനവും ആശ്രമാദ്ധ്യക്ഷസ്ഥാനവും 1114-ചിങ്ങമാസം വരെ ശ്രീ തീർത്ഥപാദപരമഹംസസ്വാമികൾ തന്നെയാണു വഹിച്ചിരുന്നതു്. അവിടുത്തെ മഹാസമാധിക്കുശേഷം പരമ്പരയിലെ ക്രമമനുസരിച്ചു കുലപതിസ്ഥാനത്തിനു് അർഹത, ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികളുടെ പ്രധാനശിഷ്യരത്നവും ബ്രഹ്മനിഷ്ഠാവരിഷ്ഠയുമായ ശ്രീ ആത്മയോഗിനിയമ്മസന്നിധിയിലേക്കായിരുന്നുവെങ്കിലും പ്രായാധിക്യം നിമിത്തം അവിടുന്നു് ആ സ്ഥാനം ഉപേക്ഷിക്കുകയാൽ ആ സ്ഥാനത്തേയ്ക്കു് ശ്രീ പരമവിശുദ്ധബോധസ്വാമികൾ തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികളുടെ മാതൃകാ ശിഷ്യനും പരമസാത്വികനുമായ

അദ്ദേഹം നാലഞ്ചുകൊല്ലംമുമ്പു മഹാസമാധി പ്രാപിച്ചു. അതിനുശേഷം ശ്രീ വിദ്യാനന്ദതീർത്ഥപാദസ്വാമികളെയാണു് തീർത്ഥപാദാശ്രമങ്ങളുടെ പരമാചാര്യനായും ട്രസ്റ്റിസംഘങ്ങളുടെ അദ്ധ്യക്ഷനായും തെരഞ്ഞെടുത്തതു്. അദ്ദേഹം ശ്രീ തീർത്ഥപാദപരമഹംസസ്വാമികളുടെ പ്രധാന ശിഷ്യനും; അവിടുത്തെ സമാധിക്കുമുമ്പുതന്നെ അവിടുത്തെ പിൻഗാമിയായി എഴുമറ്റൂർ പരമഭട്ടാരാശ്രമാദ്ധ്യക്ഷനായി വാഴിക്കപ്പെട്ട ധന്യാത്മാവുമാണു്.

വാഴൂർ തീർത്ഥപാദാശ്രമം, എഴുമറ്റൂർ പരമഭട്ടാരാശ്രമം, കരുനാഗപ്പള്ളി പുന്നക്കുളത്തുള്ള ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമി മഹാസമാധിപീഠം, പന്മനയുള്ള ശ്രീ ബാലഭട്ടാരകേശ്വരംക്ഷേത്രം, പത്തനംതിട്ട വാഴമുട്ടത്തുള്ള പാറത്തറ ഭജനമഠം ഈ സ്ഥാപനങ്ങളും ഇവയോടനുബന്ധിച്ചിട്ടുള്ള മറ്റു സ്ഥാപനങ്ങളും തീർത്ഥപാദപരമ്പരവകയാണു്. ഈ സ്ഥാപനങ്ങളെല്ലാം നിയമാനുസൃതമായ വ്യവസ്ഥകൾക്കു വിധേയരായ ട്രസ്റ്റികളാണു ഭരിക്കുന്നതു്. ശ്രീ ആത്മയോഗിനിഅമ്മ തിരുവടികൾ, ശ്രീ വിദ്യാനന്ദതീർത്ഥപാദസ്വാമികൾ, ശ്രീ പരമാനന്ദതീർത്ഥപാദസ്വാമികൾ മുതലായ സന്യാസിമാരും, ശ്രീ. കുമ്പളത്തു ശങ്കുപ്പിള്ള, ശ്രീ. കൊറ്റിനാട്ടു നാരായണപിള്ള എം.എ;എൽ.റ്റി.ശ്രീ. താഴത്തോട്ടത്തു കൃഷ്ണപിള്ള മുതലായ ഗൃഹസ്ഥശിഷ്യന്മാരും ആ ട്രസ്റ്റിസംഘത്തിലെ ഇപ്പോഴത്തെ അംഗങ്ങളാണു്.

ഈ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹിന്ദുരവിവാരപാഠശാല, മതപ്രഭാഷണപരമ്പര മുതലായി പല പ്രസ്ഥാനങ്ങളും നടന്നുവരുന്നുണ്ടു്. ശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ പരമ്പരയിൽപെട്ട എല്ലാവരുംതന്നെ ആണ്ടിലൊരിക്കൽ മേടമാസത്തിലെ തൃക്കാർത്തികദിവസം പന്മന നടക്കുന്ന മഹാസമാധിസംബന്ധിച്ച മഹോത്സവത്തിൽ പങ്കുകൊള്ളാറുണ്ടു്. മുകളിൽ പറയപ്പെട്ട സ്ഥാപനങ്ങൾകൂടാതെ ശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ സ്മാരകമായി മറ്റുപല സ്ഥാപനങ്ങളും തിരുവിതാംകൂറിലുണ്ടു്. അവയിൽ പ്രധാനപ്പെട്ടവ വടക്കൻ തിരുവിതാംകൂറിലുള്ള ഭക്തേതാനന്ദാശ്രമങ്ങളും, ആറന്മുള കിടങ്ങന്നൂർ എന്ന സ്ഥലത്തുള്ള വിജയാനന്ദാശ്രമവും, നെയ്യാറ്റുംകരയുള്ള അറയൂർ അഭേദാനന്ദാശ്രമവുമാണു്. ഇങ്ങനെ നോക്കിയാൽ പരമഭട്ടാരശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ ശിഷ്യന്മാരും ഭക്തന്മാരുമായ ഒരു വലിയവിഭാഗം ജനങ്ങൾ തിരുവിതാംകൂറിലുണ്ടെന്നു കാണാം. അവരെല്ലാം

കൂടി ഏകോപിച്ചു സുസംഘടിതമായ മാർഗ്ഗത്തിൽകൂടി പരിപാടികളായ ധർമ്മപദ്ധതികൾ നടപ്പിൽവരുന്നതിൽ അതു കേരളത്തിനു് ഒരു മഹാനുഗ്രഹമായിരിക്കും. അതിനു് ഈശ്വരാനുഗ്രഹമുണ്ടാകട്ടെ.

അനുബന്ധം III

ശ്രീചക്രപൂജാകല്പത്തിന്റെ ആദ്യഭാഗം.

പ്രൊ. എൻ. ഗോപാല പണിക്കർ

ശ്രീചക്രവിധി

ഏറ്റവും പുറത്തുള്ള ചതുരശ്രമായ ഭൂപുരം മുതൽ കേന്ദ്രസ്ഥിതമായ ബിന്ദുവരെയുള്ള ശ്രീചക്രത്തിന്റെ രചനാക്രമമാണു് ഇവിടെ വിവരിക്കുന്നതു്.

(1) ശിവചക്രം

ആദ്യമായി വരയ്ക്കേണ്ടതായ പ്രധാനരേഖയും, അതിന്റെ നീളവും, ശ്രീചക്രത്തിന്റെ ഏറ്റവും പുറത്തുള്ള ഭൂപുരം, അതിനകത്തുള്ള മൂന്നു സംവൃതരേഖകൾ എന്നിവയുടെ സ്വരൂപവും പ്രതിപാദിക്കപ്പെടുന്നു.

ഷണ്ണവത്യങ്ഗുലായാമം
സൂത്രം പ്രാക് പ്രത്യഗായതം;
ചതുർഭിരങ്ഗുലൈഃ ശിഷ്ടൈഃ
സംവൃതാനി ച ഭൂപുരം. 1

പ്രാക്പ്രത്യക് ആയതം –
കിഴക്കുപടിഞ്ഞാറു നീളത്തിലുള്ളതും
ഷണ്ണവത്യംഗുലായാമം –
തൊണ്ണൂറ്റാറു് അംഗുലം അളവുള്ളതുമായ
സൂത്രം (ഭവതി) –
ഒരു സൂത്രം (ചരടു് – രേഖ) ഭവിക്കുന്നു.
ചതുർഭിഃ അംഗുലൈഃ –

നാലു് അംഗുലം അളവുള്ള

ശിഷ്ടൈഃ –

ശിഷ്ടങ്ങളെക്കൊണ്ടു്

ഭൂപുരം –

ഭൂപുരവും

സംവൃതാനി ച –

മൂന്നുസംവൃതങ്ങളും (ചുറ്റുവൃത്തങ്ങളും)

(ഭവന്തി) –

ഭവിക്കുന്നു.

സമതലത്തിൽ 96 അംഗുലം നീളത്തിൽ കിഴക്കു പടിഞ്ഞാറായി ഒരു രേഖ വരയ്ക്കണം. അതിനെ 48 അംഗുലം വീതമുള്ള രണ്ടുഖണ്ഡങ്ങളാക്കണം. നടുക്കു് ഒരു ബിന്ദു അടയാളപ്പെടുത്തിയിട്ടു് ഒരു ഭാഗത്തുള്ള 48 അംഗുലത്തെ 24 അംഗുലം വീതമുള്ള രണ്ടു സമഖണ്ഡങ്ങളാക്കണം. പിന്നിലുള്ള 24 അംഗുലത്തിൽനിന്നും ഏറ്റവും പുറത്തുള്ള 4 അംഗുലം അളന്നെടുക്കണം. ഈ 4 അംഗുലം നീളമുള്ള രേഖയുടെ അളവിനെയാണു് 'നാലു ശിഷ്ടങ്ങളായ അംഗുലങ്ങൾ' എന്നു് ശ്ലോകത്തിൽ പറഞ്ഞതു്.

96 അംഗുലത്തിന്റെ മധ്യബിന്ദുവിൽനിന്നും 44 അംഗുലം 45 അംഗുലം, 46 അംഗുലം എന്നീ വ്യാസാർധങ്ങളിൽ മൂന്നു വൃത്തങ്ങൾ വരയ്ക്കണം. ഇവയെയാണു മൂന്നു സംവൃതങ്ങൾ അഥവാ സംവരണവൃത്തങ്ങൾ (സംവൃതാനി) എന്നു പറഞ്ഞിട്ടുള്ളതു്. ഈ മൂന്നു വൃത്തങ്ങളുടെ പരിധികൾക്കു് തമ്മിലുള്ള ആകെ അകലം 2 അംഗുലം ആകുന്നു.

ഈ മൂന്നുസംവൃതങ്ങളിൽ ഏറ്റവും പുറത്തുള്ള വൃത്തത്തിന്റെ പരിധിയെ സ്പർശിച്ചുകൊണ്ടു് ആ വൃത്തത്തിനു ചുറ്റുമായി ഒരു സമചതുരശ്രം വരയ്ക്കണം. അതിനുപുറത്തു് 1 അംഗുലം അകലത്തിൽ മറ്റൊരു ചതുരശ്രവും അതിനുപുറത്തു് 1 അംഗുലം അകലത്തിൽ മൂന്നാമതൊരു ചതുരശ്രവും വരയ്ക്കണം.

സമചതുരശ്രങ്ങളുടെ നാലുവശങ്ങളും പ്രത്യേകം മൂന്നായി ഭാഗിച്ചു് നടുക്കുള്ള മൂന്നിലൊരുഭാഗത്തിലെ വരതുടച്ചു ദ്വാര (വാതിൽ)രൂപങ്ങളാക്കണം. അപ്പോൾ സംവൃതങ്ങൾക്കു ചുറ്റും നാലുവശങ്ങളിൽ നാലുദ്വാരങ്ങളോടുകൂടിയ,

മൂന്നുവരികളായുള്ള മതിലുകൾ ഉണ്ടാകുന്നു. ഇതിനെയാണു് ഭൂപുരം എന്നുപറയുന്നതു്. ഭൂപുരം എന്ന മതിലിന്റെ ഘനം 2 അംഗുലമാകുന്നു.

സംവൃതരേഖകൾക്കകത്തു് വിന്യസിക്കേണ്ട ഷോഡശ (16) ദളങ്ങളെയും, അതിനകത്തുരചിക്കേണ്ട അഷ്ടദളങ്ങളെയും വിവരിക്കുന്നു.

അന്തർനവാങ്ഗുലം ജ്ഞേയം
മധ്യേ പത്രന്തു ഷോഡശ;
ഏകാദശാങ്ഗുലം ജ്ഞേയ-
മഷ്ടപത്രം സമാലിഖേത്. 2

അന്തഃജ്ഞേയം –
സംവൃതങ്ങൾക്കകത്തു് അറിയപ്പെടേണ്ട
നവാങ്ഗുലം തു –
ഒമ്പതംഗുലം ആകട്ടെ
മധ്യേ –
നടുക്കു്
ഷോഡശപത്രം; –
പതിനാറു ദളങ്ങളോടുകൂടിയതും;
തദന്തഃജ്ഞേയം –
അതിനകത്തു് അറിയപ്പെടേണ്ടതായ
ഏകാദശാങ്ഗുലം –
പതിനൊന്നംഗുലം
അഷ്ടപത്രം –
എട്ടുദളങ്ങളോടുകൂടിയതുമായി
സമാലിഖേത്–
നന്നായി ആലേഖനംചെയ്യേണ്ടതാകുന്നു.

വൃത്തമധ്യത്തിലെ ബിന്ദുവിൽനിന്നും താഴോട്ടുള്ള 48 അംഗുലങ്ങളിൽ സംവൃതങ്ങൾക്കും ഭൂപുരത്തിനും അളന്നെടുത്ത 4 അംഗുലം പോകെയുള്ള 44 അംഗുലങ്ങളിൽ മേൽഭാഗത്തു 24 അംഗുലം വ്യാസാർധത്തിൽ കേന്ദ്രത്തിൽനിന്നും വൃത്തംവച്ചാൽ ശേഷിക്കുന്ന 20 അംഗുലങ്ങളിൽനിന്നു് 11 അംഗുലം താഴോട്ടു് അളന്നു് അടയാളപ്പെടുത്തി

കേന്ദ്രത്തിൽനിന്നും 35 അംഗുലം വ്യാസാർധത്തിൽ ഒരു വൃത്തം വരയ്ക്കണം. അപ്പോൾ സംവൃതങ്ങൾക്കു് തൊട്ടു് അടുത്തു് 9 അംഗുലവും, അതിനു മുകളിൽ 11 അംഗുലവും നീളത്തിൽ രണ്ടു് ഇടങ്ങൾ ലഭിക്കും. അപ്രകാരം 9 അംഗുലം നീളത്തിൽ ലഭിക്കുന്ന ഇടത്തിൽ ചുറ്റുമായി 16 തുല്യ അളവിലുള്ള ദളങ്ങൾ വരയ്ക്കണം. അതുകഴിഞ്ഞുള്ള 11 അംഗുലം നീളത്തിൽ ലഭിക്കുന്ന ഇടത്തിലാകട്ടെ ചുറ്റുമായി 8 തുല്യ അളവിലുള്ള ദളങ്ങളും വരയ്ക്കണം.

(ഇപ്രകാരം സൂത്രത്തിൽ (രേഖയിൽ) ഏറ്റവും പുറത്തു് 2 അംഗുലം ഭൂപുരത്തിനും, അതിനകത്തു് 2 അംഗുലം സംവൃതങ്ങൾക്കും എടുത്തതിനുശേഷം അതിനകത്തു് 9 അംഗുലം ഷോഡശദളചക്രവും, അതിനകത്തു് 11 അംഗുലം അഷ്ടദളചക്രവും ജനിക്കുന്നു. ഇതു് ശിവചക്രം.)

സൂത്രത്തിലെ 96 അംഗുലങ്ങളിൽ മേലും (24) കീഴും (24) ആയി 48 അംഗുലങ്ങൾചേർന്നു് ശിവചക്രം.

(2) ശക്തിചക്രം.

സൂത്രത്തിൽ നടുക്കു് അവശേഷിക്കുന്നതു് 48 അംഗുലം. അഷ്ടദളങ്ങൾക്കു് ആധാരമായുള്ള 48 അംഗുലം വ്യാസം (24 അംഗുലം വ്യാസാർധം) ആയുള്ള വൃത്തത്തിനകത്തു് ഒമ്പതുരേഖകൾ വരയ്ക്കേണ്ടതുണ്ടു്. വരയ്ക്കപ്പെടേണ്ട രേഖകൾക്കു് വൃത്തത്തിനകത്തു് സൂത്രത്തിൽ താഴെനിന്നു് മുകളിലോട്ടുള്ള അകലമാണു പറയുന്നതു്.

ദേവി സ്തുതോ മേ ഗംഗാവ–
ല്ലിസ്തുതേതി പ്രചക്ഷതേ.
തത്ര തേ ഇഷ്ട ഏവമാദ്യമംഗുലീമാനാന്തരേ
നവരേഖാ വിലേഖനീയാഃ വൃത്തമധ്യേ ഇത്യർഥഃ.

തത്ര –
വൃത്തമധ്യത്തിൽ

തേ –
രണ്ടുരേഖകൾ (കേന്ദ്രബിന്ദുവിൻ കീഴിലുള്ള 24 അംഗുലവും, മുകളിലുള്ള 24 അംഗുലവും അളവുള്ള രണ്ടു രേഖകൾ)

ഇഷ്ടേ –

ഇഷ്ടരേഖകൾ ആകുന്നു. (രണ്ടിനുംകൂടി ച്ചേർന്നുള്ള അളവ് 48 അംഗുലം എന്നു താത്പര്യം).

വൃത്തമധ്യേ –

വൃത്തമധ്യത്തിൽ 48 അംഗുലം നീളമുള്ള സൂത്രത്തിൽ

വിലേഖനീയാഃ –

വിലേഖനം ചെയ്യപ്പെടേണ്ടതായ

രേഖാഃ –

രേഖകൾ

ഏവമാദ്യം –

ഇനി പറയുംപ്രകാരമുള്ള

അംഗുലീമാനാന്തരേ –

അംഗുലിപ്രമാണം അകലത്തിൽ

ഭവതി –

ആകുന്നു.

പരൽപേരു് –

അക്ഷരസംഖ്യയനുസരിച്ചു് അംഗുലീപ്രമാണങ്ങൾ പറയുന്നു.

വൃത്തമധ്യസൂത്രത്തിന്റെ നീളം –

ദേവി (വി.4 ദേ.8) 48 അംഗുലം.

വൃത്തമധ്യസൂത്രത്തിൽ താഴെനിന്നു മുകളിലോട്ടുള്ള അകലം പറയുന്നു–

1–ാമത്തെ രേഖയുടെ അകലം – തു – 6 അംഗുലം.

2–ാമത്തെ രേഖയുടെ അകലം – തോ – 6 അംഗുലം.

3–ാമത്തെ രേഖയുടെ അകലം – മേ – 5 അംഗുലം.

4–ാമത്തെ രേഖയുടെ അകലം – ഗം – 3 അംഗുലം.

5–ാമത്തെ രേഖയുടെ അകലം – ഗാ – 3 അംഗുലം.

6-ാമത്തെ രേഖയുടെ അകലം – വ – 4 അംഗുലം.
7-ാമത്തെ രേഖയുടെ അകലം – ല്ലി – 3 അംഗുലം.
8-ാമത്തെ രേഖയുടെ അകലം – തു – 6 അംഗുലം.
9-ാമത്തെ രേഖയുടെ അകലം – ത – 6 അംഗുലം.
ഇതി പ്രചക്ഷതേ –

ഇപ്രകാരമാണു് ആചാര്യൻ പറയുന്നതു്.

വൃത്തത്തിനകത്തു വരച്ച ഒമ്പതു രേഖകളിൽ
ഏഴെണ്ണത്തിന്റെ ഇരുവശങ്ങളിൽനിന്നും
കുറയ്ക്കാനുള്ള നീളത്തിന്റെ അളവുപായുന്നു–

ആദ്യേ ദ്വിതീയേ അഷ്ടമകേ
നവമേ ച യഥാക്രമം;
മാർജയേദ്ഗുണഭാഗാംശാൻ
വൃത്താദേകത്ര ചാന്യതഃ. 3

ചതുർഥഷഷ്ഠയോഃ പാർശ്വ
തോയാംശം പരിമാർജയേതു്;
പഞ്ചമസ്യ ധിയാംശന്തു
മാർജയേച്ചാന്യപാർശ്വതഃ. 4

വൃത്താത് –

വൃത്തത്തിനകത്തു് അധോഭാഗത്തു
നിന്നും

ആദ്യേ –

ഒന്നാമത്തെ ലിഖിതത്തിലും (രേഖയിലും)

ദ്വിതീയേ –

രണ്ടാമത്തെ രേഖയിലും

അഷ്ടമകേ –

എട്ടാമത്തെ രേഖയിലും

നവമേ ച –

ഒമ്പതാമത്തെ രേഖയിലും

യഥാക്രമേ –

ക്രമമനുസരിച്ച്

ഗു.ണ.ഭാ.ഗാംശാൻ ഗു(3), ണ(5), ഭാ(4) ഗ(3) എന്നീ അംഗുലം അളവിലെ ഭാഗങ്ങളെ

ഏകത്ര –

ഒരുവശത്തും

അന്യതഃച –

മറുവശത്തും

മാർജയേത് –

മാർജനം ചെയ്യണം (തുടച്ചുകളയണം)

ചതുർഥഷഷ്ഠയോഃ –

നാലാമത്തേയും, ആറാമത്തേയും

രേഖകളുടെ

ഏകത്ര പാർശ്വേ അന്യതഃ പാർശ്വേ ച –

ഒരു വശത്തും, മറുവശത്തും

തോയാംശം –

തോയ (16)

പരിമാർജയേത് –

തുടച്ചുകളയണം.

പഞ്ചമസ്യ തു –

അഞ്ചാമത്തെ രേഖയുടെയാകട്ടെ

ധിയാംശം –

ധിയ (19) അംഗുലം നീളം

ഏകത്ര അന്യപാർശ്വതഃച –

ഒരുവശത്തുനിന്നും മറുവശത്തുനിന്നും

മാർജയേത് –

തുടച്ചുകളയണം.

സാരം.

96 അംഗുലം വ്യാസമുള്ള വൃത്തത്തിനകത്തു വരച്ച ഒമ്പതു രേഖകളിൽ ഏഴെണ്ണത്തിന്റെ ഇരുവശങ്ങളിൽ (ഓരോ വശത്തു) നിന്നും തുടയ്ക്കേണ്ട നീളത്തിന്റെ അംഗുലക്കണക്കുപറയുന്നു. (താഴെ നിന്നും മേല്പോട്ട്).

1–ാമത്തെ രേഖയിൽ ഓരോവശത്തുനിന്നും 3(ഗു) അംഗുലം;
2–ാമത്തെ രേഖയിൽ ഓരോവശത്തുനിന്നും 5 (ണ) അംഗുലം;
8–ാമത്തെ രേഖയിൽ ഓരോവശത്തുനിന്നും 4 (ഭാ) അംഗുലം;

9-ാമത്തെ രേഖയിൽ ഓരോവശത്തുനിന്നും 3 (ഗ) അംഗുലം;
4-ാമത്തെ രേഖയിൽ ഓരോവശത്തുനിന്നും 16 (തോയ) അംഗുലം;
6-ാമത്തെ രേഖയിൽ ഓരോവശത്തുനിന്നും 16 (തോയ) അംഗുലം;
5-ാമത്തെ രേഖയിൽ ഓരോവശത്തുനിന്നും 19 (ധിയ) അംഗുലം;
ശേഷിച്ച 3-ാമത്തെയും, 7-ാമത്തെയും രേഖകളിൽ നിന്നും ഒട്ടുമേ മായ്ക്കേണ്ടതില്ല.

വൃത്തത്തിനകത്തു് ഈ ഒമ്പതു രേഖകളെ ആധാരമാക്കി ഒമ്പതു ത്രികോണങ്ങളുണ്ടാക്കുന്ന വിധം പറയുന്നു-

തൃതീയാന്താദ്വിതീയാന്താ-
ച്ചതുർഥാന്താച്ച പഞ്ചമാത്തു്;
പ്രഥമാന്താത് സൂത്രയുഗം
വൃത്തതോ നവമാദികം. 5

സപ്തമാഷ്ടമയോരന്താ-
ത്തഥാ ഷഷ്ഠനവ്യന്തയോഃ,
വൃത്താദിസൂത്രയുഗളം
ക്രമാത് സൂത്രദ്വയം ദ്വിധാ. 6

തൃതീയാന്താത് -
തൃതീയ രേഖാന്തദ്വയത്തിൽ നിന്നും
ദ്വിതീയാന്താത് -
ദ്വിതീയ രേഖാന്തദ്വയത്തിൽ നിന്നും
ചതുർത്ഥാന്താത് -
ചതുർത്ഥ രേഖാന്തദ്വയത്തിൽ നിന്നും
പഞ്ചമാന്താത് -
പഞ്ചമ രേഖാന്തദ്വയത്തിൽ നിന്നും
പ്രഥമാന്താത് ച -
പ്രഥമ രേഖാന്തദ്വയത്തിൽ നിന്നും

യഥാക്രമം –

യഥാക്രമം മേൽപ്പോട്ടു്

വൃത്തതഃ –

വൃത്ത പരിധിയിലേയ്ക്കും

നവമാദികം ച –

നവമാദിയിലേയ്ക്കും (9,8,7,6 എന്നീ രേഖകളുടെ മധ്യത്തിലേയ്ക്കും)

സൂത്രയുഗം (ഭവതി) –

സൂത്രയുഗം (ഈ രണ്ടുരേഖകൾ) ഭവിക്കുന്നു.

തഥാ –

അപ്രകാരം

സപ്തമാഷ്ടമയോഃ –

സപ്തമരേഖയുടേയും അഷ്ടമരേഖയുടേയും

അന്താത് –

അന്തത്തിൽ (ഇരുവശങ്ങളിൽ) നിന്നും

ഷഷ്ഠനവ്യന്തയോഃ –

ഷഷ്ഠ നവമ രേഖകളുടെ അന്തങ്ങളിൽ നിന്നും

ക്രമാത് –

ക്രമത്താൽ

വൃത്താദി –

വൃത്താദിയിലേയ്ക്കു് (വൃത്തപരിധിയുടെ കീഴ്ഭാഗത്തും 1,2,3 എന്നീ രേഖകളിലേയ്ക്കും)

സൂത്രയുഗളം (ഭവതി) –

സൂത്രയുഗളം (ഈ രണ്ടുരേഖകൾ ഭവിക്കുന്നു)

ഏവം –

ഇപ്രകാരം

സൂത്രദ്വയം –

സൂത്രദ്വയം (ഓരോ രേഖയെ ആധാരമാക്കിയുള്ള ഈ രണ്ടു രേഖകൾ)

ദ്വിധാ (ഭവതി) –

രണ്ടുപ്രകാരത്തിൽ (മേലോട്ടും കീഴോട്ടും) ആയി ഭവിക്കുന്നു

സാരം.

വൃത്തത്തിനകത്തുള്ള ഒമ്പതുരേഖകളെ ആധാരമാക്കിയുണ്ടാകുന്ന ഒമ്പതു ത്രികോണങ്ങളുടെ സംവിധാനം ഇപ്രകാരമാകുന്നു.

വൃത്തത്തിൽ താഴെയറ്റത്തുനിന്നു്

3-ാമത്തെ രേഖയുടെ രണ്ടറ്റങ്ങളിൽനിന്നു് രേഖകൾ, വൃത്തപരിധിയുടെ മേൽഭാഗത്തെ ബിന്ദുവിലും

2-ാമത്തെ രേഖയുടെ രണ്ടറ്റങ്ങളിൽനിന്നു് 9-ാമത്തെ രേഖയുടെ മധ്യബിന്ദുവിലും

4-ാമത്തെ രേഖയുടെ രണ്ടറ്റങ്ങളിൽനിന്നു് 8-ാമത്തെ രേഖയുടെ മധ്യബിന്ദുവിലും

5-ാമത്തെ രേഖയുടെ രണ്ടറ്റങ്ങളിൽനിന്നു് 7-ാമത്തെ രേഖയുടെ മധ്യബിന്ദുവിലും

1-ാമത്തെ രേഖയുടെ രണ്ടറ്റങ്ങളിൽനിന്നു് 6-ാമത്തെ രേഖയുടെ മധ്യബിന്ദുവിലും

7-ാമത്തെ രേഖയുടെ രണ്ടറ്റങ്ങളിൽനിന്നു് വൃത്തപരിധിയുടെ കീഴ്ഭാഗത്തുള്ള ബിന്ദുവിലും,

8-ാമത്തെ രേഖയുടെ രണ്ടറ്റങ്ങളിൽനിന്നു് 1-ാമത്തെ രേഖയുടെ മധ്യബിന്ദുവിലും

6-ാമത്തെ രേഖയുടെ രണ്ടറ്റങ്ങളിൽനിന്നു് 2-ാമത്തെ രേഖയുടെ മധ്യബിന്ദുവിലും

9-ാമത്തെ രേഖയുടെ രണ്ടറ്റങ്ങളിൽനിന്നു് 3-ാമത്തെ രേഖയുടെ മധ്യബിന്ദുവിലും സ്പർശിക്കുമ്പോൾ ഒമ്പതു ത്രികോണങ്ങൾ ഉണ്ടാകുന്നു.

നവത്രികോണസഹിതമായ ചക്രത്തിൽ പർവങ്ങളുടെയും സന്ധികളുടെയും സംഖ്യയും, ദേവീമാഹാത്മ്യവും പ്രതിപാദിക്കുന്നു-

ഹർമ്യപർവസമോപേതം
ഭദ്രസന്ധിസമന്വിതം;
യച്ചക്രം ലളിതായാസ്ത-
ന്മങ്ഗളം നേതരദ് ഭവേത്. 7

ലളിതായാഃ -
ലളിതയുടെ
ഹർമ്യപർവസമോപേതം -
ഹർമ്യ(18) സംഖ്യയുള്ള പർവങ്ങളോടു കൂടിയതും,
ഭദ്രസന്ധിസമന്വിതം -
ഭദ്ര(24) സംഖ്യയുള്ള സന്ധികളോടുകൂടിയതുമായ
യത്ചക്രം -
യാതൊരു ചക്രമുണ്ടോ
തത് മംഗളം ഭവേത് -
അതു മംഗളമായി ഭവിക്കും.
ഇതരത് -
മറ്റൊന്നും
ന (മംഗളം ഭവേത്) -
മംഗളമായിരിക്കുകയില്ല.

സാരം.

24 അംഗുലം വ്യാസാർധം (48 അംഗുലം വ്യാസം) ഉള്ള സമവൃത്തത്തിന്റെ അകത്തു ചമച്ച ഒമ്പതു രേഖകളെ ആധാരമാക്കി നിർദിഷ്ടമായ രണ്ടു പരിധിഭാഗ ബിന്ദുക്കളിലേയ്ക്കും ഏഴു രേഖകളുടെ മധ്യഭാഗബിന്ദുക്കളിലേയ്ക്കും തൊടുത്തു നീട്ടിയ സൂത്രരേഖകൾ കൊണ്ടു തീർത്ത ഒമ്പതു ത്രികോണങ്ങളിലെ രേഖകളുടെ പരസ്പരം കൂട്ടിമുട്ടലുകൾ നിമിത്തം 18 പർവങ്ങളും[1] 24 സന്ധികളും[2] ഉണ്ടാകുന്നു. ഈ

1. ഗുണന ചിഹ്നത്തിൽ കൂടുകെ ഒരു വരയുംകൂടിയുള്ളത് പർവ്വം. ✳

2. ഗുണന ചിഹ്നം മാത്രമുള്ളത് സന്ധി. ×

18 പർവങ്ങളോടും 24 സന്ധികളോടും കൂടിയതാണു് ശ്രീചക്രം അഥവാ ശക്തിചക്രം. ഈ ലളിതാദേവീചക്രം മംഗളകരമാകുന്നു. മറ്റൊന്നും മംഗളകരമല്ല.

ഇപ്രകാരമുള്ള ശ്രീചക്ര വിന്യാസം കാശ്മീര സമ്പ്രദായ പാരമ്പര്യക്രമമനുസരിച്ചാണെന്നു പറയുന്നു-

ലളിതാ ചക്രനിർമാണേ
സങ്കേതശ്ലോകഷട്കവിത്;
കാശ്മീരസമ്പ്രദായീപാ-
രമ്പര്യക്രമാന്വിതഃ സ്യാത് 8

ലളിതാ ചക്രനിർമാണേ -

ലളിതാ ചക്രത്തിന്റെ നിർമാണത്തിൽ

സങ്കേതശ്ലോകഷട്കവിത് -

സങ്കേതശ്ലോകങ്ങളുടെ ആറെണ്ണവും അറിഞ്ഞവൻ

കാശ്മീരസമ്പ്രദായീ -

കാശ്മീര സമ്പ്രദായിയായ

പാരമ്പര്യക്രമാന്വിതഃ -

പാരമ്പര്യക്രമത്തോടു കൂടിയവൻ

സ്യാത് -

ആയിരിക്കും.

ഇപ്പറഞ്ഞ പ്രമാണപ്രകാരം ഈ ചക്രത്തിൽ വെളിയിൽനിന്നും അകത്തോട്ടു് പ്രധാന സ്ഥാനമായ ഒത്തമധ്യം വരെ നോക്കുന്നതായാൽ ആദ്യം വെളിയിൽ ചതുരശ്രമായ ഭൂപുരവും, രണ്ടാമതു് അതിനുള്ളിൽ ചുറ്റി മൂന്നുവലയങ്ങളും, മൂന്നാമതു് അതിനുള്ളിൽ ചുറ്റി ഒരു വലയവും, നാലാമതു് അതിനുള്ളിൽ ചുറ്റി പതിനാലു മലകളും, അഞ്ചാമതു് അതിനുള്ളിൽ ചുറ്റി ഒരു വലയവും, ആറാമതു് അതിനുള്ളിൽ ചുറ്റി എട്ടുദളങ്ങളും, ഏഴാമതു് അതിനുള്ളിൽ ചുറ്റി ഒരു വലയവും, എട്ടാമതു് അതിനുള്ളിൽ ചുറ്റി പതിനാലു മുക്കോണങ്ങളും, ഒമ്പതാമതു് അതിനുള്ളിൽ ചുറ്റി രണ്ടു വരികളിലായി പതുപ്പത്തു് (ഇരുപതു്) മുക്കോണങ്ങളും, പത്താമതു് അതിനുള്ളിൽ ചുറ്റി എട്ടു മുക്കോണങ്ങളും, പതിനൊന്നാമതു് അതിനുള്ളിൽ

ചുറ്റി ഒരു ബിന്ദുവും (ചെറുവട്ടവും) ഉണ്ടായിരിക്കുന്നതായി കാണാം.

ഈ പ്രമാണം പുറമേയുള്ള ഭൂപുരം മുതൽക്കു് പ്രധാന സ്ഥാനമായ ഒത്തമധ്യത്തിലുള്ള ബിന്ദുവരെ ക്രമേണ അകത്തോട്ടേയ്ക്കു് പറഞ്ഞിട്ടുള്ളതാകുന്നു(3). ഇതത്രേ കാശ്മീര സമ്പ്രദായമനുസരിച്ചുള്ള ശ്രീചക്രവിന്യാസം.

ശ്രീചക്ര വിന്യാസത്തിന്റെ രണ്ടാമത്തെ പ്രകാരം (മധ്യബിന്ദു മുതൽ ഭൂപുരം വരെയുള്ള ചക്രവിന്യാസ ക്രമം)

കല്പകാരമതം

ബിന്ദുത്രികോണ വസുകോണദശാരയുഗ്മാ
മന്വശ്രനാഗദളസംയുതഷോഡശാരം;
വൃത്തത്രയഞ്ച ധരണീസദനത്രയഞ്ച
ശ്രീചക്രമേതദുദിതം പരദേവതായാഃ

അഥവാ

ബിന്ദു ത്രികോണസംയുക്തം
വസുകോണസമന്വിതം;
ദശകോണദ്വയോപേതം
ചതുർദശസമന്വിതം.

ദളാഷ്ടകസമോപേതം
ദളഷോഡശകാന്വിതം;
വൃത്തത്രയാന്വിതം ഭൂമി-
സദനത്രയഭൂഷിതം.

നമാമി ലളിതാ ചക്രം
ഭക്താനാമിഷ്ടദായകം.

ഒന്നാമതായി ഒത്ത നടുക്കുള്ള ഒരു ബിന്ദു;

രണ്ടാമതായി ആ ബിന്ദുവിനു പുറമേയുള്ള ഒരു മുക്കോണം;

മൂന്നാമതായി ആ മുക്കോണത്തിനു പുറമേ ചുറ്റുമുള്ള എട്ടുമുക്കോണങ്ങൾ;

നാലാമതായി ആ എട്ടു മുക്കോണങ്ങളുടെയും ചുറ്റുമായി പത്തു മുക്കോണങ്ങൾ;

ഇങ്ങനെ ആകെ ഇരുപതു മുക്കോണങ്ങൾ

അഞ്ചാമതായി ആ ഇരുപതു മുക്കോണങ്ങളുടേയും പുറമേ ചുറ്റും പതിനാലു കോണങ്ങൾ;

ആറാമതായി ആ പതിനാലു മുക്കോണങ്ങളുടെയും പുറമേ ഒരു വലയം;

ഏഴാമതായി, ആ വലയത്തിൽ മൂലഭാഗം തൊട്ടുകിടക്കുന്നവയായി എട്ടു ദളങ്ങൾ;

എട്ടാമതായി, ആ അഷ്ടദളങ്ങളുടെയും അഗ്രങ്ങൾ ചെന്നു തൊട്ടിരിക്കുന്ന ഒരു വലയം;

ഒമ്പതാമതായി, ആ വലയത്തിൽ മൂലഭാഗം തൊട്ടുകിടക്കുന്നവയായി 16 ദളങ്ങൾ;

പത്താമതായി, ആ പതിനാറു ദളങ്ങളുടെയും അഗ്രഭാഗങ്ങൾ തൊട്ട് ഒരു വലയവും, അതിനു പുറത്ത് ഓരോ അംഗുലം അകലത്തിൽ രണ്ടുവലയവും (അങ്ങനെ മൂന്നുവലയങ്ങൾ);

പതിനൊന്നാമതായി, ഈ ത്രിവലയങ്ങളിൽ ബാഹ്യവലയത്തെ സ്പർശിച്ചുകൊണ്ട് ഒരു സമചതുരശ്രവും, അതിനു പുറമേ ഓരോ അംഗുലം അകലത്തിൽ രണ്ടു ചതുരശ്രങ്ങളും (ആകെ മൂന്നു ചതുരശ്രങ്ങൾ)- ഈ ചതുരശ്രങ്ങൾ ഭൂപുരങ്ങളാക്കപ്പെടുന്നു. ഇത്രയും കൂടിയതാണ് ലളിതാദേവിയുടെ ശ്രീചക്രം. ഇഷ്ടദായകമായ ആ ശ്രീചക്രത്തെ ഞാൻ നമിക്കുന്നു.

കല്പകാരമതമനുസരിച്ചുള്ള ശ്രീചക്രത്തെപ്പറ്റിയുള്ള അഭിപ്രായാന്തരം.

തത്രൈതത് കല്പകാരമതേ 'വൃത്തത്രയഞ്ച' ഇത്യത്രോക്ത-വൃത്തത്രയന്തു മന്ത്രാശനാഗദള ഷോഡശമര്യാദാകരണവൃത്തത്രയമേവ ന പൃഥക്.

കല്പകാരമതത്തിൽ 'വൃത്തത്രയം' എന്നു പറഞ്ഞതു് ഇപ്രകാരമാകുന്നു- 'പതിനാലു മുക്കോണങ്ങൾ, എട്ടു ദള

ങ്ങൾ, പതിനാറു ദളങ്ങൾ, ഇവയ്ക്കു് അതിർത്തികളായിരിക്കുന്ന മൂന്നുവലയങ്ങളെക്കുറിച്ചാണു് ഇവിടെ പറഞ്ഞതു്. അല്ലാതെ ഷോഡശദളങ്ങൾക്കു പുറത്തും ഭൂപുരങ്ങൾക്കകത്തുമായി വേറെ മൂന്നുവലയങ്ങൾ ആകുന്നു എന്നല്ല.

വിദ്യാരണ്യസ്വാമികളുടെ കൃതിയിലും വൃത്തത്രയത്തെപ്പറ്റി ഇപ്രകാരം തന്നെ പറഞ്ഞിരിക്കുന്നു.

ബിന്ദുത്രികോണകാഷ്ടാവ
താരയുഗലോക പത്രവൃത്തയുതം;
വസുദലവൃത്തകലാദള-
വൃത്തത്രിമഹീഗൃഹം ഭവേച്ചക്രം.

ഒത്ത മധ്യത്തിൽ ബിന്ദു. അതിന്റെ പുറമേ ചുറ്റി ഒരു മുക്കോണം; അതിന്നു പുറമേ ചുറ്റി എട്ടു മുക്കോണം; അതിന്നു പുറമേ ചുറ്റി പതിനാലു മുക്കോണങ്ങൾ; അതിനുപുറമേ ചുറ്റി ഒരു വൃത്തം; അതിനു പുറമേ ചുറ്റി എട്ടു ദളങ്ങൾ; അവയെ ചുറ്റി ഒരു വൃത്തം; അതിനു പുറമേ പതിനാറു ദളങ്ങൾ; അതിനു പുറമേ ചുറ്റി ഒരു വൃത്തം; അതിന്നു പുറമേ ചതുരശ്രമായുള്ള മൂന്നു ഭൂപുരങ്ങൾ; ഇവയോടുകൂടിയതു് ശ്രീചക്രമായി ഭവിക്കുന്നു.

ശ്രീചക്രത്തിനുള്ള മലയാളപ്രമാണം.

നന്നായൊന്നു വരയ്ക്ക സൂത്രമതു നാല്പത്തെട്ടു
വേണം യവം
പിന്നെച്ചുറ്റുമതിന്റെ വൃത്തമതുതാനമ്പോടു വീശിത്തഥാ;
ആറാറഞ്ചഥ മൂന്നു മൂന്നുമൊരുനാൽ മൂന്നോടു മൂവാ
റുമായ്
വേറായ് വൃത്തമതിങ്കൽ നിന്നു നവധാ ഖണ്ഡിക്ക
മീതേ മുതൽ.

അർക്കൻ തൊട്ടു നവഗ്രഹങ്ങളതിനങ്ങാഖ്യാനവും

ചെയ്തുടൻ
മായ്ക്കേണം രവിയിങ്കൽ നിന്നിരുപുറം മുമ്മൂന്നു
തന്നേ യവം;
നന്നാലിന്ദുവിനും ബുധന്നു പതിനാർ, പത്തൊമ്പതാ
ചാര്യനും,
ശുക്രന്നും പതിനാറ, ഹിക്കു ശശിവത്കേതോസ്തഥാ
സൂര്യവത്.

അർക്കൻ ശുക്രനിലെത്തിടുന്നു, ശശിപോയ്
നില്ക്കും ശിഖാവാനിലും,
വക്രൻ വൃത്തമതിന്റെ മധ്യമതിലും, ചന്ദ്രാത്മജൻ
പാമ്പിലും;
വ്യാഴം മന്ദനിലും, ശശിക്കു ഭൃഗുജന്മേൽ, വൃത്ത
മധ്യേർക്കജൻ,
വ്യാഴം പോയ് രവിയിങ്ക, ലങ്ങഹിവരൻ ഭൗമങ്കലക്കേ
തുവും.

പിന്നേ വൃത്തമതിങ്കൽ നിന്നു പതിനൊന്നത്രേയവം
വേണ്ടതും
നന്നായഷ്ടദലങ്ങളാക്കുക നവം കൊണ്ടപ്പുറം
ഷോഡശം;
രണ്ടിൽ തീർക്കൊരു മൂന്നു വൃത്തമതിനും മീതേ
യവം രണ്ടിനാൽ
ഉണ്ടാക്കീടുക മൂന്നുടൻ ചതുരമായ് ശ്രീചക്രമീവ
ണ്ണമാം.

രാഹുസൂത്രം വരയ്ക്കേണം
നാല്പത്തെട്ടു കണക്കിനു്.

ആറാറഞ്ചഥ മുമ്മൂന്നു
നാലും മുമ്മൂന്നുമായഥ;
ഭാഗിച്ചിട്ടു ക്രമത്താലേ
വരപ്പൂ നവരേഖയായ്.

ചൊവ്വായും ശനിയും ചെമ്മേ
വൃത്തത്തോടിഹ ചേർത്തുടൻ;
ചന്ദ്രനെക്കേതു തന്നോടും
കേതു ഭൂസുത സംയുതം.

സൂര്യനെശ്ശുക്രനോടാക്കി-
ശ്ശുക്രനെത്തിങ്കളിങ്കലും;
ബുധം രാഹുവിനോടും തദ്-
രാഹും സൂര്യനൊടും തഥാ.
വ്യാഴം മന്ദനൊടും ചേർത്തി-
ട്ടേവം ശ്രീചക്രലക്ഷണം.

ശ്രീചക്രവിന്യാസം മാത്രമാണു് ഇവിടെ വിവരിച്ചിട്ടുള്ളതു്.

അനുബന്ധം IV

ശ്രീ ചട്ടമ്പിസ്വാമികളുടെ ജീവചരിത്രസംബന്ധികളായ ചില പ്രധാന കൃതികൾ.

---

1. ബാലാഹവസ്വാമിചരണാഭരണം അഥവാ സദ്ഗുരുസർവസ്വം –
(സംസ്കൃതം)
കവിദീപൻ ആറന്മുള എം. കെ. നാരായണപിള്ള.
2. പരമഭട്ടാര ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ –
പറവൂർ കെ. ഗോപാലപിള്ള
3. ശ്രീ വിദ്യാധിരാജ വിലാസം (ഗാനകാവ്യം) –
സി. ചന്ദ്രദത്തൻ, പത്തനംതിട്ട.
4. ചട്ടമ്പിസ്വാമികൾ –
പ്രൊഫ. ജി. സുകുമാരൻ നായർ
5. ശ്രീ വിദ്യാധിരാജ സുപ്രഭാതം –
തുളസീവനം
6. പരമഭട്ടാരക ശ്രീ ചട്ടമ്പിസ്വാമികൾ –
പി. കെ. പരമേശ്വരൻ നായർ
7. വിദ്യാധിരാജ പ്രബന്ധസുധ – (ഒന്നാംഭാഗം)
സമ്പാദകൻ. പ്രൊഫ. ഏ. വി. ശങ്കരൻ.
8. വിദ്യാധിരാജകാവ്യസുധ – (സമ്പാദകൻ.)
പ്രൊഫ. ഏ. വി. ശങ്കരൻ.
9. ശ്രീ വിദ്യാധിരാജൻ –
മണക്കാടു സുകുമാരൻ നായർ.
10. മഹർഷി ശ്രീവിദ്യാധിരാജതീർത്ഥപാദർ – (ഹിന്ദി)
ഡോ. എൻ. ചന്ദ്രശേഖരൻ നായർ.
11. ശ്രീ ചട്ടമ്പിസ്വാമികളും നവോത്ഥാനവും –
കെ. ജി. നീലകണ്ഠൻ നായർ
12 വിദ്യാധിരാജ സ്മരണാഞ്ജലി. –
സമ്പാദകൻ. കെ. ആർ. സി. പിള്ള

13. മഹർഷി ചട്ടമ്പിസ്വാമി തിരുവടികൾ –
എൻ. ബാലകൃഷ്ണൻ നായർ.
14. ചട്ടമ്പിസ്വാമികൾ –
പ്രൊഫ. എൻ. ഗോപിനാഥൻ നായർ.
15. വിദ്യാധിരാജ പരമഭട്ടാര ശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ
പൂരവൂർ. എസ്. ചക്രപാണി.
16. ഭട്ടാരകപ്പാന –
പ്രൊഫ. ഏ.വി. ശങ്കരൻ.
17. ഗീതികാഞ്ജലി ഭാഗം I –
പ്രൊഫ. ഏ. വി. ശങ്കരൻ.
18. ഗീതികാഞ്ജലി ഭാഗം II –
പ്രൊഫ. ഏ. വി. ശങ്കരൻ.
19. ചട്ടമ്പിസ്വാമികൾ –
കെ. ഭാസ്കരപിള്ള.
20. രമണമഹർഷി – ചട്ടമ്പിസ്വാമികൾ –
പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള
21. ശ്രീ വിദ്യാധിരാജൻ –
പള്ളിച്ചൽ ഗോപിനാഥൻ നായർ.
22. ശ്രീ ഭട്ടാരകശതകം –
മുഴങ്ങോട്ടുവിള കൃഷ്ണപിള്ള
23. വിദ്യാധിരാജദശകം – (സംസ്കൃതം)
സി. പി. നായർ. ഐ. ഏ. എസ്സ്.
24. ശ്രീ വിദ്യാധിരാജസുപ്രഭാതം –
സി. ചന്ദ്രദത്തൻ, ഇലവുന്തിട്ട.
25. ശ്രീ വിദ്യാധിരാജ വിജയം – (തുള്ളൽ)
കെ. എൻ. ഗോപാലപിള്ള.
26. ശ്രീ വിദ്യാധിരാജ ചരിതം –
ശാന്തിനികേതനം മാധവൻ നായർ.
27. ശ്രീ വിദ്യാധിരാജൻ –
കുറിശ്ശേരി ഗോപാലപിള്ള.
28. ശ്രീനാരായണന്റെ ഗുരു –
കെ. മഹേശ്വരൻ നായർ.
29. ശ്രീ വിദ്യാധിരാജ ചരണാഭരണം – (വിവർത്തനം)
കടവൂർ ജി. വേലുനായർ.

30. ശ്രീ വിദ്യാധിരാജ സ്വാമികൾ –
യാമിനീദേവി
31. കേരളത്തിലെ രണ്ടുയതിവര്യന്മാർ – (ഒരുപഠനം)
ടി. ആർ. ജി. കുറുപ്പ്.
32. ശ്രീ വിദ്യാധിരാജഭജനാവലി –
പ്രൊഫ. ഏ. വി. ശങ്കരൻ.
33. Chattampi Swamigal -
K.P.K. Menon
34. വിദ്യാധിരാജ പരമഭട്ടാരക ചട്ടമ്പിസ്വാമികളുടെ ജീവചരിത്രം –
(ദ്രാവിഡഗാനം)
ആർ ഈശ്വരപിള്ള പിരപ്പൻകോട്ട്.
35. ഉപഹാരമാലിക – (പരമഭട്ടാരശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ സമാധി രജതജൂബിലി സ്മരണിക)
36. ശ്രീ ചട്ടമ്പിസ്വാമി ശതാബ്ദസ്മാരക ഗ്രന്ഥം.
37. ഗുരുപ്രണാമം – (ശ്രീ വിദ്യാധിരാജ തീർത്ഥപാദ ചട്ടമ്പിസ്വാമി സ്മരണിക)
38. ശ്രീ ചട്ടമ്പിസ്വാമികളുടെ ജീവചരിത്രം –
പാറുക്കുട്ടി അമ്മ, തൃശൂർ
39. Psalms on Vidyadhiraja Chattampi Swamikal -
Varkala Sivan Pillai.
40. ശ്രീ ചട്ടമ്പിസ്വാമി ചരിതം – (ഓട്ടൻ തുള്ളൽ)
പളുകൽ ഗംഗാധരൻ നായർ.
41. ശ്രീ വിദ്യാധിരാജ ഗുരുനാമകീർത്തനം –
വിനയൻ.
42. ശ്രീ ചട്ടമ്പിസ്വാമികൾ – (ബാലസാഹിത്യം)
പ്രൊഫ. കുമ്പളത്തു ശാന്തകുമാരിയമ്മ.
43. ചട്ടമ്പിസ്വാമി പ്രശ്നോത്തരി –
പ്രൊഫ. ടോണിമാത്യു.
44. "സദ്ഗുരു ശ്രീചട്ടമ്പിസ്വാമികൾ" –
ചെറിയ ഉദേശ്വരം ചന്ദ്രശേഖരൻ നായർ
45. ശ്രീ വിദ്യാധിരാജ സുപ്രഭാതം (സവ്യാഖ്യാനം)
പ്രൊഫ. ജഗതി വേലായുധൻ നായർ